# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2019 നവംബർ 1, വെള്ളി

## മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികാഘോഷത്തോടനുബന്ധിച്ചുള്ള പ്രത്യേക സമ്മേളനം

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

936/21

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികാഘോഷത്തോടനുബന്ധിച്ചുള്ള പ്രത്യേക സമ്മേളനം** .. 1

**II അനുബന്ധം**

ചോദ്യോത്തരങ്ങൾ 1-11-2019-ലെ നക്ഷത്രചിഹ്നമിട്ടതും നക്ഷത്രചിഹ്നമിടാത്തതുമായ ചോദ്യങ്ങളുടെ ഉത്തരങ്ങൾ – 44

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

*2019 നവംബർ 1 വെള്ളി*

| വാല്യം 177] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 5 |
|---|---|---|

നിയമസഭ 2019 നവംബർ മാസം 1-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികാഘോഷം**

മി. സ്പീക്കർ: ഓർഡർ......... ഓർഡർ........

രാഷ്ട്രപിതാവിന്റെ 150-ാം ജന്മവാർഷികം ആഘോഷിക്കുന്ന വേളയിൽ കേരള നിയമസഭ പ്രത്യേകമായി സമ്മേളനം ചേരുന്നത് അഭിമാനകരമായ ഒരു നേട്ടമാണ്. ഈ 150-ാം ജയന്തിക്ക് ഒരു പ്രത്യേകതയുണ്ട്. ഐക്യരാഷ്ട്രസഭ അന്താരാഷ്ട്ര അഹിംസാ ദിനമായി പ്രഖ്യാപിച്ചത് മഹാത്മാഗാന്ധിയുടെ ജന്മദിനമായ ഒക്ടോബർ 2 ആണ്. നമ്മുടെ ചരിത്ര വീഥികളിൽ അനേകം മഹാരഥന്മാരെ നമുക്ക് കാണാൻ കഴിയും. എന്നാൽ നമ്മുടെ സമൂഹത്തേയും ചിന്തകളേയും വല്ലാതെ സ്വാധീനിച്ചവർ വിരളമാണ്. ബൃഹദ്ദാരണ്യകോപ-നിഷത്തിലാണ് "അസതോമാ സദ്ഗമയ, തമസോമാ ജ്യോതിർ ഗമയ, മൃത്യോർമാ അമൃതംഗമയ;" അസത്യത്തിൽനിന്ന് സത്യത്തിലേയ്ക്കും ഇരുട്ടിൽനിന്ന് വെളിച്ചത്തിലേയ്ക്കും മൃതിയിൽനിന്ന് അമരത്വത്തിലേയ്ക്കും ഞങ്ങളെ നയിക്കേണമേ എന്ന വാചകമുള്ളത്.

ഇന്ത്യയുടെ ചരിത്രത്തിൽ ഒരു ജനതയെയാകെ ഇത്തരത്തിൽ നയിച്ചവരുടെ പേരുകൾ ഓർമ്മിക്കുമ്പോൾ ആദ്യം ഓർമ്മ വരുന്ന രണ്ട് പേരുകളാണ് ഗൗതമബുദ്ധന്റെയും ഗാന്ധിജിയുടേതും. ഗാന്ധിജി മരണമടഞ്ഞപ്പോൾ ഓരോ ഇന്ത്യൻ പൗരനും തന്റെ പിതാവിനെ നഷ്ടപ്പെട്ടുവെന്ന് പറഞ്ഞത് ചൈനീസ് വിപ്ലവത്തെക്കുറിച്ച് ആഴത്തിൽ പഠിച്ച് പുസ്തകരചന നടത്തിയ വിഖ്യാത അമേരിക്കൻ പത്രപ്രവർത്തകൻ എഡ്ഗാർസ്നോ ആയിരുന്നു. എഡ്ഗാർസ്നോയുടെ ഈ അഭിപ്രായ പ്രകടനം എത്രമാത്രം ശരിയാണെന്ന് ചരിത്രം തെളിയിച്ചു. ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിന്റെ ഏഴ് പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ

സംഭവത്തിന്റെ ഞെട്ടലിൽനിന്നും നാം ഇന്നും മുക്തി നേടിയിട്ടില്ല. ഗാന്ധിജിയുടെ മരണവിവരം രാഷ്ട്രത്തോടായി പ്രഖ്യാപിച്ച പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ഇടറിയ വാക്കുകൾ ഇങ്ങനെയായിരുന്നു. “ നമ്മുടെ ജീവിതത്തിന്റെ പ്രകാശം അണഞ്ഞുപോയിരിക്കുന്നു.” ഇന്ന്, ഗാന്ധിജി തെളിച്ചുവച്ച നമ്മുടെ രാഷ്ട്രത്തിന്റെ പ്രകാശം അണഞ്ഞുപോകുമോയെന്ന ആശങ്കയുടെ കാർമേഘങ്ങളാണ് ചുറ്റിലുമുള്ളത്. തന്റെ ജീവിതത്തിന്റെ അവസാന ദിവസങ്ങളിലെ പ്രാർത്ഥനാ യോഗങ്ങളിൽ ടാഗോറിന്റെ കവിതാശ- കലങ്ങളിലൊന്ന് ഗാന്ധിജി നിരന്തരം ഉദ്ധരിക്കാറുണ്ടായിരുന്നു. “ നിങ്ങൾ പറയുന്നത് ആരും ചെവിക്കൊള്ളുന്നില്ലെങ്കിൽ തനിയെ നടക്കുക" എന്ന വരികൾ അദ്ദേഹം ആവർത്തിച്ചുകൊണ്ടേയിരുന്നു. ഏറ്റവും ഒടുവിൽ അദ്ദേഹം തനിയെ നടന്നു. വേണ്ടിവന്നാൽ തനിയെ നടന്ന് എത്തും ഏറ്റുവാങ്ങാനുള്ള ദൃഢത രാഷ്ട്രത്തെ സ്നേഹിക്കുന്ന ഓരോ രാജ്യസ്നേഹിക്കും ഓരോ പൊതുപ്രവർത്തകനും ഉണ്ടാകേണ്ട ഒരു ഘട്ടത്തിലാണ് നമ്മൾ ഇപ്പോഴുള്ളത്. അദ്ദേഹത്തിന്റെ രാഷ്ട്രീയ നിലപാടുകളോടും ദർശനങ്ങളോടും വിയോജിക്കുന്നവർക്കു പോലും ഒരു ജനതയെ ഒന്നിച്ചുനിർത്തിയ ശക്തിയായിരുന്നു ഗാന്ധിജി എന്ന കാര്യം സമ്മതിക്കേണ്ടി വരും. അതുകൊണ്ടാണ് ടാഗോർ അദ്ദേഹത്തെ 'മഹാത്മാ' എന്ന് വിളിച്ചത്. സത്യത്തെ ഗ്രഹിക്കാനുള്ള യാത്രയാണ് അദ്ദേഹം നടത്തിയത്. അഹിംസയെ ലോകമാകമാനം ശ്രദ്ധിക്കുന്ന ഒരു ദർശനമാക്കാൻ ഇത്രയധികം പ്രയത്നിച്ച മറ്റൊരു മഹാത്മാവിനെ കാണാനാകില്ല.

ഗാന്ധിജിയുടെ സ്മരണകളും ദർശനവും ഇന്ന് ഓർമ്മിക്കുന്നത് കേവലമായ ഒരു കാല്പനിക മനോഭാവത്തോടുകൂടിയാകരുത്. കാലം നമ്മിലേൽപ്പിച്ച കടമകൾ നിർവ്വഹിക്കാനുള്ള ഇന്ധനമായിരിക്കണം അത്. ഗാന്ധിജിയുടെ ജീവിതത്തിലെ ഏറ്റവും വലിയ സന്ദേശം മതത്തെക്കുറിച്ചുള്ളതാണ്. മതവും മനുഷ്യനും തമ്മിലുള്ള ബന്ധവും മതവും രാഷ്ട്രവും തമ്മിലുള്ള ബന്ധവും അദ്ദേഹം നിരന്തരം ആലോചിച്ചു. തന്റെ നിലപാടുകൾ പലവട്ടം പുതുക്കിപ്പണിതു. 1943 ജൂലൈ 15-ന് ബ്രിട്ടീഷ് ഇന്ത്യയിലെ ആഭ്യന്തരവകുപ്പ് അഡീഷണൽ സെക്രട്ടറിക്ക് എഴുതിയ കത്തിൽ മതവും രാഷ്ട്രീയവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഗാന്ധിജി ഇങ്ങനെ എഴുതി. 'മതം തീർത്തും വ്യക്തിപരമായ കാര്യമാണ്. അതിന് രാഷ്ട്രീയത്തിൽ ഒരു സ്ഥാനവും ഉണ്ടാകരുത്. വിദേശാധിപത്യം എന്ന അസ്വാഭാവിക സ്ഥിതിമൂലമാണ് മതാടിസ്ഥാനത്തിൽ വിഭജിക്കപ്പെടുന്ന അസ്വാഭാവിക സ്ഥിതി നമുക്കുണ്ടായത്'. മതം എന്നതുകൊണ്ട് താൻ അർത്ഥമാക്കുന്നത് ഔപചാരിക മതമല്ലെന്നും മറിച്ച് ധാർമ്മികവും നൈതികവുമായ മൂല്യങ്ങളെയാണെന്നും അദ്ദേഹം വ്യക്തമാക്കി. മതമെന്നത് പ്രപഞ്ചത്തെ നയിക്കുന്ന ധാർമ്മിക ക്രമമാണെന്നും അത് ഹിന്ദുമതം, ഇസ്ലാംമതം, ക്രിസ്തുമതം തുടങ്ങിയവയൊക്കെ മറികടന്നുപോകുന്നതും അവയിലെ

മൂല്യങ്ങളെ സംയോജിപ്പിക്കുന്നതുമാണെന്നും ഗാന്ധിജി വ്യക്തമാക്കി. 'ഹരിജനി'-ൽ എഴുതിയ ലേഖനത്തിൽ മതം ദേശീയതയുടെ അടിസ്ഥാനമല്ലെന്ന് അദ്ദേഹം ഖണ്ഡിതമായി പറഞ്ഞു. തന്റെ രാഷ്ട്രീയ നിലപാടുകൾ നൈതികതയിൽ അഥവാ മതത്തിൽനിന്നാണ് രൂപീകരിച്ചതെന്നും ഗാന്ധിജി പറയുന്നുണ്ട്. എന്നാൽ ഈ നൈതികതയെ ഏതെങ്കിലും ഒരു മതവുമായി കൂട്ടിയിണക്കേണ്ടതില്ലെന്നുള്ള നിലപാട് അദ്ദേഹം സ്വീകരിച്ചു. നാല്പതുകളോടെ തന്റെ വീക്ഷണം ഗാന്ധിജി വീണ്ടും പുതുക്കിപ്പണിതു. ഇന്ത്യ അഭിമുഖീകരിച്ച വിഭജന ഭീഷണിയും മത രാഷ്ട്ര വാദവും വർഗ്ഗീയതയുടെ പടർന്നുപിടിക്കലുമാണ് മതവും രാഷ്ട്രീയവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പുനരാലോചനകളിലേയ്ക്ക് ഗാന്ധിജിയെ നയിച്ചത്. 1947 ആഗസ്റ്റ് 22-ന് കൽക്കട്ടയിൽ ചേർന്ന പ്രാർത്ഥനായോഗത്തിൽ മതം വ്യക്തിപരമായ കാര്യം മാത്രമാണെന്ന് അദ്ദേഹം ആവർത്തിച്ച് പ്രഖ്യാപിച്ചു. ഒരു രാഷ്ട്രത്തിലെ എല്ലാവർക്കും ഒരു മതമാണെങ്കിൽപ്പോലും ഒരു രാഷ്ട്രത്തിന് മതം ആവശ്യമില്ലെന്ന് ഗാന്ധിജി വ്യക്തമാക്കിയിട്ടുണ്ട്. താനൊരു സർവ്വാധിപതി യായിരുന്നെങ്കിൽ മതത്തെയും ഭരണകൂടത്തെയും വേർപെടുത്തുമെന്നും അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. മതം സ്വകാര്യ കാര്യമാണ്. ഭരണകൂടത്തിന് അതിൽ യാതൊന്നും ചെയ്യാനില്ല. ഭരണകൂടം സംശയരഹിതവും മതനിരപേക്ഷവുമായിരിക്കണം. ഈ നിലപാട് ഉയർത്തിപ്പിടിക്കുന്നതിലൂടെ നമ്മുടെ കാലത്തെ വിഴുങ്ങുന്ന മാരക വിപത്തുകളെ തിരിച്ചറിയാനും ദീർഘദർശനത്തോടെ പ്രതിരോധിക്കാനുമാണ് അദ്ദേഹം ശ്രമിച്ചത്. ഹിംസയെ ത്യജിച്ചും മതത്തെ പുനർവ്യാഖ്യാനിച്ചും പുരോഗതിക്ക് അതിരുകളുണ്ടെന്ന് ഓർമ്മിപ്പിച്ചും വിഭവങ്ങൾ പരിമിതമായ ഭൂമിയിൽ അപരിമിതമായ വളർച്ച സാധ്യമല്ലെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. 'ഇന്ത്യ ഓഫ് മൈ ഡ്രീംസ്' എന്ന പുസ്തകത്തിൽ പൂർണ്ണസ്വരാജിനെക്കുറിച്ച് ഗാന്ധിജി വിവരിക്കുന്നുണ്ട്. രാജകുമാരനും കർഷകനും ഒരേപോലെ അനുഭവപ്പെടുന്നതാകണം പൂർണ്ണസ്വരാജ്. വൻകിട ഭൂവുടമയ്ക്കും ഭൂരഹിത കർഷകനും അത് അനുഭവവേദ്യമാകണമെന്ന നിലപാട് പ്രഖ്യാപനത്തോടെ പങ്കാളിത്ത വികസനത്തെക്കുറിച്ചുള്ള പാഠങ്ങൾ അദ്ദേഹം മുന്നോട്ടുവച്ചു. ജനാധിപത്യത്തെക്കുറിച്ച് ഉന്നതമായ ഒരു സങ്കൽപ്പമായിരുന്നു ഗാന്ധിജിയുടേത്.

അധികാര വികേന്ദ്രീകരണം അനിവാര്യമാണെന്ന് ഗാന്ധിജി കരുതി. ശക്തർക്കുള്ള അതേ അവസരങ്ങൾ ദുർബലർക്കും ലഭ്യമാകുന്നതാണ് ജനാധിപത്യമെന്ന് അദ്ദേഹം വിവക്ഷിച്ചു. സ്ത്രീ-പുരുഷ സമത്വം അദ്ദേഹത്തിന് കേവലമൊരു ആദർശമായിരുന്നില്ല. അതൊരു ബോധ്യമായിരുന്നു. സേവനങ്ങളുടെ അവതാരമാണ് സ്ത്രീ. അവരെ നിസ്സഹായതയുടെയും പാരതന്ത്ര്യത്തിന്റെയും

രൂപത്തിൽ സൃഷ്ടിച്ചിരിക്കുന്നുവെന്ന് അദ്ദേഹം വിമർശിച്ചു. വിദ്യാഭ്യാസ രംഗത്ത് പരിഷ്കാരങ്ങളുടെ കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. അദ്ദേഹം വിഭാവനം ചെയ്ത 'നയീതാലീം' (നവീന വിദ്യാഭ്യാസം) കൂടുതൽ പ്രസക്തമാകുന്ന ഘട്ടമാണിത്. ജ്ഞാനം, കർമ്മം, ആനന്ദം എന്നിവയുടെ സംയോജനത്തിലൂടെ പരിപൂർണ്ണനായ മനുഷ്യനെ വാർത്തെടുക്കലാണ് 'നയീതാലീം' എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

ഗാന്ധിജി നമുക്കുമുന്നിൽ വച്ച മാർഗ്ഗം ഇരുൾമൂടിക്കൂട. ഗാന്ധി പാതകളിൽ ഇരുട്ട് നിറയ്ക്കാനുള്ള ശ്രമങ്ങൾ ആരുടെ ഭാഗത്തുനിന്നുണ്ടായാലും പ്രതിരോധത്തിന്റെ തീജ്വാലകൾ കൊണ്ട് അവിടം പ്രകാശപൂരിതമാക്കണം. ഇന്ത്യ എന്ന രാഷ്ട്രീയ ആശയത്തിൽ ഇഴുകിച്ചേരേണ്ട ജനാധിപത്യത്തിന്റെ രീതികൾ, മതനിരപേക്ഷത, വികസന പാത, ജാതി ശ്രേണികളെ തുത്തെറിയുന്ന ധാർമ്മിക നൈതികത, ഹിംസയില്ലാത്ത രാഷ്ട്ര ശരീരം, സമൃദ്ധമായ ഫെഡറലിസം തുടങ്ങി രാഷ്ട്രത്തിന്റെ ആധാരശിലകളായ കാഴ്ചപ്പാടുകൾ ഇന്ന് ഭീഷണി നേരിടുകയാണ്. ഫെഡറലിസം നോക്കുകുത്തിയാകുമോയെന്ന് ഭയപ്പെടുന്നു. അധികാരവും സമ്പത്തും ഒരിടത്തേയ്ക്ക് കേന്ദ്രീകരിക്കപ്പെടുന്നു. നികുതി ഘടന കേന്ദ്രീകരണത്തിന്റെ ലക്ഷണം പ്രകടിപ്പിക്കുന്നു. മതനിരപേക്ഷത അസ്ഥാനത്തുള്ള ഒരു പദമായി പരിഗണിക്കുന്നു. ആൾക്കൂട്ട ഹിംസ ദേശസാത്കരിക്കപ്പെടുന്നു. ഭാഷയിലും ഭക്ഷണത്തിലുംവരെ ഏകപക്ഷീയത അടിച്ചേൽപ്പിക്കപ്പെടുന്നു. പൗരത്വ രജിസ്റ്ററിന്റെ പേരിൽ 20 ലക്ഷം മനുഷ്യരെ അന്യരാക്കി ചാപ്പകുത്തി കോൺസൻട്രേഷൻ ക്യാമ്പുകളിലേയ്ക്ക് അയയ്ക്കാൻ ആസൂത്രണം നടക്കുന്നു. രാജ്യം മുഴുവൻ പൗരത്വ രജിസ്റ്റർ വ്യാപിക്കുമെന്ന ഭീഷണി ഉയരുന്നു. പാർലമെന്ററി ജനാധിപത്യത്തിന്റെ മര്യാദകൾ മറന്ന് ഭരണഘടന പൊളിച്ചെഴുതാൻ ഉണ്ടുകടലാസുമായി പാർലമെന്റിൽ എത്തുന്ന അവസ്ഥ അവിശ്വസനീയമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു. ഈ സാഹചര്യത്തിലാണ് ഗാന്ധിജിയുടെ 150- ാം ജന്മദിനത്തിലെ പ്രതിജ്ഞ എന്നോർക്കണം. ഒരു രാഷ്ട്രത്തിന്റെ ദാർശനിക സൗരഭ്യവും അതിന്റെ മുകളിൽ പരന്നൊഴുകാൻ ശ്രമിക്കുന്ന പ്രതിലോമ ദുർഗന്ധവും തമ്മിലുള്ള സംഘർഷത്തിന്റെ കാലത്ത് കേരളം ദൃഢതയുടെ ദീപസ്തംഭംകൊണ്ട് രാജ്യത്താകെ പ്രകാശം പൊഴിക്കണം. അതിനുള്ള ഊർജ്ജസംഭരണമായി ഈ സമ്മേളനം മാറിത്തീരട്ടെ.

അമേരിക്കയിലെ പ്രശസ്തനായ യുദ്ധവിരുദ്ധ പ്രവർത്തകൻ ഡോ. ജോൺ ഹെയ്ൻസ് ഹോംസ് ഗാന്ധിജിയെക്കുറിച്ച് പറഞ്ഞത് ഇങ്ങനെയാണ്.

“ വൈയക്തിക സ്വഭാവം ലളിതവും രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ലെനിനെപ്പോലെ സ്ഥിരസത്വനും യഥാർത്ഥവാദിയുമായിരുന്നു. അതേസമയം റൊമാൻ റോളണ്ടിനെപ്പോലെ ഒരു ആദർശവാദിയുമായിരുന്നു. ഞാൻ റൊമാൻ റോളണ്ടിനെക്കുറിച്ച് ചിന്തിച്ചപ്പോൾ ടോൾസ്റ്റോയിയെ സ്മരിച്ചു. ലെനിനെക്കുറിച്ച് ചിന്തിച്ചപ്പോൾ ഒപ്പം നെപ്പോളിയനെ ഓർത്തു; എന്നാൽ ഞാൻ ഗാന്ധിജിയെക്കുറിച്ച് ചിന്തിച്ചപ്പോൾ ഓർത്തുപോയത് യേശുക്രിസ്തുവിനെയാണ്. ക്രിസ്തു ജീവിച്ചു, സംസാരിച്ചു, കഠിനാധ്വാനം ചെയ്യുകയും ദുരിതം അനുഭവിക്കുകയും ചെയ്തു. അവസാനം ആഭിജാത്യത്തോടെ ഭൂമിയിൽ അവന്റെ സ്വർഗ്ഗം സൃഷ്ടിക്കാൻ വേണ്ടി മരിക്കുകയും ചെയ്തു” .

മഹാത്മജിയുടെ ആശയങ്ങളും ചിന്താധാരകളും തിരികെ പിടിക്കുകയെന്നതാകണം അദ്ദേഹത്തെ ആദരിക്കുന്നതിലൂടെ നാം ചെയ്യേണ്ടത്. അത് കാലം കാത്തിരുന്ന അനിവാര്യതയാണ്. കേരള നിയമസഭ ഗാന്ധിജിയുടെ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, മഹാത്മാഗാന്ധിയുടെ 150-ാം ജയന്തിയോടനുബന്ധിച്ച് അങ്ങ് പറഞ്ഞ എല്ലാ കാര്യങ്ങളോടും പൂർണ്ണമായും യോജിക്കുകയാണ്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അനുസ്മരണ സമ്മേളനങ്ങൾ നടക്കുന്ന ഘട്ടമാണിത്. ഗാന്ധിസ്മൃതിയെ ഈ വിധത്തിൽ സവിശേഷമായി ആദരിക്കുന്നതിന് പൊതുവിലുള്ള കാരണങ്ങൾക്ക് പുറമെ തീർച്ചയായും ഓരോ സംസ്ഥാനത്തിനും അവരുടേതായ കാരണങ്ങളുമുണ്ടാകാം. കേരളത്തിനും കേരളത്തിന്റെ സ്വന്തമായ ഗാന്ധിസ്മൃതികൾ ഏറെയുണ്ട്. ഗാന്ധിജിക്ക് മുമ്പോ അതിനുശേഷമോ ആസേതുഹിമാചലം ഈ രാഷ്ട്രത്തെയാകെ പൊതുവിൽ ഉണർത്തിയെടുത്ത, ഇന്ത്യൻ ജനതയിൽ ഇത്രമേൽ ആവേശകരമായ പ്രതികരണമുയർത്തിയ മറ്റൊരു വ്യക്തിത്വമില്ല. ഗാന്ധിജി ആ വിധത്തിൽ ജനതയെ ദേശീയബോധത്തോടെ സ്വാതന്ത്ര്യബോധത്തോടെ അണിനിരത്തിയതാകട്ടെ, ഇന്ത്യയിൽ തലങ്ങും വിലങ്ങും സഞ്ചരിച്ചുകൊണ്ടാണ്. അങ്ങനെ അദ്ദേഹം എത്തിയതിന്റെ, ചെയ്ത കാര്യങ്ങളുടെ, പറഞ്ഞ വാക്കുകളുടെ നന്ദിപൂർവ്വമായ ഓർമ്മ കേരളത്തിനുണ്ട്. ഒരു നൂലിൽ കോർത്തിണക്കിയ പൂക്കളെപ്പോലെ ഇന്ത്യയിലെ വിവിധ ജനസമൂഹങ്ങളെ ദേശീയപ്രസ്ഥാനത്തിന്റെ പതാകയ്ക്ക് കീഴിൽ ഒരുമിപ്പിച്ചുവെന്നത് മുതൽ അധികാരലബ്ധിയുടെ ആഘോഷങ്ങളിൽ നിന്നൊക്കെ അകന്നുമാറി നിസ്വരിൽ നിസ്വരായവരുടെ ചേരികളിലേയ്ക്ക് ആ ആഘോഷവേളയിൽത്തന്നെ നടന്നുനീങ്ങിയെന്നതുവരെ ഗാന്ധിജിയെ ജനങ്ങൾക്ക് പ്രിയങ്കരനാക്കി മാറ്റുന്ന ഘടകങ്ങൾ ഏറെയുണ്ട്. സമുദായ സൗഹാർദ്ദത്തിനുവേണ്ടി ജീവത്യാഗമെന്ന പരമമായ ത്യാഗം

ചെയ്യുതടക്കമുള്ള കാര്യങ്ങൾ വേറെയുമുണ്ട്. അതെല്ലാമിരിക്കെത്തന്നെ 150-ാം ജയന്തി നാളിൽ നമ്മുടെ സംസ്ഥാനത്തിന് നൽകിയ സംഭാവനകൾ കൂടി നമ്മുടെ മനസ്സുകളിൽ സ്വാഭാവികമായും കടന്നുവരുന്നു. വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട് 1925-ൽ അദ്ദേഹം കേരളം സന്ദർശിക്കുകയുണ്ടായി. അത്തരമൊരു പശ്ചാത്തലം വച്ചുനോക്കിയാൽ നവോത്ഥാന സംരംഭങ്ങളോട് അദ്ദേഹം പുലർത്തിയ ഹൃദയബന്ധം കൂടുതൽ വ്യക്തമാകും. അതേ സന്ദർശന ഘട്ടത്തിലാണ് ഗാന്ധിജി ശിവഗിരിയിൽ പോയതും ശ്രീനാരായണഗുരുവുമായി കൂടിക്കാഴ്ച നടത്തിയതും. ഇതൊക്കെ ഇപ്പോൾ ഓർമ്മിപ്പിക്കുന്നത് നവോത്ഥാന മുന്നേറ്റങ്ങളെ; സാമൂഹിക പരിഷ്കരണ ശ്രമങ്ങളെ ആരെങ്കിലും എതിർക്കുന്നുവെങ്കിൽ അവർക്ക് ഗാന്ധിജിയെക്കുറിച്ച് പറയാൻ അവകാശമില്ലെന്ന് വ്യക്തമാക്കാൻ കൂടിയാണ്. കടൽ കടന്നുവെന്നതിന്റെ പേരിൽ ക്ഷേത്രത്തിൽ കടക്കുന്നതിന് ഗാന്ധിജിക്ക് വിലക്ക് കൽപ്പിക്കുകപോലും ചെയ്തിരുന്നുവെന്നിരിക്കെ ദുരാചാരങ്ങളുടെ ഇരകൂടിയായിരുന്ന ഗാന്ധിജിയെ ദുരാചാര സംരക്ഷണത്തിന് നിൽക്കുന്ന ഇരുട്ടിന്റെ ശക്തികൾക്ക് എങ്ങനെ കൂട്ടുപിടിക്കാനാകും. ഗാന്ധിജി ആകെ 5 തവണയാണ് കേരളം സന്ദർശിച്ചത്. ആദ്യത്തെ സന്ദർശനം 1920 ആഗസ്റ്റിലായിരുന്നു. 18-ാം തീയതി വന്ന് 19-ന് തിരിച്ചുപോയി. അതൊഴിച്ചാൽ കൂടുതൽ ദിവസങ്ങളിൽ ഇവിടെ തങ്ങിയ മറ്റ് നാല് സന്ദർശനങ്ങളിലും അദ്ദേഹം സ്നേഹാദരങ്ങളോടെ 'ഹരിജനങ്ങൾ' എന്ന് വിളിച്ചിരുന്ന ദളിത് വിഭാഗങ്ങളെ സന്ദർശിക്കുന്നതിൽ സവിശേഷ നിഷ്കർഷ കാട്ടി. നവോത്ഥാനത്തോടുള്ള ഗാന്ധിജിയുടെ മനോഭാവം ഇതിലും തെളിയുന്നുണ്ട്. അയിത്തോച്ചാടനം, ക്ഷേത്ര പ്രവേശനം തുടങ്ങിയ കാര്യങ്ങളിൽ രാജ്യത്തിന്റെ അധികാരികളുമായി ചർച്ച നടത്താൻ പ്രത്യേക നിർബന്ധം കാട്ടിയതിലും വൈക്കം സത്യാഗ്രഹത്തിനും മറ്റും പ്രചോദനം നൽകിയതിലുമൊക്കെ നവോത്ഥാന മുന്നേറ്റങ്ങൾക്ക് ഊർജ്ജം പകരുന്ന മനോഭാവമാണ് പ്രതിഫലിച്ചത്. നവോത്ഥാന സംരംഭങ്ങൾ, സാമുദായിക ഉച്ചനീചത്വങ്ങൾ അവസാനിപ്പിക്കുക എന്ന മുദ്രാവാക്യത്തിൽ പരിമിതപ്പെട്ടുനിന്നിരുന്നു. എന്നാൽ അത് സാമ്പത്തിക ഉച്ചനീചത്വങ്ങൾകൂടി അവസാനിപ്പിക്കുക എന്ന രാഷ്ട്രീയ ഉള്ളടക്കംകൂടി നൽകി വികസിപ്പിച്ചു. ജനാധിപത്യ പ്രാപ്തിയുടെ ഘട്ടത്തിൽ നാം അതായിരുന്നു ചെയ്തത്. അങ്ങനെയാണ് ജന്മിത്വത്തിന്റെ വിഷപ്പല്ല് പറിച്ചുകളയുന്ന വിധത്തിൽ ഭൂബന്ധങ്ങൾ അഴിച്ചുപണിയുന്ന കാർഷികബന്ധ നിയമവും മറ്റും കൊണ്ടുവന്നത്. ആ വഴിക്ക് നാം വീണ്ടും മുന്നോട്ടുപോയി. അങ്ങനെയാണ് ഭൂപരിഷ്കരണവും ദളിത് വിഭാഗങ്ങൾക്ക് ഭൂമി ലഭിക്കലുമൊക്കെയുണ്ടായത്. പിന്നെയും മുമ്പോട്ടുപോയപ്പോഴാണ് ക്ഷേത്രങ്ങൾക്കടുത്തുകൂടി വഴി നടക്കാൻപോലും അവകാശമില്ലാതിരുന്നവർക്ക്; അയിത്തം കൽപ്പിക്കപ്പെട്ട് അകറ്റി നിർത്തപ്പെട്ടവർക്ക് ക്ഷേത്രത്തിന്റെ ശ്രീകോവിലിനുള്ളിൽ കയറി പൂജ കഴിക്കുകവരെയാവാം എന്ന നിലയുണ്ടായത്.

ഗാന്ധിജി തന്റെ കേരള സന്ദർശനവേളയിൽ ക്ഷേത്ര പ്രവേശനത്തിനുവേണ്ടി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയെങ്കിൽ ആ നവോത്ഥാന നീക്കങ്ങളെ നമ്മൾ ദളിത് വിഭാഗങ്ങൾക്ക് ക്ഷേത്രത്തിനുള്ളിൽ കയറി പൂജ നടത്താമെന്ന തലത്തിലേയ്ക്ക് ഉയർത്തിയെടുത്തു. അപ്പോഴൊക്കെ സാക്ഷാത്കരിക്കപ്പെട്ടത് ഗാന്ധിജിയുടെ സ്വപ്നങ്ങളാണ്. ആ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനുള്ള അരങ്ങുകളൊരുങ്ങിയത് നമ്മുടെ സെക്രട്ടേറിയറ്റ് മന്ദിരത്തിലാണ്. ഗാന്ധിജിയുടെ 150-ാം ജയന്തിയും സെക്രട്ടേറിയറ്റിന്റെ 150-ാം വാർഷികവും ഒരുമിച്ചുവരുന്ന ഈ ഘട്ടത്തിൽ അതിന് സവിശേഷമായ പ്രസക്തിയുണ്ടെന്ന് പറയട്ടെ. ഗാന്ധിജി 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' എന്ന ആത്മകഥയിൽ പരാമർശിച്ച ഏക മലയാളി ജി. പി. പിള്ളയാണെങ്കിൽ ഗാന്ധിജിയുടെ വ്യക്തിത്വത്തെ സമഗ്രതയിൽ മലയാളികളുടെ മുമ്പിൽ അവതരിപ്പിച്ചത് അദ്ദേഹത്തിന്റെ ജീവചരിത്രം ആദ്യമായി മലയാളത്തിൽ രചിച്ച സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയാണ്. ഇന്ത്യൻ ഭാഷകളിൽ ഗാന്ധിജിയെക്കുറിച്ച് ആദ്യമിറങ്ങിയ പുസ്തകം സ്വദേശാഭിമാനി യുടേതാണ്. ബാരിസ്റ്റർ ജി. പി. പിള്ളയുടെയും സ്വദേശാഭിമാനി യുടെയും നാട് എന്ന നിലയിലും ഗാന്ധിജിയുടെ അവസാന സന്ദർശനവേളയിലെ അവസാനത്തെ പ്രസംഗ സ്ഥലം എന്ന നിലയിലും തിരുവനന്തപുരത്ത് ഗാന്ധിജിയുടെ 150-ാം ജയന്തി ആഘോഷങ്ങൾ നടക്കുന്നതിന് പ്രത്യേകമായ പ്രസക്തിയുണ്ടെന്നുകൂടി പറയട്ടെ. യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലാണ് ഗാന്ധിജി അവസാനം പ്രസംഗിച്ചത്. ആ പ്രസംഗത്തിലാണ് ഇതുവരെ താൻ ഇവിടെ വന്നത് ഒരു പോരാളിയെപ്പോലെയാണെങ്കിൽ ഇത്തവണ ഇവിടെ വരുന്നത് തീർത്ഥാടകനെ പ്പോലെയാണെന്ന് ഗാന്ധിജി പറഞ്ഞത്. ക്ഷേത്ര പ്രവേശനം സാധ്യമായതിലുള്ള സന്തോഷം അറിയിക്കുകയായിരുന്നു ഗാന്ധിജി ആ വാക്കുകളിലൂടെ ചെയ്തത്. 'അയിത്ത ജാതിക്കാർ' എന്ന് മുദ്രയടിക്കപ്പെട്ടവരടക്കമുള്ളവരുമായി അന്ന് ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലേയ്ക്ക് കടന്നുചെന്നതും വൈക്കത്തെ സാമുദായിക പ്രമാണിമാരോട് അയിത്തത്തെ ന്യായീകരിക്കുന്ന ഒന്നും പ്രമാണ ഗ്രന്ഥങ്ങളിലില്ലെന്ന് തർക്കിച്ച് സ്ഥാപിച്ചതും അയ്യങ്കാളിയെ വെങ്ങാനൂരിൽ പോയി സന്ദർശിച്ചതുമൊക്കെ ഗാന്ധിജിയുടെ പൈതൃകം നവോത്ഥാനത്തിനായി നിലകൊള്ളുന്ന ശക്തികൾക്ക് അവകാശപ്പെട്ടതാണെന്നത് ആവർത്തിച്ച് സ്ഥിരീകരിക്കുന്നുണ്ട്. ഇന്ത്യയുടെ പടിഞ്ഞാറൻ കടലോരത്തുള്ള പോർബന്തറിൽ ജനിച്ച് തലസ്ഥാനമായ ഡൽഹിയിൽ വർഗ്ഗീയ ഭ്രാന്തനായ നാഥുറാം വിനായക് ഗോഡ്സെയുടെ വെടിയേറ്റ് വീണുമരിച്ച ഗാന്ധിജിയുടെ ജീവിതം ഇതിഹാസ വ്യാപ്തിയുള്ളതാണ്. 'മഹാത്മാ' എന്ന് മഹാകവി രവീന്ദ്രനാഥ ടാഗോറാണ് അദ്ദേഹത്തെ ആദ്യമായി വിളിച്ചത്. ' രാഷ്ട്രപിതാവ് ' എന്ന് സംബോധന ചെയ്തത്

നേതാജി സുബാഷ് ചന്ദ്രബോസും. ലണ്ടനിൽനിന്ന് ബാരിസ്റ്റർ പരീക്ഷ പാസ്സായി വന്ന് ബോംബെ ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്ത ഗാന്ധിജി ബ്രിട്ടീഷ് വേഷഭൂഷാദികൾപോലും ഉപേക്ഷിച്ച് നിസ്വരിൽ ഒരാളായി മാറുന്നതാണ് രാഷ്ട്രം കണ്ടത്. ഇംഗ്ലീഷുകാരുടെ കോളനിയായിരുന്ന ദക്ഷിണാഫ്രിക്കയിൽ വർണ്ണ വിവേചനത്തിനും സാമ്രാജ്യത്വ വാഴ്ചയ്ക്കുമെതിരെ പൊരുതിയ ഘട്ടം, മടങ്ങിവന്ന ശേഷമുള്ള ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ പങ്കാളിത്തം, അറസ്റ്റ്, തടവ്, യങ് ഇന്ത്യ പത്രാധിപത്യം, നിസ്സഹകരണ പ്രസ്ഥാനം, നിയമലംഘന പ്രസ്ഥാനം, സ്വദേശി ഖാദി ക്യാമ്പയിൻ, ദണ്ഡി യാത്ര, നിരവധി കോൺഗ്രസ് സമ്മേളനങ്ങൾ, ലണ്ടനിൽ ചെന്നുള്ള ചർച്ചകൾ, വട്ടമേശ സമ്മേളനങ്ങൾ, ക്വിറ്റ് ഇന്ത്യാ സമരം, തൊട്ടടുത്തുള്ള വർഷത്തെ അതിന്റെ പിൻവലിക്കൽ, വർഗ്ഗീയ കലാപങ്ങൾക്കെതിരായ ബോധവത്കരണം, അഹിംസാ സന്ദേശ പ്രചരണം, ഇന്ത്യാ-പാക് വിഭജനം, മതസൗഹാർദ്ദത്തിനുവേണ്ടിയുള്ള ഉപവാസം എന്നിങ്ങനെ പിന്നീടിങ്ങോട്ട് 1948 ജനുവരി 30-നുണ്ടായ ഗാന്ധിജിയുടെ കൊലപാതകം വരെയുള്ള അദ്ദേഹത്തിന്റെ ജീവചരിത്രം സത്യത്തിൽ ഇന്ത്യാചരിത്രം തന്നെയാവുകയായിരുന്നു. ചരിത്രത്തിന് വഴികാട്ടിയായ ഒരു മഹാനായകനെയാണ് നാം ഇന്ന് ആദരിക്കുന്നത്. സമാധാനപരമായി ജീവിക്കുക എന്നു പറഞ്ഞാൽ അപകടകരമായി ജീവിക്കുക എന്നാണർത്ഥം എന്ന് വിഖ്യാത സാഹിത്യകാരനായ ജോർജ് ബർണാഡ്ഷാ പറഞ്ഞത് മഹാത്മാഗാന്ധിയെ മനസ്സിൽ വച്ചുകൊണ്ടാണ്. കൃത്യമായി പറഞ്ഞാൽ ഗാന്ധിജി വെടിയേറ്റ് മരിച്ചുവെന്ന് വാർത്ത കേട്ടപ്പോഴാണ് ബർണാഡ്ഷാ ഇത് പറഞ്ഞത്. ഷാ പറഞ്ഞതിലുണ്ട് സത്യം. ഏറ്റവും സമാധാനപരമായി ജീവിച്ച ശാന്തിയുടെ, അഹിംസയുടെ, സാഹോദര്യത്തിന്റെ, മതസൗഹാർദ്ദത്തിന്റെ മഹത്തായ സന്ദേശങ്ങൾ പകർത്തിക്കൊണ്ട് ജീവിച്ച രാഷ്ട്രപിതാവിനെയാണ് ആ മൂല്യങ്ങളിലൊക്കെ അസഹിഷ്ണുതയുള്ള വർഗ്ഗീയതയുടെ വിധ്വംസകശക്തി അതിക്രൂരമായി വെടിവച്ച് കൊലപ്പെടുത്തിയത്. രാഷ്ട്രത്തെ മാത്രമല്ല, ലോകത്തെയാകെ തന്നെ ആ നിഷ്ഠൂരമായ വധം നടുക്കി. 'നമ്മുടെ ജീവിതത്തിലെ പ്രകാശം പൊലിഞ്ഞു' എന്നാണ് അന്ന് പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഗാന്ധിജിയുടെ വധം ലോകത്തെ അറിയിച്ചുകൊണ്ട് വിശേഷിപ്പിച്ചത്. ഏറ്റവും നിഷ്ഠൂരമായി വധിക്കപ്പെടാൻ യോഗ്യത നേടുകയാണ് ഏറ്റവും സമാധാനപൂർണ്ണമായി ജീവിക്കുന്നതിലൂടെ എന്ന ദുഃഖിപ്പിക്കുന്ന സത്യം ബർണാഡ്ഷായിൽ ഉണർന്നത് ആ ജീവിതത്തെക്കുറിച്ചും മരണത്തെക്കുറിച്ചും ചിന്തിച്ചപ്പോഴാണ്. ജീവിതവും മരണവും ഈ രാഷ്ട്രത്തിനുവേണ്ടി; ഇവിടത്തെ ജനതയ്ക്കുവേണ്ടി സമർപ്പിച്ച മഹാത്മാഗാന്ധിയുടെ സ്മരണയ്ക്ക്, അദ്ദേഹത്തിന്റെ 150-ാം ജയന്തി വാർഷികത്തോടനുബന്ധിച്ച് ഈ സഭ ആദരാഞ്ജലികൾ അർപ്പിക്കുകയാണ്.

ഗാന്ധിജിയെ കൂടുതൽ മനസ്സിലാക്കുന്നതിലൂടെ അദ്ദേഹം ഉയർത്തിപ്പിടിച്ച മതനിരപേക്ഷതയടക്കമുള്ള സാമൂഹിക മൂല്യങ്ങൾ കൂടുതൽ ജനമനസ്സുകളിലേയ്ക്ക് എത്തിക്കുന്നതിലൂടെ അവയുടെ സംരക്ഷണത്തിനായി ജീവൻപോലും ബലി നൽകാൻ സന്നദ്ധമാണെന്ന് പ്രഖ്യാപിക്കുന്നതിലൂടെയാകണം ഈ ജയന്തി ആഘോഷത്തെ അർത്ഥപൂർണ്ണമാക്കേണ്ടത്. അതാകും രാഷ്ട്രപിതാവിന് നൽകാവുന്ന ഏറ്റവും ഉയർന്ന രൂപത്തിലുള്ള ആദരാഞ്ജലി. രക്തമാംസങ്ങളോടെ ഇങ്ങനെയൊരാൾ ഈ ഭൂമിയിൽ ജീവിച്ചിരുന്നുവെന്നത് വരും തലമുറകൾക്ക് അവിശ്വസനീയമായി തോന്നുമെന്ന് മഹാത്മാജിയെക്കുറിച്ച് ലോക പ്രശസ്ത ശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻസ്റ്റിൻ പറഞ്ഞു. അത്ര ലാളിത്യത്തോടെയും സുതാര്യശുദ്ധിയോടെയും സഹജീവി സ്നേഹത്തോടെയും ജീവിക്കാൻ കഴിയുമെന്ന അത്ഭുതമാണ് ആ പരാമർശത്തിലൂടെ ആൽബർട്ട് ഐൻസ്റ്റിൻ പ്രകടിപ്പിച്ചത്. മാറി വരുന്ന തലമുറകൾക്ക് ഗാന്ധിജിയെ മനസ്സിലാക്കാൻ കഴിയാതെ പോകുമോയെന്ന ആശങ്കകൂടിയാണ് ഐൻസ്റ്റിൻ പങ്കുവച്ചത്. ആ ആശങ്ക അദ്ദേഹം കരുതിയതിനുമപ്പുറം യാഥാർത്ഥ്യമാകുന്നുവോയെന്ന് ഉത്കണ്ഠപ്പെടേണ്ട ഘട്ടമാണിത്. ഉത്കണ്ഠയ്ക്ക് അടിസ്ഥാനമുണ്ടാക്കുന്ന എത്രയോ കാര്യങ്ങളാണ് ഇന്ത്യയിൽ ഇന്ന് സംഭവിക്കുന്നത്. ഗാന്ധിജിയെ നിന്ദിക്കാനുള്ള സംഘടിത ശ്രമങ്ങൾ നിർഭാഗ്യവശാൽ ശക്തമാകുന്നു. ഗാന്ധിജിയുടെ സാമൂഹ്യ മൂല്യങ്ങളെ തിരുത്താനുള്ള വ്യഗ്രത ആസൂത്രിതമായി മുന്നേറുന്നു. അധികാരസ്ഥാനത്തുള്ള ചിലർതന്നെ ഗാന്ധിജിയുടെ രക്തസാക്ഷി ദിനത്തിൽ അദ്ദേഹത്തിന്റെ ചിത്രമുണ്ടാക്കിവച്ച് അതിലേയ്ക്ക് പ്രതീകാത്മകമായി നിറയൊഴിക്കുന്നത് കണ്ടുനിൽക്കേണ്ട ഗതികേടിലായിരിക്കുന്നു നാം. ഗാന്ധിജിയെ വെടിവച്ചു കൊലപ്പെടുത്തിയ നാഥൂറാം വിനായക് ഗോഡ്സെയ്ക്ക് ക്ഷേത്രമുണ്ടാക്കുന്നതും രാജ്യത്തിന്റെ പരമോന്നത ബഹുമതിയായ ഭാരതരത്നം അയാൾക്ക് സമ്മാനിക്കാൻ മുറവിളി കൂട്ടുന്നതുമായ ലജ്ജാകരമായ അവസ്ഥയിലേയ്ക്ക് രാജ്യം എത്തിയിരിക്കുന്നു. മഹാകവി വള്ളത്തോൾ പറഞ്ഞത്.....

"ഗീതയ്ക്ക് മാതാവായ ഭൂമിയേ ദൃഢമിതു-
മാതിരിയൊരു കർമ്മയോഗിയെ പ്രസവിക്കൂ.
ഹിമവൽ വിന്ധ്യാചല മധ്യദേശത്തേകാൺമൂ-
ശമമേ ശീലിച്ചെഴുമിത്തരം സിംഹത്തിനെ,
ഗംഗയാറൊഴുകുന്ന നാട്ടിലേ, ശരിക്കിത്ര
മംഗളം വായ്ക്കും കൽപപാദപമുണ്ടായ് വരൂ!"

ഗീതയ്ക്ക് മാതാവായ ഭൂമിയെന്നാണല്ലോ ഈ ഭാഗം തുടങ്ങുന്നതുതന്നെ. എന്നാൽ അതേ ഗീതയെ ആദരിക്കുന്നതായി അവകാശപ്പെട്ടവർ തന്നെയാണ് ആ

വെളിച്ചത്തെ തല്ലിക്കെടുത്തിയതെന്നത് മറന്നുകൂടാ. ആത്മീയത കപട ആത്മീയതയായി മാറുന്നതാണ്, വിഷലിപ്തമായി മാറുന്നതാണ് നാം അവിടെ കണ്ടത്. ഗാന്ധിജി 'റാം..റാം' എന്ന് ജപിച്ചുകൊണ്ടാണല്ലോ നടന്നത്. അത് ആത്മീയത. അദ്ദേഹത്തെ വെടിവച്ചുകൊന്ന ആളിന്റെ പേരിലും റാം എന്നുണ്ട്. അയാൾ ഉൾക്കൊണ്ടത് വ്യാജ ആത്മീയത. ആത്മീയതയും വ്യാജ ആത്മീയതയും വേർതിരിച്ചറിയാൻ കഴിയണം. ആത്മീയതയുടെ മുഖപടമിട്ട് വ്യാജ ആത്മീയത പടർത്തുന്നതിനെതിരെ ജാഗ്രത പാലിക്കാൻ നമുക്ക് കഴിയണം. അതാണ് ഗാന്ധി വധത്തിൽനിന്നും നമുക്ക് പകർന്നുകിട്ടുന്ന മറക്കാനരുതാത്ത പാഠങ്ങളിലൊന്ന്.

മറന്നുകൂടാത്ത മറ്റ് ചിലതുകൂടിയുണ്ട്. അതും പരാമർശിക്കാതെ വിട്ടുകൂട. പാർലമെന്റിലെ സെൻട്രൽ ഹാളിൽ സവർക്കറുടെ ചിത്രം അനാച്ഛാദനം ചെയ്തുവച്ച നടപടി. ആരായിരുന്നു സവർക്കർ? ആൻഡമാൻ ജയിലിൽനിന്നും ബ്രിട്ടീഷുകാർക്ക് മാപ്പെഴുതിക്കൊടുത്ത് പുറത്തുവന്നയാൾ. ഇതേ ആൻഡമാൻ ജയിലിൽ ബ്രിട്ടീഷുകാരാൽ നരകയാതന അനുഭവിച്ചിട്ടും മാപ്പെഴുതി കൊടുക്കാതെ യാതന അനുഭവിച്ച മലയാളിയാണ് എം.പി. നാരായണ മേനോൻ. ഇ.എം.എസ്. പോലും ഗുരുനാഥനായി കണ്ട എം.പി. ഗോവിന്ദ മേനോന്റെ സഹോദരൻ. മാപ്പ് എഴുതിക്കൊടുത്താൽ മോചിപ്പിക്കാമെന്ന് ബ്രിട്ടീഷ് സാമ്രാജ്യത്വം അദ്ദേഹത്തോട് പറഞ്ഞപ്പോൾ മാപ്പെഴുതി കൊടുക്കുന്ന പ്രശ്നമില്ലെന്ന് നാരായണ മേനോൻ മറുപടിയും പറഞ്ഞു. അദ്ദേഹത്തെക്കൊണ്ട് ആ നിലപാട് തിരുത്തിക്കാൻ കുതിരവണ്ടിയിൽ കെട്ടിവലിച്ചു, അന്നത്തെ സാമ്രാജ്യത്വഭരണം സഹിച്ച് നരകയാതന അനുഭവിച്ച് ജയിലറയിൽ അദ്ദേഹം കഴിഞ്ഞു. പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ ആരുടെയെങ്കിലും ചിത്രം അനാച്ഛാദനം ചെയ്ത് അലങ്കരിച്ച് വയ്ക്കേണ്ടതുണ്ടെങ്കിൽ അത് മാപ്പെഴുതിക്കൊടുക്കാതെ ആൻഡമാനിൽ നരകിച്ച എം. പി. നാരായണ മേനോന്റേതായിരുന്നു. അല്ലാതെ ഗാന്ധിവധ ഗൂഢാലോചന കേസിൽ പ്രതിയായ ഒരാളുടേതായിരുന്നില്ല. ഗാന്ധിജിയെ ഗോഡ്സെയെക്കൊണ്ട് തിരുത്തുകയും ഗാന്ധിജിയല്ല ഗോഡ്സെയാണ് ശരിയെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുകയും ചെയ്യുന്ന രാഷ്ട്രീയം ഇന്ത്യയിൽ ശക്തിപ്രാപിച്ച് വന്നപ്പോഴാണ് ഇത്തരം ദുരന്തങ്ങളുണ്ടായിത്തുടങ്ങിയത്. ഗാന്ധിജിയെയും ഗോഡ്സെയെയും താരതമ്യം ചെയ്യുന്നതിനോളം വലിയ നിന്ദ്യ കർമ്മമില്ല. ഇവിടെ താരതമ്യപ്പെടുത്തൽ മാത്രമല്ല ഗാന്ധിജിക്ക് മേലെ ഗാന്ധിവധ കേസിലെ പ്രതികളെ ത്യാഗികളായി വാഴ്ത്തി സ്ഥാപിക്കാനുള്ള ശ്രമവും നടക്കുന്നു. അതിന്റെ ഭാഗമായി വേണം സവർക്കർക്ക് ഭാരതരത്നം നൽകണമെന്ന വാദത്തെ കാണാൻ. ഗാന്ധിജി ദൈവത്തിന്റെ മക്കളെന്ന് വിളിച്ച് ആദരിച്ച നിസ്വരിൽ നിസ്വരായ

അധഃസ്ഥിത ജനവിഭാഗങ്ങളിൽപ്പെട്ടവരെ തെരുവിൽ ആൾക്കൂട്ട കൊലപാതകങ്ങളിലൂടെ ഇല്ലാതാക്കുന്നു. ഗാന്ധിജിയുടെ അഹിംസാ സിദ്ധാന്തത്തെ ഭരണത്തണലിലുള്ള ഹിംസയുടെ പരമ്പരകൾ കൊണ്ട് ഞെരിച്ചമർത്തുന്നു. ഗാന്ധിജിയുടെ 'സർവ്വധർമ്മ സമഭാവന' എന്ന സിദ്ധാന്തത്തെ ഏകശിലാ രൂപത്തിലുള്ള മതാധിഷ്ഠിത ഭരണം എന്ന കൽപ്പനകൊണ്ട് പകരം വയ്ക്കുന്നു. "ഈശ്വർ അള്ളാ തേരെ നാം" എന്ന മതാതീതവും മനുഷ്യസ്നേഹപരവുമായ കാഴ്ചപ്പാടിനെ ഏക മതാധിപത്യം കൊണ്ട് ഇല്ലായ്മ ചെയ്യുന്നു. ഗാന്ധിജിയുടെ സ്വാശ്രയത്വ ചിന്തകളെ സാമ്രാജ്യത്വാധീന ചിന്തകൾകൊണ്ട് തല്ലിക്കെടുത്തുന്നു. ഗാന്ധിജിയുടെ അധികാരവികേന്ദ്രീകൃത തത്വങ്ങളെ അധികാരകേന്ദ്രീകൃത തത്വങ്ങൾ കൊണ്ട് തട്ടിയെറിയുന്നു. ഇങ്ങനെ ഇല്ലായ്മ ചെയ്യപ്പെടുന്ന ഗാന്ധിയൻ സാമ്രാജ്യത്വ വിരുദ്ധ-മതേതര-സ്വാശ്രയ ദേശീയ മൂല്യങ്ങളെ തിരികെ പിടിക്കാൻ പുനരർപ്പിക്കുക എന്നതാകണം ഈ ഘട്ടത്തിൽ നമ്മുടെ ദൗത്യം.

ഇന്നത്തെ ദിവസം നമ്മുടെ സംസ്ഥാനത്ത് മറ്റൊരു പരിപാടിക്കുകൂടി തുടക്കം കുറിക്കുന്നത് സംബന്ധിച്ച് പരാമർശിക്കാൻ ഈ ഘട്ടം ഉപയോഗിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ലഹരിക്കെതിരെ വലിയ തോതിലുള്ള പരിപാടി, ലഹരി വിമുക്ത കേരളം സ്ഥാപിച്ചെടുക്കാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി 90 ദിന തീവ്രയത്ന ബോധവത്കരണ പരിപാടി ഏറ്റെടുക്കുകയാണ്. സർക്കാരിന്റെ വിമുക്തി പദ്ധതിയുടെ ഭാഗമാണിത്. പുതിയ തലമുറ നന്മയുടെ അന്തരീക്ഷത്തിൽ വളർന്നുവരണമെന്ന കാര്യത്തിൽ ഗാന്ധിജിക്ക് വലിയ നിർബന്ധമുണ്ടായിരുന്നു. അത്തരമൊരു ഘട്ടത്തിലാണ് വിമുക്തിയുമായി ബന്ധപ്പെട്ട പുതിയൊരു ദൗത്യം തുടങ്ങിവയ്ക്കുന്നതെന്നുകൂടി പ്രസ്താവിക്കട്ടെ. ഗാന്ധിജിയുടെ രക്തസാക്ഷിത്വ ദിനമായ ജനുവരി 30 വരെ തുടരുന്ന വിധത്തിലാണ് ലഹരിവിരുദ്ധ ബോധവത്കരണ പരിപാടി ക്രമീകരിച്ചിട്ടുള്ളത്. ഈ ഘട്ടത്തിൽ ഗാന്ധി സ്മരണ നമ്മുടെ സംസ്ഥാനം ഔചിത്യപൂർവ്വമായ രീതിയിൽ തന്നെ ഏറ്റെടുത്തതാണ്. സാംസ്കാരിക വകുപ്പിന്റെ കീഴിൽ നിരവധി പരിപാടികൾ നേരത്തെ മുതൽ നടന്നുവരുന്നുണ്ട്. അങ്ങ് പ്രകടിപ്പിച്ച വികാരത്തോട് യോജിച്ചുകൊണ്ട് ഗാന്ധിജിയുടെ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ബഹുമാന്യരായ സ്പീക്കറും മുഖ്യമന്ത്രിയും പ്രകടിപ്പിച്ച എല്ലാ അഭിപ്രായങ്ങളോടും ഞാൻ യോജിക്കുകയാണ്. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജിയുടെ ധന്യമായ ഓർമ്മകൾക്കുമുമ്പിൽ ഞാൻ ആദ്യമായി ആദരാഞ്ജലികൾ അർപ്പിക്കുകയാണ്. സ്വതന്ത്ര ഇന്ത്യയിൽ രാഷ്ട്രപിതാവായ ഗാന്ധിജിക്ക് ജീവിക്കാൻ കഴിഞ്ഞത്

142 ദിവസങ്ങൾ മാത്രമാണ്. ഏത് പ്രത്യയശാസ്ത്രമാണോ ഗാന്ധിജിയുടെ ഭൗതിക സാന്നിദ്ധ്യത്തെ ഈ മണ്ണിൽനിന്ന് തുടച്ചുനീക്കിയത് ആ പ്രത്യയശാസ്ത്രം ഇന്ത്യൻ സാമൂഹ്യ ജീവിതത്തിൽ ആധിപത്യം സ്ഥാപിക്കുന്ന ആസുര കാലത്താണ് മഹാത്മാവിന്റെ 150-ാം ജന്മവാർഷികം നാം ആഘോഷിക്കുന്നത്. ഗാന്ധിജിയുടെ കൊലപാതകം അറിഞ്ഞപ്പോൾ ലോകത്തിലെ മഹാന്മാരായ എല്ലാ വ്യക്തികളും, ലോകം മുഴുവനും അന്തിച്ചുനിന്ന ആ സന്ദർഭത്തെ ഞാൻ ഓർക്കുകയാണ്. "നമ്മുടെ വെളിച്ചം നമുക്ക് നഷ്ടപ്പെട്ടു" എന്ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞ വാചകം ഞാൻ ഓർക്കുന്നു.

ചിരപുരാതനമായ ഒരു രാഷ്ട്രത്തെ നിരന്തരമായ അടിമത്വത്തിൽ നൂറ്റാണ്ടുകളോളം കെട്ടിയിടുന്നതിൽ ആന്തരികമായ ബലഹീനതകളും ദൗർബല്യങ്ങളും വലിയ പങ്കുവഹിച്ചെന്ന് ഗാന്ധിജി തിരിച്ചറിഞ്ഞിരുന്നു. രാഷ്ട്രീയമായ സ്വാതന്ത്ര്യമെന്നത് അത്തരം ബലഹീനതകളിൽനിന്നും ദൗർബല്യങ്ങളിൽനിന്നും മോചനം നേടുന്ന സാമൂഹ്യമായ സ്വാതന്ത്ര്യം കൂടിയായിരിക്കണമെന്ന് ഗാന്ധിജി ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു. അതുകൊണ്ടാണ് ഗാന്ധിജി നേതൃത്വം ഏറ്റെടുത്തതോടെ ഇന്ത്യൻ ദേശീയ പ്രസ്ഥാനം ഒരു രാഷ്ട്രീയ പ്രസ്ഥാനമെന്ന നിലയിൽനിന്നും ലോകത്തിലെ ഏറ്റവും വലിയ നവോത്ഥാന പ്രസ്ഥാനമായി മാറിയതെന്നുള്ളത് ചരിത്രം രേഖപ്പെടുത്തുന്ന കാര്യമാണ്. ഇന്ത്യയുടെ വിധാതാക്കൾ എന്നത് ഏതെങ്കിലും സർക്കാരുകളോ നേതാക്കളോ ഭ്രവ്യടമകളോ രാഷ്ട്രീയ പാർട്ടികളോ അല്ല, മറിച്ച് എല്ലാ മതത്തിലും വർണ്ണത്തിലും വർഗ്ഗത്തിലും വിശ്വാസങ്ങളിലും പ്രദേശങ്ങളിലും ഉൾപ്പെടുന്ന വിവിധ ഭാഷകൾ സംസാരിക്കുന്ന വ്യത്യസ്ത സംസ്കാരമുള്ള കോടാനുകോടി വരുന്ന ഇന്ത്യാക്കാരാണെന്ന് ഗാന്ധിജി അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുകയുണ്ടായി. തങ്ങൾക്കുവേണ്ടി തങ്ങളാഗ്രഹിക്കുന്ന രീതിയിൽ ഒരു രാഷ്ട്രം കെട്ടിപ്പടുക്കാനുള്ള ഇന്ത്യൻ ജനതയുടെ അവകാശത്തെയാണ് സ്വാതന്ത്ര്യമെന്ന് ഗാന്ധിജി അർത്ഥമാക്കിയത്. ഇന്ത്യക്കാരെന്നാൽ ഇന്ത്യയിലെ എല്ലാ ജനങ്ങളുമാണെന്ന് ഗാന്ധിജി വ്യാഖ്യാനിച്ചത് അതുകൊണ്ടാണ്. 1914-15 കാലഘട്ടങ്ങളിൽ ഇന്ത്യൻ സ്വാതന്ത്ര്യ പ്രസ്ഥാനം എന്നത് മദ്രാസിലെയും ബോംബെയിലെയും കൽക്കട്ടയിലെയും അഭിഭാഷകർ വിളിച്ചുകൂട്ടുന്ന സമ്മേളനങ്ങളിലും അതിനോട് എതിർപ്പുള്ള വിപ്ലവകാരികളായ യുവാക്കൾ നടത്തുന്ന ഒറ്റപ്പെട്ട വെടിവയ്പുകളിലും ബോംബ് സ്ഫോടനങ്ങളിലും അവരുടെ ധീരരക്തസാക്ഷിത്വത്തിലും മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നായിരുന്നു. അതിൽനിന്ന് ഇന്ത്യയിലെ ജനങ്ങളുടെ പ്രസ്ഥാനമായി നമ്മുടെ സ്വാതന്ത്ര്യ പ്രസ്ഥാനത്തെയും അതിന് നേതൃത്വം നൽകിയ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെയും മാറ്റിയെന്നതാണ് ഗാന്ധിജി ഈ രാഷ്ട്രത്തിന് നൽകിയ ഏറ്റവും വലിയ സംഭാവന.

അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു മനുഷ്യൻ ഉണർന്നെഴുന്നേൽക്കുന്നതുപോലെ ഒരു രാഷ്ട്രം മുഴുവൻ ആവേശകരമായി ഉയർത്തെഴുന്നേൽക്കുന്ന കാഴ്ചയാണ് നമ്മൾ കണ്ടത്. ലോകചരിത്രത്തിലെ ഏറ്റവും നിർഭയനായ രാഷ്ട്രീയ വ്യക്തിത്വമായിരുന്നു ഗാന്ധിജി. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അഹിംസയുടെ അടിസ്ഥാന പ്രമാണം നിർഭയത്വമായിരുന്നു. ഭീരുവിന് മാത്രമേ ആയുധമെടുക്കാനും ഒരാളെ വധിക്കാനും കഴിയുകയുള്ളൂവെന്ന് അദ്ദേഹം ഉറച്ച് വിശ്വസിച്ചിരുന്നു. ഗാന്ധിജിക്കുനേരെ ഹിന്ദു വലതുപക്ഷ ശക്തികൾ നാല് വധശ്രമങ്ങൾ നടത്തിയിരുന്നുവെങ്കിലും അഞ്ചാമത്തേതിലാണ് അവർ വിജയിച്ചത്. ആദ്യത്തേത് 1934-ലും രണ്ടാമത്തേത് 1944-ലും മൂന്നാമത്തേത് 1946 സെപ്റ്റംബർ മാസത്തിൽ പൂനെയ്ക്കടുത്തുള്ള Pachmarhi-യിൽ വച്ചും നാലാമത്തേത് 1948 ജനുവരി 20-നുമായിരുന്നു. അതിന് പത്ത് ദിവസം കഴിഞ്ഞ് ജനുവരി 30-ന് ഡൽഹിയിൽ വച്ചുനടത്തിയ ശ്രമത്തിൽ ആ ദുഷ്ടശക്തികൾ ലക്ഷ്യം കണ്ടു. അവർ അദ്ദേഹത്തെ വധിക്കാൻ ശ്രമിച്ചത് എന്തുകൊണ്ടാണ്? കാരണം മറ്റൊന്നുമല്ല. ഇന്ത്യയെന്നാൽ എല്ലാ ഇന്ത്യക്കാരുടേതുമാണെന്നും ഒരു മതത്തിനോ വിഭാഗത്തിനോ പ്രദേശത്തിനോ വർഗ്ഗത്തിനോ ഭാഷയ്ക്കോ മാത്രമായി ഇന്ത്യയിൽ അധീശത്വം അവകാശപ്പെടാൻ കഴിയില്ലെന്നും ഗാന്ധിജി പറയുകയും കോടിക്കണക്കിന് ഇന്ത്യക്കാരെ അത് ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. ന്യൂനപക്ഷങ്ങളും അധഃസ്ഥിത ജനവിഭാഗങ്ങളും ആദിവാസികളും പാർശ്വവൽക്കരിക്കപ്പെട്ടവരും വടക്കും കിഴക്കും പടിഞ്ഞാറുമുള്ളവരുമെല്ലാം ഇന്ത്യയെന്ന മഹാരാജ്യത്തിന്റെ പൈതൃകത്തിന്റെയും പാരമ്പര്യത്തിന്റെയും വിഭവങ്ങളുടെയും നേരവകാശികളാണ്. ആർക്കും കുറവുമില്ല, കൂടുതലുമില്ല. ഇതാണ് നമ്മുടെ ഇന്ത്യ. ആ ഇന്ത്യയുടെ രാഷ്ട്രപിതാവാണ് മഹാത്മജി. 1920-ൽ നടന്ന ഹിന്ദു-മുസ്ലീം മൈത്രിയിലാണ് ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നതെന്ന് ഗാന്ധിജി വിശ്വസിച്ചിരുന്നു. മുസ്ലീങ്ങളെയും മറ്റ് ന്യൂനപക്ഷങ്ങളെയും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനും സ്വാതന്ത്ര്യ പ്രസ്ഥാനത്തെ കൂടുതൽ ഉൾക്കൊള്ളിക്കുന്നതിലൂടെയും മാത്രമേ ദേശീയ പ്രസ്ഥാനം സാർത്ഥകമാകൂവെന്ന് അദ്ദേഹം ഉറച്ച് വിശ്വസിച്ചിരുന്നു. ഇത് ഇഷ്ടപ്പെടാത്ത വർഗ്ഗീയ ശക്തികൾ ഗാന്ധിജിയെ തങ്ങളുടെ ഒന്നാം നമ്പർ ശത്രുവായി കാണുകയുണ്ടായി; അതുമുതലാണ് ഗാന്ധിജിയെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചത്. അടുത്തസമയത്ത് ഡച്ച് സാഹിത്യകാരനായ Koenraad Elst എഴുതിയ ഒരു പുസ്തകം ഞാൻ വായിച്ചു. " Why I killed Gandhi" എന്ന പുസ്തകത്തിൽ നാഥുറാം ഗോഡ്സെ തന്റെ അവസാനത്തെ അഫിഡവിറ്റിൽ പറയുന്ന കാര്യങ്ങളെക്കുറിച്ചാണ് വിശദീകരിക്കുന്നത്. താൻ എന്തുകൊണ്ടാണ് ഗാന്ധിജിയെ കൊന്നതെന്ന് വളരെ വ്യക്തമായി അദ്ദേഹം പറയുന്നുണ്ട്. ഇന്നത്തെ

ഭരണകൂടം സ്വീകരിക്കുന്ന അതേ നിലപാടുകൾ ഉദ്ധരിച്ചുകൊണ്ടാണ് നാഥുറാം ഗോഡ്സെ ഗാന്ധിജിയെ കൊന്നതിന് ന്യായീകരണം പറയുന്നത്. ആ സമയത്ത് മഹാനായ ഡോ. അംബേദ്കർ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവുമായി ആലോചിച്ച് നാഥുറാം ഗോഡ്സെയുടെ വധശിക്ഷ ജീവപര്യന്ത മാക്കുന്നതിനെക്കുറിച്ച് ആലോചിച്ചു. ആ സന്ദർഭത്തിൽ നാഥുറാം ഗോഡ്സെയുടെ അഭിപ്രായം തേടിയപ്പോൾ അദ്ദേഹം പറഞ്ഞത്, " I want to see that Mahatmaji's Ahimsa should be hanged" എന്നാണ്. എത്ര ഞെട്ടിപ്പിക്കുന്ന വാചകമാണിത്. എനിക്കത് കാണണം, മഹാത്മാവിന്റെ അഹിംസയെ തൂക്കിലിടുന്നത് എന്നിലൂടെയാകണം എന്നുപറഞ്ഞ നാഥുറാം ഗോഡ്സെയുടെ ചിന്താഗതി നമ്മളെ ഞെട്ടിപ്പിക്കുന്നതല്ലേ? ഗാന്ധിജിയെയും ഗാന്ധിജിയുടെ ആദർശങ്ങളെയും ഇല്ലാതാക്കാൻ, ഗാന്ധിയൻ ചിന്തകളെ തമസ്കരിക്കാൻ ഏറ്റവും ശക്തമായി വാദിക്കുന്ന ഒരു ചിന്തയുടെ പ്രതിഫലനമല്ലേ ഈ വാചകത്തിലൂടെ നമുക്ക് കാണാൻ കഴിയുന്നത്. 1948 ജനുവരി 20-ന് പ്രാർത്ഥനായോഗത്തിൽ ഗാന്ധിജിക്കുനേരെ വെടിവച്ചപ്പോൾ ബാപ്പുവിന്റെ സുരക്ഷയെക്കുറിച്ച് ആശങ്കപ്പെട്ട തന്റെ ചെറുമകളും സന്തതസഹചാരിയുമായ മനു ഗാന്ധിയോട് അദ്ദേഹം പറഞ്ഞു, കർമ്മവീഥിയിലൂടെയുള്ള അനുസ്യൂതമായ പ്രയാണത്തിൽ എന്റെ മാറിടത്തിലേയ്ക്ക് ഒരാൾ നിറയൊഴിക്കുകയും ചുണ്ടിൽ 'ഹേ റാം' എന്ന വചനത്തോടെ ഞാൻ മരിച്ചുവീഴുകയും ചെയ്താൽ നീ ലോകത്തോട് പറയണം നമ്മൾ അദ്ദേഹത്തെ മഹാത്മാവെന്ന് വിളിച്ചതിൽ കുറേയൊക്കെ ശരിയുണ്ടായിരുന്നുവെന്ന്. എന്നാൽ നിസ്സഹായനായി ഒന്നും പറയാനോ പ്രവർത്തിക്കാനോ ആകാതെ നാളുകളോളം ശയ്യാവലംബിയായി കിടന്ന് ഒരു ദിവസം ഞാൻ മരിക്കുകയാണെങ്കിൽ നീ പറയണം നമ്മൾ അദ്ദേഹത്തെ മഹാത്മാവെന്ന് വിളിച്ചതിൽ യാതൊരു അർത്ഥവുമില്ല എന്ന്. ദേശീയ പ്രസ്ഥാനത്തിൽ തന്റെ കോടാനുകോടികളായ അനുയായിവൃന്ദത്തോട് അദ്ദേഹം നിരന്തരം പറഞ്ഞതും ഇതുതന്നെയായിരുന്നു. ഭീരുവിന് മാത്രമേ ആയുധംകൊണ്ട് ഒരാളെ ഇല്ലാതാക്കാൻ കഴിയൂ. ധീരന്റെ ആയുധം അഹിംസ മാത്രമാണ്. ഗാന്ധിജിയെ ഇല്ലാതാക്കിയത് ഒരു കൊലയാളിയല്ല, ഒരു പ്രസ്ഥാനമാണ്, ഒരു പ്രത്യയശാസ്ത്രമാണ്. ആ പ്രത്യയശാസ്ത്രം ഇന്ത്യൻ സമൂഹത്തിൽ താല്കാലികമായിട്ടാണെങ്കിലും മേൽക്കൈ നേടിയിരിക്കുന്നുവെന്നുള്ളത് നമ്മളെ ഭീതിപ്പെടുത്തുന്ന കാര്യമാണ്. ഗാന്ധിജിയുടെ കൊലയാളി പ്രതിനിധാനം ചെയ്ത ഇന്ത്യൻ അസഹിഷ്ണുത, മതതീവ്രവാദം എന്നിവ ഇന്ന് ഇന്ത്യൻ ഭരണകൂടത്തിന്റെതന്നെ മുഖമുദ്രകളായി മാറിക്കഴിഞ്ഞിരിക്കുന്നു. രാമനെക്കുറിച്ച് ഗാന്ധിജി എന്താണ് പറഞ്ഞത്? എന്റെ രാമൻ ഒരു മതത്തിന്റെയും വിഗ്രഹമല്ല. മറിച്ച് അനാദിയും ചിരന്തനവുമായ സത്യത്തിനെ

ഞാൻ വിളിക്കുന്ന പേരാണ് രാമൻ. എന്നാൽ ഗാന്ധിജിയുടെ കൊലയാളികൾ ഭരിക്കുന്ന ഇന്ത്യയിൽ രാമന് ജയ് വിളിച്ചുകൊണ്ട് ആളുകളെ പച്ചയ്ക്ക് തല്ലിക്കൊല്ലുന്നു; അതുവഴി അവർ രാഷ്ട്ര മനസ്സിനെ വിഭജിക്കുകയാണ്. "രാഷ്ട്രസേവനമാണ് എന്റെ മതം" എന്നാണ് ഗാന്ധിജി പറഞ്ഞത്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ പ്രാർത്ഥനായോഗങ്ങളിൽ

"ഈശ്വർ അള്ളാ തേരേ നാം
സബ്കോ സൻമതി ദേ ഭഗവാൻ"

എന്ന പ്രാർത്ഥനയാണ് മുഴങ്ങിക്കേട്ടത്. ഈശ്വരനും അള്ളാഹുവുമായവനെ, എല്ലാവർക്കും നല്ല ബുദ്ധി കൊടുക്കണമേ എന്നാണ്. സേവാഗ്രാമത്തിൽ ഗാന്ധിജി താമസിച്ചിരുന്ന കുടിലിന്റെ ചുമരിൽ തൂക്കിയിരിക്കുന്ന ചിത്രം യേശുക്രിസ്തുവിന്റേതാണ്. അവിടെ പോയപ്പോൾ ഞാനത് കണ്ടിട്ടുണ്ട്. ഗാന്ധിജിയുടെ ജീവിതചരിത്രമെഴുതിയ Louis Fischer ഇതിനെക്കുറിച്ച് ഗാന്ധിജിയോട് ചോദിച്ചപ്പോൾ കിട്ടിയ മറുപടി, ഞാൻ ക്രിസ്ത്യാനിയും ഹിന്ദുവും മുസ്ലീമും ജൂതനും പാഴ്സിയും സിക്കും ആണെന്നാണ്. ഈ സന്ദേശമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. 1931-ൽ കറാച്ചിയിൽ കൂടിയ ആൾ ഇന്ത്യ കോൺഗ്രസ് കമ്മിറ്റിയുടെ (എ.ഐ.സി.സി.) സമ്മേളനത്തിന്റെ പ്രമേയമാണ് പിന്നീട് ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനശിലയായി മാറിയത്. പൗരന്റെ മൗലികാവകാശങ്ങൾ, സ്വതന്ത്രമായ അഭിപ്രായ പ്രകടനത്തിനുള്ള സ്വാതന്ത്ര്യം, പ്രായപൂർത്തി വോട്ടവകാശം, നിയമത്തിനുമുന്നിൽ എല്ലാവർക്കുമുള്ള തുല്യത, സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം, ജോലിക്ക് തുല്യമായ വേതനത്തിനുമുള്ള അവകാശം, ന്യൂനപക്ഷങ്ങൾ, സ്ത്രീകൾ, കർഷകർ തുടങ്ങിയവരുടെ സംരക്ഷണം, മിശ്രസമ്പദ്‌വ്യവസ്ഥ തുടങ്ങിയ കാഴ്ചപ്പാടുകളായിരുന്നു കറാച്ചി കോൺഗ്രസ്സിൽ ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം പ്രമേയമായി മുന്നോട്ടുവച്ചത്. ഇത് പിന്നീട് ഇന്ത്യൻ ഭരണഘടനയുടെ അവിഭാജ്യഘടകങ്ങളായി എഴുതിച്ചേർത്തുവെന്ന് ഞാനിവിടെ ഓർക്കുന്നു.

ഇന്ത്യ സ്വതന്ത്രമായതിനുശേഷം കോൺഗ്രസ് ഭരണസാരഥ്യമേറ്റെടുക്കുമ്പോൾ നടപ്പിൽവരുത്തേണ്ട കാര്യങ്ങളുടെ നട്ട് ഷെൽ ആയിരുന്നു കറാച്ചി എ.ഐ.സി.സി. പ്രമേയം. അത് ഡ്രാഫ്റ്റ് ചെയ്തത് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ആയിരുന്നു. അന്നുതന്നെ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിൽ ഗാന്ധി തന്റെ പിൻഗാമിയെ കണ്ടെത്തിയിരുന്നു. എനിക്കുശേഷം ജവഹർലാൽ എന്റെ ഭാഷയിൽ സംസാരിക്കുമെന്ന് ഗാന്ധിജി പറഞ്ഞത് ഞാൻ ഓർക്കുന്നു. കോൺഗ്രസ്സ് സംഘടനാ സംവിധാനത്തിൽ കരുത്തൻ സർദാർ വല്ലഭായി പട്ടേൽ ആയിരുന്നു.

പക്ഷെ ജനങ്ങളുടെയിടയിൽ അപാരമായ സ്വാധീനമുണ്ടായിരുന്നത് ജവഹർലാൽ നെഹ്റുവിനായിരുന്നു. പട്ടേലിനെയും നെഹ്റുവിനെയും ഒരേ മനസ്സോടെ മുന്നോട്ടുകൊണ്ടുപോകാൻ അദ്ദേഹം ശ്രമിച്ചത് ചരിത്രത്തിന്റെ ഭാഗമാണ്. മനുഷ്യജീവിതത്തിൽ അടിസ്ഥാനാവശ്യങ്ങളിലൂന്നിയ പരിവർത്തന മായിരുന്നു അദ്ദേഹത്തിന്റെ മാർഗ്ഗം. ഉപ്പും ചർക്കയും അതിനുള്ള ബിംബങ്ങളായിരുന്നു. ലോകത്തുള്ള എല്ലാ മനുഷ്യരും ഉപയോഗിക്കുന്ന ഒരു വസ്തുവിനെ (ഉപ്പ്) ഉയർത്തിപ്പിടിച്ചുകൊണ്ട് സമരം നടത്തുമ്പോൾ അതിൽ പണ്ഡിതനും പാമരനും അറിയുന്നവനും അറിയാത്തവനും ഇല്ലാത്തവനും ഉള്ളവനും ഏത് ഭാഷ സംസാരിക്കുന്നവനും ഏത് പ്രദേശത്ത് ജീവിക്കുന്നവനും ഒരുമിച്ച് അണിനിരക്കാൻ കഴിയുന്ന ഒരു സിംബലായിട്ടാണ് ഉപ്പിനേയും ചർക്കയേയും അദ്ദേഹം ഉയർത്തിക്കാട്ടിയത്. ജീവിതത്തിന്റെ അടിസ്ഥാന ഘടകങ്ങൾ ക്കെതിരായി ബ്രിട്ടീഷ് ഭരണകൂടം നടത്തിയ നടപടികൾക്കെതിരെയുള്ള ആ വലിയ പോരാട്ടത്തിന് നേതൃത്വം കൊടുക്കാൻ അദ്ദേഹം സ്വീകരിച്ച ഈ രണ്ട് സിംബലുകൾ വലിയൊരു പ്രത്യേകതയായി കണക്കാക്കേണ്ട ഒന്നാണ്. 1909-ൽ പുറത്തുവന്ന 'ഹിന്ദ് സ്വരാജ്' എന്ന അദ്ദേഹത്തിന്റെ പ്രശസ്തമായ പുസ്തകം നമ്മുടെ സമൂഹത്തെ ബാധിക്കുന്ന എല്ലാ പ്രശ്നങ്ങളെയും അഡ്രസ്സ് ചെയ്യുന്ന ഒന്നാണ്. അതിൽ 'ആഗോളവൽക്കരണം' എന്ന സങ്കൽപ്പം ചർച്ച ചെയ്യുന്നതിൽ ലോകം മുഴുവൻ തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള കമ്പോളമാണെന്നാണ് യൂറോപ്പ് വിചാരിക്കുന്നതെന്നാണ് അദ്ദേഹം പറയുന്നത്. ഇന്ത്യയെ ബ്രിട്ടൻ തടവിലാക്കിയത് ആയുധം കൊണ്ട് മാത്രമല്ല, അവരുടെ ഉല്പന്നങ്ങൾകൊണ്ടും കൂടിയാണ്. വിദേശ വസ്തുക്കൾ ബഹിഷ്കരിക്കണമെന്നത് പ്രതിരോധത്തിന്റെ ഭാഗമാണ്. ചുരുക്കത്തിൽ ഒരു അധീശത്വ ശക്തിയെ, സാമ്രാജ്യത്വ ശക്തിയെ മുട്ടുകുത്തിക്കാനുള്ള വഴി അവരുടെ ഉല്പന്നങ്ങൾ വേണ്ടെന്ന് വയ്ക്കലാണെന്ന് 110 വർഷം മുമ്പ് ഗാന്ധിജി തിരിച്ചറിഞ്ഞിരുന്നുവെന്നത് ഇതിൽനിന്നും വ്യക്തമാണ്. ഗാന്ധിജിയിൽനിന്ന് എത്ര അകലുന്നുവോ അത്രയും ഇന്ത്യ തന്റെ അസ്തിത്വം നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കും. ഗാന്ധിജിയെ ഉൾക്കൊള്ളാതെ, മനസ്സിലാക്കാതെ ഇന്ത്യയെ ഉൾക്കൊള്ളാനോ മനസ്സിലാക്കാനോ സാധ്യമല്ല. അതുകൊണ്ടാണ് കറൻസി നോട്ടുകളിൽനിന്നുപോലും ഗാന്ധിജിയുടെ പടം ഒഴിവാക്കാൻ നിർബന്ധം പിടിച്ച ആളുകൾ ഇപ്പോൾ അദ്ദേഹത്തിന്റെ പൈതൃകം തട്ടിയെടുക്കാൻ ശ്രമിക്കുന്നത്. ഗാന്ധിജിയുടെയും ദേശീയ പ്രസ്ഥാനത്തിന്റെയും പൈതൃകം അവകാശപ്പെടാനില്ലാത്ത 'ഗാന്ധി വധം' മധുരം വിതരണം ചെയ്ത് ആഘോഷിക്കേണ്ടതാണെന്ന് ചിന്തിച്ചവരുടെ പിൻഗാമികളാണ് ഇന്ന് ഇന്ത്യയുടെ ഭരണം കയ്യാളുന്നത്. ഗാന്ധിജിയുടെ പൈതൃകം പൂർണ്ണമായി തുടച്ചുനീക്കിയാൽ മാത്രമേ തങ്ങളുടെ വിഭാഗീയ- വർഗ്ഗീയ അജണ്ടകൾക്ക് വേര് പിടിക്കാൻ കഴിയുകയുള്ളൂ എന്ന് അവർക്കറിയാം.

ഗാന്ധിജിയെ മറക്കാൻ അവർ ഓരോ നിമിഷവും ഇന്ത്യയെ പ്രേരിപ്പിക്കുകയാണ്. മറക്കാൻ അവർ പറയുമ്പോഴും വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുന്നതാണ് നമ്മുടെ പ്രതിരോധം. അതുകൊണ്ട് ഗാന്ധിജിയെ വീണ്ടും വീണ്ടും നമുക്ക് ഓർമ്മിച്ചുകൊണ്ടിരിക്കാം.

അദ്ദേഹത്തിന്റെ 150-ാം ജന്മദിനത്തിൽ സഭ ഈയൊരു അനുസ്മരണ പരിപാടി സംഘടിപ്പിച്ചത് നന്നായി. സാംസ്കാരിക വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഞാനും പങ്കെടുക്കുകയും ഇതുമായി ബന്ധപ്പെട്ട് നിരവധി പരിപാടികൾ നടത്തുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലന്റെ റിക്വസ്റ്റ് പ്രകാരം തുഷാർ ഗാന്ധിയെ ആ പരിപാടിക്ക് ഞാൻ തന്നെയാണ് ക്ഷണിച്ചുകൊണ്ടുവന്നത്. ഈ 150-ാം വാർഷികത്തിലും അനുസ്മരണ പരിപാടി സംഘടിപ്പിക്കുകയാണ്. ഒരുപക്ഷേ 100-ാം വാർഷികം ആഘോഷിക്കുന്ന സന്ദർഭത്തിലുണ്ടായിരുന്നവർ ആരും ഇന്ന് ഈ സഭയിലുണ്ടാകില്ല. അദ്ദേഹത്തിന്റെ 200-ാം ജന്മവാർഷികത്തിലും ഈ സഭയിൽ നമ്മുടെ പിൻഗാമികൾ ഗാന്ധിജിയെ അനുസ്മരിച്ചുകൊണ്ട് സംസാരിക്കുമെന്ന് എനിക്കുറപ്പുണ്ട്. കാരണം 'ഗാന്ധിയൻ' എന്നത് കേവലം ഒരു ഭൗതിക സാന്നിദ്ധ്യമല്ല; കാലാതീതമായ, സനാതനമായ ഒരു വെളിച്ചമാണ്. ആ വെളിച്ചത്തിലേയ്ക്ക് നൂറ്റാണ്ടുകളോളം ഇന്ത്യ പ്രകാശിച്ച് നിൽക്കേണ്ടതുണ്ട്. ഞാൻ അവസാനിപ്പിക്കുന്നു. 'Gandhi is not past Gandhi is present and future'. Thank You,

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പറഞ്ഞ കാര്യങ്ങളോട് ഞാൻ സമ്പൂർണ്ണമായി യോജിക്കുകയാണ്. കേരളപ്പിറവി ദിവസംതന്നെ മഹാത്മാഗാന്ധിയെ സ്മരിക്കാൻവേണ്ടി പ്രത്യേക സമ്മേളനം ചേരാൻ തീരുമാനിച്ചതിൽ ഞാൻ അങ്ങയെ പ്രത്യേകം അഭിനന്ദിക്കാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയാണ്.

ഭാരതത്തിന്റെ മാത്രമല്ല, ലോകത്തിന്റെയാകെ വഴിവിളക്കായ നമ്മുടെ രാഷ്ട്രപിതാവിനെ വളരെ സവിശേഷമായ വിധത്തിലാണ് നാം അനുസ്മരിക്കുന്നത്. ഗാന്ധിജിയെ ഓർക്കുമ്പോൾ അദ്ദേഹത്തിന്റെ ജീവിതവും തന്റെ പ്രവർത്തനങ്ങളിലൂടെ അദ്ദേഹം പകർന്നുതന്ന മഹത്തായ മൂല്യങ്ങളും സ്വായത്തമാക്കുകയെന്നതാണ് പ്രധാനപ്പെട്ട കാര്യം. അദ്ദേഹത്തിന്റെ ജീവിതവും ജീവത്യാഗവും ഏതൊക്കെ മൂല്യങ്ങൾക്കുവേണ്ടിയായിരുന്നോ ആ മൂല്യങ്ങൾ കൂടുതൽ പ്രസക്തമാകുന്ന ഒരു കാലത്താണ് നമ്മൾ ജീവിക്കുന്നത്. ഗാന്ധിജിയുടെ 150-ാം ജയന്തി ആഘോഷിക്കുന്ന ഈ കാലഘട്ടത്തിന്റെ പ്രത്യേകത കണക്കിലെടുക്കുമ്പോൾ ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തെക്കുറിച്ചുകൂടി നാം സ്മരിക്കേണ്ടതുണ്ട്. തികച്ചും

പ്രതിലോമകരവും ഇന്ത്യൻ ദേശീയതയ്ക്കും മതേതര മൂല്യങ്ങൾക്കും വിഘാതമാകുന്നതുമായ വളരെ അപകടകരമായ പ്രവണതകൾ നമ്മുടെ രാജ്യത്ത് ഉയർന്നുവരുന്നത് തുറന്ന കണ്ണുകളോടുകൂടി വേണം നാം കാണേണ്ടത്. ഗാന്ധി ഘാതകനായ നാഥുറാം വിനായക് ഗോഡ്സെയെ മഹത്വവൽക്കരിക്കാനുള്ള നീക്കങ്ങൾ ഒളിഞ്ഞും തെളിഞ്ഞും നമ്മുടെ രാജ്യത്ത് നടക്കുകയാണ്. ഗാന്ധിജിയുടെ രക്തസാക്ഷിത്വ ദിനത്തിൽ മഹാത്മാവിന്റെ ചിത്രത്തിനുനേരെ നിറയൊഴിച്ച പൂജാ ശകുൻ പാണ്ഡെ എന്ന ഹിന്ദുമഹാസഭയുടെ മുഖ്യഭാരവാഹി ഇപ്പോഴും ആ സ്ഥാനത്തുതന്നെ തുടരുകയാണ്. യഥാർത്ഥത്തിൽ ഗോഡ്സെയാണ് ഇന്ത്യയുടെ രാഷ്ട്രപിതാവ് ആകേണ്ടിയിരുന്നതെന്ന് പരസ്യമായി പ്രസംഗിച്ച പ്രഗ്യസിംഗ് ഠാക്കൂർ ഇന്ത്യൻ പാർലമെന്റിൽ ഭോപ്പാൽ ലോക്സഭാ മണ്ഡലത്തിൽ ബി.ജെ.പി.-യെ പ്രതിനിധീകരിച്ചുകൊണ്ടിരിക്കുകയാണ്. പല പ്രദേശങ്ങളിലും ഗോഡ്സെയെ പ്രതിഷ്ഠിക്കുന്ന ക്ഷേത്രങ്ങളും ഗോഡ്സെയുടെ പ്രതിമകളും സ്ഥാപിക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടക്കുന്നത് നാം കാണാതിരുന്നുകൂടാ. രാജ്യത്ത് ഭരണത്തിന് നേതൃത്വം നൽകുന്നവരുടെ ആശീർവാദത്തോടുകൂടിയാണ് ഇതെല്ലാം നടക്കുന്നതെന്നുള്ളതാണ് നമ്മെ ഞെട്ടിക്കുന്നത്. അതുതന്നെയാണ് ഇന്ത്യൻ ജനാധിപത്യത്തെയും മതേതരത്വത്തെയും ഭീഷണിപ്പെടുത്തുന്ന കാര്യം.

ഭഗത്സിംഗിനെ തൂക്കിലേറ്റുമ്പോൾ അദ്ദേഹത്തിന്റെ അവസാനത്തെ ആഗ്രഹം എന്താണെന്ന് ചോദിച്ചപ്പോൾ 'ലെനിനെ അറിയുക' എന്ന പുസ്തകം വായിച്ചുതീർക്കാൻ അവസരം തരണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്. എന്നാൽ മഹാത്മാഗാന്ധിയെ വധിച്ച നാഥുറാം വിനായക് ഗോഡ്സെയെ തൂക്കിലേറ്റുമ്പോള് 'എന്റെ ചിതാഭസ്മം എന്റെ പിൻഗാമികൾക്ക് നൽകണം' എന്നാണ് അവസാനത്തെ ആഗ്രഹമായി ആവശ്യപ്പെട്ടത്. ആ ചിതാഭസ്മം ഇന്നുകാണുന്ന ഭാരതത്തിലല്ല ഒഴുക്കേണ്ടത്; എന്നെങ്കിലും ഒരു ദിവസം ഞാൻ സ്വപ്നം കണ്ട ഹിന്ദുരാഷ്ട്രം സ്ഥാപിക്കപ്പെടുമ്പോൾ ആ സ്ഥാപിക്കപ്പെടുന്ന ഹിന്ദുരാഷ്ട്രത്തിലെ ഗംഗയിലും യമുനയിലും എന്റെ ചിതാഭസ്മം ഒഴുക്കണം, അതിനുവേണ്ടി സൂക്ഷിച്ചുവയ്ക്കണമെന്നു പറഞ്ഞ നാഥുറാം വിനായക് ഗോഡ്സെയുടെ ചിതാഭസ്മകലശം ആർ.എസ്.എസ്.-ന്റെ നാഗ്പൂരിലെ കാര്യാലയത്തിൽ ഇപ്പോഴും സൂക്ഷിച്ചുവച്ചിരിക്കുകയാണ്. നാഥുറാം വിനായക് ഗോഡ്സെ തൂക്കിലേറ്റപ്പെട്ട ദിവസം രക്തസാക്ഷിത്വദിനമായി ആചരിക്കുകയും ചിതാഭസ്മം എന്നെങ്കിലും ഒരുദിവസം നിമഞ്ജനം ചെയ്യാൻ തങ്ങൾക്ക് അവസരമുണ്ടാകുകയുംചെയ്യും എന്ന് പ്രതീക്ഷിക്കുന്നവരാണ് നമ്മുടെ രാജ്യം ഭരിക്കുന്നതെന്നുള്ളത് നാം ഗൗരവത്തോടുകൂടി കാണേണ്ടതാണ്. സാധാരണ കാര്യങ്ങൾ അസാധാരണമായ രീതിയിൽ ചെയ്തുകൊണ്ടാണ് 150-ാം ജന്മവാർഷികത്തിലും ഇന്നും നമുക്കൊപ്പം

ജീവിക്കുന്ന ഒരാളുടെ ജന്മദിനം പോലെ ഗാന്ധിജിയുടെ ജന്മവാർഷികം നമ്മൾ ആഘോഷിക്കുന്നത്. സത്യം, സ്നേഹം, അഹിംസ എന്നീ മഹത്തായ ആശയങ്ങൾ ജീവിതത്തിലുടനീളം മുറുകെപ്പിടിച്ചുകൊണ്ടാണ് അദ്ദേഹം ജനഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടിയത്. ഒരാളെയോ ഒരു ആശയത്തെയോ എതിർക്കുമ്പോൾ പോലും തികഞ്ഞ സ്നേഹവും ആദരവും പുലർത്തണമെന്ന് അദ്ദേഹം നമ്മെ പഠിപ്പിച്ചു. സത്യാഗ്രഹം സത്യശക്തി എന്ന ആശയം മുന്നോട്ടുവച്ചുകൊണ്ട് സത്യത്തെ മുറുകെ പിടിക്കണമെന്നും സത്യത്തിനാണ് അന്തിമ വിജയമെന്നും അദ്ദേഹം ലോകത്തെ പഠിപ്പിക്കുകയാണ് ചെയ്തത്. വ്യാപിച്ചുകൊണ്ട് കീഴടക്കാമെന്നും കീഴടക്കിക്കൊണ്ട് സാമ്രാജ്യങ്ങൾ വികസിപ്പിക്കാമെന്നും കണക്കുകൂട്ടിയിരുന്ന കോളനിവാഴ്ചയുടെ പ്രചാരകരെ, ബ്രിട്ടീഷ് ഭരണകൂടത്തെ കേവലം അഹിംസയുടെയും ഉപവാസത്തിന്റെയും സഹനമാർഗ്ഗങ്ങളിലൂടെ ചെറുത്തുതോല്പിച്ചുകൊണ്ടാണ് മോഹൻദാസ് കരംചന്ദ് ഗാന്ധി മഹാത്മാ ഗാന്ധിയായത്. അദ്ദേഹം ഏതെങ്കിലും സൈനിക തലത്തിന്റെ ക്യാപ്റ്റനോ അല്ലെങ്കിൽ ഏതെങ്കിലും സർക്കാർ സംവിധാനത്തിന്റെ ഭാഗമോ ആയിരുന്നില്ല; അധികാരത്തിന്റെ അകത്തളങ്ങളിൽ ഒരിക്കൽപ്പോലും എത്തിനോക്കുകകൂടി ചെയ്തിട്ടില്ല. എന്നിട്ടും ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ അടിയറവ് പറയിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചു. അതാണ് അഹിംസയുടെയും സത്യാഗ്രഹത്തിന്റെയും നിസ്സഹകരണ സമരത്തിന്റെയും മാർഗ്ഗം. ഗാന്ധിജിയുടെ സത്യാഗ്രഹ സമരമെന്നാൽ ഒരു തുള്ളി ചോരപോലും പൊടിയാതെയും ഒരുതരത്തിലുള്ള വിദ്വേഷവും വളർത്താതെയും ശത്രുവിനെ കീഴടക്കുക എന്നുള്ളതായിരുന്നു. 1920-21 കാലഘട്ടത്തിലാണ് ആദ്യമായി സത്യാഗ്രഹ സമരത്തിന്റെയും നിസ്സഹകരണത്തിന്റെയും വഴികൾ ഇന്ത്യൻ ജനതയ്ക്കുമുന്നിൽ തുറന്നിട്ടത്. അയിത്തവും തൊട്ടുകൂടായ്മയും മനുഷ്യനും ദൈവത്തിനും എതിരായ കുറ്റകൃത്യങ്ങളാണെന്ന് ഗാന്ധിജി നിരന്തരം പറഞ്ഞുകൊണ്ടിരുന്നു. ഇന്ന് നമ്മുടെ രാജ്യത്ത് ദളിതരും ആദിവാസികളും താഴ്ന്ന ജീവിതനിലവാരം പുലർത്തുന്നവരും പലതരത്തിൽ പീഡിപ്പിക്കപ്പെടുകയോ ആൾക്കൂട്ട കൊലപാതകത്തി നിടയാക്കപ്പെടുകയോ ചെയ്യുന്നത് നാം കാണാതിരുന്നുകൂടാ. ദൈവനാമത്തിൽ ആൾക്കൂട്ട കൊലപാതകങ്ങൾ ആവർത്തിക്കപ്പെടുന്നത് അപകടകരമായ പ്രവണതയാണ്. ഇവയെല്ലാം മഹാത്മാഗാന്ധി മുന്നോട്ടുവച്ച ആശയങ്ങളിൽ നിന്നും ഇന്ത്യൻ ജനത വ്യതിചലിച്ചുപോകുന്നതിന്റെ പ്രത്യക്ഷ തെളിവുകളാണ്. ഇത് തിരുത്തപ്പെടേണ്ട കാര്യങ്ങളാണ്. ഇന്ത്യൻ ജനതയുടെ ആത്മാഭിമാനത്തിന്റെയും സ്വത്വബോധത്തിന്റെയും പ്രതീകമായിട്ടാണ് ചർക്കയിൽ പരുത്തിനൂൽ നൂറ്റെടുത്ത് ഗാന്ധിവസ്ത്രം പ്രചരിപ്പിക്കുന്നതിന് ഗാന്ധിജി മുൻകയ്യെടുത്തത്. ഇന്ത്യയിലെ

കോടിക്കണക്കിന് വരുന്ന സാധാരണക്കാരായ ജനവിഭാഗങ്ങളുടെ നിത്യജീവിതത്തിലേയ്ക്ക് ഇറങ്ങിച്ചെല്ലുന്നതിനും അന്തസ്സും ആത്മാഭിമാനവും ഉയർത്തിപ്പിടിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും ഏറ്റവും ലളിതമായ വഴിയായിട്ടാണ് ഗാന്ധിജി ഈ രണ്ട് ഘടകങ്ങളെയും കണ്ടത്. വലിയവനെന്നോ ചെറിയവനെന്നോ വ്യത്യാസമില്ലാതെ എല്ലാവരും ഉപയോഗിക്കുന്ന ഉപ്പും തുണിയും ഏറ്റവും ശക്തമായ സമരായുധമാക്കി മാറ്റിക്കൊണ്ടാണ് മഹത്തായ സ്വാതന്ത്ര്യസമര പോരാട്ടത്തിന് മഹാത്മാഗാന്ധി നേതൃത്വം നൽകിയത്. എല്ലാവിഭാഗം ജനങ്ങളുടെയും ജീവിതവുമായി നേരിട്ട് ബന്ധപ്പെടാൻ കഴിയുന്ന ഘടകങ്ങളാണ് അവ രണ്ടും. ചർക്കയിൽ നൂൽ നൂറ്റും കടപ്പുറത്തുപോയി ഉപ്പ് കുറുക്കിയും ഗാന്ധിജി നടന്നുകയറിയത് മാനവരാശിയുടെ ഹൃദയങ്ങളിലേയ്ക്കാണ്. ബ്രിട്ടീഷ് ഉപന്യാസകാരനായ John Ruskin-ന്റെ 'Unto This Last' എന്ന പ്രബന്ധത്തിൽനിന്നാണ് ഗാന്ധിജി 'സർവ്വോദയ' എന്ന ആശയം സ്വാംശീകരിച്ചത്. ശതകോടീശ്വരന്മാരുടെ ഉന്നമനമല്ല, സമൂഹത്തിലെ ഏറ്റവും താഴെതട്ടിലുള്ള ആളുകളുടെ ഉന്നമനമാണ് അദ്ദേഹം അതുകൊണ്ട് ഉദ്ദേശിച്ചത്. ദരിദ്രനായവന്റെ വളർച്ചയും വികാസവുമാണ് അദ്ദേഹം സ്വപ്നം കണ്ടത്. അതുകൊണ്ടാണ് നിങ്ങൾ ഒരു പദ്ധതി തയ്യാറാക്കുമ്പോൾ ഈ നാട്ടിലെ ഏറ്റവും ദരിദ്രരായ ജനങ്ങളുടെ മുഖം എപ്പോഴും മനസ്സിലുണ്ടാകണമെന്ന് അദ്ദേഹം പ്രത്യേകമായി നിഷ്കർഷിച്ചത്. 'ഇന്ത്യ'യെന്നാൽ നഗരങ്ങളുടെ സമുച്ചയമല്ലെന്നും നൂറുകണക്കിന് ഗ്രാമങ്ങളുടെ ശൃംഖലയാണെന്നും അതുകൊണ്ട് ഗ്രാമങ്ങളിൽ നിന്നാണ് വികസനത്തിന്റെ വെള്ളിവെളിച്ചം പൊട്ടിപ്പുറപ്പെടേണ്ടതെന്നും ദക്ഷിണാഫ്രിക്കയിൽനിന്നും ബാരിസ്റ്റർ പഠനം പൂർത്തിയാക്കി 1915-ൽ ഇന്ത്യയിൽ തിരികെയെത്തിയ നാളുകളിൽത്തന്നെ ഗാന്ധിജി തിരിച്ചറിഞ്ഞിരുന്നു. അങ്ങനെയാണ് അദ്ദേഹം 'ഗ്രാമസ്വരാജ്' എന്ന മഹത്തായ ആശയത്തിന് വിത്ത് പാകിയത്.

കൃഷിയും ചെറുകിട വ്യവസായങ്ങളും വഴി ഗ്രാമങ്ങളെ സ്വയം പര്യാപ്തതയിലേയ്ക്ക് എത്തിക്കാമെന്ന് അദ്ദേഹം സ്വപ്നം കണ്ടു. ശുചിത്വവും ആരോഗ്യവും വിദ്യാഭ്യാസവും സംസ്കാരവുമുള്ള ഗ്രാമങ്ങളിലാണ് ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നതെന്ന് അദ്ദേഹം നമ്മെ നിരന്തരമായി ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു. മഹാത്മാവിന്റെ ആശയങ്ങൾക്ക് കൂടുതൽ പ്രസക്തി കൈവരുന്ന വർത്തമാനകാല രാഷ്ട്രീയ സാഹചര്യങ്ങളിൽ ആ ജീവിതവും സന്ദേശങ്ങളും നിരന്തരമായ പഠനങ്ങൾക്കും ചർച്ചകൾക്കും വിധേയമാക്കേണ്ടതുണ്ട്. മതനിരപേക്ഷതയും ജനാധിപത്യവും സംരക്ഷിക്കാൻവേണ്ട പ്രചോദനം ഗാന്ധിജിയുടെ നിലപാടുകളിൽനിന്നും ഈ കാലഘട്ടത്തിലും നമുക്ക് ലഭിക്കുന്നുണ്ട്.

അതാണ് നമ്മുടെ കരുത്ത്. മജ്ജയോട്ടും മാംസത്തോടുംകൂടി ഇങ്ങനെയൊരാൾ ഇവിടെ ജീവിച്ചിരുന്നുവെന്ന് പുതിയ തലമുറയ്ക്ക് വിശ്വസിക്കാൻപോലും കഴിഞ്ഞേക്കില്ല എന്ന് ഗാന്ധിജിയെക്കുറിച്ച് ഐൻസ്റ്റീൻ പറഞ്ഞകാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ചരിത്രം അപനിർമ്മിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ പുതിയ തലമുറ ഗാന്ധിജിയെ കൂടുതൽ അടുത്തറിയുന്നതിന് അവസരമുണ്ടാകേണ്ടതുണ്ട്. കേവലം ഒക്ടോബർ 2, ജനുവരി 30, ആഗസ്റ്റ് 15, ജനുവരി 26 എന്നീ തീയതികളിൽ മാത്രം ഓർക്കേണ്ട വ്യക്തിയല്ല മഹാത്മാഗാന്ധി. ഇപ്പോൾ നാം ഓർക്കുക മാത്രമേ ചെയ്യുന്നുള്ളൂ. എന്നാൽ മഹാത്മാഗാന്ധിയെയും അദ്ദേഹം ജീവിതത്തിലുടനീളം ഉയർത്തിപ്പിടിച്ച വിശുദ്ധമായ ആശയങ്ങളെയും നിരന്തരമായി പഠനവിധേയമാക്കുകയും ആ മഹത്തായ ജീവിതവും സന്ദേശവും സ്വായത്തമാക്കുകയുമാണ് യഥാർത്ഥത്തിൽ നമ്മളൊക്കെ ചെയ്യേണ്ടത്. സമഗ്രവും സൗഹാർദ്ദപരവും ശുദ്ധവും സമൃദ്ധവുമായ ഒരു ഇന്ത്യയെന്നുള്ള ഗാന്ധിയുടെ കാഴ്ചപ്പാട് സാക്ഷാത്കരിക്കാൻ ഈ കാലഘട്ടത്തിൽ നമുക്ക് പ്രതിജ്ഞയെടുക്കാൻ സാധിക്കേണ്ടതുണ്ട്. നമ്മുടെ രാജ്യത്തിന്റെ ബഹുസ്വരതയും മതനിരപേക്ഷതയും കാത്തുസംരക്ഷിക്കാൻ വേണ്ടിയുള്ള ശക്തമായ പോരാട്ടങ്ങളിലേയ്ക്ക് നാം പോകേണ്ടതുണ്ട്. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ധീരസ്മരണകൾക്ക് മുമ്പിൽ പ്രണാമം അർപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, സഭാദ്ധ്യക്ഷനും സഭാനേതാവും പ്രതിപക്ഷനേതാവും പ്രിയപ്പെട്ട ശ്രീ. വി. എസ്. സുനിൽ കുമാറും പ്രകടിപ്പിച്ച അഭിപ്രായങ്ങളിലൂടെ നമ്മുടെ മനസ്സിൽ ഗാന്ധിജിയുടെ ഒരു ചിത്രമാണ് വരച്ചുകാട്ടിയത്. നമുക്ക് പരിചയമുള്ള പദാവലി ഉപയോഗിച്ച് ഗാന്ധിജിയുടെ അപദാനങ്ങൾ ഒരു മാലയായി കോർക്കാൻ കഴിയും. ശാലീനം, രമ്യം, സൗമ്യം, ദീപ്തം, വശ്യം, ധന്യം അങ്ങനെ ഏത് പദമെടുത്ത് ഉപയോഗിച്ചാലും നമ്മുടെ മനസ്സിൽ നിറയുന്നൊരു ചിത്രമാണ് ഇന്നിവിടെ ചരിത്രപരമായ ബാദ്ധ്യതയെന്ന നിലയ്ക്ക് അനാവരണം ചെയ്യപ്പെട്ടിട്ടുള്ളത്. അദ്ദേഹത്തിന്റെ ആയുധം പുഞ്ചിരിയായിരുന്നു. അർദ്ധനഗ്നനായ ഫക്കീർ ധാർമ്മികമായ ഒരു ജീവിതത്തിന്റെ ആൾരൂപമായി, സ്വരൂപമായി നമ്മുടെ മുമ്പിൽ നിറഞ്ഞുനിൽക്കുകയാണ്. അഹിംസ, സത്യം, ഗീത, സ്വരാജ്, രാമരാജ്യം, ഗ്രാമസ്വരാജ്, സത്യാന്വേഷണം, സത്യാഗ്രഹം, പ്രാർത്ഥനാ യോഗങ്ങൾ അങ്ങനെ ഏത് പദമെടുത്താലും ഗാന്ധിജിയുടെ ചിത്രം നമ്മുടെ മുമ്പിലുണ്ട്. "ഒരു പേരിനുള്ളിൽ ഒരു പെരുമാൾ ഇരിക്കുന്നു"വെന്ന് പറയുന്നതുപോലെയാണ് ഗാന്ധിജിയുടെ സ്ഥിതി. നമ്മുടെ

രാജ്യത്തിന്റെ പെരുമാളാണദ്ദേഹം. ധാർമ്മികമായ ജീവിതത്തിന്റെ ഒരു ചിത്രംമാത്രമല്ല അത്. അത് വലിയ പൊളിറ്റിക്കൽ ഡയമൻഷനുള്ള ഒന്നായിരുന്നു. ഒരു ജനതയെ ഒന്നാകെ സ്വാതന്ത്ര്യ സമരത്തിന്റെ പ്രോജ്ജ്വലമായ പൊതുവഴിയിലേയ്ക്ക് ആവേശകരമായി ആനയിക്കുന്ന വലിയ പൊളിറ്റിക്കൽ ഡയമൻഷനുള്ള, ഏറ്റവും വലിയ രാഷ്ട്രീയ നായകന്റെ ചിത്രമാണ് ഗാന്ധിജിയിൽ നമുക്ക് കാണാൻ കഴിയുക. പണിശാലകളിലും പാടശേഖരങ്ങളിലും പണിയെടുക്കുന്ന സാധാരണക്കാരനായ തൊഴിലാളിയെപ്പോലെ, ജവഹർലാൽ നെഹ്റുവിനെപ്പോലെ, നേതാജി സുഭാഷ് ചന്ദ്രബോസിനെപ്പോലെ, റാം മനോഹർ ലോഹ്യയെപ്പോലെ, സർദാർ വല്ലഭായി പട്ടേലിനെപ്പോലെ, മൗലാനാ അബ്ദുൾകലാം ആസാദിനെപ്പോലെ, ഡോ. ബി. ആർ. അംബേദ്കറെപ്പോലെയുള്ള നിരവധി നേതാക്കന്മാരെ തന്റെ ചുറ്റും അണിനിരത്താൻ ശേഷിയുള്ള, മഹാപ്രതിഭാശാലിയായ ഒരു ദേശീയ നേതാവിന്റെ ചിത്രമാണ് നമ്മൾ കാണുന്നത്. ഗ്രാമവും നഗരവും ഒരുപോലെ സമരസജ്ജമാകുന്ന ചിത്രവും നാട്ടുരാജാക്കന്മാരും പ്രഭുക്കളും അന്തംവിട്ട് നിൽക്കുന്ന ചിത്രവും ഈ അർദ്ധനഗ്നൻ നമ്മുടെ രാജ്യത്ത് സൃഷ്ടിച്ചു. അവർ സ്വാതന്ത്ര്യത്തെക്കുറിച്ചാണ് പാടിയത്. മലയാളക്കരയിൽ വള്ളത്തോൾ നാരായണ മേനോനെ മാത്രമല്ല സ്വാതന്ത്ര്യസമരകാലത്തെ ധാരാളം മലയാള കവികളെയും സ്വാധീനിച്ച ശബ്ദവും സമരരീതിയുമായിരുന്നു അദ്ദേഹത്തിന്റേത്. നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ അദ്ദേഹം അഞ്ച് പ്രാവശ്യം കേരളത്തിൽ വന്നു. കോഴിക്കോട് രണ്ട് പ്രാവശ്യം. സ്വാതന്ത്ര്യസമരത്തിൽ മലബാർ എന്നും വലിയ സ്വാധീനം ചെലുത്തിയിരുന്നു. മലബാർ സ്വാതന്ത്ര്യസമരത്തിന്റെ തീജ്ജ്വാല ഉയർത്തിയ നാടാണ്. രണ്ട് പ്രാവശ്യം ഗാന്ധിജി അവിടെ വന്നു. കേരളത്തിൽ വന്നപ്പോൾ വൈക്കം സത്യാഗ്രഹത്തിന്റെ പ്രചോദന കേന്ദ്രമായി മാറി. പ്രഭുക്കൻമാർ അദ്ദേഹത്തോട് അകലം പ്രഖ്യാപിച്ചപ്പോൾ 'മഹാനായ ഗാന്ധിജി' അവരെ അങ്ങോട്ട് ചെന്നുകണ്ടു. അദ്ദേഹം അയിത്തോച്ചാടന രംഗത്ത് നേതൃപദവിയിൽനിന്നു. നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ക്ഷേത്രപ്രവേശന വിളംബരം തിരുവനന്തപുരത്ത് നടന്നപ്പോൾ അവിടെയും അദ്ദേഹം എത്തി. അതിന്റെ അർത്ഥം ഈ രാജ്യത്തെ ഒന്നാകെയും മുഴുവൻ ആളുകളെയും ഒരുപോലെ കണ്ട ഒരു ബാപ്പുജി ചിത്രമുണ്ട്. ആ ചിത്രമാണ് സഭ അഭിമാനപുരസ്സരം പുതുക്കുന്നത്.

അവകാശ നിഷേധങ്ങളെ വെല്ലുവിളിച്ച ആ ശബ്ദം, മാനവികതയുടെ വിശാലത കൊതിച്ച ആ നേതാവ് ആയിരങ്ങളുടെ നിനവുകളിൽ സ്വാതന്ത്ര്യബോധം നട്ടുനനച്ച് വളർത്താൻ ശേഷിയുള്ള ഒന്നായിരുന്നു. ഗാന്ധിജി ഒന്ന് പെയ്ത് പെട്ടെന്ന് തോരുന്ന മഴയല്ല. ചില ആളുകൾക്ക് ആ

തെറ്റിദ്ധാരണയുണ്ട്. ഗാന്ധിജി പെട്ടെന്ന് പെയ്തുതോരുന്ന മഴയാണെന്ന് ആരും കരുതേണ്ടതില്ല. താൽക്കാലിക പ്രതിഭാസങ്ങൾ ഏത് ജനായത്ത സംവിധാനത്തിനും വരാം. പക്ഷെ ഗാന്ധിജി ഗംഗയായി ഒഴുകുകയാണ്. ഗാന്ധിജി നമ്മുടെ നിനവുകളിൽ നിറഞ്ഞുനിന്ന് നിറകതിർ തൂകുകയാണ്. എന്റെ അഭിപ്രായത്തിൽ നമ്മുടെ ചെറുപ്പക്കാർ ഗാന്ധിജിയെ കണ്ടെത്താൻ പോകുകയാണ്. അവർക്ക് അന്ധകാരം അറിയില്ലായിരുന്നു. സ്വാതന്ത്ര്യാനന്തരം പ്രകാശമാനമായൊരു ഇന്ത്യയിലാണ് അവർ ജീവിച്ചുപോന്നത്. അവിടെയാണ് അന്ധകാരനിബിഢമായ, ഭീതിജനകമായ, സംഭ്രമജനകമായ ഒരു സാംസ്കാരിക സ്വഭാവം വന്നിരിക്കുന്നത്. അതുകൊണ്ട് നമ്മുടെ ചെറുപ്പക്കാർ ആവേശത്തോടെ പുത്തനുണർവ്വിന്റെ ഒരു കുത്തൊഴുക്കായി മാറാൻ പോകുകയാണെന്നാണ് എനിക്ക് തോന്നുന്നത്. ഇന്ത്യാരാജ്യത്ത് ഒരു പുതിയ സ്വാതന്ത്ര്യസമര പ്രഖ്യാപനം വരാൻ പോകുകയാണ്. ഇന്ത്യാ രാജ്യത്തിന്റെ വീണ്ടെടുപ്പ് അധികം താമസമില്ലാത്തവിധം ഉണ്ടാകും. ഗാന്ധിജിയുടെ ജീവിതം നമ്മൾ നിരീക്ഷിക്കുമ്പോൾ ജനങ്ങളോട് ചേർന്ന് നിൽക്കുന്ന ഗാന്ധിജിയെ കാണാം. കമ്പോട് കമ്പ്, കൊമ്പോട് കൊമ്പ്, കാമ്പോട് കാമ്പ് ജനങ്ങളുടെ കൂടെനിന്ന ഒരു നേതാവ്. ജനക്കൂട്ടത്തിനിടയിൽ ഗാന്ധിജി ആരാണെന്ന് പറയാൻ ഒരു സഹായമേ ഉണ്ടായിരുന്നുള്ളൂ. ആ അർദ്ധ നഗ്നത, വടി, കണ്ണട, ആ പുഞ്ചിരി ഒഴികെ ബാക്കിയെല്ലാ കാര്യങ്ങളിലും ഇന്ത്യയിലെ ശരാശരി ഗ്രാമീണരുടെ കൂടെയായിരുന്നു ഗാന്ധിജി. ആ ഗാന്ധിജി നമ്മുടെ മനസ്സുകളെ ഇന്നും സ്വാധീനിക്കുന്നു. ഗാന്ധിജി ജനങ്ങളെ ഒന്നിപ്പിക്കുകയാണ് ചെയ്തത്. ഭിന്നിപ്പിക്കാൻ ശ്രമിക്കുന്ന ആളുകൾക്ക് അതിൽ വിജയിക്കാൻ കഴിയില്ല. ഗാന്ധിജിയുടെ ഹിന്ദ് സ്വരാജിനെക്കുറിച്ച് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞു. ഹിന്ദ് സ്വരാജ് ആവർത്തിച്ച് വായിക്കേണ്ട ഒരു പുസ്തകമാണ്. അത് പത്തുനൂറ് പേജുള്ള ചെറിയ പുസ്തകമാണ്. ഓൺലൈനിൽ ആ പുസ്തകം ഫ്രീയായി കിട്ടും. അത് ആവർത്തിച്ച് വായിക്കേണ്ട ഒന്നാണ്. അതിൽ അദ്ദേഹം പ്രതിലോമകാരികളോട് സമരം പ്രഖ്യാപിക്കുന്ന ഒരു ചിത്രമുണ്ട്. ചോദ്യോത്തരമായിട്ടാണ് ആ ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നത്. ചോദ്യകർത്താവ് തീവ്ര വലതുപക്ഷത്തിന്റെ പ്രതിനിധിയാണ്, പ്രതിലോമകാരിയുടെ മുഖമാണ്. സവർക്കറോടും ഗോഡ്സേയോടുമാണ് സംസാരിക്കുന്നത്. ഹിന്ദ് സ്വരാജ് നാവടക്കാൻ പറയുന്നവരുടെ കൂടെയല്ല, നാവടക്കപ്പെട്ടവരുടെ കൂടെയാണെന്ന് ഗാന്ധിജി ആവർത്തിച്ച് പറയുന്നത് ഹിന്ദ് സ്വരാജിലെ വരികൾക്കിടയിൽനിന്നും നമുക്ക് വായിച്ചെടുക്കാം. നീണ്ട വഴി നടന്നുതീർക്കാൻ ജനങ്ങളോടൊപ്പം നടന്ന ഗാന്ധിജി പക്ഷെ ഒറ്റയ്ക്കാണോ; നേരത്തെ സൂചിപ്പിച്ചതുപോലെ ഒരു ജനതയാകെ അവരുടെ

രാഷ്ട്ര സങ്കൽപ്പത്തിനുവേണ്ടി അദ്ദേഹത്തോടൊപ്പം നടക്കുകയായിരുന്നു. മാറി നിൽക്കുന്നവരെ മാടിവിളിക്കുന്ന നമ്മുടെ നയം ഇൻക്ലൂസീവ് ആകുന്നതിന്റെ ആൾരൂപമാണ് ഗാന്ധിജി. മാറ്റിനിർത്തപ്പെട്ടവരെ ചേർത്തുപിടിക്കാൻ വെമ്പുന്ന ആ ഹൃദയം തൊടാൻ അദ്ദേഹത്തിന്റെ ശരീരഭാഷ നമുക്ക് ധാരാളമാണ്. അദ്ദേഹം ആരോടാണ് ശണ്ഠകൂടിയതെന്ന് വരികൾക്കിടയിൽനിന്നും നമുക്ക് വായിച്ചെടുക്കാം. ഷേക്സ്പിയർ പറഞ്ഞതുപോലെ ' The devil can cite Scripture for his purpose', സത്യത്തിൽ ഹിന്ദ്സ്വരാജിന്റെ സന്ദേശം അതാണ്. സാത്താൻ വേദങ്ങൾ ദുരുപയോഗം ചെയ്യുന്നതിന്റെ ചിത്രമാണ് ഹിന്ദ്സ്വരാജിൽ മഹാനായ ഗാന്ധിജി അനാവരണം ചെയ്യുന്നത്. നേരത്തെ ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചു, ഗാന്ധിജി കേരളത്തിൽ വന്നപ്പോൾ എന്നെ വല്ലാതെ ആകർഷിച്ചത്, എന്റെ നാടിന്റെ ഗുരുവായ ശ്രീനാരായണഗുരുവിനെ കാണാൻ വർക്കലയിൽ പോയ ഗുരുക്കന്മാരുടെ ഗുരുവാണ് ഗാന്ധിജി. അയ്യങ്കാളിയെ കാണാൻ നടന്നുപോയ ആളാണ് ഗാന്ധിജി. മഹാഭാരതത്തിൽ ഒരു കഥയുണ്ട്, വില്ലാളിവീരനായ, കൃതഹസ്തനായ, അസ്ത്രമെയ്യാൻ വലിയ സ്വാധീനമുള്ള ജമദഗ്നി മഹർഷി സൂര്യൻ തപിച്ചുനിൽക്കുമ്പോൾ സൂര്യന്റെ അസാധാരണ പ്രഭാവം കണ്ട് ചൂട് സഹിക്കാനാവാതെ രോഷാകുലനായി സൂര്യനെ ഒരു പാഠം പഠിപ്പിക്കാൻ അമ്പെയ്യുന്നു. അമ്പ് തീരുമ്പോൾ അദ്ദേഹത്തിന്റെ ധർമ്മപത്നി സൂര്യനെ താഴെയിടാൻ വീണ്ടുംവീണ്ടും അമ്പുകൾ കൊണ്ടുവന്നു. അതുപോലെ ഗാന്ധിജിയെ താഴെയിടാൻ കഴിയില്ല. ഗാന്ധിജി ഒരു മഹാസന്ദേശത്തിന്റെ ഉജ്ജ്വലമായ സൂര്യശോഭയാണ്, സാഗരക്ഷോഭമാണ്, സാഗരഗർജ്ജനമാണ്. അത് തലമുറകളേറ്റെടുക്കും. ജമദഗ്നി മഹർഷി ആവേശത്തോടെ അമ്പെയ്തു. ഈ വൃത്തികേടും നാണക്കേടും അല്പത്തരവും കണ്ട് സാക്ഷാൽ സൂര്യൻ മനുഷ്യവേഷത്തിൽ വന്ന് ജമദഗ്നിക്ക് ഒരു കുടയും രണ്ട് ചെരുപ്പും കൊടുക്കുന്നു. ഇന്നത്തെ ആധുനിക ഗാന്ധിവിരോധികൾക്ക് ഈ സൂര്യതേജസിൽനിന്നും രക്ഷപ്പെടാൻ ഒരു കുടയും രണ്ട് ചെരുപ്പും വാങ്ങിക്കൊടുക്കാൻ ഇന്ത്യ മുന്നോട്ടുവരും. കൊമ്പനാന മുന്നിൽ പോകുമ്പോൾ അതിന്റെ ചുവടുവയ്പ് എത്ര ആവേശകരമാണ്. തൊട്ടുപിന്നാലെ കൊച്ചുകൊമ്പനുണ്ടാകും. ആ കൊച്ചുകൊമ്പനും കൊമ്പനാനയുടെ ചുവടുവയ്പ് പഠിക്കാൻ ശ്രമിക്കും. ഈ പുതിയ സാഹചര്യത്തിൽ കൊമ്പനാനയുടെ ഓരോ ചുവടുവയ്പും ചെറുകൊമ്പൻമാരുടെ ചുവടുവയ്പ്പുകളാക്കി പരിവർത്തിപ്പിക്കാൻ നമ്മുടെ ചെറുപ്പക്കാർക്ക് അവസരം ഒരുക്കിക്കൊടുക്കണം. യവനസംസ്കൃതിയിൽ ഒരു കഥാപാത്രമുണ്ട്, യവന രാജാവായ ആക്റ്റിയോൺ. അയാൾ വലിയ വേട്ടക്കാരനായിരുന്നു. നിരവധി വേട്ടപ്പട്ടികളുമായി നായാട്ടിനുപോകുന്ന ആക്റ്റിയോൺ, അവസാനം സ്വന്തം വേട്ടപ്പട്ടികളാൽ പിച്ചിച്ചീന്തപ്പെടുന്ന ഒരു ചിത്രമുണ്ട്. ഇത് ഗാന്ധിജിയുടെ ഇന്ത്യയാണ്, സ്വാമി വിവേകാനന്ദന്റെ ഇന്ത്യ, ടാഗോറിന്റെ ഇന്ത്യ,

നെഹ്റുവിന്റെ ഇന്ത്യ, നേതാജിയുടെ ഇന്ത്യ, ലോഹ്യയുടെ ഇന്ത്യ, അംബേദ്കറുടെ ഇന്ത്യ. ആ ഇന്ത്യയിൽ ഗാന്ധിയൻ-നെഹ്റുവിയൻ സംസ്കൃതിയെ തമസ്കരിക്കാനും തകർക്കാനും ശ്രമിക്കുന്നവർ ആക്ടിയോണിനെപ്പോലെ സ്വന്തം വേട്ടപ്പട്ടികളാൽ പിച്ചിച്ചീന്തപ്പെടുന്ന ഒരു കാലം വരും. ആ കാലത്തിനുവേണ്ടി ഈ രാജ്യത്തെ പ്രാപ്തമാക്കാൻ ഈ സമ്മേളനം സഹായകമാകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ഗാന്ധിജിയുടെ പാവന സ്മരണയ്ക്കുമുമ്പിൽ അഞ്ജലികളർപ്പിച്ചുകൊണ്ട് എന്റെ പ്രസംഗം ഉപസംഹരിക്കുന്നു.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗം തുടങ്ങിയത് ഗാന്ധിജി മരിച്ചപ്പോൾ അന്ന് റേഡിയോയിൽ സംപ്രേക്ഷണം ചെയ്ത ജവഹർലാൽ നെഹ്റുവിന്റെ പ്രസംഗത്തെക്കുറിച്ച് പറഞ്ഞുകൊണ്ടായിരുന്നു. The light is gone. അതേ ശ്വാസത്തിൽ നെഹ്റു പറഞ്ഞു, ഇല്ല, ആ ദീപം പൊലിഞ്ഞിട്ടില്ല, ഇനിയും ഒരായിരം വർഷം ഇന്ത്യയ്ക്കും ലോകരാജ്യങ്ങൾക്കും പ്രകാശം പരത്തേണ്ട ദീപമാണ്. അയർലന്റിലെ സമരക്കാരും ടിയാനൻമെൻ സ്ക്വയറിലെ സമരക്കാരുമെല്ലാം സത്യാഗ്രഹം അനുഷ്ഠിച്ചുവെന്ന് കേൾക്കുമ്പോഴും മാർട്ടിൻ ലൂഥർ കിംഗിനെപ്പോലുള്ളവരെക്കുറിച്ച് കേൾക്കുമ്പോഴും ഇന്നും ആ ദീപം തെളിഞ്ഞുതന്നെ നിൽക്കുകയാണെന്ന് മനസ്സിലാകും. ഗാന്ധിജി രാഷ്ട്രഭരണത്തെ, ബ്രിട്ടീഷുകാരെ അധികാര കസേരയിൽനിന്നും മാറ്റിയത് ഇന്ത്യക്കാരെ ഇരുത്താനല്ല, ഇന്ത്യയ്ക്ക് എല്ലാതരത്തിലുമുള്ള സ്വാതന്ത്ര്യം, രാഷ്ട്രീയ സ്വാതന്ത്ര്യം, സാമ്പത്തിക സ്വാതന്ത്ര്യം, ദാരിദ്ര്യത്തിനും അജ്ഞതയ്ക്കും എതിരെയുള്ള സ്വാതന്ത്ര്യം നേടിത്തരാൻ വേണ്ടിയാണ്. നോബൽപ്രൈസ് ജേതാവായ അഭിജിത് ബാനർജിയുടെയും ഭാര്യയുടെയും " Experimental approach to alleviating global poverty" എന്ന ലേഖനത്തിൽ more than 700 million live in extreme poverty എന്ന് പറയുന്നുണ്ട്. ഗാന്ധിജി പറഞ്ഞതുപോലെ ദാരിദ്ര്യം ഉച്ചാടനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ? ഒരു പരിധിവരെ കഴിഞ്ഞു. പക്ഷേ ഇന്നും പോഷകാഹാരത്തിന്റെ കുറവ് നമ്മെ ബാധിക്കുന്നു. കേരളത്തിൽ 30 ശതമാനമാളുകളും പോഷകാഹാരം ലഭിക്കാത്തവരാണ്. ഞാൻ നേരിട്ട് കണ്ടിട്ടുള്ളതിൽനിന്നും ഗാന്ധി സ്റ്റഡീസ് നടത്തിയ പഠനങ്ങളിൽനിന്നും അട്ടപ്പാടിയിലും വയനാട്ടിലും ഇടുക്കിയിലെ മറയൂർ, കാന്തല്ലൂർ, വട്ടവട മേഖലകളിലുമൊക്കെ പോഷകാഹാരക്കുറവുമൂലം ക്ഷീണിച്ചവശരായ അമ്മമാരും കുട്ടികളുമുണ്ടെന്ന് മനസ്സിലാക്കിയിട്ടുണ്ട്. ഒരു ദിവസം ഞാൻ പഠിച്ച ഗവൺമെന്റ് സ്കൂളിൽ ചെന്നപ്പോൾ കുട്ടികൾ ക്ഷീണിച്ച് തളർന്നിരിക്കുന്നതാണ് കണ്ടത്. രാവിലെ അച്ഛനും അമ്മയും ജോലിക്ക് പോകുന്നതുകൊണ്ട് ഭക്ഷണം കഴിക്കാതെ

വരുന്ന കുട്ടികളെത്രയാണെന്ന് കണക്കെടുത്തിട്ടുണ്ടോ? അഭിജിത് ബാനർജി പറഞ്ഞ ദാരിദ്ര്യം 30 ശതമാനം ജനങ്ങളിലുമുള്ളപ്പോൾ മാവോയിസം തന്നെയാണ് ഫലം. വിശക്കുന്ന വയറിനോട് വേദമോതിയിട്ട് കാര്യമില്ല. ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ തീരപ്രദേശങ്ങളിലെ സ്കൂളുകൾ സന്ദർശിച്ചവേളയിൽ അവിടെയുള്ള കുട്ടികൾക്ക് പോഷകാഹാരമില്ലെന്ന് കണ്ടെത്തി. അന്ന് മേയറെയും മറ്റ് ഉദ്യോഗസ്ഥരെയും വിളിച്ചുകൂട്ടി തീരപ്രദേശങ്ങളിലെ കുട്ടികൾക്ക് എല്ലാദിവസവും ഒരു ഗ്ലാസ്സ് പാൽ കൊടുക്കാൻ തീരുമാനമെടുത്തു. ഗവൺമെന്റ് സ്കൂളിലെ കുട്ടികൾക്ക് ഒരു ഗ്ലാസ്സ് പാലെങ്കിലും കൊടുക്കണം. ആദിവാസി മേഖലകളിൽ പാൽ മാത്രമല്ല വേണ്ടത്, പോഷകാഹാരത്തിന്റെ കുറവുമുണ്ട്. ദാരിദ്ര്യ നിർമ്മാർജനം ഇന്ന് ലോകത്തിലെ ഏറ്റവും വലിയ വിഷയമാണെങ്കിൽ കേരളത്തിൽ അത് എത്രശതമാനമുണ്ടെന്ന് പഠിക്കണം. ഈ നാട്ടിലുള്ള എല്ലാ പ്രശ്നങ്ങളെപ്പറ്റിയും ഗാന്ധിജി ചിന്തിച്ചിരുന്നു. പ്രചോദനം കിട്ടിയ ഒരാൾ ആയിരം മടങ്ങ് ശക്തിയുള്ളവനായിരിക്കുമെന്നാണ് എ.പി.ജെ അബ്ദുൾ കലാം പറഞ്ഞത്. ഗാന്ധിജിയിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടവരിൽ ഒരാളാണ് സർദാർ വല്ലഭായി പട്ടേൽ. മഹാത്മാഗാന്ധി സൗത്ത് ആഫ്രിക്കൻ പര്യടന വേളയിൽ അഹമ്മദാബാദിൽവന്ന് മൂന്ന് ദിവസം പ്രസംഗിച്ചു. ഇതിനെക്കുറിച്ച് പട്ടേൽ എഴുതിയിരിക്കുന്നത്, 'ഒന്നാമത്തെ ദിവസം ഒന്നും സംഭവിച്ചില്ല, രണ്ടാമത്തെ ദിവസം അൽപ്പമൊന്ന് ചിന്തിക്കാൻ തുടങ്ങി, മൂന്നാമത്തെ ദിവസത്തെ പ്രസംഗം കേട്ടപ്പോൾ അന്ന് എനിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല' എന്നാണ്. അന്ന് പട്ടേലിന്റെ സ്ഥിതി എന്താണ്; ഒരു ദിവസം 5000 രൂപ വരുമാനമുള്ള അഹമ്മദാബാദിലെ കോട്ടും സ്യൂട്ടും ധരിച്ച പ്രസിദ്ധനായ ഒരു അഭിഭാഷകൻ. അന്ന് എനിക്ക് ഉറങ്ങാൻ കഴിഞ്ഞില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. അതിനുശേഷം മൂന്ന് മാസം കഴിയുമ്പോൾ വിദേശ വസ്ത്രങ്ങളെല്ലാം ഉപേക്ഷിച്ച് ഖാദിവസ്ത്രധാരിയായി മാറുന്ന സർദാർ വല്ലഭായി പട്ടേലിനെയാണ് കാണുന്നത്. ആ ഉരുക്കുമനുഷ്യൻ ഗാന്ധിജിയുടെ ധാർമ്മിക ശക്തിയിലൊതുങ്ങി. അതുപോലെ, ജവഹർലാൽ നെഹ്റു - ഒരു രാജകുമാരനെപ്പോലെ കഴിഞ്ഞ ജവഹർലാൽ നെഹ്റു, ഡിസ്കവറി ഓഫ് ഇന്ത്യയുടെ 20-ാം ചാപ്റ്ററിൽ കമലയെപ്പറ്റി എഴുതിയിട്ടുണ്ട്. വിവാഹം കഴിച്ചിട്ട് 20 വർഷം ജീവിച്ചു, 16 വർഷം ജയിലിലായിരുന്നു. അച്ഛൻ, മകൾ ഇന്ദിരാഗാന്ധിക്ക് കത്തുകൾ എഴുതുന്നത് ജയിലിൽ നിന്നാണ്. ഇങ്ങനെയുള്ള എല്ലാവരെയും ധാർമ്മിക ശക്തികൊണ്ട് ആകർഷിച്ച മഹാത്മാഗാന്ധി, ഇന്ത്യയെ മുഴുവൻ പ്രചോദിപ്പിച്ച മഹാത്മാഗാന്ധി. അങ്ങനെ പ്രചോദനം കൊടുക്കാൻ ആളില്ലാത്തതാണ് ഇന്നത്തെ ഇന്ത്യയുടെ കുറവ്

എന്ന് എ.പി.ജെ. അബ്ദുൾകലാം പറഞ്ഞു. 'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്നുപറഞ്ഞ മഹാത്മാഗാന്ധിയെക്കുറിച്ച് ഇന്നും പലതും പറയാനുണ്ട്. കേരളത്തിലെത്തി നാരായണഗുരുദേവനെയും അയ്യങ്കാളിയെയും ഒക്കെ സന്ദർശിച്ച അദ്ദേഹത്തിന്റെ വിനയം നമ്മൾ കണ്ണ് തുറന്ന് കാണേണ്ടിയിരിക്കുന്നു.

ആധുനിക ഭാരതത്തിലും കേരളത്തിലുമുള്ള മുഖ്യ വെല്ലുവിളി ശുചിത്വമാണ്. മഹാത്മാഗാന്ധി പറഞ്ഞു 'Cleanliness is next to godliness' . ഏതായാലും നമ്മുടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി 'സ്വച്ഛ് ഭാരത്' മുദ്രാവാക്യം ഏറ്റെടുത്തപ്പോൾ ഗാന്ധിജിയുടെ മുദ്രാവാക്യമാണ് ഏറ്റെടുത്തത്. എന്താണ് കേരളത്തിലെ സ്ഥിതി; നാടും നഗരവും മാലിന്യങ്ങൾകൊണ്ട് നിറയുകയാണ്. 2005-ൽ ഗാന്ധി സ്റ്റഡി സെന്റർ ഒരു മുദ്രാവാക്യം ഇറക്കി- 'മാലിന്യമില്ലാത്ത മലയാള നാട്'. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോഴും ഇപ്പോഴും എല്ലാം ശ്രമിച്ചു. ഞാൻ നമ്മുടെ ഗ്രാമപ്രദേശത്ത് ഇതിന് തുടക്കം കുറിക്കുകയുണ്ടായി. രണ്ടുമാസം മുമ്പ് എല്ലാ പഞ്ചായത്തംഗങ്ങളും രാഷ്ട്രീയ പ്രതിനിധികളും പുറപ്പുഴ പഞ്ചായത്തിന്റെ മൂന്നാം വാർഡിലേയ്ക്ക് കടന്ന് ഇവിടെനിന്നും ഒരു ഗ്രാം മാലിന്യം പോലും പുറത്തേക്ക് പോകാൻ പാടില്ലെന്നും ഉറവിടത്തിൽത്തന്നെ സംസ്കരിക്കണമെന്നും പറഞ്ഞു. ഉച്ചവരെ 12 വീടുകളിൽ കയറി. കോഴി തിന്നും, ബാക്കിയുള്ളത് കുഴിച്ചിടും എന്ന് ചിലരെല്ലാം പറഞ്ഞു. ചിലർ പ്ലാസ്റ്റിക്കിലാക്കി പുറത്തേക്ക് എറിയും. എങ്ങനെ അത് പരിഹരിക്കാം എന്നുള്ളതിനെക്കുറിച്ച് ചർച്ച നടന്നു. അങ്ങനെ ഒരു മീറ്റർ നീളവും ഒരു മീറ്റർ വീതിയുമുള്ള രണ്ട് പിറ്റ് (ബിൻസ് എന്ന് പറയും) നൽകാൻ തീരുമാനിച്ചു. അതിൽ ഒന്നിലേയ്ക്ക് അടുക്കളമാലിന്യങ്ങൾ അര കിലോയോ ഒരു കിലോയോ ഇടുക. അതിന്റെ മുകളിലേയ്ക്ക് ചാണകവും മണ്ണും കൂടി കലർത്തി വിതറുക. ഈച്ചയും കൊതുകും വരില്ല. പിറ്റേ ദിവസവും അങ്ങനെ തന്നെ ചെയ്യണം. അത് നിറയുമ്പോൾ അടുത്ത പിറ്റിലേയ്ക്ക് ഇടണം. അത് നിറയാറാകുമ്പോൾ ആദ്യത്തേത് കമ്പോസ്റ്റായി കഴിയും. ഒരു ഇനോക്കുലംകൂടി ഇട്ടാൽ മീനിന്റെ മുള്ളുകൾവരെ പൊടിഞ്ഞ് ഒന്നാന്തരം കമ്പോസ്റ്റാകും. 2-ാം തീയതി (നാളെ) രാവിലെ 8 മണി മുതൽ 235 വീടുകളിൽ ഇത് സ്ഥാപിക്കുകയാണ്. അവിടെയുള്ള ശാന്തിഗിരി കോളേജിലെ 100 എൻ.എസ്.എസ്. വോളണ്ടിയർമാർ, 50 എം.എസ്.ഡബ്ല്യു.-ക്കാർ, ആ വാർഡിലെ മുന്നൂറോളം പേർ ഒന്നിച്ചുചേർന്ന് 235 വീടുകളിൽ ഇത് സ്ഥാപിക്കുകയാണ്. Waste is wealth എന്ന ചൈനീസ് പ്രയോഗം ഓർക്കുകയാണ്. അവിടെ എല്ലാവരും ഓർഗാനിക് കൃഷി ചെയ്യുകയാണ്. മാലിന്യമാണ് കേരളത്തിന്റെ ഏറ്റവും വലിയ ശാപം. ഇത് ഉറവിടത്തിൽത്തന്നെ സംസ്കരിക്കാതെ രക്ഷയില്ല. അടുത്ത മൂന്ന് മാസംകൊണ്ട് പുറപ്പുഴ പഞ്ചായത്തിലെ 13 വാർഡുകളിൽ ഇത് ചെയ്യും എന്ന്

ഞങ്ങൾ തീരുമാനമെടുത്തിരിക്കുകയാണ്. ഒരു കൊല്ലത്തിനുള്ളിൽ എന്റെ നിയോജകമണ്ഡലത്തിലെ 182 വാർഡുകളിൽ ഇത് ചെയ്തിരിക്കും. ഒരു കിലോ വേസ്റ്റ് പോലും പുറത്തേക്ക് പോകില്ല. മുഴുവൻ കമ്പോസ്റ്റായി മാറ്റും. എന്റെ സമയത്തിന്റെ പകുതിയും ഇതിനുവേണ്ടി ചെലവഴിക്കുകയാണ്. തൊടുപുഴ മുനിസിപ്പാലിറ്റിയിൽ 110 റസിഡന്റ്സ് അസോസിയേഷനുകളുണ്ട്. അവിടെയെല്ലാം ഓർഗാനിക് ഫാമിംഗാണ്. ഒരു രാസവളമോ കീടനാശിനിയോ ഉപയോഗിക്കുന്നില്ല. രാസവളവും കീടനാശിനിയും ആവശ്യമില്ല എന്നാണ് മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്. ഞാൻ ഇത് എ.പി.ജെ. അബ്ദുൾ കലാമിനോട് 2005-ൽ പറഞ്ഞപ്പോൾ ചർച്ച ചെയ്യണമെന്ന് അദ്ദേഹം പറഞ്ഞു. ചർച്ച ചെയ്ത് അദ്ദേഹത്തെ ബോധ്യപ്പെടുത്തി. ഹരിതവിപ്ലവത്തിന്റെ ആളായ ഡോ. എം. എസ്. സ്വാമിനാഥൻ പറഞ്ഞു, ഈ നിലയിൽ പോയാൽ പഞ്ചാബും ഹരിയാനയും മരുഭൂമിയാകും. അതുകൊണ്ട് കേരളത്തിലെ മുഴുവൻ സ്ഥലങ്ങളിലും ജൈവകൃഷി ചെയ്താൽ ഉല്പാദനം ഇരട്ടിക്കും. സാധാരണ ഒരു പൈനാപ്പിൾ ഒരു കിലോയാണ് ഉണ്ടാകുന്നതെങ്കിൽ ജൈവകൃഷി ചെയ്താൽ ഒന്നരകിലോ തൂക്കം ലഭിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അത് അനുഭവപ്പെട്ടിട്ടുണ്ട്. ഈ നിലയിൽ പഴവർഗ്ഗങ്ങളെല്ലാം രാസവളവും കീടനാശിനിയുമില്ലാതെ കൃഷി ചെയ്യാം.

പ്രകൃതിയോട് ചേർന്ന് ജീവിക്കാൻ മഹാത്മാഗാന്ധി നമ്മെ പഠിപ്പിച്ചു. അത് പറയുമ്പോൾ കേരളത്തിലെ ഇന്നത്തെ സ്ഥിതി - രണ്ട് വർഷം പ്രളയമുണ്ടായി. എന്താണ് സംഭവിക്കുന്നത്; കുട്ടനാട്ടിൽ പ്രളയമുണ്ടായി. കുട്ടനാട്ടിലെ പ്രളയത്തിന്റെ കാരണം അറിഞ്ഞുകൂടേ; പമ്പ, അച്ചൻകോവിൽ നദികളിലെ വെള്ളം തോട്ടപ്പള്ളി സ്പിൽവേയിലൂടെ പുറത്ത് പോകേണ്ടതാണ്. അത് പോകുന്നില്ല. തടസ്സം എന്താണ്; വീയപുരം മുതൽ തോട്ടപ്പള്ളി വരെയുള്ള 12 കിലോമീറ്റർ ദൂരം 80 മീറ്ററായി ചുരുങ്ങി. തോട്ടപ്പള്ളി സ്പിൽവേയുടെ വീതി 300 മീറ്ററാണ്. അങ്ങനെ നീരൊഴുക്ക് തടഞ്ഞിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഓരോ വർഷവും ഗാന്ധി സ്റ്റഡി സെന്റർ ചില പരിപാടികൾ സംഘടിപ്പിക്കാറില്ലേ? അതിനെപ്പറ്റി ഒന്നും പറഞ്ഞില്ല.

ശ്രീ. പി. ജെ. ജോസഫ്: സർ, മുഖ്യമന്ത്രി ആ പരിപാടിയിൽ വരണമെന്ന് ഇപ്പോൾത്തന്നെ ഞാൻ ക്ഷണിക്കുകയാണ്.

മി. സ്പീക്കർ: അദ്ദേഹം വളരെ തൽപ്പരനായതുകൊണ്ടാണല്ലോ അത് പറഞ്ഞത്. ഗാന്ധി സ്മരണയിലേയ്ക്ക് ഒതുങ്ങി സംസാരിക്കണം.

ശ്രീ. പി. ജെ. ജോസഫ്: സർ, ആ പ്രദേശത്ത് മുഴുവൻ ഓർഗാനിക് ഫാമിംഗ്

പ്രായോഗികമാക്കിയിരിക്കുകയാണ്. എ.പി.ജെ. അബ്ദുൾ കലാമിനോട് പറഞ്ഞു, അദ്ദേഹത്തിന് ബോധ്യപ്പെട്ടു. അദ്ദേഹം തൊടുപുഴയിൽ ഗാന്ധി സ്റ്റഡി സെന്റർ ഉദ്ഘാടനം ചെയ്യാൻ വന്നു. അദ്ദേഹം അടുത്ത സയൻസ് കോൺഗ്രസിൽ പറഞ്ഞു, I have seen wonderful things in Thodupuzha. Organic Farming is possible. Production and productivity will increase. അതോടുകൂടി ഇന്ത്യയിൽ ഓർഗാനിക് ഫാമിംഗ് പോളിസിയായി മാറി. ഇന്നും അത് തുടർന്നാൽ സാധ്യമാകും. Freedom at Midnight-ൽ എഴുതി ഇന്ത്യൻ പട്ടാളത്തിനെ അമർച്ച ചെയ്യാൻ കഴിയാത്തതിനെക്കുറിച്ച്. അതായത്, ആ സമയത്ത് പാകിസ്ഥാനിലേയ്ക്ക് അങ്ങോട്ടുമിങ്ങോട്ടും പോകുന്ന ട്രെയിൻ മുഴുവൻ തലയില്ലാത്ത ആളുകളായിരുന്നു. അങ്ങോട്ടുമിങ്ങോട്ടും മതത്തിന്റെ പേരിൽ വെട്ടിക്കൊല്ലുന്ന സ്ഥലമാണത്. പക്ഷേ ഗാന്ധിജിക്ക് പങ്കെടുക്കാൻ കഴിഞ്ഞില്ല. ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിൽ സമുദായ സൗഹാർദ്ദത്തിനുവേണ്ടി ഗാന്ധിജി ആരംഭിച്ച പോരാട്ടം ഇന്നും തുടരുകയാണ്.

പരിസ്ഥിതിയെ മറന്നുകൊണ്ട് ഒന്നും ചെയ്യാൻ പറ്റില്ല. തോട്ടപ്പള്ളി സ്പിൽവേ 300 മീറ്റർ വീതിയിൽ പോകുകയാണ്. ഞാൻ ഇറിഗേഷൻ വകുപ്പുമന്ത്രിയായിരുന്ന ആളാണ്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥർ എന്തുചെയ്തു; 300 മീറ്റർ ഒഴുകിച്ചെല്ലുന്ന കവാടത്തിൽ സോഷ്യൽ ഫോറസ്ട്രി സ്കീം പ്രകാരം മരം വച്ചുപിടിപ്പിച്ചു. വെള്ളം ഒഴുകാൻ പറ്റാത്ത സ്ഥിതിയായി. തോട്ടപ്പള്ളി സ്പിൽവേയുടെ ചാനലിന് വീതി കൂട്ടിയാൽ കുട്ടനാട്ടിൽ വെള്ളപ്പൊക്കം ഉണ്ടാകില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്, പുതിയ വെല്ലുവിളികൾ നേരിടണമെന്നാണ്.

ഞാൻ ഇന്നത്തെ പത്രത്തിൽ പശ്ചിമഘട്ടത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വായിച്ചു. പശ്ചിമഘട്ടം തകർക്കപ്പെടാൻ പാടില്ല. സംരക്ഷിത വനത്തിന്റെ 10 കിലോമീറ്റർ അകലെ മാത്രമേ ക്വാറി അനുവദിക്കാവൂ. അത് കുറയ്ക്കുന്നത് ശരിയല്ല. തീരപ്രദേശം, ഇടനാട്, മലനാട് - മലനാടിന്റെ അപ്പുറത്ത് 800 മില്ലിമീറ്റർ മഴ ലഭിക്കും. ഇപ്പുറത്ത് 3000 മില്ലിമീറ്റർ മഴ ലഭിക്കും. ഈ മല പോയാൽ നീരാവി അപ്പുറത്തേക്ക് പോകും. മഴയില്ലാതാകും. മഴയില്ലാതായാൽ നദികൾ വറ്റും. കേരളം ഇല്ലാതാകും. അതുകൊണ്ട് പശ്ചിമഘട്ടത്തിന് കോട്ടം വരുന്ന ഒരുകാര്യവും പാടില്ല. കർഷകന്റെ മറവിൽ പശ്ചിമഘട്ടം തകർക്കാൻ പാടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആലോചിക്കണം, 10 കിലോമീറ്റർ എന്നുപറയുന്നത് ഒരിക്കലും കുറയ്ക്കാൻ പാടില്ല. പശ്ചിമഘട്ടം തകർന്നാൽ മഴ കുറയും, 41 നദികളും വറ്റിവരളും. കേരളം കേരളമല്ലാതായിത്തീരും. ഞാൻ ദീർഘിപ്പിക്കുന്നില്ല.

മി. സ്പീക്കർ: മുഖ്യമന്ത്രി എടുത്തതിനെക്കാൾ കൂടുതൽ സമയം അങ്ങ് എടുത്തു.

ശ്രീ. പി. ജെ. ജോസഫ്: ആർ.സി.ഇ.പി. കരാർ ഉണ്ടാക്കിയാൽ നമ്മൾ അതിനെ നേരിടണം. ഗീർ പശുക്കളെയും സഹിവാൾ പശുക്കളെയും വളർത്തുകയും A2 പാൽ ഇവിടെ ഉത്പാദിപ്പിച്ച് കുടിച്ചാൽ മതിയെന്ന് തീരുമാനിക്കുകയും ചെയ്താൽ ഒരു പാലും ഇങ്ങോട്ട് വരില്ല. ഗാന്ധിജി എന്തുകൊണ്ടാണ് ആടിനെ കൊണ്ടുപോയത്; നമ്മുടെ കുട്ടികൾക്ക് ആട്ടിൻപാൽ കൊടുത്താൽ അസുഖങ്ങൾ ഉണ്ടാകില്ല. മഹാത്മാഗാന്ധി പറഞ്ഞ ഒരു കാര്യം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. About Kissan, Kissan form the bulk of India's population and are the backbone of this rural country. Majority of Indian population depends on agriculture and associated occupations such as cattle farming, dairy and poultry... ഇന്ത്യൻ ഇനം പശുക്കളെ വളർത്തിയാൽ, ഈ പാലേ കുടിക്കാവൂ എന്ന് തീരുമാനിച്ചാൽ, പാൽ അമേരിക്കയിലേയ്ക്ക് കയറ്റുമതി ചെയ്യാൻ കഴിയും. ഇത് ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാജു അംഗീകരിച്ചതാണ്. ആയിരത്തി അഞ്ഞൂറോളം ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നുണ്ടോയെന്ന് അന്വേഷിക്കണം. പത്താം ക്ലാസ്സ് പാസ്സായ ഒരാൾ ഒരു കത്ത് തന്നു. എല്ലാ അക്ഷരവും തെറ്റായിരുന്നു. മലയാള ഭാഷയെക്കുറിച്ച് വള്ളത്തോൾ പറഞ്ഞത്,

" അമ്മ താൻതന്നെ പകർന്നു തരുമ്പോഴേ,

നമ്മൾക്കമൃതും അമൃതായ് തോന്നൂ". അതാണ് മലയാളത്തിൽ പഠിക്കുമ്പോഴുള്ള ഗുണം. ആ 1500 സ്കൂളുകളിലും മലയാളം compulsory ആയി പഠിപ്പിക്കുന്നുവെന്ന് ഉറപ്പാക്കണം. മലയാള ഭാഷയെക്കുറിച്ച് ശ്രീ. ശ്രീകുമാരൻ തമ്പി പറഞ്ഞ വാക്കുകൾകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം.

"മലയാളഭാഷ തൻ മാദകഭംഗി നിൻ
മലർ മന്ദഹാസമായ് വിരിയുന്നു..
കിളികൊഞ്ചും നാടിന്റെ ഗ്രാമീണശൈലി നിൻ
പുളിയിലക്കര മുണ്ടിൽ തെളിയുന്നു.."

ഗാന്ധിജിയെ വിളിക്കൂ... രാജ്യത്തെ രക്ഷിക്കൂ....

മി. സ്പീക്കർ: സംസാരിക്കുന്ന കക്ഷിനേതാക്കൾ സ്ഥലം, കലം, മുഖം, ന്യായം എന്നിവ ഓർമ്മിച്ച് ഭാഷയിലും പ്രയോഗത്തിലും സംസാരിക്കുന്നതിനുള്ള ഒരു ഔചിത്യംകൂടി കാണിക്കണം. സമയം കുറെയായി.

ശ്രീ. സി. കെ. നാണു: സർ, മഹാത്മജിയുടെ 150-ാം ജന്മവാർഷികം

ആഘോഷിക്കുന്ന ഈ അവസരത്തിൽ ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കളും പറഞ്ഞ വസ്തുതകൾ വളരെ പ്രാധാന്യമർഹിക്കുന്നതാണ്. മാരകായുധങ്ങൾ ഉപയോഗിക്കാതെയും ഖാദി നൂലും ഖാദി വസ്ത്രങ്ങളും ഉപയോഗിച്ചും ഉപ്പ് കുറുക്കിയും ഗാന്ധിജിയെപ്പോലെ ഒരാൾക്ക് ഒരു രാജ്യത്തെ സ്വാതന്ത്ര്യത്തിലേയ്ക്ക് നയിക്കാൻ കഴിഞ്ഞതിന്റെ ഉദാഹരണം ഇന്ത്യയ്ക്കല്ലാതെ മറ്റൊരു രാജ്യത്തിനും അവകാശപ്പെടാനാകില്ല. ഗാന്ധിജി ഇന്നും ജനമനസ്സുകളിൽ ജീവിക്കുന്നതിന്റെ പ്രധാനപ്പെട്ട കാരണവും അതുതന്നെയാണ്. നമ്മുടെ സ്വാതന്ത്ര്യസമരകാലത്ത് മലബാറിലെ രാഷ്ട്രീയ നേതാക്കളായിരുന്ന കെ. കേളപ്പന്റെയും എ.കെ.ജി.-യുടെയും നേതൃത്വത്തിൽ ഗുരുവായൂരിലും കേരളത്തിലെ ക്ഷേത്രങ്ങളിലുടനീളവും ക്ഷേത്രപ്രവേശനത്തിന് സത്യാഗ്രഹം നടന്നപ്പോൾ അവർക്ക് നിർദ്ദേശം നൽകിയിരുന്നത് ഗാന്ധിജിയാണ്. സമരം അഹിംസാത്മകമായിരുന്നു. വൈക്കം സത്യാഗ്രഹവും ഗുരുവായൂർ സത്യാഗ്രഹവും ഒരു വർഷം നീണ്ടുനിന്നു. സമരസേനാനികളെ ചിലർ അക്രമിച്ചുവെന്നതിൽ കവിഞ്ഞ് കെ. കേളപ്പന്റെയും മറ്റുള്ളവരുടെയും നേതൃത്വത്തിൽ സമാധാനപരമായാണ് സമരം നടന്നത്. ക്ഷേത്രപ്രവേശന സമരം നടത്തുന്ന പല സ്ഥലത്തും ഗാന്ധിജിയുടെ സാന്നിദ്ധ്യമുണ്ടായിരുന്നു. ലോകത്ത് മറ്റേതൊരു പുരോഗമന ശക്തികളെക്കാളും ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലും ആഫ്രിക്കൻ രാജ്യങ്ങളിലും നടത്തിയ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പല പോരാട്ടങ്ങളിലും ആയുധമെടുക്കുന്നില്ലെന്നും ഞങ്ങളുടെ സമരം നോൺവയലൻസാണെന്നുമാണ് പറഞ്ഞത്. മറ്റേതൊരു രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തേക്കാളും മഹാത്മാഗാന്ധിയുടെ സമരത്തെ ലോകം ബഹുമാനിക്കുന്നു. ഗാന്ധിജിയെപ്പോലെ പുരോഗമനവാദിയായ, ഒരു രാജ്യത്തിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കിയ ഒരു നേതാവ് ആ കാലഘട്ടത്തിൽ ഉണ്ടായിട്ടില്ല. നല്ല അഭിഭാഷകനും നന്നായി വസ്ത്രം ധരിച്ചവനും ആയിരുന്ന ഗാന്ധിജി പിന്നീട് നമ്മൾ കണ്ട ലളിത വസ്ത്രം ധരിച്ചുനടന്നു. അദ്ദേഹം ബഹുമാനിച്ചത് ലിയോ ടോൾസ്റ്റോയിയെയാണ്. വലിയ അവാർഡുകൾ ലഭിച്ച പുസ്തകങ്ങൾ എഴുതിയപ്പോൾ അദ്ദേഹത്തെ സമീപ ഗ്രാമവാസികൾക്ക് അറിയില്ലായിരുന്നു. അദ്ദേഹം ജന്മിയാണ്. അപ്പോഴാണ് അദ്ദേഹം കോട്ടെല്ലാം മാറ്റി സാധാരണ വസ്ത്രം ധരിച്ചത്. ഇത് ഗാന്ധിജിക്ക് പ്രചോദനമേകി. ഇന്ത്യയിലെ സാധാരണക്കാരായ കൃഷിക്കാരെ നയിക്കണം, അവരുടെ ഭാഗമാകണം. അതിന്റെ ഭാഗമായാണ് അവരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാൻ ആ രൂപത്തിലുള്ള വസ്ത്രധാരണം തെരഞ്ഞെടുത്തത്. ഇന്ത്യയിൽ ഗാന്ധിജി ഇല്ലായിരുന്നെങ്കിൽ ലോകത്തിലെ മറ്റ് പല രാജ്യങ്ങളിലും നടത്തിയതുപോലെ ഇന്ത്യയിലും സായുധസമരം നടക്കുമായിരുന്നു. പക്ഷെ, നേതാജി സുഭാഷ് ചന്ദ്രബോസിനെപ്പോലുള്ള അനേകം

നേതാക്കൾ, ലോകത്തെ പല രാജ്യങ്ങളിലെയും സ്വാതന്ത്ര്യത്തിന് നേതൃത്വം കൊടുത്തവർ ഇവിടെ വന്നപ്പോൾ ഗാന്ധിജിയുടെ അഹിംസാത്മകമായ സമരത്തെ ഉൾക്കൊണ്ടിരുന്നു. നമ്മൾ ഈ കാലഘട്ടത്തെ ഭയപ്പെടുന്നു. അതിന്റെ ആവശ്യമില്ല. കാരണം, ഗാന്ധിജിയുടെ സന്ദേശങ്ങൾ പുരോഗമനവാദപരമാണ്. എന്റെ രാമൻ സർവ്വവ്യാപിയാണ്. എവിടെയെങ്കിലുമുള്ള ഒരു ക്ഷേത്രത്തിനുവേണ്ടിയുള്ള പോരാട്ടത്തിനുള്ള രാമനല്ല. ഹിന്ദുക്കളും മുസ്ലീങ്ങളും ഒരുമിച്ച് ജീവിക്കുന്ന ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ഗാന്ധിജി പോരാടി. ഇന്ത്യ സ്വാതന്ത്ര്യം സമ്പാദിക്കുമ്പോൾ, ഇന്ത്യാ വിഭജനം നടത്തുമ്പോൾ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ത്രിവർണ്ണ പതാക ഉയർത്തുന്ന അവസരത്തിൽ അവിടെ ഗാന്ധിജി ഇല്ലായിരുന്നു. ഹിന്ദുക്കളും മുസ്ലീങ്ങളും പരസ്പരം കഴുത്തറുക്കുന്നതുകണ്ട് വേദനിക്കുന്ന ഒരു ഘട്ടത്തിലായിരുന്നു. ഗാന്ധിജിയുടെ ജീവിതത്തിലെ അവസാനത്തെ ഘട്ടം, പശ്ചിമബംഗാൾ എന്ന ഒരു സ്റ്റേറ്റ് നിലനിൽക്കുമോ എന്ന് സംശയമായ ഘട്ടത്തിൽ ഇന്ത്യയിലെ ഭരണാധികാരികൾ, പാക്കിസ്ഥാനിലെ ഭരണാധികാരികൾ, ആരുടെയും ശ്രമഫലമായി പശ്ചിമബംഗാൾ നിലനിർത്താൻ സാധിക്കാത്ത ഘട്ടത്തിലാണ് ഗാന്ധിജി തന്റെ അവസാനത്തെ സമരത്തിന് സുഹൃത്‌വർദ്ധിയെയുംകൂട്ടി പശ്ചിമബംഗാളിലേയ്ക്ക് പോയത്. ഗാന്ധിജി അവിടെ പോകരുതെന്ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും സർദാർ വല്ലഭായ് പട്ടേലും പാക്കിസ്ഥാന്റെ ഭരണാധികാരികളും അദ്ദേഹത്തോട് പറഞ്ഞു. ജനങ്ങൾ വളരെ വികാരപരമായാണ് ഗാന്ധിജി അവിടെ പോയതിനെ കണ്ടത്. ചരിത്രം പറയുന്നത്, ആറാമത്തെയും ഏഴാമത്തെയും ദിവസം പശ്ചിമബംഗാളിലെ സ്ത്രീകൾ (ഹിന്ദുവും മുസ്ലീമും) ഭക്ഷണം പാചകം ചെയ്തില്ല. പുരുഷന്മാർ ഭക്ഷണം ചോദിച്ചില്ല. അവസാനം തന്റെ ജീവിതത്തിലെ അഹിംസാത്മകമായ സമരത്തിന്റെ അവസാനമായി പശ്ചിമബംഗാളിലെ ഹിന്ദുക്കളെയും മുസ്ലീങ്ങളെയും ഇന്ത്യൻ ഭരണാധികാരികളെയും പാക്കിസ്ഥാന്റെ ഭരണാധികാരികളെയും ഇന്ത്യാ വിഭജനം കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞ് അവിടെ കൊണ്ടുവന്ന് പശ്ചിമബംഗാളിൽ ഐക്യമുണ്ടാക്കാൻ ഗാന്ധിജിക്ക് സാധിച്ചു. ആ ഗാന്ധിജി തിരിച്ചുവന്ന് ബിർളാ മന്ദിരത്തിൽ, യേശുക്രിസ്തുവിന് സംഭവിച്ചതുപോലെ, ലോകത്തിന് മുമ്പാകെ ഒരു മനുഷ്യൻ ചെയ്ത കർമ്മത്തിന്റെ ഗൗരവം എന്താണെന്ന് ബോദ്ധ്യപ്പെടുത്തുന്ന രൂപത്തിൽ അതിനെ എതിർത്തവരാൽ വെടിയേറ്റ് മരണമടയേണ്ടിവന്നു. ഇതുമായി ബന്ധപ്പെട്ട അനേകം പ്രശ്നങ്ങളുണ്ട്. ഗാന്ധിജിയുടെ മക്കൾ പറഞ്ഞു, ഞങ്ങളുടെ പിതാവ് മോഹൻദാസ് കരംചന്ദ് ഗാന്ധിയെന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു, ലോകം അദ്ദേഹത്തെ ബഹുമാനിക്കുന്നു. പക്ഷെ, അദ്ദേഹം ഞങ്ങൾക്കുവേണ്ടി ഒന്നും ഉണ്ടാക്കിയിട്ടില്ല. അദ്ദേഹത്തിന്റെ മക്കളായ ഞങ്ങൾക്കുവേണ്ടി അദ്ദേഹം ഒന്നും ഉണ്ടാക്കിയെന്ന് പറയാൻ സാധിക്കില്ല. ലോകത്തിന്റെ പുരോഗമനപരമായ ഓരോ

ഘട്ടങ്ങളും കഴിയുമ്പോൾ, കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിനുശേഷം ഗാന്ധിജിയെ വെടിവച്ചവരെ ബഹുമാനിക്കണമെന്ന് പറയുന്നവർ ലോകത്തിന്റെ പല ഭാഗത്തും പോയപ്പോൾ മഹാത്മജിയുടെ പ്രതിമ നിങ്ങൾ അനാച്ഛാദനം ചെയ്യണമെന്നാണ് അവിടത്തെ ഭരണാധികാരികൾ പറഞ്ഞത്. പഴയ കാലത്തേക്കാളും ഗാന്ധിജി ജീവിക്കുന്നു. മറ്റേത് പ്രത്യയശാസ്ത്രത്തെക്കാളും സമാധാനത്തിന്റെ സന്ദേശത്തിന് ലോകജനത നിൽക്കുമ്പോൾ, ലോകത്തിന് മുമ്പാകെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ അനേകം രാഷ്ട്രനേതാക്കൾ പറയുന്നു, പത്തിരുന്നൂറ് വർഷങ്ങൾ കഴിഞ്ഞ് ഇങ്ങനെയൊരു മനുഷ്യൻ മജ്ജയോടുകൂടി ലോകത്ത് ജീവിച്ചിരുന്നുവെന്ന് പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? ഞാൻ ദീർഘിപ്പിക്കുന്നില്ല. ഗാന്ധിജിയുടെ ജീവിതത്തിന്റെ ഓരോ മേഖലകളും അഴിമതിയില്ലാത്ത, നമ്മുടെ സമൂഹത്തിലെ പാവപ്പെട്ട ആളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ട, സ്നേഹത്തോടുകൂടിയും മതസൗഹാർദ്ദത്തോടുകൂടിയും ജീവിക്കാ നിടയാക്കിയ, ഇന്നും ഇന്ത്യയുടെ ഭൂരിഭാഗവും ഇങ്ങനെ നിലനിൽക്കുന്നത് ആ സന്ദേശത്തിന്റെ അടിസ്ഥാനത്തിലാണ്. ആ സന്ദേശത്തിൽ ഗാന്ധിജിയെ എത്തിച്ചത് ശ്രീബുദ്ധനേയും ക്രിസ്തുദേവനേയും മുഹമ്മദ് നബിയേയും പോലുള്ള മഹാന്മാരാണ്. അവരുടെ സന്ദേശങ്ങളെയെല്ലാം സമഞ്ജസമായി ചേർത്തുകൊണ്ട് ലോകത്തിന് മുമ്പാകെ ഗാന്ധിജി കാണിച്ച ആ വഴിയിലൂടെ ഇന്ത്യയെ മാറ്റിക്കൊണ്ടുവരാൻ സാധിക്കുമെന്നതിൽ സംശയമില്ല. അതിൽക്കവിഞ്ഞ് ഒരു ശക്തിക്കും സാധിക്കില്ല. നമസ്കാരം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, സഭ ഒന്നടങ്കം, ഒരു മഹാമനുഷ്യന്റെ അത്ഭുതസിദ്ധിപോലെ ഈ നാടിനെ ഒരുമിപ്പിച്ച, ഓരോ തലങ്ങളെയും സ്പർശിച്ചുകൊണ്ടാണ് സംസാരിച്ചിട്ടുള്ളത്. മഹാത്മാഗാന്ധിയുടെ ജീവിതം സ്ഫടികംപോലെ സുതാര്യവും കടൽപോലെ ആഴമുള്ളതുമായിരുന്നു. അദ്ദേഹം വിശ്വവിജയിയും ത്യാഗിവര്യനുമായ ഒരു മഹാനായിരുന്നു. സ്വന്തം ജീവിതത്തെ കഠിന പരീക്ഷണശാലയാക്കിയാണ് അദ്ദേഹം മുന്നോട്ട് പോയത്. ജീവിതത്തെ ഇത്രയേറെ സ്ഥൂടം ചെയ്തെടുത്ത മറ്റൊരാളുണ്ടാകില്ല. ഇവിടെ പറഞ്ഞതുപോലെ, 'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്ന് അദ്ദേഹം ജനങ്ങൾക്ക് പ്രവൃത്തിയിലൂടെ കാണിച്ചുകൊടുത്തു. നമുക്കത് ഒരു ഘട്ടത്തിലും ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഗാന്ധിജിയുടെ ജീവിതവും സന്ദേശവും ഇവിടെ സൂചിപ്പിച്ചതുപോലതന്നെ പുതുതലമുറ അറിയേണ്ടതായിട്ടുണ്ട്. ആ അറിവിലേയ്ക്കുള്ള ഒരു വാതിലാണ് നമ്മുടെ ഈ മഹത്തായ സഭ ഈയൊരു ചർച്ചയിലൂടെ തുടങ്ങിവച്ചിട്ടുള്ളതെന്നതിൽ ഞാൻ അഭിമാനിക്കുന്നു. അതിന് മുൻകയ്യെടുത്തവരെ അഭിനന്ദിക്കുകയും ചെയ്യുന്നു.

രാജ്യത്തെ ന്യൂനപക്ഷങ്ങളുടെ മാനുഷികാവശ്യങ്ങൾക്കൊപ്പം ഗാന്ധിജി നിലകൊണ്ടു. മാനവികതയിൽ ഊന്നിനിന്നുകൊണ്ടുള്ള വിശാലമായ കാഴ്ചപ്പാടാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. മനുഷ്യരാകെ ഒന്നാണെന്ന ബോധമാണ് ഗാന്ധിജിയെ നയിച്ചത്. ഗാന്ധിജി ആരായിരുന്നുവെന്ന ചോദ്യം നാം നിരന്തരം ചോദിച്ചുകൊണ്ടേയിരിക്കണം. ആ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ശ്രമിക്കുമ്പോഴാണ് നാം ഓരോരുത്തരും മനുഷ്യരാകുന്നത്. അത്തരം ഉത്തരങ്ങളിലൂടെ സക്രിയമായ ഒരു ഗാന്ധിയൻ സംസ്കാരം ഉരുത്തിരിയണം. അങ്ങനെ മഹാത്മാഗാന്ധി നമുക്ക് ഹൃദയത്തിന്റെ വിളക്കായി മാറണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. കഠിനവും ത്യാഗനിർഭരവുമായ വഴിയിലൂടെ അനവരതം സഞ്ചരിച്ചുകൊണ്ട് മഹാത്മജി കൈവശപ്പെടുത്തിയ സംസ്കാരത്തിന്റെ പ്രഭ രാഷ്ട്രത്തിന്റെ മുഖശോഭയായിത്തീർന്നു എന്നതാണ് സത്യം. അതുകൊണ്ടാണ് ഗാന്ധിജിയെന്ന വിചാരധാര ജനകോടികളുടെ ആശ്വാസ വഴിയായി മാറിയത്. മതവും ജാതിയും വിവിധ വർണ്ണ വർഗ്ഗ വ്യത്യാസങ്ങളും ഗാന്ധിജിക്കു മുമ്പിൽ ഒന്നുമല്ലായിരുന്നു. മനുഷ്യൻ, മാനവികത, അഹിംസ എന്നിവയിൽ ഊന്നിനിന്നുകൊണ്ട് പരിവർത്തനത്തിന്റെ പാത അദ്ദേഹം ചൂണ്ടിക്കാണിച്ചു. പറയാൻ എളുപ്പവും പ്രവർത്തിക്കാൻ പ്രയാസമുള്ളതുമായ ആ പാത സ്വീകരിക്കാനും എളുപ്പത്തിൽ കഴിയുമെന്ന് തോന്നുന്നില്ല. പക്ഷെ കൃശഗാത്രനായ മഹാത്മജി അനായാസം ആ വഴിയിലൂടെ നടന്ന് പരശതംപേർക്ക് നടക്കാൻ കരുത്ത് പകർന്നു. ഗാന്ധിജിയെന്ന വെളിച്ചത്തെ കൂടുതൽ അറിയാൻ ശ്രമിക്കുംതോറും നാം ഓരോരുത്തരും നല്ല മനുഷ്യരായി മാറുകയാണ്. ആത്മാർത്ഥതയും സത്യസന്ധതയും എന്താണെന്ന് സ്വജീവിതത്തിലൂടെ കാണിച്ചുകൊടുക്കാൻ മഹാത്മാ ഗാന്ധിക്ക് കഴിഞ്ഞു. ആ പേരുപോലും സ്നേഹത്തിന്റെ നിറകുടമായി മാറിയെന്ന് നാം അറിയണം. ഗാന്ധിജിക്കും അദ്ദേഹത്തിന്റെ ദർശനങ്ങൾക്കും സ്വന്തം നാട്ടിൽ അവഹേളനം ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ഗാന്ധിജിയെ ഇകഴ്ത്താൻ മടിക്കാത്തവർ ഇന്ന് ഏറെയുണ്ട്. ഗാന്ധി ഘാതകരെ പുകഴ്ത്താൻപോലും ചിലർക്ക് മടിയില്ല. ഈ സമീപനം ഉത്തരവാദപ്പെട്ട കോണുകളിൽനിന്നും ഉണ്ടാകുന്നുവെന്നത് അനൽപ്പമായ ആശങ്ക ജനിപ്പിക്കുന്നു. ഇത്തരം ആശങ്കകൾക്കെതിരെ കരുത്ത് പകരാനുള്ള ജനകീയ പോരാട്ടത്തിന് നേതൃത്വം നൽകാൻ ഇന്നത്തെ ഈ ചർച്ച സഹായകരമാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങനെ പല കാര്യങ്ങൾക്കും നേതൃത്വം നൽകിയ കേരള നിയമസഭ, പുതുവെളിച്ചം നൽകാനുള്ള ഒരു പുതിയ നീക്കം ഏറ്റെടുത്തതിൽ അങ്ങേയറ്റം സന്തുഷ്ടിയോടുകൂടി ബന്ധപ്പെട്ട എല്ലാവരേയും അഭിനന്ദിച്ചുകൊണ്ട്

ധന്യമായ മഹാത്മജിയുടെ ജീവിതത്തിന്റെ ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

Mr. Speaker: It was brief and beautiful.

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ അങ്ങും കക്ഷി നേതാക്കളുമൊക്കെ ഉയർത്തിയ പൊതുവികാരത്തോട് യോജിക്കുകയാണ്. ഗാന്ധിജിയുടെ 150-ാം ജന്മവാർഷികം നാം ഇന്ന് ആചരിക്കുകയാണ്. രക്തസാക്ഷിത്വത്തിന്റെ ഏഴ് പതിറ്റാണ്ടുകൾ പിന്നിടുമ്പോഴും ഗാന്ധിജിയെന്നത് ഇന്നും സജീവ ചർച്ചയാണ്. അതൊരു വലിയ വികാരമായി നമ്മുടെയൊക്കെ മനസ്സുകളിൽ ഉയർന്നുനിൽക്കുന്നു. ലോകത്തെമ്പാടുമുള്ള സ്വാതന്ത്ര്യ മോഹികൾക്കും പൗരാവകാശത്തെക്കുറിച്ച് ചിന്തിക്കുന്നവർക്കും അഭിപ്രായപ്രകടന സ്വാതന്ത്ര്യത്തിൽ ഉറച്ച് വിശ്വസിക്കുന്നവർക്കും സമാധാനപ്രിയർക്കുമെല്ലാം അദ്ദേഹം വലിയൊരു പ്രചോദനമായി നിലകൊള്ളുന്നു. ലോകത്തെമ്പാടുമുള്ള രാഷ്ട്രങ്ങളിൽ അദ്ദേഹത്തിന്റെ പ്രതിമകൾ ഉയരുന്നു. അദ്ദേഹത്തിന്റെ പേരിൽ സ്ഥാപനങ്ങളും നിരത്തുകളും നാമവൽക്കരിക്കപ്പെടുന്നു. അതെല്ലാം അദ്ദേഹത്തിന് ലോകം നൽകുന്ന ആദരവുകളാണ്. തോക്കിലൂടെ രാജ്യത്തെയും ലോകത്തെയും കീഴടക്കാമെന്ന് കരുതിയിരുന്ന ഒരു കാലഘട്ടത്തിലാണ് അഹിംസയിലൂടെ നമ്മുടെ രാജ്യത്തിന് അദ്ദേഹം സ്വാതന്ത്ര്യം നേടിത്തന്നത്. അതൊരു വിസ്മയമായിരുന്നു. ആ വിസ്മയം ഇന്നും നിലനിൽക്കുന്നു. അടിച്ചമർത്തപ്പെട്ടവർക്ക് ഒരു വലിയ പ്രചോദനമായി അദ്ദേഹം ഇന്നും നമ്മുടെയൊക്കെ മനസ്സുകളിലും ലോകത്തിന് മുമ്പിലും നിലനിൽക്കുകയാണ്. രാജ്യത്തിന്റെ രാഷ്ട്രീയ സ്വാതന്ത്ര്യം മാത്രമല്ല അദ്ദേഹം ആഗ്രഹിച്ചിരുന്നതെന്ന് ഇവിടെ പൊതുവായി വന്ന അഭിപ്രായങ്ങളിൽ ഉണ്ടായിരുന്നു. ജാതി-മത-ചിന്ത-വർഗ്ഗ-വർണ്ണ വ്യത്യാസങ്ങളിൽനിന്നുള്ള മോചനവും അദ്ദേഹം ആഗ്രഹിച്ചിരുന്നുവെന്നത് നമുക്കറിയാം. സാമ്പത്തിക അസമത്വങ്ങളിൽനിന്നുള്ളൊരു മോചനവും അദ്ദേഹം ആഗ്രഹിച്ചിരുന്നു. ഇന്ന് അദ്ദേഹത്തിന്റെ 150-ാം ജന്മവാർഷികം നാം ആചരിക്കുമ്പോഴും നമ്മുടെ രാജ്യം വലിയൊരു അരക്ഷിതാവസ്ഥയിലേയ്ക്ക് എടുത്തെറിയപ്പെട്ടിരിക്കുന്നു എന്നുള്ളതാണ് വസ്തുത. നമ്മൾ എന്ത് ഭക്ഷിക്കണം, എന്ത് ധരിക്കണം, എന്ത് ചിന്തിക്കണം, എന്ത് അഭിപ്രായം പറയണം ഇതൊക്കെ ആരൊക്കെയോ നിയന്ത്രിക്കുന്ന നിലയിലേയ്ക്ക് നമ്മുടെ രാജ്യം മാറിക്കൊണ്ടിരിക്കുകയാണ്. ഭയാനകമായ ഒരു സാഹചര്യത്തിൽ ഒരു പൗരൻപോലും ഈ രാജ്യത്ത് നിലനിൽക്കരുതെന്നുള്ളതാണ്. അവരവരുടെ ഇഷ്ടത്തിനനുസരിച്ചും സ്വാതന്ത്ര്യമനുസരിച്ചും ജീവിക്കാനുള്ള അവകാശം ഓരോ

വ്യക്തിക്കുമുണ്ട്. അത്തരത്തിലുള്ള തെറ്റുകൾക്കെതിരെ നിരന്തരമായ പോരാട്ടത്തിലൂടെ ഇനിയും മുമ്പോട്ട് പോകാൻ ഓരോ ജനാധിപത്യ കക്ഷികൾക്കും കൂടുതൽ ഉത്തരവാദിത്വമുണ്ടെന്ന് ഈ സന്ദർഭത്തിൽ നമ്മൾ തിരിച്ചറിയുകയാണ്. രാഷ്ട്രീയത്തിലും പൊതുപ്രവർത്തനത്തിലും ഉയർന്ന ജീവിതമൂല്യങ്ങൾ നിലനിർത്തണമെന്നത് അദ്ദേഹം നമ്മെ പഠിപ്പിച്ച ഒരു കാര്യമാണ്. ആത്മീയമൂല്യങ്ങളിൽ ഉറച്ചു വിശ്വസിച്ചിരുന്ന സന്ദർഭങ്ങളിൽപ്പോലും മതമൗലിക വാദത്തെ അദ്ദേഹം എന്നും തിരസ്കരിച്ചിട്ടുണ്ട്. എപ്പോഴും സാധാരണക്കാരോടൊപ്പം നിലനിന്നിരുന്ന ഒരു വ്യക്തിത്വം എന്ന നിലയിൽ മഹാത്മജിയെ നമുക്ക് മനസ്സിലാക്കാൻ കഴിയും. ജോർജ്ജ് അഞ്ചാമനുമായുള്ള കൂടിക്കാഴ്ചയിൽ ഒരു പത്രപ്രവർത്തകൻ ചോദിച്ച ചോദ്യത്തിന് അദ്ദേഹം നൽകിയ മറുപടി വളരെ പ്രസക്തമാണ്. 'രാജാവിനെ കാണാനുള്ള വസ്ത്രധാരണത്തിലാണോ താങ്കൾ' എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, 'സാരമില്ല, ഞങ്ങൾക്ക് രണ്ടുപേർക്കുംകൂടിയുള്ള വസ്ത്രം ജോർജ്ജ് അഞ്ചാമൻ ധരിച്ചിട്ടുണ്ട്' എന്നാണ്. നർമ്മം കലർന്ന ആ മറുപടിയിലൂടെ അദ്ദേഹം ശക്തമായ ഒരു സന്ദേശം നൽകുകയാണ് ചെയ്തത്. ഗ്രാമങ്ങളെ ശാക്തീകരിച്ചുകൊണ്ട് രാജ്യത്തെ പുരോഗതിയിലേയ്ക്ക് നയിക്കുകയെന്ന അദ്ദേഹത്തിന്റെ ചിന്ത തീർച്ചയായും നമുക്കൊക്കെ പ്രചോദനമാകണം. അദ്ദേഹത്തിന്റെ സ്മരണകൾക്ക് മുമ്പിൽ ഞാൻ ശിരസ്സ് നമിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ബഹുമാനപ്പെട്ട അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമുൾപ്പെടെ ഇവിടെ സംസാരിച്ചവരെല്ലാം രേഖപ്പെടുത്തിയ കാര്യങ്ങൾ ഈ വർത്തമാനകാലത്ത് ഏറെ പ്രസക്തമാണ്. ഈ സന്ദർഭത്തിലാണ് ഇന്ന് ഈ സഭ രാഷ്ട്രപിതാവ് ഗാന്ധിജിക്ക് പ്രണാമമർപ്പിക്കുന്നത്. ലോകാരാധ്യനായ മഹാത്മാഗാന്ധിയുടെ ചൈതന്യധന്യമായ, ദീപ്തമായ, ശക്തിജ്യോതിസ്സിനു മുമ്പിൽ എന്റെ പ്രണാമം അർപ്പിക്കുകയാണ്. ഇന്ന് നമ്മുടെ നിയമസഭ ഇങ്ങനെയൊരു അവസരമൊരുക്കിയത് മാതൃകാപരമാണ്. എല്ലാ രംഗങ്ങളിലും മാതൃകാപരമായി പ്രവർത്തിക്കുന്ന, ഇന്നത്തെ കേരളത്തിനല്ലാതെ ഇന്ത്യയിലെ മറ്റേതെങ്കിലുമൊരു സംസ്ഥാനത്തെ നിയമസഭ ഇങ്ങനെയൊരു അപൂർവ്വമായ അവസരമൊരുക്കിയത് വർത്തമാനകാല ഭാരതത്തിൽ ഉണ്ടായിട്ടില്ല. ഇങ്ങനെയൊരു അനുസ്മരണം ചരിത്രത്തിൽ ആദ്യത്തേതാണ്. ലോക്സഭതന്നെ ഇങ്ങനെയൊരു സമാദരത്തിന് അവസരമൊരുക്കുമെന്ന് പ്രതീക്ഷിക്കാനും കഴിയില്ല. ഈ കാര്യത്തിൽ മാത്രമല്ല, കേരളം ശ്രദ്ധേയമാകുന്നത്. മഹാത്മാഗാന്ധിയുടെ രക്തസാക്ഷി ദിനമായ ജനവരി 30 'രക്തസാക്ഷ്യം' എന്ന

നാമധേയത്തിൽ സംസ്ഥാന വ്യാപകമായി മാസങ്ങളോളം ബഹുമുഖ പരിപാടികളോടെ ആചരിച്ചതും ഈ സംസ്ഥാന ഗവൺമെന്റിന്റെ നേതൃത്വത്തിലാണ്. സാംസ്കാരിക വകുപ്പും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതിന് മുൻകയ്യെടുക്കുകയും ചെയ്തു. മഹാത്മാഗാന്ധിയുടെ രക്തസാക്ഷി ദിനമായ ജനുവരി 30-ന് ഗാന്ധിജിയുടെ വധം അതുപോലെ ആവർത്തിച്ചുകൊണ്ട് വർത്തമാനകാല ഭാരതത്തിനും ലോകത്തിനും അപമാനം സൃഷ്ടിച്ച ശക്തികളുടെ അഴിഞ്ഞാട്ടത്തിന് സാക്ഷ്യം വഹിക്കേണ്ടിവന്നൊരു കാലത്താണ് ശ്രീ. പിണറായി വിജയൻ നയിക്കുന്ന സംസ്ഥാന സർക്കാർ 'രക്തസാക്ഷ്യം' എന്ന നാമധേയത്തിൽ ഒരു പരിപാടി സംഘടിപ്പിച്ചത് എന്നതും ചരിത്രത്തിന്റെ ഭാഗമാണ്. അതാണ് കേരളത്തിന്റെ അനുകരണീയ മാതൃക. ഇന്ന് ഗാന്ധി നിന്ദ അത്രയേറെ രൗദ്ര ഭാവങ്ങളോടുകൂടി കടന്നുവരികയാണ്. മഹാത്മാഗാന്ധിക്ക് ജന്മം നൽകിയ ഗുജറാത്തിന്റെ മണ്ണിൽ അടുത്തകാലത്ത് ഒരു വിദ്യാഭ്യാസ സ്ഥാപനത്തിലെ പരീക്ഷാ ചോദ്യത്തിൽ 'മഹാത്മാഗാന്ധിയുടെ ആത്മഹത്യയുടെ കാരണമെന്താണ് ' എന്ന ചോദ്യം ചോദിച്ചത് ലോകത്തെ നടുക്കിയതാണ്. യാദൃശ്ചികമല്ല ഈ ചോദ്യം. അതിന്റെ പിന്നിൽ ഗാന്ധിജിയുടെ ഘാതകശക്തികൾതന്നെ ആയിരിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ, മഹാത്മാഗാന്ധി എന്ന വീരപുരുഷന്റെ ജന്മദിനമായ ഒക്ടോബർ 2, ഐക്യരാഷ്ട്ര സംഘടന അഹിംസാ ദിനമായി ആചരിക്കാൻ തീരുമാനിച്ചതും ലോകചരിത്രത്തിൽ സ്ഥാനം പിടിച്ചു. ഗാന്ധിജിയുടെ 150-ാം ജന്മ വാർഷികം ഐക്യരാഷ്ട്ര സംഘടനയുടെ ജനറൽ അസംബ്ലി രാഷ്ട്ര നേതാക്കൻമാരുടെ സാന്നിദ്ധ്യത്തിൽ ആചരിച്ചതും ഏതാനും ആഴ്ചകൾക്കു മുമ്പാണ്. ലോകത്തിന്റെ നാനാഭാഗങ്ങളിലും ഗാന്ധിജിയുടെ അർദ്ധ-പൂർണ്ണകായ പ്രതിമകളും സ്ഥാപിക്കുന്നു, ഗാന്ധിയൻ ദർശനങ്ങളും മൂല്യങ്ങളും ഗവേഷണ പരിപാടികളിലൂടെ ലോകത്തിന് സമർപ്പിക്കുന്നു. ആ സന്ദർഭത്തിലാണ് ഗാന്ധിജിക്ക് ജന്മം നൽകിയ ഭാരതത്തിൽ അദ്ദേഹത്തെ നികൃഷ്ടമായി ചിത്രീകരിക്കാൻ ചിലർ ശ്രമിക്കുന്നത്. ഇന്ത്യൻ പാർലമെന്റിന്റെ ചരിത്രത്തിൽ അഭിശപ്തമായ നിമിഷങ്ങൾക്ക് നമ്മുടെ രാജ്യം കാതോർക്കേണ്ടിവന്നു. ഒരു ഭരണകക്ഷി അംഗത്തിന്റെ ഒരു മണിക്കൂർ നീണ്ടുനിന്ന പ്രസംഗം ഗാന്ധി ഘാതകനെ ചരിത്ര പുരുഷനായി വാഴ്ത്തണമെന്നും അദ്ദേഹത്തിന് ക്ഷേത്രങ്ങളും പ്രതിമകളും സ്ഥാപിക്കണമെന്നുമായിരുന്നു. വാസ്തവത്തിൽ അന്ന് സഭാതലം പ്രക്ഷുബ്ധമായി ഒരു മിനിട്ട് മുന്നോട്ട് പോകാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കപ്പെടേണ്ടതായിരുന്നു. ഇപ്പോഴിതാ ചരിത്രം മാറ്റിയെഴുതാൻ ചിലർ തീരുമാനിച്ചിരിക്കുകയാണ്. ചരിത്രം മാറ്റി എഴുതുമ്പോൾ മഹാത്മജി എവിടെയായിരിക്കും. രാജ്ഘട്ട് എവിടെയായിരിക്കും; ചരിത്ര പുരുഷൻമാർ

എവിടെയായിരിക്കും; അപ്പോഴാണ് ഭാരതരത്നം ഉൾപ്പെടെയുള്ള ബഹുമതികൾ നൽകിക്കൊണ്ട് ഗാന്ധിഘാതകരെ വാഴ്ത്തുന്ന നടപടികൾകൊണ്ട് ദേശീയതയെയും ജനങ്ങളെയും അപഹസിക്കാൻ ക്രൂരശ്രമങ്ങൾ നടത്തുന്നത്. ഇത്തരം സാഹചര്യത്തിലും പ്രതിഷേധ ശക്തിയായി നിൽക്കേണ്ടത് ഈ സംസ്ഥാനവും ഗവൺമെന്റും മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും തന്നെയാണ്. വേറെ ആരും അങ്ങനെ ധീരത കാണിക്കാൻ സന്നദ്ധമായിട്ടില്ല.

ഈ രാജ്യത്തിന്റെ ഒന്നാമത്തെ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു സോഷ്യലിസ്റ്റ് രാജ്യങ്ങളും കമ്മ്യൂണിസ്റ്റ് രാജ്യങ്ങളും സന്ദർശിച്ച് രൂപപ്പെടുത്തിയതാണ് പ്ലാനിംഗ് കമ്മീഷനും പഞ്ചവത്സര പദ്ധതിയും. അതെല്ലാം പെട്ടെന്ന് വലിച്ചെറിഞ്ഞു. പ്രതിഷേധിക്കേണ്ട പലരും പ്രതിഷേധിച്ചോ; അതൊന്നും സാധ്യമല്ല എന്ന് പറയാൻ ആത്മധൈര്യം കാണിച്ച മുഖ്യമന്ത്രിയാണ് കേരളത്തിന്റേത്. ഇനി വരാൻ പോകുന്ന കാലഘട്ടങ്ങളിലും അത് നിർഭയമായി തുടരേണ്ടിവരും. രാഷ്ട്രത്തിന്റെയും ഗാന്ധിജിയുടെയും ചരിത്രം മാറ്റിയെഴുതാൻ പോകുന്നു. ആ ചരിത്രം മാറ്റിയെഴുതുന്നതിന്റെ ഭാഗമായി നെഹ്റുവിന്റെ ഏറ്റവും ശ്രദ്ധേയമായ, ലോകം ശ്രദ്ധിച്ചിട്ടുള്ള രണ്ട് പദ്ധതികളും വലിച്ചെറിയാൻ സന്നദ്ധമായി എന്നതും നിർഭാഗ്യകരവും ഭയാനകവുമാണ്. ഈ കാലഘട്ടം അതുകൊണ്ടുതന്നെ ഏറ്റവും സുപ്രധാനമാണ്. ഗാന്ധിജി എന്ന മഹാപുരുഷനെ സ്മരിക്കാൻ ലോകം സന്നദ്ധമാകുന്ന സന്ദർഭത്തിൽ അദ്ദേഹത്തെ നിന്ദകൊണ്ട് മലീമസമാക്കാൻ ശ്രമിക്കുന്ന ശക്തികൾ ഇവിടെ അട്ടഹസിക്കുകയാണ്. ഉത്തരവാദപ്പെട്ടവർ നിശബ്ദത പാലിക്കുകയാണ്. ഭരണഘടനാപരമായും ഭരണപരമായും ജനാധിപത്യവും സ്വാതന്ത്ര്യവും മതേതരത്വവും സൂക്ഷിക്കേണ്ട കേന്ദ്രത്തിലെ അധികാരികൾക്ക് അത് നിർവ്വഹിക്കാൻ കഴിയുന്നില്ലെന്നുമാത്രമല്ല, അതൊന്നും പരിരക്ഷിക്കേണ്ട കാര്യമില്ലെന്നും കരുതുകയാണ്. ഭരണഘടന പ്രശ്നമല്ല, സ്വാതന്ത്ര്യവും ആധിപത്യവും മതേതരത്വവും ഒന്നും പ്രശ്നമല്ല. ഈ രാജ്യം ഗാന്ധിജിയുടെ ജീവിത സമർപ്പണംകൊണ്ട് നേടിയെടുത്ത എല്ലാം നഷ്ടപ്പെടുത്തുകയാണ്. ഗാന്ധിജിയുടെ നെഞ്ചിലേക്കുതിർന്ന വെടിയുണ്ടകൾ ഇപ്പോഴും വിശ്രമിച്ചിട്ടില്ല. ആ വെടിയുണ്ടകൾ പലരുടെയും നെഞ്ചിലേയ്ക്ക് കടന്നുവരികയാണ്. പലരുടെയും ജീവൻ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആ ശക്തികൾ അടങ്ങിയിരിക്കുന്നില്ല എന്ന് ബോധ്യമായ വർത്തമാന കാലത്താണ് നമ്മൾ ജീവിക്കുന്നതെന്നതാണ് ഏറ്റവും നിർഭാഗ്യകരം. നമ്മൾ ഗാന്ധി സ്മരണകളിലൂടെ ചെയ്യേണ്ടത് വലിയൊരു ചരിത്ര ധർമ്മമാണ്. ലഹരിവിരുദ്ധ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. പുതിയ തലമുറയെ രക്ഷപ്പെടുത്തണം. 'ഗാന്ധിയിലേയ്ക്ക് മടങ്ങൂ, രാജ്യത്തെ രക്ഷിക്കൂ'

എന്ന മുദ്രാവാക്യം സ്വാർത്ഥകമാക്കേണ്ടത് വർത്തമാന കാലത്ത് അനിവാര്യമാണ്. ഈ രാജ്യം ഇന്ന് നേരിടുന്ന സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ പ്രത്യാഘാതങ്ങൾക്കും പ്രശ്നങ്ങൾക്കും പരിഹാരം കാണാനുള്ള ഏക മാർഗ്ഗം ഗാന്ധിയിലേയ്ക്ക് മടങ്ങുക മാത്രമാണ്. ഗാന്ധിയിലേയ്ക്ക് മടങ്ങുക എന്ന സന്ദേശം ഓരോ പൗരന്റെയും ഉത്തരവാദിത്തമായും പൗരധർമ്മമായും സ്വീകരിക്കാൻ കഴിയുന്നൊരു ആത്മബോധം ഈ ദിനത്തിൽ ഉണ്ടാകണം എന്നുമാത്രമാണ് ഞാൻ വിനീതമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നത്. ഇങ്ങനെ ഒരു ചരിത്രമുഹൂർത്തത്തിന് അവസരമുണ്ടാക്കിയ ബഹുമാന്യരായ സ്പീക്കറെയും മുഖ്യമന്ത്രിയെയും ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ട്, മഹാത്മാഗാന്ധി എന്ന ശക്തിചൈതന്യത്തിനുമുമ്പിൽ വിനയനിർഭരമായ പ്രണാമം അർപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. ഒ. രാജഗോപാൽ: സർ, ലോകം ആദരിക്കുന്ന ഭാരതീയരിൽ അപൂർവ്വം ചിലരിൽ ഒരാളാണ്, ഏറ്റവും ഉന്നതനായിട്ടുള്ള ആളാണ് മഹാത്മാഗാന്ധി. മറ്റ് പല രംഗത്തുമുള്ള ആളുകളുണ്ടാകും. പക്ഷെ അദ്ദേഹം വെറും രാഷ്ട്രീയക്കാരൻ എന്നുള്ള നിലയ്ക്കായിരുന്നില്ല. അദ്ദേഹം ഒരു സ്റ്റേറ്റ്സ്മാൻ ആയിരുന്നു. പൊളിറ്റീഷ്യനല്ല. വരുന്ന തലമുറയെപ്പറ്റി ചിന്തിക്കുന്ന ആളാണ്. അടുത്ത ഇലക്ഷനെക്കുറിച്ചല്ല ചിന്തിക്കുന്നത്. അങ്ങനെയുള്ള ഒരു മഹാനായിരുന്നു അദ്ദേഹം. അദ്ദേഹത്തെക്കുറിച്ച് ഒറ്റ വാചകത്തിൽ പറയാമെങ്കിൽ, ഭാരതീയതയുടെ, ഹിന്ദുത്വത്തിന്റെ, Indianness-ന്റെ, അങ്ങനെയുള്ള പോസിറ്റീവായിട്ടുള്ള ഗുണവിശേഷങ്ങൾ മുഴുവൻ പ്രസംഗിക്കുകയല്ല, ആചരിക്കുന്ന അവസരത്തിൽ വളരെയേറെ വിഷമങ്ങളൊക്കെ അനുഭവിച്ചുകൊണ്ടുതന്നെ, അത് അറിഞ്ഞുകൊണ്ടുതന്നെ അദ്ദേഹം ആ വിഷമങ്ങളെ നേരിട്ടുകൊണ്ട് പ്രവർത്തിച്ച്, വിശ്വസിക്കുന്ന ആശയത്തിനുവേണ്ടി ഉറച്ചുനിൽക്കുന്നതിന്റെ ഏറ്റവും ഉദാത്ത മാതൃകയാണ് മഹാത്മാഗാന്ധി. ഇവിടെ ഏത് പ്രവർത്തകനും എതിർപ്പുണ്ടാകും. പക്ഷെ ആ എതിർപ്പുകളെ മറികടന്നുകൊണ്ട് ഉറച്ചുപോകാനായി ഇത്തരത്തിലുള്ള മഹാത്മാക്കളുടെ മാർഗ്ഗം നമുക്ക് മാതൃകയാകണം.

എനിക്ക് ഒരു സജഷൻകൂടി പറയാനുണ്ട്. ഒട്ടേറെ കാര്യങ്ങൾ പറയാനുണ്ട്. പക്ഷെ സമയത്തിന്റെ പരിമിതികൊണ്ട് ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഒരുകാര്യമേ പറയാനുള്ളൂ. വരുംതലമുറയ്ക്ക് ഗാന്ധിജിയെക്കുറിച്ച് അറിയാനുള്ള വ്യവസ്ഥയുണ്ടാകണം. അതിന്, എല്ലാ ക്ലാസ്സുകളിലും ഗാന്ധിജിയെക്കുറിച്ച് പോസിറ്റീവായി ജനങ്ങൾക്ക് മനസ്സിലാക്കാൻ വേണ്ടിയുള്ള ഒരു പാഠമുണ്ടാകണം. അത് വളരെ ഗുണകരമായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. ഗാന്ധിജിയുടെ ഉപദേശങ്ങൾ സ്വീകരിക്കാത്ത ആളുകൾ നമ്മുടെ നാട്ടിലുണ്ട്. അതിനെക്കുറിച്ച്

ഞാൻ പറയുന്നില്ല. കോൺഗ്രസ് ഒരു ദേശീയ പ്രസ്ഥാനമായിരുന്നു, സ്വാതന്ത്ര്യത്തിനുവേണ്ടി എല്ലാ ഇസവും (ism) മാറ്റിവച്ച് പോരാടിയിട്ടുള്ളതാണ്; അത് നേടിക്കഴിഞ്ഞു. കോൺഗ്രസ് എന്ന ദേശീയ പ്രസ്ഥാനം പിരിച്ചുവിട്ട് പൊളിറ്റിക്കൽ ഐഡിയോളജി അനുസരിച്ചുള്ള പാർട്ടി രൂപീകരിക്കണം എന്നതായിരുന്നു ഗാന്ധിജിയുടെ അവസാനത്തെ ആഗ്രഹം. അത് നടപ്പായില്ല. പല കാരണങ്ങളുമുണ്ട്. അതിലേയ്ക്ക് ഞാനിപ്പോൾ കടക്കുന്നില്ല. ഏതായാലും നമ്മുടെ വരുംതലമുറയ്ക്കെങ്കിലും ഗാന്ധിജിയെക്കുറിച്ച് ശരിയായ അവബോധം സൃഷ്ടിക്കാനുതകുന്ന രീതിയിൽ ചെറിയ കുട്ടികൾക്ക് പറഞ്ഞുകൊടുക്കാനുള്ള ഏർപ്പാടുണ്ടാകണം എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ.

ശ്രീ. പി. ടി. തോമസ്: സർ, ഇങ്ങനെയൊരു ചർച്ച ആയതുകൊണ്ട് ഞങ്ങളിത് controversy ആക്കുന്നില്ല.

മി. സ്പീക്കർ: പ്ലീസ്.. പ്ലീസ്.. ഇരിക്കു. ഇന്നത് വേണ്ട.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, മഹാത്മജിയുടെ 150-ാം ജന്മവാർഷികം ഈ സഭയുടെ ഒരു ദിവസത്തെ സമ്മേളനമാക്കി അദ്ദേഹത്തോടുള്ള ആദരവ് രേഖപ്പെടുത്തിയ അങ്ങയോടും മുഖ്യമന്ത്രിയോടും പ്രതിപക്ഷ നേതാവിനോടുമൊക്കെയുള്ള ആദരവ് അർപ്പിക്കുകയാണ്.

ഇതിലൂടെ നമ്മുടെ ഈ സഭ ഇന്ത്യയിലെ മറ്റ് ജനകീയ സഭകൾക്ക് മാതൃകയാകുകയാണ്. മഹാത്മജിയെയും അദ്ദേഹത്തിന്റെ മഹത്വത്തെയും മറയ്ക്കാൻ ശ്രമിക്കുന്ന ചില പരിശ്രമങ്ങൾ നമ്മുടെ രാജ്യത്ത് ദൗർഭാഗ്യവശാൽ നടപ്പിൽവരികയാണ്. ഒന്നാം ലോക മഹായുദ്ധത്തിനും രണ്ടാം ലോകമഹായുദ്ധത്തിനുമിടയിൽ ലോക രാജ്യങ്ങളും ലോക നേതാക്കളും ശക്തമായ ആയുധങ്ങൾക്ക് മൂർച്ച കൂട്ടുകയായിരുന്നു. അടുത്തുവരുന്നൊരു ലോകമഹായുദ്ധത്തിൽ പങ്കെടുക്കാൻ ആയുധങ്ങൾ ശേഖരിക്കുന്ന തിരക്കിലായിരിക്കുമ്പോൾ ഭാരതത്തിന്റെ സബർമതി ആശ്രമത്തിൽ ഒരു മഹാത്മാവ്, ഒരുപാട് ത്യാഗങ്ങൾ സത്യത്തിനും അഹിംസയ്ക്കുംവേണ്ടി ചെയ്യാൻ തയ്യാറായി നിൽക്കുന്നൊരു മഹാത്മാവ്, ഏറ്റവും ശക്തമായൊരു ആയുധം മെനഞ്ഞെടുക്കുകയായിരുന്നു. ആ ആയുധമാണ് ലോകം എന്നും ആദരവോടെ കാണുന്ന അഹിംസ. ആ ആയുധം തീർത്തെടുത്തത് അദ്ദേഹത്തിന്റെ ആത്മീയമായ ചിന്തയിലൂടെയാണ്. അഹിംസയും സത്യസന്ധതയും ഉയർത്തിപ്പിടിച്ച് പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് മഹാത്മജി തന്റെ സമര പരിപാടികൾ ആവിഷ്കരിച്ചത്. ആഫ്രിക്കയിൽ ജീവിച്ച അദ്ദേഹം അവിടെ സാമ്രാജ്യത്വത്തിനെതിരെ സമരം ചെയ്തു. തന്റെ രാജ്യം സ്വതന്ത്രമല്ല എന്ന വിശ്വാസത്തോടെ ആഫ്രിക്കയിൽനിന്നും മടങ്ങിയെത്തിയ അദ്ദേഹം അഹിംസയുടെ പുതിയ ആയുധവുമായി രംഗത്ത് വരികയാണ്. സത്യസന്ധതയും അഹിംസയും ഉയർത്തിപ്പിടിക്കുന്നൊരു മഹാൻ. അത് മനസ്സിലാക്കാൻ വേറെ എങ്ങും പോകേണ്ട. അദ്ദേഹത്തിന്റെ 'എന്റെ

സത്യാന്വേഷണ പരീക്ഷണങ്ങൾ' എന്ന ആത്മകഥ വായിച്ചാൽ മതി. ഈ പുസ്തകം വായിച്ചാൽ അതിന്റെ ആദ്യ അക്ഷരം മുതൽ അവസാന അക്ഷരം വരെ സത്യം മാത്രമാണ് പറയുന്നത്. ആത്മകഥ എഴുതുമ്പോൾ പലരും അവനവനെ പുകഴ്ത്താൻ ശ്രമിക്കാറുണ്ട്. പക്ഷേ അതിൽനിന്നും വ്യത്യസ്തമായി തന്റെ വീഴ്ചകളും തെറ്റുകളും നന്മകളും തിന്മകളും തന്റെ ചിന്തകളിൽവന്ന അബദ്ധങ്ങൾപോലും എഴുതി പ്രസിദ്ധീകരിക്കാൻ കഴിയുന്ന ഒരു വ്യക്തി എന്നുപറഞ്ഞാൽ അദ്ദേഹമാണ് ഏറ്റവും വലിയ മഹാൻ. അദ്ദേഹം ഈ സമൂഹത്തിന് കാണിച്ചു തന്ന ഒരുപാട് മാതൃകകളുണ്ട്. ബൈബിളും ഖുറാനും ഭഗവത് ഗീതയും ഒരുപോലെ പഠിച്ച് അതിൽ നിന്നാണ് അഹിംസയും സത്യസന്ധതയുമെന്ന ആയുധം അദ്ദേഹം മെനഞ്ഞെടുത്തത്. ഈ മൂന്ന് വേദങ്ങളുമൊന്നാണെന്ന് മനസ്സിലാക്കി അതിനെ സമന്വയിപ്പിച്ചുകൊണ്ടാണ് അദ്ദേഹം ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി മുന്നോട്ടുപോയത്. ആത്മീയതയിൽ അടിത്തറയുള്ള ഒരു സ്വാതന്ത്ര്യസമരരീതി. അഹിംസയും സത്യസന്ധതയുമായിരുന്നു അദ്ദേഹത്തിന്റെ ദൈവം; അതായിരുന്നു അദ്ദേഹം ആരാധിച്ചിരുന്നത്. ക്ഷേത്രത്തിലും പള്ളിയിലുമൊന്നും പോകില്ല. അദ്ദേഹത്തിന്റെ മനസ്സിലെ ആരാധനയെന്നു പറയുന്നത്, സത്യത്തോടും അഹിംസയോടുമുള്ള പ്രതിജ്ഞാബദ്ധമായൊരു പ്രതിബദ്ധതയാണ്. ആ മഹാത്മാവ് നമുക്ക് പഠിപ്പിച്ചുതന്ന ഒരുപാട് കാര്യങ്ങളുണ്ട്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നേടിത്തരാൻ ശ്രമിക്കുന്നതിനുമുമ്പ് അദ്ദേഹം ആഫ്രിക്കയിലായിരുന്നു. തന്റെ വലതുകരണത്തിലടിച്ചാൽ ഇടതുകരണം കാണിച്ചുകൊടുക്കാൻ പറഞ്ഞുകൊടുത്ത ഒരു തത്വശാസ്ത്രമുണ്ട്, ഒരു ആത്മീയശാസ്ത്രമുണ്ട്. അതിന്റെ ഉദാഹരണമാണ്, അദ്ദേഹം ആഫ്രിക്കയിൽ ട്രെയിനിൽ യാത്രചെയ്യുമ്പോൾ അദ്ദേഹത്തെ കാലുകൊണ്ട് ചവിട്ടിയ ഉദ്യോഗസ്ഥന്റെ കാലിന് വേദനയെടുത്തോയെന്ന് ചോദിക്കുന്ന ത്യാഗപൂർണ്ണമായ സമീപനം. അതുപോലെ വട്ടമേശ സമ്മേളനത്തിൽ പങ്കെടുക്കാൻ പോയി, എല്ലാം കഴിഞ്ഞപ്പോൾ അദ്ദേഹം എന്തോ ഒന്നിനായി തെരയുകയായിരുന്നു. നോക്കിയപ്പോൾ തെരഞ്ഞ് കണ്ടെത്തിയത് ഒരു ചെറിയ പെൻസിലായിരുന്നു. ഇത് എന്തിനെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, ഇതുപോലുമില്ലാതെ ജീവിക്കുന്ന അനേകം ഭാരതീയരുണ്ടെന്നും അതുകൊണ്ട് ഇത് നിസ്സാരമായി മുറിഞ്ഞ ഒരു ചെറിയ പെൻസിൽ എന്ന നിലയിൽ വലിച്ചെറിഞ്ഞ് കളയാനുള്ളതല്ലെന്നും ഇതിന് വലിയ വിലയുണ്ടെന്നും ഇനിയും ഒരുപാട് നാളത്തെ ഉപയോഗത്തിനും ഒരുപാട് അവസരങ്ങളും അതിനുണ്ടെന്നും പറഞ്ഞുകൊണ്ട് അത് തെരഞ്ഞു നടക്കുന്ന ആ ഒരു മനസ്സാണ് നാം കാണേണ്ടത്. നമ്മുടെ രാജ്യം അദ്ദേഹത്തിനുശേഷം, സ്വാതന്ത്ര്യത്തിനുശേഷം ഒരുപാട് കാര്യങ്ങൾ നഷ്ടപ്പെടുത്തുകയാണ്, വേസ്റ്റാക്കുകയാണ്. ഇവിടെ മാലിന്യത്തെക്കുറിച്ച് പറഞ്ഞു. ഇതെല്ലാം വേസ്റ്റാണ്. നാം കഴിക്കുന്ന ആഹാരംപോലും അധികമായി ഒരു രാജ്യത്ത് വേസ്റ്റാക്കുന്നു. അത് പാടില്ലെന്ന ഒരു സന്ദേശമാണ് അദ്ദേഹം തരുന്നത്. സാമ്പത്തികമായ അച്ചടക്കമില്ലായ്മ, ഭൗതികവും ആത്മീയവുമായ അച്ചടക്കമില്ലായ്മ, അതാണ് ഭാരതത്തെ നശിപ്പിക്കുന്നത്. അതിലേയ്ക്ക് മടങ്ങി വരാനാണ് നമ്മൾ

ശ്രമിക്കേണ്ടത്. ഇവിടെ പല നേതാക്കളും സംസാരിച്ചതുപോലെ അടുത്തൊരു തലമുറ ഗാന്ധിജിയുടെ ആദർശങ്ങൾ മുന്നോട്ടെടുത്ത് പോകേണ്ട സമയമായിരിക്കുന്നു. അതാണ് അദ്ദേഹത്തിന്റെ സന്ദേശവും. മഹാത്മാഗാന്ധി നമ്മെ വിട്ടുപിരിഞ്ഞിട്ട് കാലങ്ങൾ കഴിഞ്ഞു. 1948 ജനവരി 30-ന് അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞുവെങ്കിലും അവിടെനിന്ന് ഇങ്ങോട്ട് ഓരോ ദിവസം കഴിയുന്തോറും അദ്ദേഹത്തിന്റെ പ്രശസ്തി വർദ്ധിച്ചു വരികയാണ്. ആ പ്രശസ്തി നഷ്ടപ്പെടുത്താൻ മറ്റുചില നേതാക്കൻമാരെ ഉയർത്തിക്കാണിക്കുക, വലിയ വലിയ കാര്യങ്ങൾ ചെയ്യാനൊക്കെ ശ്രമിക്കുന്ന ചില കാഴ്ചകൾ നാം കാണുന്നുണ്ട്. അത് നമ്മൾ തള്ളിക്കളയണം; ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കാരണം ലോകം അദ്ദേഹത്തിന്റെ ആയുധത്തെ അംഗീകരിച്ചു. പരിഷ്കൃത രാജ്യമെന്ന് ഊറ്റം കൊള്ളുന്ന അമേരിക്കപോലൊരു രാജ്യത്ത് കറുത്തവർക്ക് വേറെ ബസ്, കറുത്തവർക്ക് പഠിക്കാൻ വേറെ സ്കൂൾ, വെളുത്തവർക്ക് പഠിക്കാൻ വേറെ സ്കൂൾ. ഇന്ത്യയ്ക്ക് സ്വാന്ത്ര്യം ലഭിച്ചതിനുശേഷവും അമേരിക്കയുടെ സ്ഥിതി അതായിരുന്നു. കറുത്തവർഗ്ഗത്തിൽപ്പെട്ടവർക്ക് ബസ്സിന്റെ ഒരു ഭാഗത്തിരിക്കാം, പ്രത്യേക സ്കൂളിൽ പഠിക്കാം. വെളുത്ത വർഗ്ഗത്തിൽപ്പെട്ടവർക്കായി വേറെ സ്കൂളും കോളേജും നടത്തിയിരുന്ന ഒരു കാലഘട്ടത്തിൽ അതിനെതിരെ സമരം ചെയ്ത ലോകത്തിലെ ഏറ്റവും കരുത്തനായ നേതാവാണ് മാർട്ടിൻ ലൂഥർകിംഗ്. അദ്ദേഹം സ്വീകരിച്ച മാർഗ്ഗം ഗാന്ധിജിയുടെ അഹിംസാ മാർഗ്ഗമാണ്. അല്ലാതെ ലാത്തിച്ചാർജ്ജും വെടിവയ്പുമൊന്നുമല്ല. സഹനസമരങ്ങളിലൂടെയും സത്യാഗ്രഹങ്ങളിലൂടെയും ഗാന്ധിജിയുടെ അഹിംസയെന്ന വലിയ തത്വശാസ്ത്രത്തെ സ്വീകരിച്ചതുകൊണ്ടാണ് അമേരിക്കയിലെ വർണ്ണ വിവേചനത്തിനെതിരെ അദ്ദേഹത്തിന് പോരാടാൻ സാധിച്ചത്. നമുക്ക് അഭിമാനിക്കാം, കാരണം ഭാരതീയനായ മഹാത്മാഗാന്ധി കണ്ടെത്തിയ ആയുധം വികസിത രാജ്യങ്ങളിൽപ്പോലും അനീതിക്കെതിരെ ഉപയോഗിച്ചുവെന്ന് പറയുന്നത് മഹാത്മജിയുടെ വലിപ്പം വർദ്ധിപ്പിക്കുകയാണ്. നമ്മളെ സംബന്ധിച്ച്, നമ്മുടെ രാജ്യത്തിന് അദ്ദേഹത്തിന്റെ നഷ്ടം ഒരു വലിയ നഷ്ടം തന്നെയാണ്. സ്വാതന്ത്ര്യം ലഭിച്ച് മാസങ്ങൾ കഴിഞ്ഞപ്പോൾത്തന്നെ അദ്ദേഹത്തെ നമുക്ക് നഷ്ടപ്പെട്ടു. മഹാത്മജിയിൽനിന്നും പലതും നമുക്ക് നേടാനും അറിയാനുമുണ്ടായിരുന്നു. നമ്മുടെ സമൂഹം പലതും പഠിക്കാനുണ്ടായിരുന്നു. അതിനൊന്നും നമുക്ക് അവസരം ലഭിച്ചില്ല. ആ അവസരമെല്ലാം നമുക്ക് നഷ്ടപ്പെട്ടു. പക്ഷേ ഇനിയെങ്കിലും അദ്ദേഹത്തിന്റെ ഓർമ്മയിൽ നമുക്ക് അതെല്ലാം വീണ്ടെടുക്കാൻ കഴിയണം. അദ്ദേഹത്തെ നഷ്ടപ്പെടുത്തിയതാണ്. ഈ നഷ്ടപ്പെടുത്തിയവർ ഇന്ന് വീണ്ടും രാജ്യത്ത് അദ്ദേഹത്തിന്റെ പ്രസക്തിയെക്കുറിച്ചും ശുചിത്വത്തെക്കുറിച്ചും വാക്കുകളെക്കുറിച്ചും സന്ദേശത്തെക്കുറിച്ചും പറയാൻ തുടങ്ങിയതിൽ എനിക്ക് സന്തോഷമുണ്ട്. ഈ സഭയുടെ വിലപ്പെട്ട രേഖയിൽ അദ്ദേഹത്തെപ്പോലൊരു മഹാത്മാവിനെ നഷ്ടപ്പെടുത്തിയവരെക്കുറിച്ച് പറഞ്ഞ്, അവരുടെയൊന്നും പേരുകൾ ഈ സഭയുടെ രേഖയിൽ എഴുതിച്ചേർക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല, അത് നമുക്ക് നല്ലതല്ല. അത്തരം ആളുകളെ മറക്കണം. സൂര്യന്റെ

മുമ്പിൽ വന്നുനിറയുന്ന ചില ഗ്രഹണങ്ങളുണ്ട്. അത് നൈമിഷികം മാത്രമാണ്. ഗാന്ധിജിയെ മറയ്ക്കാൻ ആരെങ്കിലും ശ്രമിക്കുന്നുണ്ടെങ്കിൽ അത് നൈമിഷികമായ ഒരു വൃഥാപരിശ്രമം മാത്രമാണ്. അത് വിജയിക്കുകയില്ല. മഹാത്മാഗാന്ധിയെന്ന തേജസ്സുള്ള സൂര്യൻ എന്നും ഭാരതീയന്റെ മനസ്സിൽ ഉണർന്നു നിൽക്കും. ചരിത്രത്തെ മാറ്റിയെഴുതുന്നതിനെക്കുറിച്ച് ഇവിടെ നേതാക്കൾ പലതും പറഞ്ഞു. ചരിത്രം ഒരു പുസ്തകത്തിൽ മാറ്റിയെഴുതിയാൽ ഭാരതീയന്റെ മനസ്സിൽനിന്നും ലോകജനതയുടെ മനസ്സിൽനിന്നും മഹാത്മാഗാന്ധിയെന്ന വ്യക്തിത്വം മറഞ്ഞു പോകില്ലെന്നു മാത്രമേ ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നുള്ളൂ. അദ്ദേഹം നേടിത്തന്ന സ്വാതന്ത്ര്യത്തിന് ഈ രാജ്യത്തിന്റെയും നമ്മുടെ ഓരോരുത്തരുടെയും നന്ദി ഈ അവസരത്തിൽ അർപ്പിച്ചുകൊണ്ട്, അദ്ദേഹത്തിന്റെ സ്മരണയ്ക്ക് മുമ്പിൽ, അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെയും സത്യസന്ധതയുടെയും അഹിംസയുടെയും മുമ്പിൽ ശിരസ്സ് നമിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു, നന്ദി.

മി. സ്പീക്കർ: മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ചുള്ള പ്രത്യേക സമ്മേളനം ഇവിടെ അവസാനിക്കുകയാണ്. ഈ സമ്മേളനത്തിനു മുമ്പ് കേരളത്തിന്റെ സാംസ്കാരിക അന്തരീക്ഷത്തിൽ ശക്തമായ സാന്നിദ്ധ്യം ഉറപ്പിച്ചുകൊണ്ട് ഗാന്ധി ദർശനങ്ങൾ പ്രചരിപ്പിക്കുന്നതിനുവേണ്ടിയുള്ള വൈവിദ്ധ്യമാർന്ന പരിപാടികൾ സംഘടിപ്പിച്ച സാംസ്കാരിക വകുപ്പിനെ പ്രത്യേകമായി അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. തീർച്ചയായിട്ടും ഗാന്ധി ദർശനം കാലാതീതമാകുന്നത് പരമ്പരാഗതമായ അർത്ഥത്തിലുള്ള തത്വചിന്താശീലങ്ങളെ അദ്ദേഹം തിരസ്കരിച്ചുവെന്നതു കൊണ്ടാണ്. ആശയാവലികൾ ആദിമദ്ധ്യാന്ത പൊരുത്തത്തോടുകൂടി എഴുതിവയ്ക്കുകയല്ല, ജീവിത യാഥാർത്ഥ്യങ്ങളെ നിരന്തരം അഭിമുഖീകരിച്ചുകൊണ്ട് പുതിയ അറിവുകൾ സ്വീകരിക്കുകയാണ് അദ്ദേഹത്തിന്റെ ദർശനത്തിന്റെ പ്രത്യേകത. ഈ സാഹചര്യത്തിൽ കേരള നിയമസഭയിൽ 150-ാം വാർഷികത്തോടനുബന്ധിച്ച് ഒരു ഗാന്ധി പഠന കേന്ദ്രം ആരംഭിക്കാൻകൂടി തീരുമാനിക്കുകയാണെന്ന വിവരം സന്തോഷത്തോടുകൂടി അറിയിക്കുകയാണ്. സമ്മേളനം പിരിഞ്ഞതിനുശേഷം നമ്മൾ എല്ലാവരും ഒരുമിച്ച് നിയമസഭാ വളപ്പിലുള്ള ഗാന്ധിപ്രതിമയിൽ പുഷ്പാർച്ചന നടത്തുന്നതാണ്.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നവംബർ മാസം 4-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

( 2019 നവംബർ മാസം 4-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 10.56-ന് പിരിഞ്ഞു)

# II അനുബന്ധം

## നക്ഷത്രചിഹ്നമിട്ടതും നക്ഷത്രചിഹ്നമിടാത്തതുമായ ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ

1 (*121) ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. പി. ഉണ്ണി:
ശ്രീ. ആന്റണി ജോൺ:
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കർഷകർ ഉല്പാദിപ്പിക്കുന്ന ജൈവ കാർഷികോല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും അവ അനായാസം വിറ്റഴിക്കുന്നതിനുള്ള വിപണന സൗകര്യം ഏർപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ജൈവകൃഷിയും ഉത്തമ കൃഷിമുറകളും അവലംബിക്കുന്ന കർഷകർക്ക് ജൈവ സർട്ടിഫിക്കേഷൻ നൽകി വരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാന സർക്കാർ 2010-ൽ പ്രഖ്യാപിച്ച ജൈവ കാർഷിക നയത്തിന്റെ അടിസ്ഥാനത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ എല്ലാ ജില്ലകളിലും ജൈവകൃഷിയും ഉത്തമ കൃഷിമുറകളും നടപ്പിലാക്കിവരുന്നുണ്ട്. നിലവിൽ പ്രധാനമായും പഴം, പച്ചക്കറി വിളകളിലാണ് 'ജൈവകൃഷിയും ഉത്തമ കൃഷിമുറകളും' നടപ്പിലാക്കി വരുന്നത്. കർഷകരുടെ കൃഷിയിടങ്ങളെ 15-25 ഹെക്ടർ വീതമുള്ള ക്ലസ്റ്ററുകളായി തിരിച്ച് ക്ലസ്റ്ററടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലസ്റ്ററടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. 15-25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററിനും 75,000 രൂപയാണ് ധനസഹായമായി നൽകുന്നത്.

2. ഇക്കോഷോപ്പുകൾ

ജൈവ ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ, മറ്റ് ഉല്പാദനോപാധികൾ എന്നിവയുടെ വിപണനത്തിനായി സംസ്ഥാനത്തുടനീളം 241 ഇക്കോഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. ഓരോ ഇക്കോഷോപ്പിനും 2 ലക്ഷം രൂപ ധനസഹായമായി നൽകുന്നുണ്ട്.

3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം

ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ കോർപ്പറേഷൻ, മുൻസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് 32 നേരിട്ടുള്ള വിപണികൾ നടപ്പിലാക്കിയിട്ടുണ്ട്.

4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ

കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവ കൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ. മുഖാന്തരം പി.ജി.എസ്. സർട്ടിഫിക്കേഷൻ നടത്തുന്നതിന് 2016-17 മുതൽ 1000 ഹെക്ടറിലേയ്ക്ക് 60 ലക്ഷം രൂപയാണ് ചെലവഴിച്ചത്.

5. കുട്ടനാട് ജി.എ.പി. പദ്ധതി

കുട്ടനാട്ടിലെ പ്രത്യേക പരിസ്ഥിതി-ആവാസ വ്യവസ്ഥകൾക്ക് അനുസൃതമായി നെൽ കൃഷിയിൽ നല്ല കൃഷി മുറകൾ പാലിച്ച് സുസ്ഥിര നെൽകൃഷിക്കുള്ള പദ്ധതികൾ ആവിഷ്കരിച്ച് 2017-18, 2018-19 വർഷങ്ങളിൽ നടപ്പിലാക്കി. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ 27750 ഹെക്ടർ സ്ഥലത്ത് പാടശേഖരത്തിലാണ് ഈ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്. കുട്ടനാട്ടിലെ വരിനെല്ലിന്റെ നിയന്ത്രണം, കരിമണ്ണിന്റെ പരിപാലനം, ഇക്കോളജിക്കൽ എഞ്ചിനീയറിംഗ് മുറകൾ, കർഷകർക്കാവശ്യമുള്ള ജൈവ ഉപാധികളുടെ നിർമ്മാണം, ട്രൈക്കോ കാർഡ് നിർമ്മാണവും വിതരണവും, സംയോജിത രോഗ കീടനിയന്ത്രണ മാർഗ്ഗങ്ങൾ, കള നിയന്ത്രണം, വിപണി ഇടപെടൽ, മറ്റ് ജൈവ കാർഷിക മുറകൾ ഉൾപ്പെട്ട ഡെമൺസ്ട്രേഷൻ, കർഷകർക്കുള്ള പരിശീലന പരിപാടികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

6. സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ്

ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജകമണ്ഡലം (ഒന്നാം സമ്മാനം 15 ലക്ഷം രൂപ, രണ്ടാം സമ്മാനം 10 ലക്ഷം രൂപ, മൂന്നാം സമ്മാനം 5 ലക്ഷം രൂപ), കോർപ്പറേഷൻ (ഒന്നാം സമ്മാനം 3 ലക്ഷം രൂപ ), മുനിസിപ്പാലിറ്റി (ഒന്നാം സമ്മാനം 3 ലക്ഷം രൂപ, രണ്ടാം സമ്മാനം 2 ലക്ഷം രൂപ, മൂന്നാം സമ്മാനം 1 ലക്ഷം രൂപ), ഗ്രാമപഞ്ചായത്ത് (ഒന്നാം സമ്മാനം 3 ലക്ഷം രൂപ, രണ്ടാം സമ്മാനം 2 ലക്ഷം രൂപ, മൂന്നാം സമ്മാനം 1 ലക്ഷം രൂപ) എന്നീ തലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകിവരുന്നു.

7. കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന

സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ 'സേഫ് ടു ഈറ്റ്' എന്ന പദ്ധതി ഘടകം ഉൾപ്പെടുത്തി വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധനാഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in- ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും 3 മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

കൂടാതെ ഹോർട്ടിക്കൾച്ചർ കോളേജ്, വെള്ളാണിക്കര (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ സ്ഥാപനങ്ങളിലും കീടനാശിനി അവശിഷ്ട പരിശോധനാലാബ് പ്രവർത്തിക്കുന്നുണ്ട്.

8. സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്

'സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്' എന്ന പുതിയ കൃഷിരീതി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷി ചെലവു കുറഞ്ഞ രീതിയിൽ നടപ്പാക്കി വരുമാന വർദ്ധനവ് ഉണ്ടാക്കുന്നതിനും കർഷകരെ സജ്ജമാക്കുന്നതിന്റെ ഭാഗമായി സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗിന്റെ പ്രയോക്താവായ പത്മശ്രീ സുഭാഷ് പലേക്കറിനെ ഉൾപ്പെടുത്തി സംസ്ഥാനതല ശില്പശാല സംഘടിപ്പിച്ചു.

9. ഫാം സ്കൂൾ മുഖേന കർഷകർക്കുള്ള പരിശീലനങ്ങൾ

ജൈവകൃഷി രീതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുംവേണ്ടി ഫാം സ്കൂളുകൾ സജ്ജീകരിച്ച് കർഷകർക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ഇത്തരം 73 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നുണ്ട്.

(ബി) കർഷകർ ഉല്പാദിപ്പിക്കുന്ന ജൈവ കാർഷികോല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും അവ അനായാസം വിറ്റഴിക്കുന്നതിനും നിലവിൽ സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തിൽതന്നെ വിപണി കണ്ടെത്തി "കേരള ഓർഗാനിക്" എന്ന ബ്രാൻഡ് ലേബൽ നൽകി ഉല്പന്നങ്ങൾ പ്രാദേശിക വിപണികൾ വഴിയും ഇക്കോഷോപ്പുകൾ വഴിയും ഉപഭോക്താക്കളിൽ എത്തിക്കുവാൻ സാധിക്കുന്നു. ജൈവ ക്ലസ്റ്ററുകളിൽനിന്നും ശേഖരിക്കുന്ന ഗുണമേന്മയേറിയ ഇത്തരം പച്ചക്കറി, പഴവർഗ്ഗങ്ങൾ കൃഷി വകുപ്പിന്റെതന്നെ ഇക്കോഷോപ്പുകൾ മുഖാന്തരം കർഷകർ വില്പന നടത്തുന്നു. ഇത്തരം ഇക്കോഷോപ്പുകൾ സജ്ജമാക്കുന്നതിന് തുടക്കത്തിൽ 2 ലക്ഷം രൂപയും രണ്ടാം വർഷം തെരഞ്ഞെടുത്തവയ്ക്ക് പ്രവർത്തന ഫണ്ടായി 1 ലക്ഷം രൂപയും നൽകുന്നുണ്ട്.

ജി.എ.പി. സർട്ടിഫിക്കേഷനോടുകൂടിയ തെരഞ്ഞെടുക്കപ്പെട്ട ഇത്തരം ജൈവ ക്ലസ്റ്ററുകളിൽനിന്നും ശേഖരിക്കുന്ന ഉല്പന്നങ്ങൾ തരംതിരിച്ച്, ഗ്രേഡ് ചെയ്ത് കേരള ഓർഗാനിക് എന്ന പ്രത്യേക ലേബലോടുകൂടിയ പായ്ക്കറ്റുകളിലാക്കുന്നു. ഇതിലേയ്ക്ക് ക്ലസ്റ്ററുകൾ സന്നദ്ധസംഘടനകളുടെ സേവനം ഉപയോഗപ്പെടുത്തി നേരിട്ടുള്ള വിപണിവഴി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. പരിസ്ഥിതിക്ക് അനുയോജ്യമായ വസ്തുക്കളാണ് പായ്ക്കിംഗിനായി ഉപയോഗിക്കുന്നത്. അതുവഴി ഉപഭോക്താക്കൾക്ക് ഗുണമേന്മ ഉറപ്പുവരുത്താനും കൂടുതൽ സ്വീകാര്യത കൈവരിക്കാനും സാധിക്കുന്നു. നേരിട്ടുള്ള വിപണനത്തിന് 3 ലക്ഷം രൂപ ധനസഹായം ലഭ്യമാക്കുന്നു. ഇതുവരെ 241 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതിയിൻകീഴിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ നടപ്പു സാമ്പത്തികവർഷം 15 പുതിയ ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിന് രണ്ട് ലക്ഷം രൂപ വീതം 30.00 ലക്ഷം ധനസഹായം നൽകുന്നതിനായി പദ്ധതി തയ്യാറാക്കി നടപ്പിലാക്കിവരുന്നു. ഇപ്രകാരം കർഷകർക്ക് വിപണി വിലയേക്കാൾ 20-30% വിലക്കൂടുതൽ ലഭ്യമാകുകയും ഉപഭോക്താവിന് സുരക്ഷിത ഉല്പന്നം ഉറപ്പാക്കുകയും ചെയ്യുന്നു.

(സി) കേരളത്തിന്റെ തനതായ കാർഷികോല്പന്നങ്ങൾക്കും ജൈവോല്പന്നങ്ങൾക്കും വിദേശ വിപണി നേടിയെടുക്കുന്നതിന് സംസ്ഥാനത്ത് കാർഷിക കയറ്റുമതി നയം രൂപീകരിച്ച് നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനം

കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാനത്തുനിന്നുള്ള കാർഷിക കയറ്റുമതി ത്വരിതപ്പെടുത്തുന്നതിനും GAP പ്രകാരമുള്ള പച്ചക്കറിയും പഴവർഗ്ഗങ്ങളും കയറ്റുമതി ചെയ്യുന്നതിനുമായി VFPCK യെ സർക്കാർ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. ഇതിനാവശ്യമായ പദ്ധതി രൂപരേഖ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. നിലവിൽ 8700 ഓളം ജി.എ.പി. സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്.

ഉത്തമ കൃഷിമുറകൾ അനുവർത്തിച്ച് നടപ്പിലാക്കുന്ന കൃഷിയിടങ്ങൾക്ക് സാക്ഷ്യപത്രവും പി.ജി.എസ്.-ലേയ്ക്കുള്ള മുന്നൊരുക്കങ്ങളും ലക്ഷ്യമിടുന്നു. പ്രാരംഭഘട്ടത്തിൽ പച്ചക്കറികൾക്കും പഴവർഗ്ഗങ്ങൾക്കുമാണ് ഈ സാക്ഷ്യപത്രം നൽകുന്നത്. ഇതിനായി ജിഎപി. മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ക്ലസ്റ്റർ അടിസ്ഥാനത്തിലായിരിക്കും സാക്ഷ്യപത്രം നൽകുന്നത്. ഈ വിധത്തിൽ കൃഷി ചെയ്ത് കിട്ടുന്ന ഉൽപ്പന്നങ്ങൾ ജിഎപി. സർട്ടിഫൈഡ് എന്ന ലേബലോടുകൂടി വിപണിയിൽ എത്തുന്നു. സർട്ടിഫിക്കേഷൻ സംവിധാനത്തിലൂടെ കർഷകർക്ക് ന്യായമായ വില ലഭിക്കുകയും ഉപഭോക്താക്കൾക്ക് സുരക്ഷിത ഉൽപ്പന്നങ്ങൾ ലഭ്യമാകുകയും ചെയ്യുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## സർവ്വകലാശാലകളിലെ അദാലത്തുകൾ

2 (*122) ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. റോജി എം. ജോൺ:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ അദാലത്തുകൾ സംഘടിപ്പിക്കാറുണ്ടോ; എങ്കിൽ ഏതൊക്കെ കാര്യങ്ങൾ പരിഗണിക്കുവാനാണ് ഇത്തരം അദാലത്തുകൾ സംഘടിപ്പിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് മോഡറേഷനുള്ള അപേക്ഷ അദാലത്തിൽ ലഭിച്ചാൽ അത്തരം തീരുമാനം എടുക്കുവാൻ അദാലത്തുകൾക്ക് അധികാരം ഉണ്ടോ; ഇല്ലെങ്കിൽ 22-2-2019-ന് എം.ജി. സർവ്വകലാശാല സംഘടിപ്പിച്ച അദാലത്തിൽ കോതമംഗലത്തുള്ള സ്വാശ്രയ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എഞ്ചിനീയറിംഗ് കോളേജിൽ പഠിച്ച ഒരു വിദ്യാർത്ഥിനിക്ക് തോറ്റ വിഷയത്തിൽ മാർക്ക് കൂട്ടി നൽകുന്നതിനുള്ള തീരുമാനം എടുത്തത് ഏത് സാഹചര്യത്തിലാണ്; ഇതിനുള്ള ചട്ടം ഏതാണ്;

(സി) പ്രസ്തുത വിദ്യാർത്ഥിനിക്ക് മോഡറേഷൻ നൽകണമെന്ന ഫയൽ അക്കാദമിക് കൗൺസിലിന്റെ പരിഗണനയിലിരിക്കവെ സർവ്വകലാശാല സിൻഡിക്കേറ്റ് 30-4-2019-ൽ ചേർന്ന് ബി. ടെക് പരീക്ഷയിൽ ഏതെങ്കിലും ഒരു സെമസ്റ്ററിൽ ഏതെങ്കിലും ഒരു വിഷയത്തിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിട്ടുള്ള മോഡറേഷന് പുറമേ പരമാവധി അഞ്ച് മാർക്ക് സിൻഡിക്കേറ്റ് മോഡറേഷനായി അനുവദിക്കുവാൻ തീരുമാനിച്ചിരുന്നോ; ഈ തീരുമാനം അജണ്ടയ്ക്ക് പുറത്തുള്ള വിഷയമായിട്ടാണോ സിൻഡിക്കേറ്റ് പരിഗണിച്ചത്; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഡി) പരാജയപ്പെട്ട വിദ്യാർത്ഥികളെ ഫലപ്രഖ്യാപനത്തിന് ശേഷം അധിക മോഡറേഷൻ അനുവദിച്ച് വിജയിപ്പിക്കുന്നതിന് തീരുമാനം എടുക്കുവാൻ സർവ്വകലാശാല സിൻഡിക്കേറ്റിന് അധികാരമുണ്ടോ; സ്റ്റാറ്റ്യൂട്ടിലെ ഏത് വകുപ്പ് പ്രകാരമാണ് ഇപ്രകാരം ഒരു തീരുമാനം എടുത്തത്;

(ഇ) ഇത് റദ്ദ് ചെയ്യുന്നതിനും ഇക്കാര്യം സംബന്ധിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി കൈക്കൊള്ളുന്നതിനും തീരുമാനം ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) അദാലത്തുകൾ സംഘടിപ്പിക്കാറുണ്ട്. വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള വിവിധ കോളേജുകളുടേയും മറ്റ് ഗുണഭോക്താക്കളുടേയും സർവ്വകലാശാലയുമായുള്ള വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് പരിഹരിക്കപ്പെടാത്ത പരാതികൾ പരിഹരിക്കുന്നതിനാണ് അദാലത്തുകൾ സംഘടിപ്പിക്കുന്നത്.

(ബി) അദാലത്തുകൾക്ക് അധികാരമുള്ളതായി കാണുന്നില്ല. 22-2-2019-ന് നടന്ന അദാലത്തുമായി ബന്ധപ്പെട്ട അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിന് സിൻഡിക്കേറ്റ് നിർവ്വാഹക സമിതിയെ സിൻഡിക്കേറ്റിന്റെ പൂർണ്ണ അധികാരത്തോടെ നിയോഗിച്ചിരുന്നു. മോഡറേഷൻ ആവശ്യം ഉയർത്തി 2016 മുതൽ നിരവധി ബി.ടെക് വിദ്യാർത്ഥികൾ നിരന്തരം സർവ്വകലാശാലയെ സമീപിച്ചിരുന്നു. 2016 ഓഗസ്റ്റ് 13-ന് വിദ്യാർത്ഥികൾ ഇതേ വിഷയം ഉന്നയിച്ച് സർവ്വകലാശാലാ മാർച്ച് നടത്തുകയും അന്ന് ചുമതല വഹിച്ചിരുന്ന വൈസ് ചാൻസലർ വിദ്യാർത്ഥികളുമായി സംസാരിക്കുകയും വിഷയം പരിഗണിക്കാമെന്ന്

അറിയിക്കുകയും ചെയ്തിരുന്നു. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേയ്ക്ക് ബി.ടെക് കോഴ്സുകൾ പൂർണ്ണമായും മാറുകയും സപ്ലിമെന്ററി വിദ്യാർത്ഥികൾ മാത്രം സർവ്വകലാശാലയിൽ തുടരുകയും ചെയ്യുന്ന സാഹചര്യമുണ്ടായിരുന്നു. ഒരു വിഷയത്തിൽ നേരിയ മാർക്കിന്റെ കുറവുകൊണ്ട് ബി.ടെക് പഠനം പൂർത്തീകരിക്കാൻ വിദ്യാർത്ഥികൾക്ക് സാധിക്കാതിരിക്കുകയും നാലു വർഷത്തെ പഠനത്തിനുശേഷം 56 വിഷയങ്ങളിൽ 55 വിഷയങ്ങൾക്ക് ജയിക്കുകയും ഒരു വിഷയത്തിന് മാത്രം കുറച്ച് മാർക്കിൽ പരാജയപ്പെടുകയും ചെയ്ത് പ്ലസ് ടു യോഗ്യതയിലേയ്ക്ക് മാത്രമായി വിദ്യാർത്ഥികൾ ചുരുങ്ങുന്ന അവസ്ഥയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഇതേ പരാതിയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും ഒരു വിഷയത്തിന് ഒരു മാർക്ക് മോഡറേഷൻ നൽകുന്നതിനാണ് 21-2-2019-ന് സിൻഡിക്കേറ്റ് തീരുമാനമെടുത്തത്. മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 4 ചട്ടം 23(15) പ്രകാരം സർവ്വകലാശാലയുടെ പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സിൻഡിക്കേറ്റിന്റെ അധികാരമാണ്.

(സി) തീരുമാനിച്ചിരുന്നു. അതെ; മോഡറേഷൻ ആവശ്യം ഉയർത്തി 2016 മുതൽ നിരവധി ബി.ടെക് വിദ്യാർത്ഥികൾ നിരന്തരം സർവ്വകലാശാലയെ സമീപിച്ചിരുന്നു. 2016 ഓഗസ്റ്റ് 13-ന് വിദ്യാർത്ഥികൾ ഇതേ വിഷയം ഉന്നയിച്ച് സർവ്വകലാശാലാ മാർച്ച് നടത്തുകയും അന്ന് ചുമതല വഹിച്ചിരുന്ന വൈസ് ചാൻസലർ വിദ്യാർത്ഥികളുമായി സംസാരിക്കുകയും വിഷയം പരിഗണിക്കാമെന്ന് അറിയിക്കുകയും ചെയ്തിരുന്നു. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേയ്ക്ക് ബി.ടെക് കോഴ്സുകൾ പൂർണ്ണമായും മാറുകയും സപ്ലിമെന്ററി വിദ്യാർത്ഥികൾ മാത്രം സർവ്വകലാശാലയിൽ തുടരുകയും ചെയ്യുന്ന സാഹചര്യമുണ്ടായിരുന്നു. നേരിയ മാർക്കിന്റെ കുറവുകൊണ്ട് ബി.ടെക് പഠനം പൂർത്തീകരിക്കാൻ വിദ്യാർത്ഥികൾക്ക് സാധിക്കാതിരിക്കുകയും നാലു വർഷത്തെ പഠനത്തിനുശേഷം 56 വിഷയങ്ങളിൽ 55 വിഷയങ്ങൾക്ക് ജയിക്കുകയും ഒരു വിഷയത്തിന് മാത്രം നിസാര മാർക്കിൽ പരാജയപ്പെടുകയും ചെയ്ത് പ്ലസ് ടു യോഗ്യതയിലേയ്ക്ക് മാത്രമായി വിദ്യാർത്ഥികൾ ചുരുങ്ങുന്ന അവസ്ഥയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കിട്ടിയ അപേക്ഷ പരിഗണിച്ചപ്പോൾ പരമാവധി വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിലുള്ള മോഡറേഷനാണ് തീരുമാനിച്ചത്. ആയതിന്റെ അടിസ്ഥാനത്തിലാണ് 5 മാർക്ക് മോഡറേഷൻ നൽകാൻ തീരുമാനിച്ചത്. ഇതിലേയ്ക്കായി വിദ്യാർത്ഥികൾ സമർപ്പിച്ച ഒരോ അപേക്ഷയും പ്രത്യേക നമ്പരുകളുള്ള ഫയലുകളാക്കി തീർപ്പാക്കുന്നതിലുള്ള നടപടിക്രമങ്ങളും സങ്കീർണ്ണതയും കാലതാമസവും ഒഴിവാക്കുന്നതിനാണ് ഈ വിഷയം പൊതുവായി എടുത്ത് ഔട്ട് ഓഫ് അജണ്ടയായി പരിഗണിച്ചത്.

(ഡി) മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 4 ചട്ടം 23(15) പ്രകാരം സർവ്വകലാശാലയുടെ പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സിൻഡിക്കേറ്റിന്റെ അധികാരമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സാഹചര്യവും പ്രത്യേകമായി പരിഗണിച്ച് വിദ്യാർത്ഥികൾക്ക് മോഡറേഷൻ നൽകുന്നതിനുള്ള തീരുമാനം സിൻഡിക്കേറ്റ് എടുക്കുകയാണ് ചെയ്യുന്നത്.

(ഇ) 30-4-2019 -ലെ ഒ.എ. 28/19.03 പ്രകാരം എടുത്ത നയപരമായ തീരുമാനം പൊതുസമൂഹത്തിനു മുമ്പിൽ സർവ്വകലാശാലയും അക്കാദമിക സമൂഹവും സംശയത്തിന്റെ നിഴലിൽപോലും വരാതിരിക്കുവാനുമായി 24-10-2019-ലെ ഇനം നമ്പർ 01/19.09 സിൻഡിക്കേറ്റ് തീരുമാനപ്രകാരം പിൻവലിച്ചിട്ടുണ്ട്.

## സ്വകാര്യ ബസ്സുകളെ നിയന്ത്രിക്കാൻ നടപടി

3 (*123) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. സ്വരാജ്:
ശ്രീ. രാജു എബ്രഹാം:
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യാതൊരു മാനദണ്ഡങ്ങളും പാലിയ്ക്കാതെ സർവ്വീസ് നടത്തുന്ന സ്വകാര്യ ബസുകളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സ്വകാര്യ ബസുകളുടെ അമിതവേഗതമൂലം നിരവധി അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ സ്വകാര്യ ബസുകളിൽ സ്പീഡ് ഗവർണർ നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സമയക്രമം പാലിക്കാതെ ഓടുന്നതും റൂട്ട് ഓടാതെ ട്രിപ്പ് കട്ട് ചെയ്യുന്നതും വിദ്യാർത്ഥികളെ കയറ്റാതിരിക്കുന്നതുമായ സ്വകാര്യ ബസുകളെ കണ്ടെത്തുന്നതിന് എന്തെല്ലാം പരിശോധനകളാണ് നടത്തിവരുന്നത്;

(ഡി) പരിശോധനകളിൽ ക്രമക്കേടുകൾ കണ്ടെത്തുന്ന സ്വകാര്യ ബസുകളുടെ ഉടമകൾക്കെതിരെ എന്തെല്ലാം ശക്തമായ നിയമനടപടികൾ ആണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഇത്തരം നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനായി ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ

(എൻഫോഴ്സ്മെന്റ്) എന്നിവരുടെ നേതൃത്വത്തിലുള്ള സ്ക്വാഡുകൾ പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവരിൽനിന്നും പിഴ ഈടാക്കുന്ന-തുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. വാഹന പരിശോധന സമയത്തും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന സമയത്തും ഇതിന്റെ കാര്യക്ഷമത പരിശോധിക്കുന്നുണ്ട്.

(സി&ഡി) ഇത്തരം നിയമലംഘനങ്ങൾ കണ്ടെത്തി തടയുന്നതിനായി പരിശോധന നടത്തുന്നുണ്ട്. നിയമലംഘനങ്ങളും ക്രമക്കേടുകളും കണ്ടെത്തുന്ന വാഹനയുടമകൾക്കെതിരെ പിഴയീടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇത്തരം കുറ്റകൃത്യങ്ങൾ നടത്തുന്ന ബസ് ജീവനക്കാരുടെ ഡ്രൈവിംഗ് ലൈസൻസ്, കണ്ടക്ടർ ലൈസൻസ് മുതലായവ സസ്പെന്റ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## നഗരസഭാ പ്രദേശങ്ങൾക്കായി മാസ്റ്റർ പ്ലാനുകൾ

4 (*124) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭാ പ്രദേശങ്ങൾക്കായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പദ്ധതി പ്രകാരം എത്ര മാസ്റ്റർ പ്ലാനുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അംഗീകരിച്ചതും പ്രസിദ്ധീകരിച്ചതുമായ മാസ്റ്റർപ്ലാനുകൾ ജനങ്ങൾക്ക് വീക്ഷിക്കുവാനും അതു സംബന്ധിച്ച് അന്വേഷണങ്ങൾ നടത്തുവാനും എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ;

(സി) അമൃത് പദ്ധതിയിൽ ഉൾപ്പെട്ട പട്ടണങ്ങളിൽ ജി.ഐ.എസ്.അധിഷ്ഠിത മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള സാമൂഹിക-സാമ്പത്തിക സർവ്വേ, ഗതാഗത പഠനങ്ങൾ, ബന്ധപ്പെട്ട മറ്റു വിവര ശേഖരണം എന്നിവ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) സംസ്ഥാനത്ത് 25 അംഗീകൃത മാസ്റ്റർ പ്ലാനുകൾ നിലവിലുണ്ട്. കൂടാതെ പ്രസിദ്ധീകരിക്കപ്പെട്ട 20 മാസ്റ്റർ പ്ലാനുകൾ അന്തിമ അംഗീകാരം നേടുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 25 അംഗീകൃത മാസ്റ്റർ പ്ലാനുകളിൽ 11 എണ്ണം മാസ്റ്റർ പ്ലാനുകളുടെയും നഗരാസൂത്രണ പദ്ധതികളുടെയും തയ്യാറാക്കൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നിർവ്വഹിച്ചിട്ടുള്ളത്. ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ച് സംസ്ഥാനത്തെ എല്ലാ നഗരസഭാ പ്രദേശങ്ങൾക്കും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിവരുന്നു. 25 അംഗീകൃത മാസ്റ്റർ പ്ലാനുകളുടെയും 20 പ്രസിദ്ധീകൃത മാസ്റ്റർ പ്ലാനുകളുടെയും ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. *

(ബി) അംഗീകരിച്ചതും പ്രസിദ്ധീകരിച്ചതുമായ മാസ്റ്റർ പ്ലാനുകളുടെ നിലവിലെ ഭൂവിനിയോഗം, നിർദ്ദിഷ്ട ഭൂവിനിയോഗം, മേഖല നിയന്ത്രണങ്ങൾ എന്നിവ നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. (www.townplanning.kerala.gov.in) ഇത് പൊതുജനങ്ങൾക്ക് വീക്ഷിക്കുവാനാകും. മാസ്റ്റർ പ്ലാനുകൾ സംബന്ധിച്ച സംശയ നിവാരണത്തിനായി എല്ലാ ജില്ലാ നഗര-ഗ്രാമാസൂത്രണ കാര്യാലയങ്ങളിലും ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിക്കുന്നുണ്ട്.

കൂടാതെ, മാസ്റ്റർ പ്ലാനുകളിലെ വ്യവസ്ഥകൾ സർവ്വേ നമ്പറടിസ്ഥാനത്തിൽ വീക്ഷിക്കുവാനും അന്വേഷണങ്ങൾ നടത്തുവാനുമായി ഇന്റർനെറ്റ് മാപ്പ് സെർവർ അഥവാ വെബ് ജി.ഐ.എസ്. വികസിപ്പിച്ചിട്ടുണ്ട്. മലപ്പുറം മാസ്റ്റർ പ്ലാൻ പൈലറ്റ് പദ്ധതിയായി വെബ് ജി.ഐ.എസ്-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ ഫോർ കോഴിക്കോട് അർബൻ ഏരിയ, മട്ടന്നൂർ മാസ്റ്റർ പ്ലാൻ എന്നിവ വെബ് ജി.ഐ.എസ്-ൽ തയ്യാറാക്കി വരികയാണ്. മറ്റ് അംഗീകൃത സ്കീമുകളും വെബ് ജി.ഐ.എസ്-ൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അമൃത് പട്ടണങ്ങളുടെ ജി.ഐ.എസ്. അധിഷ്ഠിത മാസ്റ്റർ പ്ലാനുകളുടെ തയ്യാറാക്കൽ എന്ന പദ്ധതിയിൽ ഉൾപ്പെട്ട ഒമ്പതു പട്ടണങ്ങളിൽ 20-10-2019-ലെ സ്ഥിതിയനുസരിച്ചുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തെരുവുനായശല്യം നിയന്ത്രിക്കുവാൻ നടപടി

5 (*125) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗര, ഗ്രാമ പ്രദേശങ്ങളിലെ ജനങ്ങൾ നേരിടുന്ന പ്രധാന പ്രശ്നമായി തെരുവ് നായ്ക്കളുടെ ആക്രമണങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം ജില്ലയിലെ വണ്ടൂരിൽ തെരുവ് നായ നേഴ്സറി സ്കൂളിൽ കയറി നാല് വയസ്സുകാരനെ ഗുരുതരമായി പരിക്കേൽപ്പിച്ച സംഭവത്തെത്തുടർന്ന് ജനങ്ങൾക്കുണ്ടായ ആശങ്ക അകറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തെരുവ് നായ്ക്കളുടെ ശല്യം നിയന്ത്രിക്കുവാൻ പ്രായോഗികമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വണ്ടൂരിലെ തെരുവുനായ ആക്രമണത്തെ തുടർന്ന് മലപ്പുറം ജില്ലാ കളക്ടറുമായും ജില്ലാ പഞ്ചായത്ത് അധികാരികളുമായും പഞ്ചായത്ത് ഡയറക്ടർ കൂടിയാലോചിച്ച്, 25-10-2019 മുതൽ വണ്ടൂർ ഗ്രാമ പഞ്ചായത്തിൽ അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രാം പുനരാരംഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ തെരുവുനായ്ക്കളുടെ നിയന്ത്രണത്തിനായി ഹ്യൂമൺ റൈറ്റ് സൊസൈറ്റി ഇന്റർനാഷണൽ എന്ന NGO എന്ന സംഘടന മുഖേനയാണ് എ.ബി.സി. പദ്ധതി നടപ്പാക്കി വന്നിരുന്നത്. എന്നാൽ 2019 മാർച്ചിൽ കരാർ അവസാനിച്ചതിനെ തുടർന്ന് ഇപ്പോൾ കുടുംബശ്രീയുമായി ചേർന്നാണ് 2019 ഒക്ടോബർ 25 മുതൽ പദ്ധതി പുനരാരംഭിച്ചിട്ടുള്ളത്.

(സി) സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും തെരുവ് നായ നിയന്ത്രണത്തിന് കൈക്കൊള്ളാവുന്ന ശാസ്ത്രീയവും നിയമപരവുമായ മാർഗ്ഗമായ എ.ബി.സി. പ്രോഗ്രാം കുടുംബശ്രീ ജില്ലാമിഷനുമായി ചേർന്ന്, പദ്ധതിക്ക് തുക വകയിരുത്തി, നടപ്പിലാക്കിവരുന്നുണ്ട്. എ.ബി.സി. പരിപാടിയുടെ നിർവ്വഹണ ഏജൻസിയായി കുടുംബശ്രീയെകൂടി ഉൾപ്പെടുത്തിക്കൊണ്ടും കുടുംബശ്രീ രൂപീകരിക്കുന്ന മൈക്രോ സംരംഭക യൂണിറ്റുകളെ അംഗീകൃത

ഏജൻസിയായി ഉൾപ്പെടുത്തിക്കൊണ്ടും 5-5-2017-ലെ സ.ഉ. (സാധ) 1450/17/ത.സ്വ.ഭ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ എ.ബി.സി. പദ്ധതി കാര്യക്ഷമമാക്കുന്നതിനും പരിസര ശുചിത്വം പാലിക്കുന്നതിനും മാലിന്യം അലക്ഷ്യമായി കയ്യൊഴിയുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും അതിലൂടെ തെരുവുനായ ശല്യം കുറയ്ക്കുന്നതിനും പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പട്ടി/പന്നി ലൈസൻസ് വ്യവസ്ഥ കർശനമായി പാലിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുസ്ഥലങ്ങളിലും മാർക്കറ്റുകളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് പൊതുസ്ഥലങ്ങളിൽ ഏറോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ആയത് സ്ഥാപിക്കാത്ത ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തരമായി സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കാർഷിക യൂണിവേഴ്സിറ്റിയിൽ ഡോ. നാരായണന്റെ നേതൃത്വത്തിൽ നടക്കുന്ന തെരുവുനായ വന്ധ്യംകരണ പരിപാടിയായ ഇ.എൻ.ഡി. (Early Neutering Dogs), എന്ന തെരുവ് നായ്ക്കളെ വളരെ ചെറുപ്രായത്തിൽ തന്നെ പിടികൂടി വന്ധ്യംകരിക്കുന്ന പദ്ധതി തെരുവുനായ ശല്യം നിയന്ത്രിക്കാനുള്ള പ്രാദേശിക നടപടിയാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് കുടുംബശ്രീയുമായി സഹകരിച്ച് നിലവിൽ നടപ്പിലാക്കിവരുന്ന എ.ബി.സി. പ്രോഗ്രാമിനോടൊപ്പം ഇ.എൻ.ഡി. പദ്ധതി വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തി സുഗമമായി നടപ്പിലാക്കുന്നത് പരിശോധിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി.-യിലെ സാമ്പത്തിക പ്രതിസന്ധി**

6 (*126) ശ്രീ. വി. ടി. ബൽറാം:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പല മാസങ്ങളിലും കെ.എസ്.ആർ.ടി.സി. റെക്കോർഡ് കളക്ഷൻ നേടിയെന്ന് അവകാശപ്പെടുമ്പോഴും ജീവനക്കാരുടെ ശമ്പളം കൃത്യമായി നൽകുവാൻ സാധിക്കാത്തതിനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ;

(ബി) 2019 ജനുവരിക്ക് ശേഷം ഏതൊക്കെ മാസങ്ങളിലാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് കൃത്യമായി ശമ്പളം വിതരണം ചെയ്തത്; വ്യക്തമാക്കുമോ;

(സി) 2019 സെപ്റ്റംബർ മാസത്തെ ശമ്പളം ഒക്ടോബർ പകുതിയായിട്ടും നൽകുവാൻ സാധിക്കാത്തതുമൂലം ജീവനക്കാർ സമരപരിപാടികളിലേക്ക് നീങ്ങിയ സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഡി) കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനും ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകുന്നതിനും എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുന്നത് കോർപ്പറേഷന്റെ സ്വന്തം വരുമാനത്തിൽനിന്ന് ലഭിക്കുന്ന തുകയും പ്രതിമാസം വായ്പയിനത്തിൽ സർക്കാർ നൽകുന്ന ധനസഹായവും കൊണ്ടാണ്. കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന ശരാശരി വരുമാനം 6.30 കോടി രൂപയാണ്. ആയതിൽ ശരാശരി 5.20 കോടി രൂപ പ്രതിദിന ചെലവിനത്തിൽ വിനിയോഗിക്കുന്നു. ബാക്കി വരുന്ന ശരാശരി 1.10 കോടി രൂപയിൽനിന്നുമാണ് ശമ്പളം നൽകിവരുന്നത്. ശമ്പളവും വേതനവും നൽകുവാൻ ശരാശരി 84 കോടി രൂപ ആവശ്യമാണ്. എന്നാൽ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ശരാശരി 30 കോടി രൂപ മാത്രമാണ് ശമ്പളത്തിനായി വരുമാനത്തിൽനിന്ന് സ്വരൂപിക്കാൻ കഴിയുന്നത്. പ്രതിമാസം സർക്കാർ വായ്പയായി നൽകുന്ന ധനസഹായവും ചേർത്ത് മാസാന്ത്യം 46 കോടി രൂപ മാത്രമേ കോർപ്പറേഷന്റെ കൈവശം ഉണ്ടാവുകയുള്ളൂ. ആയതിനാൽ നെറ്റ് ശമ്പളവും വേതനവും നൽകുന്നതിന് തൊട്ടടുത്ത മാസം 15 മുതൽ 25 ദിവസം വരെയുള്ള പ്രതിദിന വരുമാനം കൂടി ചേർത്ത് 73 കോടി രൂപ സ്വരൂപിച്ചാണ് കഴിഞ്ഞ കുറെ മാസങ്ങളായി ശമ്പളവും വേതനവും നൽകിവരുന്നത്. പ്രളയം കാരണം സർവ്വീസുകൾ താറുമാറായതുമൂലം ആ സമയങ്ങളിൽ വളരെ കുറച്ച് ബസ്സുകൾ മാത്രമേ സർവ്വീസ് നടത്താൻ കഴിഞ്ഞുള്ളൂ. ഇക്കാരണത്താൽ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായി. കൂടാതെ ഡ്രൈവർമാരുടെ കുറവ് കാരണം ഷെഡ്യൂൾ ഓപ്പറേഷനിൽ കുറവ് വന്നതും കോർപ്പറേഷന്റെ വരുമാനത്തിൽ കുറവുണ്ടാക്കിയിട്ടുണ്ട്. 2019 ജൂൺ മാസം മുതൽ വിവിധ ഓയിൽ കമ്പനികൾക്കും എസ്.ബി.ഐ. ക്യാപ്സിനും നൽകുവാനുണ്ടായിരുന്ന കുടിശ്ശികത്തുക നൽകുന്നതിലേയ്ക്കായി, പ്രതിമാസം സർക്കാർ വായ്പയായി നൽകുന്ന ധനസഹായത്തിൽനിന്നും 4 കോടി രൂപ വീതം നൽകേണ്ടിവരുന്നത് ശമ്പളം വൈകുന്നതിന് കാരണമായിട്ടുണ്ട്. ഇക്കാരണത്താൽ ചില മാസങ്ങളിൽ ശമ്പളം മാസത്തിന്റെ അവസാന പ്രവൃത്തി ദിവസം നൽകുവാൻ സാധിച്ചില്ല. എന്നാൽ നിലവിൽ ജീവനക്കാർക്ക് നൽകുവാനുള്ള ശമ്പള വേതന വിതരണത്തിൽ കുടിശ്ശിക ഒന്നും വരുത്തിയിട്ടില്ല.

(ബി) 2019 ജനുവരി മാസത്തെ ശമ്പളം കെ.എസ്.ആർ.ടി.സി. തനത് ഫണ്ടിൽനിന്നാണ് നൽകിയത്. എന്നാൽ 2019 ഫെബ്രുവരി മാസത്തിനു ശേഷമുള്ള മാസങ്ങളിൽ ശമ്പളം മാസത്തിന്റെ അവസാന പ്രവൃത്തി ദിവസം നൽകുവാൻ സാധിച്ചിട്ടില്ല.

(സി) 2019 സെപ്റ്റംബർ മാസത്തെ ശമ്പളം വൈകിയതിൽ പ്രതിഷേധിച്ച് കെ.എസ്.ആർ.ടി.സി.-യിലെ അംഗീകൃത തൊഴിലാളി സംഘടനകളുടെ നേതൃത്വത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ ഓഫീസുകളുടെ മുന്നിൽ പ്രതിഷേധം സംഘടിപ്പിക്കുകയുണ്ടായിട്ടുണ്ട്.

(ഡി) നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ശമ്പളം നൽകുന്നതിന് അധികമായി കണ്ടെത്തേണ്ട തുക വായ്പയായി ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് എടുക്കുവാൻ സാധ്യമല്ല. വായ്പ എടുത്താൽത്തന്നെ തിരിച്ചടവ് ഇനത്തിൽ ഉണ്ടാകുന്ന ഭീമമായ ബാധ്യത നിലവിലെ സാമ്പത്തിക സ്ഥിതിയെ വീണ്ടും പ്രതിസന്ധിയിലാക്കുകയേ ചെയ്യുകയുള്ളൂ.

കെ.എസ്.ആർ.ടി.സി.-യുടെ വരുമാനവും ചെലവും തമ്മിലുള്ള ഭീമമായ അന്തരം മൂലമാണ് ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകുവാൻ കഴിയാത്തത്. വരുമാനം വർദ്ധിപ്പിച്ചും ചെലവുകൾ ചുരുക്കിയും കോർപ്പറേഷൻ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കുവാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിച്ചിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും സംയുക്തമായി സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിക്കുകയും ചെയ്യുതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകൾ വിജയകരമായി നടത്തിവരുന്നു. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്കും പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർസംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് 253 ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ചിൽ ബസ്' എന്ന പേരിൽ എ.സി. ബസ്സുകൾ ഉപയോഗിച്ച് സർവ്വീസുകൾ ഒരു മണിക്കൂർ ഇടവേളകളിൽ നടത്തിവരുന്നു.

കെ.എസ്.സ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രാധാന്യം നൽകി, പരസ്യ ലേലം/ടെണ്ടർ നടപടിയിലൂടെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലും കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള വസ്തുവിലും ക്യാന്റീൻ സ്റ്റാളുകൾ, ശൗചാലയങ്ങൾ, ബസിലെയും ബസ് സ്റ്റേഷനിലെയും പരസ്യങ്ങൾ, കൊറിയർ സംവിധാനം, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവയ്ക്കായി പ്രതിമാസ ലൈസൻസ് തുകയുടെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകിവരികയാണ്. ഇതുമൂലം ടിക്കറ്റിതര വരുമാനം 2017-18-ലെ പ്രതിമാസ

ശരാശരി വരുമാനമായ 1.70 കോടിയിൽനിന്നും പ്രതിമാസ ശരാശരി വരുമാനം 3.14 കോടിയായി വർദ്ധിപ്പിക്കുവാനും കഴിഞ്ഞു. പുനരുദ്ധാരണ നടപടികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധിയിൽ മാറ്റമുണ്ടാകുമെന്ന് കരുതുന്നു.

## ലൈഫ് പദ്ധതിയുടെ മൂന്നാംഘട്ടം

7 (*127) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയും വീടും ഇല്ലാത്തവർക്ക് സ്വന്തമായി വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനായി ഈ സർക്കാർ രൂപം നൽകിയ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയായ ലൈഫ്-ന്റെ മൂന്നാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) 'ലൈഫ് മിഷൻ' മൂന്നാം ഘട്ടത്തിൽ എത്ര ഭവന സമുച്ചയങ്ങൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(സി) അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് കൺസൽട്ടൻസികളെ തെരഞ്ഞെടുത്തിട്ടുണ്ടോ എന്നും ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്നും അറിയിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ):

(എ) ഭൂമിയും വീടും ഇല്ലാത്തവർക്ക് സ്വന്തമായി വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി ഈ സർക്കാർ രൂപം നൽകിയ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയായ ലൈഫിന്റെ മൂന്നാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) നിലവിൽ 85 ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിൽ ഒരെണ്ണം അടിമാലി ഗ്രാമപഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ബാക്കിയുള്ള 84 ഭവന സമുച്ചയങ്ങളുടെ നിർമ്മാണം ടെണ്ടർ ചെയ്തിരിക്കുകയാണ്. സർവ്വേയിലൂടെ കണ്ടെത്തി ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയുടെ അർഹതാ പരിശോധന നടന്നുവരികയാണ്. 31-10-2019-ൽ പൂർത്തിയാകുന്ന അർഹതാ പരിശോധനയ്ക്ക്ശേഷം അന്തിമ ഗുണഭോക്തൃ പട്ടിക ആയാൽ മാത്രമേ എത്ര ഭവന സമുച്ചയങ്ങൾ നിർമ്മിക്കേണ്ടിവരുമെന്നതിനെ സംബന്ധിച്ച് പൂർണ്ണരൂപം ലഭ്യമാകുകയുള്ളൂ.

(സി) കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെ കണ്ടെത്തി ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിലെ ഗുണഭോക്താക്കളുടെ രേഖാ പരിശോധന ലൈഫ് മിഷന്റെ താഴെപ്പറയുന്ന അർഹതാ മാനദണ്ഡങ്ങളുടേയും മാർഗ്ഗനിർദ്ദേശ ഉത്തരവുകളുടെ അടിസ്ഥാനത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടന്നുവരികയാണ്.

1. സ്വന്തമായി/കുടുംബാംഗങ്ങളുടെ പേരിൽ വസ്തു ഇല്ലാത്തവർ/ പരമ്പരാഗതമായി ഭൂമി കൈമാറി കിട്ടാൻ സാധ്യത ഇല്ലാത്തവർ.
2. റേഷൻ കാർഡ് ഉള്ള കുടുംബം.
3. കുടുംബ വരുമാനം 3 ലക്ഷത്തിൽ താഴെയുള്ളവർ.
4. സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ/പെൻഷൻ വാങ്ങുന്നവർ ഉള്ള കുടുംബം ആകാൻ പാടില്ല.
5. സ്വകാര്യ ആവശ്യത്തിന് നാല് ചക്രവാഹനം ഉണ്ടാകാൻ പാടില്ല.
6. അവകാശികൾക്ക് വസ്തു ഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൻ ഭൂരഹിതരായവർ അർഹരല്ല.

(ഡി) ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് കൺസൾട്ടൻസികളെ ടെണ്ടർ മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. 10 ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. 49 സ്ഥലങ്ങളുടെ സ്ഥലപരിശോധന നടന്നുവരുന്നു.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി

8 (*128) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകൾ സഞ്ചാരയോഗ്യമല്ലാത്ത സ്ഥിതിവിശേഷം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തിയാക്കാത്തതിനെ തുടർന്ന് കേരള ഹൈക്കോടതി ഇക്കാര്യത്തിൽ ഇടപെട്ട് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) പൊതുമരാമത്ത് വകുപ്പിൽ ഉള്ളതുപോലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളുടെ ദൈനംദിന അറ്റകുറ്റപ്പണിക്കായി പ്രത്യേക സംവിധാനം എന്തെങ്കിലും നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ പ്രത്യേക ടീമിനെ ഇക്കാര്യത്തിനായി നിയോഗിക്കുവാൻ ഉദ്ദേശ്യമുണ്ടോ; വിശദാംശം നൽകുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) പരിഗണിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികൾ 2020 ജനുവരി 31-നകം പൂർത്തീകരിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(സി) പൊതുമരാമത്ത് വകുപ്പിലുള്ള മാതൃക തദ്ദേശസ്വയംഭരണ വകുപ്പിൽ നിലവിലില്ല. എന്നാൽ ഗ്രാമവികസന വകുപ്പിന് കീഴിലുള്ള കെ.എസ്.ആർ. ആർ.ഡി.എ. വഴി നടപ്പിലാക്കുന്ന പി.എം.ജി.എസ്.വൈ. റോഡുകളുടെ 5 വർഷത്തെ മെയിന്റനൻസ് കെ.എസ്.ആർ.ആർ.ഡി.എ. ഉറപ്പുവരുത്തുന്നുണ്ട്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സ്ഥിതി

9 (*129) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് വർഷത്തിനുള്ളിൽ കെ.എസ്.ആർ.ടി.സിയെ നഷ്ടത്തിൽ നിന്നും കരകയറ്റുമെന്ന വാഗ്ദാനം പാലിക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് മൂന്ന് വർഷം പിന്നിടുമ്പോൾ, നഷ്ടത്തിൽ നിന്നും കരകയറ്റുന്നതിന് പകരം, മാസശമ്പളം പോലും ജീവനക്കാർക്ക് കൃത്യമായി നൽകുവാൻ കഴിയാത്ത അവസ്ഥയിൽ കെ.എസ്.ആർ.ടി.സി. എത്തി നിൽക്കുന്നുവെന്നത് വസ്തുതയാണോ; വിശദമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി. നേരിടുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷം തരണം ചെയ്യുന്നതിന് എന്ത് തരത്തിലുള്ള ഇടപെടലുകളാണ് സർക്കാർ സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽനിന്നും കരകയറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. മുൻകാലങ്ങളിൽ ശമ്പളം ഉൾപ്പെടെയുള്ള വിവിധ ചെലവുകൾക്കായി വലിയ തുക കൂടിയ പലിശ നിരക്കിൽ വിവിധ ധനകാര്യസ്ഥാപനങ്ങളിൽനിന്ന് കെ.എസ്.ആർ.ടി.സി. വായ്പ എടുത്തിരുന്നു. ഇത്തരത്തിലുള്ള വായ്പകളാണ് കെ.എസ്.ആർ.ടി.സി.-യെ വൻ സാമ്പത്തിക ബാധ്യതയിലേയ്ക്ക് എത്തിച്ചത്. കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ വായ്പകളും കൂടി കുറഞ്ഞ പലിശ നിരക്കിലും ദീർഘകാല തിരിച്ചടവ് കാലാവധിയുമുള്ള ബാങ്ക് കൺസോർഷ്യത്തിന്റെ വായ്പയിലേയ്ക്ക് മാറ്റിയപ്പോൾ കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ തിരിച്ചടവിൽ പ്രതിമാസം 60 കോടി രൂപയുടെ കുറവ് വരുത്താൻ സാധിച്ചു. എന്നാൽ ഇതോടെ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പ എടുക്കാൻ കഴിയാതെ വന്നു. അതുകൊണ്ടുതന്നെ കെ.എസ്.ആർ.ടി.സി. കൂടുതൽ കടബാധ്യതയിലേയ്ക്ക് പോകാതെ ബാധ്യത കുറച്ചുകൊണ്ടുവരികയാണ്. കോർപ്പറേഷനെ പുനരുദ്ധരിക്കുന്നതിലേയ്ക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനായി സർക്കാർ നിയോഗിച്ച പ്രൊഫ. സുശീൽ ഖന്ന നിരവധി ക്രിയാത്മക നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ടി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചതിൽ കോർപ്പറേഷൻ അഭിമുഖീകരിച്ചിരുന്ന പ്രശ്നങ്ങൾക്ക് പലതിനും പരിഹാരം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വായ്പകളുടെ തിരിച്ചടവും ദൈനംദിനം ഡീസലിന് വേണ്ടിവരുന്ന തുകയും കഴിച്ച് പ്രതിദിന വരുമാനത്തിൽ മിച്ചം ഒന്നുമില്ലാത്ത അവസ്ഥയിലായിരുന്ന കെ.എസ്.ആർ.ടി.സി.-യിൽ, സർക്കാർ നടപ്പിലാക്കിയ ക്രിയാത്മകമായ നടപടികളിലൂടെ, പുതുതായി ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുക്കാതെ ഇപ്പോൾ ശമ്പളവും സർക്കാർ സഹായത്തോടെ പെൻഷനും മുടക്കം കൂടാതെ നൽകുവാൻ കഴിയുന്നുണ്ട്.

കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുന്നത് കോർപ്പറേഷന്റെ സ്വന്തം വരുമാനത്തിൽനിന്ന് ലഭിക്കുന്ന തുകയും പ്രതിമാസം സർക്കാർ വായ്പാ ധനസഹായമായി നൽകുന്ന തുകയും കൊണ്ടാണ്. സമീപ വർഷങ്ങളിലുണ്ടായ പ്രളയംമൂലം സർവ്വീസുകൾ താറുമാറായതിനാൽ ആ സമയങ്ങളിൽ വളരെ കുറച്ച് ബസ്സുകൾ മാത്രമേ സർവ്വീസ് നടത്താൻ കഴിഞ്ഞുള്ളൂ. ഇക്കാരണത്താൽ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായി. വിവിധ ഓയിൽ

കമ്പനികൾക്കും എസ്.ബി.ഐ. ക്യാപ്സിനും കോർപ്പറേഷൻ നൽകുവാനുള്ള കുടിശ്ശിക തുകകൾ പ്രതിമാസം ശമ്പളം നൽകുന്നതിനായി വായ്പാ ഇനത്തിൽ നൽകുന്ന തുകയിൽനിന്നും 2019 ജൂൺ മാസം മുതൽ അടച്ചുവരുന്നു. ഈ കാരണങ്ങളാൽ ചില മാസങ്ങളിൽ ശമ്പളം മാസത്തിന്റെ അവസാന പ്രവൃത്തി ദിവസം നൽകുവാൻ സാധിച്ചില്ല. നിലവിൽ ജീവനക്കാർക്ക് നൽകുവാനുള്ള ശമ്പള വേതന വിതരണത്തിൽ കുടിശ്ശികയൊന്നും വരുത്തിയിട്ടില്ല.

(സി) കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജുമെന്റ്, കൊൽക്കട്ടയിലെ റിട്ടയേർഡ് പ്രൊഫ. സുശീൽ ഖന്നയെ സമഗ്ര പഠനത്തിനായി സർക്കാർ നിയോഗിക്കുകയും ഇദ്ദേഹത്തിൽനിന്നും ലഭിച്ച ഇടക്കാല പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജുമെന്റ്, പ്രവർത്തന രീതി, പ്രവർത്തന സമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി വായ്പകളുടെ പുനഃക്രമീകരണം നടത്തുകയും മാനേജുമെന്റിൽ പ്രൊഫഷണലിസം കൊണ്ടുവരികയും ചെയ്തു. കൂടാതെ കെ.എസ്.ആർ.ടി.സി.-യിൽ മേഖലാവത്ക്കരണം നടപ്പിലാക്കി മൂന്ന് ലാഭകേന്ദ്രങ്ങളാക്കി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസുകളെ പുനഃക്രമീകരിക്കുകയും വിവര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പൂർണ്ണമായും കമ്പ്യൂട്ടർവത്കരിക്ക- ന്നതിനായുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ടോട്ടൽ അക്കൗണ്ടിംഗ്, സ്റ്റോർ, ഇൻവെന്ററി മാനേജുമെന്റ് തുടങ്ങിയവ നടപ്പിലാക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നു. വെറ്റ് ലീസ് വ്യവസ്ഥയിൽ ബസ് സർവ്വീസ് നടത്തി വരുമാന വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. തമിഴ്നാടുമായുള്ള അന്തർ സംസ്ഥാന കരാർ പുതുക്കുകയും ഇതിൻപ്രകാരം 49 റൂട്ടുകളായി 88 ബസ്സുകൾ ഉപയോഗിച്ച് പുതുതായി 8865 കി.മീറ്റർ ദൂരം സർവ്വീസ് ആരംഭിക്കണമെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരുടെ കുറവുമൂലം വാഹനം ഓടിക്കാൻ കഴിയാത്ത അവസ്ഥ കുറയ്ക്കുന്നതിന്, കേരള പി.എസ്.സി. നിയമനോപദേശം നൽകിയ കണ്ടക്ടർ വിഭാഗം ജീവനക്കാരെ മുഴുവൻ ഒഴിവുള്ള യൂണിറ്റുകളിൽ നിയമിച്ചിട്ടുണ്ട്. വർക്ക്ഷോപ്പുകളുടെ ആധുനികവത്കരണം നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബസ് ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയായ 5.5-ലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. യാത്രക്കാർക്കും ജീവനക്കാർക്കും ബുദ്ധിമുട്ട് ഉണ്ടാകാത്ത തരത്തിൽ ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചതുമൂലം ചെലവിനത്തിൽ കുറവുണ്ടാകുകയും, പ്രതി ബസ്, പ്രതി കി.മീറ്റർ വരുമാനത്തിൽ വർദ്ധനവുണ്ടാകുകയും ഡീസൽ ചെലവ് ലാഭിക്കുവാൻ കഴിയുകയും ചെയ്തിട്ടുണ്ട്.

## വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം

10 (*130) ശ്രീ. മുരളി പെരുനെല്ലി:

ശ്രീ. സി. കെ. ശശീന്ദ്രൻ:

ശ്രീ. പി. വി. അൻവർ:

ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയത്തിലും ഉരുൾപൊട്ടലിലും കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വ്യാപകമായ രീതിയിൽ കൃഷിനാശം സംഭവിച്ച സാഹചര്യത്തിൽ കാർഷിക വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ;

(സി) വിളനാശം സംഭവിച്ച കർഷകർക്ക് എന്തെല്ലാം നഷ്ടപരിഹാരമാണ് നൽകാൻ തീരുമാനിച്ചിട്ടുള്ളത്;

(ഡി) നഷ്ടത്തിൽ നിന്ന് കരകയറാൻ കർഷകർക്ക് കാർഷിക വായ്പകൾ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഇ) ഈ സാഹചര്യത്തിൽ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് താങ്ങുവില ഉറപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാനത്ത് പ്രളയത്തിലും ഉരുൾപൊട്ടലിലും കാർഷിക മേഖലയ്ക്ക് 15-10-2019 വരെ 1386.2415 കോടി രൂപയുടെ നഷ്ടമാണ് പ്രാഥമിക റിപ്പോർട്ട് പ്രകാരം വിളനാശമായി കണക്കാക്കിയിരിക്കുന്നത്. ഇവ കൂടാതെ, ഉരുൾപൊട്ടലിൽ ബണ്ടുകൾ തകർന്നതും കൃഷിയിടത്തിൽ മണ്ണും ചെളിയും അടിഞ്ഞതും പമ്പുസെറ്റുകളുടെ കേടുപാടിനും കൃഷിയിടങ്ങളിലെ വെള്ളക്കെട്ടും കാരണമുണ്ടായ നാശത്തിന് ഏകദേശം 10 കോടിയുടെ ആനുകൂല്യം നൽകേണ്ടതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. ഫാമുകൾക്ക് ഏകദേശം 3.5 കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കിയിരിക്കുന്നത്.

(ബി) ഉണ്ട്. 2018-ൽ ഉണ്ടായ പ്രളയത്തെത്തുടർന്ന് സംസ്ഥാനത്തെ കർഷകർ, വിവിധ ധനകാര്യസ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള എല്ലാവിധ

കാർഷിക വായ്പകളും വിദ്യാഭ്യാസ വായ്പകളും ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 2018 ഒക്ടോബർ 12 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ച് സർക്കാർ ഉത്തരവിറക്കിയിരുന്നു. തുടർന്ന് 2019 മേയ് 27-ന് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം സംസ്ഥാനത്തെ കർഷകർ വിവിധ ധനകാര്യസ്ഥാപനങ്ങളിൽനിന്നും ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ്, ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട് 1968, 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽനിന്നും എടുത്തിട്ടുള്ള ക്ഷീര വികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 2019 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) വിളനാശം സംഭവിച്ച കർഷകർക്ക് വിളകൾക്കുള്ള നാശത്തിന്റെ അടിസ്ഥാനത്തിൽ എസ്.ഡി.ആർ.എഫ്. ഫണ്ടും സംസ്ഥാന വിഹിതവും ചേർന്നുള്ള നഷ്ടപരിഹാരം നൽകുന്നതാണ്. ഇൻഷ്വർ ചെയ്ത വിളകൾക്ക് പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന നഷ്ടപരിഹാരം നൽകിവരുന്നു. കൂടാതെ കൃഷിയിടത്തിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടി കൃഷിയിടം ഒലിച്ചുപോയി നഷ്ടം ഉണ്ടായതിനും കേടുവന്ന പമ്പുസെറ്റുകളുടെ അറ്റകുറ്റപ്പണികൾക്കും ബണ്ടുകളുടെ പുനർ നിർമ്മാണത്തിനും കൃഷിയിടങ്ങളിലെ വെള്ളക്കെട്ട് മാറ്റുന്നതിനുമായി എസ്.ഡി.ആർ.എഫ്. ഫണ്ടിൽനിന്നും നഷ്ടപരിഹാരം നൽകുന്നുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രധാന മന്ത്രി ഫസൽ ഭീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേനയും നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള 54 കോടി രൂപ ഉൾപ്പെടെ ഡിപ്പാർട്ടുമെന്റ് വിഹിതമായി 164.51 കോടി രൂപയും എസ്.ഡി.ആർ.എഫ്. വിഹിതമായി 181.522592 കോടി രൂപയും വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 53.2609073 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്. 2019-ലെ പ്രളയത്തെത്തുടർന്ന് കൂടിയ പ്രത്യേക എസ്.എൽ.ബി.സി. യോഗ തീരുമാനപ്രകാരം അർഹരായ കർഷകർക്ക്, കാർഷികാവശ്യത്തിന് നിലവിലെ തോത് അനുസരിച്ചും ഭൂമിയുടെ വിസ്തീർണ്ണം,

വിളവിന്റെ സ്വഭാവം എന്നിവ അനുസരിച്ചും മാർജിനോ അധിക ഈടോ ഇല്ലാതെ പുതിയ വായ്പ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി കർഷകർ 25-11-2019-നുള്ളിൽ ബന്ധപ്പെട്ട ശാഖകളിൽ അപേക്ഷ നൽകേണ്ടതാണ്. കന്നുകാലികൾ, കാർഷികോപകരണങ്ങൾ, മറ്റ് കാർഷികാവശ്യങ്ങൾ എന്നിവയ്ക്കായും ആവശ്യാ-നുസരണം പുതിയ വായ്പ നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. അർഹതയുള്ള നെൽകർഷകർക്ക് പലിശരഹിത വായ്പ സഹകരണ വകുപ്പ് മുഖാന്തിരം നൽകിവരുന്നു.

കർഷകർ എടുക്കുന്ന ഹ്രസ്വകാല വായ്പകൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി പ്രകാരം 7% പലിശ നിരക്കിലാണ് നൽകുന്നത്. പ്രസ്തുത ലോണുകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 3% കൂടി സബ്‌സിഡി അനുവദിച്ചിട്ടുണ്ട്.

കർഷകരുടെ ദീർഘകാല വിളകൾക്കു വേണ്ട പുതിയ ലോണുകളുടെ 9% വരെയുള്ള പലിശ, വായ്പ എടുക്കുന്ന തീയതി മുതൽ ഒരു വർഷത്തേയ്ക്ക് സർക്കാർ നൽകുന്നു.

കർഷകർക്ക് കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കുമായി വേണ്ട സമയത്തും അളവിലും ലളിതമായ നടപടികളിലൂടെ ബാങ്ക് വായ്പ കിസ്സാൻ ക്രെഡിറ്റ് കാർഡിലൂടെ നൽകിവരുന്നുണ്ട്.

(ഇ) കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുവാൻ ആവശ്യമായ വിവിധ പദ്ധതികൾ കൃഷി വകുപ്പ് നിലവിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

2019-20 സാമ്പത്തിക വർഷം കേന്ദ്രസർക്കാർ നെല്ലിന് പ്രഖ്യാപിച്ചിരിക്കുന്ന കിലോയ്ക്ക് 18.15 രൂപ എന്ന താങ്ങുവിലയ്ക്ക് പുറമേ സംസ്ഥാന സർക്കാർ ഇൻസെന്റീവ് ബോണസായി കിലോ ഒന്നിന് 8.80 രൂപ എന്ന ക്രമത്തിൽ കിലോ ഒന്നിന് ആകെ 26.95 രൂപ നൽകുവാൻ തീരുമാനമെടുത്തിട്ടുണ്ട്. പച്ചത്തേങ്ങ കിലോ ഒന്നിന് 27 രൂപ എന്ന നിരക്കിൽ സംഭരിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ട്. കേരഫെഡിനെ പച്ചത്തേങ്ങ സംഭരണത്തിന്റെ സംസ്ഥാനതല നോഡൽ ഏജൻസിയായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ റബ്ബർ കർഷകരെ വിലത്തകർച്ചയിൽനിന്നും സംരക്ഷിക്കുന്നതിനായി റബ്ബർ ഉല്പാദക ഇൻസെന്റീവ് പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. റബ്ബർ ഷീറ്റ്/ലാറ്റക്സിന്റെ പ്രതിദിന വിലയെ അടിസ്ഥാനമാക്കിയാണ് ഇൻസെന്റീവ് നിശ്ചയിക്കുന്നത്. അടിസ്ഥാന വില കിലോഗ്രാമിന് 150 രൂപയാണ്. വിപണി വിലയിൽ ടി വിലയിൽനിന്നും താഴുമ്പോൾ ഉണ്ടാകുന്ന വില വ്യത്യാസമാണ് ഇൻസെന്റീവായി റബ്ബർ ഉല്പാദക സമിതികളിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന കർഷകർക്ക് നൽകിവരുന്നത്.

**ഭൂനിയമങ്ങൾ ലംഘിച്ചുള്ള നിർമ്മാണാനുമതി**

11 (*131) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. സി. എഫ്. തോമസ്:
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരയിടമൊഴികെ മറ്റ് ഭൂമിയിൽ നിർമ്മാണാനുമതി നൽകുന്ന കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വ്യക്തമായ മാർഗ്ഗരേഖ സർക്കാർ നൽകിയിട്ടുണ്ടോ;

(ബി) കെട്ടിട നിർമ്മാണത്തിന് അനുമതി നൽകും മുൻപ് ഭൂവിനിയോഗ നിയന്ത്രണത്തിന് അധികാരപ്പെട്ട വിവിധ ഏജൻസികളുടെ പരിശോധന ഏതു രീതിയിൽ നടത്തുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(സി) നിർമ്മാണം കഴിയുമ്പോൾ ഭൂനിയമങ്ങളുടെ ലംഘനമാരോപിച്ച് റവന്യൂ അധികൃതർ നടപടിയെടുക്കുന്നത് തടയാൻ തദ്ദേശസ്വയംഭരണവകുപ്പിന് എന്തു ചെയ്യുവാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ഡി) ഭൂനിയമങ്ങൾ ലംഘിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പെർമിറ്റ് നൽകുന്നത് തടയുന്നതിന് വകുപ്പുതലത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ):

(എ) 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം നിർമ്മാണം നടത്താനുദ്ദേശിക്കുന്ന സൈറ്റ് തദ്ദേശ ഭരണസ്ഥാപനത്തിന്റെ സെക്രട്ടറി നേരിട്ട് പരിശോധന നടത്തി സൈറ്റ് പ്ലാനും ഡ്രോയിംഗുകളും നിർമ്മാണവും ബന്ധപ്പെട്ട ആക്ടിലെയോ കെട്ടിട നിർമ്മാണ ചട്ടത്തിലെയോ ബന്ധപ്പെട്ട മറ്റ് ആക്ടുകളിലെയോ വ്യവസ്ഥകൾ ലംഘിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തിയതിനുശേഷം മാത്രമാണ് നിലവിൽ നിർമ്മാണാനുമതി നൽകിവരുന്നത്. ഇതുമായി ബന്ധപ്പെട്ട് വ്യക്തമായ മാർഗ്ഗരേഖകൾ നിലവിലുണ്ട്.

(ബി) ഒരു കെട്ടിട നിർമ്മാണം മറ്റ് വകുപ്പുകൾ പുറപ്പെടുവിച്ചിട്ടുള്ള ആക്ടുകളുടെയോ ചട്ടങ്ങളുടെയോ പരിധിയിൽ വരുന്നതാണെങ്കിൽ ടി വകുപ്പുകളുടെ അനുമതിപത്രമോ നിരാക്ഷേപ പത്രമോ യഥോചിതം ലഭ്യമാക്കി പരിശോധിച്ചതിനുശേഷം മാത്രമാണ് തദ്ദേശ ഭരണസ്ഥാപനങ്ങൾ നിലവിൽ നിർമ്മാണാനുമതി നൽകിവരുന്നത്.

(സി) തദ്ദേശ ഭരണസ്ഥാപനങ്ങളിൽനിന്ന് ലഭിച്ച നിർമ്മാണാനുമതിക്ക് വിരുദ്ധമായോ നിർമ്മാണാനുമതി ഇല്ലാതെയോ സർക്കാർ ഭൂമി/പുറമ്പോക്ക് കയ്യേറിയോ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ലംഘിച്ചോ നിർമ്മാണങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെടുമ്പോഴാണ് റവന്യൂ അധികൃതർ നടപടി സ്വീകരിക്കുന്നത്. അതല്ലാതെ ചട്ടപ്രകാരം നടത്തിയിട്ടുള്ള കെട്ടിട നിർമ്മാണത്തിനെതിരെ റവന്യൂ അധികൃതർ അനാവശ്യമായി നടപടികൾ സ്വീകരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സാധാരണഗതിയിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും പാലിച്ചാണ് തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ നിർമ്മാണാനുമതി നൽകിവരുന്നത്. അനധികൃത നിർമ്മാണവും നിർമ്മാണാനുമതിയും നൽകുന്നത് തടയുന്നതിന് വിവിധ തലങ്ങളിൽ സമയബന്ധിതമായി പരിശോധനകൾ നടത്തിവരുന്നുണ്ട്. കൂടാതെ ഇത്തരത്തിലുള്ള നിർമ്മിതികൾക്കെതിരെ പരാതി ലഭിക്കുന്നമുറയ്ക്ക് വകുപ്പുതല പരിശോധനയും നടത്തുന്നുണ്ട്. നിയമങ്ങൾ ലംഘിച്ച് പെർമിറ്റ് നൽകുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ഉന്നതവിദ്യാഭ്യാസം രാജ്യാന്തര നിലവാരത്തിലെത്തിക്കുന്നതിന് നടപടി**

12 (*132) ശ്രീ. കെ. ബാബു:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുതകുന്ന എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ സർവ്വകലാശാലകളിലെ ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾ രാജ്യാന്തര നിലവാരത്തിലേക്കെത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) കോഴ്സ് പരിഷ്കരണം സംബന്ധിച്ച് വിവിധ സർവ്വകലാശാലകളുടെ ശില്പശാലകൾ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉന്നതവിദ്യാഭ്യാസ രംഗത്ത് കേന്ദ്ര സർക്കാർ നടപ്പാക്കുന്ന വികലമായ പരിഷ്കാരങ്ങൾ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ എപ്രകാരമെല്ലാം പ്രതികൂലമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി <u>(ഡോ. കെ. ടി. ജലീൽ)</u>:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

1. കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ തിരുവനന്തപുരം സംസ്കൃത കോളേജ് ക്യാമ്പസ്സിൽ പ്രവർത്തിക്കുന്ന മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ (ORICE- Online Recourse Initiatives of Collegiate Education) മുഖേന Beyond Syllabi, മലയാള സാഹിത്യയാത്ര, Winglish എന്നീ മൂന്ന് പഠന പരമ്പരകളായി ഓൺലൈൻ ക്ലാസ്സുകൾ നടത്തിവരുന്നു.

2. ബിരുദതലത്തിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാസമ്പന്നരെ ഉപയോഗിച്ചുകൊണ്ട് സമയബന്ധിതമായി ക്ലാസുകൾ നൽകുന്നതിനും സർവ്വകലാശാല പരീക്ഷയ്ക്ക് തയ്യാറാക്കുക എന്നീ പ്രവർത്തനങ്ങൾക്കുമായി Scholar Support Programmme നടത്തിവരുന്നു.

3. പഠനത്തിൽ പ്രഗത്ഭരായ വിദ്യാർത്ഥികൾക്ക് വിവിധ രീതിയിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, അവർക്ക് വഴികാട്ടിയായി പ്രവർത്തിക്കുന്ന ഉപദേഷ്ടാക്കളെ നിയമിക്കുക എന്നീ പരിപാടികൾക്കായി "പഠിതാവിനൊപ്പം" (Walk with Scholar) എന്ന പദ്ധതി നടത്തിവരുന്നു.

4. കേരളത്തിലെ കോളേജുകളിലെ യുവാക്കളായ അദ്ധ്യാപകരുടെ ഒരു സംഘത്തെ കണ്ടെത്തി അവരിലെ പ്രത്യേക വാസനകൾ വികസിപ്പിച്ചെടുക്കുകവഴി അദ്ധ്യയനരംഗത്തെ കണ്ടെത്തലുകളുടെയും ഗവേഷണങ്ങളുടെയും സമന്വയം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി FLAIR (Fostering Linkages For Academic Innovation And Research) പദ്ധതി നടത്തിവരുന്നു.

5. വിവര സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന ദേശീയ വിദ്യാഭ്യാസ മിഷന്റെ ഭാഗമായി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും ഐ.ടി. രംഗത്തെ നിലവാരം

പ്രയോജനപ്പെടുത്തി വിവരസാങ്കേതികവിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ മിഷനുള്ള കണക്ടിവിറ്റി എന്ന പദ്ധതി നടത്തിവരുന്നു.

6. വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുമായി ബിരുദ-ബിരുദാനന്തര ബിരുദ തലത്തിലുള്ള വിദ്യാർത്ഥികൾക്കായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

7. രാജ്യത്തെ മികച്ച ഫാക്കൽറ്റിയുടെയും സ്ഥാപനത്തിന്റെയും സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി അക്കാദമിക് തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ഹ്രസ്വകാലപഠനങ്ങൾ നടത്തുന്നതിനും പ്രോജക്ടുകൾ ചെയ്യുന്നതിനും അവരുടെ കോഴ്സിന്റെ ഭാഗമായി ഇന്റേൺഷിപ്പ് രാജ്യത്തെ പ്രമുഖരായ ശാസ്ത്രജ്ഞരും സാമൂഹ്യ ശാസ്ത്രജ്ഞരുമായി ചേർന്ന് ചെയ്യാനും ആസ്പയർ സ്കോളർഷിപ്പ് എന്ന പദ്ധതി മുഖേന സ്കോളർഷിപ്പുകൾ നൽകിവരുന്നു.

8. യുവജനങ്ങളിൽ സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ചറിയാനും മനസ്സിലാക്കാനുമുള്ള ആഗ്രഹം വളർത്തിയെടുക്കുന്നതിനും സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ അറിവ് വർദ്ധിപ്പിക്കുന്നതിനും സ്കോളർഷിപ്പുകൾ നൽകിവരുന്നു.

9. സാഹിത്യത്തിൽ അഭിരുചിയും കഴിവും തെളിയിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുക, അവർക്ക് താല്പര്യമുണ്ടെങ്കിൽ സാഹിത്യത്തിൽ ഉന്നത വിദ്യാഭ്യാസം നടത്താൻ അവസരം ഒരുക്കുക എന്നതിന് സാഹിത്യത്തിലെ പ്രതിഭകളെ പ്രോത്സാഹിപ്പിക്കാനുള്ള സ്കോളർഷിപ്പുകൾ നൽകിവരുന്നു.

10. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച പ്രതിഭകൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കാനും അവർക്ക് താല്പര്യമുണ്ടെങ്കിൽ ഈ മേഖലയിൽ ഉന്നതവിദ്യാഭ്യാസം നേടാൻ അവസരം ഒരുക്കുന്നതിനുമായി സംഗീതം, കല, പെർഫോമിംഗ് ആർട്സ് എന്നീ മേഖലകളിൽ പ്രതിഭകൾക്കായുള്ള സ്കോളർഷിപ്പുകൾ നൽകിവരുന്നു.

11. ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, വികലാംഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം, ജില്ലാ മെറിറ്റ് സ്കോളർഷിപ്പ്, അഹിന്ദി സംസ്ഥാനങ്ങളിൽ ഹിന്ദി പ്രചരിപ്പിക്കുന്നതിനുള്ള സ്കോളർഷിപ്പ്, ഉന്നത വിദ്യാഭ്യാസം, സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ആന്റ് റിസർച്ച് തിരുവനന്തപുരം, റെക്കറിംഗ് ഗ്രാന്റ്സ് ഇൻ എയ്ഡ്, പോസ്റ്റ് മെട്രിക്, പോസ്റ്റ് ഇന്റർമീഡിയേറ്റും ബിരുദാനന്തര പഠനങ്ങൾക്കുള്ള ദേശീയ

സ്കോളർഷിപ്പ് തുടങ്ങിയ പദ്ധതികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടന്നുവരുന്നു.

12. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ആധുനികലോകത്തിൽ വിദ്യാർത്ഥികൾക്കുണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും അവരുടെ ജീവിതപ്രശ്നങ്ങൾ നേരിടുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതിനുമായി 2019-20 സാമ്പത്തികവർഷം "Jeevani- College Mental Awareness Programme"എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

13. ഉന്നത വിദ്യാഭ്യാസമേഖലയുടെ ശാക്തീകരണത്തിനായി ഗവേഷണ സ്ഥാപനങ്ങളെയും ഉന്നത വിദ്യാപീഠങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

14. വിദ്യാർത്ഥികളുടെയും ഫാക്കൽറ്റിമാരുടെയും വ്യക്തിഗത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, റിഫ്രഷർ കോഴ്സുകൾ എന്നിവ നടത്തുന്നതിന് അക്കാദമിക്/ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം എന്ന പദ്ധതി നടത്തിവരുന്നു.

15. കേരളത്തിലെ സർക്കാർ കോളേജുകളിലെ ലൈബ്രറികളുടെയും ലബോറട്ടറികളുടെയും സമഗ്രവികസനത്തിനായി ലൈബ്രറി ലബോറട്ടറി വികസനം എന്ന പദ്ധതി നടത്തിവരുന്നു.

16. കേരളത്തിലെ സർക്കാർ കോളേജുകളുടെയും ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വിവിധ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിവരുന്നു.

17. കേരളത്തിലെ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ സമഗ്ര വികസനത്തിനായി പ്രത്യേക നിക്ഷേപ പദ്ധതി ആവിഷ്കരിക്കുകയും ഇതിന്റെ ഭാഗമായി 2030 മുന്നിൽ കണ്ട് കോളേജുകളുടെ സമഗ്ര വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി, ആയതിന്റെ തുടർ നടപടികളും നടന്നുവരുന്നു.

(ബി) ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വളർത്തുന്നതിനായി ബിരുദ ബിരുദാനന്തര കോഴ്സുകളുടെ പാഠ്യപദ്ധതികൾ പരിഷ്കരിക്കുന്നതിനും വിജ്ഞാന വികസനവും തൊഴിൽ സാധ്യതയും ലക്ഷ്യമാക്കി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾ രാജ്യാന്തര നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിന് Interaction with Eminent Scholar പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

- നവശാസ്ത്ര മേഖലകളായ മെറ്റീരിയൽ സയൻസ്, റോബോട്ടിക്സ്, നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി, ഫുഡ് സയൻസ് എന്നിവയിൽ പഠന വകുപ്പുകൾ ആരംഭിച്ചുവരുന്നു.

- രാജ്യാന്തര സെമിനാറുകൾ, എറുഡെയ്റ്റ് പരിപാടിയുടെ ഭാഗമായി നോബൽ സമ്മാന ജേതാക്കൾ ഉൾപ്പെടെയുള്ള വിദഗ്ധ ഗവേഷകരെ പങ്കെടുപ്പിച്ച് സെമിനാറുകൾ, ഗവേഷണ പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.

- ബിരുദ ബിരുദാനന്തര തലത്തിൽ 2019 മുതൽ പുതിയ റെഗുലേഷനുകൾ നടപ്പിലാക്കി. സിലബസ്സുകൾ അതനുസരിച്ച് പരിഷ്കരിച്ചിട്ടുണ്ട്.

- വിജ്ഞാനവർദ്ധനവും തൊഴിൽസാദ്ധ്യതയും ലക്ഷ്യമാക്കി കാലിക പ്രാധാന്യമുള്ള നൂതന ബി.വോക് കോഴ്സുകളും ബി.എസ്.സി. ഫോറൻസിക് സയൻസ്, ബി.എ. ക്രിമിനോളജി ആൻഡ് പോലീസ് സയൻസ് എന്നീ ബിരുദ ബിരുദാനന്തര കോഴ്സുകളും നടത്തിവരുന്നു.

- SWAYAM പദ്ധതിയുടെ ഭാഗമായി മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകൾ (MOOC) നടപ്പിലാക്കിയിട്ടുണ്ട്.

- ബിരുദ, ബിരുദാനന്തര കോഴ്സുകളുടെ പാഠ്യപദ്ധതി 'Outcome Based Education' ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- വിദേശ സർവ്വകലാശാലകളിലെ അദ്ധ്യാപകരെയും ഗവേഷകരെയും ക്ഷണിച്ച്, ക്ലാസുകളും ചർച്ചകളും നടത്തിവരുന്നു.

- സർവ്വകലാശാലകളിലെ തെരഞ്ഞെടുത്ത വിദ്യാർത്ഥികളെ വിദേശ സർവ്വകലാശാലയിലേയ്ക്കയച്ച്, ആശയവിനിമയവും ചർച്ചകളും പ്രോത്സാഹിപ്പിച്ചു വരികയും വിദേശ സർവ്വകലാശാലകളുമായി അക്കാദമിക് വിഷയങ്ങളിൽ കരാറിലേർപ്പെടുകയും ചെയ്തുവരുന്നു.

- എ.ഐ.സി.ടി.ഇ. നിർദ്ദേശ പ്രകാരം എഞ്ചിനീയറിംഗ് പാഠ്യപദ്ധതി 2019-20 അദ്ധ്യയന വർഷം മുതൽ നവീകരിക്കുകയാണ്.

- രാജ്യാന്തര സർവ്വകലാശാലകളിൽ ഉള്ളതുപോലെ വിജ്ഞാന വൈവിദ്ധ്യതയെ പ്രോത്സാഹിപ്പിക്കുന്ന ബി.ടെക് മൈനർ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

- വ്യാവസായിക, വിവര സാങ്കേതിക സ്റ്റാർട്ടപ്പ് തുടങ്ങിയ മേഖലകളിലെ കമ്പനികൾക്കും സ്ഥാപനങ്ങൾക്കും ഈ മൈനർ പ്രോഗ്രാമുകൾ നടത്തുവാനും വിദ്യാർത്ഥികളുമായി നിരന്തരം സംവദിക്കുവാനുമുള്ള അവസരവും ഒരുക്കിയിട്ടുണ്ട്.

(സി) കേരള, കുസാറ്റ്, എസ്.എസ്.യു.എസ്., കണ്ണൂർ, എ.പി.ജെ. അബ്ദുൾകലാം എന്നീ സർവ്വകലാശാലകൾ ശില്പശാലകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ഡി) ഉന്നത വിദ്യാഭ്യാസ രംഗത്ത് കേന്ദ്രസർക്കാർ നടപ്പാക്കുന്ന പരിഷ്കാരങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിരീക്ഷണങ്ങൾ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്.

## എഞ്ചിനീയറിംഗ് എംപ്ലോയ്മെന്റ് എൻഹാൻസ്മെന്റ് പ്രോഗ്രാം

13 (*133) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് പഠനം വിജയകരമായി പൂർത്തീകരിക്കുന്ന വിദ്യാർത്ഥികൾ വ്യാപകമായി തൊഴിലില്ലായ്മ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പരിഹരിക്കാനായി എഞ്ചിനീയറിംഗ് എംപ്ലോയ്മെന്റ് എൻഹാൻസ്മെന്റ് പ്രോഗ്രാം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എഞ്ചിനീയറിംഗ് കോളേജുകളെ വിജയ ശതമാനവും പ്ലേസ്മെന്റും ആധാരമാക്കി ഗ്രേഡിംഗ് നടത്താൻ പദ്ധതിയുണ്ടോ എന്നറിയിക്കാമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) നല്ലൊരു ശതമാനംപേർ തൊഴിലില്ലായ്മ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എഞ്ചിനീയറിംഗ് ബിരുദധാരികളുടെ തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ബി.ടെക് (ഓണേഴ്സ്), ബി. ടെക് (മൈനർ) എന്നീ കോഴ്സുകൾ സാങ്കേതികശാസ്ത്ര സർവ്വകലാശാല നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്. കൂടാതെ എംപ്ലോയ്മെന്റ് എൻഹാൻസ്മെന്റിനായി അസാപ്പ് വഴിയുള്ള നൈപുണ്യ വികസന കോഴ്സുകൾ, വ്യവസായിക ഇന്റേൺഷിപ്പുകൾ, നവീന സാങ്കേതിക ശാഖയിലുള്ള പരിശീലനം എന്നിവയും പഠന സമയത്തുതന്നെ തദ്ദേശ

ഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും പങ്കെടുക്കുവാൻ കഴിയുന്ന ഇന്റേൺഷിപ്പ് പദ്ധതികളും ആരംഭിച്ചിട്ടുണ്ട്.

എഞ്ചിനീയറിംഗ് ബിരുധാരികൾക്ക് ഭാവിയിൽ ഉയർന്ന തൊഴിൽ സാധ്യതകൾ ലഭ്യമാക്കുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്, റോബോട്ടിക്സ്, ക്ലൗഡ് കമ്പ്യൂട്ടിംഗ് എന്നീ കോഴ്സുകളുടെ പ്രാധാന്യം മനസ്സിലാക്കി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ് എന്ന കോഴ്സിന് ഒരു പാഠ്യപദ്ധതി രൂപകല്പന ചെയ്ത് അസാപ്പ് എഞ്ചിനീയറിംഗ് കോളേജുകളിൽ പരിശീലനം നൽകിവരുന്നു. കൂടാതെ യു.ഐ. പാത്തുമായി ചേർന്ന് റോബോട്ടിക് പ്രോസസ് ഓട്ടോമേഷൻ എന്ന കോഴ്സും ഗൂഗിളുമായി ചേർന്ന് ക്ലൗഡ് കമ്പ്യൂട്ടിംഗ് കോഴ്സുകളും വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ അസാപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചുകഴിഞ്ഞു. ഇതിനെല്ലാം പുറമെ ICT Academy, ഐ.ബി.എം (IBM), റ്റി.സി.എസ് (TCS), ഹിയർ മാപ്പ് എന്നിങ്ങനെയുള്ള കമ്പനികളുമായി സഹകരിച്ച് അതിനൂതനവും വ്യവസായാധിഷ്ഠിതവുമായ കോഴ്സുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ വിദ്യാർത്ഥികൾക്ക് ഗവേഷണ സഹായം, സ്കിൽ ഡെവലപ്മെന്റ് പരിശീലന പരിപാടികൾ, ഇൻഡസ്ട്രിയൽ ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ വഴി പ്രഗത്ഭരായ അദ്ധ്യാപകരെക്കൊണ്ട് നൂതന അറിവുകൾ എന്നിവയും ലഭ്യമാക്കിവരുന്നു. ഇതുവഴി വിവരസാങ്കേതിക മേഖലകളിലടക്കം വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കാൻ അവരെ പ്രാപ്തരാക്കുന്നു. എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികളിൽനിന്നും യുവസംരംഭകരെ വാർത്തെടുക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് പരിശീലന പരിപാടികൾ മുതലായവ നടപ്പിലാക്കിയിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളിൽ സാങ്കേതിക വിദ്യാഭ്യാസ ഗുണമേന്മ വർദ്ധന പദ്ധതിയായ ടെക്വിപിലൂടെ പഠന നിലവാരം മെച്ചപ്പെടുത്തുവാനും തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുവാനും സാധിക്കുന്നു. കൂടാതെ YIP (Young Innovators Programme) വഴി വിദ്യാർത്ഥികളുടെ നൂതന ആശയങ്ങൾ നടപ്പിലാക്കപ്പെടുന്നു.

അതോടൊപ്പം എഞ്ചിനീയറിംഗ് വിദ്യാഭ്യാസ ശൃംഖലയെ ഒന്നാകെ ബന്ധിപ്പിച്ച് തൊഴിൽ സാദ്ധ്യതകൾക്കനുസരിച്ചും പുതിയ തൊഴിൽ മേഖലകൾക്കനുസരിച്ചും വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിനായി അസാപ്പും ഐ.സി.ടി. അക്കാദമിയും സഹകരിച്ച് നടപ്പാക്കുന്ന സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള (SDPK) രൂപീകൃതമായിട്ടുണ്ട്.

(സി) ഇല്ല.

## കോക്കനട്ട് മിഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ

14 (*134) ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടമായിക്കൊണ്ടിരിക്കുന്ന നാളികേര കൃഷിയുടെ പ്രൗഢി തിരിച്ചുപിടിക്കുന്നതിനും കർഷകരെ ഈ മേഖലയിൽ ഉറപ്പിച്ച് നിർത്തി സുസ്ഥിര വികസനം സാധ്യമാക്കുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി കോക്കനട്ട് മിഷൻ നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) കേര കർഷകരെ മികച്ച നാളികേര സംരംഭകരാക്കി മാറ്റുന്നതിന് കോക്കനട്ട് മിഷൻ ഹ്രസ്വകാല/ദീർഘകാലാടിസ്ഥാനത്തിൽ വായ്പാ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ-സി) കേര കൃഷിയുടെ വിസ്തീർണ്ണത്തിൽ കേരളം മുന്നിലാണെങ്കിലും പ്രതി ഹെക്ടർ നാളികേര ഉല്പാദനം ദേശീയ ശരാശരിയേക്കാൾ താഴെയാണ്. നാളികേര വികസനത്തിനായി കഴിഞ്ഞ കാലങ്ങളിൽ നിരവധി പദ്ധതികൾ നടപ്പിലാക്കിയെങ്കിലും അവയൊന്നും യഥാർത്ഥ ഫലം കാണുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ കേര കൃഷിയുടെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനുവേണ്ടി കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 2018 മുതൽ 2028 വരെ നീളുന്ന പത്ത് വർഷത്തെ വികസന കാഴ്ചപ്പാടോടുകൂടി മിഷൻ മോഡ് മാതൃകയിൽ കൃഷി വകുപ്പുമന്ത്രി ചെയർമാനായി സംസ്ഥാനതല ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി, ജില്ലാതല കൗൺസിൽ എന്ന ഘടനയിൽ നാളികേര വികസന കൗൺസിൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വാർഡുതല ക്ലസ്റ്ററുകൾ, പഞ്ചായത്തുതല കേര സമിതികൾ, ബ്ലോക്കുതല ഫെഡറേഷനുകൾ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങ് കൃഷി വ്യാപിപ്പിക്കുവാനും നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളിൽ

ഉൽപ്പാദനക്ഷമതയില്ലാത്തതും പ്രായംചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻതൈകൾ 3 ലക്ഷം ഹെക്ടർ സ്ഥലത്ത് നട്ടുപിടിപ്പിക്കുന്നതിനും തെങ്ങിന്റെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽനിന്നും 8500 നാളികേരമായി ഉയർത്തുവാനും ലക്ഷ്യമിടുന്നു.

കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, നാളികേര ഉൽപ്പാദക സൊസൈറ്റി/കമ്പനികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തെങ്ങിൻതൈ ഉൽപ്പാദക കേന്ദ്രങ്ങളിലെ ഉൽപ്പാദനം വർദ്ധിപ്പിച്ചും ശാസ്ത്രീയ വിത്ത് തേങ്ങ സംഭരണം വിപുലപ്പെടുത്തിയും വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേൻമയുള്ള തെങ്ങിൻതൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നെടിയ ഇനം, കുറിയ ഇനം, സങ്കര ഇനം എന്നിവ 60:20:20 അനുപാതത്തിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 10 വർഷം കൊണ്ട് ഇപ്രകാരം രണ്ട് കോടി തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. വിളവെടുപ്പിന് കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനായി നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള പഞ്ചായത്തുകളിൽ യുവതീയുവാക്കൾക്ക് പരിശീലനം നൽകുന്നതിനും കേര കർമ്മസേനകൾ രൂപീകരിക്കുന്നതിനും നിലവിലുള്ള കാർഷിക കർമ്മസേന, അഗ്രോസർവ്വീസ് സെന്റർ എന്നിവയെ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംയോജിത കീടരോഗ നിയന്ത്രണ പരിപാടികൾ ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടത്തിവരുന്നു. 2019-20 സാമ്പത്തികവർഷം സമഗ്ര നാളികേര വികസനത്തിനായി 1900 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നാളികേര വികസന കൗൺസിലിന്റെ "കേരകേരളം സമൃദ്ധ കേരളം" എന്ന പദ്ധതി പ്രകാരം ഗുണമേന്മയുള്ളതും അത്യുൽപ്പാദനശേഷിയുള്ളതുമായ തെങ്ങിൻതൈകളുടെ വിതരണോദ്ഘാടനം 6-7-2019-ന് ബഹു. മുഖ്യമന്ത്രി കോഴിക്കോട് ജില്ലയിൽ നിർവ്വഹിച്ചു.

കേര ഗ്രാമങ്ങളായി തെരഞ്ഞെടുക്കപ്പെട്ട 300 പഞ്ചായത്തുകളും കേരഗ്രാമങ്ങളില്ലാത്ത നിയോജകമണ്ഡലങ്ങളിലെ തെരഞ്ഞെടുത്ത 200 പഞ്ചായത്തുകളും ഉൾപ്പെടെ 500 പഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും വാർഡൊന്നിന് 75 തെങ്ങിൻതൈ എന്ന നിരക്കിൽ കർഷകർക്ക് 50 ശതമാനം സബ്സിഡിയോടുകൂടി തെങ്ങിൻതൈകൾ വിതരണം ചെയ്തുവരുന്നു.

കോൾ നിലങ്ങളിലെ ബണ്ടുകളിൽ 3-4 മാസം പ്രായമുള്ള 15326 തെങ്ങിൻ തൈകൾ സൗജന്യമായി വച്ചുപിടിപ്പിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

കോഴിക്കോട് വേങ്ങേരിയിലെ നഗര കാർഷിക മൊത്ത വ്യാപാര വിപണന കേന്ദ്രത്തിൽ നാളികേരവും അനുബന്ധ ഉൽപ്പന്നങ്ങളും വിപണനം നടത്തുന്നതിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും കേരോൽപ്പന്നങ്ങളുടെ സംസ്കരണത്തിനും വിപണന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുംവേണ്ടി കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിൽ ഒരു അഗ്രോപാർക്ക് സ്ഥാപിക്കുന്ന നടപടികളും പുരോഗമിച്ചുവരുന്നു. അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ നിയമിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനമായ കേരഫെഡ്, കേരവെളിച്ചെണ്ണ, ഡെസിക്കേറ്റഡ് കോക്കനട്ട്, കേര ചമ്മന്തിപ്പൊടി, കേര മിൽക്ക്, പൗഡർ, കേരജം, കേശാമൃത് ഹെർബൽ ഓയിൽ മുതലായവ നിർമ്മിച്ച് ഇന്ത്യയ്ക്കകത്തും വിദേശത്തും വിപണനം നടത്തിവരുന്നു. കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനികൾ ഉൽപ്പാദിപ്പിക്കുന്ന നീര, നീര ഷുഗർ, നീര ലഡു, നീര വിനീഗർ തുടങ്ങിയ ഉൽപ്പന്നങ്ങൾ നാളികേര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ വിപണനം നടത്തിവരുന്നു.

സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവിനും കർഷക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 2016 മുതൽ "വൈഗ" എന്ന അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചുവരുന്നുണ്ട്.

## നാക് അക്രഡിറ്റേഷൻ

15 (*135) <u>ശ്രീ. എസ്. ശർമ്മ:</u>
<u>ശ്രീ. എ. എൻ. ഷംസീർ:</u>
<u>ശ്രീ. യു. ആർ. പ്രദീപ്:</u>
<u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സർവ്വകലാശാലകൾക്കും സർക്കാർ കോളേജുകൾക്കുമാണ് നാക് അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ സർക്കാർ കോളേജുകളും നാക് അക്രഡിറ്റേഷൻ നേടാൻ പ്രാപ്തമാകും വിധം അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക സൗകര്യങ്ങളും മെച്ചപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) സർക്കാർ കോളേജുകളുടെ അടിസ്ഥാനസൗകര്യവികസനത്തിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ റൂസ മുഖേനയും കിഫ്ബി വഴിയും അനുവദിക്കുന്ന ഫണ്ട് സംബന്ധിച്ച വിശദാംശം നൽകാമോ;

(ഡി) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അക്കാദമിക് ഓഡിറ്റ് നടത്താൻ പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) സംസ്ഥാനത്ത് കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല എന്നിവയ്ക്കും നാൽപ്പത് സർക്കാർ കോളേജുകൾക്കും നാക് അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. നാക് അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള സർക്കാർ കോളേജുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. *

(ബി) കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ സംയുക്ത സഹകരണത്തോടെ രൂപീകരിക്കപ്പെട്ടിട്ടുള്ള റൂസയുടെ കീഴിൽ സംസ്ഥാനത്തെ സർവ്വകലാശാലകളേയും സർക്കാർ കോളേജുകളേയും നാക് അക്രഡിറ്റേഷൻ നേടിയെടുക്കുന്നതിന് പ്രാപ്തമാക്കുന്നതിനായുള്ള SLQAC (State Level Quality Assurance Cell) യുടെ രൂപീകരണം അന്തിമഘട്ടത്തിലാണ്. കൂടാതെ കോളേജുകളിൽനിന്നും പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് നാക് അക്രഡിറ്റേഷന് ആവശ്യമായ ഫീസ് ഉൾപ്പെടെ സർക്കാർ കോളേജുകളിലെ അടിസ്ഥാനസൗകര്യവികസനത്തിന് ആവശ്യമായ തുക പ്ലാൻ ഫണ്ടിൽനിന്നും വിവിധ കോളേജുകൾക്കായി അനുവദിച്ചുനൽകിയിട്ടുണ്ട്. കോളേജുകളിലെ ഗുണനിലവാരം സംബന്ധിച്ച പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനായി എല്ലാ കോളേജുകളിലും ഒരു IQAC (Internal Quality Assurance Cell) രൂപീകരിക്കുകയും ഇവയുടെ കോ-ഓർഡിനേറ്ററായി ഒരു അദ്ധ്യാപകനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സർക്കാർ കോളേജുകളുടെ നാക് അംഗീകാരത്തിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ഗുണനിലവാരം നിലനിർത്തുന്നതിനുള്ള പ്രവർത്തങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയവ IQAC Co-ordinator കോളേജ് തലത്തിൽ നടത്തിവരുന്നുണ്ട്.

(സി) സർക്കാർ കോളേജുകളുടെ അടിസ്ഥാനസൗകര്യവികസനത്തിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ റൂസ 1-ന്റെ ഘടകം -7 ലും റൂസ 2-ന്റെ ഘടകം 9-ലും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉൾപ്പെടുത്തി 2 കോടി രൂപയുടെ ഫണ്ട് ലഭിക്കുന്ന പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് സ്ഥാപനത്തിൽ നിർമ്മാണ, പുനരുദ്ധാരണ പ്രവർത്തനങ്ങളും പർച്ചേസും നടത്തുവാനുള്ള സൗകര്യമുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി റൂസ 1-ൽ സംസ്ഥാനത്തെ 21 സർക്കാർ കോളേജുകൾക്കും റൂസ 2-ൽ 15 സർക്കാർ കോളേജുകൾക്കും അംഗത്വം ലഭിച്ചിട്ടുണ്ട്. അതോടൊപ്പം റൂസ 2 പദ്ധതിയിലെ ഘടകം 8-ൽ ഉൾപ്പെടുത്തി സ്വയംഭരണ കോളേജുകളുടെ അടിസ്ഥാനസൗകര്യവികസനത്തിനും ഗവേഷണ മേഖലയുടെ ഉന്നമനത്തിനുമായി 5 കോടി രൂപ ഫണ്ട് നൽകുന്ന വിഭാഗത്തിൽ സംസ്ഥാനത്തെ സ്വയംഭരണ പദവിയുള്ള ഏക സർക്കാർ കോളേജായ മഹാരാജാസ് കോളേജിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെ റൂസ 1-ന്റെ ഭാഗമായി ഘടകം 5-ൽ ഉൾപ്പെടുത്തി ഗവൺമെന്റ് കോളേജ് മൂന്നാറിനെ മാതൃകാ ഡിഗ്രി കോളേജാക്കി മാറ്റുന്നതിനായി 4 കോടി രൂപ ഫണ്ട് ലഭിക്കുന്ന പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്.

സർക്കാർ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി കിഫ്ബിയിൽ ഉൾപ്പെടുത്തി 48 സർക്കാർ കോളേജുകളുടെ വികസനത്തിനായി 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 7 എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനത്തിനായി 75 കോടി രൂപയും 5 പൈതൃക കോളേജുകളുടെ വികസനത്തിനായി 150 കോടി രൂപയും മാറ്റിവച്ചിട്ടുണ്ട്. പോളിടെക്നിക്കുകളുടെ വികസനത്തിനായി 50 കോടി രൂപയും പുതുതായി ആരംഭിച്ചിട്ടുള്ള 12 ആർട്സ് ആൻഡ് സയൻസ് കോളേജുകൾക്കായി 120 കോടി രൂപയും കിഫ്ബി പദ്ധതി പ്രകാരം വകയിരുത്തിയിട്ടുണ്ട്. മാത്രവുമല്ല പുതിയതായി ആരംഭിച്ച കോളേജുകൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കലിനായി 100 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഡി) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ രണ്ടു വർഷത്തിലൊരിക്കൽ അക്കാദമിക് ഓഡിറ്റ് നടത്തിവരുന്നു. കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള പഠന വകുപ്പുകളിൽ അക്കാദമിക് ഓഡിറ്റ് നടത്തുന്നതിനായി വിദഗ്ദ്ധരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല 2019-ൽ സർവ്വകലാശാലാ തലത്തിൽ Peer Team Methodology മാതൃക സ്വീകരിച്ചുകൊണ്ട് അക്കാദമിക് ഓഡിറ്റ് നടത്തിവരുന്നു. കേരള സർവ്വകലാശാലയിൽ അക്കാദമിക് ഓഡിറ്റ് നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## സർവ്വകലാശാലകളിലെ അദാലത്തുകൾ

16 (*136) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാങ്കേതിക സർവ്വകലാശാലയിലും മഹാത്മാഗാന്ധി സർവ്വകലാശാലയിലും സംഘടിപ്പിക്കപ്പെട്ട അദാലത്തിൽ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് പങ്കെടുത്തിരുന്നോ; എങ്കിൽ ഏത് ചട്ടപ്രകാരം എന്നും ആരുടെ നിർദ്ദേശാനുസരണമെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത അദാലത്തുകളിൽ പരീക്ഷയിൽ തോറ്റ വിദ്യാർത്ഥികൾക്ക് മാർക്ക് ദാനം നൽകി അവരെ വിജയിപ്പിക്കുവാൻ തീരുമാനമെടുത്തിരുന്നോ; എങ്കിൽ അതിനുള്ള നിയമം സർവ്വകലാശാല ചട്ടങ്ങളിലോ, സ്റ്റാറ്റ്യൂട്ടുകളിലോ ഉണ്ടോ;

(സി) എം.ജി. സർവ്വകലാശാലയുടെ അദാലത്തിൽ തീരുമാനിച്ച മാർക്ക് ദാനം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് വൈസ് ചാൻസലർ അയച്ചിരുന്നുവോ; അതിനുള്ള സാഹചര്യം എന്തായിരുന്നു;

(ഡി) അദാലത്തിൽ ഒരു മാർക്ക് കൂട്ടി നൽകുവാനാണ് തീരുമാനം എടുത്തിരുന്നതെങ്കിൽ സിൻഡിക്കേറ്റ് അത് അഞ്ച്മാർക്ക് വീതം ബി. ടെക്. പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് വർഷം പോലും പറയാതെ ദാനം നൽകുവാൻ തീരുമാനിച്ചത് ഏത് സാഹചര്യത്തിലാണ്;

(ഇ) പ്രസ്തുത വിഷയം അജണ്ടക്ക് പുറത്തുള്ള വിഷയമായി സിൻഡിക്കേറ്റ് പരിഗണിച്ചത് എന്തുകൊണ്ടാണ് എന്നറിയിക്കാമോ;

(എഫ്) റിസൽട്ട് പ്രഖ്യാപിച്ചശേഷം പാസ്സ് ബോർഡിന്റെ ശിപാർശയില്ലാതെ അഞ്ച് മാർക്ക് വീതം ദാനം ചെയ്യുവാൻ സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചത് ഏത് നിയമപ്രകാരമാണ്; വ്യക്തമാക്കാമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) കേരള സാങ്കേതിക സർവ്വകലാശാലയിൽ വകുപ്പമന്ത്രിയോടൊപ്പവും എം.ജി. സർവ്വകലാശാലയിൽ അദാലത്തിന്റെ ഉദ്ഘാടന സെക്ഷനിലും പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ പങ്കെടുത്തിരുന്നു. ഇക്കാര്യത്തിൽ പ്രത്യേകം ചട്ടമുള്ളതായി കാണുന്നില്ല.

(ബി) ഇല്ല. ബാധകമല്ല.

(സി) അയച്ചിരുന്നു. മോഡറേഷനാണ് വിദ്യാർത്ഥി ആവശ്യപ്പെട്ടിരുന്നത്. അപേക്ഷയിൽ മോഡറേഷനോടൊപ്പം സപ്ലിമെന്ററി പരീക്ഷയ്ക്ക് എൻ.എസ്.എസ്. ഗ്രേസ് മാർക്കും നൽകണമെന്ന ആവശ്യം ഉയർന്നതിനാലാണ് ടി വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് വൈസ് ചാൻസലർ ഉത്തരവായത്.

(ഡി) മോഡറേഷൻ ആവശ്യം ഉയർത്തി 2016 മുതൽ നിരവധി ബി. ടെക് വിദ്യാർത്ഥികൾ നിരന്തരം സർവ്വകലാശാലയെ സമീപിച്ചിരുന്നു. 2016 ഓഗസ്റ്റ് 13-ന് വിദ്യാർത്ഥികൾ ഇതേ വിഷയം ഉന്നയിച്ച് സർവ്വകലാശാലാ മാർച്ച് നടത്തുകയും അന്ന് ചുമതല വഹിച്ചിരുന്ന വൈസ് ചാൻസലർ വിദ്യാർത്ഥികളുമായി സംസാരിക്കുകയും വിഷയം പരിഗണിക്കാമെന്ന് അറിയിക്കുകയും ചെയ്തിരുന്നു. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേയ്ക്ക് ബി.ടെക് കോഴ്സുകൾ പൂർണ്ണമായും മാറുകയും സപ്ലിമെന്ററി വിദ്യാർത്ഥികൾ മാത്രം സർവ്വകലാശാലയിൽ തുടരുകയും ചെയ്യുന്ന സാഹചര്യവുമുണ്ടായി. നേരിയ മാർക്കിന്റെ കുറവുകൊണ്ട് ബി.ടെക് പഠനം പൂർത്തീകരിക്കാൻ വിദ്യാർത്ഥികൾക്ക് സാധിക്കാതിരിക്കുകയും നാലു വർഷത്തെ പഠനത്തിനുശേഷം 56 വിഷയങ്ങളിൽ 55 വിഷയങ്ങൾക്ക് ജയിക്കുകയും ഒരു വിഷയത്തിന് മാത്രം കുറച്ചു മാർക്കിൽ പരാജയപ്പെടുകയും ചെയ്ത് പ്ലസ് ടൂ യോഗ്യതയിലേയ്ക്ക് മാത്രമായി വിദ്യാർത്ഥികൾ ചുരുങ്ങുന്ന അവസ്ഥയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കിട്ടിയ അപേക്ഷ പരിഗണിച്ചപ്പോൾ പരമാവധി വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിലുള്ള മോഡറേഷനാണ് 30-4-2019-ൽ കൂടിയ സിൻഡിക്കേറ്റ് തീരുമാനിച്ചത്. ആയതിന്റെ അടിസ്ഥാനത്തിലാണ് 5 മാർക്ക് മോഡറേഷൻ നൽകാൻ തീരുമാനിച്ചത്.

(ഇ) മോഡറേഷൻ ആവശ്യം ഉയർത്തി 2016 മുതൽ നിരവധി ബി. ടെക് വിദ്യാർത്ഥികൾ നിരന്തരം സർവ്വകലാശാലയെ സമീപിച്ചിരുന്നു. 2016 ഓഗസ്റ്റ് 13-ന് വിദ്യാർത്ഥികൾ ഇതേ വിഷയം ഉന്നയിച്ച് സർവ്വകലാശാലാ മാർച്ച് നടത്തുകയും അന്ന് ചുമതല വഹിച്ചിരുന്ന വൈസ് ചാൻസലർ വിദ്യാർത്ഥികളുമായി

സംസാരിക്കുകയും വിഷയം പരിഗണിക്കാമെന്ന് അറിയിക്കുകയും ചെയ്തിരുന്നു. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേയ്ക്ക് ബി.ടെക് കോഴ്സുകൾ പൂർണ്ണമായും മാറുകയും സപ്ലിമെന്ററി വിദ്യാർത്ഥികൾ മാത്രം സർവ്വകലാശാലയിൽ തുടരുകയും ചെയ്യുന്ന സാഹചര്യവുമുണ്ടായി. നേരിയ മാർക്കിന്റെ കുറവുകൊണ്ട് ബി.ടെക് പഠനം പൂർത്തീകരിക്കാൻ വിദ്യാർത്ഥികൾക്ക് സാധിക്കാതിരിക്കുകയും നാലു വർഷത്തെ പഠനത്തിനുശേഷം 56 വിഷയങ്ങളിൽ 55 വിഷയങ്ങൾക്ക് ജയിക്കുകയും ഒരു വിഷയത്തിന് മാത്രം കുറച്ചു മാർക്കിൽ പരാജയപ്പെടുകയും ചെയ്ത് പ്ലസ് ടു യോഗ്യതയിലേയ്ക്ക് മാത്രമായി വിദ്യാർത്ഥികൾ ചുരുങ്ങുന്ന അവസ്ഥയുണ്ടായി. ഇതിലേയ്ക്കായി വിദ്യാർത്ഥികൾ സമർപ്പിച്ച ഓരോ അപേക്ഷയും പ്രത്യേക നമ്പറുള്ള ഫയലുകളാക്കി തീർപ്പാക്കുന്നതിലുള്ള നടപടിക്രമങ്ങളുടെ സങ്കീർണ്ണതയും കാലതാമസവും ഒഴിവാക്കുന്നതിനാണ് ഈ വിഷയം പൊതുവായി പരിഗണിച്ച് ഔട്ട് ഓഫ് അജണ്ടയായി പരിഗണിച്ചതെന്ന് മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

(എഫ്) സർവ്വകലാശാല നടത്തേണ്ട പരീക്ഷകളുടെ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ച് സിൻഡിക്കേറ്റിന്റെ അധികാരം മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 4 ചട്ടം 23 (15) -ൽ നിർവചിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് ടി നടപടികൾ കൈക്കൊണ്ടിട്ടുള്ളത്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഷിക പദ്ധതി**

17 (*137) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u>
<u>ശ്രീ. പി. വി. അൻവർ:</u>
<u>ശ്രീമതി യു. പ്രതിഭ:</u>
<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 2020-21-ലെ വാർഷിക പദ്ധതി സമർപ്പിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതു സംബന്ധിച്ച് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) പ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംസ്ഥാനത്തിന്റെ വികസനത്തിൽ നിർണ്ണായക സ്ഥാനം വഹിക്കുന്നതിനാൽ പദ്ധതി പുരോഗതി വിലയിരുത്താൻ ജില്ലാതല യോഗങ്ങൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഇ) നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നാളിതുവരെ എത്ര ശതമാനം തുക വിനിയോഗിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളുടെ 2020-21-ലെ വാർഷിക പദ്ധതി, വരുന്ന ഡിസംബർ, ജനുവരി മാസങ്ങളിലായി തയ്യാറാക്കുന്ന രീതിയിൽ സമയക്രമം നിശ്ചയിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) 2020-21 വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ 2018-19 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖകൾ 29-1-2018-ലെ സ.ഉ.(കൈ) നമ്പർ 11/2018/തസ്വഭവ, 2-2-2018-ലെ സ.ഉ.(കൈ) നമ്പർ 17/2018/തസ്വഭവ, 14-2-2018-ലെ സ.ഉ.(കൈ) നമ്പർ 22/2018/തസ്വഭവ എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2020-21 വാർഷിക പദ്ധതി രൂപീകരിക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവിൽ അധിക മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്.

(സി) ഉണ്ട്. 23-10-2018-ലെ സ.ഉ.(സാധാ) നമ്പർ 2710/2018/തസ്വഭവ നമ്പർ ഉത്തരവിൽ ഇതുസംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്. പദ്ധതി പുരോഗതി വിലയിരുത്തുന്നതിനായുള്ള ജില്ലാതല യോഗങ്ങൾ മൂന്ന് ഘട്ടങ്ങളായി സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ട യോഗങ്ങൾ 2019 ജൂലൈ 15 മുതൽ ആഗസ്റ്റ് 15 വരെയുള്ള കാലയളവിൽ പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടം ഒക്ടോബർ 15 മുതൽ നവംബർ 15 വരെയും മൂന്നാം ഘട്ടം ഡിസംബർ 15 മുതൽ ജനുവരി 15 വരെയുമായി സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത്.

(ഇ) തദ്ദേശ ഭരണസ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു. (25-10-2019 വരെ.)

തദ്ദേശ ഭരണസ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 30.25 % |
| ബ്ലോക്ക് പഞ്ചായത്ത് | 34.77 % |
| ജില്ലാ പഞ്ചായത്ത് | 23.75 % |
| മുനിസിപ്പാലിറ്റി | 27.06 % |
| കോർപ്പറേഷൻ | 23.37% |
| ആകെ | 28.77% |

പൊതുവിഭാഗം, SCSP, TSP യുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.

| ജനറൽ | SCSP | TSP |
|---|---|---|
| 35.61% | 23.94% | 29.86% |

## കെ.എസ്.ആർ.ടി.സി.-യുടെ അന്തർ സംസ്ഥാന സ്റ്റേജ് കാര്യേജ് സർവ്വീസ്

18 (*138) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഏതെല്ലാം സംസ്ഥാനങ്ങളിലേയ്ക്കാണ് അന്തർ സംസ്ഥാന സ്റ്റേജ് കാര്യേജ് സർവീസ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ബെംഗലൂരു, ചെന്നൈ തുടങ്ങിയ പ്രധാന നഗരങ്ങളിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) അന്തർ സംസ്ഥാന സർവ്വീസ് സംബന്ധിച്ച് തമിഴ്നാടുമായി പുതിയ ഗതാഗതകരാർ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിലെ പ്രധാന വ്യവസ്ഥകൾ വിശദമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേയ്ക്കാണ് നിലവിൽ കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസ് നടത്തിവരുന്നത്.

(ബി) ഉണ്ട്.

(സി) ഉണ്ട്. 2019-ൽ തമിഴ്നാടുമായി രൂപീകരിച്ച പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരം തമിഴ്നാട്ടിലേയ്ക്ക് 49 റൂട്ടുകളിലായി 88 ബസ്സുകൾക്ക് 8865 കി.മീറ്റർ ദൂരം പുതുതായി സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് അനുമതി ലഭിച്ചിട്ടുണ്ട്. യാത്രക്കാരുടെ തിരക്ക് കൂടുതൽ അനുഭവപ്പെടുന്ന ഉത്സവകാലങ്ങളിൽ പ്രത്യേക അധിക സർവ്വീസ് നടത്തുന്നതിനും വാരാന്ത്യ-വാരാദ്യ സർവ്വീസുകൾ നടത്തുന്നതിനും പുതിയ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ എല്ലാ വർഷവും ഓണം, ദസറ, ദീപാവലി, ക്രിസ്തുമസ്, മധ്യവേനൽ അവധിക്കാലം, ശബരിമല ഉത്സവകാലം എന്നിങ്ങനെ യാത്രാതിരക്ക് അനുഭവപ്പെടുന്ന എല്ലാ ഉത്സവകാലത്തും ആവശ്യാനുസരണം സർവ്വീസുകൾ നടത്തുന്നതിനുള്ള വ്യവസ്ഥകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ടി കരാർ വ്യവസ്ഥകൾ പ്രകാരം തമിഴ്നാട്ടിലെ വിവിധ ഭാഗങ്ങളിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ നടത്തുന്നതിനും അതുവഴി അന്തർ സംസ്ഥാന റൂട്ടുകളിലുള്ള യാത്രാക്ലേശം പരിഹരിക്കുന്നതിനും കഴിയുമെന്ന് കരുതുന്നു.

## സുരക്ഷാമിത്ര പദ്ധതി

19 (*139) <u>ശ്രീ. എ. എൻ. ഷംസീർ:</u>
<u>പ്രൊഫ. കെ. യു. അരുണൻ:</u>
<u>ശ്രീ. പി. ഉണ്ണി:</u>
<u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ ബസുകളെ തത്സമയം നിരീക്ഷിക്കുന്നതിനും യാത്ര സുരക്ഷിതമാക്കുന്നതിനും സ്കൂൾ ബസുകളിൽ ജി.പി.എസ്. സംവിധാനം ഘടിപ്പിക്കുന്ന സുരക്ഷാമിത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) സുരക്ഷാമിത്ര പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) സ്കൂൾ ബസുകളുടെ ഫിറ്റ്നസ് പരിശോധന കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) സ്കൂൾ വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് ആവശ്യമായ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഗതാഗത വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ശശീന്ദ്രൻ)</u>:

(എ) ഉണ്ട്.

(ബി) സുരക്ഷാമിത്ര പദ്ധതിക്കായി പ്ലാൻ ഫണ്ടിൽനിന്നുമാണ് തുക വകയിരുത്തിയിട്ടുള്ളത്. ഇതുവരെ പ്ലാൻ ഫണ്ടിൽനിന്നും ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) സ്കൂൾ കുട്ടികളെ കയറ്റുന്ന വാഹനങ്ങൾക്കുണ്ടായ അപകടങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ പുറത്തിറക്കിയ സ.ഉ.(പി)25/2012/ഗതാ. നമ്പർ ഉത്തരവിൽ പ്രതിപാദിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കുന്ന വാഹനങ്ങൾക്ക് മാത്രമെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നുള്ളൂ. ഇതുകൂടാതെ എല്ലാ സ്കൂൾ വർഷാരംഭത്തിലും മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ സ്കൂളിലെത്തി വാഹനങ്ങളുടെ ക്ഷമത പുനഃപരിശോധന നടത്തി നിബന്ധനകളെല്ലാം പാലിക്കുന്നു എന്ന് ഉറപ്പുവരുത്തി അത്തരം വാഹനങ്ങൾക്ക് സ്റ്റിക്കർ പതിച്ചുനൽകുകയും ചെയ്യുന്നുണ്ട്.

(ഡി) സ്കൂൾ ബസ് ഡ്രൈവർമാർക്കും സ്കൂൾ കുട്ടികളെ കയറ്റുന്ന മറ്റ് വാഹനങ്ങളിലെ ഡ്രൈവർമാർക്കും ഇടയ്ക്കിടെ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്. സ്കൂൾ മാനേജുമെന്റിന്റേയും മാതാപിതാക്കളുടെയും സഹകരണം ഇക്കാര്യത്തിൽ ലഭ്യമാക്കുന്നുണ്ട്.

## വിള ഇൻഷ്വറൻസ് പദ്ധതി

20 (*140 ) ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നടപ്പിലാക്കിയ വിള ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഏതൊക്കെ വിളകളാണ് വിള ഇൻഷ്വറൻസ് പദ്ധതിക്ക് കീഴിൽ വരുന്നതെന്ന് അറിയിക്കുമോ;

(സി) വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകുന്നതിനുള്ള നിബന്ധനകളും പ്രീമിയം സംബന്ധിച്ചുള്ള വിവരങ്ങളും ലഭ്യമാക്കുമോ;

(ഡി) പ്രകൃതിക്ഷോഭംമൂലം വിളകൾക്കുണ്ടാകുന്ന പൂർണ്ണ നാശനഷ്ടത്തിനാണോ നഷ്ടപരിഹാരം നല്കുന്നതെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്,

ചെറു ധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുവരക്, കുതിരവാലി) എന്നീ വിളകൾക്ക് പ്രകൃതിക്ഷോഭംമൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, വന്യജീവി ആക്രമണം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടു തീ എന്നീ പ്രകൃതിക്ഷോഭങ്ങൾക്കാണ് പദ്ധതി പ്രകാരം സംരക്ഷണം നൽകുന്നത്. കോൾനിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽകൃഷിക്ക് സംസ്ഥാനത്തെവിടെയും കീട രോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടുകൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ/വാർഷിക വിളകളുടെ കൃഷി കൂടി ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി പ്രീമിയം തുക അടച്ച് കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. നെൽകൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലോ വ്യക്തിഗത അടിസ്ഥാനത്തിലോ ചേരാവുന്നതാണ്.

പഞ്ചായത്ത് തലത്തിൽ കൃഷി ഭവനുകൾ വഴിയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. പദ്ധതിയിൽ അംഗമാകാൻ ഉദ്ദേശിക്കുന്നവർ ഇതിനായി നിശ്ചയിച്ചിട്ടുള്ള അപേക്ഷാ ഫോറത്തിൽ അതാത് കൃഷിഭവനിൽ അപേക്ഷ നൽകേണ്ടതാണ്. കൃഷിഭവനിൽനിന്നും തിട്ടപ്പെടുത്തി നിശ്ചയിച്ച പ്രീമിയം തുക സ്ഥലത്തെ ജില്ലാ സഹകരണ ബാങ്ക് ശാഖകളിൽ അടയ്ക്കണം. പ്രീമിയം തുക അടച്ച ദിവസം മുതൽ 7 ദിവസത്തിന് ശേഷം ഉണ്ടാകുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. പ്രകൃതിക്ഷോഭം ഉണ്ടായി 15 ദിവസത്തിനുള്ളിൽ നിർദ്ദിഷ്ട ഫോറത്തിൽ കൃഷിഭവനിൽ അപേക്ഷ നൽകണം. കൃഷിഭവനിൽ അപേക്ഷ ലഭിച്ച് 5 ദിവസത്തിനുള്ളിൽ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് നാശനഷ്ടം തിട്ടപ്പെടുത്തണം.

(ബി) തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറു ധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുവരക്, കുതിരവാലി) തുടങ്ങിയ വിളകളാണ് വിള ഇൻഷ്വറൻസ് പദ്ധതിയുടെ കീഴിൽ വരുന്നത്.

(സി) കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി പ്രീമിയം തുക അടച്ച് കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. നെൽകൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലോ വ്യക്തിഗത അടിസ്ഥാനത്തിലോ ചേരാവുന്നതാണ്. ഓരോ വിളകളും ഇൻഷ്വർ ചെയ്യേണ്ടുന്ന പ്രീമിയം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) വിളകൾക്കുണ്ടാകുന്ന പൂർണ്ണനാശത്തിന് മാത്രമേ ഇൻഷ്വറൻസ് ആനുകൂല്യത്തിന് അർഹതയുള്ളൂ. എന്നാൽ നെൽകൃഷിക്ക് നഷ്ടപരിഹാരം കണക്കാക്കുമ്പോൾ 50%-ൽ അധികം നഷ്ടമുണ്ടായാൽ പൂർണ്ണ നഷ്ടമായി കണക്കാക്കി നഷ്ടപരിഹാരം നൽകാവുന്നതാണ്.

## ലൈഫ് മിഷൻ കൺസൾട്ടൻസി കരാർ

21 (*141) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഭവനരഹിതർക്ക് ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി കൺസൾട്ടൻസി കരാർ നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കാണ് കരാർ നൽകിയതെന്നും പ്രസ്തുത കമ്പനിയെ എപ്രകാരമാണ് തെരഞ്ഞെടുത്തതെന്നും വ്യക്തമാക്കുമോ; കൺസൾട്ടന്റിന്റെ ഇക്കാര്യത്തിലുള്ള ചുമതലകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) കൺസൾട്ടന്റിന് എന്ത് തുകയാണ് കൺസൾട്ടൻസി ഫീസ് ഇനത്തിൽ നൽകേണ്ടത്;

(ഡി) പൊതുമരാമത്ത് വകുപ്പിന് കീഴിലും തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലും എഞ്ചിനിയറിംഗ് വിഭാഗമുള്ളപ്പോൾ അവർക്ക് ചുമതല നൽകാതെ സ്വകാര്യ കമ്പനിക്ക് കൺസൾട്ടൻസി നൽകിയത് ഏത് സാഹചര്യത്തിലാണ്; വ്യക്തമാക്കുമോ;

(ഇ) ഭവനരഹിതർക്ക് വീട് വയ്ക്കുവാൻ നാല് ലക്ഷം രൂപ മാത്രം അനുവദിക്കുമ്പോൾ കൺസൾട്ടൻസി കരാർ പ്രകാരം കോടികൾ മുടക്കുന്നത്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ന്യായീകരിക്കാവുന്നതാണോ; ഈ തീരുമാനം പിൻവലിച്ച് സർക്കാർ സംവിധാനം ഇതിനായി വിനിയോഗിക്കുമോയെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്. ലൈഫ് മിഷൻ പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ ഭൂരഹിത ഭവനരഹിതർക്ക് ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ചുനൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) കരാർ നൽകിയിട്ടുണ്ട്. ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രോജക്ട് മാനേജുമെന്റ് കൺസൾട്ടൻസിയെ (CR Narayana Rao Consultant Pvt. Ltd., Chennai) ടെണ്ടർ മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണമാണ് എല്ലാ ഭവന സമുച്ചയങ്ങളുടേയും കാര്യത്തിൽ സർക്കാർ അവലംബിക്കുന്നത്. നിലവിൽ കേരളത്തിലുള്ള സ്ഥാപനങ്ങൾക്കൊന്നുംതന്നെ ഈ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണത്തിൽ പ്രാവീണ്യം ഇല്ലാത്തതിനാലും ഈ പ്രവർത്തനങ്ങൾ എല്ലാംതന്നെ ഒരു ഏജൻസിയുടെ കുടക്കീഴിൽ കൊണ്ടുവന്നാൽ മാത്രമേ സർക്കാരിന്റെ ഉദ്ദേശ്യം സമയബന്ധിതമായി ലക്ഷ്യപ്രാപ്തിയിൽ എത്തുകയുള്ളൂ എന്നതുകൊണ്ടുമാണ് ഇതിലേക്കായി ഒരു പ്രോജക്ട് മാനേജുമെന്റ് കൺസൾട്ടൻസിയെ തെഞ്ഞെടുക്കാൻ തീരുമാനിച്ചത്. പ്രോജക്ട് മാനേജുമെന്റ് കൺസൾട്ടൻസിയെ തെരഞ്ഞെടുക്കുവാൻ ടെണ്ടർ നോട്ടീസ് എല്ലാ പ്രമുഖ പത്രങ്ങളിലും നൽകിയിരുന്നു. 14 ജില്ലകളെ 3 റീജിയണുകളായി തിരിച്ച് ടെണ്ടർ ക്ഷണിച്ചതുപ്രകാരം ഒന്നാമത്തെ റീജിയണിൽ 7 ബിഡുകളും രണ്ടും മൂന്നും റീജിയണിൽ 8 ബിഡുകളും വീതം ലഭിച്ചതിൽനിന്നും വിവിധ ഡിപ്പാർട്ടുമെന്റ് തലവൻമാരും സാങ്കേതിക സ്ഥാപനങ്ങളിലെ ഫാക്കൽറ്റികളും ഉൾപ്പെട്ട ഒരു വിദഗ്ദ്ധ സമിതി വിലയിരുത്തിയാണ് CR Narayana Rao (P) Ltd., എന്ന പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ തെരഞ്ഞെടുത്തത്. ഈ ടെണ്ടറിൽ ഗവൺമെന്റ് അംഗീകൃത ഏജൻസികൾ ഉൾപ്പെടെയുള്ളവർ പങ്കെടുത്തിരുന്നു. ഇവരിൽ നിന്നെല്ലാം തെരഞ്ഞെടുത്ത നിലവിലെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി ഏറ്റവും കുറഞ്ഞ നിരക്കായ 1.74% മാത്രമാണ് കൺസൾട്ടൻസി ചാർജ്ജായി പറഞ്ഞിരിക്കുന്നത്. കൺസൾട്ടന്റിന്റെ ചുമതലകൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) ടെണ്ടർ മുഖേന നടപ്പിലാക്കുന്ന പദ്ധതിയിൽ മൊത്തം നിർമ്മാണ ചെലവിന്റെ 1.74 % മാത്രമാണ് കൺസൾട്ടൻസി ഫീസായി നൽകുന്നത്.

(ഡി & ഇ) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഗതാഗത നിയമലംഘനങ്ങൾക്കുള്ള പിഴ**

22 (*142) ഡോ. എം. കെ. മുനീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എം. ഉമ്മർ:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ വരുത്തിയ ഭേദഗതി പ്രകാരം ഗതാഗത നിയമ ലംഘനങ്ങൾക്ക് ഉയർന്ന പിഴ ഏർപ്പെടുത്തിയത് കുറയ്ക്കുന്നതിന് സംസ്ഥാനം തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ലംഘനങ്ങൾക്കാണ് അപ്രകാരം പിഴ കുറയ്ക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന്അറിയിക്കാമോ; വിശദമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഉണ്ട്. കേന്ദ്ര മോട്ടോർ വാഹന (ഭേദഗതി ) നിയമം 1-9-2019-ന് രാജ്യമൊട്ടാകെ നിലവിൽ വന്നിരുന്നു. പ്രസ്തുത നിയമത്തിന്റെ ചുവടുപിടിച്ച്, സംസ്ഥാന സർക്കാർ, നിയമലംഘനങ്ങൾക്കുള്ള പിഴയുടെ നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ പുതിയ നിരക്കുകൾ സംബന്ധിച്ചുണ്ടായ വ്യാപകമായ പൊതുജന പ്രതിഷേധം കണക്കിലെടുത്ത് സംസ്ഥാന സർക്കാർ പ്രസ്തുത പിഴ നിരക്കുകൾ പുനഃപരിശോധിക്കുകയും സംസ്ഥാന സർക്കാരിന് കുറയ്ക്കാൻ സാധിക്കുന്ന പിഴ തുകകൾ 26-10-2019-ലെ സ. ഉ (പി) 37/2019/ഗതാ. നമ്പർ ഉത്തരവ് പ്രകാരം കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കേന്ദ്ര നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നതിനേക്കാൾ കുറഞ്ഞ നിരക്കിലുള്ള പിഴയാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്.

(ബി) മോട്ടോർവാഹന നിയമത്തിലെ 177, 179 (1), 179 (2), 182(2), 184 (limited to item (c) of the explanation), 190(2), 192A(1), 194(1), 194 (2), 194 A, 194 B(1), 194 B(2), 194 D, 194 E എന്നീ വകുപ്പുകൾ പ്രകാരമുള്ള നിയമലംഘനങ്ങൾക്കാണ് പിഴ കുറയ്ക്കാൻ തീരുമാനിച്ചിട്ടുള്ളത്. പിഴ കുറച്ചുകൊണ്ടുള്ള 26-10-2019-ലെ സ.ഉ (പി) 37/2019/ഗതാ. നമ്പർ വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉന്നത വിദ്യാഭ്യാസരംഗത്ത് ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് നടപടി

23 (*143) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ സമാനതകളില്ലാത്ത നേട്ടങ്ങൾ കൈവരിക്കുന്നതിന് ഉപയുക്തമാകുന്ന തരത്തിൽ ഈ സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കുമോ;

(ബി) അദ്ധ്യാപകക്ഷാമംമൂലം വീർപ്പുമുട്ടിയിരുന്ന സർക്കാർ കോളേജുകളിലും പോളിടെക്നിക്കുകളിലും പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉന്നത വിദ്യാഭ്യാസരംഗത്ത് ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രളയാനന്തര കേരളത്തിന്റെ സാമ്പത്തികതളർച്ചക്കിടയിലും പുതിയ കോളേജുകളും കോഴ്സുകളും അനുവദിച്ചത് ഉന്നതവിദ്യാഭ്യാസമേഖലയ്ക്ക് സർക്കാർ നൽകുന്ന മുൻഗണനക്ക് ഉത്തമ നിദർശനമാണോ; വ്യക്തമാക്കുമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമാനതകളില്ലാത്ത നേട്ടങ്ങൾ കൈവരിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം സംസ്കൃത കൊളേജ് ക്യാമ്പസിൽ പ്രവർത്തിക്കുന്ന മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ (ORICE- Online Resource Initiative of Collegiate Education) യിൽ Beyond Syllabi, മലയാള സാഹിത്യയാത്ര, Winglish എന്നീ മൂന്ന് പഠന പരമ്പരകളായി ഓൺലൈൻ ക്ലാസുകൾ നടന്നുവരുന്നു. കൂടാതെ Walk with Scholar, FLAIR (Fostering Linkages For Academic Innovation and Research) ദേശീയ വിദ്യാഭ്യാസ മിഷനുള്ള കണക്റ്റിവിറ്റി, ആസ്പയർ, സാഹിത്യത്തിൽ അഭിരുചിയും കഴിവും തെളിയിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, സംഗീതം, കല, പെർഫോമിംഗ് ആർട്ട് എന്നീ മേഖലകളിൽ പ്രതിഭകൾക്കായുള്ള സ്കോളർഷിപ്പുകൾ, ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, വികലാംഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം, ജില്ലാ മെറിറ്റ് സ്കോളർഷിപ്പ്, അഹിന്ദി സംസ്ഥാനങ്ങളിൽ ഹിന്ദി പ്രചരിപ്പിക്കുന്നതിനുള്ള സ്കോളർഷിപ്പ്, ഉന്നത വിദ്യാഭ്യാസം സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ആൻഡ് റിസർച്ച്

തിരുവനന്തപുരം, 2019-20 സാമ്പത്തികവർഷം "Jeevani College Mental Awareness Programme", സെന്റർ ഓഫ് എക്സലൻസ്, അക്കാദമിക്/ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം, ലൈബ്രറി, ലബോറട്ടറി വികസനം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പശ്ചാത്തല സൗകര്യ വികസനത്തിനായി അത്യാധുനിക സ്മാർട്ട് ക്ലാസ്മുറികൾ, ഹോസ്റ്റൽ സൗകര്യങ്ങൾ, ലബോറട്ടറികൾക്കായി ആധുനിക ഉപകരണങ്ങൾ, ക്യാമ്പസ് നെറ്റ്‌വർക്ക്, ഫിറ്റ്നസ് സെന്റർ, എ.ഐ.സി.റ്റി.ഇ. അക്രഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ, ഐ.സി.റ്റി. പദ്ധതികൾ, ഇ-ജേർണലുകൾ, ഡിജിറ്റൽ/ഇ-ലൈബ്രറികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

ഗവേഷണ/പരിശീലന പദ്ധതികളുടെ ഭാഗമായി വിവിധ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ സാമൂഹ്യ പ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ റീ-യൂസബിൾ ബിൽഡിംഗ് സിസ്റ്റംസ്, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, ഇലക്ട്രിക്കൽ വെഹിക്കിൾ ടെസ്റ്റിംഗ് ലാബ്, ഇന്റർഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് ആൻഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്ററും കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, എനർജി ആൻഡ് എൻവയോൺമെന്റും പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. പ്രളയക്കെടുതിയെ സംബന്ധിച്ച സർവ്വേ നടത്താൻ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും 31000 വോളണ്ടിയർമാരുടെ സേവനം ലഭ്യമാക്കിയിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നൽകിയ മാർഗ്ഗരേഖ പ്രകാരം ഈ വോളണ്ടിയർമാർ 2 ലക്ഷത്തോളം വീടുകളുടെ സർവ്വേ വിജയകരമായി പൂർത്തീകരിച്ചു. തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലും കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചു. സംരംഭകത്വ വികസന പദ്ധതികൾ "പുനർജ്ജനി" എന്ന പേരിൽ ഗവൺമെന്റ് സ്വത്തുക്കളുടെ പുനർനിർമ്മാണം, പുതിയ പേറ്റന്റുകൾ, സൗരോർജ്ജ പ്ലാന്റ് എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ 39 അദ്ധ്യാപക തസ്തികകളും സർക്കാർ കോളേജുകളിൽ 141 അദ്ധ്യാപക തസ്തികകളും എഞ്ചിനീയറിംഗ് കോളേജുകളിലേയ്ക്കായി 97 അദ്ധ്യാപക തസ്തികകളും പോളിടെക്നിക് കോളേജുകളിൽ 230 അദ്ധ്യാപക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

(സി) അതെ. ഉന്നത വിദ്യാഭ്യാസ മേഖലയിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പുതിയ കോളേജുകളും കോഴ്സുകളും അനുവദിച്ചതും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ 4 സർക്കാർ പോളിടെക്നിക് കോളേജുകൾ (മുക്കം, നടുവിൽ, ഹരിപ്പാട്, വിളപ്പിൽശാല) ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചതും ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് സർക്കാർ നൽകുന്ന മുൻഗണനയ്ക്ക് തെളിവാണ്.

**മോട്ടോർ വാഹന നിയമലംഘനങ്ങളുടെ പേരിലുള്ള പിഴ**

24 (*144) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന നിയമലംഘനങ്ങളുടെ മറവിൽ ജനങ്ങളെ കൊള്ളയടിക്കുന്ന രീതിയിലുള്ള കേന്ദ്ര നിയമഭേദഗതി പൂർണ്ണതോതിൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) കേന്ദ്ര നിയമം സെപ്റ്റംബർ 1 മുതൽ നടപ്പിലാക്കുമെന്ന് കാണിച്ച് ഓഗസ്റ്റ് 31-ന് തന്നെ സംസ്ഥാന സർക്കാർ വിജ്ഞാപനം ഇറക്കിയിരുന്നോ;

(സി) ബംഗാൾ ഉൾപ്പെടെയുള്ള പല സംസ്ഥാനങ്ങളും കേന്ദ്ര നിയമം തൽക്കാലം നടപ്പിലാക്കേണ്ടെന്ന് തീരുമാനിച്ചപ്പോൾ കേരളം ഇക്കാര്യത്തിൽ അമിത ആവേശം കാണിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നടപ്പാക്കിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) പുതിയ കേന്ദ്ര നിയമഭേദഗതി നടപ്പിലാക്കിയ സെപ്റ്റംബർ 1 മുതൽ 15 വരെ സംസ്ഥാനത്ത് മോട്ടോർ വാഹന നിയമലംഘനങ്ങളുടെ പേരിൽ കൂടിയ നിരക്കിലുള്ള പിഴ ഈടാക്കിയിരുന്നോ;

(ഇ) സംസ്ഥാനത്തെ പൊട്ടിപ്പൊളിഞ്ഞ റോഡുകളിൽ ഉണ്ടാകുന്ന അപകടം മൂലം ജീവൻ പൊലിയുന്നവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരുമ്പോൾ ഗതാഗത നിയമലംഘനത്തിന്റെ പേരിൽ വൻ തുക ഈടാക്കുവാനുള്ള കേന്ദ്ര നിർദ്ദേശം നീതികരിക്കാവുന്ന ഒന്നാണോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം ഇടപെടലുകളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) കേന്ദ്ര മോട്ടോർ വാഹന (ഭേദഗതി) നിയമം 1-9-2019-ന് രാജ്യമൊട്ടാകെ നിലവിൽ വന്നിരുന്നു. പ്രസ്തുത നിയമത്തിന്റെ ചുവടുപിടിച്ച്, സംസ്ഥാന സർക്കാർ നിയമലംഘനങ്ങൾക്കുള്ള പിഴയുടെ നിരക്കുകൾ

നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ പുതിയ നിരക്കുകൾ സംബന്ധിച്ചുണ്ടായ വ്യാപകമായ പൊതുജന പ്രതിഷേധം കണക്കിലെടുത്ത് സംസ്ഥാന സർക്കാർ പ്രസ്തുത പിഴ നിരക്കുകൾ പുനഃപരിശോധിക്കുകയും സംസ്ഥാന സർക്കാരിന് കുറയ്ക്കാൻ സാധിക്കുന്ന പിഴ തുകകൾ 26-10-2019-ലെ സ.ഉ. (പി) 37/2019/ഗതാ. നമ്പർ ഉത്തരവ് പ്രകാരം കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കേന്ദ്ര നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നതിനേക്കാൾ കുറഞ്ഞ നിരക്കിലുള്ള പിഴയാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്.

(ബി) ഇറക്കിയിരുന്നു.

(സി) മോട്ടോർ വാഹന നിയമ ഭേദഗതി പ്രകാരം സെപ്റ്റംബർ 1 മുതൽ പുതിയ നിരക്കുകൾ നടപ്പിലാക്കേണ്ട നിയമപരമായ ബാധ്യത സംസ്ഥാന സർക്കാരിനുണ്ടായിരുന്നു എന്നതിനാലാണ് പുതിയ നിയമം നടപ്പിലാക്കാനായി വിജ്ഞാപനം പുറപ്പെടുവിച്ചത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ അമിത ആവേശം കാണിച്ചു എന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്.

(ഡി) ഈ കാലയളവിൽ പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്ന നടപടികളാണ് സ്വീകരിച്ചത്. എങ്കിലും ഗുരുതരമായ കുറ്റകൃത്യങ്ങൾക്ക് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടുണ്ട്.

(ഇ) പൊട്ടിപ്പൊളിഞ്ഞ റോഡുകളിൽ ഉണ്ടാകുന്നതിനേക്കാൾ കൂടുതൽ അപകടങ്ങൾ നല്ല റോഡുകളിലാണ് ഉണ്ടാകുന്നത്. കാരണം ബഹുഭൂരിപക്ഷം അപകടങ്ങളും ഡ്രൈവറുടെ അശ്രദ്ധ മൂലമാണ് ഉണ്ടാകുന്നത്. ഇത് തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് ആവശ്യമാണ്. അതിന്റെ ഭാഗമായി നിയമലംഘനങ്ങൾക്കുള്ള പിഴത്തുകയും ശിക്ഷയും വർദ്ധിപ്പിക്കേണ്ടതും ആവശ്യമാണ്. എന്നിരുന്നാലും പെട്ടെന്നുള്ള വർദ്ധനമൂലം പൊതുജനങ്ങൾക്ക് ഉണ്ടാകാനിടയുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്തിന് കുറയ്ക്കാൻ കഴിയുന്ന പിഴ തുകകൾ കുറച്ചിട്ടുണ്ട്.

## സേഫ് കേരള പദ്ധതി

25 (*145) ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. കെ. ബാബു:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയുള്ള സേഫ് കേരള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി ഇരുപത്തിനാലുമണിക്കൂറും പ്രവർത്തിയ്ക്കുന്ന സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ;

(സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഉണ്ട്. റോഡപകടങ്ങൾ കുറച്ച് സുരക്ഷിത യാത്ര ഉറപ്പാക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ, കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ, മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന ബൃഹദ് പദ്ധതിയാണ് ' സേഫ് കേരള' . പദ്ധതിയുടെ നടത്തിപ്പിനായി 10 ആർ.റ്റി.ഒ., 65 എം.വി.ഐ., 187 എ.എം.വി.ഐ. എന്നിവരുടെ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി, 14 ജില്ലകളിൽ മോട്ടോർ വാഹന വകുപ്പ് കണ്ടെത്തിയ സ്ഥലങ്ങളിൽ കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സേഫ് കേരള പദ്ധതിക്കായി പുതുതായി സൃഷ്ടിക്കപ്പെട്ട 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ഉൾപ്പെടെയുള്ള 85 സ്ക്വാഡുകൾ നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) ഉണ്ട്.

(സി) ജില്ലയുടെ പരിധിയിലുള്ള ഗതാഗത സുരക്ഷാപ്രശ്നങ്ങൾ കണ്ടെത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുകയെന്നതാണ് ജില്ലാകളക്ടർ അദ്ധ്യക്ഷനായ ജില്ലാ റോഡ് സുരക്ഷാ കൺസിലുകളുടെ പ്രധാന ചുമതല. റോഡപകടങ്ങൾ കുറയ്ക്കുക, സുഗമവും സുരക്ഷിതവുമായ സഞ്ചാരം സാധ്യമാക്കുക, റോഡ് സുരക്ഷയെക്കുറിച്ച് സമൂഹത്തിൽ അവബോധമുണ്ടാക്കുക എന്നീ ലക്ഷ്യങ്ങളോടെ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. ജില്ലയുടെ പരിധിയിൽ വരുന്ന റോഡുകളിലെ സുരക്ഷാപ്രശ്നങ്ങൾ വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്കും Road owning agency- കൾക്കും നിർദ്ദേശം നൽകുന്നു.

2. കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നത് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ വഴിയാണ്.

3. ജില്ലാതലത്തിലുള്ള റോഡ് സുരക്ഷാ പദ്ധതികൾക്കുവേണ്ട പ്രോജക്ടുകൾ

തയ്യാറാക്കി സാമ്പത്തിക സഹായത്തിനായി ശിപാർശ ചെയ്തുകൊണ്ട് കേരളാ റോഡ് സുരക്ഷാ അതോറിറ്റിക്ക് നൽകുന്നു.

4. പൊതുജനങ്ങൾ, റോഡ് ഉപയോക്താക്കൾ, വിദ്യാർത്ഥികൾ എന്നിവരെ ലക്ഷ്യംവച്ചുകൊണ്ടുള്ള റോഡ് സുരക്ഷാ അവബോധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.

5. ജില്ലാതല റോഡ് സുരക്ഷാ വരാചരണത്തോടനുബന്ധിച്ചുള്ള പരിപാടികൾ സംഘടിപ്പിക്കുന്നു.

6. റോഡ് സുരക്ഷാ നിലവാരവും നടപടിക്രമങ്ങളും നിർണ്ണയിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

7. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളും പരിപാടികളും തയ്യാറാക്കുക.

8. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കർത്തവ്യനിർവ്വഹണം നടത്തുന്ന ജില്ലയിലെ എല്ലാ ഏജൻസികളുടെയും സർക്കാർ വകുപ്പുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

9. ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന് അനുവദിക്കപ്പെട്ട ഫണ്ടിന്റെ നടത്തിപ്പ്.

10. അനുവദിക്കപ്പെട്ട റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് പദ്ധതികളും പരിപാടികളും നടപ്പിൽ വരുത്തുന്നതിനുള്ള ചെലവ് അനുവദിക്കുക.

11. അനുവദിക്കപ്പെട്ട റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് റോഡ് സുരക്ഷാ പ്രോജക്ടുകൾക്കുവേണ്ടിയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള ചെലവ് അനുവദിക്കുക.

12. അനുവദിക്കപ്പെട്ട റോഡ് സുരക്ഷാ ഫണ്ടിൽനിന്നും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സംഗതികളിൽ പഠനങ്ങളും പ്രോജക്ടുകളും ഗവേഷണവും നടത്തുന്നതിനുള്ള ചെലവ് അനുവദിക്കുക.

13. അനുവദിക്കപ്പെട്ട റോഡ് സുരക്ഷാ ഫണ്ടിൽനിന്നും ട്രോമാകെയർ പരിപാടികൾക്കോ പ്രവർത്തനങ്ങൾക്കോ ഉള്ള ചെലവ് അനുവദിക്കുക.

14. അനുവദിക്കപ്പെട്ട റോഡ് സുരക്ഷാ ഫണ്ടിൽനിന്നും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെ ഭരണപരമായ ചെലവുകൾ അനുവദിക്കുക.

15. അനുവദിക്കപ്പെട്ട റോഡ് സുരക്ഷാ ഫണ്ടിൽനിന്നും റോഡ് സുരക്ഷാ നടപടികളുമായി ബന്ധപ്പെട്ട ചെലവുകൾ അനുവദിക്കുക.

## കുടുംബശ്രീയുടെ ശാക്തീകരണത്തിന് നൂതന പദ്ധതികൾ

26 (*146) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീയുടെ ശാക്തീകരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനുമായി എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ വനിതകൾക്കായി നൂതന തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിന് കരുത്ത് പകരാൻ കുടുംബശ്രീ പ്രവർത്തകരെ ഉൾപ്പെടുത്തി തൊഴിൽ സേന രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) കുടുംബശ്രീ സംഘടനാ ശാക്തീകരണം, ഉപജീവന വികസനം, സാമൂഹിക വികസനം എന്നീ മൂന്ന് മേഖലകളിലാണ് കുടുംബശ്രീയുടെ ശാക്തീകരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനുമായി നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. *

(ബി) ഉണ്ട്. വനിതകളുടെ ഉപജീവനത്തിനായി കുടുംബശ്രീ ഭവനനിർമ്മാണ യൂണിറ്റുകൾ, ഹർഷം ജെറിയാട്രിക് കെയർ എക്സിക്യൂട്ടീവുകൾ, എറൈസ് മൾട്ടി ടാസ്ക് ടീമുകൾ, കുടുംബശ്രീ മാട്രിമോണി, ഡ്രൈവിംഗ് പരിശീലനം, ഹരിത കർമ്മസേന എന്നിവ നൂതന തൊഴിൽ സംരംഭങ്ങൾ ലഭ്യമാക്കുന്നതിനായി ആരംഭിച്ചിട്ടുള്ള പദ്ധതികളാണ്.

(സി) ഉണ്ട്. 2018-ലെ പ്രളയത്തിന് ശേഷം നവകേരള പുനർനിർമ്മാണത്തിന്റെ ഭാഗമായി ആരംഭിച്ച പദ്ധതിയാണ് 'എറൈസ്'. ഇതിൽ പ്ലംബിംഗ്, ഇലക്ട്രിക്കൽ ജോലികൾ, ഇലക്ട്രോണിക്സ് റിപ്പയറിംഗ് തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകി പഞ്ചായത്ത് തലത്തിൽ മൾട്ടി ടാസ്ക് ടീമുകൾ രൂപീകരിച്ചുവരുന്നു. പൊതുജനങ്ങളുടെ ആവശ്യപ്രകാരം വീടുകളിൽ ചെന്ന് പ്ലംബിംഗ്, ഇലക്ട്രിക്കൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വർക്കുകൾ ഏറ്റെടുത്ത് ചെയ്തുകൊടുക്കുകയാണ് ടി ടീമിന്റെ ലക്ഷ്യം. നിലവിൽ 120 പഞ്ചായത്തുകളിൽ 132 എറൈസ് മൾട്ടി ടാസ്ക് ടീമുകൾ പ്രവർത്തിച്ചുവരുന്നു. ഒരു ടീമിൽ 3 മുതൽ 7 വരെയുള്ള അംഗങ്ങളാണ് ഉൾപ്പെടുന്നത്. 2019-ൽ ഉണ്ടായ പ്രളയത്തിൽ 44 മൾട്ടി ടാസ്ക് ടീമുകൾ 360 വീടുകളിൽ പ്ലംബിംഗ്, ഇലക്ട്രിക്കൽ ജോലികൾ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്.

## കരനെൽകൃഷി വ്യാപിപ്പിക്കുന്നതിന് നടപടി

27 (*147) ശ്രീ. കെ. രാജൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളീയരുടെ മുഖ്യ ഭക്ഷണമായ അരിയുടെ ഉല്പാദനത്തിൽ സംസ്ഥാനത്തിന്റെ പങ്കും ആയത് വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികളും വിശദമാക്കുമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം കരനെൽ കൃഷി വ്യാപിപ്പിക്കുന്നതിന് നടത്തിയ ഇടപെടലുകൾ ഫലപ്രദമായോയെന്ന് വ്യക്തമാക്കുമോ;

(സി) കരനെൽകൃഷി വ്യാപിപ്പിക്കുന്നതിന് കർഷകർക്ക് നല്കുന്ന പ്രോൽസാഹനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(ഡി) നെൽകൃഷിയുടെ വിസ്തൃതി വ്യാപിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികളും ആയതിന്റെ ഫലപ്രാപ്തിയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ):

(എ) കേരളത്തിലെ അരിയുടെ ആവശ്യകതയുടെ നാലിലൊന്ന് മാത്രമാണ് ആഭ്യന്തര ഉല്പാദനത്തിലൂടെ ലഭിക്കുന്നത്.

കേരളത്തിൽ അരിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം സുസ്ഥിരനെൽകൃഷി വികസനത്തിന് ഹെക്ടറൊന്നിന് 5,500 രൂപയും സവിശേഷ നെല്ലിനങ്ങളായ ഞവര, രക്തശാലി, പൊക്കാളി, ബസ്മതി, ജീരകശാല, ഗന്ധകശാല തുടങ്ങിയവയുടെ വികസനത്തിന് ഹെക്ടറിന് 10,000 രൂപയും ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിന് 10,000 രൂപയും കരനെൽ കൃഷിക്ക് 13,600 രൂപയും

ധനസഹായമായി നൽകിവരുന്നു. തരിശ് നിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിന് ഒന്നാം വർഷം 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണ് ധനസഹായം നൽകുന്നത്. നെൽ കർഷകർക്ക് ഉല്പാദന ബോണസായി ഹെക്ടറിന് 1000 രൂപ നൽകി പദ്ധതി നടപ്പിലാക്കിവരുന്നു. നെൽകൃഷിക്ക് ഭൂപരിധിയില്ലാതെ ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു.

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി എന്നിവ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, ഗുണമേന്മയുള്ള വിത്ത് വിതരണം, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, സൂക്ഷ്മ മൂലകങ്ങളുടെ പ്രയോഗം, സസ്യ സംരക്ഷണം, കാർഷികയന്ത്രവൽക്കരണം, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രാദേശിക മുൻകൈ സംരംഭ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകുന്നത്. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടറൊന്നിന് 9,000 രൂപ ധനസഹായം നൽകിവരുന്നു. ക്രോപ്പിംഗ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടറൊന്നിന് 15,000 രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിന് 10,000 രൂപയും റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ താഴെയുള്ള അത്യുല്പാദനശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2,000 രൂപയും റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ കൂടുതലുള്ള അത്യുല്പാദനശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1,000 രൂപയും നൽകിവരുന്നു. സൂക്ഷ്മമൂലക വളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000 രൂപയും കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും ആനുകൂല്യം നൽകിവരുന്നു. മരുന്നു തളിക്കുന്നതിനുള്ള സ്പ്രേയറിന് 600 രൂപയും പവർ സ്പ്രേയറിന് 3,000 രൂപയും വിന്നോവറിന് 10,000 രൂപയുമാണ് സബ്സിഡി നൽകുക. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10,000 രൂപ സബ്സിഡി നൽകിവരുന്നു.

RAD-NMSA പദ്ധതിയിൽ തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ നെല്ല് അടിസ്ഥാനമാക്കിയുള്ള കൃഷി സമ്പ്രദായത്തിന് ഹെക്ടറൊന്നിന് 50 ശതമാനം സബ്സിഡി (പരമാവധി 10,000 രൂപ) നൽകിവരുന്നു. ജലസേചന ഉപകരണങ്ങൾ വാങ്ങുന്നതിനും മണ്ണിലെ അമ്ലത പരിഹരിക്കുന്നതിനുള്ള പരിപോഷണ വസ്തുക്കളുടെ പ്രയോഗത്തിനും മണ്ണ് ജല സംരക്ഷണത്തിനും 50 ശതമാനം സബ്സിഡി നിരക്കിൽ ധനസഹായം നൽകിവരുന്നു.

രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയുടെ ഭാഗമായ 'Productivity Improvement of paddy in Kerala' പ്രകാരം കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1000 രൂപയും സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും സംയോജിത കീടനിയന്ത്രണത്തിന് ഹെക്ടറിന് 500 രൂപയും യന്ത്രവൽക്കരണത്തിന് ഹെക്ടറിന് 1,500 രൂപയും ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പരമാവധി 3,500 രൂപയുടെ ധനസഹായം നൽകിവരുന്നു.

(ബി&സി) കരനെൽകൃഷി വ്യാപിപ്പിക്കുന്നതിന് സർക്കാർ നടത്തിയ ഇടപെടലുകൾ വളരെ ഫലപ്രദമായിരുന്നു. കഴിഞ്ഞ നാലു വർഷങ്ങളിലായി നടപ്പിലാക്കിവരുന്ന സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായി കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13,600 രൂപ സബ്സിഡി നൽകിവരുന്നു.

ഇതിനുപുറമെ, പദ്ധതിയധിഷ്ഠിതമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലും റെസിഡന്റ്സ് അസോസിയേഷനുകളിലും മത/സാംസ്കാരിക സ്ഥാപനങ്ങളിലും മറ്റും കൃഷി ചെയ്യുന്നതിനും 2017-18, 2018-19 വർഷങ്ങളിൽ സമഗ്ര നെൽകൃഷി വികസനം പദ്ധതിയിൽ വ്യവസ്ഥയുണ്ടായിരുന്നു.

2016-17 സാമ്പത്തിക വർഷം 2752.092 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്യാൻ സാധിച്ചു. 2017-18-ൽ 2500 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്യാനുദ്ദേശിച്ചിരുന്ന സ്ഥാനത്ത് 2624.64106 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തു. 2018-19 സാമ്പത്തികവർഷം ഒന്നാം വിള കാലത്ത് നിലനിന്നിരുന്നത് പ്രതികൂലമായ കാലാവസ്ഥയായിരുന്നിട്ടും 2338.471 ഹെക്ടറിൽ കരനെല്ല് കൃഷി ചെയ്യാൻ സാധിച്ചു. നടപ്പു സാമ്പത്തിക വർഷം 2683.82 ഹെക്ടർ സ്ഥലത്ത് കരനെൽകൃഷി നടപ്പാക്കുന്നതിന് 375 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ നാളിതുവരെ 1790.276 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്തുകഴിഞ്ഞു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലും സഹായവും ഈ പദ്ധതിയുടെ നടത്തിപ്പിലുടനീളം ഉണ്ടായിരുന്നു. തൊഴിലുറപ്പു പദ്ധതിയും കുടുംബശ്രീയും സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയും കരനെൽ കൃഷി നടപ്പാക്കുന്നതിൽ സജീവമായി സഹകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ ജില്ലകളിലാണ് കര നെൽകൃഷിക്ക് കൂടുതൽ ശ്രദ്ധ ചെലുത്തിയതെങ്കിലും മറ്റ് ജില്ലകളിൽനിന്നും നല്ല പ്രതികരണം ലഭിച്ചിട്ടുണ്ട്. സാധിക്കുന്ന എല്ലാ സ്ഥലങ്ങളിലും കര നെല്ല് കൃഷി ചെയ്യിക്കാൻ കൃഷി വകുപ്പ് ശ്രദ്ധ ചെലുത്തുന്നുണ്ട്.

(ഡി) സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്നിവ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകുന്നുണ്ട്. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്നുണ്ട്. കർഷകർക്ക് കാർഷികാവശ്യത്തിനുള്ള വൈദ്യുതി സൗജന്യവും നടപ്പിലാക്കി വരുന്നു. അതിലൂടെ 2015-16 സാമ്പത്തിക വർഷം ഉണ്ടായിരുന്ന 196870 ഹെക്ടർ നെൽകൃഷിയിൽനിന്നും 2017-18-ൽ 220449 ഹെക്ടറായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018-ലെ മഹാപ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 സാമ്പത്തിക വർഷം 202985 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നിലനിർത്താൻ സാധിച്ചിട്ടുണ്ട്.

2019 ജൂൺ, ജൂലൈ മാസങ്ങളിലെ രൂക്ഷമായ ഉണക്കിൽ 9070 ഹെക്ടർ നെൽകൃഷിയും തുടർന്നുണ്ടായ പ്രളയത്തിൽ 5406.368 ഹെക്ടർ നെൽകൃഷിയും നഷ്ടപ്പെട്ടുവെങ്കിലും യുദ്ധകാലാടിസ്ഥാനത്തിൽ സർക്കാർ നടപടികളെടുത്ത് തുടർകൃഷി തടസ്സപ്പെടാതെ ചെയ്തതിനാൽ വിസ്തൃതിയിൽ കുറവുണ്ടായിട്ടില്ല.

2016-17 സാമ്പത്തികവർഷം മുതലുള്ള മൂന്ന് വർഷങ്ങളിലായി 11936.0781 ഹെക്ടർ തരിശുനില കൃഷിയിലേയ്ക്ക് കൊണ്ടുവന്നു. (2016-17-ൽ 2782.3857 ഹെക്ടറും 2017-18-ൽ 5485.686 ഹെക്ടറും 2018-19-ൽ 3668.0064 ഹെക്ടറും) നടപ്പുവർഷം 3000 ഹെക്ടർ സ്ഥലത്ത് തരിശുനില കൃഷി നടപ്പാക്കുന്നുണ്ട്.

2016-17 സാമ്പത്തികവർഷം 2752.092 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്യാൻ സാധിച്ചു. 2017-18-ൽ 2500 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്യാനുദ്ദേശിച്ചിരുന്ന സ്ഥാനത്ത് 2624.64106 ഹെക്ടർ കൃഷി ചെയ്തു. 2018-19 സാമ്പത്തികവർഷം പ്രതികൂലമായ കാലാവസ്ഥയായിരുന്നു കരനെല്ല് കൃഷിചെയ്യുന്ന ഒന്നാം വിള കാലത്ത് നിലനിന്നിരുന്നത്. എന്നിട്ടും 2338.471 ഹെക്ടറിൽ കരനെല്ല് കൃഷി ചെയ്യാൻ സാധിച്ചു. നടപ്പു സാമ്പത്തികവർഷം 2683.82 ഹെക്ടർ സ്ഥലത്ത് കരനെൽ കൃഷി നടപ്പാക്കുന്നതിന് 375 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2019-20-ൽ നാളിതുവരെ 1790.276 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്തിട്ടുണ്ട്.

മാത്രമല്ല, ഒരുപ്പൂ കൃഷി ചെയ്യുന്ന പാടശേഖരങ്ങളിൽ ഇരുപ്പൂ കൃഷി ചെയ്യിക്കുന്നതിന് ധനസഹായം നൽകിക്കൊണ്ട് കൂടുതൽ വിസ്തൃതിയിൽ നെൽകൃഷി ചെയ്യുന്നതിന് സാധിച്ചു. 2016-17-ൽ 88.45 ഹെക്ടറും 2017-18-ൽ 3136.06 ഹെക്ടറും 2018-19-ൽ 1783.7554 ഹെക്ടറും സ്ഥലത്ത് ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂകൃഷി ചെയ്തു.

### ഉത്തരക്കടലാസ്സുകൾ കണ്ടെത്തിയ സംഭവത്തിലെ അന്വേഷണം

28 (*148) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ കുത്തുകേസ്സ് പ്രതി ശിവരഞ്ജിത്തിന്റെ വീട്ടിൽനിന്നും കേരള യൂണിവേഴ്സിറ്റിയുടെ ഉത്തരക്കടലാസ്സുകൾ കണ്ടെത്തിയ സംഭവത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പും യൂണിവേഴ്സിറ്റിയും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) കുത്തു കേസ്സിൽ പ്രതികളായവരുടെ ബിരുദ മാർക്കുകൾ പരിശോധിച്ച് യൂണിവേഴ്സിറ്റിയുടെ വിശ്വാസ്യത വീണ്ടെടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) വിഷയത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്നും സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യത്തിൽ സർവ്വകലാശാല പ്രാഥമിക അന്വേഷണം നടത്തുകയും വിശദമായ അന്വേഷണം നടത്തുന്നതിനായി, സംസ്ഥാന പോലീസിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി) കുത്തുകേസ്സിൽ പ്രതികളായവരുടെ ബിരുദ മാർക്കുകൾ പരിശോധിക്കുവാൻ അന്വേഷണ ഏജൻസികളിൽനിന്നും നാളിതുവരെ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

### പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത

29 (*149) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറിയുടെ ആവശ്യത്തിനായി അയൽ സംസ്ഥാനങ്ങളിൽ നിന്ന് കീടനാശിനികളും രാസവളങ്ങളും ഉപയോഗിച്ച്

ഉല്പാദിപ്പിക്കുന്ന പച്ചക്കറിയെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യത്തിൽ പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) അന്യ സംസ്ഥാനങ്ങളിൽനിന്നും എത്തിച്ചേരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ഓരോ വീട്ടിലും ജൈവ പച്ചക്കറികൾ ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവത്ക്കരണവും അതിനാവശ്യമായ ഉല്പാദനോപാധികളും ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(സി) വീട്ടുവളപ്പിലെയും മട്ടുപ്പാവിലെയും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് വിത്തുകൾ, പച്ചക്കറിത്തൈകൾ, ഗ്രോബാഗുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) സംസ്ഥാനത്ത് പച്ചക്കറിയുടെ ആവശ്യത്തിനായി അയൽ സംസ്ഥാനങ്ങളിൽനിന്ന് കീടനാശിനികളും രാസവളങ്ങളും ഉപയോഗിച്ച് ഉല്പാദിപ്പിച്ച പച്ചക്കറിയെ ആശ്രയിച്ചിരുന്നതിന് പരിഹാരമായി സംസ്ഥാനത്തെ പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടിലും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുവാൻ വേണ്ട ഘടകങ്ങൾ പച്ചക്കറി വികസന പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. 2015-16 സാമ്പത്തികവർഷം 46500 ഹെക്ടറിൽനിന്നും 6.28 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിച്ചിരുന്ന സ്ഥാനത്ത് 2018-19 സാമ്പത്തികവർഷം 82166.55 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി നടപ്പിലാക്കുകയും 12.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദനം ലഭിക്കുകയും ചെയ്തു. നടപ്പു സാമ്പത്തികവർഷം 92000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിനും 14.70 ലക്ഷം മെട്രിക് ടണ്ണായി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ചുവടെ ചേർത്തിട്ടുള്ള പച്ചക്കറി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം.
- മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യസംസ്കരണവും.
- സ്ഥാപനങ്ങൾവഴി പച്ചക്കറി കൃഷി.
- ജില്ലാ ക്ലസ്റ്റർ വികസനം.

- ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം.
- ബ്ലോക്ക്തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം.
- നഴ്സറികൾ സ്ഥാപിക്കൽ.
- പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണം തുടങ്ങിയവ.
- സൂക്ഷ്മജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും
- പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം.
- കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം.
- മഴമറ നിർമ്മാണം.
- വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസനം.

(ബി) അന്യ സംസ്ഥാനങ്ങളിൽനിന്നും എത്തിച്ചേരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ഓരോ വീട്ടിലും ജൈവ പച്ചക്കറികൾ ഉല്പാദിപ്പിക്കുവാൻ ഉദ്ദേശിച്ച് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 വർഷം മുതൽ ആരംഭിച്ച് തുടർന്നും വിജയകരമായി നടപ്പിലാക്കി വരുന്ന ബൃഹത് പദ്ധതിയാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതി. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20 വർഷം വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10 രൂപയുടെ 60 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും തൈ ഒന്നിന് 2.50 രൂപ വിലയുള്ള 160 ലക്ഷം പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും കർഷകർക്കും സൗജന്യമായി വിതരണം ചെയ്തു. സർക്കാരിതര സ്ഥാപനങ്ങൾ മുഖേന 5 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും മാധ്യമങ്ങൾ മുഖേന 120 ലക്ഷം രൂപയുടെ പച്ചക്കറിവിത്തു പായ്ക്കറ്റുകളും വി.എഫ്.പി.സി.കെ. മുഖാന്തരം സൗജന്യമായി വിതരണം ചെയ്തു.

സ്ഥല പരിമിതിയുള്ള നഗരപ്രദേശങ്ങളിൽ വീട്ടുവളപ്പിലെ ജൈവ പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകുന്നതിനായി "മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും " എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറിത്തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ കർഷകർക്ക് നല്കുന്നു. 25 ഗ്രോബാഗുകൾ അടങ്ങിയ 2000 രൂപ വിലവരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡിയിൽ 500 രൂപയ്ക്ക് വിതരണം ചെയ്യുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ 39000 യൂണിറ്റ് ഗ്രോബാഗ് കർഷകർക്ക് നൽകുവാനായി 585 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മുൻ വർഷങ്ങളിൽ വിതരണം ചെയ്ത ഗ്രോബാഗ് യൂണിറ്റുകളുടെ തുടർ കൃഷിക്കായുള്ള സാമ്പത്തിക സഹായമായി യൂണിറ്റിന് 200 രൂപയും

നൽകിവരുന്നു. ഇതിലേയ്ക്കായി നടപ്പു സാമ്പത്തിക വർഷത്തിൽ 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വീട്ടുവളപ്പിലെ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മാലിന്യ സംസ്കരണത്തിനായി ചെറുകിടമണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണത്തിനായി 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ചെറുകിട തുള്ളിനന /തിരിനന യൂണിറ്റുകൾ സ്ഥാപിച്ചും റെസിഡൻഷ്യൽ അസോസിയേഷനുകൾ കേന്ദ്രീകരിച്ച് ഹരിതഗ്രൂപ്പുകൾ രൂപീകരിച്ചും വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകിവരുന്നു. ഇതിനായി ഈ സാമ്പത്തികവർഷം 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഓരോ വീട്ടിലും ജൈവ പച്ചക്കറികൾ ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവത്ക്കരണവും നടത്തുന്നുണ്ട്. വിഷരഹിത പച്ചക്കറി ഉല്പാദനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി പത്രമാധ്യമങ്ങൾ, ഇലക്ട്രോണിക് മീഡിയ, പോസ്റ്ററുകൾ, ലീഫ്ലെറ്റുകൾ, ആകാശവാണി, എഫ്.എം. ചാനലുകൾ, വീഡിയോ പ്രോഗ്രാമുകൾ എന്നിവ നടത്തിവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഈ സാമ്പത്തികവർഷം 16 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ഓരോ പഞ്ചായത്ത് തലത്തിലും കർഷകർക്ക് ആവശ്യമായ പരിശീലനങ്ങൾ കൃഷി ഭവനുകൾ മുഖാന്തിരം സംഘടിപ്പിക്കുന്നു. ഒരു പരിശീലനത്തിന് 1000 രൂപ വീതം ചെലവിനത്തിൽ നൽകുന്നു. ഇതിനായി ഈ സാമ്പത്തിക വർഷം 13 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) വീടുകളിലേയ്ക്ക് ആവശ്യമായ പച്ചക്കറികൾ സ്വന്തം വീട്ടുവളപ്പിൽ തന്നെ ഉല്പാദിപ്പിക്കുന്നതിന് സഹായകരമായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ മുഖ്യഘടകങ്ങളായി ഉൾപ്പെടുത്തി വീട്ടുവളപ്പിലെ പച്ചക്കറി കൃഷി/ഓണത്തിന് ഒരു മുറം പച്ചക്കറി, മട്ടുപ്പാവിലെ പച്ചക്കറി കൃഷി എന്നീ ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

<u>വീട്ടുവളപ്പിലുള്ള പച്ചക്കറി കൃഷി/ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി</u>

വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി കർഷകർക്ക് 10 രൂപ വിലവരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ 65 ലക്ഷം പച്ചക്കറിവിത്തു പായ്ക്കറ്റുകളും 160 ലക്ഷം പച്ചക്കറി തൈകളും സ്കൂൾ കുട്ടികൾ, കർഷകർ, വനിതകൾ, സർക്കാരിതര സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർ വഴി സൗജന്യമായി വിതരണം ചെയ്യുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ ഇതിനായി 10 കോടി രൂപ വകയിരുത്തി പ്രവർത്തനങ്ങൾ നടത്തിവരുന്നു. മാധ്യമങ്ങൾ മുഖേന 120 ലക്ഷം രൂപയുടെ പച്ചക്കറി വിത്തു പായ്ക്കറ്റുകൾ വി.എഫ്.പി.സി.കെ. വഴി സൗജന്യമായി വിതരണം ചെയ്യുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ,

ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശ ഭരണസ്ഥാപനങ്ങൾ, റെസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങി പൊതുസമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

മട്ടുപ്പാവ് കൃഷി/ഗ്രോബാഗുകളിലെ പച്ചക്കറി കൃഷി

സ്ഥല പരിമിതിയുള്ള നഗരപ്രദേശങ്ങളിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകുന്നതിനായി "മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും" എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറിത്തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകളും സസ്യ സംരക്ഷണ ഉപാധികളും കർഷകർക്ക് നല്കുന്നു. 25 ഗ്രാബാഗുകൾ അടങ്ങിയ 2000 രൂപ വിലവരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡിയിൽ 500 രൂപയ്ക്ക് വിതരണം ചെയ്യുന്നു. 2019-20 സാമ്പത്തികവർഷത്തിൽ 39000 യൂണിറ്റ് ഗ്രോബാഗ് കർഷകർക്ക് നൽകുവാനായി 585 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മുൻ വർഷങ്ങളിൽ വിതരണം ചെയ്ത ഗ്രോബാഗ് യൂണിറ്റുകളുടെ തുടർ കൃഷിക്കായുള്ള സാമ്പത്തിക സഹായമായി യൂണിറ്റിന് 200 രൂപ സബ്സിഡി നൽകിവരുന്നു. ഇതിലേയ്ക്കായി നടപ്പു സാമ്പത്തികവർഷത്തിൽ 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വീട്ടുവളപ്പിലെ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മാലിന്യസംസ്കരണത്തിനായി ചെറുകിടമണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണത്തിനായി 60 ലക്ഷം രൂപയും വീടുകളിലും ഫ്ലാറ്റുകളിലും ഉള്ള മലിന ജലം സംസ്കരിച്ച് വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 10 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ചെറുകിട തുള്ളിനന/തിരിനന യൂണിറ്റുകൾ സ്ഥാപിച്ചും റെസിഡൻഷ്യൽ അസോസിയേഷനുകൾ കേന്ദ്രീകരിച്ച് ഹരിതഗ്രൂപ്പുകൾ രൂപീകരിച്ചും വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകിവരുന്നു. ഇതിനായി ഈ സാമ്പത്തികവർഷം 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### കെ.എസ്. ആർ.ടി.സി.- യുടെ പുനരുദ്ധാരണം

30 (*150) ശ്രീ. എം. മുകേഷ്:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. ബി. സത്യൻ:
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ആർ.ടി.സി. യുടെ പുനരുദ്ധാരണത്തിനായി സ്വീകരിച്ച പ്രധാന പദ്ധതികൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) വരുമാനം വർദ്ധിപ്പിച്ചും ചെലവുചുരുക്കിയും സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കെ.എസ്.ആർ.ടി.സി.-യെ കരകയറ്റുന്നതിന് കൈക്കൊണ്ട കാര്യക്ഷമമായ നടപടികളുടെ ഫലമായി മാസവരുമാനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് എപ്രകാരമാണെന്ന് അറിയിക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ പുനക്രമീകരണം വരുമാന വർദ്ധനയ്ക്ക് എത്രത്തോളം സഹായകരമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പുനഃക്രമീകരണം സംബന്ധിച്ച് ഉണ്ടായിട്ടുള്ള പരാതികൾ പരിഹരിച്ച് സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) കെ.എസ്.ആർ.ടി.സി. യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കൊൽക്കത്തയിലെ റിട്ടയേർഡ് പ്രൊഫ. സുശീൽ ഖന്നയെ സമഗ്ര പഠനത്തിനായി സർക്കാർ നിയോഗിക്കുകയും ഇദ്ദേഹത്തിൽനിന്നും ലഭിച്ച ഇടക്കാല പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തനരീതി, പ്രവർത്തന സമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി വായ്പകളുടെ പുനഃക്രമീകരണം നടത്തുകയും മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവരികയും ചെയ്തു. കൂടാതെ കെ.എസ്.ആർ.ടി.സി.-യിൽ മേഖലാവത്ക്കരണം നടപ്പിലാക്കി മൂന്ന് ലാഭകേന്ദ്രങ്ങളാക്കി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസുകളെ പുനഃക്രമീകരിക്കുകയും വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പൂർണ്ണമായും കമ്പ്യൂട്ടർവത്കരിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ടോട്ടൽ അക്കൗണ്ടിംഗ്, സ്റ്റോർ, ഇൻവെന്ററി മാനേജ്മെന്റ് തുടങ്ങിയവ നടപ്പിലാക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നു. വെറ്റ് ലീസ് വ്യവസ്ഥയിൽ ബസ് സർവ്വീസ് നടത്തി വരുമാന വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. തമിഴ്നാടുമായുള്ള അന്തർ സംസ്ഥാന കരാർ പുതുക്കുകയും ഇതിൻപ്രകാരം 49 റൂട്ടുകളായി 88 ബസ്സുകൾ ഉപയോഗിച്ച് പുതുതായി 8865 കി.മീറ്റർ ദൂരം സർവ്വീസ് ആരംഭിക്കണം എന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരുടെ കുറവുമൂലം വാഹനം ഓടിക്കാൻ കഴിയാത്ത അവസ്ഥ കുറയ്ക്കുന്നതിന്, കേരള പി.എസ്.സി. നിയമനോപദേശം നൽകിയ കണ്ടക്ടർ വിഭാഗം ജീവനക്കാരെ മുഴുവൻ ഒഴിവുള്ള യൂണിറ്റുകളിൽ നിയമിച്ചിട്ടുണ്ട്. വർക്ക്ഷോപ്പുകളുടെ ആധുനികവത്കരണം നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബസ് ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയായ 5.5-ലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികളും

സ്വീകരിച്ചുവരികയാണ്. യാത്രക്കാർക്കും ജീവനക്കാർക്കും ബുദ്ധിമുട്ട് ഉണ്ടാകാത്ത തരത്തിൽ ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചതുമൂലം ചെലവിനത്തിൽ കുറവുണ്ടാകുകയും പ്രതി ബസ്, പ്രതി കി.മീറ്റർ വരുമാനത്തിൽ വർദ്ധനവുണ്ടാകുകയും, ഡീസൽ ചെലവ് ലാഭിക്കുവാൻ കഴിയുകയും ചെയ്തിട്ടുണ്ട്.

(ബി) പുനരുദ്ധാരണ നടപടികൾ നടപ്പിലാക്കിയതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ പ്രതിമാസ വരുമാനത്തിൽ വർദ്ധനവ് വന്നിട്ടുണ്ട്. 2019 ആഗസ്റ്റ് മാസത്തെ വരുമാനം 185,08,78,552 രൂപ ആയിരുന്നു. സെപ്റ്റംബർ മാസം 191,85,83,484 രൂപയാണ്.

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രാധാന്യം നൽകി, പരസ്യ ലേലം/ടെണ്ടർ നടപടിയിലൂടെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലും കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള വസ്തുവിലും ക്യാന്റീൻ സ്റ്റാളുകൾ, ശൗചാലയങ്ങൾ, ബസ്സിലെയും ബസ് സ്റ്റേഷനിലെയും പരസ്യങ്ങൾ, കൊറിയർ സംവിധാനം, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവയ്ക്കായി പ്രതിമാസ ലൈസൻസ് തുകയുടെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകിവരികയാണ്.

ടിക്കറ്റിതര വരുമാനം 2017-18-ലെ പ്രതിമാസ ശാരാശരി വരുമാനമായ 1.70 കോടിയിൽനിന്നും പ്രതിമാസ ശരാശരി വരുമാനം 3.14 കോടിയായി വർദ്ധിച്ചു.

(സി&ഡി) സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ മാനവവിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും സംയുക്തമായി സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി

പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുമുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകൾ എന്ന പേരിൽ പുതിയതരം സർവ്വീസുകൾ വിജയകരമായി നടത്തിവരുന്നു. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്കും പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ എടുത്ത 10 സ്കാനിയ തരത്തിലുള്ള ബസ്സുകൾ സർവ്വീസ് നടത്തിവരുന്നു. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ചിൽ ബസ്' എന്ന പേരിൽ എ.സി. ബസ്സുകൾ ഉപയോഗിച്ച് സർവ്വീസുകൾ ഒരു മണിക്കൂർ ഇടവേളകളിൽ നടത്തിവരുന്നു.

കെ.എസ്.ആർ.ടി.സി.-യിൽ 10 ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തിവരുന്നു. പരിസ്ഥിതി സൗഹാർദ്ദവും ശബ്ദരഹിതവും ആയ ഇത്തരം ബസ്സുകളിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാസൗകര്യം പ്രദാനം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്. ടി ബസ്സുകൾ ഇപ്പോൾ ദീർഘദൂര സർവ്വീസുകൾക്ക് കെ.എസ്.ആർ.ടി.സി. ഉപയോഗിച്ചുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### നല്ല വിത്തുകൾ /നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിന് നടപടി

31 (1524) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിലേക്കായി നല്ല ഇനം വിത്തുകൾ/നടീൽവസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഇതിലൂടെ ഉണ്ടായിട്ടുള്ള നേട്ടത്തിന്റെ തോത് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നെൽകൃഷി ഉൾപ്പെടെ വിവിധ വിളകളുടെ കൃഷിക്കാവശ്യമായ ആരോഗ്യമുള്ളതും ഗുണമേന്മയുള്ളതുമായ വിത്തുകൾ/നടീൽവസ്തുക്കൾ കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ളതും അത്യുൽപ്പാദനശേഷിയുള്ളതുമായ നെൽവിത്തുകൾ രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതിയിലൂടെ ഉൽപ്പാദിപ്പിച്ച് കൃഷി വകുപ്പിനുകീഴിലുള്ള കേരള വിത്ത് വികസന അതോറിറ്റി (KSSDA) മുഖേന കർഷകർക്ക് ലഭ്യമാക്കിവരുന്നുണ്ട്. ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കൃഷി ഫാമുകളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആയതിൻപ്രകാരം കൃഷി വകുപ്പിന്റെ 8 കോക്കനട്ട് നഴ്സറികൾ മുഖാന്തരം ഗുണമേന്മയുള്ള നെടിയഇനം തെങ്ങിൻ തൈകൾ, റ്റി x ഡി, ഡി x റ്റി ഉൾപ്പെടെ സങ്കരയിനം തെങ്ങിൻ തൈകൾ, CGD, COD, MYD ഉൾപ്പെടെ കുറിയ ഇനം തെങ്ങിൻ തൈകൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ, വാഴ തൈകൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. കർഷകർക്കാവശ്യമായ വിവിധയിനം നെൽവിത്തുകൾ, പച്ചക്കറി വിത്തുകൾ എന്നിവ 33 സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രങ്ങൾ വഴിയും 14 സ്പെഷ്യൽ ഫാമുകൾ, 9 ജില്ലാ കൃഷിത്തോട്ടങ്ങൾ മുഖേന വേരു പിടിപ്പിച്ച കുരുമുളക് വള്ളികൾ, വിവിധയിനം ഫലവൃക്ഷങ്ങളുടെ തൈകൾ, ഗ്രാഫ്റ്റുകൾ, ലെയറുകൾ, അലങ്കാര ചെടികൾ, പച്ചക്കറി തൈകൾ, പച്ചക്കറി വിത്തുകൾ എന്നിവയും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. കൂടാതെ കൃഷി വകുപ്പിന്റെ കീഴിലുള്ള കഴക്കൂട്ടം മോഡൽ ഫ്ലോറികൾച്ചർ & ബയോ ടെക്നോളജി ലാബ് മുഖേന ടിഷ്യൂകൾച്ചർ വാഴ തൈകൾ, പച്ചക്കറി തൈകൾ, ഓർക്കിഡ്, മറ്റ് നടീൽ വസ്തുക്കൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു.

വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ), നാഷണൽ സീഡ് കോർപ്പറേഷൻ മുതലായ സർക്കാർ ഏജൻസികളും കർഷകർക്ക് ആവശ്യമായ ഗുണമേന്മയുള്ള വിത്തുകൾ കൃഷിഭവനുകൾ മുഖേന നൽകുന്നുണ്ട്. കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകൾ, ബയോ ടെക്നോളജി ആൻഡ് മോഡൽ ഫ്ലോറിക്കൾച്ചർ സെന്റർ (ബി.എം.എഫ്.സി), കേരള കാർഷിക സർവ്വകലാശാല ഗവേഷണ കേന്ദ്രങ്ങൾ, സംസ്ഥാനത്തുള്ള ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രികൾച്ചറൽ റിസർച്ച് (ഐ.സി.എ.ആർ) സ്ഥാപനങ്ങൾ എന്നിവ മുഖേനയും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ സീഡ് സർട്ടിഫിക്കേഷനുവേണ്ടി ഓൺലൈൻ സംവിധാനം ഒരുക്കുന്നതിനുള്ള നടപടികളും കൃഷി വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

2018-19 വർഷത്തിൽ നെൽകൃഷിക്കുവേണ്ടി 125.00 ലക്ഷം രൂപ പദ്ധതി വിഹിതം ചെലവഴിച്ചുകൊണ്ട് രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി 2115.545 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി. 2019-20 വർഷത്തിൽ 2650 ഹെക്ടർ സ്ഥലത്ത് ഈ പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ ചെയ്തുവരുന്നു.

(ബി) ഗുണമേന്മയുള്ള വിത്തുകൾ/നടീൽവസ്തുക്കൾ വിതരണം ചെയ്തതിലൂടെ വിളകളുടെ തനതായ സ്വഭാവ സവിശേഷത, ഉൽപ്പാദനക്ഷമത എന്നിവ നിലനിർത്തുന്നതിനും ഉൽപ്പാദനവർദ്ധനവ് കൈവരിക്കുന്നതിനും സാധിച്ചു. ഗുണമേന്മ സംബന്ധിച്ച സർട്ടിഫിക്കേഷനോടുകൂടി കർഷകർക്ക് വിതരണം ചെയ്ത നെൽവിത്തിന്റെ വിവരങ്ങൾ അനുബന്ധം * ആയി ചേർക്കുന്നു. വിവിധ സർക്കാർ ഫാമുകളിൽ 2018-19 വർഷം ഉൽപ്പാദിപ്പിച്ച നടീൽ വസ്തുക്കളുടെ വിവരങ്ങൾ അനുബന്ധം * ആയി ചേർക്കുന്നു.

## ആർ.സി.ഇ.പി. വ്യാപാരക്കരാർ

32 (1525) ശ്രീ. കെ. എൻ. എ. ഖാദർ:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.സി.ഇ.പി. വ്യാപാരക്കരാർ ഒപ്പിടുന്നതിൽ നിന്ന് പിന്മാറണമെന്ന് കാണിച്ച് കേന്ദ്രത്തിന് സംസ്ഥാന സർക്കാർ കത്ത് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ വ്യാപാരക്കരാർ നടപ്പിലായാൽ സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ ഏതെല്ലാം തരത്തിലുള്ള മാറ്റങ്ങൾ ഉണ്ടാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഈ കരാർ നടപ്പിലാക്കുന്നതു സംബന്ധിച്ച് സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; ആയതിൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കാമോ?

### ഉത്തരം

(എ) 2016-ൽ തന്നെ ആർ.സി.ഇ.പി. കരാർ സംബന്ധിച്ച ആശങ്കകൾ ഈ മന്ത്രിസഭ ചർച്ച ചെയ്യുകയും കരാർ സംബന്ധിച്ച കാര്യങ്ങൾ സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. കൂടാതെ, കാർഷിക, കാർഷിക അനുബന്ധ, ക്ഷീര, വ്യവസായ, മത്സ്യബന്ധന, ചെറുകിട വ്യവസായ, ആരോഗ്യമേഖലകളിൽ സ്വതന്ത്ര വ്യാപാര

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കരാർ ദോഷകരമായി ബാധിക്കുമെന്നതിനാൽ അപ്രകാരമുള്ള കരാറിൽ ഏർപ്പെടുന്നതിന് മുൻപ് സംസ്ഥാനങ്ങളുടെ ആശങ്കകൾ പരിഹരിക്കണമെന്നും ചർച്ചകളുടെ വിശദാംശങ്ങൾ സംസ്ഥാനത്തെ അറിയിക്കണമെന്നും ചർച്ചകളിൽ സംസ്ഥാനത്തിന്റെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തണമെന്നുമാവശ്യപ്പെട്ട് നിരവധി കത്തുകൾ നേരിട്ടും അല്ലാതെയും കേന്ദ്രസർക്കാരിന് നൽകിയിരുന്നു. എന്നാൽ ഇതുസംബന്ധിച്ച ചർച്ചകളൊന്നുംതന്നെ നടത്താൻ കേന്ദ്ര സർക്കാർ നാളിതുവരെ തയ്യാറായിട്ടില്ല.

(ബി) ഒരുവിധ നിയന്ത്രണവും നികുതിയുമില്ലാതെ ഈ കരാറിലെ പങ്കാളിത്ത രാജ്യങ്ങളിൽനിന്ന് ഇന്ത്യയിലേയ്ക്ക് ഉൽപ്പന്നങ്ങളും സേവനങ്ങളും ഒഴുകി വന്നാൽ നമ്മുടെ കാർഷിക, ചെറുകിട വ്യവസായ, ക്ഷീര, മത്സ്യബന്ധന, ആരോഗ്യ, തോട്ടം മേഖലകൾ വലിയ തകർച്ചയെ നേരിടേണ്ടിവരും. ഭയാനകമായ തൊഴിൽ നഷ്ടവും സാമ്പത്തികവും സാമൂഹികവുമായ പ്രതിസന്ധിയും ആയിരിക്കും ഈ കരാറിന്റെ ഫലം.

ആർ.സി.ഇ.പി. യുടെ ഭാഗമായി വരുന്ന അനിയന്ത്രിതമായ കാർഷികോൽപ്പന്ന ഇറക്കുമതി ആഭ്യന്തര കാർഷിക മേഖലയ്ക്ക് വെല്ലുവിളിയാകുമെന്ന് ഉറപ്പാണ്. കർഷകർ കടുത്ത മത്സരത്തെയും വൻ വില തകർച്ചയേയും നേരിടേണ്ടിവരും.

ന്യൂസിലാന്റ്, ഓസ്ട്രേലിയ എന്നീ വലിയ ക്ഷീരോൽപ്പാദക രാജ്യങ്ങൾ പങ്കാളികളാകുന്ന കരാർ ക്ഷീര മേഖലയിൽ വലിയ പ്രത്യാഘാതം സൃഷ്ടിക്കും. അനിയന്ത്രിതമായ പാൽ, പാൽ ഉൽപ്പന്ന ഇറക്കുമതി ക്ഷീര മേഖലയിൽ ഗുരുതരമായ പ്രതിസന്ധി ഉണ്ടാക്കും.

ലോകത്തിൽ ഏറ്റവും ഉയർന്ന വ്യാവസായിക വളർച്ച നേടിയ രാജ്യമാണ് ചൈന. കൂടുതൽ ചൈനീസ് ഉൽപ്പന്നങ്ങൾ ഒരു നിയന്ത്രണവും ഇല്ലാതെ ഈ കരാറിന്റെ ആനുകൂല്യത്തിൽ ഇന്ത്യയിൽ എത്തുമ്പോൾ ഇന്ത്യൻ വ്യവസായ മേഖല, പ്രത്യേകിച്ച് ചെറുകിട വ്യവസായങ്ങൾ തകർച്ചയിലാകും.

കരാറിന്റെ ഭാഗമാകുന്ന ജപ്പാൻ ആവശ്യപ്പെട്ടിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കിയാൽ ഇന്ത്യയിൽ മരുന്ന് ഉൽപ്പാദന മേഖലയിലും വിത്തുൽപ്പാദന രംഗത്തും അവശ്യ സാധനമേഖലയിലും അനിയന്ത്രിത വിലക്കയറ്റം ഉണ്ടാകും.

ആസിയാൻ രാജ്യങ്ങളും ചൈനയും ജപ്പാനും ഇന്ത്യയുടെ മത്സ്യബന്ധന മേഖലയിൽ വമ്പൻ നിക്ഷേപങ്ങൾ നടത്തുന്ന സാഹചര്യം ഉണ്ടായാൽ അവരുടെ സമുദ്രോൽപ്പന്നങ്ങൾ ഇന്ത്യൻ കമ്പോളത്തിൽ ഒരു നിയന്ത്രണവും ഇറക്കുമതി ചുങ്കവും ഇല്ലാതെ യഥേഷ്ടം തള്ളുന്നതിന് ഇടയാക്കും.

(സി) സ്വതന്ത്ര വ്യാപാര കരാറുകളിൽ ഏർപ്പെടുന്നതുസംബന്ധിച്ചുള്ള സംസ്ഥാനത്തിന്റെ നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത കരാറുകളുടെ അവലോകന വേളയിൽ ഇക്കാര്യം പരിശോധിക്കുന്നതാണെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി, കൃഷി വകുപ്പ് മന്ത്രി എന്നിവർ നേരിട്ടും അല്ലാതെയും കേന്ദ്ര സർക്കാരിന് നൽകിയ കത്തുകൾക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ചർച്ചയ്ക്കോ സംസ്ഥാനത്തിന്റെ അഭിപ്രായം കേൾക്കാനോ കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല.

**കർഷക കടാശ്വാസ കമ്മീഷൻ മുഖേന അവാർഡ്**

33 (1526) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷക കടാശ്വാസ കമ്മീഷൻ മുഖേന എത്ര തുക അവാർഡ് പ്രഖ്യാപിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിന്റെ പ്രയോജനം എത്ര കർഷകർക്ക് ലഭ്യമാകുന്നുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷക കടാശ്വാസ കമ്മീഷൻ കടാശ്വാസമായി 75,10,99,165 രൂപ (എഴുപത്തിയഞ്ച് കോടി പത്ത് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി നൂറ്റി അറുപത്തിയഞ്ച് രൂപ) ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത തുക 19883 കർഷകർക്കായിട്ടാണ് അനുവദിച്ചിട്ടുള്ളത്.

**കർഷകർക്ക് ഗുണമേന്മയുള്ള വിത്തിനങ്ങളുടെ വിതരണം**

34 (1527) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ ഉത്പാദനം വർദ്ധിപ്പിക്കണമെങ്കിൽ കർഷകർക്ക് ഗുണമേൻമയുള്ള വിത്തുകൾ സമയബന്ധിതമായി വിതരണം ചെയ്യാൻ കഴിയണം എന്നുള്ളതിനാൽ വിത്ത് വിതരണത്തിന് വകുപ്പിൽ കുറ്റമറ്റ സംവിധാനം നിലവിലുണ്ടോ; വിശദീകരിക്കാമോ;

(ബി) കെ.എസ്.എസ്.ഡി.എ. (കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെൻറ് അതോറിറ്റി) യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) ഹൈബ്രിഡ് വിത്തിനങ്ങൾ കർഷകർക്ക് സൗജന്യ നിരക്കിൽ നൽകാൻ കഴിയുന്ന സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) നെൽകൃഷി ഉൾപ്പെടെ വിവിധ വിളകളുടെ കൃഷിക്കാവശ്യമായ ആരോഗ്യമുള്ളതും ഗുണമേന്മയുള്ളതുമായ വിത്തുകൾ കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ളതും അത്യുൽപ്പാദന ശേഷിയുള്ളതുമായ നെൽവിത്തുകൾ രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതിയിലൂടെ ഉൽപ്പാദിപ്പിച്ച് കൃഷി വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന കർഷകർക്ക് ലഭ്യമാക്കി വരുന്നുണ്ട്. കൂടാതെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം (VFPCK), നാഷണൽ സീഡ് കോർപ്പറേഷൻ മുതലായ സർക്കാർ ഏജൻസികളും കർഷകർക്ക് ആവശ്യമായ ഗുണമേന്മയുള്ള വിത്തുകൾ കൃഷി ഭവനുകൾ മുഖേന നൽകുന്നുണ്ട്. കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകൾ, ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ (BMFC), കേരള കാർഷിക സർവ്വകലാശാല ഗവേഷണ കേന്ദ്രങ്ങൾ, സംസ്ഥാനത്തുള്ള ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രികൾച്ചറൽ റിസർച്ച് (ICAR) സ്ഥാപനങ്ങൾ എന്നിവ മുഖേനയും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്.

(ബി) ഗുണമേന്മയുള്ള വിത്തുൽപ്പാദനം സംബന്ധിച്ച് കർഷകരെ പരിശീലിപ്പിക്കുന്നതിനും രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി പ്രകാരം നെൽവിത്ത് ഉൽപ്പാദനം, സംഭരണം, സംസ്കരണം, വിതരണം എന്നിവ നടപ്പിലാക്കുന്നതിനുമായി പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്. എസ്.ഡി.എ.-യ്ക്ക് ഫണ്ട് അനുവദിച്ചു വരുന്നു. കർഷകരിൽനിന്ന് സംഭരിക്കുന്ന നെൽവിത്ത് സംസ്കരിച്ച് സൂക്ഷിക്കുന്നതിലേയ്ക്കായി പാലക്കാട്, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ കെ.എസ്.എസ്.ഡി.എ.-യ്ക്ക് ഗോഡൗണുകൾ ഉണ്ട്. അതിന് പുറമെ തൃശ്ശൂർ ജില്ലയിലെ കണ്ണാറയിൽ സീഡ് ഗോഡൗൺ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി നിർമ്മിതി കേന്ദ്രയ്ക്ക് 192 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ സീഡ് സർട്ടിഫിക്കേഷനുവേണ്ടി ഓൺലൈൻ സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഹൈബ്രിഡ് വിത്തുകൾ കർഷകർക്ക് സൗജന്യ നിരക്കിൽ നൽകാൻ കഴിയുന്ന സംവിധാനം നിലവിലില്ല.

**കൃഷി വകുപ്പിൽ ഫയൽ അദാലത്ത്**

35 (1528) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടി കിടക്കുന്ന ഫയലുകൾ തീർപ്പാക്കുവാൻ കൃഷിവകുപ്പിൽ ഫയൽ അദാലത്ത് സംഘടിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സെക്രട്ടേറിയറ്റിലും, കൃഷി ഡയറക്ടറേറ്റിലും കൂടി എത്ര ഫയലുകളാണ് തീർപ്പാക്കുവാൻ ഉണ്ടായിരുന്നതെന്ന് വെളിപ്പെടുത്താമോ; അതിൽ എത്ര ഫയലുകൾ അദാലത്തിലൂടെ തീർപ്പാക്കിയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി)

| | ആകെ ഫയൽ (30-7-2019) | തീർപ്പാക്കിയ ഫയൽ (15-10-2019 വരെ) |
|---|---|---|
| സെക്രട്ടേറിയറ്റ് | 6553 | 2806 |
| കൃഷി ഡയറക്ടറേറ്റ് | 26367 | 10985 |

## അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയുടെ യോഗ്യത

36 (T*1529) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകളിൽ അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയ്ക്ക് കൃഷി ശാസ്ത്രത്തിലുള്ള ബിരുദമോ ഡിപ്ലോമയോ ഉള്ളവരുടെ അഭാവത്തിൽ മാത്രമാണ് അഗ്രികൾച്ചറിലുള്ള വൊക്കേഷണൽ ഹയർ സെക്കണ്ടറി സർട്ടിഫിക്കറ്റ് ഉള്ളവരെ പരിഗണിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.എസ്.സി. എഴുത്തുപരീക്ഷയിൽ ഉയർന്ന മാർക്ക് നേടുന്ന വൊക്കേഷണൽ ഹയർ സെക്കണ്ടറി സർട്ടിഫിക്കറ്റ് ഉള്ള ഉദ്യോഗാർത്ഥികൾ ലിസ്റ്റിൽ പുറകിൽ ആവുകയും കൃഷി ശാസ്ത്രത്തിലുള്ള ബിരുദമോ ഡിപ്ലോമയോ ഉള്ളവർ പി.എസ്.സി. എഴുത്തുപരീക്ഷയിൽ നാമമാത്രമായ മാർക്ക് നേടിയാൽ പോലും റാങ്ക് ലിസ്റ്റിൽ വി.എച്ച്.എസ്.സി.ക്കാർക്ക് മുമ്പിൽ ഇടം പിടിക്കുകയും ചെയ്യുന്ന സാഹചര്യം നിലവിലുണ്ടോ;

(സി) സ്വാശ്രയ കോളേജുകളിൽനിന്ന് ഉൾപ്പെടെ ഇപ്പോൾ ധാരാളം കൃഷി ബിരുദധാരികൾ പുറത്തുവരുന്നതിനാലും കൃഷി ഓഫീസർ പോലുള്ള തസ്തികകളിൽ മത്സരം ശക്തമായതിനാലും അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയ്ക്ക് അഗ്രികൾച്ചർ ബിരുദധാരികൾ മുമ്പത്തേക്കാൾ കൂടുതൽ അപേക്ഷ സമർപ്പിക്കുന്ന സാഹചര്യം നിലവിലുണ്ടോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഡി) പുതിയ സാഹചര്യത്തിൽ ഉയർന്ന പഠന നിലവാരമുള്ള വി.എച്ച്.എസ്.സി.ക്കാർക്കുകൂടി നീതി ലഭിക്കുന്നതിനായി അഗ്രികൾച്ചർ ബിരുദം, അഗ്രികൾച്ചർ ഡിപ്ലോമ, വൊക്കേഷണൽ ഹയർ സെക്കണ്ടറി സർട്ടിഫിക്കറ്റ് എന്നീ യോഗ്യതകൾ അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയ്ക്കുള്ള തുല്യ യോഗ്യതയായി കണക്കാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ഇത് സംബന്ധിച്ച് ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 13-2-1995-ലെ ജി.ഒ. (എം.എസ്) നമ്പർ 35/95/കൃഷി സർക്കാർ ഉത്തരവ് പ്രകാരം കേരള കാർഷിക സർവ്വകലാശാലയിൽനിന്നും നൽകുന്ന ഡിപ്ലോമയോ തത്തുല്യ യോഗ്യതയോ ഉള്ളവരുടെ അഭാവത്തിൽ മാത്രമാണ് വി.എച്ച്.എസ്.ഇ. ക്കാരെ പരിഗണിക്കുന്നത്. 12-7-2019-ലെ ജി.ഒ.(പി)നമ്പർ 93/19/കൃഷി ഉത്തരവ് പ്രകാരം കൃഷി അസിസ്റ്റന്റുമാരുടെ നേരിട്ടുള്ള നിയമന രീതിയിൽ ഭേദഗതി വരുത്തിയ ഉത്തരവിലും കേരള കാർഷിക സർവ്വകലാശാലയിൽനിന്നും നൽകുന്ന Diploma in Agriculture/Diploma in Organic Agriculture എന്നിവരുടെ അഭാവത്തിലണ് വി.എച്ച്.എസ്.ഇ. യോഗ്യതക്കാരെ പരിഗണിക്കുന്നത് എന്ന് ഉത്തരവായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നിലവിലില്ല. കൃഷി അസിസ്റ്റന്റുമാരുടെ നേരിട്ടുള്ള നിയമന രീതി 12-7-2019-ലെ സ.ഉ.(കൈ) നമ്പർ 93/19/കൃഷി പ്രകാരം, ഭേദഗതി വരുത്തിയപ്പോൾ ബിഎസ് സി. (അഗ്രി) യോഗ്യതയുള്ളവരെ ഒഴിവാക്കിയിട്ടുണ്ട്.

(ഡി) പരിഗണനയിലില്ല.

**കാർഷികോൽപ്പാദനത്തിൽ സ്വയംപര്യാപ്തത**

37 (1530) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പച്ചക്കറിയുൾപ്പെടെയുള്ള കാർഷികോൽപ്പന്നങ്ങളുടെ ഉത്പ്പാദനത്തിലെ സ്വയംപര്യാപ്തതക്കായി ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പച്ചക്കറി ഉത്പ്പാദനത്തിന്റെ വളർച്ചാ നിരക്ക് സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ വിദ്യാലയങ്ങളിലെ പച്ചക്കറി ഉല്പാദനത്തിലുള്ള പുരോഗതി കണക്കാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ഡി) വിദ്യാലയങ്ങൾ ഉൾപ്പെടെയുള്ള പൊതുസ്ഥലങ്ങളിൽ പച്ചക്കറി ഉത്പ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം 2015-16-ൽ 6.28 ലക്ഷം മെട്രിക് ടൺ ആയിരുന്നത് സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലുകളെ തുടർന്ന് 2018-19 ആയപ്പോൾ 12.12 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. 2019-20 പൂർത്തിയാകുമ്പോൾ 15 ലക്ഷം മെട്രിക് ടൺ ഉൽപ്പാദനം ആണ് പ്രതീക്ഷിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് വകുപ്പ് നടപ്പിലാക്കുന്ന ബൃഹത്ത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ താഴെ കൊടുക്കുന്നു.

- ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം.
- മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും
- സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി
- ജില്ലാ ക്ലസ്റ്റർ വികസനം
- ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം
- ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം
- നഴ്സറികൾ സ്ഥാപിക്കൽ
- പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം തുടങ്ങിയവ
- സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും
- പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം
- കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം

- മഴമറ നിർമ്മാണം
- വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസനം

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരള മുഖാന്തരം 2019-20-ലെ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചക്കറി കൃഷിക്ക് സഹായം നൽകുന്നുണ്ട്. 2017-18 -ലെ രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി "പച്ചക്കറിയുടെ വിളവിസ്തൃതി വ്യാപനവും മൂല്യ വർദ്ധനവും" എന്ന പദ്ധതി പ്രകാരം ഇടുക്കി, വയനാട് ജില്ലകളിൽ 2019-20 -ൽ 2078.32 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി നടപ്പിലാക്കി വരുന്നു.

നെല്ല് ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തതയിലേയ്ക്കായി സംസ്ഥാനാവിഷ്കൃത പദ്ധതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികേന്ദ്രീകൃതാസൂത്രണം വഴി നടപ്പിലാക്കുന്ന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു. നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിപ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടറൊന്നിന് 5500 രൂപയും സവിശേഷ നെല്ലിനങ്ങളായ ഞവര, രക്തശാലി, പൊക്കാളി, ബസ്മതി, ജീരകശാല, ഗന്ധകശാല തുടങ്ങിയവയുടെ വികസനത്തിന് ഹെക്ടറിന് 10,000 രൂപയും ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിന് 10,000 രൂപയും കരനെൽകൃഷിക്ക് 13,600 രൂപയും ധനസഹായമായി നൽകുന്നുണ്ട്. തരിശ് നിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിന് ഒന്നാം വർഷം 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4500 രൂപയുമാണ് ധനസഹായം നൽകുന്നത്. നെല്ലിന് കുമ്മായ വസ്തുക്കൾ നൽകുന്നതിന് 5,400 രൂപയും സൂക്ഷ്മ മൂലകങ്ങൾ നൽകുന്നതിന് 500 രൂപയും ധനസഹായം നൽകുന്നു. പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് ഹെക്ടറിന് 360 രൂപ എന്ന നിരക്കിൽ പ്രവർത്തന ധനസഹായം നൽകുന്നുണ്ട്.

നെൽ കർഷകർക്ക് ഉൽപ്പാദന ബോണസായി ഹെക്ടറിന് 1000 രൂപ നൽകി പദ്ധതി നടപ്പിലാക്കിവരുന്നു. നെൽകൃഷിക്ക് ഭൂപരിധിയില്ലാതെ ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വികേന്ദ്രീകൃതാസൂത്രണ പദ്ധതികൾ പ്രകാരം കൂലിച്ചെലവ് സബ്സിഡി 17,500 രൂപ വരെ നൽകാൻ കഴിയും. നെൽ വിത്ത് പൂർണ്ണമായും സൗജന്യമായി നൽകുന്നു.

നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ സഹായത്തോടെ ദേശിയ ഭക്ഷ്യ സുരക്ഷ പദ്ധതി, RAD-NMSA, ആർ.കെ.വി.വൈ. എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

RAD-NMSA പദ്ധതി വഴി തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ നെല്ല് അടിസ്ഥാനമാക്കിയുള്ള കൃഷി സമ്പ്രദായത്തിന് ഹെക്ടറൊന്നിന് 50% സബ്സിഡി (പരമാവധി 10,000 രൂപ) നൽകുന്നു. ജലസേചന ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും മണ്ണിലെ അമ്ലത പരിഹരിക്കുന്നതിനുള്ള പരിപോഷണ വസ്തുക്കളുടെ പ്രയോഗത്തിനും മണ്ണ് ജല സംരക്ഷണത്തിനും 50% സബ്സിഡി നിരക്കിൽ ധനസഹായം നൽകുന്നു.

രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ "Productivity Improvement of Paddy in Kerala" എന്ന ഘടകവും നടപ്പാക്കുന്നു.

നാളികേര ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കൃഷി പരിപാലനം, ഇടവിളകൃഷി, സമ്മിശ്ര കൃഷി എന്നിവ നടത്തി ആദായം പരമാവധി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നാളികേര വികസന പദ്ധതി നടപ്പാക്കിവരുന്നു. 250 ഹെക്ടർ തുടർച്ചയായി തെങ്ങു കൃഷിയുള്ള പ്രദേശത്ത് നാളികേര വികസനത്തിനായുള്ള കേര ഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നു.

സുഗന്ധ വിളകളുടെ സ്വയംപര്യാപ്തതയ്ക്കായി വയനാട് പാക്കേജ് 2019-20 എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. സുഗന്ധ വിളകളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പു എന്നീ വിളകളുടെ വികസനത്തിനായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനും സ്വയംപര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കി കർഷകർക്ക് കൃഷി ചെയ്യുന്നതിനുള്ള പ്രോത്സാഹനവും ധനസഹായവും നൽകിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 സാമ്പത്തിക വർഷം 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുകയും ചെയ്തു. 2017-18 -ൽ സംസ്ഥാനത്ത് 69047 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുകയും ഇതിൽനിന്നും 10.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാനും സാധിച്ചു.

2018-19 സാമ്പത്തിക വർഷം 82166.55 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തതിൽനിന്നും 12.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഇതുവരെയായി 29336.55 ഹെക്ടറിൽ അധികമായി പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാനും ഇതിലൂടെ 4.87 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുവാനും കഴിഞ്ഞു. 2019-20

സാമ്പത്തിക വർഷം പച്ചക്കറി കൃഷി 92000 ഹെക്ടർ സ്ഥലത്ത് വ്യാപിപ്പിക്കുവാനും ഉൽപ്പാദനം 14.70 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുവാനും ലക്ഷ്യമിട്ട് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഓരോ വർഷവും തെരഞ്ഞെടുക്കപ്പെട്ട 2500 വിദ്യാലയങ്ങൾ, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ വഴി പച്ചക്കറികൃഷി ചെയ്യുന്നതിനും ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും സംസ്ഥാനത്ത് സ്കൂളുകളിൽ പച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിനുമായി സമഗ്ര പച്ചക്കറി വികസന പദ്ധതിപ്രകാരം 'സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി' എന്ന മുഖ്യ ഘടകത്തിൽ ഉൾപ്പെടുത്തി ധനസഹായം നൽകിവരുന്നു. 2016-17-ൽ 113.36 ഹെക്ടർ സ്ഥലത്ത് വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുകയും 955 മെട്രിക് ടൺ ഉൽപ്പാദനം ലഭിക്കുകയും ചെയ്തു. ഇത് 2017-18 ആയപ്പോഴേയ്ക്കും 140.2 ഹെക്ടറായും ഉൽപ്പാദനം 1178 മെട്രിക് ടണ്ണായും ഉയർന്നു. 2018-19-ൽ 196.9 ഹെക്ടർ സ്ഥലത്ത് വിദ്യാലയങ്ങൾ വഴി പച്ചക്കറി കൃഷി വ്യാപിപ്പിക്കുകയും 1388.8 മെട്രിക് ടൺ ഉൽപ്പാദിപ്പിക്കുകയും ചെയ്തു.

(ഡി) തെരഞ്ഞെടുക്കപ്പെട്ട 2500 വിദ്യാലയങ്ങൾ, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ വഴി പച്ചക്കറികൃഷി ചെയ്യുന്നതിനും ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും സംസ്ഥാനത്ത് സ്കൂളുകളിൽ പച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 'സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി' എന്ന മുഖ്യ ഘടകത്തിൽ ഉൾപ്പെടുത്തി ഓരോ വർഷവും സംസ്ഥാനത്തെ തെരഞ്ഞെടുത്ത 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പിലാക്കിവരുന്നുണ്ട്. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിന് 4000 രൂപ നിരക്കിൽ (ഒരു വിദ്യാലയം എന്ന കണക്കിൽ) ധനസഹായം നൽകി വരുന്നു. കൂടാതെ വിദ്യാർത്ഥി/വിദ്യാർത്ഥിനികളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി ഹരിത ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും മറ്റ് കാർഷിക പ്രവർത്തനങ്ങൾക്കുമായി 1000 രൂപ പ്രവർത്തന ചെലവായും നൽകിവരുന്നു. 20-25 വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും ചേർന്നാണ് ക്ലബ്ബ് രൂപീകരിക്കുന്നത്. ജലസേചന സൗകര്യം ലഭ്യമാക്കുന്നതിന് പമ്പ്സെറ്റ്/കിണർ എന്നിവ സ്ഥാപിക്കുന്നതിന് 10,000 രൂപ നിരക്കിലും ധനസഹായം നൽകുന്നു. ഈ സാമ്പത്തിക വർഷം ഇതിലേയ്ക്കായി 130 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ

പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഈ ഘടകത്തിൽ 170 ലക്ഷം രൂപ 2019-20 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ പച്ചക്കറി കൃഷി ചെയ്യാൻ താൽപ്പര്യമുള്ള എൻ.ജി.ഒ.- കൾക്ക് സർക്കാർ/പ്രൈവറ്റ് സ്ഥാപനങ്ങളുടെ വളപ്പിൽ കൃഷി ചെയ്യാനുള്ള സാമ്പത്തിക സഹായവും നൽകിവരുന്നു. കൂടാതെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൻകീഴിൽ ബഹുമാന്യരായ ലോക്സഭ, നിയമസഭ സാമാജികരുടെ വീട്ടുവളപ്പിലും പച്ചക്കറി കൃഷി പ്രോജക്ട് അടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ വിഭാവനം ചെയ്തുവരുന്നു.

**ഹരിത കേരളം പദ്ധതി**

38 (1531) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പത്തനംതിട്ട ജില്ലയിൽ ഹരിത കേരളം പദ്ധതി പ്രകാരം എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

പത്തനംതിട്ട ജില്ലയിൽ കൃഷി വകുപ്പ് മുഖേന ഹരിതകേരളം പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

2018-19 വർഷം

| ക്രമ നമ്പർ | പദ്ധതി | വിസ്തീർണ്ണം (ഹെക്ടർ/എണ്ണം) | ഉൽപ്പാദനം (MT) | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | തരിശുഭൂമി നെൽകൃഷി വ്യാപനം | 534.652 ഹെക്ടർ | 3743 | 144.91261 |
| 2 | തരിശുഭൂമി പച്ചക്കറി വ്യാപനം | 53.31 ഹെക്ടർ | 325.1 | 15.99315 |
| 3 | ഓർഗാനിക് ഫാമിംഗ് | 450 ഹെക്ടർ | 1890 | 13.5 |
| 4 | കമ്പോസ്റ്റ് കുഴി | 50 എണ്ണം | | 1.25 |
| ആകെ | | | | 175.6558 |

2019-20 വർഷം

പത്തനംതിട്ട ജില്ലയിൽ 8 ബ്ലോക്ക് പഞ്ചായത്തുകളിൽപ്പെട്ട ചുവടെ രേഖപ്പെടുത്തിയിട്ടുള്ള ഗ്രാമപഞ്ചായത്തുകൾ പൂർണ്ണമായും (നെൽകൃഷി + പുരയിടകൃഷി) തരിശു രഹിതമാക്കുന്നതിനുള്ള ഊർജ്ജിത പ്രവർത്തനങ്ങൾ നടന്നുവരുന്നു.

| ബ്ലോക്ക് | കൃഷി ഭവൻ |
|---|---|
| അടൂർ | കൊടുമൺ |
| പന്തളം | തുമ്പമൺ |
| പുല്ലാട് | പുറമറ്റം |
| തിരുവല്ല | നിരണം |
| മല്ലപ്പള്ളി | കുന്നന്താനം |
| കോന്നി | പ്രമാടം |
| റാന്നി | വെച്ചൂച്ചിറ |
| ഇലന്തൂർ | കോഴഞ്ചേരി |

എല്ലാ ഗ്രാമപഞ്ചായത്തുകളിലും കുറഞ്ഞത് ഒരു വാർഡെങ്കിലും ഹരിതസമൃദ്ധി വാർഡാക്കുന്നതിനും ഒരു ഗ്രാമപഞ്ചായത്ത് വാർഡിൽ പത്ത് വീടെങ്കിലും ഹരിതഭവനം ആക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. പരമാവധി സ്ഥലം തരിശുരഹിതമാക്കുന്നതിന്റെ ഭാഗമായി എല്ലാ വീട്ടുവളപ്പിലും പച്ചക്കറി കൃഷി നടത്തുന്നതിനുവേണ്ടി ഈ സാമ്പത്തിക വർഷം 4.2 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 7 ലക്ഷം പച്ചക്കറി തൈകളും വിതരണം നടത്തിയിട്ടുണ്ട്.

ഈ സാമ്പത്തിക വർഷം 320 ഹെക്ടർ തരിശു സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിനും 70 ഹെക്ടർ തരിശു സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പദ്ധതികൾക്കായി 117 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## കൃഷി വകുപ്പ് മുഖേനയുള്ള പദ്ധതികൾ

39 (1532) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ 2018-19 സാമ്പത്തികവർഷത്തിൽ കൃഷി വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളാണ് അനുവദിച്ചത് എന്ന് അറിയിക്കാമോ;

(ബി) ഏതൊക്കെ പഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ആലത്തൂർ നിയോജകമണ്ഡലത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും നടപ്പിലാക്കിയ പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സമഗ്ര നെൽകൃഷി വികസന പദ്ധതി 2018-19
2. പച്ചക്കറി വികസന പദ്ധതി 2018-19
3. നാളികേര വികസന പദ്ധതി 2018-19
4. സുഗന്ധവ്യഞ്ജനങ്ങളുടെ വികസന പദ്ധതി 2018-19
5. മണ്ണ് ആരോഗ്യ പദ്ധതി 2018-19
6. വിള ആരോഗ്യ പരിപാലന പദ്ധതി
7. ജൈവ കൃഷി
8. കൃഷി വിജ്ഞാനവ്യാപന ശാക്തീകരണം 2018-19
9. ഓണസമൃദ്ധി 2018
10. ഔഷധ സസ്യകൃഷി 2018-19
11. വകുപ്പ് ലാബുകളുടെ നവീകരണം
12. അഗ്രോ സർവ്വീസ് സെന്റർ
13. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ
14. ലീഡ്സ് പദ്ധതി
15. ആത്മ പദ്ധതി

(ബി) ആലത്തൂർ, എരിമയൂർ, കിഴക്കഞ്ചേരി, കുഴൽമന്ദം, തേങ്കുറിശ്ശി, മേലാർകോട്, വണ്ടാഴി എന്നീ പഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയത്.

**ആത്മ ലീഡ്സ് പദ്ധതികൾ**

40 (1533) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ നടപ്പിലാക്കി വരുന്ന ആത്മ, ലീഡ്സ് എന്നീ പദ്ധതികൾ മുഖാന്തരം കർഷകർക്ക് ലഭിക്കുന്ന ഗുണഫലങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതികൾ കൂടുതൽ വിപുലമായി വരും വർഷങ്ങളിലും നടപ്പിലാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ആത്മ പദ്ധതിയും സംസ്ഥാനാവിഷ്കൃത പദ്ധതിയായ 'ലീഡ്സ്' പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. 'ലീഡ്സ് ' പദ്ധതി നിലവിൽ കൊല്ലം, വയനാട് പാലക്കാട്, കണ്ണൂർ, എന്നീ ജില്ലകളിലാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതി മറ്റ് 10 ജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിച്ചുകൊണ്ട് Kerala Agriculture Innovation Extension Project (KAIEP) എന്ന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## നിറവ് പദ്ധതി

41 (1534) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കൃഷിവകുപ്പിന്റെ മേൽനോട്ടത്തിൽ നിറവ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ നിന്ന് കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭിക്കുമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ഏതെല്ലാം വിഭാഗത്തിലുള്ള കർഷകർക്കാണ് പ്രയോജനപ്പെടുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ എല്ലാ പദ്ധതികളും ഉൾപ്പെടുത്തി കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ നിറവ് പദ്ധതി നടപ്പിലാക്കി. പ്രസ്തുത പദ്ധതി കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ചെറുകിട നാമമാത്ര കർഷകർക്കാണ് പ്രയോജനപ്പെട്ടത്.

## അഗ്രോ -സർവ്വീസ് സെന്ററുകൾ

42 (1535) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ വാമനപുരം നിയോജകമണ്ഡലത്തിൽ നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന അഗ്രോ-സർവ്വീസ് സെന്ററുകൾ ഏതൊക്കെയെന്ന് വിശദമാക്കു മോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ പുതിയതായി അനുവദിച്ച അഗ്രോ സർവ്വീസ് സെന്ററുകൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(സി) പുതിയതായി അനുവദിച്ച സെന്ററുകൾ ആരംഭിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ നിലവിൽ പുല്ലമ്പാറ കാർഷിക സേവന കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം ബ്ലോക്കിൽ സ്ഥാപിതമായ അഗ്രോ സർവ്വീസ് സെന്റർ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ 7-3-2019-ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) 2018-19 സാമ്പത്തികവർഷം അനുവദിച്ച അഗ്രോ സർവ്വീസ് സെന്റർ വാമനപുരം ബ്ലോക്കിൽ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ 7-3-2019-ൽ TVC/TC/278/2019 നമ്പറായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. നാളിതുവരെ 7-3-2019, 4-6-2019 എന്നീ തീയതികളിലായി രണ്ട് ഹൈ പവർ കമ്മിറ്റി കൂടിയിട്ടുണ്ട്.

8 അംഗങ്ങളടങ്ങുന്ന വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ച് ഇവർക്ക് പരിശീലനം നൽകിയിട്ടുണ്ട്. സേവന കേന്ദ്രത്തിന് ഫെസിലിറ്റേറ്ററെ നിയമിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത 15 അംഗങ്ങൾക്കും സ്റ്റൈപന്റും നൽകുന്നുണ്ട്. ഓഫീസ് രൂപീകരണവും കാർഷിക യന്ത്രങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായുള്ള ഷെഡിന്റെ നിർമ്മാണവും നടന്നുവരുന്നു. 50,000 എണ്ണം പച്ചക്കറി തൈകളും 4000 എണ്ണവും ഗ്രോബാഗുകളും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ഇവയുടെ വിതരണവും സേവന കേന്ദ്രം വഴി നടപ്പിലാക്കിക്കഴിഞ്ഞു. യന്ത്രസാമഗ്രികൾക്കായുള്ള സപ്ലൈ ഓർഡർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രി)ക്ക് നൽകിയിട്ടുണ്ട്.

കാർഷിക സേവന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 6.9 ലക്ഷം രൂപ ഈ വർഷം അനുവദിച്ചിട്ടുണ്ട്. ഇതിൽനിന്നും 5.06977 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സേവന കേന്ദ്രം 2019-20 സാമ്പത്തിക വർഷത്തിലേയ്ക്കായി 96.736 ലക്ഷം രൂപയുടെ ബിസിനസ്സ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഈ കാർഷിക സേവന കേന്ദ്രത്തിന് നിലവിൽ 8,87,757 രൂപയുടെ കാർഷിക യന്ത്രങ്ങൾ ലഭ്യമായിട്ടുണ്ട്. കാർഷിക സേവന കേന്ദ്രം നാളിതുവരെ 4.25 ലക്ഷം രൂപയുടെ കാർഷിക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിൽനിന്നും 1.25 ലക്ഷം രൂപ അറ്റാദായം നേടിയിട്ടുണ്ട്.

**വയനാട് പാക്കേജ്**

43 (1536) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് പാക്കേജ് പ്രകാരം വയനാട് ജില്ലയ്ക്ക് പ്രഖ്യാപിച്ച പദ്ധതികൾ ഏതൊക്കെയെന്നും ഇതിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും വിശദമാക്കാമോ;

(ബി) ഇതിനായി നാളിതുവരെ ചെലവാക്കിയ തുക എത്രയെന്ന് ഇനംതിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) വയനാട് പാക്കേജ് പ്രകാരം 2019-20 സാമ്പത്തികവർഷത്തിൽ വയനാട് ജില്ലയ്ക്ക് പ്രഖ്യാപിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സമഗ്ര കുരുമുളക് വികസനം

2. പദ്ധതി നടപ്പിലാക്കൽ യൂണിറ്റ്

3. ജാതികൃഷിയുടെ കൃഷി വിസ്തൃതി വർദ്ധിപ്പിക്കൽ

4. മണ്ണ് സർവ്വേ ആൻഡ് മണ്ണ് സംരക്ഷണ ഡിപ്പാർട്ടുമെന്റുവഴി നടപ്പിലാക്കുന്ന വെള്ളപ്പൊക്ക ലഘൂകരണം, ജല സംഭരണികളുടെ വികസനം തുടങ്ങിയ പദ്ധതികൾ

(ബി) 2019-20 വർഷത്തിൽ വയനാട് പാക്കേജ് പദ്ധതിക്ക് 1365 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും ആയതിൽ 43.165 ലക്ഷം രൂപ നാളിതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതികൾ | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | സമഗ്ര കുരുമുളക് വികസനം | 34.365 |
| 2 | 2018-19-ൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങൾക്ക് നടപ്പു വർഷം അനുവദിച്ച തുക | 8.800 |
| ആകെ | | 43.165 ലക്ഷം രൂപ |

**കർഷക സാന്ത്വനം പദ്ധതി**

44 (1537) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയത്തിൽ കൃഷിനാശം സംഭവിച്ച് ദുരിതത്തിലായ കർഷകരുടെ ഉൽപ്പന്നങ്ങൾ ശേഖരിച്ച് വിൽക്കുന്നതിന് എല്ലാ ജില്ലകളിലും

കർഷക സാന്ത്വനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉൽപ്പന്നങ്ങൾ കർഷകരിൽനിന്ന് നേരിട്ട് ശേഖരിക്കുന്നതിനും അവയ്ക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) വില്പനയിലൂടെ ലഭിക്കുന്ന ലാഭം കർഷകർക്ക് തിരികെ നൽകുന്ന രീതിയിലാണോ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ മാത്രമാണ് കർഷക സാന്ത്വനം സംവിധാനം നടപ്പിലാക്കിയത്. കൂടാതെ എറണാകുളം ജില്ലയിൽ അഗ്രിക്കൾച്ചർ ഓഫീസർമാരുടെ സംഘടനയുടെ സഹകരണത്തോടുകൂടിയും ഇത്തരമൊരു പരിപാടി നടപ്പാക്കിയിരുന്നു.

(ബി&സി) തൃശ്ശൂർ ജില്ലയിൽ കർഷക സാന്ത്വനം പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ തേക്കിൻകാട് മൈതാനിയിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിപണി സ്റ്റാൾ ഒരുക്കുകയും കർഷകരിൽനിന്ന് നേരിട്ട് മാർക്കറ്റ് വിലയേക്കാൾ അഞ്ച് ശതമാനം അധികവില നൽകി ഉൽപ്പന്നങ്ങൾ സംഭരിക്കുകയും വിപണി വിലയ്ക്ക് വിപണനം നടത്തുകയും ചെയ്തിട്ടുണ്ട്.

വയനാട്ടിലെ പ്രളയദുരിതംമൂലം ബുദ്ധിമുട്ടിലായ കർഷകരുടെ ഉൽപ്പന്നങ്ങൾ ന്യായവിലയ്ക്ക് ഹോർട്ടികോർപ്പ് സംഭരിച്ച് കോഴിക്കോട് ജില്ലയിൽ വിപണികൾ വഴി വിറ്റഴിക്കുകയുണ്ടായി. ഇതിനായി ഹോർട്ടികോർപ്പിന്റെ 5 മെയിൻ സ്റ്റാളുകളും 24 ഫ്രാഞ്ചൈസി സ്റ്റാളുകളും കൃഷി വകുപ്പിന്റെ 2 സ്റ്റാളുകളും 3 ദിവസം പ്രവർത്തിക്കുകയുണ്ടായി. ടി വിപണികളിലൂടെ ഉൽപ്പന്നങ്ങൾ വിറ്റഴിച്ചതിലൂടെ ലാഭം ഉണ്ടായിട്ടില്ല.

## തൃശ്ശൂർ ജില്ലയിലെ സഹസ്ര സരോവരം പദ്ധതി

45 (1538) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹസ്രസരോവരം പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

തൃശ്ശൂർ ജില്ലയിൽ സഹസ്ര സരോവർ പദ്ധതി കെ.എൽ.ഡി.സി. മുഖേന നബാർഡ്-ആർ.ഐ.ഡി.എഫ്, ആർ.കെ.വി.വൈ എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ

ചേർക്കുന്നു:

ആർ.ഐ.ഡി.എഫ്

| ട്രാഞ്ചെ | പ്രവൃത്തിയുടെ പേര് | ഗ്രാമപഞ്ചായത്ത് | പ്രവൃത്തിയുടെ തൽസ്ഥിതി |
|---|---|---|---|
| (1) | (2) | (3) | (4) |
| XIX | 1) അഷ്ടമിച്ചിറ പഴക്കര കുളം പുനരുദ്ധാരണം | മാള | പൂർത്തീകരിച്ചു |
| | 2) ചെറുവത്തൂർ ചിറ പുനരുദ്ധാരണം | കൊടകര | പൂർത്തീകരിച്ചു. |
| | 3) ചാത്തൻചിറ പുനരുദ്ധാരണം | വടക്കാഞ്ചേരി | പൂർത്തീകരിച്ചു. |
| | 4) കാവാലം ചിറ പുനരുദ്ധാരണം | എരുമപ്പെട്ടി | പൂർത്തീകരിച്ചു. |
| | 5) വല്ലക്കുന്ന് കുളം പുനരുദ്ധാരണം | ആളൂർ | പൂർത്തീകരിച്ചു. |
| XX | 1) കണ്ടം കുളങ്ങര കുളം, അന്നംചിറ എന്നിവയുടെ നവീകരണം | കൊടകര | പൂർത്തീകരിച്ചു. |
| | 2)ചെമ്മണ്ടക്കുളം നവീകരണം | കാറളം (മുകുന്ദപുരം താലൂക്ക്) | പൂർത്തീകരിച്ചു. |
| | 3) വല്ലച്ചിറ കുളം നവീകരണം | വല്ലച്ചിറ | താൽക്കാലികമായി പ്രവൃത്തി നിർത്തിവച്ചിരിക്കുന്നു |
| XXI | നായ്ക്കൻ കുളം പുനരുദ്ധാരണം | വരന്തരപ്പിള്ളി | പ്രവൃത്തി ഉടൻ ആരംഭിക്കും. |
| XXII | 1) കാർത്ത്യായനി ക്ഷേത്രക്കുളം നവീകരണം | അന്തിക്കാട് | പ്രവൃത്തി പുരോഗമിക്കുന്നു. |
| | 2)പടിയം വക്രക്കുളം നവീകരണം | അന്തിക്കാട് | പ്രവൃത്തി പുരോഗമിക്കുന്നു. |
| | 3) ചിക്കാമുണ്ടിക്കുളം, കാവനാട് ചിറ എന്നിവയുടെ നവീകരണം | കൊടകര | പ്രവൃത്തി ഉടൻ ആരംഭിക്കും. |
| XXIV | ആറാട്ടുപുഴ ദുർഗ്ഗ ദേവി ക്ഷേത്രകുളം നവീകരണം | കൈപ്പമംഗലം നിയോജകമണ്ഡ | പ്രവൃത്തി ഉടൻ ആരംഭിക്കും |

| | | | |
|---|---|---|---|
| | | ലം | |
| | ആറ് കുളങ്ങളുടെ നവീകരണം | കൈപ്പമംഗലം, നാട്ടിക, കൊടുങ്ങല്ലൂർ നിയോജകമണ്ഡ ലങ്ങൾ | ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ആർ. കെ. വി. വൈ. | | | |
| വർഷം | പ്രവൃത്തി | പഞ്ചായത്ത് /മുനിസിപ്പാലിറ്റി | പ്രവൃത്തിയുടെ തൽസ്ഥിതി |
| 2015-16 | പുതുക്കുളങ്ങര കുളം, തുപ്പൻകുളം എന്നിവയുടെ പുനരുദ്ധാരണം | കൊടകര | പ്രവൃത്തി പൂർത്തീകരിച്ചു |
| 2017-18 | കാരുകുളത്തിന്റെ പുനരുദ്ധാരാണം | പുത്തൂർ | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2018-19 | കണ്ണൻകുളം പുനരുദ്ധാരണം | ചാലക്കുടി | പ്രവൃത്തി പുരോഗമിക്കുന്നു. |
| 2019-20 | പുത്തൻകുളം, കോതകുളം എന്നിവയുടെ നവീകരണം | എരുമപ്പെട്ടി | ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. |

**നാട്ടിക നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ**

46 (1539) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത് എന്ന വിവരം നൽകാമോ;

(ബി) ഇവയിൽ നാട്ടിക നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ പേര് വിവരവും ഏത് പഞ്ചായത്തിലെന്നും ഓരോ പദ്ധതികൾക്ക് എത്ര തുക വീതം അനുവദിച്ചുവെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ അനുവദിച്ച ബി.റ്റി.ഡി. പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) നാട്ടിക നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ പേരു വിവരവും ഓരോ പഞ്ചായത്തിന് അനുവദിച്ച തുകയുടെ വിവരവും അനുബന്ധമായി* ചേർക്കുന്നു.

(സി) പ്രസ്തുത മണ്ഡലത്തിൽ ബി.റ്റി.ഡി. പദ്ധതികളൊന്നും കൃഷി വകുപ്പ് നടപ്പിലാക്കുന്നില്ല.

## കാർഷിക മേഖലയിലെ പദ്ധതികൾ

47 (1540) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ സർക്കാർ നടപ്പാക്കിവരുന്നത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പത്തനംതിട്ട ജില്ലയിൽ എത്ര കോടി രൂപ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്; ഇവയുടെ നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ഈ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കുക വഴി കാർഷിക മേഖലയ്ക്ക് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണ്;

(ഡി) ഇവ പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കാർഷിക മേഖലയിൽ സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു

<u>സംസ്ഥാനാവിഷ്കൃത പദ്ധതികൾ</u>

1. നെൽകൃഷി വികസനം
2. നാളികേര വികസനം
3. കൃഷി ഫാമുകൾ മുഖേന വസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കൽ
4. കൃഷി വകുപ്പിന്റെ ലബോറട്ടറികൾ ആധുനീകരിക്കൽ
5. ജൈവ കൃഷി
6. വിള ആരോഗ്യ പരിപാലനം
7. സുഗന്ധ വ്യഞ്ജനങ്ങളുടെ വികസനം
8. കാർഷിക വിജ്ഞാനവും വിനിമയവും
9. കാർഷിക വിജ്ഞാന വ്യാപനം

10. പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി
11. കാർഷിക സേവന കേന്ദ്രങ്ങളും സേവനം എത്തിക്കലും
12. ഹൈടെക് കൃഷി
13. കൃഷിവകുപ്പ് മുഖേന പച്ചക്കറി വികസനം.
14. പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി
15. മണ്ണിന്റെ ആരോഗ്യ പരിപാലനവും ഉത്പാദന ക്ഷമത വർദ്ധിപ്പിക്കലും
16. വയനാട് പാക്കേജ്
17. മാനവശേഷി വികസനം
18. വില സ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ
19. വിപണികളുടെ വികസനം
20. ഹോർട്ടികോർപ്പിനുള്ള മൂലധന ഓഹരി
21. ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം (RIDF)
22. മൂല്യ വർദ്ധനവ്
23. പാരമ്പര്യ വിത്തിനങ്ങളുടെ സംരക്ഷണവും കൃഷി പ്രോത്സാഹനവും
24. അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം, കുട്ടനാട് (IRTCBSF)
25. പ്രാദേശിക പ്രാധാന്യമുള്ള പദ്ധതികൾ
26. പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം
27. കിഴങ്ങ്/പയർ വർഗ്ഗങ്ങളുടെ വികസനം
28. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അധിക സഹായം
29. കേരള വെയർഹൗസിംഗ് കോർപ്പറേഷൻ - ഓഹരി മൂലധനം
30. കേരള വെയർഹൗസിംഗ് കോർപ്പറേഷന് കമ്പ്യൂട്ടർവത്കരണത്തിനുള്ള സഹായം
31. കേരള വെയർഹൗസിംഗ് കോർപ്പറേഷന് ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള സഹായം
32. കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി.
33. കവുങ്ങ് കൃഷിക്കുള്ള പ്രത്യേക പദ്ധതി
34. ഓഫീസ് ഓട്ടോമേഷനും ഐ.ടി. സാങ്കേതികവിദ്യയും

<u>കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

1. കാർഷിക വിജ്ഞാന വ്യാപനത്തിനുള്ള ഉപമിഷൻ (SMAE)-(40%CSS) State share
2. കൃഷി ഉന്നതി യോജനയിൽ ഉൾപ്പെട്ട പദ്ധതികൾ (40%CSS) State share
3. ദേശീയ ബയോഗ്യാസ് വികസന പദ്ധതി

പദ്ധതി ഇതര ഇനങ്ങൾ (Non Plan Schemes)

1. ഉൽപ്പാദന വർദ്ധനവിനായി നെൽകൃഷിക്കാർക്കുള്ള പ്രോത്സാഹന സഹായം (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതി)
2. ചെറുകിട നാമമാത്ര കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി
3. ചെറുകിട നാമമാത്ര കർഷക പെൻഷൻ
4. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്

കാർഷിക മേഖലയുടെ സുസ്ഥിരവും സമഗ്രവുമായ വികസനത്തിനും കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും ഉതകുന്ന പദ്ധതികളായ ആർ.ഐ.ഡി.എഫ്. പദ്ധതി, ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണ് ജല സംരക്ഷണം, മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ, നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള സൂക്ഷ്മ നീർത്തടങ്ങളുടെ വികസന പദ്ധതി, കർഷകർക്കുള്ള സോയിൽ ഹെൽത്ത് കാർഡ് വിതരണം, പഞ്ചായത്ത് തല ശാസ്ത്രീയ മണ്ണ് ഭൂവിഭവ വിവരശേഖരണം എന്നീ പദ്ധതികൾ മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ് മുഖാന്തരം കൃഷി വകുപ്പ് നടപ്പിലാക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പത്തനംതിട്ട ജില്ലയിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി 512.35 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ് മുഖേന സംസ്ഥാനത്തുടനീളം നീർത്തടം അടിസ്ഥാനത്തിലുള്ള പ്രകൃതി വിഭവ സംരക്ഷണ പ്രവർത്തനങ്ങളും മണ്ണിന്റെ ആരോഗ്യ പരിപാലനത്തിനും ഭൂവിഭവവിവര സമാഹരണത്തിനും ഉതകുന്ന പ്രവർത്തനങ്ങളും ജനപങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്നു. കാർഷിക അടിസ്ഥാന സൗകര്യ വികസനവും ജല ലഭ്യത

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉറപ്പുവരുത്തുവാനും പാരിസ്ഥിതിക പുനരുജ്ജീവനം സാധ്യമാക്കുവാനുമുള്ള പദ്ധതികളുമാണ് വകുപ്പ് പ്രധാനമായും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. വകുപ്പ് നടപ്പിലാക്കുന്ന വിവിധ നീർത്തട പദ്ധതികളിലൂടെ പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം എന്നിവ സംരക്ഷിക്കുകയും തൽസ്ഥല ജലപരിപാലന പ്രവർത്തനങ്ങളിലൂടെ കാർഷിക മേഖലയുടെ അഭിവൃദ്ധിയും സാധ്യമാകുന്നു. ടി പ്രവർത്തനങ്ങളിലൂടെ ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനും ഫലഭൂയിഷ്ഠമായ മേൽ മണ്ണ് നഷ്ടപ്പെടുന്നത് തടയുവാനും ജലസംഭരണികൾ/കുളങ്ങളുടെ പുനരുദ്ധാരണം എന്നിവ മുഖേന കാർഷിക-ഗാർഹിക ആവശ്യങ്ങൾക്കുള്ള ജലലഭ്യത ഉറപ്പാക്കുവാനും സാധിക്കുന്നു. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിലൂടെ കൂടുതൽ ഭൂമി കൃഷിയോഗ്യമാക്കുവാനും ആയതിലൂടെ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുവാനും സാധിക്കുന്നുണ്ട്. മണ്ണ് പര്യവേഷണ - മണ്ണ് സംരക്ഷണ വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന മേൽ വിവരിച്ച പ്രവർത്തനങ്ങളിലൂടെ മണ്ണും ജലവും സംരക്ഷിച്ച് കാർഷിക വരൾച്ചയ്ക്ക് ശമനം കാണുകയും കാർഷിക മേഖലയുടെ ശാക്തീകരണവും സുസ്ഥിര കാർഷികവളർച്ചയും ഉറപ്പുവരുത്തി കാർഷിക മേഖലയെ സ്വയം പര്യാപ്തതയിലെത്തിക്കുവാനും കഴിയുന്നു.

(ഡി) മണ്ണ് പര്യവേഷണ- മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങളുടെ മൂല്യനിർണ്ണയവും വിലയിരുത്തലും കേന്ദ്ര സർക്കാർ സ്ഥാപനമായ കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (സി.പി.സി.ആർ.ഐ), സംസ്ഥാന സർക്കാർ സ്ഥാപനമായ സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്മെന്റ് ആൻഡ് മാനേജുമെന്റ് (സി.ഡബ്ല്യു.ആർ.ഡി.എം) എന്നിവ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് മുഖേനയും മണ്ണുജല സംരക്ഷണ പദ്ധതി പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടപ്പിലാക്കാറുണ്ട്. കൂടാതെ വകുപ്പിന്റെ ആഭ്യന്തര കണക്ക് പരിശോധന വിഭാഗം മുഖേനയും വിലയിരുത്താറുണ്ട്.

**കേരഗ്രാമം പദ്ധതി**

48 (1541) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കൃഷിഭവനുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കേരഗ്രാമം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ഇതിനായി എത്ര കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നാളിതുവരെ 202 കേര ഗ്രാമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 2018-19 വർഷം ആരംഭിച്ച 77 കേരഗ്രാമങ്ങൾക്കുള്ള രണ്ടാംവർഷ പദ്ധതി സഹായം 84 കൃഷിഭവനുകളിൽ നടപ്പിലാക്കിവരുന്നുണ്ട്. അതോടൊപ്പം 2019-20 വർഷം പുതിയതായി 51 കേരഗ്രാമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) തേങ്ങയുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീട-രോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിളകൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രാത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവയാണ് കേരഗ്രാമ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണ മുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ പദ്ധതികളും സംയോജിത പരിചരണ മുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസവളങ്ങൾ, ജീവാണു വളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിള കൃഷി എന്നിവയും നടപ്പിലാക്കുന്നു. ഇതിനുപുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു.

(സി) നാളികേര വികസന പദ്ധതിയിൽ കേരഗ്രാമം പദ്ധതിക്കായി 4049.15 ലക്ഷം രൂപ വിവിധ ജില്ലകളിലേയ്ക്ക് ഇതുവരെ അനുവദിച്ചിട്ടുണ്ട്. ആയതിൽ 356.3 ലക്ഷം രൂപ 25-10-2019 വരെ ചെലവഴിച്ചിട്ടുണ്ട്.

**ഹരിത കേരളം പദ്ധതി**

49 (1542) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഒല്ലൂർ നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി ഒല്ലൂർ നിയോജകമണ്ഡലത്തിൽ ഇനി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ 2019-20 വർഷത്തിൽ തരിശ് നിലങ്ങളിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി കൃഷിവകുപ്പ് മുഖേന ചേർപ്പ് ബ്ലോക്ക് പരിധിയിലെ 17 ഹെക്ടർ സ്ഥലത്തേയ്ക്ക് 5.1 ലക്ഷം രൂപയും ഒല്ലൂക്കര ബ്ലോക്ക് പരിധിയിലെ 13 ഹെക്ടർ സ്ഥലത്തേയ്ക്ക് 3.9 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. അതിൽ ഒല്ലൂക്കര ബ്ലോക്ക് പരിധിയിലെ 13 ഹെക്ടർ സ്ഥലത്തും പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 2020-21 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി രൂപീകരണം കഴിഞ്ഞാൽ മാത്രമേ ഇതുസംബന്ധിച്ച വിവരങ്ങൾ ലഭ്യമാവുകയുള്ളൂ. പദ്ധതികൾ രൂപീകരണ ഘട്ടത്തിലാണ്.

**ഹരിതകേരളം പദ്ധതി**

50 (1543) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളം പദ്ധതിയുടെ ഭാഗമായി വർക്കല മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വർക്കല മണ്ഡലത്തിൽ ഇനി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൃഷി വകുപ്പ് മുഖേന ഹരിതകേരളം പദ്ധതിയുടെ ഭാഗമായ സുജലം സുഫലം ഉപമിഷന്റെ ഭാഗമായി വർക്കല മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

മടവൂർ പഞ്ചായത്ത്-സമഗ്ര പച്ചക്കറി വികസന പദ്ധതി

പള്ളിക്കൽ പഞ്ചായത്ത്-

ഹരിതഭവനം - 45 എണ്ണം

നെൽകൃഷി - 66 ഹെക്ടർ

മൂന്നാംവിള പയർ കൃഷി - 33 ഹെക്ടർ

നാവായിക്കുളം പഞ്ചായത്ത്

കിണർ റീചാർജ്ജിംഗ് - 25 എണ്ണം

തരിശ് ഭൂമി കൃഷി - 3 ഹെക്ടർ

വാഴ കൃഷി - 6 ഹെക്ടർ

നെൽകൃഷി - 110 ഹെക്ടർ

പച്ചക്കറി തൈ വിതരണം - 2000 എണ്ണം

പച്ചക്കറി വിത്ത് വിതരണം - 2000 കിറ്റുകൾ

ഇടവ, ഇലകമൺ, ചെമ്മരുതി, വർക്കല, വെട്ടൂർ പഞ്ചായത്തുകൾ

| പദ്ധതി | ഭൗതിക നേട്ടം | സാമ്പത്തിക നേട്ടം(രൂപയിൽ) |
|---|---|---|
| പച്ചക്കറി വിത്ത് വിതരണം | 17150 എണ്ണം | 171500 |
| പച്ചക്കറി തൈ വിതരണം | 45000 എണ്ണം | 112500 |
| ഗ്രോ ബാഗ് | 225 എണ്ണം | 337500 |
| തരിശുഭൂമി കൃഷി | 3.5 ഹെക്ടർ | 105000 |

(ബി) മടവൂർ പഞ്ചായത്ത് - സമഗ്ര പച്ചക്കറി കൃഷി

<u>പള്ളിക്കൽ പഞ്ചായത്ത്</u>
ഹരിതഭവനം - 16 യൂണിറ്റ്
നെൽകൃഷി - 55 ഹെക്ടർ
ജൈവ സമൃദ്ധി - 4.8 ഹെക്ടർ

<u>നാവായിക്കുളം പഞ്ചായത്ത്</u>
തെങ്ങിൻ തൈ വിതരണം - 2000 എണ്ണം
കുറ്റി കുരുമുളക് വിതരണം - 1000 എണ്ണം
ഹരിത ഭവനം - 24 എണ്ണം
കുരുമുളക് വള്ളി - 8250 എണ്ണം

<u>ഇടവ, ഇലകമൺ, ചെമ്മരുതി, വർക്കല പഞ്ചായത്തുകൾ</u>

ജൈവ സമൃദ്ധി തരിശുനില കൃഷി - 30 ഹെക്ടർ

**അതിരപ്പിള്ളി ട്രൈബൽവാലി പ്രോജക്ട്**

51 (1544) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികളിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിന്

ആസൂത്രണം ചെയ്തിട്ടുള്ള അതിരപ്പിള്ളി ട്രൈബൽ വാലി പ്രോജക്ടിന്റെ സാക്ഷാത്കാരത്തിനായി എന്തെല്ലാം നടപടികളാണ് കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പ്രോജക്ട് യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികളിലെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി കൃഷി വകുപ്പ് തികച്ചും പ്രകൃതിദത്ത കൃഷിരീതി അവലംബിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് അതിരപ്പിള്ളി ട്രൈബൽവാലി പ്രോജക്ട്. അതിരപ്പിള്ളി ആദിവാസി മേഖലയിലെ കർഷകരുടെ കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും വിപണനത്തിനും ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും കാർഷിക മേഖലയിൽ വിവിധ ഇടപെടലുകൾ നടത്തി, അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും ഉതകുന്ന 13 ഘടകങ്ങൾ ഉൾപ്പെടുത്തി 8.46 കോടി രൂപയുടെ 3 വർഷത്തേയ്ക്ക് നടപ്പാക്കുന്ന സമഗ്രമായ ഒരു പ്രോജക്ട്, റീബിൽഡ് കേരള ഇൻഷ്യേറ്റീവ് (RKI) പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

കൂടാതെ ടി മേഖലയിലെ കർഷകരുടെ ഉൽപ്പന്നങ്ങൾ ബ്രാന്റ് ചെയ്ത് വിപണനം നടത്തുന്നതിനും വിളവെടുപ്പിന് ശേഷമുള്ള പരിപാലനം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന പദ്ധതിരേഖ കേന്ദ്ര ഗവൺമെന്റ് പദ്ധതികളിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാകുന്നതിന്, ടി പദ്ധതി രേഖ കേന്ദ്രഗവൺമെന്റ് ഏജൻസിയായ ട്രൈഫെഡ് (TRIFED) -ന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ട്രൈഫെഡ് (TRIFED)-ന്റെ രാജ്യത്താകമാനമുള്ള വിവിധ ഔട്ട്ലെറ്റുകൾ വഴി അതിരപ്പിള്ളി ട്രൈബൽ മേഖലയിലെ കർഷകരുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

**കർഷക കടാശ്വാസ കമ്മീഷൻ ആനുകൂല്യം**

52 (1545) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ 2016 മുതൽ 2019 വരെ കർഷക കടാശ്വാസ കമ്മീഷൻ കർഷകർക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്; താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) കർഷകർക്ക് കൃഷി ചെയ്യുന്നതിനായി പലിശരഹിത വായ്പ അനുവദിക്കാൻ നടപടി പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കർഷക കടാശ്വാസ കമ്മീഷൻ പാലക്കാട് ജില്ലയിൽ 2016 മുതൽ 2019 വരെ നടത്തിയ സിറ്റിംഗുകളിൽ കർഷകർക്ക് 2,82,36,760 രൂപ (രണ്ടുകോടി എൺപത്തി രണ്ട ലക്ഷത്തി മുപ്പത്തി ആറായിരത്തി എഴുന്നൂറ്റി അറുപത് രൂപാ മാത്രം) കടാശ്വാസമായി ശിപാർശ ചെയ്തിട്ടുണ്ട്.

കമ്മീഷന്റെ പരിഗണനയ്ക്കായി ലഭിക്കുന്ന അപേക്ഷകൾ ജില്ലാടിസ്ഥാനത്തിൽ തരംതിരിക്കുകയും ജില്ലാതല സിറ്റിംഗുകളിൽ വച്ച് തീരുമാനമെടുത്ത് കടാശ്വാസം ശിപാർശ ചെയ്യുന്നതുമാണ് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടിക്രമം.

(ബി) കർഷകർക്ക് കൃഷി ചെയ്യുന്നതിനായി പലിശരഹിത വായ്പ അനുവദിക്കുന്ന പദ്ധതി നിലവിലുള്ളതാണ്. സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി നെൽ കർഷകരെ തിരികെ നെൽകൃഷിയിലേയ്ക്ക് കൊണ്ടുവരുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള നെൽകൃഷി മേഖല സംരക്ഷിച്ച് സംസ്ഥാനത്തെ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നെൽകൃഷി ലാഭകരമാക്കുന്നതിനുമുള്ള ഉദ്ദേശ്യലക്ഷ്യത്തോടെ നെൽകൃഷിക്കായി പലിശരഹിത വായ്പാപദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

2010-11 സാമ്പത്തിക വർഷം മുതൽ സഹകരണ വകുപ്പിന്റെ ബഡ്ജറ്റിൽ തുക വകകൊള്ളിച്ച് സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ മുഖേന ടി പദ്ധതി നടപ്പിലാക്കിവരുന്നു.

**നബാർഡിൽനിന്നും കാർഷിക മേഖലയ്ക്ക് ലഭിച്ച സഹായം**

53 (1546) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നബാർഡിന്റെ വായ്പയായി എത്ര കോടി രൂപ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) 2018 , 2019 വർഷങ്ങളിലെ പ്രളയത്തിൽ കാർഷിക മേഖലയ്ക്കുണ്ടായ കനത്ത നഷ്ടം കണക്കിലെടുത്ത് നബാർഡിൽ നിന്നും പ്രത്യേക പദ്ധതികൾ അനുവദിച്ചു കിട്ടിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡ് ആർ.ഐ.ഡി. എഫ്. 22, 24, 25, എന്നീ സ്കീമുകളിലുൾപ്പെടുത്തി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് 109.85 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| നബാർഡ് സ്കീം | പ്രോജക്ടുകളുടെ എണ്ണം | ഭരണാനുമതി തുക (കോടി) |
|---|---|---|
| ആർ.ഐ.ഡി.എഫ്-22 | 26 | 67.98 |
| ആർ.ഐ.ഡി.എഫ്-24 | 5 | 23.81 |
| ആർ.ഐ.ഡി.എഫ്-25 | 3 | 18.06 |
| ആകെ | | 109.85 |

കാർഷികോൽപ്പന്നങ്ങളുടെയും മറ്റ് ഭക്ഷ്യധാന്യങ്ങളുടെയും ശാസ്ത്രീയമായ സംഭരണാവശ്യത്തിലേയ്ക്കായി പുതിയ ഗോഡൗണുകൾ നിർമ്മിക്കുന്നതിനും പഴക്കമേറിയ ഗോഡൗണുകളുടെ നവീകരണത്തിനുമായി നബാർഡ് ആർ.ഐ.ഡി.എഫ്. XVII പദ്ധതിയിൻകീഴിൽ 8,08,89,000 രൂപ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്.

നബാർഡിന്റെ ആർ.ഐ.ഡി.എഫ്. 22,24,25 ഘട്ടങ്ങളിലെ 57 പദ്ധതികളിൽ 9156.43 ലക്ഷം രൂപ നബാർഡ് വായ്പയായി മണ്ണ് പര്യവേഷണ - മണ്ണ് സംരക്ഷണ വകുപ്പിന് അനുവദിച്ചിട്ടുണ്ട്.

കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നബാർഡിന്റെ വായ്പയായി 33.57 കോടി രൂപ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് നൽകിയിട്ടുണ്ട്.

(ബി) 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടം കണക്കിലെടുത്ത് നബാർഡിൽനിന്നും കൃഷിവകുപ്പിന് പ്രത്യേക പദ്ധതികളൊന്നുംതന്നെ അനുവദിച്ചിട്ടില്ല.

## ഇടുക്കി ജില്ലയിൽ വെജിറ്റബിൾ പാർക്ക് സ്ഥാപിക്കുവാൻ നടപടി

54 (1547) ശ്രീമതി <u>ഇ. എസ്. ബിജിമോൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ജി.ഒ.(എം എസ്) നമ്പർ 1/ 2018 /എ ഡി ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിൽ വെജിറ്റബിൾ പാർക്ക് സ്ഥാപിക്കുന്നതിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 15 കോടി രൂപ അനുവദിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ജില്ലയിൽ വെജിറ്റബിൾ പാർക്ക് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പീരുമേട് നിയോജകമണ്ഡലത്തിലെ വണ്ടിപ്പെരിയാർ സംസ്ഥാന വെജിറ്റബിൾ ഫാമിൽ വെജിറ്റബിൾ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതി വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഇടുക്കി ജില്ലയിൽ വട്ടവട പഞ്ചായത്തിൽ പഴത്തോട്ടം എന്ന സ്ഥലത്താണ് വെജിറ്റബിൾ പാർക്ക് സ്ഥാപിക്കുവാൻ സർക്കാർ ഉത്തരവായിട്ടുള്ളത്. 15 കോടി രൂപയാണ് പ്രസ്തുത പ്രോജക്ടിന് വകയിരുത്തിയിട്ടുള്ളത്. വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ (VFPCK) നെയാണ് പദ്ധതി നടത്തിപ്പിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി ചുമതലപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ടി സ്ഥലത്തിന്റെ കൈവശാവകാശം കൃഷി വകുപ്പിന് ലഭിച്ചിട്ടില്ല. ഇതുലഭ്യമായാലുടനെ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കി കിഫ്ബി-യിൽ സമർപ്പിക്കാൻ VFPCK യ്ക്ക് സാധിക്കും.

(ബി) വകുപ്പിന്റെ പരിഗണനയിലാണ്.

**ജൈവ കൃഷി**

55 (1548) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച ഇക്കോ-ഷോപ്പുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) പുതിയ ഇക്കോ-ഷോപ്പുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും അനുവർത്തിച്ചുകൊണ്ട് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

<u>1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ</u>

15-25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററിനും 75,000 രൂപ ധനസഹായമായി നൽകുന്നുണ്ട്.

2. ഇക്കോഷോപ്പുകൾ

ഉൽപ്പന്നങ്ങൾ ശേഖരിച്ച് കേരള ഓർഗാനിക് എന്ന ലേബലിൽ ഇക്കോഷോപ്പുകൾ മുഖേന വിപണനം ചെയ്യുന്നു. 241 ഇക്കോഷോപ്പുകൾ നിലവിൽ ആരംഭിച്ചിട്ടുണ്ട്.

3. ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം

ക്ലസ്റ്ററുകൾ ഉൽപ്പാദിക്കുന്ന ജൈവ ഉൽപ്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് ഇതിനോടകം 32 നേരിട്ടുള്ള വിപണികൾ നടപ്പിലാക്കിയിട്ടുണ്ട്.

4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ

കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവ കൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം വി.എഫ്.പി.സി.കെ. മുഖാന്തരം പി.ജി.എസ്. സർട്ടിഫിക്കേഷൻ നടത്തുന്നതിന് 1000 ഹെക്ടറിലേയ്ക്ക് 60 ലക്ഷം രൂപ ചെലവഴിച്ചു.

5. സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ്

ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജകമണ്ഡലം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകിവരുന്നു.

6. കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന

സംസ്ഥാനത്ത് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജ്, വെള്ളാണിക്കര ഹോർട്ടിക്കൾച്ചർ കോളേജ്, പടന്നക്കാട് കാർഷിക കോളേജ് എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള അവശിഷ്ട വിഷാംശ പരിശോധനാലാബുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രധാനമായും കൃഷിയിടങ്ങൾ, പഴം-പച്ചക്കറി സ്റ്റാളുകൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം-പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബുകളിൽ പരിശോധിച്ച് പരിശോധനാ ഫലം കേരള സർക്കാർ ഔദ്യോഗിക വെബ് പോർട്ടലായ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നു.

7. ഫാം സ്കൂൾ &കർഷകർക്കുള്ള പരിശീലനങ്ങൾ

ജൈവ കൃഷി രീതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും വേണ്ടിയും കർഷകർക്കുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതിനായും 73 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചുവരുന്നു.

8. <u>സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്</u>

"സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്" എന്ന പുതിയ കൃഷി രീതി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷി ചെലവ് കുറഞ്ഞ രീതിയിൽ നടപ്പാക്കുന്നതിനും കർഷകരെ സജ്ജമാക്കുന്നതിന് സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗിന്റെ പ്രയോക്താവായ പത്മശ്രീ. സുഭാഷ് പലേക്കറിനെ ഉൾപ്പെടുത്തി ശിൽപ്പശാല സംഘടിപ്പിച്ചു.

9. <u>പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.)</u>

60:40 അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ജൈവകൃഷി വ്യാപനത്തിനായി 3 വർഷം തുടർച്ചയായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്.

(ബി) ഉണ്ട്.

(സി) ഉണ്ട്. നടപ്പുസാമ്പത്തിക വർഷം പുതിയ 15 ഇക്കോഷോപ്പുകൾ കൂടി ആരംഭിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്.

## പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ

56 (1549) <u>ശ്രീ. ചിറ്റയം ഗോപകുമാർ:</u>
<u>ശ്രീ. ജി. എസ്. ജയലാൽ:</u>
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വിപണി ആവശ്യം അറിഞ്ഞ് ഉൽപ്പാദനം ക്രമീകരിക്കാത്തതുമൂലം ചില സീസണിൽ ചിലയിനം പച്ചക്കറികൾക്ക് ഉണ്ടാകുന്ന വിലക്കുറവും വിപണിയില്ലായ്മയുംമൂലം കർഷകർ അനുഭവിക്കുന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) കച്ചവടക്കാരെ ഒഴിവാക്കി കർഷകരിൽ നിന്നും കർഷക കൂട്ടായ്മകളിൽ നിന്നും നേരിട്ട് പച്ചക്കറി സംഭരണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ജൈവപച്ചക്കറി കൃഷിയും ഉപയോഗവും സംസ്ഥാനത്ത് വർദ്ധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? 8

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം 2015-16-ൽ 6.28 ലക്ഷം മെട്രിക് ടൺ ആയിരുന്നത് സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലുകളെത്തുടർന്ന് 2018-19 ആയപ്പോൾ 12.12 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ താഴെ കൊടുക്കുന്നു.

- ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
- മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും
- സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി
- ജില്ലാ ക്ലസ്റ്റർ വികസനം
- ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം
- ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം
- നഴ്സറികൾ സ്ഥാപിക്കൽ
- പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം തുടങ്ങിയവ
- സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും
- പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം
- കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം
- മഴമറ നിർമ്മാണം
- വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസനം

(ബി) പച്ചക്കറികൾക്കുണ്ടാകുന്ന വിലക്കുറവും വിപണിയില്ലായ്മയുംമൂലം കർഷകർ അനുഭവിക്കുന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന് കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഉൽപ്പാദക കേന്ദ്രങ്ങൾക്ക് അടുത്തുതന്നെ വിപണന സൗകര്യം ഏർപ്പെടുത്തുന്നതിനായി പച്ചക്കറി വികസന പദ്ധതി പ്രകാരം 26 ബ്ലോക്ക് തല

ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, 198 ക്ലസ്റ്റർ മാർക്കറ്റുകൾ, വിപണി വികസന പദ്ധതി പ്രകാരം 213 ഇക്കോഷോപ്പുകൾ, 400 ആഴ്ച ചന്തകൾ, ജൈവ പച്ചക്കറി വികസന പദ്ധതി പ്രകാരം 32 ഇക്കോഷോപ്പുകൾ എന്നിവ സംസ്ഥാനത്തുടനീളം പ്രവർത്തിച്ച വരുന്നു.

ഉത്സവ കാലങ്ങളിൽ കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ., കർഷക കൂട്ടായ്മകൾ എന്നിവരുടെ സഹകരണത്തോടെ സംസ്ഥാനത്തുടനീളം വിപണികൾ ഓണം, വിഷു എന്നീ ഉത്സവ കാലങ്ങളിൽ നടപ്പിലാക്കിവരുന്നു. പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ തുറന്ന വിപണിയിലെ സംഭരണ വിലയുടെ 10 ശതമാനം അധികം വില നൽകി കർഷകരിൽനിന്നും സംഭരിക്കുകയും വിൽപ്പന വിലയുടെ 30 ശതമാനം വില കുറച്ച് ഉപഭോക്താക്കൾക്കും നൽകിവരുന്നു. നല്ല കാർഷിക പരിപാലന മുറകളിലൂടെ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ തുറന്ന വിപണിയുടെ സംഭരണ വിലയുടെ 20 ശതമാനം അധികം നൽകി സംഭരിക്കുകയും വിൽപ്പന വിലയുടെ 10 ശതമാനം വില കുറച്ച് ഉപഭോക്താക്കൾക്ക് നൽകിവരുന്നു.

(സി) ഉണ്ട്. കൃഷി വകുപ്പിന്റെ അധീനതയിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികൾ മുഖേനയും (ആനയറ, നെടുമങ്ങാട്, മരട്, മൂവാറ്റുപുഴ, വേങ്ങേരി, സുൽത്താൻ ബത്തേരി) 5 ജില്ലകളിലെ ജില്ലാ സംഭരണ കേന്ദ്രങ്ങൾ (കൊല്ലം, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, കോട്ടയം) മുഖേനയും കർഷകർ, കർഷക കൂട്ടായ്മകൾ എന്നിവരിൽനിന്നും ലേലത്തിലൂടെ പഴം, പച്ചക്കറികൾ എന്നിവ സംഭരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

(ഡി) ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ 2010-ൽ ജൈവ കാർഷിക നയം നടപ്പിലാക്കി. 2016-17 മുതൽ ജൈവ കൃഷി പദ്ധതി കൂടുതൽ ഘടകങ്ങൾ ഉൾപ്പെടുത്തി സമഗ്രമായി നടപ്പാക്കിവരുന്നു. പരിസ്ഥിതിക്കും ജൈവ വൈവിധ്യ സംരക്ഷണത്തിനും മുൻതൂക്കം നൽകിയാണ് പദ്ധതി നടപ്പാക്കുന്നത്. ജനങ്ങൾക്ക് സുരക്ഷിത ഭക്ഷണവും മെച്ചപ്പെട്ട ആരോഗ്യനിലവാരവും ഇത് ഉറപ്പാക്കുന്നു. പ്രധാനമായും പഴം പച്ചക്കറികളിലാണ് ജൈവ കൃഷി കേന്ദ്രീകരിച്ചിട്ടുള്ളത്. ജൈവ കൃഷി ചെയ്യുന്ന ജൈവ ക്ലസ്റ്ററുകൾക്ക് ഓരോന്നിനും ജൈവ കാർഷിക പ്രവർത്തനങ്ങൾക്കായി 75,000 രൂപ ധനസഹായം നൽകുന്നുണ്ട്. ജൈവ ക്ലസ്റ്ററുകളിൽ നിന്നുമുള്ള പഴം പച്ചക്കറികൾ ഇക്കോഷോപ്പുകൾ മുഖേന പൊതുജനങ്ങൾക്ക് വിൽപ്പന നടത്തുന്നു. ഇക്കോഷോപ്പ് ഉൽപ്പന്നങ്ങൾ ഗുണമേന്മയേറിയതായതിനാൽ വിപണി വിലയേക്കാൾ 20-30% വില കൂടുതൽ ലഭിക്കുന്നു. ഇതിനുപുറമെ ജൈവ ഉൽപ്പന്നങ്ങൾ (പഴം പച്ചക്കറി) പാക്കിംഗ്, ഗ്രേഡിംഗ് എന്നിവ നടത്തി കേരള

ഓർഗാനിക് ബ്രാന്റിൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിലെ നേരിട്ടുള്ള വിപണികൾ മുഖേനയും വിപണനം നടത്തുന്നുണ്ട്. ആകെ 32 നേരിട്ടുള്ള വിപണികൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. ജൈവ ക്ലസ്റ്ററുകളിൽനിന്നും ശരാശരി 208 മെട്രിക് ടൺ പഴം പച്ചക്കറികളാണ് വർഷാവർഷം ഉൽപ്പാദിപ്പിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതിക്കുപുറമെ കേന്ദ്ര സർക്കാർ പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ) മുഖേനയും ജൈവ പച്ചക്കറികളും പഴങ്ങളും കൃഷി ചെയ്യുന്നുണ്ട്. കൂടാതെ 27750 ഹെക്ടർ കുട്ടനാടൻ പാടശേഖരങ്ങളിൽ ജൈവ നെൽകൃഷിയും നടത്തിയിട്ടുണ്ട്. ജൈവ നെൽകൃഷിക്കും ജൈവ നെല്ലിനും ഉൽപ്പന്നങ്ങൾക്കും ജനങ്ങളുടെ ഇടയിൽ നല്ല വിശ്വാസ്യത നേടാനായിട്ടുണ്ടെന്നത് ജൈവ കൃഷി നെൽപാടശേഖരങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് സാധിച്ചു. കൂടാതെ കാർഷിക സർവ്വകലാശാലയുടെ തിരുവനന്തപുരം വെള്ളായണിയിലുള്ള അവശിഷ്ട വിഷാംശ പരിശോധനാ ലാബിൽ വിവിധ വിപണന കേന്ദ്രങ്ങളിൽനിന്നും ശേഖരിക്കുന്ന പഴം പച്ചക്കറികളിലെ സാമ്പിളുകളിൽ അവശിഷ്ട വിഷാംശം പരിശോധിച്ച് ഫലം കേരള സർക്കാരിന്റെയും കൃഷി വകുപ്പിന്റെയും കാർഷിക സർവ്വകലാശാലയുടെയും വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് കർഷകരിലും പൊതുജനങ്ങളിലും അവബോധം സൃഷ്ടിക്കുന്നതിന് കാരണമാകുകയും ജൈവ കൃഷിക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന സാഹചര്യം സംജാതമാകുകയും ജൈവ പഴം, പച്ചക്കറി കൂടുതലായി ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

## അക്വാപോണിക്സ് കൃഷി രീതി

57 (1550) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്വാപോണിക്സ് കൃഷിരീതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ കൃഷിരീതി സാധാരണക്കാരായ കർഷകർക്ക് പരിചയപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

### ഉത്തരം

(എ&ബി) മത്സ്യകൃഷിയും പച്ചക്കറി കൃഷിയും സംയോജിപ്പിച്ച് നടപ്പിലാക്കുന്ന അക്വാപോണിക്സ് കൃഷി രീതി സംസ്ഥാനത്ത് പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നുണ്ട്. ഇന്നവേഷൻ പ്രോജക്ട് എന്ന ഘടകത്തിൽ ഉൾപ്പെടുത്തി അക്വാപോണിക്സ് കൃഷി രീതിക്ക് പ്രോജക്ട് അടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നു.

അക്വാപോണിക്സ് കൃഷിയിൽ താൽപര്യമുള്ള കർഷകർക്ക് പച്ചക്കറി വികസന പദ്ധതിയിൽ കൃഷി ഭവൻ തലത്തിൽ പരിശീലനം നൽകിവരുന്നുണ്ട്. കൂടാതെ അക്വാപോണിക്സ് കൃഷി രീതികൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനായി ആത്മ പദ്ധതിയുടെ ഭാഗമായി കർഷകർക്ക് പ്രദർശനത്തോട്ടം എന്ന ഘടകത്തിൽ 4000 രൂപ വീതം സാമ്പത്തിക സഹായവും നൽകിവരുന്നു.

**പച്ചക്കറികളിലെ വിഷാംശം കണ്ടുപിടിക്കുവാൻ നടപടി**

58 (1551) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) പച്ചക്കറികളിലെ വിഷാംശം ശാസ്ത്രീയമായി കണ്ടുപിടിക്കുവാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.കെ.വി.വൈ പദ്ധതിയും (60:40 ആനുപാതത്തിൽ കേന്ദ്ര/ സംസ്ഥാന ഫണ്ടുകൾ) സംസ്ഥാന സർക്കാരിന്റെ ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയും നടപ്പിലാക്കിവരുന്നു. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ

15-25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററിന് 75000 രൂപ ധനസഹായം നൽകുന്നു.

2. ഇക്കോഷോപ്പുകൾ

ജൈവ ക്ലസ്റ്റർ ഉൽപ്പന്നങ്ങൾ ശേഖരിച്ച് കേരള ഓർഗാനിക് എന്ന ലേബലിൽ ഇക്കോഷോപ്പുകൾ മുഖേന വിപണനം ചെയ്യുന്നു. 241 ഇക്കോഷോപ്പുകൾ നിലവിൽ ആരംഭിച്ചിട്ടുണ്ട്.

3. ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം

ക്ലസ്റ്ററുകൾ ഉൽപ്പാദിപ്പിക്കുന്ന ജൈവ ഉൽപ്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് 32 നേരിട്ടുള്ള വിപണികൾ നടപ്പിലാക്കിയിട്ടുണ്ട്.

4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ

കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവ കൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ. മുഖാന്തരം പി.ജി.എസ്. സർട്ടിഫിക്കേഷൻ നടത്തുന്നതിന് 1000 ഹെക്ടറിലേയ്ക്ക് 60 ലക്ഷം രൂപ ചെലവഴിച്ചു.

5. സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ്

ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജകമണ്ഡലം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകുന്നു.

6. കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന

സംസ്ഥാനത്ത് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജ്, വെള്ളാണിക്കര ഹോർട്ടിക്കൾച്ചർ കോളേജ്, പടന്നക്കാട് കാർഷിക കോളേജ് എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രധാനമായും കൃഷിയിടങ്ങൾ, പഴം-പച്ചക്കറി സ്റ്റാളുകൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം-പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബുകളിൽ പരിശോധിച്ച് പരിശോധനാഫലം കേരള സർക്കാർ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നു.

7. ഫാം സ്കൂളും & കർഷകർക്കുള്ള പരിശീലനങ്ങളും

ജൈവ കൃഷി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുവേണ്ടിയും കർഷകർക്കുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതിനായും 73 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചുവരുന്നുണ്ട്.

8. സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്

"സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്" എന്ന പുതിയ കൃഷി രീതി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷി ചെലവു കുറഞ്ഞ രീതിയിൽ നടപ്പാക്കുന്നതിനും വരുമാനം വർദ്ധിക്കുന്നതിനും കർഷകരെ സജ്ജമാക്കുന്നതിന് സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗിന്റെ പ്രയോക്താവായ പത്മശ്രീ. സുഭാഷ് പലേക്കറിന്റെ നേതൃത്വത്തിൽ ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി.

9. പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ)

60:40 അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്ന പദ്ധതിയാണിത്.

(ബി) സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ സേഫ് ടു ഈറ്റ് എന്ന പദ്ധതിഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പിരശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നുണ്ട്.

## പച്ചക്കറികളിലെ കീടനാശിനി പരിശോധന

59 (1552) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധന ലാബിലെ 'സേഫ് ടു ഈറ്റ്' പഠനത്തിൽ പൊതുവിപണിയിലെ പച്ചക്കറികളിൽ കീടനാശിനി സാന്നിധ്യം കണ്ടെത്തിയിട്ടുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നു വരുന്ന പച്ചക്കറികളിലെ കീടനാശിനി പരിശോധന സംവിധാനം വിശദമാക്കാമോ;

(സി) ജൈവപച്ചക്കറികളിലെ കീടനാശിനി ശതമാനം കണ്ടെത്തുന്നതിന് സംവിധാനമുണ്ടോ;വിവരിക്കാമോ;

(ഡി) പച്ചമുന്തിരി ഉൾപ്പെടെയുള്ള പഴവർഗ്ഗങ്ങളിൽ നിരോധിത കീടനാശിനി സാന്നിദ്ധ്യമുള്ളതായി വന്നിട്ടുള്ള റിപ്പോർട്ടിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) വെള്ളായണി കാർഷിക കോളേജിലെ അവശിഷ്ട പരിശോധന ലബോറട്ടറിയിൽ 2019 ജനുവരി മുതൽ ജൂൺ വരെ നടത്തിയ പരിശോധന റിപ്പോർട്ട് പ്രകാരം പൊതുവിപണിയിൽനിന്നും ലഭിക്കുന്ന 20.12% പച്ചക്കറികളിൽ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്.

(ബി) അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികളിലെ കീടനാശിനി പരിശോധന നടത്തുന്നത് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജ്, വെള്ളാണിക്കര ഹോർട്ടിക്കൾച്ചർ കോളേജ്, പടന്നക്കാട് കാർഷിക കോളേജ് എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളോടുകൂടി പ്രവർത്തിക്കുന്ന കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബുകളിലാണ്. പ്രധാനമായും കൃഷിയിടങ്ങൾ, പഴം-പച്ചക്കറി സ്റ്റാളുകൾ, ഇക്കോഷോപ്പുകൾ, പൊതുവിപണികൾ എന്നിവിടങ്ങളിൽനിന്നും പഴം-പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് മേൽ പ്രസ്താവിച്ചിട്ടുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബുകളിൽ പരിശോധിച്ച് പരിശോധനാഫലം കേരള സർക്കാർ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നു. മൂന്നു മാസത്തിലൊരിക്കൽ ഇപ്രകാരം പരിശോധനാ ഫലം പ്രസിദ്ധപ്പെടുത്തുന്നു. റിപ്പോർട്ടുകളിൽനിന്നും അനുവദനീയമായ അളവിലും (MRL) കൂടുതൽ കീടനാശിനി അവശിഷ്ടം ഉൽപ്പന്നങ്ങളിൽ അടങ്ങിയിട്ടുണ്ടോയെന്നും വ്യക്തമാക്കുന്നു. ഇതു പൊതുജനങ്ങളിലും കർഷകരിലും കീടനാശിനി അവശിഷ്ട വിഷാംശം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നു. ഇതിനുപുറമെ കീടനാശിനികൾ അനുവദനീയമായ അളവിലും കൂടുതൽ ഭക്ഷ്യ വസ്തുക്കളിൽ കലർന്നാൽ സംഭവിക്കാവുന്ന വിപത്തുകളെക്കുറിച്ച് പൊതുജനങ്ങളുടെയിടയിൽ ബോധവൽക്കരണ സെമിനാറുകൾ, ചർച്ചകൾ എന്നിവയും സംഘടിപ്പിച്ച് നിയന്ത്രണം ഏർപ്പെടുത്തുന്നു.

(സി) ഉണ്ട്, 'ജൈവം' എന്ന ലേബലിൽ വിൽക്കുന്ന പച്ചക്കറികളും പഴവർഗ്ഗങ്ങളും വൈദഗ്ദ്ധ്യം നേടിയ RA/SRF മാർ സാമ്പിളുകൾ ശേഖരിച്ച് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ലബോറട്ടറിയിൽ എത്തിക്കുന്നു. "QuEchERS" എന്നറിയപ്പെടുന്ന അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള മാർഗ്ഗമുപയോഗിച്ചാണ് കീടനാശിനി അവശിഷ്ട പരിശോധന നടത്തുന്നത്. അത്യധികം കാര്യക്ഷമവും ഫലപ്രദവും വിലയേറിയതുമായ ഗ്യാസ് ക്രൊമാറ്റോഗ്രാഫ്, ലിക്വിഡ് ക്രൊമാറ്റോ ഗ്രാഫ്, മാസ് സ്പെക്ട്രോമീറ്റർ, ഹൈ പെർഫോമൻസ് ലിക്വിഡ് ക്രൊമാറ്റോ ഗ്രാഫ് തുടങ്ങിയ ഉപകരണങ്ങളുടെ സഹായത്തോടെ ഭക്ഷ്യ വസ്തുക്കളിൽ അടങ്ങിയിരിക്കുന്ന കീടനാശിനിയുടെ നൂറിൽ ഒരംശം പോലും കണ്ടെത്താൻ കഴിയും.

(ഡി) കേരള കാർഷിക സർവ്വകലാശാലയുടെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന സംബന്ധിച്ച് 46-മത് റിപ്പോർട്ടിലാണ് ഇപ്രകാരമുള്ള പരാമർശം വന്നിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ട് കൃഷിവകുപ്പിന് ഇപ്പോൾ ലഭിച്ചിട്ടേയുള്ളൂ. റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

## കല്ലറ കേന്ദ്രമാക്കി പുതിയ ഹോർട്ടികോർപ്പ് സ്റ്റാൾ

60 (1553) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ കേന്ദ്രമാക്കി പുതിയ ഹോർട്ടികോർപ്പ് സ്റ്റാൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ പുരോഗതി റിപ്പോർട്ട് അറിയിക്കാമോ?

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ കേന്ദ്രമാക്കി പുതിയ സ്റ്റാൾ ആരംഭിക്കുവാൻ ഹോർട്ടികോർപ്പ് തീരുമാനിച്ചിട്ടുണ്ട്.

(ബി) പഞ്ചായത്തിൽനിന്നും ഉചിതമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് സ്റ്റാൾ ആരംഭിക്കുന്നതാണ്. ഈ വിവരം ബഹുമാനപ്പെട്ട വാമനപുരം എം.എൽ.എ.-യുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

## കളിമണ്ണ് ഖനനം ചെയ്ത പാടശേഖരങ്ങളിൽ കൃഷിയിറക്കുന്നതിന് പദ്ധതി

61 (1554) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ മുൻകാലങ്ങളിൽ ഓട്ടുകമ്പനികൾക്കായി കളിമണ്ണ് ഖനനം ചെയ്ത് വലിയ കുഴികളായി കൃഷിയ്ക്ക് യോഗ്യമല്ലാതായിതീർന്ന പാടശേഖരങ്ങൾ വീണ്ടും കൃഷിയിറക്കുന്നതിന് സജ്ജമാക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) കളിമണ്ണ് ഖനനം ചെയ്ത വലിയ കുഴികളായി കൃഷിക്ക് യോഗ്യമല്ലാതായിത്തീർന്ന പാടശേഖരങ്ങളിൽ വീണ്ടും കൃഷിയിറക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

മുൻകാലങ്ങളിൽ ഖനനം ചെയ്തയിടങ്ങളിൽ ഖനനത്തിന് ശേഷമുള്ള വ്യവസ്ഥകൾ നടപ്പിലാക്കി യഥാസമയം കൃഷിയോഗ്യമാക്കാതിരുന്നിട്ടുള്ളതുമൂലം പല സ്ഥലങ്ങളിലും 20 അടിയും അതിലധികവും ആഴമുള്ള കുഴികളാണ്

നിലവിലുള്ളത്. നിലവിലെ സാഹചര്യത്തിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് മാത്രമേ ഈ കുഴികൾ നികത്തി കൃഷിയോഗ്യമാക്കാൻ സാധിക്കുകയുള്ളൂ. നെൽകൃഷിയിറക്കാൻ സാദ്ധ്യമായ സ്ഥലങ്ങളിൽ ആയതിനുള്ള നടപടികൾ അതാത് പ്രാദേശികതല നിരീക്ഷണ സമിതി തലത്തിൽ സ്വീകരിക്കുന്നതാണ്.

**നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ**

62 (1555) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി ചെയ്യുന്ന കർഷകർക്ക് സർക്കാരിൽ നിന്നും എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാരിൻെറ കാലയളവിൽ നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാരിൻെറ കാലയളവിൽ എത്ര ഹെക്ടർ നെൽകൃഷി പുതുതായി ആരംഭിച്ചുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനാവിഷ്കൃത പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികേന്ദ്രീകൃതാസൂത്രണം വഴി നടപ്പിലാക്കുന്ന പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും മുഖേന നെൽകൃഷി ചെയ്യുന്ന കർഷകർക്ക് സഹായങ്ങൾ നൽകിവരുന്നു.

നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടറൊന്നിന് 5,500 രൂപയും സവിശേഷ നെല്ലിനങ്ങളായ ഞവര, രക്തശാലി, പൊക്കാളി, ബസ്മതി, ജീരകശാല, ഗന്ധകശാല തുടങ്ങിയവയുടെ വികസനത്തിന് ഹെക്ടറിന് 10,000 രൂപയും ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിന് 10,000 രൂപയും കരനെൽ കൃഷിക്ക് 13,600 രൂപയും ധനസഹായമായി നൽകും. തരിശ് നിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിന് ഒന്നാം വർഷം 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500- രൂപയുമാണ് ധനസഹായം നൽകുന്നത്. നെല്ലിന് കുമ്മായ വസ്തുക്കൾ നൽകുന്നതിന് 5,400 രൂപയും സൂക്ഷ്മമൂലകങ്ങൾ നൽകുന്നതിന് 500 രൂപയും ധനസഹായം നൽകുന്നു.

നെൽകർഷകർക്ക് ഉൽപ്പാദന ബോണസായി ഹെക്ടറിന് 1,000 രൂപ നൽകി പദ്ധതി നടപ്പിലാക്കിവരുന്നു. നെൽകൃഷിക്ക് ഭൂപരിധിയില്ലാതെ

ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വികേന്ദ്രീകൃതാസൂത്രണ പദ്ധതികൾ പ്രകാരം കൂലിച്ചെലവ് സബ്സിഡി 17,500 രൂപ വരെ നൽകാൻ കഴിയും. നെൽ വിത്ത് പൂർണ്ണമായും സൗജന്യമായി നൽകുന്നു.

നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ സഹായത്തോടെ ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി, RAD-NMSA, ആർ.കെ.വി.വൈ. എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നു. പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, ഗുണമേന്മയുള്ള വിത്ത് വിതരണം, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, സൂക്ഷ്മ മൂലകങ്ങളുടെ പ്രയോഗം, സസ്യ സംരക്ഷണം, കാർഷിക യന്ത്രവൽക്കരണം, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രാദേശിക മുൻകൈ സംരംഭ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകുന്നത്. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിപ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടറൊന്നിന് 9,000 രൂപ ധനസഹായം നൽകുന്നുണ്ട്. ക്രോപ്പിംഗ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടറൊന്നിന് 15,000 രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിന് 10,000 രൂപയും റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ താഴെയുള്ള അത്യുൽപ്പാദനശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2000 രൂപയും റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ കൂടുതലുള്ള അത്യുൽപ്പാദനശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1,000 രൂപയും നൽകുന്നുണ്ട്. സൂക്ഷ്മ മൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1000 രൂപയും കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും ആനുകൂല്യം നൽകുന്നുണ്ട്. മരുന്ന് തളിക്കുന്നതിനുള്ള സ്പ്രേയറിന് 600 രൂപയും പവർ സ്പ്രേയറിന് 3,000 രൂപയും വിന്നോവറിന് 10,000 രൂപയുമാണ് സബ്സിഡി നൽകുക. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10,000 രൂപ സബ്സിഡി നൽകിവരുന്നു.

RAD-NMSA പദ്ധതിയിൽ തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ നെല്ല് അടിസ്ഥാനമാക്കിയുള്ള കൃഷി സമ്പ്രദായത്തിന് ഹെക്ടറൊന്നിന് 50% സബ്സിഡി (പരമാവധി 10,000 രൂപ) നൽകി വരുന്നു. ജലസേചന ഉപകരണങ്ങൾ വാങ്ങുന്നതിനും മണ്ണിലെ അമ്ലത പരിഹരിക്കുന്നതിനുള്ള പരിപോഷണവസ്തുക്കളുടെ പ്രയോഗത്തിനും മണ്ണ് ജല സംരക്ഷണത്തിനും 50% സബ്സിഡി നിരക്കിൽ ധനസഹായം നൽകിവരുന്നു.

രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ 'Productivity Improvement of Paddy in Kerala' എന്ന ഘടകവും നടപ്പാക്കുന്നു. ഇതുപ്രകാരം കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1,000 രൂപയും സൂക്ഷ്മ മൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും സംയോജിത കീടനിയന്ത്രണത്തിന് 500 രൂപയും യന്ത്രവൽക്കരണത്തിന് ഹെക്ടറിന് 1,500 രൂപയും ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പരമാവധി 3,500 രൂപയുടെ ധനസഹായം നൽകുന്നുണ്ട്.

(ബി) മേൽപ്പറഞ്ഞ പദ്ധതികൾ 2016-17 മുതൽ നടപ്പിലാക്കിവരുന്നു. അതിന്റെ ഫലമായി 2015-16 സാമ്പത്തിക വർഷം ഉണ്ടായിരുന്ന 1,96,870 ഹെക്ടർ നെൽകൃഷിയിൽനിന്നും 2017-18-ൽ 2,20,449 ഹെക്ടറായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ 35,000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 സാമ്പത്തിക വർഷം 2,02,985 ഹെക്ടർ നെൽകൃഷി നിലനിർത്താൻ സാധിച്ചിട്ടുണ്ട്.

2017-18, 2018-19 വർഷങ്ങളിൽ നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റും നെൽകൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകിയിരുന്നു.

2016 ആഗസ്റ്റ് (ചിങ്ങം 1-) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം 1) വരെ നെൽ വർഷമായി ആചരിച്ചു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി സൗഹ്യ സുസ്ഥിര ആശയങ്ങൾ നെൽകൃഷി മേഖലയിൽ നടപ്പാക്കിയിരുന്നു. നെല്ലുൽപ്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും, നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായികവിനോദങ്ങളും, നെൽകൃഷിയും ആയുർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയ്യാറാക്കി 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകി നടപ്പിലാക്കിയിട്ടുണ്ട്.

നെൽകൃഷി മേഖലയിൽ കേന്ദ്ര/സംസ്ഥാന/തദ്ദേശസ്വയംഭരണ സ്ഥാപന ആനുകൂല്യങ്ങൾ സംയോജിപ്പിച്ച് ഏകീകരിച്ച രീതിയിൽ താഴെത്തട്ടിൽ നടപ്പാക്കുന്നതിനായും ഒന്നിലധികം പഞ്ചായത്തുകളിലായിവരുന്ന പാടശേഖരങ്ങളിൽ പൊതു ഞാറ്റടി, തോട് നവീകരണം, കൊയ്ത്തു മെതി യന്ത്രങ്ങൾ ഉറപ്പാക്കൽ, മില്ലുകൾ സ്ഥാപിക്കൽ, മറ്റ് സംഭരണ സംസ്കരണ വിപണന പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനും പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകുന്നുണ്ട്.

സംസ്ഥാനത്തെ വിവിധ ജില്ലകളിലെ പാടശേഖരങ്ങളിൽ ഉൽപ്പാദിപ്പിച്ച നെല്ലിന്റെ മൂല്യവർദ്ധനവിനായി 16 പ്രോസസ്സിംഗ് യൂണിറ്റുകളും 415 മിനി റൈസ് മില്ലുകളും 2017-18 സാമ്പത്തിക വർഷം സ്ഥാപിക്കുകയുണ്ടായി.

സംസ്ഥാന കൃഷി വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നൽകുന്ന സഹായത്തിന്റെ ഫലമായി സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തെയും പാടശേഖരങ്ങളിൽ ഒരു പരിധിവരെ യന്ത്രവൽക്കരണം സാദ്ധ്യമായിട്ടുണ്ട്. ഉൽപ്പാദനോപാധികൾക്കുള്ള സബ്സിഡിയും കൂലിച്ചെലവ് സബ്സിഡിയും നൽകുക വഴി ഈ ഇനത്തിലെ ഭീമമായ ചെലവ് പിടിച്ചുനിർത്താൻ സാധിക്കുന്നുണ്ട്. അഗ്രോസർവ്വീസ് സെന്ററുകളുടെ പ്രവർത്തനവും കാർഷിക കർമസേനയുടെ സഹായവും ഉപയോഗപ്പെടുത്താൻ കഴിയുന്നുണ്ട്. ഇതിനു പുറമെ തൊഴിലുറപ്പ് പദ്ധതിയുടെ സഹായവും ഉപയോഗപ്പെടുത്തുന്നുണ്ട്.

തരിശുനിലങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിനും കൃഷിപ്പണികളിൽ ഇടപ്പെടുന്നതിനും വിവിധ കർഷകസംഘങ്ങൾ, കർഷക കൂട്ടായ്മകൾ, സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണം ലഭിക്കുകയുണ്ടായി. ഇതുവഴി യുവാക്കളെ കൃഷിയിലേയ്ക്ക് കൊണ്ടുവരുന്നതിനും സാധിച്ചിട്ടുണ്ട്. പാടശേഖര സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്താനും സംഘങ്ങൾ തമ്മിൽ ആരോഗ്യകരമായ ഒരു മത്സരം ഉണ്ടാക്കാനും കഴിഞ്ഞതിലൂടെ ഈ മേഖലയ്ക്ക് ഒരു ഉണർവ് ഉണ്ടാക്കാനും സാധിച്ചു.

(സി) 2015-16 സാമ്പത്തിക വർഷം ഉണ്ടായിരുന്ന 1,96,870 ഹെക്ടർ നെൽകൃഷിയിൽ നിന്നും 2017-18 -ൽ 2,20,449 ഹെക്ടറായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ 35,000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 സാമ്പത്തിക വർഷം 2,02,985 ഹെക്ടർ നെൽകൃഷി നിലനിർത്താൻ സാധിച്ചിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷം മുതലുള്ള മൂന്ന് വർഷങ്ങളിലായി 11936.0781 ഹെക്ടർ തരിശുനില കൃഷിയിലേയ്ക്ക് കൊണ്ടുവന്നു. (2016-17-ൽ 2782.3857 ഹെക്ടറും 2017-18-ൽ 5485.686 ഹെക്ടറും 2018-19-ൽ 3668.0064 ഹെക്ടറും) നടപ്പുവർഷം 3000 ഹെക്ടർ സ്ഥലത്ത് തരിശുനില കൃഷി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

മൂന്ന് വർഷങ്ങളിലായി 7715.20406 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്യാൻ സാധിച്ചു. (2016-17-ൽ 2752.092 ഹെക്ടറും 2017-18-ൽ 2624.64 ഹെക്ടറും 2018-19-ൽ 2338.471 ഹെക്ടറും) ആയത് സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

മാത്രമല്ല, ഒരുപ്പൂ കൃഷി ചെയ്യുന്ന പാടശേഖരങ്ങളിൽ ഇരുപ്പൂ കൃഷി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെയ്യിക്കുന്നതിനും ധനസഹായം നൽകിക്കൊണ്ട് കൂടുതൽ വിസ്തൃതിയിൽ നെൽകൃഷി ചെയ്യുന്നതിനും സാധിച്ചു. 2016-17-ൽ 88.45 ഹെക്ടറും 2017-18-ൽ 3136.06 ഹെക്ടറും 2018-19-ൽ 1783.7554 ഹെക്ടർ സ്ഥലത്തും ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂ കൃഷി ചെയ്തു.

## കോഴിക്കോട് ജില്ലയിലെ നെൽകൃഷി

63 (1556) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കോഴിക്കോട് ജില്ലയിൽ എത്ര ഹെക്ടറിൽ നെൽകൃഷി ചെയ്തുവെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) നെൽകൃഷി വർദ്ധിപ്പിക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) നാദാപുരം മണ്ഡലത്തിൽ റിയൽ എസ്റ്റേറ്റുകാർ, കൃഷിയിറക്കാതെ തരിശാക്കിയിട്ട ഭൂമിയുടെ വിശദാംശങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

### ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) നെൽകൃഷി വർദ്ധിപ്പിക്കുവാനായി സമഗ്ര നെൽകൃഷി വികസനമെന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള വികേന്ദ്രീകൃതാസൂത്രണ പദ്ധതികളും നടപ്പിലാക്കിവരുന്നു. 2000 ഹെക്ടർ സ്ഥലത്ത് രണ്ടാം വിളക്കാലത്ത് നെൽകൃഷി ചെയ്യുന്നുണ്ട്. നെൽകൃഷി വർദ്ധിപ്പിക്കാനായി ഈ വർഷം കോഴിക്കോട് ജില്ലയിൽ 335 ഹെക്ടർ സ്ഥലത്ത് തരിശ് നിലം ഏറ്റെടുത്ത് കൃഷി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) റിയൽ എസ്റ്റേറ്റുകാർ ഭൂമി തരിശാക്കിയിട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## നെൽകൃഷിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി

64 (1557) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിയുടെ അഭിവൃദ്ധിയ്ക്കും വികസനത്തിനുമായുള്ള ഗ്രൂപ്പ് ഫാമിംഗ്,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജനിതകദ്രവ്യസംരക്ഷണം എന്നിവ നടപ്പാക്കാനും അതുവഴി പരമ്പരാഗതയിനങ്ങളുടെ കൃഷി ഉറപ്പു വരുത്താനും സംസ്ഥാനത്തിനാവശ്യം വേണ്ടുന്ന അരി ലഭ്യത ഉറപ്പുവരുത്താനുമായി കൃഷി വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ എത്ര തുക ചെലവാക്കി; എന്തെല്ലാം സാങ്കേതിക സഹായങ്ങൾ നൽകി; ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവുമുണ്ടായ ഉല്പാദനം എത്ര; വ്യക്തമാക്കുമോ;

(സി) പ്രധാനമായും നെല്ലരിയെ ആശ്രയിക്കുന്ന സംസ്ഥാനത്ത് ആയതിന്റെ ഉല്പാദനം വർദ്ധിപ്പിക്കാനായി എന്തു തുടർനടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ സംസ്ഥാനത്ത് നെൽകൃഷി എത്ര ഹെക്ടറിൽ ചെയ്തു വരുന്നു; ആയത് 2016-ൽ എത്ര ഹെക്ടറിൽ ആയിരുന്നു; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനാവിഷ്കൃത പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികേന്ദ്രീകൃതാസൂത്രണം വഴി നടപ്പിലാക്കുന്ന പദ്ധതികളും നെൽകൃഷിയിലെ ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്നു.

നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടറൊന്നിനു 5,500 രൂപയും സവിശേഷ നെല്ലിനങ്ങളായ ഞവര, രക്തശാലി, പൊക്കാളി, ബസ്മതി, ജീരകശാല, ഗന്ധകശാല തുടങ്ങിയവയുടെ വികസനത്തിന് ഹെക്ടറിന് 10,000 രൂപയും ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിന് 10,000 രൂപയും കരനെൽ കൃഷിക്ക് 13,600 രൂപയും ധനസഹായമായി നൽകുന്നു. തരിശ് നിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിന് ഒന്നാം വർഷം 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണ് ധനസഹായം നൽകുന്നത്. നെല്ലിന് കുമ്മായ വസ്തുക്കൾ നൽകുന്നതിന് 5,400 രൂപയും സൂക്ഷ്മ മൂലകങ്ങൾ നൽകുന്നതിന് 500 രൂപയും ധനസഹായം നൽകുന്നു. പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഗ്രൂപ്പ് ഫാമിങ് സമിതികൾക്ക് ഹെക്ടറിന് 360 രൂപ എന്ന നിരക്കിൽ പ്രവർത്തന ധനസഹായം നൽകുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വികേന്ദ്രീകൃതാസൂത്രണ പദ്ധതികൾ പ്രകാരം കൂലിച്ചെലവ് സബ്സിഡി 17,500 രൂപ വരെ നൽകാൻ കഴിയും. നെൽ വിത്ത് പൂർണ്ണമായും സൗജന്യമായി നൽകുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ 'Scheme for conservation and multiplication of Traditional and indigenous varieties of Paddy and Millets' എന്ന പ്ലാൻ പദ്ധതി പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണത്തിനും കൃഷിയിടങ്ങളിലെ വ്യാപനത്തിനും ലക്ഷ്യം വെച്ചുകൊണ്ട് നടപ്പിലാക്കി. ആധുനിക സൗകര്യങ്ങളോടെയുള്ള ഈ വിത്ത് ബാങ്ക് പദ്ധതി നടപ്പിലാക്കുന്നതിനായി 200 ലക്ഷം രൂപ കൃഷിവകുപ്പ് കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യം ചുവടെ ചേർക്കുന്നു.

1. കേരളത്തിൽ ലഭ്യമായ പരമ്പരാഗത ഇനങ്ങളുടെ ശേഖരം ഉണ്ടാക്കുകയും അവയുടെ ശാസ്ത്രീയ പഠനങ്ങൾ നടത്തുകയും ചെയ്യുക.
2. ഈ ജനിതക ശേഖരം സംരക്ഷിക്കുന്നതിനായി മധ്യകാല ശാസ്ത്രീയ സൂക്ഷിപ്പ് സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുക.
3. കൃഷിയിടങ്ങളിൽ ഇത്തരം ഇനങ്ങൾ കൃഷി ചെയ്യുവാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുക.

വിത്തു ബാങ്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പട്ടാമ്പി, മണ്ണുത്തി എന്നിവിടങ്ങളിൽ കാർഷിക സർവ്വകലാശാല പൂർത്തിയാക്കിവരുന്നു.

(ബി) സമഗ്ര നെൽകൃഷി വികസന പദ്ധതിപ്രകാരം 2016-17 സാമ്പത്തിക വർഷം 4331.61531 ലക്ഷം രൂപയും 2017-18 സാമ്പത്തിക വർഷം 6475.6492 ലക്ഷം രൂപയും 2018-19-ൽ 8715.11211 ലക്ഷം രൂപയും ചെലവഴിച്ചിരുന്നു.

ജനിതക ദ്രവ്യ സംരക്ഷണ പദ്ധതിക്ക് 2017-18-ൽ 241.16 ലക്ഷം രൂപയും 2018-19-ൽ 61.6242 ലക്ഷം രൂപയുമാണ് ചെലവഴിച്ചത്.

പദ്ധതി അനുശാസിക്കുന്നതും കാർഷിക സർവ്വകലാശാല കാലാകാലങ്ങളിൽ വികസിപ്പിച്ചിട്ടുള്ളതുമായ എല്ലാ സാങ്കേതിക പരിജ്ഞാനവും നെൽകൃഷി വികസന പദ്ധതി, ആത്മ, ലീഡ്സ്, ക്രോപ്പ് ഹെൽത്ത് മാനേജുമെന്റ് പദ്ധതി എന്നിവയുടെയെല്ലാം ഭാഗമായി കർഷകരിൽ എത്തിക്കുന്നുണ്ട്.

2016-17-ൽ 4,36,483 മെട്രിക് ടൺ അരിയായിരുന്നു ഉൽപ്പാദിപ്പിച്ചത്. ആയത് 2017-18-ൽ 6,17,260 മെട്രിക് ടൺ അരിയായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018-19-ൽ പ്രകൃതിക്ഷോഭം കാരണം വിസ്തൃതിയിൽ ഗണ്യമായ കുറവുണ്ടായിട്ടും 5,53,052 മെട്രിക് ടൺ അരി ഉൽപ്പാദിപ്പിക്കാൻ സാധിച്ചു.

(സി) സംസ്ഥാനത്തിന്റെ ആവശ്യകതയുടെ നാലിലൊന്ന് നെല്ലരി മാത്രമാണ് ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്നത്.

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള", പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികേന്ദ്രീകൃതാസൂത്രണം വഴി നടപ്പിലാക്കുന്ന പദ്ധതികൾ എന്നിവയാണ് നെൽകൃഷിയുടെ വിസ്തൃതിയും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ.

(ഡി) 2018-ലെ മഹാപ്രളയത്തിൽ 35,000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 സാമ്പത്തിക വർഷം 2,02,985 ഹെക്ടർ നെൽകൃഷി ചെയ്യാൻ സാധിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം 1,96,870 ഹെക്ടർ നെൽകൃഷിയാണുണ്ടായിരുന്നത്.

**നെൽകർഷകർ നേരിടുന്ന പ്രതിസന്ധികൾ**

65 (1558) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകർഷകർ നേരിടുന്ന പ്രധാന പ്രതിസന്ധികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിനും ആയതിന് പ്രതിഫലം സമയബന്ധിതമായി കർഷകർക്ക് എത്തിക്കുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(സി) കൊയ്ത്ത്/നടീൽ/ട്രാക്ടർ യന്ത്രങ്ങൾ ഏജൻസികൾ കൈവശപ്പെടുത്തി ആയതിന്റെ പ്രയോജനം സമയബന്ധിതമായി കർഷകർക്ക് ലഭ്യമാക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ചൂഷണം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാലാവസ്ഥാ വ്യതിയാനം കാരണമുണ്ടാകുന്ന പ്രതിസന്ധികളാണ് നെൽകർഷകരെ ഏറ്റവും ഗുരുതരമായി ബാധിക്കുന്നത്.

ഇതിനുപുറമെ, രോഗ കീടങ്ങളുടെ ആക്രമണവും നെൽകൃഷിയെ ബാധിക്കുന്നുണ്ട്. നെൽകൃഷി മേഖലയിലെ പ്രവർത്തനങ്ങളിൽ പ്രാവീണ്യമുള്ള തൊഴിലാളികളുടെ ലഭ്യതക്കുറവ്, വെള്ളക്കെട്ടുള്ള പൂന്തൽ പാടങ്ങളിൽ ഉപയോഗിക്കാൻ കഴിയുന്ന യന്ത്രങ്ങളുടെ അഭാവം, കൃത്യമായ സമയങ്ങളിൽ നെല്ല് സംഭരണം നടക്കാതിരിക്കൽ, നെല്ലിലെ മൂല്യവർദ്ധനവിനുള്ള സാദ്ധ്യതക്കുറവ് തുടങ്ങിയ പ്രശ്നങ്ങളും കർഷകർ അഭിമുഖീകരിക്കുന്നു.

(ബി) കേരളത്തിൽ നെൽകർഷകർ ഉൽപ്പാദിക്കുന്ന നെല്ല് നിശ്ചിത ഗുണമേന്മാ മാനദണ്ഡങ്ങൾക്ക് അനുസൃതമായി കർഷകരിൽനിന്ന് ഏറ്റെടുത്ത് കേരളത്തിലെ ആധുനിക അരിമില്ലുകളിൽ സംസ്കരിച്ച് പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്ന പദ്ധതിയുടെ നിർവ്വഹണ ഏജൻസിയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ. സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് കർഷകരിൽനിന്ന് നേരിട്ട് എടുത്ത് ആയതിന് കർഷകരുടെ ബാങ്ക് അക്കൗണ്ടിലൂടെ സംഭരണവില നൽകുന്നുണ്ട്. നെല്ലിന്റെ വില കർഷകർക്ക് ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി പി.ആർ.എസ്. വായ്പാ പദ്ധതിയിലൂടെ സമയബന്ധിതമായി നെല്ലിന്റെ വില നൽകി വരുന്നു. പി.ആർ.എസ്. വായ്പ നൽകുന്നതുമായി ബന്ധപ്പെട്ട് സപ്ലൈകോയുമായി 16 ബാങ്കുകളാണ് 2018-19 സീസണിൽ കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ഈ വായ്പാ പദ്ധതി പ്രകാരം കരാറിൽ ഏർപ്പെട്ടിട്ടുള്ള ബാങ്കുകൾ കർഷകർക്ക് പി.ആർ.എസ്. തുക വായ്പയായി നൽകുകയും വായ്പയുടെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് വായ്പാതുക പലിശ സഹിതം സപ്ലൈകോ ബാങ്കിൽ അടച്ച് വായ്പാ ബാധ്യത തീർക്കുകയും ചെയ്യുന്ന പദ്ധതിയാണിത്.

കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് 2018-19 കാലയളവിൽ 46,59,146 കിലോ നെല്ല് കർഷകരിൽനിന്നും എടുത്തിരുന്നു. ഇതിന്റെ വിലയായ 1135 ലക്ഷം രൂപയിൽ 1125 ലക്ഷം രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്. ബാക്കി 10 ലക്ഷം രൂപ നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കർഷകർക്ക് കാർഷികയന്ത്രങ്ങളും അവ ഉപയോഗിച്ചുള്ള സേവനങ്ങളും യഥാസമയം മിതമായ നിരക്കിൽ ലഭിക്കുന്നതിനുവേണ്ടി കൃഷി വകുപ്പ് 297 പഞ്ചായത്തുകളിൽ കാർഷിക കർമ്മ സേനയും 97 ബ്ലോക്കുകളിൽ അഗ്രോ സർവ്വീസ് സെന്ററുകളും സ്ഥാപിച്ചിട്ടുണ്ട്. സേവനം ലഭിക്കുന്നതിന് ഇവിടെ രജിസ്റ്റർ ചെയ്യുകയും രജിസ്ട്രേഷന്റെ മുൻഗണനാ ക്രമത്തിൽ പരിശീലനം സിദ്ധിച്ച തൊഴിലാളികൾ യന്ത്രങ്ങൾ സഹിതം കൃഷിയിടത്തിലെത്തി സേവനം ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്. അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേനയും യന്ത്രം വാടകയ്ക്ക് ലഭ്യമാക്കുന്നുണ്ട്. മുൻകൂട്ടി രജിസ്റ്റർ ചെയ്ത് ബുക്ക് ചെയ്തവർക്ക് മുൻഗണനാക്രമത്തിൽ കൊടുക്കുമ്പോൾ ആവശ്യപ്പെടുന്ന ചില പാടശേഖരങ്ങൾക്ക് ഒരേ സമയം കൊയ്ത്ത് വരുമ്പോൾ യന്ത്രം സമയത്ത് കിട്ടാതെ വരാനുള്ള സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**പ്രളയത്തിനുശേഷമുള്ള നെല്ലിന്റെ ഉൽപ്പാദനം**

66 (1559) <u>ശ്രീ. കെ. സി. ജോസഫ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തെ പ്രളയത്തിൽ ഒലിച്ചുവന്ന എക്കൽ കുട്ടനാടൻ മേഖലയിൽ നെൽകൃഷിക്ക് സഹായകരമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രളയത്തിന് ശേഷം നെല്ലിന്റെ ഉല്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രളയശേഷം കുട്ടനാടൻ മേഖലയിൽ മണ്ണിന്റെ അമ്ലതയും ലവണാംശവും നെൽകൃഷിക്ക് ഏറ്റവും അനുയോജ്യമായ തരത്തിലാകുകയും പ്രളയജലത്തോടൊപ്പം വന്നടിഞ്ഞ എക്കലിന്റെ സാന്നിദ്ധ്യം കൊണ്ട് ജൈവിക കാർബണിന്റെ അളവും ജൈവാംശവും വർദ്ധിക്കുകയും ചെയ്തതിനാൽ നെല്ലിന്റെ ഉൽപ്പാദനക്ഷമതയും ഉൽപ്പാദനവും വർദ്ധിച്ചു. നെല്ലിന്റെ ശരാശരി ഉൽപ്പാദനക്ഷമത പത്തനംതിട്ട ജില്ലയിൽ 5.2 ടണ്ണും ആലപ്പുഴ ജില്ലയിൽ 7.5 ടണ്ണും കോട്ടയം ജില്ലയിൽ 6.7 ടണ്ണും ആയി വർദ്ധിച്ചു. കുട്ടനാടൻ പ്രദേശത്ത് ആകെ കൃഷി ചെയ്ത 50503.073 ഹെക്ടർ സ്ഥലത്തുനിന്നും 3,58,644.47 ടൺ നെല്ല് ഉൽപ്പാദിപ്പിച്ചു.

പ്രളയത്തിനു മുൻപ് (2017-18 സാമ്പത്തിക വർഷം) ശരാശരി നെല്ലിന്റെ ഉൽപ്പാദനക്ഷമത പത്തനംതിട്ട ജില്ലയിൽ 4.75 ടണ്ണും ആലപ്പുഴ ജില്ലയിൽ 4.36 ടണ്ണും കോട്ടയം ജില്ലയിൽ 4.72 ടണ്ണും ആയിരുന്നു. കുട്ടനാടൻ പ്രദേശത്ത് പ്രളയത്തിനുശേഷം 85265.47 ടൺ നെല്ലിന്റെ ഉൽപ്പാദന വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

2018 ജൂലൈ ആഗസ്റ്റ് മാസങ്ങളിലുണ്ടായ മഹാ പ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി നശിച്ചിരുന്നു. സംസ്ഥാന സർക്കാരിന്റെ സമയോചിതമായ ഇടപെടലും വിത്തും മറ്റ് ഉൽപ്പാദനോപാധികളും യഥാസമയം ലഭ്യമാക്കുകയും ചെയ്തതിനാൽ 2,02,985 ഹെക്ടർ സ്ഥലത്ത് പ്രളയം കഴിഞ്ഞയുടൻതന്നെ കൃഷിയിറക്കുന്നതിന് സാധ്യമായി. 100% സബ്സിഡിയിൽ കർഷകർക്ക് ആവശ്യമായ നെൽവിത്ത് നൽകി. പ്രളയാനന്തര കൃഷിക്കും തുടർന്നുള്ള മുണ്ടകൻ/പുഞ്ച കൃഷിക്കുമായി 5650.85 ടൺ വിത്ത് ഇത്തരത്തിൽ സൗജന്യമായി വിതരണം ചെയ്യുകയുണ്ടായി. 75% സബ്സിഡി നിരക്കിൽ കുമ്മായവും വിതരണം ചെയ്തു. പ്രളയ ബാധിത പ്രദേശങ്ങളിൽ വെള്ളം പമ്പുചെയ്തു മാറ്റുന്നതിനായി പമ്പിംഗ് സബ്സിഡി വിതരണത്തിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തുകയും വൈദ്യുതി ലൈനുകൾ പുനഃസ്ഥാപിക്കുകയും പെട്ടി പറ മോട്ടോറുകൾ മോട്ടോർത്തറ പമ്പുഹൗസുകൾ എന്നിവയെല്ലാം യുദ്ധകാലാടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ നടത്തുകയോ പുന:സ്ഥാപിക്കുകയോ ചെയ്തു. 17213 ഹെക്ടർ സ്ഥലത്തുനിന്നും പ്രളയത്തിൽ വന്നടിഞ്ഞ മണ്ണ് നീക്കം ചെയ്യുന്നതിനായി 21 കോടി രൂപ കർഷകർക്ക് നൽകിയാണ് നെൽവയലുകൾ കൃഷിയോഗ്യമാക്കിയത്. ചെറുതും വലുതുമായ മടവീണ 138 ബണ്ടുകൾ പുനർനിർമ്മിച്ചു. കോട്ടയം,

എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പെട്ടെന്നുണ്ടായ കീടബാധയും (Pest outbreak) യഥാസമയം നടപടികൾ സ്വീകരിച്ച് നിയന്ത്രണ വിധേയമാക്കാൻ സാധിച്ചു.

2015-16 സാമ്പത്തിക വർഷം ഉണ്ടായിരുന്ന 196870 ഹെക്ടർ നെൽകൃഷിയിൽനിന്നും 2017-18 -ൽ 2,20,449 ഹെക്ടറായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018- ലെ പ്രളയത്തിൽ ഒരു സീസണിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 സാമ്പത്തിക വർഷം 2,02,985 ഹെക്ടർ നെൽകൃഷി നിലനിർത്താൻ സാധിച്ചിട്ടുണ്ട്. പ്രളയത്തെത്തുടർന്ന് മണ്ണിന്റെ ഘടനയിലുണ്ടായ മാറ്റങ്ങളെക്കുറിച്ച് വിശകലനം ചെയ്ത് അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൃഷി ഇറക്കിയതിനാൽ ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഹെക്ടറിന് പരമാവധി 9.5 ടൺ വരെ ഉൽപ്പാദനം ലഭിച്ചിട്ടുണ്ട്.

വിളനാശം സംഭവിച്ച കർഷകർക്ക് വിളകൾക്കുള്ള നാശത്തിന്റെ അടിസ്ഥാനത്തിൽ എസ്.ഡി.ആർ.എഫ്. ഫണ്ടും സംസ്ഥാന വിഹിതവും ചേർന്നുള്ള നഷ്ടപരിഹാരം നൽകുന്നതാണ്. ഇൻഷ്വർ ചെയ്ത വിളകൾക്ക് പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന നഷ്ടപരിഹാരം നൽകിവരുന്നു. കൂടാതെ കൃഷിയിടത്തിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടി കൃഷിയിടം ഒലിച്ചുപോയി നഷ്ടം ഉണ്ടായതിനും കേടുവന്ന പമ്പുസെറ്റുകളുടെ അറ്റകുറ്റപ്പണികൾക്കും ബണ്ടുകളുടെ പുനർ നിർമ്മാണത്തിനും കൃഷിയിടങ്ങളിലെ വെള്ളക്കെട്ട് മാറ്റുന്നതിനുമായി എസ്.ഡി.ആർ.എഫ്. ഫണ്ടിൽനിന്നും നഷ്ടപരിഹാരം നൽകുന്നുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ഭീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേനയും നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

## നാളികേര സംഭരണം

67 (1560) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര സംഭരണം ആരംഭിച്ചിട്ടുണ്ടോ; കർഷകർക്ക് ലഭ്യമാകുന്ന വില എത്രയെന്ന് വിശദീകരിക്കുമോ;

(ബി) നാളികേരം സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള മുഴുവൻ തുകയും വിതരണം ചെയ്തിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) നാളികേരത്തിന്റെ വില കുടിശ്ശികയില്ലാതെ ഒരാഴ്ചക്കകം കർഷകന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പച്ചത്തേങ്ങ സംഭരണം പുനരാവിഷ്കരിക്കാൻ തീരുമാനമെടുക്കുകയും കേരഫെഡിനെ പച്ചത്തേങ്ങ സംഭരണത്തിന്റെ സംസ്ഥാനതല നോഡൽ ഏജൻസിയായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പച്ചത്തേങ്ങ കിലോയ്ക്ക് 27 രൂപ എന്ന നിരക്കിലാണ് സംഭരിക്കുന്നത്. പച്ചത്തേങ്ങ വില വിപണി വിലയിൽ 27 രൂപയിലും താഴ്ന്ന നിരക്കിലാകുമ്പോഴാണ് സംവിധാനം പ്രവർത്തിക്കുന്നത്.

(ബി&സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരിച്ച വകയിൽ കഴിഞ്ഞ സർക്കാർ നൽകുവാൻ ബാക്കിയുണ്ടായിരുന്ന കുടിശ്ശിക അടക്കം മുഴുവൻ തുകയും കർഷകർക്ക് കൊടുത്തു തീർത്തിട്ടുണ്ട്.

**നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതി**

68 (1561) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര ഉല്പാദനത്തിൽ സംസ്ഥാനം ഒന്നാം സ്ഥാനത്താണെങ്കിലും മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ നാളികേര ഉല്പാദനക്ഷമത കുറവാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ; അതിലൂടെ നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഉല്പാദനക്ഷമത കൂട്ടുന്നതിനും എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള നിയന്ത്രണ മാർഗ്ഗങ്ങൾ ഫലപ്രദമല്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) കീടരോഗ നിയന്ത്രണത്തിനായി എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഇ) നാളികേര വികസന ബോർഡ് മുഖാന്തരം സംസ്ഥാനത്ത് നാളികേര കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. നാളികേര വികസന കൗൺസിലിന്റെ ഉദ്ദേശ ലക്ഷ്യങ്ങളും ആവിഷ്കരണ പദ്ധതികളും ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തെ നാളികേര കൃഷിയുടെ വിസ്തൃതി നിലവിലെ 7.81 ലക്ഷം ഹെക്ടറിൽനിന്നും 9.25 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുക, ഇതിനായി 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങ് കൃഷി വ്യാപിപ്പിക്കുക.

2. നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളിൽ പ്രായാധിക്യം വന്നതും രോഗം ബാധിച്ചതും ഉൽപ്പാദനക്ഷമത നശിച്ചതുമായ തെങ്ങുകളെ മുറിച്ചുമാറ്റി അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുക.

3. തെങ്ങിന്റെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽനിന്നും 8500 നാളികേരമായി ഉയർത്തുക.

4. കാർഷിക വികസന കർഷക ക്ഷേമവകുപ്പ്, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, നാളികേര ഉൽപ്പാദക സൊസൈറ്റി/കമ്പനികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തെങ്ങിൻ തൈ ഉൽപ്പാദന കേന്ദ്രങ്ങളിലെ ഉൽപ്പാദനം വർദ്ധിപ്പിച്ചും ശാസ്ത്രീയ വിത്തുതേങ്ങാ സംഭരണം വിപുലപ്പെടുത്തിയും വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പുവരുത്തുക.

5. നെടിയ ഇനങ്ങളുടെയും കുറിയ ഇനങ്ങളുടെയും സങ്കര ഇനങ്ങളുടേയും കൃഷിക്ക് കേരളത്തിന് അനുയോജ്യമായതും സ്ഥായിയായതും, വിപണന സാദ്ധ്യത ഉള്ളതുമായ ഇനങ്ങളുടെ ഒരു പ്രചരണ രീതി/സമ്പ്രദായം നടപ്പിലാക്കുക.

6. തെങ്ങിൻ തോട്ടങ്ങളിൽ അനുയോജ്യമായ ഇടവിളകൾ കൃഷി ചെയ്ത് പ്രകൃതി വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗം സാധ്യമാക്കുന്ന ബഹുവിള കൃഷി സമ്പ്രദായം നടപ്പിലാക്കിയും സൂക്ഷ്മ മൂലകങ്ങളുടെ പ്രയോഗം ഉൾപ്പെടെയുള്ള മണ്ണുപരിപാലനവും സസ്യസംരക്ഷണ പ്രവർത്തനങ്ങളും ഉത്തമ ജലസേചന മാർഗ്ഗങ്ങളും ശാസ്ത്രീയമായി അവലംബിച്ച് പരമാവധി ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കൈവരിച്ച് കേര കർഷകർക്ക് മെച്ചപ്പെട്ട വരുമാനവും ജീവിത സുരക്ഷയും ഉറപ്പാക്കുക.

7. നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പഞ്ചായത്തുകളിലും തെങ്ങിന്റെ സംയോജിത വികസനത്തിനായി "കേര ഗ്രാമങ്ങൾ" ആരംഭിക്കുക.

സാദ്ധ്യമായ എല്ലാ കേര ഗ്രാമങ്ങളിലും നാളികേരത്തിന്റെ മൂല്യ വർദ്ധന യൂണിറ്റുകൾ സ്ഥാപിച്ച് തൊഴിലവസരങ്ങളും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുക.

8. കേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പ്രദേശങ്ങളിലും വിസ്തൃതിക്ക് അനുസൃതമായി വാർഡുതല ക്ലസ്റ്ററുകൾ/പഞ്ചായത്തുതല കേര സമിതികൾ/ബ്ലോക്കുതല കേര ഫെഡറേഷൻ എന്നിവ രൂപീകരിക്കുക/ ശക്തിപ്പെടുത്തുക. കൂടാതെ നിലവിലുള്ള നാളികേര വികസന കൗൺസിലുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന വിവിധ സമിതികളും തമ്മിൽ പരസ്പര ഏകോപനം സാദ്ധ്യമാക്കുക.

9. വിളവെടുപ്പിനും കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കു-ന്നതിനുമായി നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള പഞ്ചായത്തുകളിൽ യുവതീയുവാക്കൾക്ക് പരിശീലനം നൽകി "കേര കർമ്മ സേനകൾ" രൂപീകരിക്കുക. കൂടാതെ നാളികേര കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നിലവിലുള്ള കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ എന്നിവയെ ശക്തിപ്പെടുത്തുക.

10. നാളികേരത്തിന്റെ മൂല്യവർദ്ധന സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉത്തേജനം നൽകുക.

11. നാളികേര മേഖലയിൽ സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുക.

12. നാളികേരത്തിന്റെ മൂല്യവർദ്ധനവും വിപണനവും ശക്തിപ്പെടുത്തു-ന്നതിനായി കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നാളികേര അഗ്രോ പാർക്കുകളുടെ പ്രവർത്തനം ആരംഭിക്കുക.

13. ദേശീയ അന്തർദേശീയ വിപണികളിൽ കേരളത്തിന്റെ നാളികേര ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും ആഗോളതലത്തിൽ അവയുടെ ആവശ്യകത സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

14. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കർഷകരിൽനിന്നും നാളികേര സംഭരണം ന്യായവിലയ്ക്ക് ഉറപ്പാക്കുക. ഉപോൽപ്പന്നമായ തൊണ്ട് ആവശ്യമായ മേഖലയിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

15. നാളികേര വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന/കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളിൽ ലഭ്യമായ സാങ്കേതിക വിദ്യകൾ കർഷകരിലേയ്ക്കും സംരംഭകരിലേയ്ക്കും എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

16. നീര ഉൾപ്പെടെയുള്ള ഗുണമേന്മയുള്ള കേരോൽപ്പന്നങ്ങൾ ദേശീയ/ അന്തർദേശീയ വിപണികളിൽ എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

17. നാളികേര കർഷകർക്ക് മികച്ച വരുമാനവും വരുമാന സ്ഥിരതയും ഉറപ്പുവരുത്തുക. നാളികേര മിഷന്റെ ഭാഗമായി സംസ്ഥാനത്തെ നാളികേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി 1900.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം എന്നിവയുടെ സഹായത്തോടെ സംസ്ഥാനത്തെ ഓരോ വാർഡിലും 75 തെങ്ങിൻ തൈകൾ ഓരോ വർഷവും നട്ടു പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 2019-20 സാമ്പത്തിക വർഷം 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കീടരോഗ സാന്നിദ്ധ്യത്തിന്റെ സ്ഥിതി വിവര കണക്കുകൾ അനുസരിച്ച് സ്ഥിരമായി കീട രോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾ (hot spot) കേന്ദ്രീകരിച്ച് തെങ്ങുകൾക്ക് ക്യാമ്പയിൻ അടിസ്ഥാനത്തിൽ സംയോജിത കീട നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഹെക്ടറിന് 17,500 രൂപ ധനസഹായം നൽകിക്കൊണ്ട് 1084 ഹെക്ടറിൽ നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിലേയ്ക്കായി 189.7 ലക്ഷം രൂപ വകയിരുത്തി കീട രോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾ കണ്ടുപിടിക്കാനും തെരഞ്ഞെടുക്കാനും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനും വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുന്നതിനുമായി വർക്ക്ഷോപ്പ് ഒന്നിന് 10,000 രൂപ വീതം നൽകിക്കൊണ്ട് 28 വർക്ക്ഷോപ്പുകൾ നടത്തുന്നതിനായി 2.8 ലക്ഷം രൂപയും മരുന്നുതളി ഉൾപ്പെടെയുള്ള കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത പ്ലാന്റ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾക്ക് പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിന് ഒരു പരിശീലനത്തിന് 25,000 രൂപ വീതം നൽകിക്കൊണ്ട് 28 പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതിന് 7 ലക്ഷം രൂപയും പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

(ഇ) നാളികേര വികസന ബോർഡ് മുഖേനയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളായ തെങ്ങ് പ്രദർശന തോട്ടങ്ങൾ ഒരുക്കുന്നതിന് ഹെക്ടർ ഒന്നിന്

17,500 രൂപ വീതം രണ്ട് വർഷവും പ്രായാധിക്യവും രോഗ കീടബാധയും കാരണം ഉൽപ്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 1,000 രൂപവച്ച് ഒരു ഹെക്ടറിന് പരമാവധി 32,000 രൂപയും പകരം ഗുണമേന്മയുള്ള തൈകൾ നടുന്നതിന് 50% നിരക്കിൽ ഒരു തൈക്ക് 40 രൂപയും തെങ്ങിൻ തോട്ടങ്ങളിൽ നിലനിൽക്കുന്ന തെങ്ങുകളുടെ ശാസ്ത്രീയ പുനരുജ്ജീവന പരിപാലന മുറകൾക്കായി 25% നിരക്കിൽ പരമാവധി ഒരു ഹെക്ടറിന് ഓരോ വർഷവും 8,750 രൂപ വച്ച് രണ്ട് കൊല്ലത്തേക്കുള്ള ആനുകൂല്യം കേര കർഷകർക്ക് ലഭിക്കുന്നതാണ്.

## മലപ്പുറം മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

69 (1562) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതി എന്തെന്നും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെന്നും വിശദമാക്കുമോ;

(ബി) മലപ്പുറം നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; ഇവിടങ്ങളിലെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(സി) കേരകൃഷിയുടെ പുരോഗതി ലക്ഷ്യമാക്കി മണ്ഡലത്തിലെ കൂടുതൽ പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

### ഉത്തരം

(എ) തേങ്ങയുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവയാണ് കേരഗ്രാമ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. കേരഗ്രാമത്തിലുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണ മുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ പദ്ധതികളും സംയോജിത പരിചരണ മുറകളുടെ ഭാഗമായി തടംതുറക്കൽ, കളനിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ

വളങ്ങൾ, ജീവാണു വളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വിച്ചുപിടിപ്പിക്കൽ, ഇടവിള കൃഷി എന്നിവയും നടപ്പിലാക്കുന്നു. ഇതിന് പുറമേ സാദ്ധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു.

(ബി) മലപ്പുറം നിയോജകമണ്ഡലത്തിലെ പൂൽപ്പറ്റ, ആനക്കയം, മൊറയൂർ എന്നീ പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കിയ പ്രദേശങ്ങളിലെ രോഗം ബാധിച്ചതും ഉൽപ്പാദനശേഷി കുറഞ്ഞതുമായ തെങ്ങുകൾക്ക് പകരം അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ നടാനും കായ്ഫലമുള്ള തെങ്ങുകളുടെ ശാസ്ത്രീയമായ പരിരക്ഷണത്തിലൂടെ നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.

(സി) വരും വർഷങ്ങളിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കൂടുതൽ പഞ്ചായത്തുകളിൽ ഈ പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കേരഗ്രാമം പദ്ധതി**

70 (1563) ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. കെ. ദാസൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരകൃഷിയുടെ വിസ്തൃതിയും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രളയാനന്തരം അതിജീവനത്തിന്റെ പാതയിൽ മുന്നേറുന്ന കേരകർഷകർക്ക് കൈത്താങ്ങാകുന്ന എന്തെല്ലാം വികസന പദ്ധതികളാണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) തേങ്ങയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വളരെ കുറവായതിനാൽ അവ വ്യാപകമാക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കേര കൃഷിയുടെ വിസ്തൃതിയും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ താഴെ പറയുന്നു.

തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കൃഷി പരിപാലനം, ഇടവിള കൃഷി, സമ്മിശ്ര കൃഷി എന്നിവ നടത്തി ആദായം പരമാവധി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നാളികേര വികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഉയർന്ന ഉൽപ്പാദന ക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും മെച്ചപ്പെട്ട പരിപാലന രീതികൾ നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീട-രോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 250 ഹെക്ടർ തുടർച്ചയായി തെങ്ങു കൃഷിയുള്ള പ്രദേശത്ത് കേരഗ്രാമം എന്ന പദ്ധതിയിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

ഉൽപ്പാദനക്ഷമതയില്ലാത്തതും പ്രായം ചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ വെട്ടിമാറ്റി കരിക്കിനും കൊപ്രയ്ക്കും അനുയോജ്യമായ കുറിയ ഇനവും പൊക്കം കുറഞ്ഞ ഇനം തൈകളും ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും പ്രോത്സാഹനം നൽകുന്നു. ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള/കുറിയ ഇനങ്ങളുടെ മാതൃകാ ഫാമുകൾ 0.20 ഹെക്ടർ എങ്കിലും വിസ്തൃതിയുള്ളത് സ്ഥാപിക്കുന്നതിനും പദ്ധതിയിൽ ലക്ഷ്യമിടുന്നുണ്ട്.

നാളികേര വികസത്തിന് പദ്ധതിയധിഷ്ഠിത സഹായത്തിനായി 100.00 ലക്ഷം രൂപ നടപ്പുവർഷം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിലൂടെ പരിസ്ഥിതി സൗഹൃദ നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിനും നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു.

കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന് പ്രോജക്ട് അധിഷ്ഠിത സഹായമായി 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നാളികേര വികസനത്തിനായി സംയോജിത കീടരോഗ നിയന്ത്രണ പരിപാടികൾ പ്രോജക്ട് രീതിയിൽ ഏറ്റെടുത്ത് പ്രധാനപ്പെട്ട കീടങ്ങളെയും രോഗങ്ങളെയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. ഇതിനായി 250 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

നാളികേര മിഷന്റെ ഭാഗമായി സംസ്ഥാനത്തെ നാളികേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി 1900.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പുതിയ തൈകൾ നട്ടും നിലവിലുള്ളവ പരിപാലിച്ചും നാളികേര ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക, കാർഷിക വ്യവസായവുമായി ബന്ധിപ്പിക്കുക എന്നിവയാണ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ. കേരള കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം എന്നിവയുടെ സഹായത്തോടെ സംസ്ഥാനത്തെ ഓരോ വാർഡിലും 75 തെങ്ങിൻ തൈകൾ ഓരോ വർഷവും നട്ടുപിടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പ്രായം ചെന്നതും ഉൽപ്പാദനക്ഷമതയില്ലാത്തതും അസുഖം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഉൽപ്പാദനക്ഷമതയുള്ളതും പൊക്കം കുറഞ്ഞ/കുറിയ ഇനം തൈകൾ വെച്ചുപിടിപ്പിക്കുക, സംയോജിത പരിപാലന രീതികളിലൂടെ നിലവിലുള്ള തെങ്ങിൻതോപ്പുകൾ പുനരുജ്ജീവിപ്പിക്കുക, നിലവിലുള്ള തോട്ടങ്ങളിൽ മുന്തിയ ഇനം തൈകൾ വച്ചുപിടിപ്പിക്കുക, വിത്തുതേങ്ങകൾ ഉൽപ്പാദിപ്പിക്കുന്ന ആരോഗ്യമുള്ള മാതൃവൃക്ഷങ്ങൾ വികസിപ്പിക്കുക എന്നിവയാണ് പുനരുജ്ജീവന പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി നല്ലയിനം വിത്തുതേങ്ങകൾ ലഭിക്കുന്ന ഫാമുകൾ വികസിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) 250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികളും സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനുപുറമെ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു.

(സി) കേരഗ്രാമം പദ്ധതിയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റ് എന്നിവയ്ക്ക് 2 ലക്ഷം രൂപ വരെയും, താൽപര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖാന്തരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായവും നൽകുന്നുണ്ട്.

## കേരഗ്രാമം പദ്ധതി

71 (1564) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതിയിലേയ്ക്ക് തിരുവമ്പാടി മണ്ഡലത്തിലെ ഏതെങ്കിലും പ്രദേശം തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രദേശം തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ;

(സി) എന്തെല്ലാം പദ്ധതികളാണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ-സി) ഉണ്ട്. തിരുവമ്പാടി മണ്ഡലത്തിലെ കൂടരഞ്ഞി പഞ്ചായത്തിനെ 2019-20 വർഷം കേരഗ്രാമം പദ്ധതി നടപ്പാക്കുന്നതിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. തെങ്ങുകൃഷി മുഖ്യമായുള്ളതും ചേർന്നുകിടക്കുന്ന 250 ഹെക്ടർ പ്രദേശത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ നാളികേര വികസനത്തിനായുള്ള സമഗ്ര പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതുമായ പ്രദേശങ്ങളെയാണ് കേരഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. കൂടാതെ മുൻ വർഷങ്ങളിൽ കേരഗ്രാമം നടപ്പിലാക്കിയിട്ടില്ലാത്ത പഞ്ചായത്തുകളെയാണ് ഇതിനായി തെരഞ്ഞെടുത്തു വരുന്നത്.

250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണ മുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ പദ്ധതികളും സംയോജിത പരിചരണ മുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണു വളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിള കൃഷി എന്നിവയും നടപ്പിലാക്കുന്നു. ഇതിനുപുറമെ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു.

**കേരഗ്രാമം പദ്ധതി**

72 (1565) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേര വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കേരഗ്രാമം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) കണ്ണൂർ ജില്ലയിൽ എത്ര കേരഗ്രാമങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) കല്ല്യാശ്ശേരി മണ്ഡലത്തിൽ ഏത് പഞ്ചായത്തിനെയാണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തെങ്ങിൻതോട്ടങ്ങളിൽ മെച്ചപ്പെട്ട കൃഷി പരിപാലനം, ഇടവിള കൃഷി, സമ്മിശ്ര കൃഷി എന്നിവ നടത്തി ആദായം പരമാവധി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നാളികേര വികസന പദ്ധതി കൃഷി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും മെച്ചപ്പെട്ട പരിപാലന രീതികൾ നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൃത്യമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

തേങ്ങയുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിളകൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് കേരഗ്രാമം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

ഉൽപ്പാദനക്ഷമതയില്ലാത്തതും പ്രായം ചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ വെട്ടിമാറ്റി കരിക്കിനും കൊപ്രയ്ക്കും അനുയോജ്യമായ കുറിയ ഇനവും പൊക്കം കുറഞ്ഞ ഇനം തൈകളും ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും പ്രോത്സാഹനം നൽകുന്നതാണ്. ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള/കുറിയ ഇനങ്ങളുടെ മാതൃകാ ഫാമുകൾ 0.20 ഹെക്ടർ എങ്കിലും വിസ്തൃതിയുള്ളത് സ്ഥാപിക്കുന്നതിനും പദ്ധതിയിൽ ലക്ഷ്യമിടുന്നുണ്ട്.

നാളികേര വികസനത്തിന് പദ്ധതിയധിഷ്ഠിത സഹായത്തിനായി 100.00 ലക്ഷം രൂപ നടപ്പുവർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിലൂടെ പരിസ്ഥിതി സൗഹൃദ നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിനും നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു.

കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന് പ്രോജക്ട് അധിഷ്ഠിത സഹായമായി 50.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

നാളികേര വികസനത്തിനായി സംയോജിത കീട-രോഗ നിയന്ത്രണ പരിപാടികൾ പ്രോജക്ട് രീതിയിൽ ഏറ്റെടുത്ത് പ്രധാനപ്പെട്ട കീടങ്ങളെയും രോഗങ്ങളെയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. ഇതിനായി 250 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി ചെലവഴിച്ചുവരുന്നു.

നാളികേര മിഷന്റെ ഭാഗമായി സംസ്ഥാനത്തെ നാളികേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി 1900.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പുതിയ തൈകൾ നട്ടും നിലവിലുള്ളവ പരിപാലിച്ചും നാളികേര ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക, കാർഷിക വ്യവസായവുമായി ബന്ധിപ്പിക്കുക എന്നിവയാണ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ. കേരള കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം എന്നിവയുടെ സഹായത്തോടെ സംസ്ഥാനത്തെ ഓരോ വാർഡിലും 75 തെങ്ങിൻതൈകൾ ഓരോ വർഷവും നട്ടുപിടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പ്രായം ചെന്നതും ഉൽപ്പാദനക്ഷമതയില്ലാത്തതും അസുഖം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഉൽപ്പാദനക്ഷമതയുള്ളതും പൊക്കം കുറഞ്ഞ/കുറിയ ഇനം തൈകൾ വെച്ചുപിടിപ്പിക്കുക, സംയോജിത പരിപാലന രീതികളിലൂടെ നിലവിലുള്ള തെങ്ങിൻ തോപ്പുകൾ പുനരുജ്ജീവിപ്പിക്കുക, നിലവിലുള്ള തോട്ടങ്ങളിൽ മുന്തിയ ഇനം തൈകൾ വെച്ചുപിടിപ്പിക്കുക, വിത്തുതൈകൾ ലഭിക്കുന്നതിനായി തെങ്ങിൻതോപ്പുകൾ വികസിപ്പിക്കുക എന്നിവയാണ് പുനരുജ്ജീവന പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി നല്ലയിനം വിത്തുതേങ്ങകൾ ലഭിക്കുന്ന ഫാമുകൾ വികസിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) 2014-15 വർഷം മുതൽ കേരഗ്രാമം പദ്ധതി സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് നാളിതുവരെ 202 കേരഗ്രാമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 2018-19 വർഷം ആരംഭിച്ച 77 കേര ഗ്രാമങ്ങൾക്കുള്ള രണ്ടാം വർഷ പദ്ധതി സഹായം 84 കൃഷിഭവനുകളിൽ നടപ്പിലാക്കിവരുന്നുണ്ട്. അതോടൊപ്പം 2019-20 വർഷം പുതിയതായി 51 കേരഗ്രാമങ്ങൾ കൂടി നടപ്പിലാക്കിയിട്ടുണ്ട്. 250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ്

കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ സഹായപദ്ധതികളും സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണു വളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവയും നടപ്പിലാക്കുന്നു. ഇതിന് പുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു.

(സി) 2019-20 വർഷം കണ്ണൂർ ജില്ലയിൽ 3 കേരഗ്രാമങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. പാനൂർ മുനിസിപ്പാലിറ്റി, കതിരൂർ, ചെലോറ എന്നീ കൃഷി ഭവനുകൾ മുഖേനയാണ് നടപ്പുവർഷം കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് പഞ്ചായത്തിനെ 2017-18 വർഷം കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.

**തെങ്ങിൻ തൈകൾ നൽകുന്ന പദ്ധതി**

73 (1566) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര കൃഷി വികസനത്തിന്റെ ഭാഗമായി വാർഡുകൾ തോറും തെങ്ങിൻ തൈകൾ നൽകുന്ന പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ കോൾനിലങ്ങളിലെ ബണ്ടുകളിൽ തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) നാളികേര കൃഷിയുടെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് കേരകൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 2018 മുതൽ 2028 വരെ നീളുന്ന പത്ത് വർഷത്തെ വികസന

കാഴ്ചപ്പാടോടുകൂടി കൃഷി വകുപ്പുമന്ത്രി ചെയർമാനായും സംസ്ഥാനതല ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി, ജില്ലാതല കൗൺസിൽ എന്നീ ഘടനയിൽ നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. നാളികേര വികസന കൗൺസിൽ പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ വാർഡുകളിലും ഗുണമേന്മയുള്ളതും അത്യുൽപ്പാദന ശേഷിയുള്ളതുമായ 75 തെങ്ങിൻ തൈകൾ വീതം കർഷകർക്ക് ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പശ്ചിമ തീര നെടിയ ഇനം, കുറിയ ഇനം, സങ്കര ഇനം, തെങ്ങിൻ തൈകൾ യഥാക്രമം 60:20:20 റേഷ്യോയിൽ വിതരണം ചെയ്തുവരുന്നു. കേരഗ്രാമം പദ്ധതി നടപ്പിലാക്കിയ 300 പഞ്ചായത്തുകളിലേയും കേരഗ്രാമം നടപ്പിലാക്കിയിട്ടില്ലാത്ത 200 പഞ്ചായത്തുകളിലേയും വാർഡുകളിൽ 75 തെങ്ങിൻ തൈകൾ വീതം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പശ്ചിമ തീര നെടിയ ഇനത്തിനും കുറിയ ഇനത്തിനും 100 രൂപ വീതവും സങ്കര ഇനം തെങ്ങിൻ തൈയ്ക്ക് 250 രൂപയും വില നിശ്ചയിച്ച് അതിന്റെ 50% സബ്സിഡി നിരക്കിലാണ് കർഷകർക്ക് വിതരണം ചെയ്യുന്നത്. ഇതിലേയ്ക്കാവശ്യമായ തെങ്ങിൻ തൈകൾ കൃഷി വകുപ്പിന്റെ ഫാമുകൾ, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, കേരള കാർഷിക സർവ്വകലാശാല എന്നിവ മുഖേന ലഭ്യമാക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

(ബി) നാളികേര വികസന കൗൺസിൽ പദ്ധതി പ്രകാരം തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്ന പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം 6-7-2019-ന് കോഴിക്കോട് ജില്ലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചു. തുടർന്ന് വിവിധ ഏജൻസികൾ മുഖേനയുള്ള തെങ്ങിൻതൈകൾ കൃഷി വകുപ്പ് സ്വീകരിച്ച് കൃഷിഭവൻ വഴി വിതരണം ചെയ്തുവരുന്നു.

(സി) കോൾ നിലങ്ങളിലെ ബണ്ടുകൾ 3-4 മാസം പ്രായമുള്ള 15326 തെങ്ങിൻ തൈകൾ സൗജന്യമായി വച്ചുപിടിപ്പിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

**പച്ചത്തേങ്ങ സംഭരണ പദ്ധതി**

74 (1567) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചത്തേങ്ങ സംഭരണം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പച്ചത്തേങ്ങ സംഭരണ പദ്ധതിക്കായുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിക്കായുള്ള സംഭരണ ഏജൻസികൾ ഏതൊക്കെ-യാണെന്ന് അറിയിക്കാമോ;

(ഡി) പദ്ധതിപ്രകാരമുള്ള സംഭരണ വില എപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പച്ചത്തേങ്ങ സംഭരണം പുനരാവിഷ്കരിച്ചിട്ടുണ്ട്. കേരഫെഡിനെയാണ് സംരഭരണത്തിന്റെ സംസ്ഥാനതല നോഡൽ ഏജൻസിയായി സർക്കാർ തെരഞ്ഞെടുത്തിരിക്കുന്നത്. പ്രാഥമിക സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, കേന്ദ്ര നാളികേര വികസന ബോർഡിന് കീഴിലുള്ള നാളികേര ഉൽപ്പാദക സൊസൈറ്റികൾ, ഫെഡറേഷനുകൾ, ഡ്രയർ സൗകര്യമുള്ള മറ്റ് സൊസൈറ്റികൾ എന്നിവ മുഖേന കർഷകരിൽനിന്നും സംഭരിക്കുന്ന നാളികേരം ഉണക്കി ഗുണനിലവാരത്തിലുള്ള കൊപ്രയാക്കി മാറ്റി കേരഫെഡിന് നൽകുന്ന രീതിയിലാണ് സംഭരണം നടത്തുന്നത്.

(ബി) ഉണ്ട്.

(സി) പച്ചത്തേങ്ങ സംഭരണത്തിനുള്ള സ്റ്റേറ്റ് ലെവൽ ഏജൻസിയായി കേരഫെഡിനെയും കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾ പ്രകാരം കേരഫെഡ് വഴി കൊപ്ര സംഭരിക്കുന്നതിനായി നാഫെഡിനേയുമാണ് ചുമതലപ്പെട്ടുത്തിയിരിക്കുന്നത്.

(ഡി) സംഭരണ വിലയായി പച്ചത്തേങ്ങ കിലോഗ്രാമിന് 27 രൂപയാണ് കർഷകന് നൽകുന്നത്.

**പച്ചത്തേങ്ങ സംഭരണം**

75 (1568) <u>ശ്രീ. സണ്ണി ജോസഫ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചത്തേങ്ങ സംഭരണം വീണ്ടും ആരംഭിക്കുവാൻ കൃഷി വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) പച്ചത്തേങ്ങ സംഭരിക്കുന്നത് എത്ര രൂപ നിരക്കിലാണെന്നും ഏത് ഏജൻസിയെയാണ് ഇതിന് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും അറിയിക്കുമോ;

(സി) ശേഖരിക്കുന്ന പച്ചത്തേങ്ങ സംസ്കരിച്ച് കൊപ്രയാക്കുന്നതിന് ആരെയാണ് നിശ്ചയിച്ചിട്ടുള്ളതെന്നും അവർക്ക് പ്രോസസിംഗ് ചാർജ്ജ് ആയി എന്ത് തുക അനുവദിച്ചുവെന്നും അറിയിക്കുമോ;

(ഡി) നിലവിലെ സാഹചര്യത്തിൽ പച്ചത്തേങ്ങ സംഭരണം നാളികേര കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില കിട്ടുന്നതിന് എത്രമാത്രം സഹായകമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിൽ പച്ചത്തേങ്ങ വില കിലോയ്ക്ക് 27 രൂപയാണ്. കേരഫെഡിനെയാണ് സംഭരണത്തിനുള്ള നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്.

(സി) പച്ചത്തേങ്ങ സംസ്കരിച്ച് കൊപ്രയാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ, വിവിധ നാളികേര ഉൽപ്പാദക സൊസൈറ്റികൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, നാളികേര വികസന ബോർഡിന് കീഴിലുള്ള സംഘങ്ങൾ എന്നിവർക്ക് സംഭരണ സംസ്കരണ ചെലവ്, ഭരണമേൽനോട്ടം, കയറ്റിറക്കം എന്നീ ചെലവുകൾക്ക് ക്വിന്റലിന് 910 രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) നാളികേര സംഭരണ പ്രക്രിയ ഒരു സ്ഥിരം സംവിധാനമായി നിലനിർത്തിക്കൊണ്ട് തേങ്ങയുടെ വിപണി വിലയിൽ കുറയുന്ന സാഹചര്യത്തിൽ നാളികേര കർഷകന് ടി പദ്ധതി സഹായകരമാണ്.

**ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ**

76 (1569) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലതകർച്ച കാരണം സംസ്ഥാനത്തെ റബ്ബർ കർഷകർ കടുത്ത പ്രതിസന്ധിയിലാണെന്നതും കർഷകർ കൃഷി ഉപേക്ഷിക്കുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ തുടർനടപടികൾ സ്വീകരിക്കുമോ;

(സി) മുൻ യു. ഡി. എഫ്. സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച റബ്ബർ വില സ്ഥിരതാ പദ്ധതി കാലോചിതമായി പരിഷ്കരിച്ച് റബ്ബർ കർഷകരെ രക്ഷിക്കുന്നതിനും, സംസ്ഥാനത്ത് റബ്ബർ കർഷകർ കൃഷി ഉപേക്ഷിക്കുന്നത് തടയുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റബ്ബർ കർഷകരെ സംരക്ഷിക്കുന്ന നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

(ബി) ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ സെക്ടർ ജൂലൈ 2018-ന് കേന്ദ്രസർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ദേശീയ റബ്ബർ നയം പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ വിശദാംശങ്ങൾ ലഭ്യമാണ്.

(സി) റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും റബ്ബർ കൃഷി ലാഭകരമാക്കുന്നതിനും 3-7-2015-ലെ സർക്കാർ ഉത്തരവ് പ്രകാരം 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി സർക്കാർ നടപ്പാക്കിവരുന്നു. നിലവിൽ 150 രൂപയാണ് റബ്ബറിന്റെ സംഭരണവിലയായി നൽകുന്നത്. നിലവിലുള്ള വിലയായ 150 രൂപ അപര്യാപ്തമായതുകൊണ്ട് വില കിലോയ്ക്ക് 200 രൂപയെങ്കിലും ആക്കി വർദ്ധിപ്പിക്കണമെന്ന കർഷകരുടെ ആവശ്യം പരിഗണിച്ച് റബ്ബറിനുള്ള താങ്ങുവില വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അനുകൂലമായ ഒരു തീരുമാനം കേന്ദ്രസർക്കാരിൽനിന്നും ഉണ്ടായിട്ടില്ല.

**റബ്ബർ വില സ്ഥിരതാപദ്ധതി**

77 (1570) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വില സ്ഥിരതാപദ്ധതിയുടെ ഭാഗമായി എത്ര രൂപയാണ് പ്രൊഡക്ഷൻ ഇൻസെന്റീവായി കർഷകർക്ക് നൽകുന്നത്; ആയത് എന്നുമുതലാണ് നൽകി തുടങ്ങിയതെന്നും ഇതിന്റെ ആനുകൂല്യം ലഭിക്കുന്നത് എത്ര കർഷകർക്കാണെന്നും വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റബ്ബറിന്റെ താങ്ങുവില ഉയർത്തിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ വർദ്ധനവ് വരുത്തിയെന്ന് വ്യക്തമാക്കാമോ ;

(സി) താങ്ങുവില ഉയർത്തിയിട്ടില്ലെങ്കിൽ ഉൽപാദന ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ ആയത് 200 രൂപയാക്കി ഉയർത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം കിലോയ്ക്ക് 150 രൂപയാണ് റബ്ബറിന് താങ്ങുവിലയായി നിശ്ചയിച്ചിട്ടുള്ളത്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന ദൈനംദിന

വിലസൂചികയിലെ (Daily Reference Price) വിലയും തമ്മിലുള്ള വ്യത്യാസം സബ്സിഡിയായി കർഷകർ സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിവരുന്നു. 2015 ജൂലൈ മാസം മുതലാണ് പ്രസ്തുത പദ്ധതിയിൻ കീഴിൽ സബ്സിഡി നൽകിത്തുടങ്ങിയത്. ഈ പദ്ധതി പ്രകാരം ഇതുവരെ 4,10,675 റബ്ബർ കർഷകർക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഇല്ല. റബ്ബറിന് താങ്ങുവില നൽകുന്ന പദ്ധതി രാജ്യത്ത് നിലവിലില്ല. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം കിലോയ്ക്ക് 150 രൂപ ലഭിക്കുമെന്ന് ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതിയാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നത്.

(സി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം ലഭിക്കുന്ന നിലവിലുള്ള വിലയായ 150 രൂപ അപര്യാപ്തമായതുകൊണ്ട് വില കിലോയ്ക്ക് 200 രൂപയെങ്കിലും ആക്കി വർദ്ധിപ്പിക്കണമെന്ന കർഷകരുടെ ആവശ്യം പരിഗണിച്ച് കേന്ദ്രസർക്കാരിന്റെ സഹകരണം ലഭ്യമാക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാരിന്റെ മുന്നിൽ സമർപ്പിച്ചിട്ടുണ്ട്.

## കാർഷിക ഉൽപ്പന്നങ്ങൾക്ക് സംരക്ഷണം നൽകുന്നതിന് നടപടി

78 (1571) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം അവസാനം നിലവിൽ വരുമെന്ന് കരുതുന്ന മേഖലാ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ സംസ്ഥാനത്തെ കാർഷിക മേഖലയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കരാർ കാർഷിക ഉപജീവന മാർഗ്ഗങ്ങളുടെ തകർച്ചക്ക് ആക്കം കൂട്ടുമെന്നും സുഗന്ധവിളകൾ ഉൾപ്പെടെയുള്ള വിളകൾ ഉല്പാദിപ്പിക്കുന്നവരെ പ്രതികൂലമായി ബാധിക്കുമെന്നുമുള്ള കർഷകരുടെ ആശങ്ക വസ്തുതാപരമല്ലേ;

(സി) എങ്കിൽ ഈ കരാറിനെതിരെ കർഷകരെ സംഘടിപ്പിക്കുന്നതിനും അവരുടെ ഉല്പന്നങ്ങൾക്ക് സംരക്ഷണം നൽകുന്നതിനും സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) പാർലമെന്റിൽ പോലും ചർച്ച ചെയ്യാതെയും സംസ്ഥാനങ്ങളെയും പൊതുജനങ്ങളെയും വിശ്വാസത്തിലെടുക്കാതെയും മേഖലാ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിൽ (ആർ.സി.ഇ.പി) ഒപ്പുവെക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം വലിയ ആശങ്കയാണ് സൃഷ്ടിച്ചിട്ടുള്ളത്. ഒരുവിധ നിയന്ത്രണവും നികുതിയുമില്ലാതെ ഈ കരാറിലെ പങ്കാളിത്ത രാജ്യങ്ങളിൽനിന്ന് ഇന്ത്യയിലേയ്ക്ക്

ഉൽപ്പന്നങ്ങളും സേവനങ്ങളും ഒഴുകി വന്നാൽ നമ്മുടെ കാർഷിക, ചെറുകിട വ്യവസായ, ക്ഷീര, മത്സ്യബന്ധന, ആരോഗ്യ മേഖലകൾ വലിയ തകർച്ചയെ നേരിടേണ്ടിവരും. ഭയാനകമായ തൊഴിൽ നഷ്ടവും സാമ്പത്തികവും സാമൂഹികവുമായ പ്രതിസന്ധിയും ആയിരിക്കും ഈ കരാറിന്റെ ഫലം.

ആർ.സി.ഇ.പി. യുടെ ഭാഗമായി വരുന്ന അനിയന്ത്രിതമായ കാർഷികോൽപ്പന്ന ഇറക്കുമതി ആഭ്യന്തര കാർഷിക മേഖലയ്ക്ക് വെല്ലുവിളിയാകുമെന്ന് ഉറപ്പാണ്. കർഷകർ കടുത്ത മത്സരത്തെയും വൻ വില തകർച്ചയേയും നേരിടേണ്ടിവരും.

ന്യൂസിലാന്റ്, ഓസ്ട്രേലിയ എന്നീ വലിയ ക്ഷീരോൽപ്പാദക രാജ്യങ്ങൾ പങ്കാളികളാകുന്ന കരാർ ക്ഷീര മേഖലയിൽ വലിയ പ്രത്യാഘാതം സൃഷ്ടിക്കും. അനിയന്ത്രിതമായ പാൽ, പാൽ ഉൽപ്പന്ന ഇറക്കുമതി ക്ഷീര മേഖലയിൽ ഗുരുതരമായ പ്രതിസന്ധിയുണ്ടാക്കും.

ലോകത്തിൽ ഏറ്റവും ഉയർന്ന വ്യാവസായിക വളർച്ച നേടിയ രാജ്യമാണ് ചൈന. കൂടുതൽ ചൈനീസ് ഉൽപ്പന്നങ്ങൾ ഒരു നിയന്ത്രണവും ഇല്ലാതെ ഈ കരാറിന്റെ ആനുകൂല്യത്തിൽ ഇന്ത്യയിൽ എത്തുമ്പോൾ ഇന്ത്യൻ വ്യവസായ മേഖല, പ്രത്യേകിച്ച് ചെറുകിട വ്യവസായങ്ങൾ തകർച്ചയിലാകും.

കരാറിന്റെ ഭാഗമാകുന്ന ജപ്പാൻ ആവശ്യപ്പെട്ടിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കിയാൽ ഇന്ത്യയിൽ മരുന്ന് ഉൽപ്പാദന മേഖലയിലും വിത്തുൽപ്പാദന രംഗത്തും അവശ്യസാധന മേഖലയിലും അനിയന്ത്രിത വിലക്കയറ്റം ഉണ്ടാകും.

ആസിയാൻ രാജ്യങ്ങളും ചൈനയും ജപ്പാനും ഇന്ത്യയുടെ മത്സ്യബന്ധന മേഖലയിൽ വമ്പൻ നിക്ഷേപങ്ങൾ നടത്തുന്ന സാഹചര്യം ഉണ്ടായാൽ അവരുടെ സമുദ്രോൽപ്പന്നങ്ങൾ ഇന്ത്യൻ കമ്പോളത്തിൽ ഒരു നിയന്ത്രണവും ഇറക്കുമതി ചുങ്കവും ഇല്ലാതെ യഥേഷ്ടം തള്ളുന്നതിന് ഇടയാക്കും.

(സി) കാർഷിക, മൃഗസംരക്ഷണ, ക്ഷീര, മത്സ്യബന്ധന, വ്യവസായ, ആരോഗ്യ ചെറുകിട വ്യവസായ വ്യാപാര മേഖലകളുടെ തകർച്ചയും അതുമൂലം ഉണ്ടാകുന്ന തൊഴിൽ നഷ്ടവുമാകും കരാറിൽ ഏർപ്പെടുന്നതുമൂലം ഉണ്ടാവാൻ പോകുന്നത്. പാർലമെന്റിൽപ്പോലും ചർച്ച ചെയ്യാതെയും പൊതുജനങ്ങളെ വിശ്വാസത്തിലെടുക്കാതെയും നിയന്ത്രണങ്ങളോ നികുതിയോ ഇല്ലാതെയും നടപ്പിലാക്കുവാൻ പോകുന്ന ആർ.സി.ഇ.പി. കരാർ ഇന്ത്യൻ സമ്പദ് ഘടന തകർക്കും.

ഈ സാഹചര്യത്തിൽ കരാറിനെതിരെ കർഷകരെ സംഘടിപ്പിക്കുന്നതിന് കൃഷി വകുപ്പ് മുൻകയ്യെടുത്ത് മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, വ്യവസായം എന്നീ വകുപ്പുകളുടെ പങ്കാളിത്തത്തോടുകൂടി 28-10-2019-ന് തിരുവനന്തപുരം കനകക്കുന്ന് നിശാഗന്ധി ആഡിറ്റോറിയത്തിൽ 3000-ൽ

അധികം കർഷകരെ പങ്കെടുപ്പിച്ചുകൊണ്ട് കൃഷിമന്ത്രിയുടെ അദ്ധ്യക്ഷതയിലും ധനകാര്യം, ജലവിഭവം, മത്സ്യബന്ധനം, മൃഗസംരക്ഷണം, ക്ഷീരവികസനം, വ്യവസായം എന്നീ വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിലും ആർ.സി.ഇ.പി. കരാറും കേരളവും എന്ന വിഷയത്തിൽ ഒരു ശിൽപ്പശാല സംഘടിപ്പിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ടി ശിൽപ്പശാല ഉൽഘാടനം ചെയ്യുകയുമുണ്ടായി.

ആർ.സി.ഇ.പി. കരാറിൽനിന്നും ഇന്ത്യ പിൻവാങ്ങണമെന്ന് കേരള നിയമസഭ 30-10-2019-ൽ ഏകകണ്ഠേന പ്രമേയം പാസ്സാക്കുകയും ചെയ്തു.

**തെങ്ങുകയറ്റ തൊഴിലാളികളുടെ പ്രശ്നങ്ങൾ**

79 (1572) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങുകയറ്റ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പേർക്ക് തെങ്ങുകയറ്റ ഉപകരണങ്ങൾ വിതരണം ചെയ്തെന്നും എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) തെങ്ങുകൃഷി വ്യാപനത്തിനും പരിപോഷണത്തിനുമായി പുതിയ സാങ്കേതിക സംവിധാനങ്ങൾ വികസിപ്പിക്കാൻ പദ്ധതികളുണ്ടോ; ഈ സർക്കാരിന്റെ ഭരണകാലത്ത് പുതിയ ഉപകരണങ്ങളോ സാങ്കേതിക സംവിധാനങ്ങളോ വികസിപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി തെങ്ങ് കയറുന്നതിനുള്ള ഒരു യന്ത്രം വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇരുന്ന് കയറാവുന്ന ഈ യന്ത്രം വളരെ സുരക്ഷിതമായി കയറാവുന്ന രീതിയിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ യന്ത്രത്തിന്റെ വ്യാപനത്തിനും കൂടുതൽ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനുമായി സാങ്കേതികവിദ്യ അർദ്ധ സർക്കാർ സ്ഥാപനമായ കേരള അഗ്രോ മെഷിനറി കോർപറേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ഈ ഗവേഷണ കേന്ദ്രത്തിൽനിന്നും 338 തെങ്ങു കയറ്റ യന്ത്രങ്ങൾ കഴിഞ്ഞ മൂന്നര വർഷത്തിനുള്ളിൽ വിതരണം ചെയ്തിട്ടുണ്ട്.

(ബി) കൃഷി ഭവനുകൾ മുഖേന 2016-17 വർഷം 3828 പേർക്കും 2017-18 വർഷം 4695 പേർക്കും 2018-19 വർഷം 6468 പേർക്കും ഉൾപ്പെടെ ആകെ 14991

പേർക്ക് തെങ്ങുകയറ്റ ഉപകരണങ്ങൾ വിതരണം ചെയ്യുകയും ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽനിന്നും 338 പേർക്ക് തെങ്ങുകയറ്റ യന്ത്രം വിതരണം ചെയ്തിട്ടുണ്ട്. ഇവിടെനിന്നും 1876 പേർക്ക് ഈ യന്ത്രം ഉപയോഗിക്കുന്നതിനുള്ള തെങ്ങുകയറ്റ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഇന്ത്യയിലെ വിവിധ കാർഷിക സർവ്വകലാശാലകൾ സമർപ്പിച്ച പ്രോജക്ടുകളിൽനിന്ന് മത്സരാധിഷ്ഠിതമായി തെരഞ്ഞെടുക്കപ്പെട്ട ICAR-NAHEP നാളികേരാധിഷ്ഠിത നൈപുണ്യ വികസന വിജ്ഞാന പദ്ധതി കേരള കാർഷിക സർവ്വകലാശാലയുടെ ഗവേഷണ വിഭാഗത്തിന്റെയും നാളികേര മിഷന്റെയും നേതൃത്വത്തിൽ ആരംഭിച്ചു. 2019-20 മുതൽ 2021-22 വരെയുള്ള കാലഘട്ടത്തിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. 80% കേന്ദ്ര സർക്കാർ, ലോക ബാങ്ക് എന്നിവയുടെയും 20% സംസ്ഥാന സർക്കാരിന്റെയും സാമ്പത്തിക സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കാർഷിക ബിരുദ വിദ്യാർത്ഥികളുടെയും ശാസ്ത്രജ്ഞരുടെയും ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാനും നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കാർഷിക രംഗം നേരിടുന്ന പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്തി കാർഷിക രംഗത്തേയ്ക്ക് കൂടുതൽ വിദ്യാർത്ഥികളെയും കർഷകരെയും വ്യവസായികളെയും ആകർഷിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. പോഷക സമൃദ്ധമായ ഭക്ഷ്യ എണ്ണയായും സൗന്ദര്യ വർദ്ധകലേപനങ്ങളായുമുള്ള വെളിച്ചെണ്ണയുടെ ഉൽപ്പന്ന വൈവിധ്യവൽക്കരണം തെങ്ങുകൃഷിയുടെ ഉന്നമനത്തിനും ഗ്രാമീണ മേഖലയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്യുന്നതിനും സഹായകരമായി വർത്തിക്കും. നീര, കരിക്കിൻവെള്ളം, വെന്ത വെളിച്ചെണ്ണ, വെളിച്ചെണ്ണ, തേങ്ങാപ്പാൽ എന്നിവ ഉപയോഗിച്ചുള്ള വിവിധ ഉൽപ്പന്നങ്ങൾ, തെങ്ങിൻതടിയിൽനിന്നുള്ള ഗൃഹോപകരണങ്ങൾ, തെങ്ങിൽനിന്നുള്ള വേസ്റ്റ് ഉപയോഗിച്ചുള്ള ഫ്യൂൽ ബ്രിക്കേറ്റുകൾ, കമ്പോസ്റ്റ് എന്നിവയുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാങ്കേതിക സഹായം, തെങ്ങുകൃഷിക്കാവശ്യമായ യന്ത്രങ്ങൾ വികസിപ്പിക്കുവാനും അവയിൽ പരിശീലനം നൽകുവാനും നാളികേരാധിഷ്ഠിത നൈപുണ്യ വികസന വിജ്ഞാന പദ്ധതി ലക്ഷ്യമിടുന്നു.

കേരള സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ധനസഹായത്തോടെ കർഷക പങ്കാളിത്തത്തോടെ കഴിഞ്ഞ 3 വർഷങ്ങളിലായി കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം രണ്ട് പദ്ധതികളിലായി 1,15,000

ഗുണമേന്മയുള്ള തൈകൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. 12 ജില്ലകളിൽനിന്നുള്ള 48 തെങ്ങുകയറ്റ തൊഴിലാളികൾക്ക് സങ്കര ഇനങ്ങളുടെ ഉൽപ്പാദനത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ, തെക്കൻ ജില്ലകളിലെ 133 തെങ്ങുകയറ്റ തൊഴിലാളികൾക്ക് 8 ബാച്ചുകളിലായും പരിശീലനം നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് ധനസഹായത്തോടെ 9,000 ഗുണമേന്മയുള്ള കുറിയ ഇനങ്ങളും സങ്കര ഇനങ്ങളുമായ തൈകൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. സസ്യ സംരക്ഷണത്തിനുള്ള സാങ്കേതിക വിദ്യകൾ 12 ജില്ലകളിൽ കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (സി.പി.സി.ആർ.ഐ) നടപ്പിലാക്കിവരുന്നുണ്ട്.

തെങ്ങു കൃഷിയുടെ വ്യാപനത്തിനായി കേരള കാർഷിക സർവ്വകലാശാലയുടെ മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രം നാല് യന്ത്ര സംവിധാനങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

1. പവർ ടില്ലർ ഉപയോഗിച്ച് തെങ്ങിന്റെ തടം തുറക്കുന്നതിനുള്ള സംവിധാനം.

പവർ ടില്ലർ ഉപയോഗിച്ച് 1.5 മീറ്റർ വ്യാസത്തിൽ ഏകദേശം 8 മുതൽ 10 വരെ തെങ്ങിന്റെ തടം ഒരു മണിക്കൂറിൽ തുറക്കുവാൻ സാധിക്കും. ഇത്തരത്തിലുള്ള 28 ഉപകരണങ്ങൾ നിർമ്മിച്ച് കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

2. കേര സുരക്ഷ തെങ്ങു കയറ്റ യന്ത്രം

ഇരുന്നുകൊണ്ട് കയറാവുന്ന ഈ യന്ത്രം സ്ത്രീകൾക്ക് വരെ വളരെ സുഗമമായും സുരക്ഷിതമായും ഏകദേശം 4 മിനിറ്റിനുള്ളിൽ കയറി ഇറങ്ങാൻ സാധിക്കുന്ന തരത്തിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. 338 തെങ്ങു കയറ്റ യന്ത്രം നിർമ്മിച്ച് കർഷകർക്ക് വിതരണം ചെയ്തു.

3. 'തേങ്ങ തൊട്ടിൽ'-മെഷ് ടൈപ്പ്

നഗര പ്രദേശങ്ങളിൽ അയൽപക്കത്തുള്ള സ്ഥലത്തേയ്ക്ക് തേങ്ങ വീഴാതിരിക്കാൻ സഹായിക്കുന്നതിന് തെങ്ങിന്റെ മുകളിൽ ഘടിപ്പിക്കാവുന്ന രീതിയിൽ ഇരുമ്പിന്റെ വല ഉപയോഗിച്ചാണ് തേങ്ങ തൊട്ടിൽ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ടി യന്ത്രം 28 എണ്ണം നിർമ്മിച്ച് കർഷകർക്ക് വിതരണം ചെയ്തു.

4. 'തേങ്ങ തൊട്ടിൽ'- നെറ്റ് ടൈപ്പ്

നൈലോൺ നെറ്റ് ഉപയോഗിച്ച് ഉണ്ടാക്കിയിട്ടുള്ള ഈ ഉപകരണം തെങ്ങിൽനിന്നുള്ള തേങ്ങ വീഴാതെ സംരക്ഷിക്കുന്നതിന് സഹായിക്കുന്നു. 17 എണ്ണം നിർമ്മിച്ച് കർഷകർക്ക് വിതരണം ചെയ്തു.

ഇതുകൂടാതെ തെങ്ങിന്റെ മണ്ട വൃത്തിയാക്കി മരുന്ന് തളിക്കുന്നതിനും വികസിപ്പിച്ചെടുത്ത യന്ത്രമുപയോഗിച്ച് കർഷകരുടെ കൃഷിസ്ഥലങ്ങളിൽ പോയി തെങ്ങിന്റെ തടം തുറക്കുന്നതിനുള്ള സേവനവും കാർഷിക ഗവേഷണ കേന്ദ്രം കേരസേനയിലൂടെ നടത്തിവരുന്നു. കൂടാതെ മോട്ടോർ ഉപയോഗിച്ച് ഇരുന്ന് തെങ്ങ് കയറാവുന്ന ഒരു യന്ത്രം വികസിപ്പിച്ചെടുക്കുന്നതിന്റെ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

## കൃഷിനാശം സംഭവിച്ച വിളകളുടെ കണക്കെടുപ്പ്

80 (1573) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ വയനാട് ജില്ലയിൽ ഉണ്ടായ കൃഷിനാശം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ വിള തിരിച്ചുള്ള നഷ്ടത്തിന്റെ കണക്ക് ലഭ്യമാക്കാമോ;

(ബി) 2018-ലെ പ്രളയത്തിൽ നശിച്ച കൃഷിക്ക് നഷ്ടപരിഹാരമായി വയനാട് ജില്ലയിൽ തുക വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) 2019-ലെ പ്രളയത്തിൽ വയനാട് ജില്ലയിലുണ്ടായ കൃഷിനാശം കണക്കാക്കിയിട്ടുണ്ട്. വിശദമായ കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) 2018-ലെ പ്രളയത്തിൽ നശിച്ച കൃഷിക്ക് നഷ്ടപരിഹാരമായി വയനാട് ജില്ലയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധി വിഹിതമായി 1,55,33,831 രൂപയും വകുപ്പുതല വിഹിതമായി 24,44,50,725 രൂപയും നൽകിയിട്ടുണ്ട്.

## മലപ്പുറം ജില്ലയിലെ കാർഷിക മേഖലയിലുണ്ടായ നാശനഷ്ടങ്ങൾ

81 (1574) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇക്കഴിഞ്ഞ പ്രളയത്തെത്തുടർന്ന് മലപ്പുറം ജില്ലയിലേയും വണ്ടൂർ നിയോജകമണ്ഡലത്തിലേയും കാർഷികമേഖലയിലുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ കണക്കുകൾ തരംതിരിച്ച് നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

ഉണ്ട്. വണ്ടൂർ നിയോജകമണ്ഡലത്തിൽ 1575 കർഷകരുടെ 205.622 ഹെക്ടർ സ്ഥലത്ത് 1177.57 ലക്ഷം രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ 38083 കർഷകരുടെ 4751.28 ഹെക്ടർ സ്ഥലത്ത് 20362.80 ലക്ഷം രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**മുണ്ടേരി വിത്തുകൃഷി തോട്ടത്തിലുണ്ടായ നാശനഷ്ടങ്ങൾ**

82 (1575) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉരുൾപൊട്ടലിലും പ്രളയത്തിലും മുണ്ടേരി വിത്തുകൃഷി തോട്ടത്തിലുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എത്ര ഹെക്ടർ കൃഷിയോഗ്യമായ ഭൂമി പ്രളയത്തിൽ ഉപയോഗയോഗ്യമല്ലാതായിട്ടുണ്ടെന്ന് വ്യക്തമാക്കമോ;

(ബി) വനം വകുപ്പുമായുള്ള അതിർത്തി നിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ടോ; എത്ര ഹെക്ടർ തോട്ടത്തിന്റെ സർവ്വേ രേഖകൾ കൃഷി വകുപ്പിൽ ലഭ്യമാണെന്ന് വെളിപ്പെടുത്താമോ;

(സി) മുണ്ടേരി വിത്തുകൃഷി തോട്ടത്തിന് സമീപമുള്ള ആദിവാസി സെറ്റിൽമെന്റുകളെ പുനരധിവസിപ്പിക്കുന്നതിന് കൃഷിവകുപ്പിന്റെ കൃഷിയോഗ്യമായ സ്ഥലം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വിളകൾ നശിച്ച ഇനത്തിൽ ഏകദേശം 66.531 ലക്ഷം രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കുന്നു. കൂടാതെ പമ്പ് സെറ്റുകൾ, ജനറേറ്റർ, സോളാർ ഫെൻസിംഗ്, ഡ്രിപ്പ് ജലസേചന യൂണിറ്റ്, കിണർ, പണിയായുധങ്ങൾ, ട്രാൻസ്ഫോർമറുകൾ, ഷെഡ്ഡുകൾ, വളം തുടങ്ങിയവ നഷ്ടപ്പെട്ടയിനത്തിൽ 299.67 ലക്ഷം രൂപയുടെ ഏകദേശ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇതിനുപുറമെ മണ്ണ് ഒഴുകിപ്പോയും മണ്ണടിഞ്ഞും ബ്ലോക്ക് 2,4 എന്നിവിടങ്ങളിലും നഴ്സറി ഫീൽഡിലുമായി 152 ലക്ഷം രൂപയുടെ നഷ്ടവും ഉണ്ടായിട്ടുണ്ട്. 61.2 ഹെക്ടർ കൃഷിയോഗ്യമായ സ്ഥലം പ്രളയത്തിൽ മണൽ ഒഴുകി വന്നും മരങ്ങൾ കടപുഴകി വീണും ഉപയോഗയോഗ്യമല്ലാതായിട്ടുണ്ട്.

(ബി) അതിർത്തി നിർണ്ണയം പൂർത്തീകരിച്ചിട്ടില്ല. 505 ഹെക്ടർ സ്ഥലം കൃഷി വകുപ്പിന് കൈമാറി കിട്ടിയതായി രേഖകളുണ്ട്. എന്നാൽ സർവ്വേ രേഖകൾ കൃഷി വകുപ്പിന്റെ പക്കലില്ല.

(സി) ആദിവാസി സെറ്റിൽമെന്റുകളെ പുനരധിവസിപ്പിക്കുന്നതിന് കൃഷി വകുപ്പിനോട് സ്ഥലം രേഖാമൂലം ആവശ്യപ്പെട്ടിട്ടില്ല.

**കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് ആനുകൂല്യങ്ങൾ**

83 (1576) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ ഫണ്ടിൽ നിന്നും ആനുകൂല്യങ്ങൾ നൽകാറുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) 2017-ലെ ഓഖിയും 2018-ലെ പ്രളയവും 2019-ലെ അതിതീവ്ര മഴയും, ഉരുൾപൊട്ടലും സംസ്ഥാനത്തെ കർഷകരെ സാരമായി ബാധിച്ച സാഹചര്യത്തിൽ വിള ഇൻഷുറൻസിന്റെ അനിവാര്യതയെപ്പറ്റി കർഷകരെ ബോധ്യപ്പെടുത്തുന്നതിനും തദനുസൃതമായി നടപടികൾ സ്വീകരിക്കുന്നതിനും സാധിച്ചിട്ടുണ്ടോ;

(സി) കേന്ദ്ര സർക്കാരിന്റെ പ്രധാനമന്ത്രി ഫസൽ ബീമായോജന എന്ന പേരിലുള്ള ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിച്ചത് മൂലം കേരളത്തിലെ കർഷകർക്ക് അധിക ആനുകൂല്യം ലഭിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ ഫണ്ടിൽനിന്നും ആനുകൂല്യങ്ങൾ നൽകാറുണ്ട്. പ്രകൃതിക്ഷോഭം കാരണം കൃഷിയിടത്തിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടി കൃഷിയിടം ഒലിച്ചുപോയി നഷ്ടം ഉണ്ടായതിനും കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾക്കും ബണ്ടുകളുടെ പുനർ നിർമ്മാണത്തിനും കൃഷിയിടങ്ങളിലെ വെള്ളക്കെട്ട് മാറ്റുന്നതിനുമായി എസ്.ഡി.ആർ. ഫണ്ടിൽനിന്നും നഷ്ടപരിഹാരം നൽകാറുണ്ട്. കൂടാതെ വിളനാശം സംഭവിച്ച കർഷകർക്ക് കൃഷി വകുപ്പിന്റെ പ്രകൃതിക്ഷോഭം പദ്ധതിയിൽ വിളകൾക്കുള്ള നാശത്തിന്റെ അടിസ്ഥാനത്തിൽ എസ്.ഡി.ആർ. ഫണ്ടും സംസ്ഥാന വിഹിതവും ചേർന്നുള്ള നഷ്ടപരിഹാരം നൽകിവരുന്നു.

(ബി) ഉണ്ട്. കഴിഞ്ഞ വർഷങ്ങളിലെ പ്രകൃതിക്ഷോഭ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ വിള ഇൻഷ്വറൻസ് പദ്ധതിയുടെ അനിവാര്യതയെപ്പറ്റി കർഷകർക്ക് ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി എല്ലാ കൃഷി ഭവനിലും 2019 ജൂലൈ 1 വിള ഇൻഷ്വറൻസ് ദിനമായി ആചരിക്കുകയും

പരമാവധി കർഷകരെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി ജൂൺ 30 വരെ 86414 കർഷകർ മാത്രം അംഗങ്ങളായിരുന്ന സ്ഥാനത്ത് ജൂലൈ 1 മുതൽ 25-10-2019 വരെ 1,49,165 പുതിയ കർഷകരെ അംഗങ്ങളാക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ ആകെ 235579 കർഷകർ പദ്ധതിയിൽ അംഗങ്ങളാകുകയും 2,95,12,707 രൂപ പ്രീമിയമായി ശേഖരിക്കുകയും 19586 കർഷകർക്ക് ഇൻഷ്വറൻസ് തുക വിതരണം ചെയ്യുകയും ചെയ്തു.

(സി) ഉണ്ട്. 2019 ഖാരിഫ്/റാബി സീസണിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ പരിഷ്കരിച്ച പ്രധാൻമന്ത്രി ഫസൽ ബീമാ യോജന നടപ്പിലാക്കുവാൻ നോട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്. 2019 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിനുശേഷം പരിഷ്കരിച്ച പ്രധാൻമന്ത്രി ഫസൽ ബീമാ യോജന പദ്ധതിയുടെ റിവൈസ്ഡ് ഗൈഡ്‌ലൈൻസ് പ്രകാരം മിഡ് സീസൺ അഡ്‌വേഴ്സിറ്റി നോട്ടിഫൈ ചെയ്യുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ 2280.34 ഹെക്ടർ നെൽകൃഷി നശിച്ചതിനും പത്തനംതിട്ട ജില്ലയിലെ 26.3 ഹെക്ടർ നെൽകൃഷി നശിച്ചതിനും കോട്ടയം ജില്ലയിലെ 3411.2 ഹെക്ടർ നെൽകൃഷി നശിച്ചതിനും ആകെ 10.5 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഷൊർണ്ണൂർ മണ്ഡലത്തിലെ കർഷകർക്ക് നൽകിയ ധനസഹായം

84 (1577) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ ഉണ്ടായ കനത്ത മഴയിലും പ്രകൃതിക്ഷോഭത്തിലും കൃഷി നശിച്ച ഷൊർണ്ണൂർ മണ്ഡലത്തിലെ എത്ര കർഷകർക്ക് വകുപ്പ് മുഖാന്തരം ധനസഹായം നൽകിയിട്ടുണ്ട് എന്നതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ആകെ എത്ര രൂപയാണ് ഈ ഇനത്തിൽ നൽകിയിട്ടുള്ളത് എന്നതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഷൊർണ്ണൂർ മണ്ഡലത്തിലെ 1217 കർഷകർക്കായി 98,01,329 രൂപയുടെ നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്ത് /മുനിസിപ്പാലിറ്റി | ധനസഹായം ലഭിച്ച കർഷകരുടെ എണ്ണം | നൽകിയ തുക |
|---|---|---|---|
| 1 | ഷൊർണ്ണൂർ | 256 | 13,58,842 |
| 2 | അങ്ങനാടി | 187 | 9,70,343 |
| 3 | ചലവറ | 40 | 4,33,520 |
| 4 | നെല്ലായ | 110 | 10,56,860 |
| 5 | വാണിയാംകുളം | 65 | 5,84,673 |
| 6 | തൃക്കടേരി | 222 | 15,85,568 |
| 7 | ചെർപ്പുളശ്ശേരി | 194 | 23,01,044 |
| 8 | വെള്ളിനേയി | 143 | 15,10,479 |
| | ആകെ | 1217 | 98,01,329 |

**കർഷകർക്ക് ധനസഹായം**

85 (1578) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018, 2019 വർഷങ്ങളിൽ ഉണ്ടായിട്ടുള്ള പ്രളയത്തിലും കാലവർഷക്കെടുതികളിലും പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ എത്ര കർഷകർക്ക് എത്ര രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് എത്ര രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്; ഇനി എത്ര പേർക്ക് എത്ര രൂപയുടെ ധനസഹായം നൽകാൻ ബാക്കിയുണ്ട്; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) എല്ലാ കർഷകർക്കും അർഹമായ മുഴുവൻ ധനസഹായവും വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ 1066 കർഷകർക്ക് 2,99,04,065 രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. ഇതിൽ 962 കർഷകർക്ക് 2,80,54,164 രൂപ ധനസഹായം വിതരണം ചെയ്തു. 104 കർഷകർക്ക് 18,49,901 രൂപയുടെ ധനസഹായം നൽകുവാൻ ബാക്കിയുണ്ട്.

2019 -ലെ പ്രളയത്തിൽ കൃഷിനാശം സംഭവിച്ചതിന് 1046 കർഷകർക്ക് 2,27,11,501 രൂപ ധനസഹായം നൽകുവാനുണ്ട്.

(ബി) മുഴുവൻ ധനസഹായവും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കർഷകർക്ക് നഷ്ടപരിഹാരം

86 (1579) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് ഇനിയും നഷ്ടപരിഹാരം നൽകാനുണ്ടോയെന്ന് വെളിപ്പെടുത്താമോ; എങ്കിൽ ആയത് നൽകാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) എത്ര രൂപയാണ് ഇത്തരത്തിൽ നഷ്ടപരിഹാരം നൽകാൻ ബാക്കിയുള്ളതെന്ന് അറിയിക്കാമോ;

(സി) 2019-ലെ പ്രളയത്തിൽ കൽപ്പറ്റ മണ്ഡലത്തിൽ എത്രകോടി രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; കൃഷിനാശം സംബന്ധിച്ച് ഇനം തിരിച്ച പട്ടിക ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. കുടിശ്ശിക തുകയായ 26 കോടി രൂപ ധനകാര്യ വകുപ്പിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഏകദേശം 40 കോടി രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## കർഷകർക്ക് മൊറട്ടോറിയം ആനുകൂല്യം ലഭ്യമാക്കാൻ നടപടി

87 (1580) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം പ്രളയം ബാധിച്ച് കൃഷിയും ചെറുകിട വ്യവസായ യൂണിറ്റുകളും നശിച്ച പതിമൂന്നര ലക്ഷം പേർക്ക് മൊറട്ടോറിയം ആനുകൂല്യം നഷ്ടമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃഷി വകുപ്പ് ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ വേണ്ട താൽപര്യവും ജാഗ്രതയും കാണിച്ചില്ലെന്ന് സർക്കാർ കരുതുന്നുണ്ടോ എന്ന് അറിയിക്കുമോ;

(സി) മൊറട്ടോറിയം കിട്ടാൻ ബാങ്കുകൾക്ക് പ്രത്യേക അപേക്ഷ നൽകണമെന്ന കാര്യം കർഷകർക്ക് അജ്ഞാതമായിരുന്നുവെന്ന സാഹചര്യത്തിലും ഇനി അപേക്ഷ നൽകി ഇളവ് അനുവദിക്കാൻ സാധ്യത ഇല്ലാത്തതിനാലും ഇവർക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) 2018-ലെ മഹാപ്രളയത്തോടനുബന്ധിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ 10 ശതമാനത്തിൽ താഴെ വായ്പകൾ മാത്രമാണ് പുനഃക്രമീകരിച്ചത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വായ്പകൾ പുനഃക്രമീകരിക്കുന്നതിന് കൃഷിഭവൻ തലത്തിൽ കർഷകർക്ക് അവബോധം നൽകുകയുണ്ടായി. റിസർവ് ബാങ്ക് നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ വായ്പ പുനക്രമീകരിച്ച മുഴുവൻ കർഷകർക്കും മൊറട്ടോറിയത്തിന്റെ ആനുകൂല്യം നൽകിയിട്ടുണ്ട്.

(ബി) ഇല്ല. 2018-ൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തെത്തുടർന്ന് 20-8-2018-ന് നടന്ന പ്രത്യേക SLBC യോഗത്തിൽ വിവിധ കടാശ്വാസ നടപടികൾ പ്രഖ്യാപിച്ചിരുന്നു. ഈ തീരുമാനങ്ങളെല്ലാംതന്നെ കാർഷിക വികസന സമിതികളിലും കർഷകരുടെ യോഗങ്ങളിലും കൃഷി ഓഫീസർമാർ ചർച്ച ചെയ്യുകയും കർഷകരുടെ അറിവിലേയ്ക്ക് എത്തിക്കാനുള്ള ജാഗ്രതയോടെയുള്ള നടപടികളെടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പുനർജ്ജനി എന്ന പേരിൽ വിപുലമായി പുനരുജ്ജീവന പരിപാടികൾ സംഘടിപ്പിക്കുകയും ദുരിതത്തിലായ കർഷകർക്ക് സാമ്പത്തികവും മാനസികവുമായ പിന്തുണ നൽകി സഹായിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കർഷകരുടെ കടങ്ങളുമായി ബന്ധപ്പെട്ട മൊറട്ടോറിയം വിഷയം ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട ധനകാര്യ/റവന്യൂ, കൃഷി വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 7-8-2019-ന് ബാങ്ക് അധികൃതരുടെയും ഉദ്യോഗസ്ഥരുടെയും ഒരു യോഗം വിളിച്ചുചേർത്തിരുന്നു. നിശ്ചിത സമയത്തിനുള്ളിൽ പുനഃക്രമീകരിക്കപ്പെട്ട വായ്പകൾക്ക് 31-12-2019 വരെ മൊറട്ടോറിയം കാലാവധി ദീർഘിപ്പിച്ച് നൽകുന്നതാണെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിരുന്നു. പ്രളയംമൂലം കേരളത്തിലെ കാർഷിക മേഖലയിലുണ്ടായ നഷ്ടം പരിഗണിച്ച് നിലവിലുള്ള വായ്പയുടെ പലിശ മാത്രം അടച്ച് ലോൺ പുതുക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കണമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശം ബാങ്ക് പ്രതിനിധികൾ അംഗീകരിക്കുകയുണ്ടായി. പുനഃക്രമീകരിക്കാത്ത വായ്പകൾക്കുമേൽ ജപ്തി നടപടികൾ ഒഴിവാക്കിക്കൊണ്ട് അതാത് ബാങ്കുകൾക്ക്, കർഷകർക്ക് ഉപകാരപ്രദമായ രീതിയിൽ ഉചിതമായ തീരുമാനങ്ങൾ എടുക്കാവുന്നതാണെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ജില്ലാതലത്തിൽ സബ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് തീരുമാനമായിട്ടുള്ളതും ടി സബ് കമ്മിറ്റികളുടെ തീരുമാനപ്രകാരം വായ്പകൾ പലിശമാത്രം അടച്ചുകൊണ്ട് പുതുക്കി നൽകുന്നതിനോ വായ്പാപരിധി വർദ്ധിപ്പിച്ച് നൽകുന്നതിനോ തീരുമാനമെടുക്കുന്നതുമാണ്. ഹ്രസ്വകാല കാർഷിക വായ്പകളുടെ

പുനഃക്രമീകരിച്ച കാലയളവിലെ interest subvention ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട High Level Committee-യുടെ അനുകൂല തീരുമാനം നേടിയെടുക്കുന്നതിനായി കേന്ദ്ര സർക്കാരിന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

18-9-2019 ലെ സ.ഉ.(സാധാ)നമ്പർ 868/2019/അഗ്രി. ഉത്തരവിൻ പ്രകാരം മൊറട്ടോറിയം, വായ്പാ പുനഃക്രമീകരണം തുടങ്ങി ബാങ്കുകളുമായി ബന്ധപ്പെട്ട എല്ലാ വായ്പാ/ഇൻഷ്വറൻസ് പദ്ധതികളും സംബന്ധിച്ച് കർഷകരിൽ അവബോധം വളർത്തുന്നതിനായി ബാങ്ക് അധികൃതർ, കൃഷി ഓഫീസർമാർ, കർഷകർ എന്നിവരുടെ സംയുക്ത യോഗം പഞ്ചായത്ത് തലത്തിൽ ചേരുന്നതിന് കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനതല ബാങ്കേഴ്സ് സമിതി അംഗീകരിച്ച 2018-ലെ പ്രളയ ദുരിതാശ്വാസ നടപടികളുടെ ആനുകൂല്യം ലഭ്യമാകാൻ വായ്പാ ഉപഭോക്താക്കൾ അതാത് ബാങ്കുകളെ സമീപിക്കണമെന്ന് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി സംസ്ഥാനതല ബാങ്കേഴ്സ് സമിതി പത്രക്കുറിപ്പുകൾ ഇറക്കിയിട്ടുണ്ട്.

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കർഷകർക്ക് ധനസഹായം**

88(1581) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2018-ലെ പ്രളയത്തിൽ കൃഷിനശിച്ച പെരുമ്പഴുതൂർ, നെയ്യാറ്റിൻകര, അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ കൃഷിഭവൻ വഴി കർഷകർക്ക് ലഭിക്കേണ്ട നഷ്ടപരിഹാരം എത്രയെന്ന് കൃഷിഭവൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) കർഷകർക്ക് ലഭിക്കേണ്ട നഷ്ടപരിഹാരതുക വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) നഷ്ടപരിഹാരതുക എപ്പോൾ വിതരണം നടത്തുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൃഷി ഭവൻ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*

(ബി&സി) കുടിശ്ശികയുള്ള എസ്.ഡി.ആർ.എഫ്. വിഹിതം ജില്ലാ കളക്ടർ അനുവദിക്കുകയും തുക ഉടനടി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കുടിശ്ശിക സംസ്ഥാന വിഹിതം ലഭിക്കാനുള്ള കൃഷി ഡയറക്ടറുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കർഷകർക്കുണ്ടായ നഷ്ടപരിഹാരം അനുവദിച്ച് നൽകുന്നത്**

89 (1582) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, പേരാമ്പ്ര നിയോജക മണ്ഡലങ്ങളിലായി വ്യാപിച്ചു കിടക്കുന്ന വെളിയന്നൂർ ചല്ലിയിലെ കർഷകർക്കുണ്ടായ നഷ്ടപരിഹാരം അനുവദിച്ച് നൽകാൻ സർക്കാർ ഉത്തരവായിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത നഷ്ടപരിഹാര തുക കർഷകരുടെ കൂട്ടായ്മയായ പാടശേഖര സമിതിക്ക് കൈമാറിക്കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) നഷ്ടപരിഹാരത്തുക കർഷക ഗ്രൂപ്പുകൾക്ക് കൈമാറാൻ മറ്റെന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദമാക്കാമോ;

(സി) നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) പാടശേഖരസമിതിക്ക് കൈമാറുന്നതിനായി നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. നഷ്ടപരിഹാരത്തുക ഉടനെതന്നെ പാടശേഖര സമിതിയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നതാണ്.

(ബി&സി) ഡയറക്ടർ പാസ്സാക്കുന്ന തുക നിലവിൽ കൈമാറുന്നത് വ്യക്തിഗത കർഷകരുടെ അക്കൗണ്ടിലേയ്ക്കാണ്. എന്നാൽ വെളിയന്നൂർ ചല്ലിയുടെ വിഷയത്തിൽ നഷ്ടപരിഹാരത്തുക പാടശേഖര സമിതിക്ക് വിതരണം ചെയ്യുന്നതിനായി സർക്കാർ പ്രത്യേക കേസായി പരിഗണിച്ചാണ് ഉത്തരവ് നൽകിയിട്ടുള്ളത്.

**പ്രളയത്തെത്തുടർന്ന് സംസ്ഥാനത്തുണ്ടായ കാർഷിക നഷ്ടം**

90 (1583) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പ്രളയത്തെത്തുടർന്ന് സംസ്ഥാനത്തുണ്ടായ കാർഷിക നഷ്ടങ്ങളുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ നഷ്ടം സഹിക്കേണ്ടി വന്ന കൃഷിക്കാരെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും ഈ പദ്ധതികളുടെ അടിസ്ഥാനത്തിൽ ഇതിനകം കർഷകർക്ക് നൽകിയ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) വില്ലേജ് അടിസ്ഥാനത്തിലാണോ പ്രളയത്തെത്തുടർന്നുണ്ടായ കാർഷികനഷ്ടം വിലയിരുത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഏതെല്ലാം വില്ലേജുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും നഷ്ടം കണക്കാക്കാനും ആനുകൂല്യം വിതരണം ചെയ്യാനും സ്വീകരിച്ച മാനദണ്ഡങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ വർഷം പ്രളയത്തെത്തുടർന്ന് സംസ്ഥാനത്ത് കാർഷിക മേഖലയിൽ 166992.46 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായതായാണ് പ്രാഥമിക വിലയിരുത്തൽ. കൃഷി വകുപ്പിന്റെ പുതിയ സ്മാർട്ട് സോഫ്റ്റ്‌വെയർ പ്രകാരം 26-10-2019 വരെയുള്ള പ്രാഥമിക റിപ്പോർട്ട് പ്രകാരമുള്ള ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വിളനാശം സംഭവിച്ച കർഷകർക്ക് വിളകൾക്കുള്ള നാശത്തിന്റെ അടിസ്ഥാനത്തിൽ എസ്.ഡി.ആർ. ഫണ്ടും സംസ്ഥാന വിഹിതവും ചേർന്നുള്ള നഷ്ടപരിഹാരം നൽകുന്നതാണ്. ഇൻഷ്വർ ചെയ്ത വിളകൾക്ക് പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന നഷ്ടപരിഹാരം നൽകിവരുന്നു. കൂടാതെ കൃഷിയിടത്തിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടി കൃഷിയിടം ഒലിച്ചുപോയി നഷ്ടം ഉണ്ടായതിനും കേടുവന്ന പമ്പുസെറ്റുകളുടെ അറ്റകുറ്റപ്പണികൾക്കും ബണ്ടുകളുടെ പുനർ നിർമ്മാണത്തിനും കൃഷിയിടങ്ങളിലെ വെള്ളക്കെട്ട് മാറ്റുന്നതിനുമായി എസ്.ഡി.ആർ.ഫണ്ടിൽനിന്നും നഷ്ടപരിഹാരം നൽകുന്നുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ഭീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേനയും നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

2019 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തെത്തുടർന്ന് കൃഷിനാശം സംഭവിച്ച കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും പ്രകൃതിക്ഷോഭം പദ്ധതി പ്രകാരവും സംസ്ഥാന ഫണ്ടും എസ്.ഡി.ആർ. ഫണ്ടും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ 55.60 കോടി രൂപ വിള ഇൻഷ്വറൻസ് പദ്ധതി വഴിയും 4.712 കോടി രൂപ പ്രകൃതിക്ഷോഭം പദ്ധതിയിലും വിതരണം ചെയ്തിട്ടുണ്ട്.

(സി&ഡി) വില്ലേജ് അടിസ്ഥാനത്തിലുള്ള അതാത് കൃഷി ഭവനിൽനിന്നും ലഭിക്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിലാണ് പ്രകൃതിക്ഷോഭം പദ്ധതിയിലും വിള ഇൻഷ്വറൻസ് പദ്ധതിയിലും നഷ്ടം വിലയിരുത്തുന്നത്. പ്രധാനമന്ത്രി ഫസൽ ബീമാ യോജന പദ്ധതി പ്രകാരം വിളയുടെ സാധാരണ ഉല്പാദനത്തിനെക്കാളും 50 ശതമാനത്തിൽ കൂടുതൽ വ്യതിയാനം വന്നാൽ നഷ്ടമായി കണക്കാക്കി ആനുകൂല്യം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അനുവദിച്ചുവരുന്നു. ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ ചുവടെ പറയുന്ന വില്ലേജുകളിൽ 10.5 കോടിയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. ഈ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആലപ്പുഴ-ചമ്പക്കുളം, നെടുമുടി, കൈനകരി, എടത്വ, തലവടി, താമരക്കുളം, വീയപുരം, ചെറുതന, പട്ടണക്കാട്, കടക്കരപ്പള്ളി, രാമങ്കരി, പുളിങ്കുന്ന്, നീലംപേരൂർ, ആലപ്പുഴ മുനിസിപ്പാലിറ്റി, മണ്ണൻചേരി, പുന്നപ്ര നോർത്ത്, പുന്നപ്ര സൗത്ത്

പത്തനംതിട്ട-കൊടുമൺ, പള്ളിക്കൽ, വള്ളിക്കോട്, കവിയൂർ, പന്തളം തെക്കേക്കര

കോട്ടയം - കല്ലറ, അയ്മനം, കുമരകം, തിരുവാർപ്പ്, ആർപ്പൂക്കര, തലയാഴം, വൈക്കം, വെച്ചൂർ, ചെമ്പ്, നീണ്ടൂർ.

## 2018, 2019 വർഷങ്ങളിലെ പ്രളയക്കെടുതി

91 (1584) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018, 2019 എന്നീ വർഷങ്ങളിലുണ്ടായ പ്രളയക്കെടുതി, ഉരുൾ പൊട്ടൽ എന്നിവ മൂലം സംസ്ഥാനത്തെ കാർഷിക മേഖലയിൽ ആകെ എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഇതുമൂലം എത്ര ഹെക്ടർ കൃഷിയിടം നശിച്ചു; ഏതെല്ലാം മേഖലയിലെ എത്ര കർഷകരെ ഇത് ബാധിച്ചു; വിശദമാക്കുമോ;

(സി) കൃഷിനാശം സംഭവിച്ച കർഷകർക്ക് എന്തെല്ലാം സഹായങ്ങൾ നൽകി; ഇതിനായി എത്ര തുക ചെലവഴിച്ചു; എത്ര കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; വ്യക്തമാക്കുമോ;

(ഡി) ഇതുമൂലം കഷ്ടപ്പെടുന്ന കർഷകരുടെ മുഴുവൻ കാർഷിക കടങ്ങളും എഴുതി തള്ളിയും പുനഃസൃഷ്ടിക്കായി പലിശ രഹിത വായ്പ ലഭ്യമാക്കിയും കർഷകരെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) 2018 വർഷത്തിലെ മഹാപ്രളയത്തെത്തുടർന്ന് 236649.5 ഹെക്ടർ സ്ഥലത്ത് 19001.84 കോടി രൂപയുടെയും 2019 വർഷത്തെ പ്രളയത്തെ തുടർന്ന്

സ്മാർട്ട് സോഫ്റ്റ്‌വെയർ പ്രഥമ വിവര റിപ്പോർട്ട് പ്രകാരം 26-10-2019 വരെ 93225.02 ഹെക്ടർ സ്ഥലത്ത് 1669.92 കോടി രൂപയുടെയും നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. ധാന്യവിളകൾ, പയറുവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജന വിളകൾ, എണ്ണക്കുരുക്കൾ, തോട്ടവിളകൾ എന്നീ മേഖലകളിലെ കർഷകരെയാണ് പ്രളയം പ്രധാനമായും ബാധിച്ചത്.

(സി) 2018-ലെ മഹാപ്രളയത്തിൽ സംഭവിച്ച കൃഷിനാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് 305964 കർഷകർ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 238376 കർഷകർക്ക് എസ്.ഡി.ആർ.ഫണ്ടിൽനിന്നും 146.19 കോടി രൂപയുടെ ധനസഹായം 15-10-2019 വരെ വിതരണം ചെയ്തിട്ടുണ്ട്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിപ്രകാരം 164.5 കോടി രൂപ 315113 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ച 110.50 കോടി രൂപ 224610 കർഷകർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ലഭിച്ച 54 കോടി രൂപ 90503 കർഷകർക്കും വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 13775 കർഷകർക്ക് നഷ്ടപരിഹാരമായി 21.58 കോടി രൂപ 2018-ലും 55.3 കോടി രൂപ 19538 കർഷകർക്ക് 2019-ലും അനുവദിച്ചിട്ടുണ്ട്. പ്രളയക്കെടുതികളുടെ ഭാഗമായി കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രധാനമന്ത്രി ഫസൽ ബീമാ യോജന പ്രകാരം ഇൻഷ്വർ ചെയ്ത് കൃഷിയിറക്കിയതും വായ്പയെടുത്തിട്ടും വിളയിറക്കാൻ കഴിയാതിരുന്നതുമായ കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷ്വറൻസ് തുകയുടെ 25 ശതമാനം നൽകിയിട്ടുണ്ട്. ആലപ്പുഴ, കോട്ടയം ജില്ലകളിലെ 3727 കർഷകർക്കായി 7.04 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) കർഷിക കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് വയനാട് ജില്ലയിൽ 2014 മാർച്ച് 31 വരെയുള്ള വായ്പകൾക്ക് നൽകിവന്നിരുന്ന ആനുകൂല്യം ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റെല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്കും 2014 മാർച്ച് 31 വരെ നൽകുകയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് പ്രസ്തുത ആനുകൂല്യം 2018 ആഗസ്റ്റ് 31 വരെ ദീർഘിപ്പിക്കുകയും കർഷക കടാശ്വാസ കമ്മീഷൻ അൻപതിനായിരം രൂപയ്ക്കുമേലുള്ള കുടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയിൽനിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കർഷക കടാശ്വാസ കമ്മീഷൻ മുഖേനയുള്ള കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കുവാൻ 2019 നവംബർ 15 വരെ സമയം അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് നെൽകൃഷിക്ക് വായ്പ എടുത്തശേഷം വായ്പ കാലാകാലങ്ങളിൽ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കുന്ന പലിശ രഹിത വായ്പാപദ്ധതി സംസ്ഥാന സഹകരണ വകുപ്പിലൂടെ നടപ്പിലാക്കിവരുന്നു.

കർഷകരെടുക്കുന്ന ഹ്രസ്വകാല വായ്പകൾക്ക് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ (താങ്ങ് പലിശ) ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി പ്രകാരം 7 ശതമാനം പലിശനിരക്കാണ് ഈടാക്കുന്നത്. പ്രസ്തുത ലോണുകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 3 ശതമാനം കൂടി സബ്സിഡി അനുവദിച്ചിട്ടുണ്ട്. കിസാൻ ക്രഡിറ്റ് കാർഡുള്ളവർക്ക് കൃഷി വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നപക്ഷം 4 ശതമാനം താങ്ങ് പലിശ ഒരു വർഷത്തേയ്ക്ക് ലഭിക്കാൻ സർക്കാർ പ്രഖ്യാപിച്ച ഉജ്ജീവന പദ്ധതി പ്രകാരം അർഹതയുണ്ടായിരിക്കുന്നതാണ്. ദീർഘകാല വിളകൾക്കു വേണ്ടിയുള്ള പുതിയ ലോണുകളുടെ 9 ശതമാനം വരെയുള്ള പലിശ ഒരു വർഷത്തേയ്ക്ക് സർക്കാർ ഏറ്റെടുക്കുന്നുണ്ട്.

## 2019-ലെ പ്രളയത്തിലെ കൃഷിനാശം

92 (1585) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2019 -ൽ ഉണ്ടായ പ്രളയത്തിൽ എത്ര കോടി രൂപയുടെ കൃഷിനാശം സംഭവിച്ചതായാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ആയതിൽ നെല്ല്, പച്ചക്കറി എന്നിവയുടെ നഷ്ടം പ്രത്യേകം വ്യക്തമാക്കാമോ;

(സി) പ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകരെ സഹായിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 15-10-2019 വരെ 1386.2415 കോടി രൂപയുടെ നാശനഷ്ടമാണ് പ്രാഥമിക റിപ്പോർട്ട് പ്രകാരം കണക്കാക്കിയിരിക്കുന്നത്.

(ബി) 15-10-2019 വരെയുള്ള കണക്ക് പ്രകാരം കാലവർഷക്കെടുതിയിൽ 18664.30 ഹെക്ടർ നെൽ കൃഷിയും 2347.19 ഹെക്ടർ പച്ചക്കറി കൃഷിയും നഷ്ടമായിട്ടുണ്ട്.

(സി) വിളനാശം സംഭവിച്ച കർഷകർക്ക് കൃഷി വകുപ്പിന്റെ പ്രകൃതിക്ഷോഭം പദ്ധതിയിൽ വിളകൾക്കുള്ള നാശത്തിന്റെ അടിസ്ഥാനത്തിൽ എസ്.ഡി. ആർ.ഫണ്ടും സംസ്ഥാന വിഹിതവും ചേർന്നുള്ള നഷ്ടപരിഹാരം നൽകുന്നതിന് കൃഷി ഭവൻ മുഖേന അപേക്ഷ സ്വീകരിച്ച് പരിശോധിച്ച് കൃഷി വകുപ്പ്

വികസിപ്പിച്ചെടുത്ത പുതിയ സ്മാർട്ട് സോഫ്റ്റ്‌വെയർ പ്രകാരം നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കൃഷിയിടത്തിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടി കൃഷിയിടം ഒലിച്ചുപോയി നഷ്ടം ഉണ്ടായതിനും കേടുവന്ന പമ്പ്സെറ്റുകളുടെ അറ്റകുറ്റ പണികൾക്കും ബണ്ടുകളുടെ പുനർനിർമ്മാണത്തിനും കൃഷിയിടങ്ങളിലെ വെള്ളക്കെട്ട് മാറ്റുന്നതിനുമായി എസ്.ഡി.ആർ. ഫണ്ടിൽനിന്നും നഷ്ടപരിഹാരം നൽകുന്നതിനും ഇൻഷ്വർ ചെയ്ത വിളകളാണെങ്കിൽ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. കൂടാതെ പ്രളയ ബാധിത പ്രദേശങ്ങളിൽ 1.65 കോടി രൂപയുടെ 392.38 ടൺ നെൽവിത്ത് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

## കാർഷിക ഉൽപ്പന്നങ്ങൾക്ക് വിലത്തകർച്ച

93 (1586) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കൃഷികളായ റബ്ബർ, കുരുമുളക്, ഏലം തുടങ്ങിയവയുടെ വിലത്തകർച്ച കാരണം കേരളത്തിന്റെ കാർഷിക മേഖലയിൽ വരുന്ന തകർച്ചയും കർഷകർ അനുഭവിക്കുന്ന ദുരിതവും പരിഹരിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് സർക്കാർ നടത്തിയ ഇടപെടലുകൾ അറിയിക്കുമോ; കേന്ദ്ര സർക്കാർ ആർ.സി.ഇ.പി. വ്യാപാരക്കരാർ ഒപ്പിടുന്ന പക്ഷം കേരളത്തിൽ അനുഭവപ്പെടുന്ന ഈ ദുരിതത്തിന്റെ ആഘാതം വർദ്ധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇതിനെ മറികടക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരളത്തിലെ സുഗന്ധ വിളകളുടെ പ്രോത്സാഹനത്തിനായി വിവിധ പദ്ധതികൾ സർക്കാർ നടപ്പാക്കിവരുന്നുണ്ട്. സുഗന്ധ വിളവികസന പദ്ധതി പ്രകാരം കുരുമുളക് കൃഷി പ്രോത്സാഹനത്തിനായി കുരുമുളക് തോട്ടങ്ങളുടെ പുനരുജ്ജീവനം, കുരുമുളക് തോട്ടത്തിന്റെ കൃഷി വ്യാപനം എന്നീ പദ്ധതികൾക്ക് പുറമെ ഇടുക്കി പാക്കേജ്, വയനാട് പാക്കേജ് മുഖേനയും വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.

റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും റബ്ബറിന്റെ വിലത്തകർച്ച പ്രതിരോധിക്കുന്നതിനും സർക്കാർ റബ്ബർ വില സ്ഥിരതാ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. കിലോയ്ക്ക് 150 രൂപയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവായി നൽകുന്നത്.

(ബി) കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കാൻ ആവശ്യമായ വിവിധ പദ്ധതികൾ കൃഷി വകുപ്പ് നിലവിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

2019-20 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ നെല്ലിന് പ്രഖ്യാപിച്ചിരിക്കുന്ന കിലോയ്ക്ക് 18.15 രൂപ എന്ന താങ്ങുവിലയ്ക്ക് പുറമേ സംസ്ഥാന സർക്കാർ ഇൻസെന്റീവ് ബോണസ്സായി നൽകുന്ന കിലോയ്ക്ക് 8.80 രൂപ എന്ന ക്രമത്തിൽ ആകെ 26.95 രൂപ കിലോയ്ക്ക് നൽകുന്നുണ്ട്.

പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുവാൻ തത്വത്തിൽ തീരുമാനമെടുക്കുകയും കേരഫെഡിനെ പച്ചത്തേങ്ങ സംഭരണത്തിന്റെ സംസ്ഥാനതല നോഡൽ ഏജൻസിയായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പച്ചത്തേങ്ങ കിലോ ഒന്നിന് 27 രൂപ എന്ന നിരക്കിൽ സംഭരിക്കുവാനാണ് ടി സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്.

കേരളത്തിലെ റബ്ബർ കർഷകരെ വിലത്തകർച്ചയിൽനിന്നും സംരക്ഷിക്കുന്നതിനായി റബ്ബർ ഉല്പാദക ഇൻസെന്റീവ് പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. റബ്ബർ ഷീറ്റ്/ലാറ്റക്സിന്റെ പ്രതിദിന വിലയെ അടിസ്ഥാനമാക്കിയാണ് ഇൻസെന്റീവ് നിശ്ചയിക്കുന്നത്. അടിസ്ഥാനവില കിലോഗ്രാമിന് 150 രൂപയാണ്. വിപണിവില ടി വിലയിൽനിന്നും താഴുമ്പോൾ ഉണ്ടാകുന്ന വില വ്യത്യാസമാണ് ഇൻസെന്റീവായി റബ്ബർ ഉല്പാദക സമിതികളിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന കർഷകർക്ക് നൽകിവരുന്നത്.

ഇതുകൂടാതെ പഴം-പച്ചക്കറി കർഷകരെ സഹായിക്കുന്നതിനായി കൃഷി വകുപ്പ് പച്ചക്കറി വികസന പദ്ധതി, വിപണി വികസന പദ്ധതി, ജൈവകൃഷി പദ്ധതി എന്നീ പദ്ധതികൾ മുഖേന 1131 വിപണികൾ സംസ്ഥാനത്തുടനീളം പ്രവർത്തിപ്പിക്കുന്നുണ്ട്. കർഷകർക്ക് ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് വിഷരഹിതവും ശുദ്ധവുമായ പച്ചക്കറികളും ഈ വിപണികൾ ഉറപ്പാക്കുന്നു.

കേന്ദ്ര സർക്കാർ ആർ.സി.ഇ.പി. വ്യാപാരക്കരാർ ഒപ്പിടുന്ന പക്ഷം കേരളത്തിൽ അനുഭവപ്പെടുന്ന ദുരിതത്തിന്റെ ആഘാതം വർദ്ധിക്കുമെന്നാണ് കണക്കുകൂട്ടിയിട്ടുള്ളത്.

സംസ്ഥാനങ്ങളുടെയും ജനങ്ങളുടെയും എതിർപ്പ് അവഗണിച്ചുകൊണ്ട് നടപ്പിലാക്കാൻ പോകുന്ന കരാറിൽ പ്രതിഷേധിച്ച് " RCEP കരാറും - കേരളവും" എന്ന വിഷയത്തിൽ 28-10-2019-ൽ തിരുവനന്തപുരത്തുവച്ച് ഒരു പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട കൃഷി വകുപ്പ് മന്ത്രിയുടെ

അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്തുത ശിൽപ്പശാല ഉദ്ഘാടനം നിർവ്വഹിക്കുകയും ബഹുമാന്യരായ പ്രതിപക്ഷ നേതാവ്, ധനകാര്യവും കയറും വകുപ്പുമന്ത്രി, വ്യവസായ വകുപ്പുമന്ത്രി, ജലസേചന വകുപ്പുമന്ത്രി, ഫിഷറീസ് വകുപ്പുമന്ത്രി, മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പുമന്ത്രി, വിവിധ രംഗങ്ങളിലെ വിദഗ്ദ്ധർ എന്നിവരേയും പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ ശിൽപ്പശാലയിൽ 3,000 ത്തിലധികം കർഷകർ പങ്കെടുക്കുകയും ചെയ്തു. കാർഷിക മേഖല, മൃഗസംരക്ഷണ -ക്ഷീര മേഖല, മത്സ്യബന്ധന മേഖല, വ്യവസായ മേഖല, ആരോഗ്യ മേഖല, ചെറുകിട വ്യവസായ വ്യാപാര മേഖല എന്നീ മേഖലകളുടെ തകർച്ചയും അതുമൂലമുണ്ടാകുന്ന തൊഴിൽ നഷ്ടവുമാകും കരാറിന്റെ ആകെത്തുക എന്നിരിക്കെ നിയന്ത്രണങ്ങളും നികുതിയുമില്ലാതെ സംസ്ഥാനങ്ങളുടെയും ജനങ്ങളുടെയും എതിർപ്പ് അവഗണിച്ച് നടപ്പിലാക്കുവാൻ പോകുന്ന തരത്തിലുള്ള ആർ.സി.ഇ.പി. കരാർ ഇന്ത്യൻ സമ്പദ്ഘടന തകർക്കും എന്നതിനാൽ ഈ കരാറിൽനിന്നും ഇന്ത്യ പിൻവാങ്ങണമെന്ന് ഏകകണ്ഠമായി ആവശ്യപ്പെടുകയുണ്ടായി.

## നേര്യമംഗലം കൃഷിത്തോട്ടത്തിൽ ഫാം ടൂറിസം പദ്ധതി

94 (1587) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ ആരംഭിക്കുന്ന ഫാം ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഫാം ടൂറിസം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ധാരാളം വിനോദസഞ്ചാരികൾ നിത്യേന സന്ദർശിക്കുന്ന നേര്യമംഗലം കൃഷിത്തോട്ടത്തിൽ ഫാം ടൂറിസം പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിനായി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി) തയ്യാറാക്കിയ 50 കോടി രൂപയുടെ ഫാം ടൂറിസം പദ്ധതി നിർദ്ദേശം കിഫ്ബിക്ക് നൽകുന്ന കാര്യം പരിഗണനയിലാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി സംയോജിത കൃഷിക്കായി മോഡൽ കന്നുകാലിത്തൊഴുത്ത്, മഴമറ, പോളിഹൗസ്, ക്രോപ്പ് മ്യൂസിയം, ജലസേചന

സൗകര്യം, ഉയർന്ന മൂല്യമുള്ള പഴവർഗ്ഗത്തോട്ടങ്ങൾ എന്നിവ നിർമ്മിക്കുന്നതിനായി 3.75 കോടി രൂപ ചെലവഴിക്കുന്നതിന് 31-8-2019-ൽ ജി.ഒ.(എം.എസ്.) നമ്പർ 112/2019/കൃഷി പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗം മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ നിർവ്വഹണം ആരംഭ ദശയിലാണ്.

(ബി) ഫാമിൽ എല്ലാ വിളകളുടെയും പ്രദർശനത്തോട്ടങ്ങൾ ആരംഭിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾ പരമാവധി ഉത്പാദിപ്പിച്ച് വില്പന നടത്തുന്നതിനും ചെക്ക് ഡാമുകൾ, മത്സ്യക്കുളങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും പെരിയാറിന്റെ തീരം 850 മീറ്റർ സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിനും നടപ്പാത, ഫാം റോഡുകൾ എന്നിവ നിർമ്മിക്കുന്നതിനും റെസ്റ്റോറന്റുകൾ, ടീ ഹൗസുകൾ എന്നിവ നിർമ്മിക്കുന്നതിനും ഫാം ഉത്പന്നങ്ങൾ വിൽക്കാൻ വിപുലമായ വിൽപ്പന കേന്ദ്രം നിർമ്മിക്കുന്നതിനും കർഷക പഠനകേന്ദ്രം, ക്വാർട്ടേഴ്സ്, മറ്റ് പ്രാഥമിക സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനും ലക്ഷ്യമിടുന്നു.

(സി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാവുന്ന മുറയ്ക്ക് 2019 -ൽ തന്നെ ഫാം ടൂറിസം പദ്ധതി ആരംഭിക്കാൻ കഴിയുന്നതാണ്.

## കൃഷി ചെയ്യാതെ തരിശിട്ടിരിക്കുന്ന ഭൂമി

95 (1588) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ കൃഷി ചെയ്യാതെ തരിശിട്ടിരിക്കുന്ന ഭൂമിയുടെയും തണ്ണീർത്തടങ്ങളുടെയും അളവ് നിയോജക മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ;

(ബി) കൃഷി ചെയ്യാതെ ഇട്ടിരിക്കുന്ന ഭൂമി നോട്ടീസ് നൽകി ഏറ്റെടുക്കുന്നതിന് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ കൊണ്ടുവന്ന ഭേദഗതിയുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിൽ കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നിയമപ്രകാരം എത്ര ഹെക്ടർ സ്ഥലം ഏറ്റെടുത്ത് കൃഷി പുനരാരംഭിക്കാൻ സാധിച്ചിട്ടുണ്ട് എന്ന് നിയോജക മണ്ഡലം തിരിച്ച് വിശദമാക്കുമോ;

(സി) ഇനിയും ഏറ്റെടുക്കാനുള്ള കൃഷിഭൂമികൾ ഏറ്റെടുക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽ കൃഷി ചെയ്യാതെ തരിശിട്ടിരിക്കുന്ന ഭൂമിയുടെ അളവ് ചുവടെ ചേർക്കുന്നു:

| നിയോജക മണ്ഡലം | തരിശ് വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| അടൂർ | 234 |
| തിരുവല്ല | 251 |
| ആറന്മുള | 347 |
| റാന്നി | 97 |
| കോന്നി | 56 |

കൃഷി ചെയ്യാതെ തരിശിട്ടിരിക്കുന്ന തണ്ണീർത്തടം - ഇല്ല.

(ബി) തരിശു നിലത്തിൽ കൃഷി ചെയ്യുന്ന കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ പദ്ധതികൾ മുഖേന ലഭ്യമാകുന്ന സഹായം ഉറപ്പുവരുത്തുകയും ദേശീയ തൊഴിലുറപ്പ് പദ്ധതി, കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ തുടങ്ങിയവയിലൂടെ ലഭ്യമാകുന്ന സഹായംകൂടി വിനിയോഗിച്ചുകൊണ്ട് പരമാവധി തരിശു നിലത്ത് കൃഷി ഇറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തരിശ് നിലത്ത് കൃഷി ചെയ്യാൻ താല്പര്യമില്ലാത്ത ഭൂവുടമകളെ ഗ്രാമപഞ്ചായത്ത് ഭാരവാഹികളുടെ ഇടപെടൽമൂലം സ്ഥലം രേഖാമൂലം പാട്ടത്തിന് നൽകാൻ പ്രേരിപ്പിക്കുകയും അങ്ങനെ പരമാവധി സ്ഥലത്ത് കൃഷിയിറക്കാൻ കഴിഞ്ഞിട്ടുമുണ്ട്. കൂടാതെ ആറന്മുള പഞ്ചായത്തിൽ നോട്ടീസ് നൽകി 141 ഹെക്ടർ തരിശുനിലം ഏറ്റെടുത്ത് കൃഷി ചെയ്തിട്ടുമുണ്ട്. നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| നിയോജക മണ്ഡലം | നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം കൃഷി ചെയ്ത നിലത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| അടൂർ | 254 |
| തിരുവല്ല | 40 |
| ആറന്മുള | 216 |
| റാന്നി | 15 |
| കോന്നി | 84 |

(സി) നീർവാർച്ചയ്ക്കുള്ള സൗകര്യക്കുറവ്, വെള്ളക്കെട്ട്, ഫാം റോഡുകളുടെ അഭാവം, ഭൂവുടമകളുടെ അസാന്നിദ്ധ്യം, താല്പര്യക്കുറവ് തുടങ്ങിയവയാണ് ഇപ്പോൾ നിലവിലുള്ള 985 ഹെക്ടർ തരിശുസ്ഥലത്ത് കൃഷിയിറക്കുവാൻ തടസ്സമായിട്ടുള്ളത്. ത്രിതല പഞ്ചായത്തുകൾ, കൃഷി വകുപ്പ്, ചെറുകിട ജലസേചന വകുപ്പ് തുടങ്ങിയവയുടെ സഹായത്തോടെ മുഴുവൻ സ്ഥലത്തും ഘട്ടംഘട്ടമായി കൃഷിയിറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലയിലെ കൊടുമൺ, കുന്നന്താനം, തുമ്പമൺ, നിരണം, വെച്ചൂച്ചിറ, പ്രമാടം, പുറമറ്റം, കോഴഞ്ചേരി എന്നീ പഞ്ചായത്തുകൾ ഈ വർഷംതന്നെ തരിശു രഹിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

## തരിശു ഭൂമിയിലെ കൃഷി

96 (1589) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് കൃഷി ചെയ്യാതെ കിടക്കുന്ന തരിശുഭൂമി എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ആയത് 2016-ൽ എത്രയായിരുന്നു;

(ബി) കൃഷി ചെയ്യാതെ തരിശിട്ടിരിക്കുന്ന ഭൂമി നോട്ടീസ് നൽകി സർക്കാർ ഏറ്റെടുക്കുന്നതിനായി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയുടെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) എത്ര ഹെക്ടർ സ്ഥലം ഇപ്രകാരം ഏറ്റെടുത്ത് കൃഷി പുനരാരംഭിക്കുവാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) പൊതു ആവശ്യത്തിന് നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്താൻ വ്യവസ്ഥ ചെയ്ത പ്രസ്തുത നിയമത്തിൽ 2018-ൽ കൊണ്ടുവന്ന ഭേദഗതിയുടെ അടിസ്ഥാനത്തിൽ പൊതു ആവശ്യത്തിനായി എത്ര ഹെക്ടർ നിലം നികത്തുന്നതിന് അനുമതി നൽകി; വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ഭേദഗതി ദുരുപയോഗം ചെയ്ത് നിലം നികത്തിയ എത്രപേർക്കെതിരെ നിയമ നടപടി സ്വീകരിച്ചു; എത്ര ഹെക്ടർ നിലം ഇപ്രകാരം ഇവർ നികത്തി; ആയത് പൂർവ്വസ്ഥിതിയിലാക്കുവാൻ എന്തൊക്കെ കർശന നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ;

ഉത്തരം

(എ) നിലവിൽ സംസ്ഥാനത്ത് കൃഷി ചെയ്യാതെ കിടക്കുന്ന തരിശു ഭൂമി 57,522 ഹെക്ടർ ആണ്. കേരള എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കാർഷിക സ്ഥിതിവിവര കണക്ക് പ്രകാരം 2016-17 വർഷത്തിൽ അത് 72,008 ഹെക്ടർ ആയിരുന്നു.

(ബി) കൃഷി ചെയ്യാതെ തരിശിട്ടിരിക്കുന്ന സ്ഥലങ്ങളുടെ ഭൂവുടമകൾക്ക് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ ഭേദഗതിയുടെ അടിസ്ഥാനത്തിൽ നോട്ടീസ് നൽകി കൃഷി ചെയ്യിക്കാൻ വേണ്ട നടപടികൾ കൃഷി ഓഫീസർമാർ കൈക്കൊണ്ടുവരുന്നുണ്ട്. തരിശു നിലത്തിൽ കൃഷി ചെയ്യുന്ന കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ പദ്ധതികൾ മുഖേന ലഭ്യമാകുന്ന സഹായം ഉറപ്പുവരുത്തുകയും ദേശീയ തൊഴിലുറപ്പ് പദ്ധതി, കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ തുടങ്ങിയവയിലൂടെ ലഭ്യമാകുന്ന സഹായംകൂടി വിനിയോഗിച്ചുകൊണ്ട് പരമാവധി തരിശു നിലത്ത് കൃഷി ഇറക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. 2016-17 മുതൽ സമഗ്ര നെൽ കൃഷി വികസന പദ്ധതി പ്രകാരം തരിശുനില കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. 2019-20 വർഷത്തിൽ 1200.00 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(സി) കൃഷി ചെയ്യാതെ തരിശിട്ടിരിക്കുന്ന ഭൂമി നോട്ടീസ് നൽകി സർക്കാർ ഏറ്റെടുക്കുന്നതിനായി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതികളുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട, എറണാകുളം, ആലപ്പുഴ, പാലക്കാട് ജില്ലകളിലായി 2453.627 ഹെക്ടർ സ്ഥലത്ത് കൃഷി പുനരാരംഭിക്കാൻ സാധിച്ചു.

(ഡി) പൊതു അവശ്യത്തിന് നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്താൻ വ്യവസ്ഥ ചെയ്തു പ്രസ്തുത നിയമത്തിൽ 2018-ൽ കൊണ്ടുവന്ന ഭേദഗതിയുടെ അടിസ്ഥാനത്തിൽ പൊതു ആവശ്യത്തിനായി 17.1088 ഹെക്ടർ നിലം നികത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ഇ) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ 10-ാം വകുപ്പിന്റെ ഭേദഗതി ദുരുപയോഗം ചെയ്തതായിട്ടുള്ള കേസുകൾ ഇതുവരെയും റിപ്പോർട്ട് ചെയ്തിട്ടില്ല.

## പ്ലാന്റേഷൻ കോർപ്പറേഷൻ ഗോഡൗണിലെ എൻഡോസൾഫാൻ ശേഖരം

97 (T* 1590) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് തത്തമംഗലം പ്ലാന്റേഷൻ കോർപ്പറേഷൻ ഗോഡൗണിൽ എൻഡോസൾഫാൻ ശേഖരം സൂക്ഷിച്ച് വച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

T* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) എൻഡോസൾഫാൻ ശേഖരം നീക്കം ചെയ്യുമെന്ന് എൻഡോസൾഫാൻ സെല്ലിലെ നോഡൽ ഓഫീസർ നൽകിയ ഉറപ്പ് ഇനിയും പാലിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ബാരലുകളിലുള്ള എൻഡോസൾഫാൻ നീക്കം ചെയ്ത് നിർവ്വീര്യമാക്കുവാൻ പാലക്കാട് ജില്ലാ കളക്ടർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഇതിനായി അടിയന്തര നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ മണ്ണാർക്കാട്, തത്തമംഗലം ഗോഡൗണിൽ 225 ലിറ്റർ എൻഡോസൾഫാൻ, സംസ്ഥാന റവന്യൂ വകുപ്പിന്റെ ഉത്തരവാദിത്തത്തിൽ സൂക്ഷിച്ചുവച്ചിട്ടുണ്ട്.

(ബി) എൻഡോസൾഫാൻ ശേഖരം നിർവീര്യമാക്കുന്നതിന് ഹിന്ദുസ്ഥാൻ ഇൻസെക്റ്റിസൈഡ് ലിമിറ്റഡിന്റെ ഉദ്യോഗസ്ഥരുടെയും കേരള കാർഷിക സർവ്വകലാശാല പടന്നക്കാട് കേന്ദ്രത്തിലെ ഉദ്യോഗസ്ഥരുടെയും സഹായത്താൽ നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട് മണ്ണാർക്കാട് പ്ലാന്റേഷൻ കോർപ്പറേഷൻ ഗോഡൗണിലെ എൻഡോസൾഫാൻ നിർവീര്യമാക്കുന്നതിന് മുന്നോടിയായി സുരക്ഷിതമായി ബാരലുകളിലേയ്ക്ക് മാറ്റി സൂക്ഷിച്ചിട്ടുണ്ട്.

(സി) കാർഷിക കോളേജ് ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം കാസർഗോഡ് ജില്ലയിലെ ഗോഡൗണുകളിൽ സൂക്ഷിച്ചിട്ടുള്ള എൻഡോസൾഫാൻ നിർവീര്യമാക്കൽ പ്രവൃത്തിക്ക് 31 ലക്ഷം രൂപ ചെലവാകുമെന്ന സാഹചര്യത്തിൽ കാസർഗോഡ് വികസന പാക്കേജിൽ അനുവദിച്ച 10 ലക്ഷം രൂപയ്ക്ക് അധികമായി വേണ്ടിവരുന്ന തുക ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. രണ്ടാം ഘട്ടമെന്ന നിലയിൽ പാലക്കാട് ജില്ലയിലെ എൻഡോസൾഫാൻ ശേഖരം സംബന്ധിച്ച നടപടികൾ ആരംഭിക്കുന്നതാണ്. പാലക്കാട് ജില്ലാ കളക്ടറുടെ 10-9-2018-ലെ കത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ ഉന്നതതലയോഗം ചേരുന്നതിന് മുമ്പായി എൻഡോസൾഫാൻ നിർവ്വീര്യമാ ക്കുന്നതിന്റെ തൽസ്ഥിതി അറിയിക്കുന്നതിനും എൻഡോസൾഫാൻ നിർവീര്യമാക്കുന്നതിന്റെ 'standard operating procedure' സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാനും കാസർഗോഡ്, പാലക്കാട്, എറണാകുളം ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കാർഷിക മേഖലയുടെ വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികൾ

98 (1591) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ സുസ്ഥിര വികസനത്തിനായി നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കൃഷി അനുബന്ധ മേഖലകളിലെ നൂതന സാങ്കേതിക വിദ്യകൾ കർഷകരിലെത്തിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ആത്മ പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കർഷകരുടെ സഹകരണത്തോടെ മാതൃകാ കൃഷിയിടങ്ങൾ പരിപാലിച്ച് വരുന്നുണ്ടോ;

(ഡി) കാർഷിക അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് മാനേജ്മെന്റ് കഴിവും വിജ്ഞാനവ്യാപന ശേഷിയും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പരിശീലനങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കൃഷി വകുപ്പ് മുഖേന കാർഷിക മേഖലയുടെ സുസ്ഥിര വികസനത്തിനായി നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1) കൃഷി ഉന്നതി യോജന

കാർഷിക മേഖലയിൽ കേന്ദ്രാവിഷ്കൃതമായ പദ്ധതികളുടെ എണ്ണം കുറയ്ക്കുകയും അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിനും അവ നടപ്പിലാക്കുന്നതിനും ഉപപദ്ധതികൾ സംയോജിപ്പിച്ചുണ്ടായ പദ്ധതിയാണ് ഇത്. ഇതിന്റെ കീഴിൽ വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1) സംയോജിത ഹോർട്ടിക്കൾച്ചർ വികസനത്തിനായുള്ള മിഷൻ

2) ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ

3) ദേശീയ കാർഷിക സുസ്ഥിര പദ്ധതി

4) എണ്ണപ്പന, എണ്ണക്കുരു എന്നിവയ്ക്കുള്ള ദേശീയ മിഷൻ

5) കാർഷിക വിജ്ഞാന വ്യാപനത്തിനും സാങ്കേതിക വിദ്യയ്ക്കുമുള്ള ദേശീയ പദ്ധതി

6) രാഷ്ട്രീയ കൃഷി വികാസ് യോജന

7) പരമ്പരാഗത കൃഷി വികാസ് യോജന

8) പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന

9) അഗ്രോ ഫോറസ്ട്രിക്കുള്ള ദേശീയ പദ്ധതി

10) സസ്യരോഗ കീട കള വ്യാപന നിയന്ത്രണ പരിശോധനയ്ക്കുള്ള സബ്മിഷൻ

11) വിവര സാങ്കേതിക വിദ്യ

12) കാർഷിക വിപണനത്തിനായുള്ള സംയോജിത പദ്ധതി

13) പ്രധാനമന്ത്രി ഫസൽ ബീമായോജന

14) കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി

(ii) നാളികേര വികസന ബോർഡ് മുഖേനയുള്ള പദ്ധതികൾ

(iii) ദേശീയ ബയോഗ്യാസ് വികസന പദ്ധതി

(ബി) കൃഷി അനുബന്ധ മേഖലകളിലെ നൂതന സാങ്കേതിക വിദ്യകൾ കർഷകരിലെത്തിക്കുന്നതിന് സഹായകമായ പദ്ധതിയാണ് ആത്മ. കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ആത്മ പദ്ധതിയിലെ വിവിധ ഘടകങ്ങളായ പ്രദർശന തോട്ടങ്ങൾ, വയൽ വിദ്യാലയങ്ങൾ എന്നിവവഴി സാധിക്കുന്നു. കാർഷിക രംഗത്തെ ഗവേഷണ ഫലങ്ങൾ കർഷകരിലെത്തിക്കുന്നതിന് കർഷക ശാസ്ത്രജ്ഞ മുഖാമുഖങ്ങൾ, പ്രതിമാസ സാങ്കേതിക ശില്പശാല എന്നിവ സഹായകമാണ്. കർഷകരുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്ന മാതൃക കൃഷിയിടങ്ങൾ, നൂതന സാങ്കേതിക വിദ്യകൾ കൃഷി ഉദ്യോഗസ്ഥരുടെ സഹായത്തോടെ സ്വന്തം കൃഷിയിടത്തിൽ പ്രായോഗികമായി നടപ്പിലാക്കുന്നതിന് കർഷകരെ സഹായിക്കുന്നു. കൂടാതെ പരിശീലന പരിപാടികൾ, പഠനയാത്രകൾ, മേളകൾ, കിസാൻ ഗോഷ്ഠി, കർഷക അവാർഡ്, സീഡ് മണി, ഫുഡ് സെക്യൂരിറ്റി ഗ്രൂപ്പ് എന്നിവയും ആത്മ പദ്ധതി വഴി നടപ്പിലാക്കി വരുന്നു.

(സി) ഉണ്ട്.

(ഡി) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മേഖലാ പരിശീലന കേന്ദ്രങ്ങളായ RATTC കഴക്കൂട്ടം, RATTC കോഴ, RATTC വൈറ്റില, RATTC

മലമ്പുഴ, RATTC തളിപ്പറമ്പ് എന്നിവിടങ്ങൾവഴിയും കർഷക പരിശീലന കേന്ദ്രങ്ങളായ പന്തളം, വേങ്ങേരി എന്നീ കേന്ദ്രങ്ങൾവഴിയും കൃഷി ഉദ്യോഗസ്ഥർക്ക് മാനേജ്മെന്റ്, ശാസ്ത്രീയ കൃഷി രീതികൾ, മാർക്കറ്റിംഗ്, മൂല്യവർദ്ധനവ്, യന്ത്രവൽക്കരണം തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകിവരുന്നു. ഇതുകൂടാതെ സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന സമേതി എന്ന സ്ഥാപനം വഴിയും പരിശീലനങ്ങൾ നൽകുന്നു. ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന MANAGE, EEI, NIPHM പോലെയുള്ള സ്ഥാപനങ്ങൾ വഴിയും കൃഷി ഉദ്യോഗസ്ഥർ മാനേജ്മെന്റ്, നൂതന കൃഷി സാങ്കേതിക വിദ്യകൾ തുടങ്ങിയവയിൽ പരിശീലനം നേടിവരുന്നു. ഈ കേന്ദ്രങ്ങൾ മുഖേന നടത്തുന്ന പരിശീലനങ്ങൾ ഉദ്യോഗസ്ഥരുടെ മാനേജ്മെന്റ് കഴിവും വിജ്ഞാനവ്യാപന ശേഷിയും വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നു.

**ന്യായമായ വിലയിൽ പച്ചക്കറികൾ**

99 (1592) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓണാക്കാലത്ത് ന്യായമായ വിലയിൽ പച്ചക്കറികൾ പൊതുമാർക്കറ്റുകളിൽ നിന്ന് ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

ഓണക്കാലത്ത് ന്യായമായ വിലയിൽ പച്ചക്കറികൾ പൊതുമാർക്കറ്റിൽ നിന്ന് ലഭിക്കുന്നതിന് ശക്തമായ ഇടപെടലുകളാണ് കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനൊപ്പം കർഷകർക്കും ഉപഭോക്താക്കൾക്കും ന്യായവില ലഭിക്കുന്നതിനായി കൃഷി വകുപ്പ് ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ, കർഷകകൂട്ടായ്മകൾ എന്നിവരുമൊത്ത് സംസ്ഥാനത്തുടനീളം വിപണികൾ സംഘടിപ്പിക്കുകയുണ്ടായി. 'ഓണസമൃദ്ധി 2019' എന്ന പേരിൽ കൃഷി വകുപ്പ് 1350 വിപണികളും ഹോർട്ടികോർപ്പ് 500 വിപണികളും വി.എഫ്.പി.സി.കെ.150 വിപണികളും പ്രവർത്തിപ്പിക്കുകയുണ്ടായി. സംസ്ഥാനത്ത് ഉത്പാദിപ്പിക്കാത്ത പച്ചക്കറികൾ ഹോർട്ടികോർപ്പ് സംഭരിച്ച് സംസ്ഥാനത്തുടനീളമുള്ള വിപണികളിലൂടെ വിറ്റഴിക്കുകയുണ്ടായി. കേരളത്തിലെ കർഷകർ ഉത്പാദിപ്പിച്ച പച്ചക്കറികൾ വിപണിയിലെ സംഭരണ വിലയേക്കാൾ 10 ശതമാനം അധികം നൽകി കർഷകരിൽനിന്നും സംഭരിക്കുകയും കമ്പോള

വിലയേക്കാൾ 30 ശതമാനം വില കുറച്ച് ഉപഭോക്താക്കൾക്ക് വിൽക്കുകയും ചെയ്തു. GAP ഉത്പന്നങ്ങൾ വിപണിയിലെ സംഭരണവിലയേക്കാൾ 20 ശതമാനം അധികം നൽകി കർഷകരിൽനിന്നും സംഭരിക്കുകയും കമ്പോള വിലയേക്കാൾ 10 ശതമാനം വില കുറച്ച് ഉപഭോക്താക്കൾക്ക് നൽകുകയും ചെയ്തു.

ഇപ്രകാരം ഓണക്കാലത്തെ പച്ചക്കറികളുടെ വിലക്കയറ്റം നിയന്ത്രിക്കുവാൻ കൃഷി വകുപ്പിന് ഫലപ്രദമായി സാധിച്ചിട്ടുണ്ട്.

**ഇടനിലക്കാരെ ഒഴിവാക്കിയുള്ള കാർഷികോത്പന്ന സംഭരണം**

100 (1593) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി സംഭരിക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുവെന്ന് അറിയിക്കുമോ;

(ബി) ഈ നടപടികൾ കൂടുതൽ വിപുലീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ അധീനതയിലുള്ള 6 കാർഷിക മൊത്തവ്യാപാര വിപണികൾ, 5 ജില്ലാതല സംഭരണ കേന്ദ്രങ്ങൾ എന്നിവ മുഖേന കർഷകർ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി സംഭരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കർഷകർ/കർഷക കൂട്ടായ്മകൾ ഉത്പാദിപ്പിക്കുന്ന പഴം-പച്ചക്കറികൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് വ്യാപാരികൾക്ക് ലേല സംവിധാനത്തിലൂടെ നൽകുന്ന സാഹചര്യം നിലവിലുണ്ട്.

(ബി&സി) കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഇ-നാഷണൽ അഗ്രിക്കൾച്ചർ മാർക്കറ്റ് ഡിജിറ്റൽ സംവിധാനത്തിലൂടെ ഓൺലൈൻ വ്യാപാരം പ്രോത്സാഹിപ്പിക്കുന്നു. ആറ് കാർഷിക മൊത്തവ്യാപാര വിപണികളെ അഖിലേന്ത്യാ ട്രേഡ് പോർട്ടലായ ഇ-നാഷണൽ അഗ്രിക്കൾച്ചർ മാർക്കറ്റ് (ഇ-നാം) എന്ന സംവിധാനത്തിലേയ്ക്ക് സംയോജിപ്പിക്കുന്നതിനായി ആറ് കാർഷിക മൊത്തവ്യാപാര വിപണികൾക്കുമായി വിപണി ഒന്നിന് 30 ലക്ഷം രൂപ ക്രമത്തിൽ 180 ലക്ഷം രൂപ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്.

## മാടായിതോട് പാർശ്വഭിത്തി സംരക്ഷണം

101 (1594) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജക മണ്ഡലത്തിലെ പാറക്കൽ മാടായിതോട് പാർശ്വഭിത്തി സംരക്ഷണവുമായി ബന്ധപ്പെട്ട് 12-9-2018-ൽ ആരംഭിച്ച 2837010/2018/min/Agri., KLDC 2398/2018 എന്നീ നമ്പർ ഫയലുകളിലെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പാർശ്വഭിത്തി സംരക്ഷണവുമായി ബന്ധപ്പെട്ട് തൃശ്ശൂർ റീജിയണൽ ഓഫീസിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സോയിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്നറിയിക്കാമോ?

ഉത്തരം

(എ-സി) മഞ്ചേരി നിയോജകമണ്ഡലത്തിലെ പാറക്കൽ മാടായിതോട് പാർശ്വഭിത്തി സംരക്ഷണവുമായി ബന്ധപ്പെട്ട് 12-9-2018-ൽ ആരംഭിച്ച 2837010/2018/min/Agri, KLDC2398/2018 എന്നീ നമ്പർ ഫയലുകളുമായി ബന്ധപ്പെട്ട് കെ.എൽ.ഡി.സി.-യുടെ തൃശ്ശൂർ റീജിയണൽ ഓഫീസിൽ നിന്നുമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചിരുന്നു. പ്രസ്തുത പദ്ധതിയിലൂടെ കൃഷി വികസനം സാധ്യമാകുമോ എന്ന് പരിശോധിക്കുകയും നിലവിൽ തോടിനോട് ചേർന്നുകിടക്കുന്ന സ്ഥലം മണ്ണിട്ട് നികത്തി കൃഷിയോഗ്യമല്ലാത്ത അവസ്ഥയിലായതിനാൽ തോടിന്റെ പാർശ്വഭിത്തി നിർമ്മിച്ച് നവീകരിച്ചാലും ആയതിനോട് ചേർന്നുകിടക്കുന്ന സ്ഥലങ്ങൾ തൽസ്ഥിതിയിൽ കൃഷിയോഗ്യമാക്കുന്നതിന് സാധ്യമല്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്.

## നബാർഡ് മുഖാന്തരം കെ.എൽ.ഡി.സി. നടപ്പിലാക്കുന്ന പ്രവൃത്തി

102 (1595) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എൽ.ഡി.സി., നബാർഡ് മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളിൽ 2019-20 സാമ്പത്തിക വർഷം ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ആയതിന്റെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ 2019-20 സാമ്പത്തിക വർഷം ആർ.ഐ.ഡി.എഫ് XXV-ൽ ഉൾപ്പെട്ട ചുവടെ ചേർത്തിരിക്കുന്ന 3 പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ആയതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ആലപ്പുഴ പുറക്കാട് പഞ്ചായത്തിലെ അപ്പാത്തിക്കരി പാടശേഖരത്തിന്റെ അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികൾ | 579.23 |
| 2 | പാലക്കാട് ജില്ലയിലെ 4 കുളങ്ങളുടെ പുനരുദ്ധാരണം | 516.90 |
| 3 | തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി പഞ്ചായത്തിലെ ചാത്തൻചിറയുടെ പുനരുദ്ധാരണം | 709.98 |
| | ആകെ | 1806.11 |

**മാവേലിക്കര നിയമസഭാമണ്ഡലത്തിലെ കെ.എൽ.ഡി.സി.പ്രവൃത്തികൾ**

103 (1596) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് കെ.എൽ .ഡി. സി മുഖാന്തരം എസ്റ്റിമേറ്റ് തയ്യാറാക്കി നല്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് തുക അനുവദിച്ച് ഭരണാനുമതി നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ കെ.എൽ.ഡി.സി.വഴി താഴെചേർത്തിരിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു.

1. ആർ.കെ.വി.വൈ. സ്കീമിൽ ഉൾപ്പെടുത്തി നൂറനാട് പഞ്ചായത്തിലെ പള്ളിമുക്ക് സൗത്ത് പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. ആർ.ഐ.ഡി.എഫ് - XXV-ൽ ഉൾപ്പെടുത്തി കരിങ്ങാലി ചാൽ പുഞ്ച പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ.

(ബി)

1. ആർ.കെ.വി.വൈ. 2018-19 സ്കീമിൽ ഉൾപ്പെടുത്തി പള്ളിമുക്ക് സൗത്ത് പാടശേഖരത്തിന് 120.46 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

2. നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XXV-സ്കീമിൽ ഉൾപ്പെടുത്തി സമർപ്പിച്ച കരിങ്ങാലിൽ ചാൽ പുഞ്ചയുടെ പ്രവൃത്തി നബാർഡിന്റെ പരിഗണനയ്ക്കായി ധനകാര്യ വകുപ്പിൽ സമർപ്പിച്ചിരിക്കുകയാണ്.

## കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ്

104 (1597) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) നടപടികൾ പൂർത്തീകരിച്ച് സ്പെഷ്യൽ റൂൾസ് എപ്പോൾ നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. അന്തിമതീരുമാനം ഉടനെ കൈക്കൊള്ളുന്നതാണ്.

## കൃഷി ആഫീസർമാരുടെ നിരീക്ഷണകാലം

105 (1598) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ആഫീസർമാരുടെ നിരീക്ഷണകാലം ഡിക്ളയർ ചെയ്യുന്നതിനുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2012 ആഗസ്റ്റ് നാലാം തീയതി കൃഷി അസിസ്റ്റന്റുമാർക്കുള്ള രണ്ട് ശതമാനം ക്വാട്ടാ പ്രൊമോഷനിൽ സ്ഥാനകയറ്റം ലഭിച്ച ചെങ്ങന്നൂർ മണ്ഡലത്തിലെ ബുധനൂർ കൃഷി ആഫീസറായ സൂസൻ തോമസിന്റെ നീരിക്ഷണകാലം ഡിക്ളയർ ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) 2014 മുതൽ നിലവിൽ പത്ത് ശതമാനം ഒഴിവുകൾ നിലനില്ക്കുമ്പോൾ ഈ കൃഷി ആഫീസർമാരെ റഗുലറൈസ് ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൃഷി ഓഫീസർ തസ്തികയിലെ ആകെ എണ്ണത്തിന്റെ 85 ശതമാനം കേരള പി.എസ്.സി.വഴിയും 15 ശതമാനം കൃഷി അസിസ്റ്റന്റുമാർക്ക് വകുപ്പുതല പ്രൊമോഷൻവഴി സ്ഥാനക്കയറ്റം നൽകിയുമാണ് നിയമനം നടത്തുന്നത്. 10-7-2008 -ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 1342/8/കൃഷി പ്രകാരം 15 ശതമാനം വകുപ്പുതല പ്രൊമോഷൻ ക്വാട്ട, പി.എസ്.സി. നടത്തുന്ന യോഗ്യത പരീക്ഷ വിജയിച്ചവർക്ക് 13 ശതമാനം, കൃഷി അസിസ്റ്റന്റുമാരിൽ കാർഷിക ബിരുദധാരികൾക്ക് രണ്ട് ശതമാനം എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. 2012 കാലയളവിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാലും 13 ശതമാനം ക്വാട്ടയിൽ യോഗ്യരായവർ ഇല്ലാത്തതിനാലും കാർഷിക ബിരുദമുള്ള 24 കൃഷി അസിസ്റ്റന്റുമാരെ 13 ശതമാനം ക്വാട്ടയിലേയ്ക്ക് 12-6-2012-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1246/12/കൃഷിയുടെ അടിസ്ഥാനത്തിൽ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നു. 13 ശതമാനം ക്വാട്ടയിൽ അർഹരായവർ ഉണ്ടാകുമ്പോൾ തരംതാഴ്ത്തപ്പെടും എന്ന നിബന്ധനയിലാണ് ഇവർക്ക് പ്രൊമോഷൻ നൽകിയിരുന്നത്. ശ്രീമതി സൂസൻ തോമസ് ഇതിൽ ഉൾപ്പെട്ടിട്ടുള്ള കൃഷി അസിസ്റ്റന്റാണ്. പിന്നീട് 13 ശതമാനം ക്വാട്ടയിൽ യോഗ്യരായവർ ഉണ്ടായപ്പോൾ ഇവരെ തരംതാഴ്ത്താതെ പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാൽ 85 ശതമാനം ക്വാട്ടയിലേയ്ക്ക് മാറ്റി നിയമിച്ചിരുന്നു. കൃഷി അസിസ്റ്റന്റ് തസ്തികയിലെ സീനിയോറിറ്റി സംബന്ധിച്ച് വിവിധ കോടതികളിൽ കേസുകളും താൽക്കാലിക നിയമനങ്ങൾ സംബന്ധിച്ച് ധാരാളം പരാതികളും ഉണ്ടായ സാഹചര്യത്തിൽ വിവിധ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 2-9-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 838/2017/കൃഷി, 10-4-2018-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ . 61/2018/കൃഷി എന്നീ ഉത്തരവുകളിലൂടെയാണ് താൽക്കാലിക നിയമനങ്ങൾ എങ്ങനെ ക്രമീകരിക്കേണ്ടതെന്നത് സംബന്ധിച്ച വ്യക്തത സർക്കാർ വരുത്തിയിട്ടുള്ളത്. ഈ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 2 ശതമാനം ക്വാട്ടയിൽ ഉള്ള ഒഴിവുകളിലേയ്ക്ക് കൃഷി ഓഫീസർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2-9-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 838/2017/കൃഷി, 10-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 61/2018/കൃഷി എന്നിവയുടെ അടിസ്ഥാനത്തിൽ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റികൂടി സെലക്ട് ലിസ്റ്റിൽ യോഗ്യരായവരെ ഉൾപ്പെടുത്തി സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥിരനിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തൃത്താല നിയോജകമണ്ഡലത്തിലെ കൃഷിഭവനുകളിലെ ഒഴിവുകൾ

106 (1599) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല നിയോജകമണ്ഡലത്തിൽ നിലവിൽ സ്ഥിരം കൃഷി ആഫീസർമാരെ നിയമിച്ചിട്ടില്ലാത്ത കൃഷിഭവനുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കൃഷിഭവനുകളിൽ കൃഷി ആഫീസറുടെ തസ്തികകൾ എത്ര കാലമായി ഒഴിഞ്ഞ് കിടക്കുന്നു എന്നും കൃഷി ആഫീസർമാരുടെ ചുമതല ആർക്കൊക്കെയാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) തൃത്താല നിയോജകമണ്ഡലത്തിലെ കൃഷിഭവനുകളിൽ അനുവദിച്ചിട്ടുള്ള അഗ്രികൾച്ചറൽ അസിസ്റ്റന്റുമാരുടെ തസ്തികകളുടെ എണ്ണം കൃഷിഭവനുകൾ തിരിച്ച് വ്യക്തമാക്കാമോ; ഈ തസ്തികകളിൽ ഒഴിഞ്ഞു കിടക്കുന്നവ ഏതൊക്കെയാണെന്നും എന്നുമുതലാണ് ഒഴിഞ്ഞു കിടക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്രളയക്കെടുതിയിൽ ദുരിതം അനുഭവിക്കുന്ന ഇവിടുത്തെ കർഷകർക്ക് സമയബന്ധിതമായി ആശ്വാസം എത്തിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഈ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) തൃത്താല നിയോജകമണ്ഡലത്തിൽ ചാലിശ്ശേരി കൃഷി ഭവനിൽ നിലവിൽ സ്ഥിരം കൃഷി ഓഫീസറെ നിയമിച്ചിട്ടില്ല. 16-3-2019 മുതൽ ചാലിശ്ശേരി കൃഷി ഓഫീസറുടെ പൂർണ്ണ അധിക ചുമതല തിരുമിറ്റക്കോട് കൃഷി ഭവനിലെ കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്. കൂടാതെ തൃത്താല, ആനക്കര, കപ്പൂർ കൃഷി ഭവനുകളിൽ സ്ഥിരം കൃഷി ഓഫീസർമാരെ നിയമിച്ചിരുന്നുവെങ്കിലും അവർ ഇതുവരെ ജോലിയിൽ പ്രവേശിച്ചിട്ടില്ല. അധിക ചുമതല നൽകിയത് താഴെപ്പറയും പ്രകാരമാണ്.

1. തൃത്താല കൃഷിഭവന്റെ അധിക ചുമതല 4-9-2019 മുതൽ തിരുമിറ്റക്കോട് കൃഷി ഓഫീസർക്ക് നൽകി.

2. ആനക്കര കൃഷിഭവന്റെ അധിക ചുമതല 1-5-2019 മുതൽ പട്ടിത്തറ കൃഷി ഓഫീസർക്ക് നൽകി.

3. കപ്പൂർ കൃഷിഭവന്റെ അധിക ചുമതല 4-9-2019 മുതൽ പട്ടിത്തറ കൃഷി ഓഫീസർക്ക് നല്കി.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സഹസ്ര സരോവർ പദ്ധതി**

107 (1600) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന സഹസ്ര സരോവർ പദ്ധതിയിൽ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ;

(ബി) സഹസ്ര സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ഏതെങ്കിലും പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

ഉത്തരം

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന ക്രമത്തിൽ 1000 ചിറകൾ സംരക്ഷിക്കുക എന്ന ദൗത്യംവഴി അടഞ്ഞ ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കുകയും തദ്വാര കുടിവെള്ളവും കാർഷികാവശ്യത്തിനുള്ള ജലസേചനവും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടുകൂടി കൃഷി വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന ഒരു ബൃഹത് പദ്ധതിയാണ് സഹസ്ര സരോവർ.

(ബി) സഹസ്ര സരോവർ പദ്ധതി പ്രകാരം നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ തുമ്പോട് ക്ഷേത്രക്കുളത്തിന്റെ നവീകരണത്തിനായി 60.5 ലക്ഷം രൂപയുടെ DPR തയ്യാറാക്കി RKVY 2019-20-ൽ ഉൾപ്പെടുത്തുന്നതിന് പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നെങ്കിലും ആയതിന് ഭരണാനുമതി നൽകിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മണലൂർ മണ്ഡലത്തിൽ അഗ്രോ ബസാർ

108 (1601) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ പുതിയ ഒരു അഗ്രോ ബസാർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ;

(ബി) തൃശ്ശൂർ ജില്ലയിൽ നിലവിൽ എവിടെയെല്ലാം അഗ്രോ ബസാറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അഗ്രോ ബസാർ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) മണലൂർ മണ്ഡലത്തിൽ പുതിയ അഗ്രോ ബസാർ തുടങ്ങുന്നതിന് നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) തൃശ്ശൂർ ജില്ലയിൽ അരിമ്പൂരിൽ ഒരു അഗ്രോ ബസാറും ചെമ്പൂക്കാവ് അഗ്രിക്കൾച്ചറൽ കോംപ്ലക്സിൽ ഒരു അഗ്രോ ഹൈപ്പർ ബസാറും നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) അതാത് വർഷത്തെ വാർഷിക പ്ലാനിൽ അഗ്രോബസാർ എന്ന ഘടകത്തിന് അനുമതിയും ബഡ്ജറ്റ് വിഹിതവും വകുപ്പ് ഉറപ്പാക്കേണ്ടതുണ്ട്. ബഡ്ജറ്റ് വിഹിതം അനുവദിക്കുന്ന പക്ഷം അനുയോജ്യമായ പദ്ധതിരേഖ സമർപ്പിക്കുവാൻ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനോട് നിർദ്ദേശിക്കുകയും ചെയ്യുന്നു. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ അഗ്രോബസാർ തുടങ്ങുന്നതിനായി വിശദമായ DPR തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്നു. പ്രസ്തുത DPR വിശദമായി പരിശോധിച്ചതിനുശേഷം വർക്കിംഗ് ഗ്രൂപ്പിന് സമർപ്പിക്കുന്നു. വർക്കിംഗ് ഗ്രൂപ്പിന്റെ പരിശോധനയിൽ പദ്ധതി അനുയോജ്യമാണെന്ന് കണ്ടാൽ വർക്കിംഗ് ഗ്രൂപ്പ് ഭരണാനുമതിക്കായി ശിപാർശ ചെയ്യുന്നു. ഭരണാനുമതി ലഭിച്ചുകഴിഞ്ഞാൽ തുക വിനിയോഗിക്കുവാനുള്ള ഉത്തരവ് കൃഷി വകുപ്പ് KAICO-യ്ക്ക് നൽകുന്നു.

## കൈപ്പാട് നെൽകൃഷി

109 (1602) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൈപ്പാട് പ്രദേശങ്ങളിൽ നെൽകൃഷി ചെയ്യുന്ന പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര ഏക്കർ കൃഷിയാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കാസർഗോഡ് ജില്ലയിൽ കൈപ്പാട് പ്രദേശത്തിന്റെ ആകെ വിസ്തൃതി 195 ഹെക്ടറാണ്. കാസർഗോഡ്, മഞ്ചേശ്വരം, കാഞ്ഞങ്ങാട്, നീലേശ്വരം ബ്ലോക്കുകളിൽപ്പെടുന്ന മൊഗ്രാൽ പുത്തൂർ, മഞ്ചേശ്വരം, ഉദുമ, പള്ളിക്കര, പുല്ലൂർ-പെരിയ, നീലേശ്വരം, ചെറുവത്തൂർ, പടന്ന, പീലിക്കോട്, വലിയപറമ്പ, തൃക്കരിപ്പൂർ എന്നീ കൃഷി ഭവൻ പരിധിയിലായിട്ടാണ് കൈപ്പാട് നിലങ്ങൾ വ്യാപിച്ച് കിടക്കുന്നത്.

അതിൽ 19 ഹെക്ടർ സ്ഥലത്ത് മാത്രമാണ് നെൽകൃഷി ചെയ്യുന്നത്.

**ഒല്ലൂർ മണ്ഡലത്തിലെ കൃഷിവകുപ്പ് പദ്ധതികൾ**

110 (1603) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഒല്ലൂർ നിയോജകമണ്ഡലത്തിൽ കൃഷിവകുപ്പ് മുഖേന നടത്തിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒല്ലൂർ നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടത്തിയിട്ടുള്ള പദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

**പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലെ കുളം**

111 (1604) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിലവിലുള്ള കുളം വിപുലപ്പെടുത്തുന്നതിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതിയുടെ നിലവിലെ സ്റ്റാറ്റസ് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനോട് അനുബന്ധിച്ച ഫയൽ ഏതെല്ലാം സെക്ഷനിൽ എത്ര ദിവസം ഉണ്ടായിരുന്നു എന്ന് തീയതി സഹിതം അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ-സി) പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിലവിലുള്ള കുളം വിപുലപ്പെടുത്തുന്നതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. RKVY പദ്ധതി പ്രകാരം കുളം വിപുലപ്പെടുത്തുന്നതിലേയ്ക്കായുള്ള പദ്ധതി നിർദ്ദേശം No.R6/60828/2016 vol.ii(b) എന്ന നമ്പറിൽ 11-12-2017-ൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. 9-4-2018-ൽ കൂടിയ 23-ാമത് State Level Sanctioning Committee ഇക്കാര്യത്തിൽ ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രിക്കൾച്ചറൽ റിസർച്ചിന്റെ (ICAR) അഭിപ്രായം ലഭ്യമാക്കാൻ ആവശ്യപ്പെടുകയുണ്ടായി. ആയത് നാളിതുവരെ ലഭ്യമായിട്ടില്ല.

**കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കൃഷി**

112 (1605) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കൃഷിയെ സഹായിക്കുന്നതിന് 2019-20 വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ബി) അധിവർഷത്താലും രൂക്ഷമായ വരൾച്ചയാലും കൃഷിനാശം സംഭവിച്ച അടയ്ക്കാ കൃഷിക്കാർക്കു പ്രസ്തുത തുക നൽകുന്നതിന് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കൃഷിയെ സഹായിക്കുന്നതിന് 2019-20 വർഷത്തെ ബഡ്ജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ബഡ്ജറ്റിൽ അടയ്ക്കാ പാക്കേജിനായി നീക്കി വച്ചിരിക്കുന്ന തുക മഹാളി രോഗം തടയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും മഞ്ഞളിപ്പ് രോഗം ബാധിച്ച് ഉല്പാദനം കുറഞ്ഞ കവുങ്ങ് വെട്ടിമാറ്റി പകരം തൈ വച്ച് പിടിപ്പിക്കുന്നതിനുമാണ്. ആയതിനാൽ പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തര പരിപാടി എന്ന പദ്ധതിയിൽനിന്നും അധിവർഷത്താലും രൂക്ഷമായ വരൾച്ചയാലും കൃഷിനാശം സംഭവിച്ച അടയ്ക്കാ കൃഷിക്കാർക്ക് ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**നെടുമങ്ങാട് മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

113 (1606) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ വിവിധ വികസന പ്രവർത്തനങ്ങൾക്കായി കൃഷി വകുപ്പ് മുഖാന്തരം

എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചതെന്നും വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ബഡ്ജറ്റിൽ അനുവദിക്കുന്ന പദ്ധതികൾക്കാണ് സർക്കാർ ഭരണാനുമതി നൽകുന്നത്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഉത്തരവുകൾ നിലവിലില്ല. നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പുവഴി നടത്തിയ വികസന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 2016-17, 2017-18, 2018-19 വർഷത്തെ സ്കീമുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 2019-20 പദ്ധതികളുടെ നിർവ്വഹണം നടന്നുവരുന്നു.

## കീഴാറ്റൂർ ഗ്രാമപഞ്ചായത്തിനെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന നടപടി

114 (1607) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കീഴാറ്റൂർ ഗ്രാമപഞ്ചായത്തിനെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച ഫയലിന്റെ വിശദാംശവും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ;

(സി) പ്രസ്തുത പഞ്ചായത്തിനെ കേര ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലൂടെ അവിടെ എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) മലപ്പുറം ജില്ലയിലെ മഞ്ചേരി നിയോജകമണ്ഡലത്തിലെ തെങ്ങുകൃഷി വ്യാപകമായുള്ളതും മുൻവർഷങ്ങളിൽ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താത്തതുമായ കീഴാറ്റൂർ പഞ്ചായത്തിനെ 2019-20 വർഷം കൃഷി വകപ്പിന്റെ നാളികേര വികസന പദ്ധതിയായ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് കൃഷി ഡയറക്ടറേറ്റിലെ ഫയൽ നമ്പർ റ്റിബി(1)13192/2019 പ്രകാരം 17-7-2019-ന് മലപ്പുറം ജില്ല ഉൾപ്പെടെയുള്ള പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് അയച്ച കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണ മുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ പദ്ധതികളും സംയോജിത പരിചരണ മുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസവളങ്ങൾ, ജീവാണു വളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിള കൃഷി എന്നിവയും നടപ്പിലാക്കുന്നു. ഇതിനുപുറമേ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങൾ തുടങ്ങുവാനും പ്രോത്സാഹനം നൽകുന്നുണ്ട്.

## കൊരട്ടിച്ചാലിലെ ആർ.കെ.വി.വൈ. പദ്ധതി

115 (1608) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ ആർ.കെ.വി.വൈ. പ്രകാരം അനുവദിച്ച കൊരട്ടിച്ചാൽ സംരക്ഷണ-നവീകരണ പദ്ധതിയുടെ ഒന്നാം ഘട്ടമായി ഏതെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്;

(ബി) ഇനി ഏതെല്ലാം പ്രവൃത്തികളാണ് ഒന്നാം ഘട്ടത്തിൽ പൂർത്തീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി നിർവ്വഹണത്തിലുണ്ടായിട്ടുള്ള കാലതാമസം പരിഹരിക്കുന്നതിനും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കൊരട്ടിച്ചാൽ സംരക്ഷണ-നവീകരണ പദ്ധതിയുടെ ഒന്നാം ഘട്ടമായി പൂർത്തീകരിച്ച പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. കനാൽ താഴ്ച കൂട്ടലും ബണ്ട് നിർമ്മാണവും 2,225 മീറ്റർ പൂർത്തീകരിച്ചു.
2. 10 മീറ്റർ സ്പാനുള്ള സ്ലുയിസ് പണി പൂർത്തീകരിച്ചു.
3. രണ്ട് പൈപ്പ് സ്ലുയിസ് നിർമ്മാണം പൂർത്തീകരിച്ചു. (ട്രാക്ടർ റാമ്പിന് പകരം)
4. നാല് പൈപ്പ് സ്ലുയിസുകളുടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു.

(ബി) ഒന്നാം ഘട്ട പദ്ധതി പ്രകാരം നിലവിൽ അനുമതി കിട്ടിയ പ്രവൃത്തികളിൽ രണ്ട് ട്രാക്ടർ റാമ്പുകളുടെ നിർമ്മാണം സ്ഥലം ലഭ്യമല്ലാത്തതിനാൽ പാടശേഖര സമിതികളുടെ ശിപാർശ പ്രകാരം ഉപേക്ഷിച്ചു. പെട്രോനൈറ്റ് സിസികെ ലിമിറ്റഡ് പൈപ്പ് ലൈൻ കടന്നുപോകുന്ന 76.00 മീറ്റർ ദൂരം കൊരട്ടിച്ചാലിൽ പ്രവൃത്തി ചെയ്യുന്നതിന് അനുമതി ലഭിക്കാത്തതിനാൽ ഒഴിവാക്കിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ മറ്റ് പ്രവൃത്തികൾ ഒന്നും പൂർത്തീകരിക്കുവാനില്ല.

(സി) രണ്ടാം ഘട്ടത്തിൽ 2,64,60,000 രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുകയും ടെണ്ടർ നടപടി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ മാർക്കറ്റ് നവീകരണം

116 (1609) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പ്രധാന മാർക്കറ്റുകൾ ആയ ആറാലുംമൂട്, ഉദിയൻകുളങ്ങര എന്നീ മാർക്കറ്റുകളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത മാർക്കറ്റുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) മാർക്കറ്റുകൾ നവീകരിക്കുന്നതിന് കൃഷിവകുപ്പിൽ നിന്നും ഫണ്ട് അനുവദിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇതിന്റെ ഡി.പി.ആർ തയ്യാറാക്കാൻ ആരെയാണ് കൃഷിവകുപ്പ് ചുമതലപ്പെടുത്തുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പ്രധാന മാർക്കറ്റുകളായ ആറാലുംമൂട്, ഉദിയൻകുളങ്ങര എന്നീ മാർക്കറ്റുകൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നവയാണ്. ആറാലുംമൂട് മാർക്കറ്റ് നവീകരിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ആൻസലൻ എം.എൽ.എ.യുടെ നിവേദനം ലഭിച്ചിരുന്നു. എന്നാൽ കൃഷി വകുപ്പിന് ഈ വിപണികളുടെ മേൽ നേരിട്ട് നിയന്ത്രണം ഇല്ലാത്തതിനാൽ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ നിലവിലെ സാഹചര്യത്തിൽ നിർവ്വാഹമില്ല.

കൃഷി വകുപ്പിന്റെ അധീനതയിലുള്ള കാർഷിക മൊത്തവ്യാപാര വിപണികൾക്ക് മാത്രമാണ് വിപണി നവീകരണത്തിനായി കൃഷി വകുപ്പ് ഫണ്ട്

അനുവദിക്കാറുള്ളത്. വിപണി നവീകരണ പ്രവർത്തനങ്ങൾ മാർക്കറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അക്രഡിറ്റഡ് ഏജൻസികളുടെ സഹായത്തോടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയാണ് നടപ്പിലാക്കി വരുന്നത്.

## കുമിളി കൃഷിഭവന് പ്ലാന്റ് ഹെൽത്ത് ക്ലിനിക്

117 (1610) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 -19 വർഷത്തിൽ കൃഷി വകുപ്പ് പീരുമേട് മണ്ഡലത്തിലെ കുമിളി കൃഷിഭവന് അനുവദിച്ച പ്ലാൻറ് ഹെൽത്ത് ക്ലിനിക്കിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത ക്ലിനിക്കിന്റെ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2018-19 വർഷത്തിൽ കൃഷി വകുപ്പ് പീരുമേട് മണ്ഡലത്തിലെ കുമിളി കൃഷിഭവന് അനുവദിച്ച പ്ലാന്റ് ഹെൽത്ത് ക്ലിനിക്കിൽ പെസ്റ്റ് സ്കൗട്ട് ജോലിയിൽ പ്രവേശിക്കുകയും ക്ലിനിക്കിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## വാർഷിക പച്ചക്കറി ഉല്പാദനം

118 (1611) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർഷത്തിൽ ശരാശരി എത്ര ടൺ പച്ചക്കറി ആവശ്യമുള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പച്ചക്കറിയുടെ ശരാശരി ആഭ്യന്തര ഉല്പാദനം വർഷത്തിൽ എത്ര ടൺ ആണെന്ന് വെളിപ്പെടുത്താമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പച്ചക്കറി ഉല്പാദനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തതയിലെത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 20 ലക്ഷം ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത്.

(ബി) 2015-16 -ൽ പച്ചക്കറി ഉല്പാദനം 6.28 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2018-19 -ൽ 12.12 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. 2019-20 -ൽ 15 ലക്ഷം മെട്രിക് ടൺ ആണ് പ്രതീക്ഷിക്കുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പച്ചക്കറി ഉല്പാദനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ബൃഹത്ത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ താഴെകൊടുക്കുന്നു.

- ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
- മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും
- സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി
- ജില്ലാ ക്ലസ്റ്റർ വികസനം
- ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം
- ബ്ലോക്ക്തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം
- നഴ്സറികൾ സ്ഥാപിക്കൽ
- പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം തുടങ്ങിയവ
- സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും
- പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം
- കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം
- മഴമറ നിർമ്മാണം
- വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസനം.

## നീർത്തട മാസ്റ്റർ പ്ലാൻ

119 (1612) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിൽ നീർത്തടാധിഷ്ഠിത ആസൂത്രണം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് നെറ്റ് പ്ലാനിംഗിന്റെ അടിസ്ഥാനത്തിൽ നീർത്തട മാസ്റ്റർ പ്ലാൻ പരിഷ്ക്കരിക്കാനുള്ള മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കാൻ മറ്റു വകുപ്പുകളുടെ ഏകോപനം/അഭിപ്രായങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കാർഷിക മേഖലയിൽ നീർത്തടാധിഷ്ഠിത ആസൂത്രണം നടപ്പിലാക്കിയിട്ടില്ല. എന്നാൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നീർത്തടാടിസ്ഥാനത്തിലാണ് നടപ്പിലാക്കി വരുന്നത്.

(ബി) പുറപ്പെടുവിച്ചിട്ടില്ല.

(സി) ബാധകമല്ല.

**വെളിയന്നൂർ കൃഷിഭവൻ പുനരുദ്ധാരണം**

120 (1613) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെളിയന്നൂർ കൃഷിഭവൻ പുനരുദ്ധാരണം സംബന്ധിച്ച് ഫയൽ നമ്പർ 3733566 പ്രകാരം നൽകിയ നിവേദനത്തിൽ അഗ്രികൾച്ചർ ഡയറക്ടർ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് അഗ്രികൾച്ചർ ഡയറക്ടറേറ്റിലെ ഫയൽ നമ്പർ വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) വെളിയന്നൂർ കൃഷിഭവൻ പുനരുദ്ധാരണം സംബന്ധിച്ച് നൽകിയ നിവേദനത്തിന്മേലുള്ള നടപടികൾ കൃഷി ഡയറക്ടറേറ്റിൽ നടന്നുവരുന്നു. കൃഷിഭവൻ പുനരുദ്ധാരണം, നവീകരണം തുടങ്ങിയവയ്ക്ക് കൃഷി ഡയറക്ടറേറ്റിൽ ഫണ്ട് നീക്കി വച്ചിട്ടില്ലാത്തതിനാലും കൃഷിഭവനുകൾ പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ ആയതിനാലും കൃഷിഭവൻ നിർമ്മാണവും പുനരുദ്ധാരണവും പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ ഉൾക്കൊള്ളിച്ചാണ് നടത്താറുള്ളത്. ആയതിനുള്ള അനുമതി മാത്രമാണ് കൃഷി ഡയറക്ടറേറ്റിൽനിന്നും നൽകാറുള്ളത്.

ഇതുസംബന്ധിച്ച് കൃഷി ഡയറക്ടറേറ്റിൽ തുടങ്ങിയ ഫയൽ നമ്പർ റ്റി.വി. (2)31922/19 ആണ്.

(ബി) ഇല്ല.

## ഫാം സ്റ്റാഫ് തസ്തികകളുടെ പുനർനാമകരണം

121 (1614) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാം സ്റ്റാഫ് തസ്തികളുടെ പുനർനാമകരണം നടത്തുന്നതിന് സർവ്വകലാശാല തീരുമാനമെടുത്തിരുന്നുവോ; എങ്കിൽ ഇതിന്റെ സാഹചര്യം എന്തായിരുന്നു; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ പുനർനാമകരണത്തിനു സർവ്വകലാശാലയ്ക്ക് എന്തെങ്കിലും തരത്തിലുള്ള സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്നുണ്ടോ; ഇത്തരത്തിലുള്ള വിഷയത്തിൽ കമ്മിറ്റി തീരുമാനമെടുത്താൽ അതിന് സർക്കാരിന്റെ അനുമതി ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ ഈ തീരുമാനത്തിൽ സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എക്സിക്യൂട്ടീവ് കമ്മിറ്റി എന്നാണ് ഈ തീരുമാനം എടുത്തിട്ടുള്ളത്; സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിനായുള്ള അപേക്ഷ നല്കിയത് എന്നാണ്; ഇതോടനുബന്ധിച്ച് സർക്കാരുമായി നടത്തിയിട്ടുള്ള മുഴുവൻ എഴുത്തുകളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(ഡി) എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനമെടുത്തതിനു ശേഷം സർക്കാരിൽ നിന്നും അനുമതി ലഭിക്കാനായി അപേക്ഷ നല്കിയതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; കാലതാമസം ബോധപൂർവ്വമാണെങ്കിൽ അതിന് കാരണക്കാരായ ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഫാം അസിസ്റ്റന്റ് (അഗ്രി) ഗ്രേഡ് II എന്ന തസ്തിക ഫാം ഓഫീസർ ഗ്രേഡ് II എന്ന് പുനർനാമകരണം നടത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു.

(ബി) ഫാം സ്റ്റാഫ് തസ്തികകളുടെ പുനർനാമകരണത്തിനുള്ള നിർദ്ദേശത്തിൻ- മേൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. പ്രസ്തുത വിഷയം വിശദമായി പരിശോധിക്കേണ്ടതുണ്ട്. ആയതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. ചാൻസിലർ കൂടിയായ ബഹുമാനപ്പെട്ട ഗവർണറാണ് ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നത്. ആവശ്യമുള്ള പക്ഷം ഗവർണർ സർക്കാരിന്റെ ഉപദേശം തേടാറുണ്ട്.

(സി) 11-6-2018, 12-7-2018 തീയതികളിലെ 568, 569 എന്നീ ഭരണസമിതി യോഗങ്ങളിൽ ടി പ്രൊപ്പോസൽ ചർച്ച ചെയ്യുകയും

അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 18-9-2018-നാണ് പുനർനാമകരണം സംബന്ധിച്ച പ്രൊപ്പോസൽ ബഹുമാനപ്പെട്ട ഗവർണറുടെ അംഗീകാരത്തിനായി അയച്ചിട്ടുള്ളത്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)* പിന്നീട് മറ്റു കത്തിടപാടുകളൊന്നും നടത്തിയിട്ടില്ല.

(ഡി) ഭരണ സമിതി അംഗീകരിച്ച പ്രൊപ്പോസൽ പിന്നീട് ജനറൽ കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുകയും 27-7-2018 -ന് ചേർന്ന ജനറൽ കൗൺസിൽ യോഗത്തിന്റെ അംഗീകാരം ലഭിച്ചതിനുശേഷം ബഹുമാനപ്പെട്ട ഗവർണറുടെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ചട്ടപ്രകാരം സ്വീകരിക്കേണ്ടതായ നടപടിക്രമങ്ങളാണ് പാലിച്ചുവരുന്നത്. കാലതാമസം ഉണ്ടായിട്ടില്ല.

## അഗ്രി അനലിറ്റിക്സ്

122 (1615) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവര സാങ്കേതിക വിദ്യയും കൃഷിയും സമന്വയിപ്പിച്ചിട്ടുള്ള അഗ്രി അനലിറ്റിക്സ് വിഷയത്തിൽ കേരള കാർഷിക സർവകലാശാല ഏതെങ്കിലും കോഴ്സുകൾ നടത്തുന്നുണ്ടോ;

(ബി) കാലാവസ്ഥാ മാറ്റം, വിപണിയിലെ മാന്ദ്യം, ഉൽപ്പാദന ക്ഷമതയിലുണ്ടാകുന്ന ഏറ്റക്കുറച്ചിൽ, വിപണന സാധ്യത തുടങ്ങിയ ഘടകങ്ങൾക്കനുസരിച്ച് കൃഷിരീതികൾ ക്രമീകരിക്കാനും പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി മനസ്സിലാക്കി കാർഷിക ഉൽപ്പാദന പ്രവചന രീതികൾ ആവിഷ്കരിക്കാനും അഗ്രി അനലിറ്റിക്സ് പ്രയോജനപ്പെടുത്താൻ ആലോചിക്കുമോ;

(സി) അഗ്രി അനലിറ്റിക്സ് മേഖലയിലെ തൊഴിൽ സാധ്യത മുന്നിൽ കണ്ട് ഈ വിഷയത്തിൽ ഡിപ്ലോമ, ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിവര സാങ്കേതിക വിദ്യയും കൃഷിയും സമന്വയിപ്പിച്ചിട്ടുള്ള അഗ്രി അനലിറ്റിക്സ് വിഷയത്തിൽ കേരള കാർഷിക സർവ്വകലാശാല നിലവിൽ കോഴ്സുകൾ നടത്തുന്നില്ല. എന്നാൽ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ കോഴ്സുകളുടെ ഭാഗമായി മേൽ പറഞ്ഞവ പാഠ വിഷയമാക്കുന്നുണ്ട്.

(സി) ബയോ ഇൻഫോർമാറ്റിക്സ് എന്ന വിഷയത്തിൽ ഒരു പി.ജി. ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## അർബൻ ഹോൾസെയിൽ അഗ്രികൾച്ചറൽ മാർക്കറ്റ്

123 (1616) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് വേങ്ങേരി അർബൻ ഹോൾസെയിൽ അഗ്രികൾച്ചറൽ മാർക്കറ്റ് കേന്ദ്രത്തിൽ കേരള കാർഷിക സർവ്വകലാശാലക്ക് കാർഷിക സേവന കേന്ദ്രം തുടങ്ങുന്നതിന് സ്ഥലം അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

കോഴിക്കോട് ജില്ലയിലെ വേങ്ങേരി മാർക്കറ്റിൽ കാർഷിക സർവ്വകലാശാലയുടെ മാർക്കറ്റ് റിസർച്ച് & ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ അനുവദിക്കുന്നതിലേയ്ക്കായി സർവ്വകലാശാല പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലം എം.എൽ.എ.യുടെയും കൃഷി ഡയറക്ടറുടെയും നേതൃത്വത്തിലുള്ള ടീം വേങ്ങേരി മാർക്കറ്റ് 6-6-2019-ന് സന്ദർശിച്ചിരുന്നു.

സർവ്വകലാശാലയുടെ പ്രൊപ്പോസൽ പ്രകാരമുള്ള അഗ്രിമാൾ & ഇൻഫർമേഷൻ സെന്റർ തുടങ്ങുന്നതിലേയ്ക്കായി സ്റ്റാളുകൾ അനുവദിക്കുവാൻ തീരുമാനം ആയിട്ടുണ്ട്. പച്ചക്കറികളുടെ സംരക്ഷിത കൃഷിക്കും നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനും സ്ഥലം അനുവദിക്കാൻ തീരുമാനം എടുത്തിട്ടുണ്ട്.

ആധുനിക സാങ്കേതിക വിദ്യയുടെ പ്രദർശനത്തോട്ടം എന്ന ഘടകത്തിന് നിലവിൽ സ്ഥലം നൽകുന്ന കാര്യവും പരിഗണനയിലാണ്.

## സർവ്വകലാശാല ജീവനക്കാരുടെ മുൻകാല സർവ്വീസും പെൻഷൻ ആനുകൂല്യവും

124 (1617) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലയിലെ അദ്ധ്യാപകരും അനദ്ധ്യാപകരുമായ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യം കണക്കാക്കുമ്പോൾ റബ്ബർ ബോർഡ്, നാളികേര വികസന ബോർഡ്, സ്പൈസസ് ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളിലെ മുൻകാല സർവ്വീസുകൾ പരിഗണിക്കാറുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) റബ്ബർ ബോർഡിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള സർവ്വകലാശാല ജീവനക്കാർക്ക് അവരുടെ സേവന കാലയളവ് സർവ്വകലാശാലയിൽ നിന്നുള്ള പെൻഷൻ ആനുകൂല്യത്തിനായി പരിഗണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ അതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) നാളികേര വികസന ബോർഡിലെ സേവന കാലയളവ് പെൻഷനു വേണ്ടി പരിഗണിക്കാറുണ്ടോയെന്ന് വെളിപ്പെടുത്താമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) സർവ്വകലാശാലയിലെ അദ്ധ്യാപകരും അനദ്ധ്യാപകരുമായ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യം കണക്കാക്കുമ്പോൾ കെ.എസ്.ആർ. പാർട്ട് III ചട്ടങ്ങൾക്കനുസൃതമായാണ് യോഗ്യസേവനകാലം പരിഗണിക്കുന്നത്. റബ്ബർ ബോർഡ്, നാളികേര വികസന ബോർഡ്, സ്പൈസസ് ബോർഡ് തുടങ്ങിയവയിലെ മുൻകാല സർവ്വീസുകൾ പരിഗണിച്ചതായി കാണുന്നില്ല.

(ബി) ഇല്ല.

(സി) നാളികേര വികസന ബോർഡിലെ മുൻകാല സർവ്വീസുകൾ പരിഗണിക്കാറില്ല. 3-6-2009 -ലെ ജി.ഒ.(പി)212/09/ഫിൻ. ഉത്തരവ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)* പ്രകാരം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെയും ബോർഡുകളിലെയും മുൻകാല സേവനം പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കാറില്ല.

**പശു, ആട്, കോഴി ഫാമുകൾക്ക് അടച്ചുപൂട്ടൽ നോട്ടീസ്**

125 (1618) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശു, ആട്, കോഴി ഫാമുകളെ തദ്ദേശസ്വയംഭരണ വകുപ്പ് അസഹ്യവും ആപൽക്കരവുമായ വിഭാഗമായി ഉൾപ്പെടുത്തിയതിനാൽ സംസ്ഥാനത്ത് 2000 ഫാമുകൾക്ക് അടച്ചുപൂട്ടൽ നോട്ടീസ് നൽകിയിട്ടുണ്ടോ;

(ബി) പശു വളർത്തുന്ന സ്ഥലവും സമീപത്തെ വീടുകളുമായി പാലിക്കേണ്ട ദൂരപരിധി ക്വാറികളുടേതിന് തുല്യമായാണോ നിശ്ചയിച്ചിട്ടുള്ളത്;

(സി) ചുരുങ്ങിയത് 5 പശു, 20 ആട്, 25 മുയൽ, 100 കോഴി എന്നിവ വളർത്തുന്നവർ പോലും ചട്ടമനുസരിച്ച് ആപൽക്കരമായ ജോലി ചെയ്യുന്നവരാണോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) ചെറുകിട വ്യവസായമെന്ന നിലയ്ക്ക് ഈ മേഖലയിലേയ്ക്ക് തിരിയുന്നവരെ പിന്തിരിപ്പിക്കാൻ മാത്രമേ ഇത്തരം വ്യവസ്ഥകൾ സഹായകമാവൂ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) എങ്കിൽ 2012-ലെ ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഈ വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 62 ഫാമുകൾക്ക് പഞ്ചായത്ത് വകുപ്പിൽനിന്നും അടച്ചുപൂട്ടൽ നോട്ടീസ് നൽകിയിട്ടുണ്ട്. നഗരസഭകളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) അല്ല, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 31-8-2016-ലെ പിസിബി/റ്റി4/115/1997(2) നമ്പർ സർക്കുലർ പ്രകാരം ക്ലാസ് I തരത്തിൽപ്പെട്ട ഫാമുകൾക്ക് വീടുകളിലേയ്ക്കും സ്ഥാപനങ്ങളിലേയ്ക്കുമുള്ള കുറഞ്ഞ ദൂരപരിധി 10 മീറ്ററും ക്ലാസ് II - IV വരെയുള്ള ഫാമുകൾക്ക് കുറഞ്ഞ ദൂരപരിധി 25 മീറ്ററും ക്ലാസ് V-VI വരെയുള്ള ഫാമുകൾക്ക് 50 മീറ്റർ ദൂരപരിധിയുമാണ് നിശ്ചയിച്ചിട്ടുള്ളത്. സാംക്രമിക രോഗങ്ങളും പകർച്ചവ്യാധികളും പടർന്നുപിടിക്കാതിരിക്കാനാണ് ദൂരപരിധി പാലിച്ചുവരുന്നത്.

(സി) 2012-ലെ കേരള പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം 5 പശു, 20 ആട്, 25 മുയൽ, 100 കോഴി എന്നിവയിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്തുന്നതോ അഥവാ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ ആയ ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതോ നടത്തിക്കൊണ്ട് പോകുന്നതോ 1994-ലെ പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമായ ഒരു പ്രവർത്തിയായിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ആവശ്യത്തിന് നഗരസഭകളും ലൈസൻസ് നൽകിവരുന്നു.

(ഡി) പരിശോധിച്ചിട്ടുണ്ട്.

(ഇ) 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 4(2) ഭേദഗതി ചെയ്യുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**പുതിയ തദ്ദേശഭരണ സ്ഥാപനങ്ങൾ**

126 (1619) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി ഗ്രാമപഞ്ചായത്തുകളും മുനിസിപ്പൽ

കൗൺസിലുകളും മുനിസിപ്പൽ കോർപ്പറേഷനുകളും രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള ഡീ ലിമിറ്റേഷൻ പ്രോസസ്സ് എവിടെ വരെയായി എന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി രൂപീകരിച്ച ഏതെങ്കിലും മുനിസിപ്പൽ കൗൺസിലുകൾ തിരിച്ച് ഗ്രാമപഞ്ചായത്തുകളാക്കി മാറ്റിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലവിൽ ഉണ്ടായിരുന്ന ഏതെങ്കിലും മുനിസിപ്പൽ കൗൺസിലുകൾ തിരിച്ച് ഗ്രാമപഞ്ചായത്താക്കി മാറ്റിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമ പഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യത പട്ടിക, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു. നിലവിലുള്ള ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളോ മുനിസിപ്പാലിറ്റികളെ കോർപ്പറേഷനുകളോ ആക്കി മാറ്റേണ്ടതില്ല എന്ന് തീരുമാനമെടുത്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി രൂപീകരിച്ച മുനിസിപ്പൽ കൗൺസിലുകൾ തിരിച്ച് ഗ്രാമപഞ്ചായത്തുകളാക്കി മാറ്റിയിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലവിലുണ്ടായിരുന്ന മുനിസിപ്പൽ കൗൺസിലുകൾ തിരിച്ച് ഗ്രാമപഞ്ചായത്തുകളാക്കി മാറ്റിയിട്ടില്ല.

**പുതിയ പഞ്ചായത്തുകൾ**

127 (1620) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്ത് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. പുതുതായി ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

- 27,430-ൽ അധികം ജനസംഖ്യ
- 32 ച. കി. മീറ്ററിലധികം വിസ്തീർണ്ണം.
- 50 ലക്ഷം രൂപയിൽ അധികം തനതു വരുമാനം
- ജനസംഖ്യ, ഭൂവിസ്തൃതി എന്നിവയ്ക്കു പുറമേ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ
- മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം
- ഒരു ഗ്രാമ പഞ്ചായത്ത് വിഭജിച്ചോ രണ്ടോ അതിലധികമോ ഗ്രാമ പഞ്ചായത്തുകളുടെ ഭാഗങ്ങൾ കൂട്ടിച്ചേർത്തോ വലിപ്പത്തിലും ജനസംഖ്യയിലും തുല്യത പുലർത്തുന്ന (20% കൂടുതലോ കുറവോ) പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള സാധ്യത
- ഭരണപരമായ സൗകര്യം

## പുതിയ പഞ്ചായത്തുകളും നഗരസഭകളും

128 (1621) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് തീരുമാനമായിട്ടുണ്ടോ; എങ്കിൽ ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പഞ്ചായത്ത് രൂപീകരണത്തിനായി നിലവിലുള്ള വാർഡുകളുടെ വിഭജനം ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വാർഡ് അതിർത്തികൾ പുനർനിർണ്ണയം നടത്തുന്ന നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് പുതിയ നഗരസഭകൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ&ബി) കേരളത്തിൽ രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമപഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യതാ പട്ടിക, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് പുതിയ നഗരസഭകൾ രൂപീകരിക്കേണ്ടതില്ലെന്നാണ് ഇപ്പോൾ സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

## തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണം

129 (1622) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണത്തോടെ പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, നഗരാസൂത്രണം തുടങ്ങിയ വകുപ്പുകളിൽ വരാൻപോകുന്ന മാറ്റങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിന്റെ ഏകീകരണത്തോടെ, സംസ്ഥാനത്തെ കോർപ്പറേഷനുകളെ എങ്ങനെ തരംതിരിക്കുവാനാണ് ശ്രമിക്കുന്നതെന്ന് അറിയിക്കുമോ;

(സി) തദ്ദേശസ്വയംഭരണ വകുപ്പിലെ മിനിസ്റ്റീരിയൽ, ടെക്നിക്കൽ വിഭാഗങ്ങളിലെ ജീവനക്കാരുടെ യോഗ്യത, സേവന-വേതനവ്യവസ്ഥകൾ, പ്രമോഷൻ എന്നിവയിൽ എന്തെല്ലാം മാറ്റങ്ങൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) എത്രവിഭാഗം ജീവനക്കാരെയാണ് ഏകീകൃത വകുപ്പിൽ നിശ്ചയിച്ചിരിക്കുന്നത് എന്നറിയിക്കാമോ; ആയതിന്റെ തരംതിരിവ് ഏതടിസ്ഥാനത്തിലാണ്; ഇതിൽ ഉപവിഭാഗം ജീവനക്കാരുണ്ടോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണത്തോടെ പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, നഗരാസൂത്രണം തുടങ്ങിയ വകുപ്പുകളിൽ അടിസ്ഥാനപരവും കാലോചിതവുമായ മാറ്റമാണ് ഉദ്ദേശിക്കുന്നത്. ഒരേ വിഷയത്തിൽ വിഭിന്ന തലങ്ങളിൽ വ്യത്യസ്തമായ കാഴ്ചപ്പാടോടുകൂടി നടത്തിവരുന്ന വികസന പ്രവർത്തനങ്ങളെ ഒരു കുടക്കീഴിൽ കൂടുതൽ കാര്യക്ഷമവും പൊതുജന ഉപകാരപ്രദമായ രീതിയിലും സജ്ജമാക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. കുറഞ്ഞ സമയംകൊണ്ട് കൂടുതൽ സേവനങ്ങൾ സമയബന്ധിതമായി ജനങ്ങളിലേയ്ക്ക് എത്തിക്കുകയാണ് അധികാര വികേന്ദ്രീകരണത്തിന്റെ പരമപ്രധാനമായ ലക്ഷ്യം. ആയത് പൂർണ്ണതയിലെത്തിക്കുക എന്നതാണ് ഇത്തരം ഒരു ഏകീകരണത്തിലൂടെ സാധ്യമാകുന്നത്.

(ബി) കോർപ്പറേഷനുകളെ തരംതിരിക്കുവാനുള്ള തീരുമാനങ്ങളൊന്നും നിലവിൽ കൈക്കൊണ്ടിട്ടില്ല.

(സി) ഈ വിഷയങ്ങൾ ഉൾപ്പെട്ട വിശേഷാൽ ചട്ടങ്ങളുടെ കരട് സർക്കാർ പരിശോധിച്ചുവരുന്നതേയുള്ളൂ.

(ഡി) നിലവിലുള്ള ശമ്പള സ്കെയിലിന്റെയും ജോലിയുടെ സ്വഭാവത്തിന്റെയും അടിസ്ഥാനത്തിലാണ് ജീവനക്കാരെ കരട് വിശേഷാൽ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ഉപവിഭാഗം ജീവനക്കാരും ഉൾപ്പെടുന്നുണ്ട്.

## റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി

130 (1623) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിയൽ എസ്റ്റേറ്റ് രംഗത്തെ തട്ടിപ്പുകൾ നിയന്ത്രിക്കുന്നതിനുള്ള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി സംസ്ഥാനത്ത് രൂപീകൃതമായിട്ടുണ്ടോ; എങ്കിൽ എന്നാണ് രൂപീകൃതമായത്; അതിലെ അംഗങ്ങൾ ആരൊക്കെയാണ്;

(ബി) റിയൽ എസ്റ്റേറ്റ് രംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ കേന്ദ്ര സർക്കാർ 2016-ലെ ദ റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ ആന്റ് ഡെവലപ്മെന്റ്) ആക്ട് പാസ്സാക്കിയെങ്കിലും സംസ്ഥാനത്ത് പ്രസ്തുത നിയമം നടപ്പിലാക്കുന്നതിന് ഇത്രയും കാലതാമസം ഉണ്ടായതിന്റെ കാരണമെന്താണ്;

(സി) റിയൽ എസ്റ്റേറ്റ് അതോറിറ്റി ചെയർമാനെയും അംഗങ്ങളെയും തെരഞ്ഞെടുക്കുന്നതിനുള്ള സമിതിയിൽ ആരൊക്കെയാണ് അംഗങ്ങളായിരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 5-10-2019-ലെ സ.ഉ.(പി) നമ്പർ 65/2019/തസ്വഭവ. (എസ്.ആർ.ഒ. നമ്പർ 724/2019 തീയതി, 9-10-2019) പ്രകാരം സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി രൂപീകൃതമായിട്ടുണ്ട്. ശ്രീ. പി. എച്ച്. കുര്യനെ ചെയർപേഴ്സണായും ശ്രീമതി പ്രീത പി മേനോൻ, ശ്രീ. മാത്യു ഫ്രാൻസിസ്. സി എന്നിവരെ മെമ്പർമാരായും നിയമിച്ചുകൊണ്ട് 5-10-2019-ലെ സ.ഉ.(പി) നമ്പർ 66/2019/തസ്വഭവ. (എസ്.ആർ.ഒ.നമ്പർ 726/2019 തീയതി, 9-10-2019) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 2016-ലെ കേന്ദ്ര നിയമമായ ദി റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ & ഡെവലപ്മെന്റ്) ആക്ട് (Central Act 16 of 2016) അനുശാസിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പാലിച്ചാണ് അനുയോജ്യരായ അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടിയിരുന്നത്. ഇത്തരത്തിൽ തെരഞ്ഞെടുപ്പ് നടത്തി അനുയോജ്യരായ അംഗങ്ങളെ കണ്ടെത്തുന്നതിനും വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുള്ള ഭരണപരമായ കാലതാമസം മാത്രമാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളത്.

(സി) പ്രസ്തുത സമിതിയിൽ താഴെപ്പറയുന്നവർ അംഗങ്ങളായിരുന്നു.

1. ജസ്റ്റിസ് ശ്രീ. പി. ആർ. രാമചന്ദ്ര മേനോൻ - ചെയർമാൻ (ചീഫ് ജസ്റ്റിസിന്റെ നോമിനി)
2. ഹൗസിംഗ് സെക്രട്ടറി - മെമ്പർ
3. സെക്രട്ടറി, നിയമ വകുപ്പ് - മെമ്പർ

## ചെറുകിട/വൻകിട വ്യാപാരസ്ഥാപനങ്ങളും മാളുകളും പാർക്കിംഗ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച്

131 (1624) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട/വൻകിട വ്യാപാരസ്ഥാപനങ്ങളും മാളുകളും നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് കെട്ടിടനിർമ്മാണ ചട്ടങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വ്യാപാരസ്ഥാപനങ്ങളിലും, മാളുകളിലും ആവശ്യാനുസരണം പാർക്കിംഗ് സ്ഥലം ഉണ്ടാകണമെന്ന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം നിർമ്മിച്ച വ്യാപാരസ്ഥാപനങ്ങൾ/ മാളുകളിലെ പാർക്കിംഗ് സ്ഥലങ്ങളിൽ നിശ്ചിത ഫീസ് ഈടാക്കി വാഹനങ്ങൾ പാർക്ക് ചെയ്യുവാൻ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ സംസ്ഥാനത്തെ പല വ്യാപാര സമുച്ചയങ്ങളിലും/മാളുകളിലും വാഹനങ്ങൾ പാർക്ക് ചെയ്യുവാൻ ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നിയമാനുസൃതമാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ?

### ഉത്തരം

(എ) ചെറുകിട/വൻകിട വ്യാപാര സ്ഥാപനങ്ങൾ, മാളുകൾ എന്നിവ കെട്ടിട നിർമ്മാണ ചട്ടപ്രകാരം വാണിജ്യ കെട്ടിടങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുന്നത്.

കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ്, 1999 (KMBR-1999) - ചട്ടം 30, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ്, 2011 (KPBR-2011)-ചട്ടം 34 എന്നിവ പ്രകാരം വാണിജ്യ കെട്ടിടങ്ങൾക്ക് വ്യവസ്ഥ ചെയ്തിരിക്കുന്ന എല്ലാ കാര്യങ്ങളും (setback, parking, FAR, Coverage, Access etc) ചെറുകിട/വൻകിട വ്യാപാര സ്ഥാപനങ്ങൾ, മാളുകൾ എന്നിവയ്ക്ക് ബാധകമാണ്.

(ബി) ചെറുകിട/വൻകിട വ്യാപാര സ്ഥാപനങ്ങൾ, മാളുകൾ എന്നിവയ്ക്ക് (KMBR-1999) - ചട്ടം 34, (KPBR-2011)-ചട്ടം 38 എന്നിവയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ വാഹന പാർക്കിംഗ് സൗകര്യം ഒരുക്കണം. ചട്ടങ്ങളുടെ പ്രസക്ത ഭാഗങ്ങൾ ഉള്ളടക്കം ചെയ്യുന്നു.*

(സി) ചെറുകിട/വൻകിട വ്യാപാര സ്ഥാപനങ്ങൾ, മാളുകൾ എന്നിവയ്ക്ക് parking fee ഈടാക്കണമെന്ന് കെട്ടിട നിർമ്മാണ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. പാർക്കിംഗ് ഫീസ് ഈടാക്കുന്നതിനെ സംബന്ധിച്ച് ലഭിച്ച പരാതികൾ പരിശോധിച്ചുവരുന്നു.

## തദ്ദേശസ്വയംഭരണ വകുപ്പിലെ പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കാൻ നടപടി

132 (1625) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് ഇതര വകുപ്പുകളുമായി ചേർന്ന് പദ്ധതികൾ നടപ്പാക്കേണ്ടി വരുമ്പോൾ അധികം വേണ്ടിവരുന്ന ക്ലറിക്കൽ സേവനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുതന്നെ ഏർപ്പെടുത്തി പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ക്ലറിക്കൽ തസ്തികകൾ നന്നേ കുറവായ മൃഗാശുപത്രി, കൃഷിഭവനുകൾ എന്നിവ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ നടപ്പാക്കുമ്പോൾ നിലവിൽ ക്ലറിക്കൽ സേവനങ്ങൾ അധികമായി നൽകി വരുന്നുണ്ടോ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള ക്ലറിക്കൽ ജീവനക്കാരെ മറ്റ് വകുപ്പുകളിലെ പഞ്ചായത്ത് പദ്ധതി നിർവ്വഹണ ജോലികൾക്കായി വിട്ടുനൽകുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ദൈനംദിന പ്രവർത്തനങ്ങളെയും പദ്ധതി നിർവ്വഹണ, ഏകോപന പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ തദ്ദേശസ്വയംഭരണ വകുപ്പ് ഇതര വകുപ്പുകളുമായി ചേർന്ന് പദ്ധതികൾ നടപ്പാക്കേണ്ടി വരുമ്പോൾ അധികം വേണ്ടിവരുന്ന ക്ലറിക്കൽ സേവനങ്ങൾക്കായി ആ വകുപ്പിലെതന്നെ ജീവനക്കാരെ പുനർവിന്യസിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(ബി) നിലവിൽ ക്ലറിക്കൽ സേവനങ്ങൾ അധികമായി നൽകി വരുന്നില്ല. എന്നിരുന്നാലും മൃഗാശുപത്രി, കൃഷിഭവനുകൾ എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പദ്ധതി രൂപീകരണം, നിർവ്വഹണ നടപടിക്രമങ്ങൾ എന്നിവയിൽ തദ്ദേശസ്വയംഭരണ ജീവനക്കാർ അവരുടെ സേവനം ലഭ്യമാക്കുന്നുണ്ട്.

## തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ വകുപ്പുകളുടെ ഏകോപനം

133 (1626) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ് എന്നീ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒറ്റ വകുപ്പ് രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

പൂർത്തിയായിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച കരട് സ്പെഷ്യൽ റൂൾസിന്മേൽ സർക്കാർ, 2018 നവംബർ 8, 9 തീയതികളിൽ ബന്ധപ്പെട്ട എല്ലാ വിഭാഗം സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയുണ്ടായി. സർവ്വീസ് സംഘടനകളുമായുള്ള ചർച്ചയിൽ ഉന്നയിച്ച നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും പരിശോധന നടത്തി ആവശ്യമായവ ഉൾക്കൊള്ളിച്ച് സ്റ്റേറ്റ് സർവ്വീസിന്റെ കരട് ചട്ടങ്ങൾ ഭേദഗതി വരുത്തുകയുണ്ടായി. കരട് ചട്ടങ്ങളിന്മേൽ വകുപ്പുമേധാവികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിശോധിക്കുന്നതിനായി 20-9-2019-ലെ സ.ഉ.(സാധാ)നമ്പർ 2036/2019/ തസ്വഭവ. നമ്പർ ഉത്തരവുപ്രകാരം പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശസ്വയംഭരണ-ഗ്രാമീണ്) - ചെയർപേഴ്സൺ, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ചെയർമാൻ - മെമ്പർ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ - കൺവീനർ

എന്നിവരടങ്ങുന്ന 3 അംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി, ഭേദഗതി വരുത്തിയ കരട് വിശേഷാൽ ചട്ടങ്ങളിന്മേൽ കില ഡയറക്ടറുമായും പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര-ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പ് മേധാവികളുമായും 2019 ഒക്ടോബർ 17, 18 തീയതികളിൽ ചർച്ച നടത്തുകയുണ്ടായി. വകുപ്പുതലവൻമാരുടെ നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ കരട് വിശേഷാൽ ചട്ടം സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻജനപ്രതിനിധികൾക്ക് ആനുകൂല്യം

134 (1627) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് ആനുകൂല്യങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി ജനപ്രതിനിധികളുടെ വിവിധ ആവശ്യങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതിയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതുപ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികളുടെ വിവിധ ആവശ്യങ്ങൾ പഠിക്കുന്നതിനും മുൻ ജനപ്രതിനിധികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി നൽകുന്നതിനും വേണ്ടി സർക്കാരിന്റെ 18-5-2017-ലെ സ.ഉ.(സാധാ)നമ്പർ1621/2017/തസ്വഭവ പ്രകാരം ഉപസമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ ശ്രീ. എം.പി.അജിത്കുമാർ കൺവീനറും താഴെപ്പറയുന്നവർ സമിതി അംഗങ്ങളുമാണ്.

1. ഡോ.മുഹമ്മദ് അഷീൽ (എക്സിക്യൂട്ടീവ് ഡയറക്ടർ, സാമൂഹ്യ സുരക്ഷാ മിഷൻ)
2. ശ്രീ. പി. വിശ്വംഭര പണിക്കർ (ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ)

3. ശ്രീ. വി. വി. രമേശൻ, ചെയർമാൻ, മുനിസിപ്പൽ ചെയർമാൻസ് ചേമ്പർ
4. ശ്രീ. കെ. വി. അബ്ദുറഹിമാൻ (പ്രസിഡന്റ്, ആൾ കേരള ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് അസോസിയേഷൻ)
5. ശ്രീ. പി. അപ്പുക്കുട്ടൻ (പ്രസിഡന്റ്, കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്, കുരുവട്ടൂർ പി.ഒ. കോഴിക്കോട്)
6. ശ്രീ. എൻ. എ. അസീസ് (പ്രസിഡന്റ്, ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് ആന്റ് കൗൺസിലേഴ്സ് ഓഫ് കേരള സ്റ്റേറ്റ് കമ്മിറ്റി)

(ബി) സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) ബാധകമല്ല.

## തീരദേശപരിപാലന നിയമം ലംഘിച്ച കെട്ടിടങ്ങൾ സംബന്ധിച്ച് പരിശോധന

135 (1628) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശപരിപാലനനിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങളെ സംബന്ധിച്ച് പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) കെട്ടിടനിർമ്മാണത്തിൽ ചട്ടലംഘനം നടക്കുന്നില്ല എന്നു ഉറപ്പുവരുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 16-10-2019-ലെ സ.ഉ.(സാധാ)നമ്പർ 98/2017/പരി., 17-10-2019-ലെ സ.ഉ.(സാധാ)നമ്പർ 101/2019/പരി. എന്നീ ഉത്തരവുകൾ പ്രകാരം തീരദേശപരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മിച്ച കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ കമ്മിറ്റി വിവരശേഖരണം പൂർത്തിയാക്കിയിട്ടില്ല.

(ബി) അനധികൃത കെട്ടിടങ്ങളുടെ നിർമ്മാണം കണ്ടുപിടിക്കുന്നതിനും തടയുന്നതിനും 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 157 പ്രകാരവും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 148 പ്രകാരവും ജില്ലാതല വിജിലൻസ് സ്ക്വാഡുകൾ രൂപീകരിക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇത്തരത്തിൽ രൂപീകരിച്ചിട്ടുള്ള സ്ക്വാഡുകൾ പരിശോധന നടത്തി

അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുകയും അതിനെതിരെ നടപടി സ്വീകരിക്കാൻ ശിപാർശ ചെയ്യുകയും ചെയ്യുന്നുണ്ട്. കൂടാതെ അനധികൃത നിർമ്മാണം സംബന്ധിച്ച് സർക്കാരിന് ലഭിക്കുന്ന പരാതികളിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) അന്വേഷണം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

## തദ്ദേശസ്ഥാപനങ്ങളുടെ വിഭജനം

136 (1629) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശസ്ഥാപനങ്ങൾ വിഭജിച്ച് പുതിയവ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏതെല്ലാം തദ്ദേശസ്ഥാപനങ്ങളാണ് വിഭജിക്കുന്നതെന്നും പുതിയവ എത്രയെണ്ണം നിലവിൽ വരുമെന്നും അവയുടെ പേരുകൾ എന്തൊക്കെയാണെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള തദ്ദേശസ്ഥാപനം വിഭജിച്ച് പുതിയത് രൂപീകരിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിലുള്ള ഒരു തദ്ദേശസ്ഥാപനം വിഭജിച്ച് പുതിയത് രൂപീകരിക്കുമ്പോൾ ഉണ്ടായേക്കാവുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കേരളത്തിൽ രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമ പഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യത പട്ടിക, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു.

1. 27,430 -ൽ അധികം ജനസംഖ്യ
2. 32 ച. കി. മീറ്ററിലധികം വിസ്തീർണ്ണം.
3. 50 ലക്ഷം രൂപയിൽ അധികം തനതു വരുമാനം
4. ജനസംഖ്യ, ഭൂവിസ്തൃതി എന്നിവയ്ക്കു പുറമേ പ്രദേശത്തിന്റെ ഭൂമിശാസ്ത്ര പരമായ പ്രത്യേകതകൾ
5. മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം
6. ഒരു ഗ്രാമപഞ്ചായത്ത് വിഭജിച്ചോ രണ്ടോ അതിലധികമോ ഗ്രാമ പഞ്ചായത്തുകളുടെ ഭാഗങ്ങൾ കൂട്ടിച്ചേർത്തോ വലിപ്പത്തിലും

ജനസംഖ്യയിലും തുല്യത പുലർത്തുന്ന (20% കൂടുതലോ കുറവോ) പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള സാധ്യത

7. ഭരണപരമായ സൗകര്യം

(ഡി) നിലവിലുള്ള തദ്ദേശസ്ഥാപനം വിഭജിച്ച് പുതിയത് രൂപീകരിക്കുന്നത് സംബന്ധിച്ച അന്തിമ തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ലാത്തതിനാൽ ചെലവ് കണക്കാക്കിയിട്ടില്ല.

## ഗ്രാമപഞ്ചായത്തുകളുടെ അതിർത്തി പുനർനിർണ്ണയം

137 (1630) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിന് മുമ്പ് നിലവിലുള്ള ഗ്രാമപഞ്ചായത്തുകളുടെ അതിർത്തി പുനർനിർണ്ണയിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്തുകളെ പുനക്രമീകരിക്കുന്നത്;

(സി) ഇതു സംബന്ധിച്ച് ഉദ്യോഗസ്ഥതല സമിതി സർക്കാരിന് എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥതല സമിതി പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ശിപാർശ നൽകിയിട്ടുണ്ടോ;

(ഇ) ഗ്രാമപഞ്ചായത്തുകളുടെ അതിർത്തി പുനർനിർണ്ണയിക്കുന്നതിന് പുതിയ ഡീലിമിറ്റേഷൻ കമ്മീഷനെ എന്നത്തേക്ക് നിയമിക്കുവാനാണ് ഉദ്ദേശിക്കുന്നത് വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമ പഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യത പട്ടിക, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു

(ബി)

1. 27,430-ൽ അധികം ജനസംഖ്യ
2. 32 ച. കി. മീറ്ററിലധികം വിസ്തീർണ്ണം.

3. 50 ലക്ഷം രൂപയിൽ അധികം തനതു വരുമാനം

4. ജനസംഖ്യ, ഭൂവിസ്തൃതി എന്നിവയ്ക്കു പുറമേ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

5. മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം

6. ഒരു ഗ്രാമപഞ്ചായത്ത് വിഭജിച്ചോ രണ്ടോ അതിലധികമോ ഗ്രാമ പഞ്ചായത്തുകളുടെ ഭാഗങ്ങൾ കൂട്ടിച്ചേർത്തോ വലിപ്പത്തിലും ജനസംഖ്യയിലും തുല്യത പുലർത്തുന്ന (20% കൂടുതലോ കുറവോ) പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള സാധ്യത

7. ഭരണപരമായ സൗകര്യം

(സി) തദ്ദേശസ്ഥാപനങ്ങളുടെ വിഭജനം/അതിർത്തി പുനർനിർണ്ണയം എന്നിവ സംബന്ധിച്ച് തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായുള്ള ഉദ്യോഗസ്ഥതല സമിതി സർക്കാരിന് സമർപ്പിച്ച ശിപാർശ 13-2-2019-ലെ സ.ഉ.(കൈ)നമ്പർ .23/2019/തസ്വഭവ. തീയതി പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(ഡി) പുതിയ നഗരസഭകൾ രൂപീകരിക്കേണ്ടതില്ല എന്ന ശിപാർശയാണ് പ്രസ്തുത സമിതി നൽകിയിട്ടുള്ളത്.

(ഇ) പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച അന്തിമ തീരുമാനമെടുത്തശേഷം മാത്രമേ ഇക്കാര്യം തീരുമാനിക്കുകയുള്ളൂ.

## 2020-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ്

138 (1631) <u>ശ്രീ. ടി. വി. ഇബ്രാഹിം:</u>
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u>
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ:</u>
<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ൽ നടക്കാൻ പോകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളി ലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് വേണ്ടി നടത്തിയ മുന്നൊരുക്കങ്ങൾ വിശദമാക്കാമോ;

(ബി) ഗ്രാമപഞ്ചായത്തുകളുടെ വിഭജനം, രൂപീകരണം എന്നിവയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി വാർഡുകളുടെ പുനഃസംഘടന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിലേയ്ക്കായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഡി) നിയോജകമണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ ബ്ലോക്കുകൾ പുനഃക്രമീകരിക്കുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ പുതിയ ബ്ലോക്കുകൾ രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2020-ൽ നടക്കാനിരിക്കുന്ന പൊതു തെരഞ്ഞെടുപ്പിന് മുന്നോടിയായി റിട്ടേണിങ് ഓഫീസർ, അസിസ്റ്റന്റ് റിട്ടേണിങ് ഓഫീസർ, പ്രിസൈഡിങ് ഓഫീസർ എന്നിവർ ഉപയോഗിക്കുന്ന നോൺ സ്റ്റാറ്റ്യൂട്ടറി ഫാറങ്ങൾ പരിഷ്കരിക്കുന്നതിനും സ്റ്റാറ്റ്യൂട്ടറി, നോൺ സ്റ്റാറ്റ്യൂട്ടറി ഫാറങ്ങൾ പുസ്തകരൂപത്തിൽ ആക്കുന്നതിനുമുള്ള നടപടി പുരോഗമിക്കുന്നു. കൂടാതെ റിട്ടേണിങ് ഓഫീസർ, അസിസ്റ്റന്റ് റിട്ടേണിങ് ഓഫീസർ, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ, അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ, പ്രിസൈഡിങ് ഓഫീസർ എന്നിവർക്കുള്ള കൈപ്പുസ്തകങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടിയും പുരോഗമിച്ചുവരുന്നു. പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പരിശീലന പരിപാടികൾ നടത്തുന്നതിന്റെ മേൽനോട്ടത്തിനായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് സംസ്ഥാനതല പരിശീലന വിഭാഗത്തിന് രൂപം നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതെരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർപട്ടിക പരിഷ്കരിക്കുന്ന വിഷയത്തിൽ ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ, അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ എന്നിവർക്ക് പരിശീലനം നൽകുന്നതിനുവേണ്ടി മാസ്റ്റർ ട്രെയിനർമാർക്ക് സമഗ്രമായ ഒന്നാംഘട്ട പരിശീലനം നൽകിയിട്ടുണ്ട്.

(ബി&സി) പുതിയ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായും പഞ്ചായത്ത് ഡയറക്ടർ കൺവീനറായും ഒരു അഞ്ചംഗ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതിയുടെ ശിപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമ പഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യത പട്ടിക,

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു. മുനിസിപ്പാലിറ്റി വാർഡുകളുടെ പുനഃസംഘടന ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) നിയോജകമണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ ബ്ലോക്കുകൾ പുനഃക്രമീകരിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിച്ച് വനമേഖലയിലെ വികസന പ്രവർത്തനങ്ങൾ

139 (1632) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് വനമേഖലയിൽ നടത്തുന്ന വികസന പ്രവർത്തനങ്ങളുടെ നടത്തിപ്പിനുള്ള പ്രത്യേക അനുമതി വനസംരക്ഷണ സമിതികൾക്ക് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

6-2-2018 തീയതിയിലെ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ഖണ്ഡിക 4.63-ലെ തീരുമാനപ്രകാരം വന മേഖലയിലെ പ്രോജക്ടുകൾ നടപ്പാക്കാനുള്ള അക്രഡിറ്റഡ് ഏജൻസിയായി വനം സംരക്ഷണ സമിതിയെക്കൂടി നിശ്ചയിക്കണമെന്ന് ധനകാര്യവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ

140 (1633) ശ്രീ. കെ. രാജൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാരവികേന്ദ്രീകരണം ഫലപ്രദമാക്കുന്ന തരത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളിൽ ഉണർവ് സൃഷ്ടിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ ആസൂത്രണ

പ്രക്രിയ പൂർത്തീകരിച്ച് പന്ത്രണ്ട് മാസവും നിർവ്വഹണത്തിനായി പ്രയോജനപ്പെടുത്തുന്ന തരത്തിൽ ക്രമീകരണം നടത്തുമോയെന്ന് വ്യക്തമാക്കാമോ;

(സി) ആസൂത്രണ പ്രക്രിയയിൽ ഈ സർക്കാർ കൊണ്ടുവന്ന മാറ്റങ്ങളും ആയതിന്റെ സവിശേഷതകളും വിശദമാക്കുമോ;

(ഡി) തുടർച്ചയായി രണ്ട് വർഷം സമാനതകളില്ലാത്ത പ്രളയം നേരിട്ടത് പദ്ധതി പ്രവർത്തനങ്ങളെ ഏതൊക്കെ വിധത്തിൽ ദോഷകരമായി ബാധിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ തുടക്കത്തിൽ ആസൂത്രണ നടപടിക്രമങ്ങൾ ലളിതമാക്കി പദ്ധതി രൂപീകരണ മാർഗ്ഗരേഖ സമഗ്രമായി പരിഷ്കരിക്കുകയും കാലേക്കൂട്ടിത്തന്നെ ഉത്തരവുകളായി പുറപ്പെടുവിക്കുകയും നഗരഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിന് പ്രത്യേക മാർഗ്ഗരേഖ നൽകുകയും ചെയ്തു. തുടർന്ന് ഇതുസംബന്ധിച്ച് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനവും നൽകി.

(ബി) സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പുതന്നെ വികസന പദ്ധതികൾ തയ്യാറാക്കി 12 മാസവും നിർവ്വഹണത്തിന് ലഭിക്കുന്ന സമ്പ്രദായത്തിലേയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ 2018-19 മുതൽ മാറിയിട്ടുണ്ട്. അടുത്ത വാർഷിക പദ്ധതി (2020-21) തയ്യാറാക്കുന്ന പ്രക്രിയ വരുന്ന ഡിസംബർ-ജനുവരി മാസങ്ങളിലായി പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി)

1. ആസൂത്രണ നടപടിക്രമങ്ങൾ ലളിതവും കാര്യക്ഷമവും സമയബന്ധിതവുമാക്കി.
2. നിർവ്വഹണത്തിന് 12 മാസം സമയം ലഭിക്കുന്നു.
3. വാർഷിക പദ്ധതി ബഡ്ജറ്റുമായി സംയോജിപ്പിക്കുന്നു.
4. പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് കൂടുതൽ സ്വാതന്ത്ര്യം
5. നൂതന പ്രോജക്ടുകൾക്ക് പ്രത്യേക മാർഗ്ഗരേഖ
6. ജില്ലാ പദ്ധതികൾ തയ്യാറാക്കി

(ഡി) സംസ്ഥാനത്തുണ്ടായ പ്രളയം കാരണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ കുറച്ച് സമയനഷ്ടമുണ്ടായി. പല പദ്ധതികളും ഭേദഗതി

ചെയ്യേണ്ടി വരുകയും പ്രതികൂല കാലാവസ്ഥ പദ്ധതി നിർവ്വഹണത്തെ തടസ്സപ്പെടുത്തുകയും ചെയ്തു. എങ്കിലും പദ്ധതി രൂപീകരണവും അംഗീകാരവും നേരത്തെതന്നെ പൂർത്തിയാക്കിയതുകൊണ്ട് സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2018-19 വർഷത്തെ പദ്ധതിചെലവ് മുൻവർഷങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലായിരുന്നു. ഈ സാമ്പത്തിക വർഷവും ഈ ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## തദ്ദേശസ്വയംഭരണ വകുപ്പുവഴി നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ

141 (1634) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ 2016-17-നു മുൻപ് ആരംഭിച്ചതും നാളിതുവരെ പൂർത്തിയാകാത്തതുമായ തദ്ദേശസ്വയംഭരണ വകുപ്പുവഴി നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ എതൊക്കെയാണ്; ഓരോന്നിന്റെയും നിലവിലത്തെ അവസ്ഥ പ്രത്യേകം ലഭ്യമാക്കുമോ;

(ബി) പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ദീർഘനാളത്തെ കാലതാമസത്തിന് കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) 2016-17-നുശേഷം ആരംഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണ്; ആസ്തിക വികസനഫണ്ട്, പ്രത്യേക വികസനഫണ്ട് എന്നീ പദ്ധതികൾ പ്രകാരവും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തനതു പ്രവൃത്തികളല്ലാതെ മറ്റ് പദ്ധതികൾ പ്രകാരവും നടപ്പിലാക്കിവരുന്ന ഓരോ പ്രവൃത്തിയുടെയും ഭരണാനുമതി, സാങ്കേതിക അനുമതി, ടെണ്ടർ വിശദാംശങ്ങളും എത്ര ശതമാനം പ്രവൃത്തി പൂർത്തിയായി എന്നീ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ഡി) പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ 2016-17 -നു മുമ്പ് ആരംഭിച്ച തദ്ദേശസ്വയംഭരണ വകുപ്പുമുഖേന നടപ്പാക്കിയ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) വിശദാംശങ്ങൾ സംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) നിർദ്ദേശം നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ വികസന ഫണ്ട്

142 (1635) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തനത് ഫണ്ട് തീരെ കുറഞ്ഞ ഗ്രാമപഞ്ചായത്തുകൾക്ക് ആയതിന് ആനുപാതികമായി വികസന ഫണ്ട് കൂടുതൽ അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശകളിന്മേലുള്ള സർക്കാർ തീരുമാനപ്രകാരമാണ് പ്രാദേശിക സർക്കാരുകൾക്ക് ഫണ്ടുകൾ വിതരണം ചെയ്യുന്നത്. തനത് ഫണ്ടിലേയും പൊതു ആവശ്യഫണ്ടിലേയും തുക ഭരണ, സ്ഥാപന, പ്രവർത്തന, മറ്റ് ആവർത്തന ചെലവുകൾക്ക് തികയാത്ത ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ തയ്യാറാക്കി സമർപ്പിക്കുന്ന പട്ടികയുടെ അടിസ്ഥാനത്തിൽ ഗ്യാപ് ഫണ്ട് അനുവദിച്ച് നൽകുന്നുണ്ട്. ഇത് പൊതു ആവശ്യ ഫണ്ട് നൽകുന്ന ശീർഷകത്തിലാണ് വകയിരുത്തിയിട്ടുള്ളത്.

## വാർഷിക പദ്ധതി പ്രവർത്തനം

143 (1636) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളുടെയും നഗരസഭകളുടെയും 2019-20-ലെ വാർഷിക പദ്ധതി പ്രവർത്തനത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) 2018-19-ൽ ചെലവാക്കിയതും ക്യൂവിൽ ഉൾപ്പെടുത്തി 2019-20-ലെ അലോട്ട്മെന്റിൽ ഉൾപെടുത്തിയതുമായ പ്രവൃത്തികളുടെ ആകെ സംഖ്യ എത്രയാണെന്ന് അറിയിക്കുമോ;

(സി) 2018-19-ൽ സ്പിൽ ഓവർ പ്രവൃത്തികളായ എത്ര കോടി രൂപയുടെ പ്രവൃത്തിയാണ് പിറ്റേ സാമ്പത്തിക വർഷത്തേയ്ക്ക് മാറ്റി വച്ചതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു. (27-10-2019 വരെ)

തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | - 30.78% |
| ബ്ലോക്ക് പഞ്ചായത്ത് | - 35.02% |

| | |
|---|---|
| ജില്ലാ പഞ്ചായത്ത് | - 23.79% |
| മുനിസിപ്പാലിറ്റി | - 27.24% |
| കോർപ്പറേഷൻ | - 23.46% |
| ആകെ | - 29.10% |

പൊതു വിഭാഗം, SCSP, TSP യുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.

| ജനറൽ | SCSP | TSP |
|---|---|---|
| 36% | 24.3% | 27.21% |

(ബി & സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**റേഷൻ കാർഡ് ഇല്ലാത്തവർക്ക് ലൈഫ് പദ്ധതിപ്രകാരം വീട്**

144 (1637) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് ലഭിക്കാത്തതിനാൽ ലൈഫ് പദ്ധതിയുടെ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് വീട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) റേഷൻ കാർഡ് ഇല്ലാത്തതിനാൽ ഒഴിവാക്കപ്പെടുകയും എന്നാൽ നിലവിൽ റേഷൻകാർഡ് ലഭിക്കുകയും ചെയ്തവരെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒരു റേഷൻ കാർഡിന് ഒരു വീട് എന്ന മാനദണ്ഡം പ്രകാരമാണ് ലൈഫ് മിഷൻ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത്. റേഷൻ കാർഡ് ലഭിക്കാത്തതിനാൽ ലൈഫ് പദ്ധതിയുടെ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് വീട് ലഭ്യമാക്കാൻ നിലവിലെ വ്യവസ്ഥകൾ പ്രകാരം സാധിക്കുകയില്ല.

(ബി) ലൈഫ് മിഷൻ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത് ഒരു റേഷൻ കാർഡിന് ഒരു വീട് എന്ന മാനദണ്ഡം (31-12-2017 - ന് മുമ്പുള്ള റേഷൻ കാർഡിൽ) പ്രകാരമാണ്. പുതിയ റേഷൻ കാർഡ് ലഭ്യമായാലും ലൈഫ് മാനദണ്ഡ പ്രകാരം, ഗുണഭോക്താക്കളെ നിലവിൽ പട്ടികയിൽ ഉൾപ്പെടുത്താൻ സാധിക്കുകയില്ല. എന്നാൽ 6-9-2019-ലെ സ.ഉ. (സാധാ)നമ്പർ 1946/19/തസ്വഭവ. ഉത്തരവ് പ്രകാരം പട്ടികജാതി/

മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്, 25 സെന്റിൽ കൂടുതൽ ഭൂമിയുണ്ടാകരുത് എന്നീ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. കൂടാതെ ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുകയും എന്നാൽ റേഷൻ കാർഡ് ഇല്ല എന്ന കാരണത്താൽ പട്ടികയിൽനിന്നും ഒഴിവാക്കപ്പെടുകയും ചെയ്ത പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ ഇപ്പോൾ റേഷൻ കാർഡ് ലഭ്യമായിട്ടുള്ള ഗുണഭോക്താക്കളെ ഭൂമിയുള്ള ഭവന രഹിതരുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് 2-9-2019-ലെ സ.ഉ. (സാധാ)നമ്പർ1897/2019/തസ്വഭവ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

**ലൈഫ് പദ്ധതി**

145 (1638) ശ്രീ. എം. ഉമ്മർ:
ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഭവനനിർമ്മാണ പദ്ധതികളെ ഏകോപിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്ന ലൈഫ് പദ്ധതിയുടെ നടത്തിപ്പ് പരിശോധിക്കുന്നതിനാവശ്യമായ എൻജിനീയർമാരുടെ അഭാവം സർക്കാർ നേരിടുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ലൈഫ് പദ്ധതിയുടെ കൺസൾട്ടൻസിയായി സ്വകാര്യ ഏജൻസിയെ നിയമിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) സ്വകാര്യ ഏജൻസിക്ക് പകരം തദ്ദേശസ്വയംഭരണ വകുപ്പിലെ കെട്ടിടനിർമ്മാണ വകുപ്പിനെ പ്രസ്തുത പദ്ധതി നടത്തിപ്പ് പരിശോധിക്കുന്നതിന് നിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ലൈഫ് പദ്ധതിയുടെ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസിയായി C.R. Narayana Rao Consultant Pvt. Ltd., Chennai നെ ഇ-ടെണ്ടർ മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്.

എല്ലാ വകുപ്പുകളിലേയും ഭവന പദ്ധതികളെ ഏകോപിപ്പിച്ചാണ് ലൈഫ് മിഷൻ പദ്ധതി സർക്കാർ നടപ്പിലാക്കിവരുന്നത്. ഈ പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പിലെ കെട്ടിട നിർമ്മാണ വകുപ്പിനെ ഏൽപിച്ചാൽ അവരുടെ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകുന്നതുമൂലം ലൈഫ് മിഷൻ പദ്ധതികൾക്ക് കാലതാമസം ഉണ്ടാകുമെന്നുള്ളതുകൊണ്ടാണ് ലൈഫ് മിഷൻ

നടപ്പിലാക്കിയപ്പോൾത്തന്നെ അതിലേയ്ക്കായി മാത്രം ഒരു എഞ്ചിനീയറിംഗ് ഡിവിഷൻ രൂപീകരിച്ചത്. ഈ എഞ്ചിനീയറിംഗ് വിഭാഗത്തിനാണ് മിഷന്റെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളുടേയും ഏകോപന ചുമതല.

ലൈഫ് മിഷന്റെ മൂന്നാംഘട്ട പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഈ വർഷം നിർമ്മാണം ആരംഭിക്കുന്ന 84 ഭവന സമുച്ചയങ്ങളിൽ 56 ഭവന സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് ടെണ്ടർ നടപടികൾ ആദ്യഘട്ടത്തിൽ പുരോഗമിക്കുന്നത്. ഇവയെല്ലാംതന്നെ 2020 ഒക്ടോബർ മാസത്തോടുകൂടി പണിപൂർത്തീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണമാണ് എല്ലാ ഭവനസമുച്ചയങ്ങളുടെയും കാര്യത്തിൽ സർക്കാർ അവലംബിക്കുന്നത്. നിലവിൽ കേരളത്തിലുള്ള സർക്കാർ സ്ഥാപനങ്ങൾക്കൊന്നുംതന്നെ ഈ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണത്തിൽ പ്രാവീണ്യം ഇല്ലാത്തതിനാലും ഈ പ്രവർത്തനങ്ങൾ എല്ലാംതന്നെ ഒരു ഏജൻസിയുടെ കുടക്കീഴിൽ കൊണ്ടുവന്നാൽ മാത്രമേ സർക്കാരിന്റെ ഉദ്ദേശ്യം ലക്ഷ്യപ്രാപ്തിയിൽ എത്തുകയുള്ളൂ എന്നതുകൊണ്ടുമാണ് ഇതിലേയ്ക്കായി ഒരു പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ തെരഞ്ഞെടുക്കാൻ തീരുമാനിച്ചത്.

## ലൈഫ് പദ്ധതി

146 (1639) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം ഭവനരഹിതരുടെയും ഭൂരഹിത ഭവനരഹിതരുടെയും പഞ്ചായത്ത് തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(ബി) റാന്നി നിയോജക മണ്ഡലത്തിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു എന്നും ഇനി എത്ര എണ്ണം പൂർത്തീകരിക്കാൻ ഉണ്ട് എന്നും പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇവയുടെ നിർമ്മാണം പൂർത്തീകരിക്കാൻ ഉണ്ടായ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; എന്നത്തേക്ക് ഇവയുടെ നിർമ്മാണം പൂർത്തീകരിക്കാൻ ആകും എന്ന് പറയാമോ;

(ഡി) കുടുംബ റേഷൻ കാർഡിൽ നിന്നും പേര് മാറ്റി സ്വന്തമായി റേഷൻ കാർഡ് എടുത്ത പലർക്കും ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടും വീട് ലഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) പ്രശ്നം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) റാന്നി നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം ഭവനരഹിതരുടെയും ഭൂരഹിത ഭവനരഹിതരുടെയും പഞ്ചായത്ത് തിരിച്ചുള്ള പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി) റാന്നി നിയോജകമണ്ഡലത്തിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും ഇനി എത്ര എണ്ണം പൂർത്തീകരിക്കാൻ ഉണ്ടെന്നും പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധം *ആയി ചേർക്കുന്നു.

(സി) ഹഡ്കോ ലോൺ ലഭിക്കുന്നതിലുണ്ടായ കാലതാമസവും മോശമായ കാലാവസ്ഥയുമാണ് നിർമ്മാണ പുരോഗതിയെ ബാധിച്ചത്. എന്നിരുന്നാലും 2019 ഡിസംബർ 31-ഓടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ഡി & ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു റേഷൻ കാർഡിൽപ്പെട്ടവരെ ഒരു കുടുംബമായി പരിഗണിച്ച് ഒരു കുടുംബത്തിന് ഒരു വീട് എന്നുള്ള മാനദണ്ഡപ്രകാരമാണ് 2017-ൽ സർവ്വേയിലൂടെ ലൈഫ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത്. ടി ഗുണഭോക്താക്കൾക്കാണ് ഭവന നിർമ്മാണത്തിന് ധനസഹായം നൽകിവരുന്നത്. എന്നാൽ പട്ടികജാതി/വർഗ്ഗ, മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ ഉൾപ്പെട്ട ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്, ഗുണഭോക്താക്കൾക്ക് 25 സെന്റിൽ കൂടുതൽ ഭൂമിയുണ്ടാകരുത് എന്നീ ലൈഫ് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. ആയതിനാൽ 6-9-2019-ലെ സ.ഉ(സാ.ധാ) നമ്പർ 1946/2019/തസ്വഭവ., 2-9-2019-ലെ സ.ഉ (സാധാ) നമ്പർ 1897/2019/തസ്വഭവ. ഉത്തരവുകൾ പ്രകാരം പട്ടികജാതി/വർഗ്ഗ, ഫിഷറീസ് വകുപ്പുകൾ അതത് വകുപ്പിലെ ഭൂമിയുള്ള ഭവനരഹിതർ/ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റ് ലൈഫ് മിഷനിൽ ലഭ്യമാക്കുമ്പോൾ അർഹതയുള്ള ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതാണ്.

**ലൈഫ് പദ്ധതി**

147 (1640) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ഭവനങ്ങൾ പൂർത്തീകരിച്ചു കൈമാറിയെന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണത്തിന്റെ അന്തിമഘട്ടത്തിലുള്ള എത്ര വീടുകളുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 1,42,834 ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 71,391 വീടുകളാണ് നിർമ്മാണത്തിന്റെ അന്തിമഘട്ടത്തിലുള്ളത്.

## ലൈഫ് മിഷൻ പദ്ധതി - മാനന്തവാടി നിയോജകമണ്ഡലം

148 (1641) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി പ്രകാരം മാനന്തവാടി നിയോജകമണ്ഡലത്തിൽ ആകെ അനുവദിക്കപ്പെട്ട വീടുകളുടെയും അവയുടെ നിർമ്മാണ പുരോഗതിയെയും സംബന്ധിച്ച വിവരം പഞ്ചായത്ത്/നഗരസഭ തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) ലൈഫ് മിഷൻ പദ്ധതി പ്രകാരം മാനന്തവാടി മണ്ഡലത്തിൽ എത്ര വീടുകൾ പൂർത്തീകരിച്ചുവെന്ന കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) ലൈഫ് മിഷൻ പദ്ധതി പ്രകാരം മാനന്തവാടി നിയോജകമണ്ഡലത്തിൽ ആകെ അനുവദിക്കപ്പെട്ട വീടുകളുടെയും അവയുടെ നിർമ്മാണ പുരോഗതിയെയും സംബന്ധിച്ച് പഞ്ചായത്ത് /നഗരസഭ തിരിച്ചുള്ള വിവരം അനുബന്ധമായി *ചേർക്കുന്നു.

(ബി) ലൈഫ് മിഷൻ പദ്ധതി പ്രകാരം മാനന്തവാടി മണ്ഡലത്തിൽ 3284 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

## ലൈഫ് പദ്ധതിപ്രകാരം പൂർത്തീകരിച്ച വീടുകൾ

149 (T*1642) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ എത്ര വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്; ഒന്നാം ഘട്ടം, രണ്ടാം ഘട്ടം, മൂന്നാം ഘട്ടം എന്നിവയിൽ പൂർത്തീകരിച്ചത് പ്രത്യേകം വ്യക്തമാക്കുമോ;

(ബി) മൂന്നാം ഘട്ടത്തിൽ എത്ര വീടുകളുടെ പണി പൂർത്തീകരിക്കാനുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) സ്ഥലം ഇല്ലാത്ത എത്ര ഗുണഭോക്താക്കൾ സംസ്ഥാനത്തുണ്ട്; ഇവർക്ക് വീടു നിർമ്മിക്കുന്നതിനായി എത്ര ഏക്കർ ഭൂമി കണ്ടെത്തണം; ഇത്രയും ഭൂമി എങ്ങനെ കണ്ടെത്താനാണ് ശ്രമിച്ചുവരുന്നത്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ലൈഫ് പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ 1,42,834 വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ ഒന്നാം ഘട്ടത്തിൽ 51,831 വീടുകളും രണ്ടാം ഘട്ടത്തിൽ 91,003 വീടുകളും മൂന്നാം ഘട്ടത്തിൽ 217 അപ്പാർട്ടുമെന്റുകളടങ്ങിയ ഒരു ഭവനസമുച്ചയവും ഗുണഭോക്താക്കൾക്കായി നിർമ്മിച്ച് നൽകിയിട്ടുണ്ട്.

(ബി) മൂന്നാം ഘട്ടത്തിൽ നിലവിൽ നടന്നുവരുന്ന രേഖാ പരിശോധനയ്ക്ക് ശേഷം അർഹരായി കണ്ടെത്തുന്ന ഭൂരഹിത ഭവനരഹിതരായിട്ടുള്ള ഗുണഭോക്താക്കൾക്ക് ഭവനസമുച്ചയങ്ങൾ വഴി 500 ച.അടി വിസ്തീർണ്ണമുള്ള ഫ്ളാറ്റുകൾ നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അർഹതാ പരിശോധന കഴിഞ്ഞാൽ മാത്രമേ മൂന്നാംഘട്ടത്തിൽ എത്ര ഫ്ലാറ്റുകൾ വേണ്ടിവരുമെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(സി) ഭൂരഹിത ഭവനരഹിതരായി 337416 ഗുണഭോക്താക്കളെയാണ് സർവ്വേയിലൂടെ കണ്ടെത്തിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ അർഹതാ പരിശോധന തദ്ദേശഭരണ സ്ഥാപനതലത്തിൽ നടന്നുവരികയാണ്. അർഹതാ പരിശോധന കഴിഞ്ഞാൽ മാത്രമേ അന്തിമ ഗുണഭോക്തൃ പട്ടിക ലഭ്യമാകുകയുള്ളൂ. അന്തിമ ഗുണഭോക്തൃ പട്ടിക ലഭ്യമായാൽ മാത്രമേ കണ്ടെത്തേണ്ട ഭൂമിയുടെ അളവ് നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലും തദ്ദേശഭരണ സ്ഥാപനതലത്തിലും ജില്ലാ കോ-ഓർഡിനേറ്റർ മുഖേന ഭൂമി കണ്ടെത്തി വരികയാണ്.

**ലൈഫ് പദ്ധതി ഗുണഭോക്താക്കൾ**

150 (1643) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയുടെ ഭാഗമായി എത്ര വീടുകളുടെ പണി പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി പ്രകാരം വീടുകൾ ലഭിക്കാൻ അർഹതയുള്ള എത്ര ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള വീടുകളിൽ നിർമ്മാണം പുരോഗമിക്കുന്നവ എത്ര എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 142834 ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പദ്ധതി പ്രകാരം വീടുകൾ ലഭിക്കാൻ അർഹതയുള്ള 257674 ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്.

(സി) 100315 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

## ലൈഫ് മിഷന്റെ ഫ്ലാറ്റുകൾ

151 (1644) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷന്റെ ഫ്ലാറ്റുകൾ സംസ്ഥാനത്ത് എവിടെയൊക്കെയാണ് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഫ്ലാറ്റുകൾ എവിടെയെങ്കിലും പണി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) ലൈഫ് മിഷൻ നിലവിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഫ്ലാറ്റുകളുടെ സ്ഥലവിവരം അനുബന്ധമായി *ചേർക്കുന്നു.

(ബി) ലൈഫ് മിഷന് നിലവിൽ 84 ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിലെ മച്ചിപ്ലാവ് എന്ന സ്ഥലത്ത് ഭവനം ഫൗണ്ടേഷൻ ജനനി പദ്ധതി പ്രകാരം നിർമ്മിച്ച 217 അപ്പാർട്ടുമെന്റുകൾ അടങ്ങിയ ഒരു ഭവനസമുച്ചയം ലൈഫ് മിഷൻ വാങ്ങി ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

## ലൈഫ് പദ്ധതിയിൽ ചെലവഴിച്ച തുക

152 (T*1645) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിപ്രകാരം കേരളത്തിലാകെ എത്ര വീടുകളാണ് നിർമ്മിച്ച നൽകിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾ നൽകുമോ;

(ബി) ഇപ്പോൾ നിർമ്മാണത്തിൽ ഇരിക്കുന്നതും 2020 മാർച്ച് 31 -ന മുൻപ് പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നതുമായ എത്ര വീടുകളുണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരം അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) നിർമ്മിച്ചു നൽകിയതും പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നതുമായ വീടുകൾക്കായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ലൈഫ് പദ്ധതി പ്രകാരം കേരളത്തിലാകെ 142834 വീടുകളാണ് നിർമ്മിച്ച് നൽകിയിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം* ആയി ചേർക്കുന്നു.

(ബി) ഇപ്പോൾ നിർമ്മാണത്തിൽ ഇരിക്കുന്നതും 2020 മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നതുമായ 113690 വീടുകളുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം *ആയി ചേർക്കുന്നു.

(സി) നിർമ്മിച്ച് നൽകിയതും പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നതുമായ വീടുകൾക്കായി 5630.70 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട്**

153 (1646) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരമന-കളിയിക്കാവിള റോഡ് വികസനത്തിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് വച്ച് നൽകുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ആയതിന്റെ തുടർ നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

കരമന - കളിയിക്കാവിള റോഡ് വികസനത്തിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് വെച്ചുനൽകുന്നത് സംബന്ധിച്ച 9-7-2019 - ലെ അഡ്വ.ഐ.ബി. സതീഷ് എം.എൽ.എ.-യുടെ കത്തിന്റെ അടിസ്ഥാനത്തിൽ, 5-8-2019 - ലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ലൈഫ് മിഷൻ യോഗം ഇക്കാര്യം ചർച്ച ചെയ്യുകയും വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുവരുന്ന പുനരധിവാസ പ്രവർത്തനങ്ങൾക്ക് ലൈഫ് മിഷനിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം സാധ്യമാക്കുന്നതിന് പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുക ലൈഫ് മിഷന് കൈമാറണമെന്ന് തീരുമാനിക്കുകയും ചെയ്തു. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന

നിർമ്മാണ ധനസഹായം നൽകുന്നതിന് പ്രത്യേക അനുമതി നൽകുന്നതിനായി 6-9-2019-ൽ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (എൽ.എം.8/2019/ലൈഫ്) തദ്ദേശസ്വയംഭരണ വകുപ്പിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു. (ഫയൽ നമ്പർ ഡിബി1/338/2019/തസ്വഭവ.)

**ലൈഫ് ഭവന പദ്ധതി**

154 (1647) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ നാല് ഗ്രാമപഞ്ചായത്തുകൾ രണ്ട് നഗരസഭകൾ എന്നിവ വഴി ലൈഫ് ഭവന പദ്ധതിയിലൂടെ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ലൈഫ് പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലൂടെ കൊയിലാണ്ടി മണ്ഡലത്തിലെ മേൽപ്പറഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വീട് നിർമ്മാണത്തെക്കുറിച്ച് പഞ്ചായത്തിന്റെ/നഗരസഭയുടെ പേര്, നിർമ്മാണം പൂർത്തിയായ വീടുകളുടെ എണ്ണം, പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നവയുടെ എണ്ണം എന്നിങ്ങനെ പട്ടികപ്പെടുത്തി വിവരങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നാല് ഗ്രാമപഞ്ചായത്തുകൾ, രണ്ട് നഗരസഭകൾ എന്നിവവഴി ലൈഫ് ഭവന പദ്ധതിയിലൂടെ 866 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ലൈഫ് പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലൂടെ കൊയിലാണ്ടി മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൂർത്തിയായ വീടുകളുടെ എണ്ണം, പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നവയുടെ എണ്ണം എന്നിവ സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള വിവരങ്ങളടങ്ങിയ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

**ലൈഫ് പദ്ധതി - കൺസൾട്ടൻസി കരാർ**

155 (1648) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിക്ക് കൺസൾട്ടൻസി കരാർ നൽകിയിട്ടുണ്ടോ; എങ്കിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആർക്കാണ് കരാർ നൽകിയതെന്നും കരാർ കമ്പനിയെ നിയമിക്കുവാൻ നിശ്ചിയിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്നും വിശദമാക്കുമോ;

(ബി) കരാർ കമ്പനിക്ക് കൺസൾട്ടൻസി ഫീസിനത്തിൽ നിശ്ചിയിച്ചിട്ടുള്ള തുക എത്രയാണ്; വിശദാംശം നൽകുമോ;

(സി) പി.ഡബ്ള്യു.ഡി., എൽ.എസ്.ജി.ഡി. വകുപ്പുകളിൽ മികച്ച സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥർ ഉണ്ടായിരിക്കെ ഭവനനിർമ്മാണ പദ്ധതിയായ ലൈഫ് പദ്ധതിയുടെ കൺസൾട്ടൻസി കരാർ സ്വകാര്യ കമ്പനിക്ക് നൽകുന്നത് വഴി സാമ്പത്തിക നഷ്ടമല്ലാതെ എന്ത് മെച്ചമാണ് ഉണ്ടാകുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കരാർ നൽകിയിട്ടുണ്ട്. ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ (CR Narayana Rao Consultant Pvt. Ltd., Chennai) ഇ-ടെണ്ടർ മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. മുൻപരിചയവും, സാങ്കേതിക പരിജ്ഞാനവും പരിചയസമ്പന്നരായ സാങ്കേതിക വിദഗ്ദ്ധരുമുള്ളതും പ്രീഫാബ്രിക്കേറ്റഡ് സാങ്കേതിക വിദ്യ ഉപയോഗിച്ച് കെട്ടിടം നിർമ്മിച്ച് പരിചയമുള്ളതുമായ ഏജൻസികളെയാണ് ടെണ്ടറിൽ മാനദണ്ഡമാക്കിയത്.

(ബി) ടെണ്ടർ മുഖേന നടപ്പിലാക്കുന്ന പദ്ധതിയിൽ മൊത്തം നിർമ്മാണച്ചെലവിന്റെ 1.74% ആണ് കൺസൾട്ടൻസി ഫീസായി നൽകുന്നത്. ഗവൺമെന്റ് അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾക്ക് നിശ്ചയിച്ചിട്ടുള്ള 5% ഫീസിനെക്കാൾ 65% കുറഞ്ഞ തുകയാണ് നിശ്ചയിച്ചിട്ടുള്ളത്.

(സി) എല്ലാ വകുപ്പുകളിലേയും ഭവന പദ്ധതികളെ ഏകോപിപ്പിച്ചാണ് ലൈഫ് മിഷൻ പദ്ധതി സർക്കാർ നടപ്പിലാക്കിവരുന്നത്. ഈ പദ്ധതി അതിന്റെ പേര് സൂചിപ്പിക്കുന്നതുപോലെതന്നെ ഒരു മിഷൻ മോഡിലാണ് പ്രവർത്തിക്കുന്നത്. സമയബന്ധിതമായി പൂർത്തിയാക്കാൻ ഈ പദ്ധതി PWD, LSGD Engineering wing എന്നിവരെ ഏൽപ്പിച്ചാൽ അവരുടെ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകുന്നതുമൂലം ലൈഫ് മിഷൻ പദ്ധതികൾക്ക് കാലതാമസം ഉണ്ടാകുമെന്നുള്ളതുകൊണ്ടാണ് ലൈഫ് മിഷൻ നടപ്പാക്കിയപ്പോൾത്തന്നെ അതിലേയ്ക്കായി മാത്രം ഒരു എഞ്ചിനീയറിംഗ് ഡിവിഷൻ രൂപീകരിച്ചത്. ഈ എഞ്ചിനീയറിംഗ് വിഭാഗത്തിനാണ് മിഷന്റെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളുടെയും ഏകോപന ചുമതല.

ലൈഫ് മിഷന്റെ മൂന്നാംഘട്ട പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഈ വർഷം നിർമ്മാണം ആരംഭിക്കുന്ന 84 ഭവന സമുച്ചയങ്ങളിൽ 56 ഭവന സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് ടെണ്ടർ നടപടികൾ ആദ്യഘട്ടത്തിൽ

പുരോഗമിക്കുന്നത്. ഇവയെല്ലാംതന്നെ 2020 ഒക്ടോബർ മാസത്തോടുകൂടി പണി പൂർത്തീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണമാണ് എല്ലാ ഭവന സമുച്ചയങ്ങളുടെയും കാര്യത്തിൽ മിഷൻ അവലംബിക്കുന്നത്. നിലവിൽ കേരളത്തിലുള്ള സ്ഥാപനങ്ങൾക്കൊന്നും തന്നെ ഈ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണത്തിൽ പ്രാവീണ്യം ഇല്ല. ഈ പ്രവർത്തനങ്ങളെല്ലാം തന്നെ ഒരു ഏജൻസിയുടെ കുടക്കീഴിൽ കൊണ്ടുവന്നാൽ മാത്രമേ സർക്കാരിന്റെ ഉദ്ദേശ്യം ലക്ഷ്യപ്രാപ്തിയിൽ എത്തുകയുള്ളൂ. അതുകൊണ്ടാണ് ഇതിലേയ്ക്കായി ഒരു പ്രോജക്ട് മാനേജുമെന്റ് കൺസൾട്ടൻസിയെ തെരഞ്ഞെടുക്കാൻ തീരുമാനിച്ചത്.

പൊതുമരാമത്ത് പോലെയുള്ള വകുപ്പുകൾ അവർക്ക് ബഡ്ജറ്റ് ചെയ്ത ജോലികൾ മാത്രമേ സെന്റേജ് ചാർജ്ജ് ഈടാക്കാതെ നടപ്പിലാക്കുകയുള്ളൂ. ലൈഫ് മിഷന്റേതുപോലെയുള്ള ബഡ്ജറ്റ് ചെയ്യപ്പെടാത്ത ജോലികൾ ഏറ്റെടുത്താൽ അതിലേയ്ക്കായി അവർ ഈടാക്കുന്നത് സെന്റേജ് ചാർജ്ജായി 10 ശതമാനമാണ്. പൊതുമരാമത്ത് വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കായി ഉപയോഗിക്കുന്ന ഈ തുക ലൈഫ് മിഷൻ അവർക്ക് മൊത്തം തുകയുടെ 10 ശതമാനമായി സെന്റേജ് ചാർജ്ജ് ഇനത്തിൽ അനുവദിക്കേണ്ടതായിവരും. അതുപോലെതന്നെ സ്വന്തമായി എഞ്ചിനീയറിംഗ് വകുപ്പില്ലാത്ത ഡിപ്പാർട്ടുമെന്റുകൾക്ക് എംപാനൽ ചെയ്ത അല്ലെങ്കിൽ അക്രഡിറ്റ് ചെയ്ത സ്ഥാപനങ്ങളുടെ സേവനം G.O(P)95/2017/FIN Dated, 25-7-2017 പ്രകാരം ഉപയോഗിക്കാവുന്നതാണ്. ഇവർക്ക് ഗവൺമെന്റ് നിഷ്കർഷിക്കുന്ന സെന്റേജ് ചാർജ്ജ് 5% ആണ്. 5 കോടി രൂപയ്ക്ക് മുകളിൽ വരുന്ന എല്ലാ പ്രവർത്തനങ്ങൾക്കും ഈ നിരക്കാണ് അക്രഡിറ്റ് ചെയ്ത സ്ഥാപനങ്ങൾ ഈടാക്കുന്നത്. ഇതുമായി താരതമ്യം ചെയ്യുമ്പോൾ ലൈഫ് മിഷൻ അനുവദിച്ച സെന്റേജ് ചാർജ്ജായ 1.74% വളരെ കുറഞ്ഞ നിരക്കാണ്.

## കണ്ണൂർ ജില്ലയിലെ ലൈഫ് പദ്ധതി

156 (1649) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) കല്യാശ്ശേരി മണ്ഡലത്തിൽ എത്ര വീടുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്; എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന വീടുകളുടെയും നാളിതുവരെ പൂർത്തിയായതിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

| വിവിധ ഘട്ടങ്ങൾ | നിർമ്മിക്കാനുദ്ദേശിക്കുന്നത് | പൂർത്തീകരിച്ചത് |
|---|---|---|
| പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം | 2685 | 2627 |
| ഭൂമിയുള്ള ഭവനരഹിതർ | 2464 | 1717 |
| പി.എം.എ.വൈ.റൂറൽ - ലൈഫ് | 688 | 670 |
| പി.എം.എ.വൈ. അർബൻ - ലൈഫ് | 4250 | 1966 |
| ആകെ | 10087 | 6980 |

(ബി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി കല്യാശ്ശേരി അസംബ്ലി മണ്ഡലത്തിൽ നിർമ്മാണം പൂർത്തിയായ വീടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വിവിധ ഘട്ടങ്ങൾ | നിർമ്മിക്കാനുദ്ദേശിക്കുന്നത് | പൂർത്തീകരിച്ചത് |
|---|---|---|
| പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം | 168 | 160 |
| ഭൂമിയുള്ള ഭവനരഹിതർ | 153 | 115 |
| പി.എം.എ. വൈ. റൂറൽ | 32 | 31 |
| പി.എം.എ.വൈ. അർബൻ (ലൈഫ്) | ഇല്ല | |
| ആകെ | 353 | 306 |

## മരട് ഫ്ലാറ്റ്

157 (1650) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരട് ഫ്ലാറ്റ് വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണ്; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഫ്ലാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ആയതിൻ പ്രകാരം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 8-5-2019-ലെ സിവിൽ അപ്പീൽ 4784-4785/2019-ൻ മേലുള്ള (Arising out of SLPC No.4227-4228/2016) വിധിന്യായം പ്രകാരം മരട് നഗരസഭാ പരിധിയിലെ ആൽഫാ വെഞ്ചേ്വഴ്സ്, ജയിൻ ഹൗസിംഗ്, ഗോൾഡൻ കായലോരം, ഹോളിഫെയ്ത്ത് (H20), ഹോളിഡേ ഹെറിറ്റേജ് എന്നീ ഫ്ളാറ്റുകൾ പൊളിച്ച് നീക്കം ചെയ്യുന്നതിന് ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പൊളിച്ച് നീക്കം ചെയ്യേണ്ട നിർദ്ദിഷ്ട ഫ്ളാറ്റുകളിലെ അന്തേവാസികളെ ഒഴിപ്പിക്കുകയും ടി ഫ്ളാറ്റുകൾ പൊളിക്കുന്നതിന് വൈദഗ്ദ്ധ്യമുള്ള ഏജൻസിയിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുകയും ചെയ്തു. താൽപര്യ പത്രം സമർപ്പിച്ച 15 ഏജൻസികളിൽനിന്ന് വിദഗ്ധരായ 2 ഏജൻസികളായ M/s Edifice Engineering, M/s Vijay Steels എന്നിവരെ 5-10-2019-ലെ G.O.(Rt) No.2193/2019/LSGD, 9-10-2019-ലെ G.O.(Rt) No.2211/2019/LSGD നമ്പർ ഉത്തരവുകൾ പ്രകാരം രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി തെരഞ്ഞെടുക്കുകയും 15-10-2019-ൽ ടി ഏജൻസികൾക്ക് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുള്ളതും 23-10-2019-ൽ നിയമാനുസൃതം കരാറിൽ ഏർപ്പെട്ടവർക്ക് ഓർഡർ നൽകിയിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 8-9-2019-ലെ ഉത്തരവിൽ പരാമർശിച്ചതിൻ പ്രകാരം ടി ഫ്ലാറ്റുകളുടെ ഉടമകൾക്ക് നഷ്ട പരിഹാരം അനുവദിക്കുന്നതിലേയ്ക്കായി നിയോഗിക്കപ്പെട്ട ജസ്റ്റിസ് കെ. ബാലകൃഷ്ണൻ നായർ (Rtd.) കമ്മിറ്റി മുമ്പാകെ നിലവിൽ 246 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിൽ 23-10-2019 വരെ 157 പേർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

(ബി&സി) ഫ്ളാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചിട്ടുള്ളതായി പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതിനാൽ, ഇത് സംബന്ധിച്ച് ക്രൈം ബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.

## പരിസ്ഥിതി സൗഹാർദ്ദ ബസ്സ് കാത്തിരിപ്പുകേന്ദ്രങ്ങൾ

158 (1651) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ 16 പ്രദേശങ്ങളിൽ പരിസ്ഥിതി സൗഹാർദ്ദ ബസ്സ് കാത്തിരിപ്പു കേന്ദ്രങ്ങൾ ആസ്തി വികസന സ്കീമിൽ നിന്നും തുക ചെലവഴിച്ച് നിർമ്മിക്കുന്നതിന് 27-2-2016-ൽ ഭരണാനുമതി ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് നഗരസഭയിൽ

നിന്നും അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തര നിർദ്ദേശം നൽകുമോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഭരണാനുമതി നൽകി മൂന്നുവർഷം പിന്നിട്ടിട്ടും അനുമതി ആവശ്യപ്പെട്ട് നിരന്തരം നൽകിയിട്ടുള്ള പ്രൊപ്പോസലുകൾ നഗരസഭയുടെ പരിഗണന യിലുണ്ടായിട്ടും ഇക്കാര്യത്തിൽ നഗരസഭ അനുമതി നൽകാത്തത് കണക്കിലെടുത്ത് തുക ലാപ്സായി പോകാതിരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) 16 പ്രദേശങ്ങളിൽ പരിസ്ഥിതി സൗഹാർദ്ദ ബസ്സ് കാത്തിരിപ്പുകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് നഗരസഭ കൗൺസിലിന്റെ അനുമതിക്കായി ശ്രീ. വി. എസ്. ശിവകുമാർ എം.എൽ.എ.-യുടെ 20-8-2018-ലെ കത്ത് നഗരസഭയിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും 6-6-2019-ലെ മരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നമ്പർ II (20), പ്രകാരം സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട് പരിസ്ഥിതി സൗഹൃദ ബസ്ഷെൽട്ടർ നിർമ്മാണ പ്രോജക്ട് നിലവിലുള്ള സാഹചര്യത്തിൽ ഇരട്ടിപ്പുണ്ടാകാൻ സാധ്യതയുള്ളതിനാൽ സ്മാർട്ട് സിറ്റി പ്രോജക്ട് നടപ്പിലാക്കുന്ന സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് തീരുമാനിച്ചതിനുശേഷം ടി വിഷയം പരിഗണിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

## തിരുവനന്തപുരം നഗരസഭയ്ക്ക് പിഴ ചുമത്തുവാൻ നോട്ടീസ്

159 (1652) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്താത്തതുമൂലം മലിനീകരണ നിയന്ത്രണ ബോർഡ് തിരുവനന്തപുരം നഗരസഭയ്ക്ക് പിഴ ചുമത്തുവാൻ നോട്ടീസ് നൽകിയിട്ടുണ്ടോ;

(ബി) ഇത് നഗരസഭയെ താറടിച്ചു കാണിക്കുവാനാണെന്ന ആക്ഷേപം തിരുവനന്തപുരം നഗരസഭ രേഖാമൂലം നൽകിയിട്ടുണ്ടോ;

(സി) മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ നിലവിലെ തസ്തികയിൽ എത്തുന്നതിന് മുമ്പ് വേയ്സ്റ്റ് എനർജി പ്ലാന്റ് എന്ന കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതിയുമായി തിരുവനന്തപുരം നഗരസഭയെ സമീപിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ഡി) നഗരസഭയുടെ സാങ്കേതിക സമിതി പ്രസ്തുത രൂപരേഖ പരിശോധിച്ച് അതിന്മേൽ എടുത്ത തീരുമാനം എന്തായിരുന്നു;

(ഇ) നഗരസഭ ഏർപ്പെടുത്തിയ പൈപ്പ് കമ്പോസ്റ്റ്, കിച്ചൻ ബിൻ എന്നിവ പരാജയമാണെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് കണ്ടെത്തിയിട്ടുണ്ടോ; അത് വസ്തുതാപരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ബഹുമാനപ്പെട്ട നാഷണൽ ഗ്രീൻ ട്രിബ്യൂണൽ OA നമ്പർ 606/2018-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തിരുവനന്തപുരം നഗരസഭയ്ക്ക് നൽകിയ കാരണം കാണിക്കൽ നോട്ടീസിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്താത്തത് സംബന്ധിച്ചും പരാമർശിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) സമീപിച്ചിരുന്നു.

(ഡി) വേസ്റ്റ്-ടു-എനർജി പ്ലാന്റ് സംബന്ധിച്ച് ഒരു പ്രസന്റേഷൻ നടത്തുകയും അതിന്മേൽ നഗരസഭ ഭരണസമിതി അംഗങ്ങളും സാങ്കേതിക സമിതി അംഗങ്ങളും ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥരും ചർച്ച നടത്തി പ്രസ്തുത പദ്ധതി അനുയോജ്യമല്ലെന്ന നിഗമനത്തിലെത്തുകയുമായിരുന്നു.

(ഇ) നഗരസഭ ഏർപ്പെടുത്തിയ പൈപ്പ് കമ്പോസ്റ്റ്, കിച്ചൻ ബിൻ എന്നിവ പരാജയമാണെന്ന് മലിനീകരണ നിയന്ത്രണബോർഡ് നൽകിയ നോട്ടീസിൽ പരാമർശമുണ്ട്. ആയത് വസ്തുതാപരമല്ലായെന്ന് നഗരസഭ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. നഗരസഭയുടെ ആരോഗ്യ വിഭാഗവും, സാങ്കേതിക സമിതിയും പരിശോധനയും തുടർ പരിശോധനയും നടത്തി പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നുണ്ട്.

**കോട്ടൺഹിൽ സ്കൂളിലെ പുതിയ കെട്ടിട നിർമ്മാണം**

160 (1653) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ കോട്ടൺഹിൽ സ്കൂളിനും പ്രീപ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനും നഴ്സറി സ്കൂളിനുമായി 2015-16 സാമ്പത്തിക വർഷം ആസ്തി വികസന സ്കീമിൽ നിന്നും 45 ലക്ഷം രൂപ ചെലവഴിച്ച് ഒരു പുതിയ കെട്ടിടം നിർമ്മിച്ചു നൽകുന്നതിന് ഭരണാനുമതി

പുറപ്പെടുവിച്ചിരുന്നുവെങ്കിലും നിർമ്മാണം ആരംഭിക്കണമെങ്കിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തെ പഴയ കെട്ടിടം നഗരസഭ പൊളിച്ചുമാറ്റി സൈറ്റ് ക്ലിയർ ചെയ്ത് നൽകിയാൽ മാത്രമേ സാധിക്കുകയുള്ളൂയെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) ഇനിയും കാലതാമസം വരുത്താതെ വിദ്യാർത്ഥികളുടെ പഠന സൗകര്യവും ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി തിരുവനന്തപുരം നഗരസഭയുടെ ഭാഗത്തു നിന്നും അനുകൂല നടപടികളുണ്ടാകുമോ; ഇക്കാര്യത്തിൽ സർക്കാർ നടപടി സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) തിരുവനന്തപുരം നഗരസഭ പരിധിയിലെ കോട്ടൺഹിൽ സ്കൂളിനും പ്രീ പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനും നഴ്സറി സ്കൂളിനുമായി കെട്ടിടം പണിയുന്നതിന് സൗകര്യപ്രദമായ സ്ഥലം സ്കൂൾ കോമ്പൗണ്ടിൽ ഇല്ലാത്തതിനാലും നിലവിൽ കുട്ടികൾക്ക് പഠിക്കുവാൻ സ്ഥലപരിമിതി ഉള്ളതിനാലും നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റി പുതിയ നിർമ്മാണത്തിന് സൗകര്യം ചെയ്യുന്നതിന് തിരുവനന്തപുരം നഗരസഭാ കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ട്. കെട്ടിടം പൊളിച്ചുമാറ്റാൻ ഉടനടി നടപടി സ്വീകരിക്കുമെന്ന് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

**മരട് ഫ്ലാറ്റുടമകൾക്ക് നൽകേണ്ട നഷ്ടപരിഹാരം**

161 (1654) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരടിൽ അനധികൃതമായി നിർമ്മിച്ചതും സുപ്രീംകോടതി പൊളിച്ച് നീക്കുവാൻ ഉത്തരവായതുമായ ഫ്ലാറ്റുകളുടെ ഉടമകൾക്ക് നൽകേണ്ട നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിന് സുപ്രീംകോടതി നിയോഗിച്ച റിട്ട. ജഡ്ജി കെ. ബാലകൃഷ്ണൻ നായർ അദ്ധ്യക്ഷനായ സമിതി നഷ്ടപരിഹാരം ശിപാർശ ചെയ്തിട്ടുണ്ടോ;

(ബി) അഞ്ച് ഫ്ലാറ്റ് സമുച്ചയങ്ങളിലായി എത്ര പേരാണ് ഉടമസ്ഥാവകാശവും കൈവശ രേഖയും ഹാജരാക്കിയത്;

(സി) അനധികൃതമായി ഫ്ലാറ്റുകൾ നിർമ്മിച്ച ബിൽഡർമാരിൽ നിന്നും അതിന് അനുമതി നൽകിയ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടപരിഹാര തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) നഷ്ടപരിഹാര സമിതിയുടെയും അതിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെയും ചെലവ് കൂടി ഫ്ലാറ്റ് നിർമ്മാതാക്കളിൽ നിന്നും ഈടാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്

(ബി) 246 പേർ

(സി) അനധികൃത ഫ്ലാറ്റുകൾ നിർമ്മിച്ച ബിൽഡർമാരിൽനിന്നും നഷ്ടപരിഹാരത്തുക ഈടാക്കുവാൻ 25-10-2019-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് ഉദ്യോഗസ്ഥരുടെ പങ്ക് ക്രൈം ബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു.

(ഡി) നഷ്ടപരിഹാര സമിതിയിൽ പ്രവർത്തിക്കുന്നവരുടെ ചെലവ്, അനധികൃത നിർമ്മാണത്തിന് ഉത്തരവാദികളായവരിൽനിന്നും ഈടാക്കുവാൻ 16-10-2019-ലെ സ.ഉ.(സാധാ) നമ്പർ 100/19/ENVT പ്രകാരം ഉത്തരവായിട്ടുണ്ട്.

**പുതിയ മുനിസിപ്പാലിറ്റികളുടെ രൂപീകരണം**

162 (1655) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) നിലവിലുള്ള മുനിസിപ്പാലിറ്റികളുടെ അതിർത്തികൾ പുനർ നിർണയിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുനിസിപ്പാലിറ്റികളിൽ അശാസ്ത്രീയമായി വിഭജിച്ച ഡിവിഷനുകളുടെ പുനഃക്രമീകരണത്തിന് നടപടി സ്വീകരിക്കുമോ; ജനസംഖ്യാനുപാതികമായി ഡിവിഷനുകളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് പുതിയ പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവ രൂപീകരിക്കേണ്ട സാധ്യത പരിശോധിക്കാൻ നിയോഗിച്ച സമിതി പുതിയ നഗരസഭകൾ രൂപീകരിക്കേണ്ടതില്ലെന്ന് ശിപാർശ ചെയ്തു. ടി ശിപാർശ സർക്കാർ അംഗീകരിച്ച സാഹചര്യത്തിൽ പുതിയ നഗരസഭകൾ രൂപീകരിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) അശാസ്ത്രീയമായി വിഭജിച്ച ഡിവിഷനുകൾ പുനഃക്രമീകരിക്കുന്ന കാര്യം ഡീലിമിറ്റേഷൻ കമ്മീഷന്റെ പരിഗണനാവിഷയമാണ്. ഡിവിഷനുകളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടില്ല.

## പുതിയ ഗ്രാമപഞ്ചായത്തുകൾ

163 (1656) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) പുതിയ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായും പഞ്ചായത്ത് ഡയറക്ടർ കൺവീനറായും ഒരു അഞ്ചംഗ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതിയുടെ ശിപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമ പഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യത പട്ടിക, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു.

## വീടിന് സ്ഥിര കെട്ടിടനമ്പർ നൽകണമെന്ന അപേക്ഷ

164 (1657) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമ പഞ്ചായത്തിലെ അഞ്ചാം വാർഡിൽ ആസാദ് വിളയിൽ എ.ഒ. ജോയി 2001-ൽ നിർമ്മാണം പൂർത്തിയാക്കിയ കടമുറികളോട് കൂടിയ വീടിന് സ്ഥിര കെട്ടിട നമ്പർ നൽകണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷ പരിഗണിക്കാത്തത് എന്തുകൊണ്ടാണെന്നറിയിക്കുമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ കെട്ടിട നികുതി കുടിശ്ശിക പിരിക്കുന്നതിന് മുഹമ്മ ഗ്രാമ പഞ്ചായത്ത് നൽകിയ കേസിൽ ചേർത്തല ജെ.എഫ്.എം. കോടതിയുടെ വിധി എന്തായിരുന്നു;

(സി) ഈ വിധിക്കെതിരെ സർക്കാർ അപ്പീൽ സമർപ്പിച്ചിരുന്നോ; പ്രസ്തുത അപ്പീലിന്മേലുള്ള തീരുമാനം എന്തായിരുന്നു;

(ഡി) കെട്ടിട നിർമ്മാണം പൂർത്തിയാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും സ്ഥിര നമ്പർ നൽകാതെ ഉടമസ്ഥനെ ബുദ്ധിമുട്ടിക്കുന്ന പഞ്ചായത്തിന്റെ നടപടി പുനഃപരിശോധിച്ച് അപേക്ഷകന് നീതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. അപേക്ഷ പരിശോധിച്ചുവരുന്നു.

(ബി) പരാതികക്ഷിയായ പഞ്ചായത്ത് സെക്രട്ടറി സ്ഥിരമായി ഹാജരാകാത്തതിനെ തുടർന്ന് കേസ് കോടതി തള്ളുകയുണ്ടായി.

(സി) സർക്കാർ അപ്പീൽ സമർപ്പിച്ചിരുന്നില്ല.

(ഡി) ശ്രീ. എ. ഒ. ജോയിയുടെ അപേക്ഷ സർക്കാർ തലത്തിൽ പരിശോധിച്ച് തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാൻ കഴിയൂ.

**അനധികൃത കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുന്നുവെന്ന പരാതി**

165 (1658) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-കളിയിക്കാവിള ദേശീയപാതയുടെ രണ്ടാംഘട്ട വികസനം നടക്കുന്ന പ്രാവച്ചമ്പലം മുതൽ കൊടിനടവരെയുള്ള ഭാഗത്ത് പള്ളിച്ചൽ പഞ്ചായത്ത് അധികൃതർ അനധികൃത കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുന്നുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിൽ അന്വേഷണം നടത്തിയോ; അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) കോടതിയിൽ കേസ് നിലനിൽക്കുന്ന കെട്ടിടങ്ങൾക്കും, അനധികൃതമായി നിർമ്മിച്ചെന്ന് കണ്ടെത്തി പൊളിച്ചുമാറ്റാൻ തദ്ദേശസ്വയംഭരണ വകുപ്പ് ഓംബുഡ്സ്മാൻ ഉത്തരവിട്ട കെട്ടിടങ്ങൾക്കും വരെ പള്ളിച്ചൽ പഞ്ചായത്ത് അധികൃതർ നികുതി ഈടാക്കി നമ്പർ നൽകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) പഞ്ചായത്ത് ഡയറക്ടർ വകുപ്പുതലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ കരമന-പ്രാവച്ചമ്പലം റോഡിന് ഇരുവശത്തുമുള്ള വ്യാപാര സ്ഥാപനങ്ങൾക്കും വീടുകൾക്കും ലൈസൻസും മറ്റ് രേഖകളും നൽകിയിട്ടുണ്ട്. നിരവധി കെട്ടിടങ്ങൾ ദേശീയപാത അതോറിറ്റിയുടെ അനുമതി കൂടാതെ പുതുക്കി പണിയുന്നതായും പൊളിച്ചുമാറ്റി പുതിയ കെട്ടിടങ്ങൾ പണിയുന്നതായും ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി അനധികൃത നിർമ്മാണങ്ങൾ ക്കെതിരെ പഞ്ചായത്തിൽനിന്ന് നോട്ടീസ് നൽകിയിട്ടുണ്ട്. പുതുതായി ലഭിക്കുന്ന അപേക്ഷകളിന്മേൽ പൊതുമരാമത്ത് വകുപ്പ്, ദേശീയപാത അതോറിറ്റി എന്നിവരുടെ നിരാക്ഷേപപത്രം വാങ്ങിയാണ് നിലവിൽ നിർമ്മാണാനുമതി നൽകിവരുന്നത്.

(സി) കോടതിയിൽ കേസ് നിലനിൽക്കുന്ന കെട്ടിടങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് നമ്പർ നൽകിയിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല.

## ഇടമലക്കുടി ഗ്രാമപഞ്ചായത്തിന് അതിന്റെ പരിധിക്കുള്ളിൽത്തന്നെ ഓഫീസ്

166 (1659) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏക ആദിവാസി ഗ്രാമപഞ്ചായത്തായ ഇടമലക്കുടി ഗ്രാമപഞ്ചായത്തിന്റെ പഞ്ചായത്ത് ഓഫീസ് പ്രസ്തുത ഗ്രാമപഞ്ചായത്തിന് പുറത്തുള്ള ദേവികുളത്ത് പ്രവർത്തിക്കുന്നതിലെ അനൗചിത്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇത് മേഖലയിലെ ജനങ്ങളെ പഞ്ചായത്തിൽനിന്ന് ലഭിക്കേണ്ട സേവനങ്ങളിൽ നിന്നും അകറ്റുന്നതിനാൽ ഇടമലക്കുടി പഞ്ചായത്തിന് അതിന്റെ പരിധിയ്ക്കുള്ളിൽത്തന്നെ ഓഫീസ് സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇടമലക്കുടി പ്രത്യേക പാക്കേജ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് കമ്മിറ്റി മുൻകൂട്ടി ഊരുകൾക്ക് അറിയിപ്പ് നൽകി ഇടമലക്കുടി പഞ്ചായത്ത് പരിധിയിലെ സൊസൈറ്റിക്കുടിയിൽ ഒരു മാസത്തിൽ 10 ദിവസം ജീവനക്കാർ ക്യാമ്പ് ചെയ്ത് സേവനങ്ങൾ

നൽകിവരുന്നുണ്ട്. രൂക്ഷമായ കാട്ടാന ശല്യവും യാത്രാക്ലേശവും അനുഭവപ്പെടുന്ന ടി പ്രദേശത്ത് ജീവനക്കാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന രീതിയിലുള്ള കെട്ടിടങ്ങൾ ലഭ്യമായാൽ മാത്രമേ പൂർണ്ണ തോതിൽ ഓഫീസ് പ്രവർത്തനം സാധ്യമാവുകയുള്ളൂ.

**വള്ളിക്കുന്ന്, മൂന്നിയൂർ, പള്ളിക്കൽ ഗ്രാമപഞ്ചായത്തുകളുടെ വിഭജനം**

167 (1660) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് മണ്ഡലത്തിലെ വള്ളിക്കുന്ന്, മൂന്നിയൂർ, പള്ളിക്കൽ ഗ്രാമപഞ്ചായത്തുകളെ വിഭജിച്ചുകൊണ്ട് യഥാക്രമം അരിയല്ലൂർ, വെളിമുക്ക്, കരിപ്പൂർ എന്നീ മൂന്നു ഗ്രാമപഞ്ചായത്തുകൾ കൂടി രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2011-ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യ, ഭൂമിശാസ്ത്രപരമായ ഘടന, തനതു വരുമാനം തുടങ്ങി സർക്കാർ നിശ്ചയിക്കുന്ന ഏതു മാനദണ്ഡപ്രകാരവും പ്രസ്തുത ഗ്രാമപഞ്ചായത്തുകൾ വിഭജിക്കേണ്ടത് അത്യാവശ്യമാണ് എന്ന് കരുതുന്നുണ്ടോ; പ്രസ്തുത പഞ്ചായത്തുകളുടെ വിഭജനത്തിന് നടപടി സ്വീകരിക്കുമോ;

(സി) 2015-ൽ പ്രസ്തുത മൂന്നു ഗ്രാമപഞ്ചായത്തുകളും വിഭജിച്ചുകൊണ്ട് മൂന്ന് ഗ്രാമപഞ്ചായത്തുകൾ കൂടി രൂപീകരിക്കാൻ പഞ്ചായത്തുകൾ തീരുമാനം എടുത്തുകൊണ്ട് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടോ;

(ഡി) പഞ്ചായത്ത് വിഭജനവുമായി ബന്ധപ്പെട്ട ഡിലിമിറ്റേഷൻ കമ്മിറ്റി ഇപ്പോൾ നിലവിലുണ്ടോ; സമിതിയംഗങ്ങൾ ആരൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 27430-ൽ അധികം ജനസംഖ്യ, 32 ച.കി. മീറ്ററിലധികം വിസ്തീർണ്ണം, 50 ലക്ഷം രൂപയിൽ അധികം തനതുവരുമാനം, ജനസംഖ്യ, ഭൂവിസ്തൃതി എന്നിവയ്ക്കുപുറമേ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം, ഒരു ഗ്രാമപഞ്ചായത്ത് വിഭജിച്ചോ, രണ്ടോ അതിലധികമോ ഗ്രാമപഞ്ചായത്തുകളുടെ ഭാഗങ്ങൾ കൂട്ടിച്ചേർത്തോ വലിപ്പത്തിലും ജനസംഖ്യയിലും തുല്യത പുലർത്തുന്ന (20%

കൂടുതലോ കുറവോ) പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള സാധ്യത, ഭരണപരമായ സൗകര്യം എന്നീ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്നത്/രൂപീകരിക്കുന്നത് പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത മൂന്ന് ഗ്രാമപഞ്ചായത്തുകളും വിഭജിച്ചുകൊണ്ട് തത്വത്തിൽ തീരുമാനമെടുത്തിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട വിവിധ വ്യവഹാരങ്ങൾ പരിശോധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി സർക്കാരിന്റെ തീരുമാനം റദ്ദാക്കിയിട്ടുണ്ട്.

(ഡി) പഞ്ചായത്ത് വിഭജനവുമായി ബന്ധപ്പെട്ട് ഡീലിമിറ്റേഷൻ കമ്മിറ്റി ഇപ്പോൾ നിലവിലില്ല.

## സ്നേഹിത @ സ്കൂൾ പദ്ധതി

168 (1661) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സ്നേഹിത @ സ്കൂൾ 'പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും പദ്ധതിയുടെ ഗുണഭോക്താക്കൾ ആരെല്ലാമെന്നും വിശദമാക്കാമോ;

(സി) വിദ്യാലയങ്ങളും കുടുംബശ്രീയും കൈകോർത്തുകൊണ്ടുള്ള മറ്റ് പരിപാടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടി 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് നിലവിൽ 14 ജില്ലകളിലും ആരംഭിച്ച് പ്രവർത്തനം നടത്തിവരുന്നു. സ്നേഹിതയുടെ സേവനം സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് സ്നേഹിത @ സ്കൂൾ. തിരുവനന്തപുരം ജില്ലയിലാണ് ആദ്യമായി ഈ പദ്ധതി നടപ്പിലാക്കിയത്. 2019-20 സാമ്പത്തിക വർഷത്തിൽ 14 ജില്ലകളിലേയ്ക്കും പദ്ധതി വ്യാപിപ്പിച്ചു. ഗ്രാമ/തീരദേശ/ട്രൈബൽ തുടങ്ങിയ പിന്നോക്കം നിൽക്കുന്ന മേഖലകളിലെ സ്കൂളുകളെയാണ് ഈ പദ്ധതിക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. ഓരോ ജില്ലയിലും കുറഞ്ഞത് 5 സ്കൂളുകളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 104 സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) സമൂഹത്തിൽ ഇന്ന് കുട്ടികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് കൗൺസിലിംഗിലൂടെ മാനസിക പിന്തുണ നല്കുക, പ്രശ്നങ്ങളേയും മാനസിക സംഘർഷങ്ങളെയും അതിജീവിക്കാനുള്ള കഴിവ് സ്വയം ആർജ്ജിക്കുവാൻ പ്രാപ്തരാക്കുക എന്നിവയിലൂടെ ജീവിതവിജയം നേടാനും പഠനം കൂടുതൽ ആകർഷകമാക്കാനുമുള്ള പ്രവർത്തനങ്ങളാണ് സ്കൂൾ അധികൃതരുടെ പിന്തുണയോടെ സ്നേഹിത വിദ്യാർത്ഥികൾക്കായി ലഭ്യമാക്കുന്നത്. തെരഞ്ഞെടുത്ത സ്കൂളുകളിൽ എല്ലാ മാസവും സ്നേഹിതാ കൗൺസിലർമാർ സന്ദർശനം നടത്തുകയും കുട്ടികളുമായി സംവദിക്കുകയും ചെയ്തുവരുന്നു. ഇത് കൂടാതെ അദ്ധ്യാപകർക്കും കുട്ടികൾക്കും മാതാപിതാക്കൾക്കും പ്രത്യേകമായി ക്ലാസുകൾ സംഘടിപ്പിക്കുന്നു. കൗൺസിലിംഗ് ആവശ്യമുള്ള കുട്ടികൾക്ക് പ്രസ്തുത സേവനവും നൽകിവരുന്നു.

(സി) വിദ്യാലയങ്ങളും കുടുംബശ്രീയും ചേർന്നുകൊണ്ട് മറ്റ് പരിപാടികളൊന്നും നിലവിൽ നടപ്പിലാക്കിവരുന്നില്ല.

**കുടുംബശ്രീ ബസാർ**

169 (1662) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ബസാർ എന്ന പേരിൽ കുടുംബശ്രീ ഉല്പന്നങ്ങൾ ഓൺലൈൻ വിപണിയിൽ എത്തിച്ചിട്ടും പ്രതീക്ഷിച്ച നേട്ടമുണ്ടാക്കാൻ സാധിക്കാതെ വന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(ബി) ഓൺലൈൻ വിപണന രംഗത്തെ വൻകിട കമ്പനിയായ ആമസോൺ വഴി കുടുംബശ്രീ ഉല്പന്നങ്ങൾ വില്ക്കുന്നതിന് ഈ സാഹചര്യത്തിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ;

(സി) ഏതൊക്കെ ഉല്പന്നങ്ങളാണ് ആമസോൺ വഴി വില്പന നടത്തുന്നതെന്നും ഇതിലൂടെ വനിത സംരംഭകർക്ക് മികച്ച വരുമാനം നേടുന്നതിന് സാധിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാനും ഉപഭോക്താക്കൾക്ക് ഓൺലൈനായി ഉൽപ്പന്നങ്ങൾ വാങ്ങാനുമുള്ള അവസരം കുടുംബശ്രീ ബസാർ പോർട്ടൽവഴി ഒരുക്കിയിട്ടുണ്ടെങ്കിലും മറ്റ് പ്രമുഖ ഇ-കൊമേഴ്സ് പോർട്ടൽ കമ്പനികൾ ചെയ്യുന്നതുപോലെ വൻ തുക ചെലവഴിച്ചുകൊണ്ടുള്ള

വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ (പരസ്യം) നടത്തുന്നതിന് കുടുംബശ്രീക്ക് കഴിയില്ല. എന്നിരുന്നാലും, കുടുംബശ്രീയുടെ പരിമിതിക്കുള്ളിൽനിന്നുകൊണ്ട് വിവിധ തരം പ്രചാരണ പ്രവർത്തനങ്ങളിലൂടെ കൂടുതൽ നേട്ടമുണ്ടാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ഉണ്ട്.

(സി) ബാഗ്, ഹാൻഡ്-ലൂം, ഹാൻഡിക്രാഫ്റ്റ്, സോപ്പ് & റ്റോയ്‌ലറ്ററീസ്, ഹെർബൽ പ്രോഡക്ട്സ്, പേഴ്സണൽ കെയർ പ്രോഡക്ട്സ്, ബ്യൂട്ടി പ്രോഡക്ട്സ്, ഹോം & കിച്ചൺ എക്യുപ്‌മെന്റ്സ് എന്നീ വിഭാഗങ്ങളിലായി നിലവിൽ 275 ഉൽപ്പന്നങ്ങൾ ആമസോൺവഴി വിൽപ്പന നടത്തുന്നുണ്ട്. ഇതിലൂടെ വനിതാ സംരംഭകർക്ക് താരതമ്യേന മികച്ച വരുമാനം ലഭിക്കുന്നുണ്ട്.

**കുടുംബശ്രീ പ്രവർത്തനം**

170 (1663) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതത്തിന് മാതൃകയായ സംസ്ഥാനത്തെ കുടുംബശ്രീയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ നിലവിൽ വന്നശേഷം സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദവിവരം ലഭ്യമാക്കാമോ;

(ബി) കുടുംബശ്രീ സംരംഭങ്ങൾക്ക് കൂടുതൽ വായ്പകൾ ലഭ്യമാക്കുന്നതിന് വിവിധ ബാങ്കുകളുമായി ചേർന്ന് സ്വീകരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) കുടുംബശ്രീ ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(ഡി) കുടുംബശ്രീ സംഘങ്ങളുടെ സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ എന്തെങ്കിലും സഹായങ്ങൾ ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പലിശ സബ്സിഡി പദ്ധതി:- സംരംഭങ്ങൾക്ക് നൽകുന്ന വായ്പയിൽ പലിശ ഇളവ് അനുവദിക്കുക എന്നതാണ് ഈ പദ്ധതി. വ്യക്തിഗത സംരംഭങ്ങൾക്ക് 2.5 ലക്ഷം രൂപ വരെയുള്ള പദ്ധതി തുകയ്ക്കും ഗ്രൂപ്പ് സംരംഭങ്ങൾക്ക് 10 ലക്ഷം രൂപ വരെയുള്ള പദ്ധതി തുകയ്ക്കുമാണ് പലിശ സബ്സിഡി നൽകുന്നത്. കുടുംബശ്രീ വഴി 7% വരെയുള്ള പലിശയാണ് നൽകുന്നത്. കൃത്യസമയത്ത് തിരിച്ചടവ് നടത്തുകയാണെങ്കിൽ 3% കൂടി അധിക പലിശ ഇളവ് അനുവദിച്ച് നൽകിവരുന്നു. ഇപ്രകാരം ബാങ്കുകൾ മുഖേന സംരംഭകർക്ക് 4% പലിശയ്ക്ക് വായ്പ ലഭിക്കുന്നു.

(സി) പരമ്പരാഗത വിപണന മാർഗ്ഗങ്ങളായ മാസച്ചന്ത, ആഴ്ച്ചചന്ത, ഓണം-റംസാൻ മേളകൾ മുതലായവയ്ക്ക് പുറമേ നാനോ മാർക്കറ്റുകൾ, മാർക്കറ്റിംഗ് കിയോസ്കുകൾ, ഓൺലൈൻ പോർട്ടൽ, ആമസോൺ സഹേലി, സരസ്സ് മേളകൾ, ഭക്ഷ്യമേളകൾ, ട്രേഡ്ഫെയറുകൾ, ഹോംഷോപ്പ് അഥവാ കുടുംബശ്രീ മാർക്കറ്റിംഗ് നെറ്റ് വർക്ക് എന്നിവ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ വിപണന മാർഗ്ഗങ്ങളിലൂടെ വലിയൊരു ശതമാനം കുടുംബശ്രീ സംരംഭകരുടെ വരുമാനം വർദ്ധിപ്പിക്കാനും സാമ്പത്തിക ശാക്തീകരണമെന്ന കുടുംബശ്രീയുടെ ലക്ഷ്യത്തിലേയ്ക്ക് കൂടുതൽ അടുപ്പിക്കാനും ഇത്തരം പ്രവർത്തനങ്ങൾ സഹായകമായിട്ടുണ്ട്. ഇവയുടെ സംഘാടനം വെബ്സൈറ്റ് വഴി മോണിറ്റർ ചെയ്തുവരുന്നു.

(ഡി) കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളെല്ലാം 60:40 അനുപാതത്തിലുള്ള കേന്ദ്ര-സംസ്ഥാന പദ്ധതികളാണ്. അവ ചുവടെ പറയുന്നു;

- <u>റിവോൾവിംഗ് ഫണ്ട്</u>:- അയൽക്കൂട്ടങ്ങളുടെ ആന്തരിക വായ്പാ പ്രവർത്തനത്തെ ശക്തിപ്പെടുത്തുന്നതിനായി നൽകുന്ന സാമ്പത്തിക സഹായമാണ് റിവോൾവിംഗ് ഫണ്ട്. പരമാവധി 15,000 രൂപയാണ് റിവോൾവിംഗ് ഫണ്ടായി നൽകുന്നത്.

- <u>വൾനറബിലിറ്റി റിഡക്ഷൻ ഫണ്ട്</u>:- അയൽക്കൂട്ടങ്ങൾക്കുണ്ടാകുന്ന ആകസ്മിക പ്രശ്നങ്ങൾ നേരിടാൻ അടിയന്തര സഹായമെന്ന നിലയ്ക്ക് എ.ഡി.എസ്. മുഖാന്തിരം നൽകുന്ന ഫണ്ടാണ് വൾനറബിലിറ്റി റിഡക്ഷൻ ഫണ്ട്.

അയൽക്കൂട്ടത്തിന് പരമാവധി 15,000 രൂപ

<u>പലിശ സബ്സിഡി</u>:- നഗര-ഗ്രാമ പ്രദേശങ്ങളിലെ അയൽക്കൂട്ടങ്ങൾക്ക് 7% പലിശ നിരക്കിൽ വായ്പ ലഭ്യമാകത്തക്കവിധം പലിശ ഇളവ് ലഭ്യമാക്കുന്നുണ്ട്. 3 ലക്ഷം വരെയുള്ള വായ്പകൾക്കാണ് ടി പലിശ ഇളവ് നൽകുന്നത്.

കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട്:- കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങളുടെ സംരംഭ വികസനത്തിനും തുടർ പ്രവർത്തനത്തിനുമായി ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കിവരുന്ന വായ്പാ പദ്ധതിയാണ് കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട്. വ്യക്തിഗത സംരംഭങ്ങൾക്ക് പരമാവധി 50,000 രൂപയും ഗ്രൂപ്പ് സംരംഭങ്ങൾക്ക് പരമാവധി 1,50,000 രൂപയും 4% പലിശനിരക്കിൽ സി.ഡി.എസ്-കൾ മുഖാന്തിരം അനുവദിച്ചുനൽകുന്ന പദ്ധതിയാണിത്.

ദേശീയ നഗര ഉപജീവന മിഷൻ:- കുടുംബശ്രീ മുഖേന സംസ്ഥാനത്തെ നഗരസഭകൾ വഴി നിർവഹണം ചെയ്തുവരുന്ന ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി പ്രകാരം നഗരപ്രദേശങ്ങളിലെ അർഹരായ എ.ഡി.എസ്.-കൾക്ക് 50,000 രൂപ വീതവും അയൽക്കൂട്ടങ്ങൾക്ക് 10,000 രൂപ വീതവും റിവോൾവിംഗ് ഫണ്ട് അനുവദിച്ചുവരുന്നു. കൂടാതെ റിസോഴ്സ് ഓർഗനൈസേഷൻസായി (ആർ.ഒ) ചുമതലപ്പെടുത്തിയിട്ടുള്ള സി.ഡി.എസ്.-കൾ നിർവഹിക്കുന്ന നിർദ്ദിഷ്ട പ്രവർത്തനങ്ങൾക്ക് നിശ്ചിത നിരക്കിലുള്ള തുക ആർ.ഒ. ഫണ്ടായും അനുവദിച്ചുവരുന്നു.

**കുടുംബശ്രീയുടെ സ്ഥാപിതലക്ഷ്യങ്ങൾ**

171 (1664) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പിന്തുണയുള്ള സ്ത്രീകളുടെ അയൽക്കൂട്ട സംവിധാനം എന്ന നിലയിൽ കുടുംബശ്രീ അതിന്റെ സ്ഥാപിത ലക്ഷ്യങ്ങൾ എത്രത്തോളം നിറവേറ്റിയിട്ടുണ്ട് എന്ന പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീയിലെ അംഗപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(സി) വനിതാശാക്തീകരണ- ദാരിദ്ര്യനിർമ്മാർജ്ജന പൊതുവേദി എന്ന നിലയിൽ കുടുംബശ്രീക്ക് ഈ സർക്കാർ നൽകിയ സാമ്പത്തിക സഹായം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 'സ്ത്രീകളുടെ ജീവിതരീതിയിലും തൊഴിലിലും (conditions of life & work) കുടുംബശ്രീയുടെ സ്വാധീനം' എന്ന വിഷയത്തിൽ ലാറി ബേക്കർ സെന്റർ

ഫോർ ഹാബിറ്റാറ്റ് സ്റ്റഡീസിന്റെ നേതൃത്വത്തിൽ വിശദമായ ഒരു പഠനം നടത്തിയിട്ടുണ്ട്. കുടുംബശ്രീയിൽ ചേരുന്നതിന് മുമ്പും പിൻപുമുള്ള സ്ത്രീകളുടെ വീടുകളുടെ അവസ്ഥ, കഴിവ്, വികസനം, സാമ്പത്തിക സാമൂഹിക ശാക്തീകരണം, വരുമാന ദായക പ്രവർത്തനങ്ങൾ തുടങ്ങിയ ഘടകങ്ങൾ പഠന വിധേയമാക്കിയിരുന്നു. ഈ മേഖലകളിലെല്ലാംതന്നെ ഗണനീയമായ പുരോഗതി കൈവരിക്കാൻ കുടുംബശ്രീയുടെ സ്വാധീനംകൊണ്ട് കഴിഞ്ഞതായി ബോധ്യപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. അയൽക്കൂട്ടങ്ങളുടെ വ്യാപനത്തിനും അർഹരായവരെ അയൽക്കൂട്ടങ്ങളിൽ കൂടുതലായി ഉൾപ്പെടുത്തുന്നതിനുമായി ദിശ ക്യാമ്പയിൻ, അയൽക്കൂട്ട വർഷം തുടങ്ങിയ പരിപാടികൾ ഇക്കാലയളവിൽ സംഘടിപ്പിച്ചു. ഇതിന്റെ ഫലമായി 41962 അയൽക്കൂട്ടങ്ങൾ പുതുതായി രൂപീകരിക്കപ്പെട്ടു. ഇതിലൂടെ 483568 കുടുംബങ്ങൾ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായി. നിലവിൽ 291507 അയൽക്കൂട്ടങ്ങളിലായി 4393579 കുടുംബങ്ങൾ കുടുംബശ്രീയിൽ അംഗങ്ങളാണ്.

(സി) പ്ലാൻ ഫണ്ട് (തുക ലക്ഷത്തിൽ)

| വർഷം | ബഡ്ജറ്റ് വിഹിതം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2016-17 | 130 | 130 | 12429 |
| 2017-18 | 161 | 161 | 17900* |
| 2018-19 | 188.62 | 188.62 | 19500* |
| 2019-20 | 183.00 + 75.00 | ട്രഷറി അലോട്ട്മെന്റ് വഴി 50% നൽകി | 5272.03 |
| | | ആകെ | 55101.03 |

* മുൻവർഷങ്ങളിലെ ബാക്കി തുകയും ചേർത്ത്

**ക്ഷേമ പെൻഷൻ**

172 (1665) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്രപേർക്ക് പുതുതായി ക്ഷേമ പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര കുടുംബങ്ങൾക്ക് ക്ഷേമ പെൻഷൻ ലഭ്യമാക്കിയിട്ടുണ്ടെന്നും ഇതിനായി എത്ര കോടി രൂപ പ്രതിവർഷം ചിലവാക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 1205120 പേർക്ക് പുതിയതായി ക്ഷേമപെൻഷൻ അനുവദിച്ചിട്ടുണ്ട്.

(ബി) വ്യക്തികൾക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നത്. 4672966 പെൻഷൻ ഗുണഭോക്താക്കൾക്ക് 6892.28 കോടി രൂപ നിലവിൽ പ്രതിവർഷം സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി ചെലവഴിക്കുന്നുണ്ട്.

**മാലിന്യ നിക്ഷേപം തടയാൻ നടപടി**

173 (1666) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു സ്ഥലങ്ങളിലും ജലാശയങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ നിലവിലുള്ള പിഴ തുക വർദ്ധിപ്പിക്കാൻ നടപടിയെടുക്കുമോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇത്തരം പ്രവൃർത്തികൾക്ക് ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുത്ത് ഉടമസ്ഥനിൽ നിന്നും പിഴ തുക ഈടാക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പിഴയും ശിക്ഷയും കടുപ്പിക്കാനുള്ള സാധ്യതകൾ പരിശോധിക്കും.

(ബി) പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 യു/കേരള മുനിസിപ്പൽ ആക്ട് 340, 340 (ബി) എന്നിവ പ്രകാരം പിഴ ഈടാക്കുന്നുണ്ട്.

**ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ**

174 (1667) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാലിന്യം വലിച്ചെറിയുന്നത് മൂലം പകർച്ചവ്യാധികൾ പടരാനുള്ള സാദ്ധ്യത കൂടുതലാണെന്ന വസ്തുത കണക്കിലെടുത്ത് ഉറവിട മാലിന്യ സംസ്കരണം ഊർജ്ജിതമാക്കുന്നതിനു വേണ്ടി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

മഴക്കാല പൂർവ്വ ശുചീകരണം (ആരോഗ്യ ജാഗ്രത) - ശുചിത്വമിഷൻ, എൻ.എച്ച്.എം, തനത് ഫണ്ട് എന്നിവ ഉപയോഗിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ എല്ലാ വർഷവും നടത്തിവരുന്നു.

ഗ്രാമപഞ്ചായത്തുകളിലെ വാർഡൊന്നിന് 10,000 രൂപ വച്ച് 1,597 ലക്ഷം രൂപയും കോർപ്പറേഷൻ വാർഡൊന്നിന് 20,000 രൂപയും, മുനിസിപ്പാലിറ്റി വാർഡൊന്നിന് 10,000 രൂപ വീതം 395 ലക്ഷം രൂപയും 2019-20 -ൽ അനുവദിച്ചിട്ടുണ്ട്.

ഉറവിട മാലിന്യ സംസ്കരണത്തിനായി ശുചിത്വകേരളം (റൂറൽ) ഘടകത്തിൽ 150 ലക്ഷം രൂപയും, ശുചിത്വ കേരളം (നഗരം) ഘടകത്തിൽ 300 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ് ഭാരത് മിഷൻ (അർബൻ) എന്നീ പദ്ധതി വഴിയും ഉറവിടമാലിന്യ സംസ്കരണം ഊർജ്ജിതമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

## മാലിന്യ സംസ്കരണ പദ്ധതികൾ

175 (1668) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണത്തിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇറച്ചിക്കടകളും കോഴിക്കടകളും നടത്തുന്നവർക്ക് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിബന്ധനകൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെഥനേഷൻ സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കി വരുന്നത്. അതുപോലെ നിലവിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായവും ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നു.

അജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ തരംതിരിച്ച് ശേഖരിച്ച് പുനഃചംക്രമണം ചെയ്യുന്നതിനായി കൈമാറുന്നതിനുവേണ്ടി എം.സി.എഫ്., ആർ.ആർ.എഫ്. സെന്ററുകളുടെ പ്രവർത്തനവും തദ്ദേശ ഭരണ സ്ഥാപനാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. കൂടാതെ അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് എം.സി.എഫ്-കളിലും, ആർ.ആർ.എഫ്-കളിലും എത്തിക്കുന്നതിനായി ഹരിത കർമ്മ സേനകൾ തദ്ദേശ സ്വയംഭരണ

സ്ഥാപനതലങ്ങളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ഇവർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിനായി ഹരിത സഹായ സ്ഥാപനങ്ങളെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത് ആയതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ മാലിന്യത്തിൽനിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്ന തരത്തിലുള്ള ഇന്റഗ്രേറ്റഡ് വേസ്റ്റ് മാനേജ്മെന്റ് പ്ലാന്റുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ സ്ഥാപിക്കുവാനും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ചിക്കൻ സ്റ്റാളുകൾ, അറവുശാലകൾ എന്നിവിടങ്ങളിലെല്ലാം മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്നും, അവയിൽനിന്നുള്ള ജൈവ-അജൈവ മാലിന്യങ്ങൾ പൊതുനിരത്തുകളിലും ജലാശയങ്ങളിലും നിക്ഷേപിക്കപ്പെടുന്നില്ലെന്നും തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തണമെന്നും, ഇത് ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും 22-7-2017-ലെ സ.ഉ (സാധാ) നമ്പർ 2511/2017/തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

**മാലിന്യ സംസ്കരണത്തിൽ വീഴ്ച വരുത്തിയ തദ്ദേശഭരണ സ്ഥാപനങ്ങൾ**

176 (1669) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖരമാലിന്യ സംസ്കരണത്തിൽ വീഴ്ചവരുത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പിഴ ഈടാക്കിക്കൊണ്ട് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നോട്ടീസ് നൽകിയിട്ടുണ്ടോ;

(ബി) ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതെന്നും അവർ എത്ര രൂപ വീതം പിഴ അടയ്ക്കുവാനാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയ നോട്ടീസിന് തദ്ദേശഭരണ സ്ഥാപനങ്ങൾ മറുപടി നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത മറുപടിയിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഏതൊക്കെ കണ്ടെത്തലുകളാണ് വസ്തുതപരമല്ലെന്ന് അറിയിച്ചിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) ഖരമാലിന്യ സംസ്കരണത്തിൽ വീഴ്ച വരുത്തിയ ചില തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പിഴ ഈടാക്കിക്കൊണ്ടും പിഴ ഈടാക്കാതിരിക്കാനുള്ള കാരണം കാണിക്കാൻ നിർദ്ദേശം നല്കിയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നോട്ടീസ് നൽകിയിട്ടുണ്ട്.

ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 25-4-2019-ലെ ഒ.എ.നമ്പർ 606/2018 ഉത്തരവ് പ്രകാരം സംസ്ഥാനത്ത് മൂന്ന് മാതൃകാ നഗരങ്ങൾ, മൂന്ന് മാതൃകാ പട്ടണങ്ങൾ, ഓരോ ജില്ലയിലും മൂന്ന് മാതൃകാ പഞ്ചായത്തുകൾ വീതം തെരഞ്ഞെടുക്കുന്നതിനും അവ 6 മാസത്തിനകം എല്ലാ പരിസ്ഥിതി നിയമങ്ങളും പാലിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവയെ മാതൃകാ നഗരങ്ങളായി തെരഞ്ഞെടുക്കുകയുണ്ടായി. മേൽപ്പറഞ്ഞ 6 മാസം തീരുന്ന കാലയളവിൽ കാര്യമായ പുരോഗതിയില്ലാത്തതിനാൽ ചുവടെ ചേർക്കുന്ന നഗരസഭ/ കോർപ്പറേഷനുകൾക്ക് നോട്ടീസ് നൽകുകയുണ്ടായി.

a) തൃശ്ശൂർ കോർപ്പറേഷൻ

എൺവയോൺമെന്റൽ കോമ്പൻസേഷൻ ഈടാക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നിശ്ചയിച്ചുകൊണ്ട് തൃശ്ശൂർ കോർപ്പറേഷന് നോട്ടീസ് നൽകുകയുണ്ടായി. ആയത് പ്രകാരം നൽകിയ നോട്ടീസിന് തൃശ്ശൂർ നഗരസഭാ സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

b) തിരുവനന്തപുരം കോർപ്പറേഷൻ

ഖര മാലിന്യ സംസ്കരണത്തിൽ വീഴ്ച വരുത്തിയതായി കാണിച്ച് എൺവയോൺമെന്റൽ പ്രൊട്ടക്ഷൻ ആക്ട് 1986 സെക്ഷൻ 5 പ്രകാരമുള്ള ഷോക്കോസ് നോട്ടീസ് നൽകിയിട്ടുള്ളതാണ്. തിരുവനന്തപുരം കോർപ്പറേഷന്റെ മറുപടിയിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ കണ്ടെത്തലുകൾ വസ്തുതാപരമല്ലെന്ന് അറിയിച്ചിട്ടുള്ളതിന്റെ വിശദവിവരങ്ങൾ കോർപ്പറേഷൻ സെക്രട്ടറി ലഭ്യമാക്കിയത് അനുബന്ധമായി* ചേർത്തിരിക്കുന്നു.

c) കളമശ്ശേരി നഗരസഭ

എൺവയോൺമെന്റൽ കോമ്പൻസേഷൻ ഈടാക്കാതിരിക്കാനുള്ള കാരണം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. ആയത് പ്രകാരം നൽകിയ നോട്ടീസിന് കളമശ്ശേരി നഗരസഭാ സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ നഗരസഭകൾക്ക് എൺവയോൺമെന്റൽ കോമ്പൻസേഷൻ ഈടാക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകിയതിന്മേലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മലിനീകരണ നിയന്ത്രണ ബോർഡ് ചുമത്തിയ പിഴ**

177 (1670) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തിരുവനന്തപുരം നഗരസഭയ്ക്ക് മാലിന്യ നിർമ്മാർജ്ജനത്തിന്റെ പേരിൽ പിഴ ചുമത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പിഴ തുക എത്രയാണെന്ന് വ്യക്തമാക്കുമോ; പിഴ ചുമത്തിയതിനുള്ള കാരണങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പിഴ ചുമത്തിയിട്ടില്ല. ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണൽ OA 606/2018-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയ്ക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും കാരണം കാണിക്കൽ നോട്ടീസ് ലഭിച്ചിട്ടുണ്ട്.

**ഖരമാലിന്യ സംസ്കരണം**

178 (1671) <u>ശ്രീ. കെ. വി. വിജയദാസ്:</u>
<u>ശ്രീ. സി.കെ. ഹരീന്ദ്രൻ:</u>
<u>ശ്രീ. വി. കെ. സി. മമ്മത് കോയ:</u>
<u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഖരമാലിന്യ സംസ്കരണത്തിനായി പുതുതായി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ മാലിന്യ സംസ്കരണ പദ്ധതികൾക്ക് പരമാവധി പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അജൈവ മാലിന്യങ്ങൾ വീടുകളിൽ നിന്നും യൂസർഫീയുടെ അടിസ്ഥാനത്തിൽ ഹരിത കർമ്മസേന വഴി ശേഖരിച്ച് സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ചന്തകൾ, അറവുശാലകൾ, കല്യാണ മണ്ഡപങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണത്തിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഖരമാലിന്യ സംസ്കരണത്തിന് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- ഗാർഹിക/സ്ഥാപനതലങ്ങളിലെ ജൈവമാലിന്യങ്ങൾ പരമാവധി ഉറവിടത്തിൽത്തന്നെ ഉല്പാദകന്റെ ഉത്തരവാദിത്തത്തിൽ സംസ്കരിക്കുന്ന രീതിയും (വികേന്ദ്രീകൃത ഉറവിട ജൈവമാലിന്യ സംസ്കരണം) അത് സാധ്യമാകാത്ത ഇടങ്ങളിൽ കമ്മ്യൂണിറ്റി തല കമ്പോസ്റ്റിംഗ്/ ബയോമെഥനേഷൻ രീതിയും തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു.

- ചന്തകൾ, അറവുശാലകൾ, കല്ല്യാണ മണ്ഡപങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ.

- മാലിന്യത്തെ ജൈവകൃഷിക്ക് അനുയോജ്യമായ വളമാക്കി മാറ്റി വീടുകളിൽ തന്നെ കൃഷി വ്യാപിപ്പിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതികൾ.

- അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേന വഴി യൂസർഫീയുടെ അടിസ്ഥാനത്തിൽ വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ശേഖരിച്ച് സംഭരിക്കുന്നതിലേയ്ക്ക് എം.സി.എഫ്.(മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി)-കളും, എം.സി.എഫ്.-ൽ നിന്ന് രണ്ടാംഘട്ട തരം തിരിവിനും റീസൈക്ളിംഗ് മേഖലയ്ക്ക് കൈമാറുന്നതിനും പുന:ചംക്രമണത്തിന് സാധ്യത കുറവുള്ള പ്ലാസ്റ്റിക്കുകൾ ഷ്രെഡ്ഡ് ചെയ്യുന്നതിനും ലഭ്യമാക്കുന്നതിനും ആർ.ആർ.എഫുകളും തദ്ദേശ സ്ഥാപനതലത്തിൽ സ്ഥാപിച്ചുവരുന്നു.

- ഹരിത കർമ്മസേനയ്ക്കാവശ്യമായ സാങ്കേതിക പിന്തുണ നൽകുന്നതിന്

51 ഹരിത സഹായ സ്ഥാപനങ്ങളെ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തെരഞ്ഞെടുത്ത് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും കരാറിൽ ഏർപ്പെട്ടുവരുന്നു.

- നഗരമേഖലയിൽ പൊതുയിടങ്ങളും, റോഡുകളും യന്ത്ര സഹായത്തോടെ വൃത്തിയാക്കുന്നതിനുള്ള പദ്ധതികൾ.
- കൺസ്ട്രക്ഷനും ഡിമോളിഷനുമായി ബന്ധപ്പെട്ട മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
- തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ഖരമാലിന്യം സംസ്കരിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.
- ഖരമാലിന്യ പരിപാലനവും നിലവിലെ സംവിധാനങ്ങളുടെ മെച്ചപ്പെടുത്തലും
- ഗവേഷണവും പുതിയ ആശയങ്ങളുടെ പ്രചരണവും
- ദ്രവമാലിന്യ സംസ്കരണ സംവിധാനവും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും സ്ഥാപിക്കൽ
- ഗ്രീൻപ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കൽ
- കക്കൂസ് മാലിന്യ പരിപാലനത്തിനായുള്ള യന്ത്രവത്കരണം, കക്കൂസ് മാലിന്യം ശാസ്ത്രീയമായി പരിപാലിക്കുന്നതിന് സഹായകരമാകുന്ന മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് യൂണിറ്റുകൾ ലഭ്യമാക്കൽ
- നഗര – ഗ്രാമ പൊതുസേവന സൗകര്യങ്ങൾക്കുള്ള സാങ്കേതിക ഉപദേശം നൽകൽ
- തെരഞ്ഞെടുക്കപ്പെട്ട നഗരസഭകളിൽ മൃഗങ്ങൾക്കായുള്ള ശ്മശാനം സ്ഥാപിക്കൽ
- പ്രളയത്തിൽ നശിച്ച സ്കൂൾ ടോയ്‌ലെറ്റുകളുടെ പുനർനിർമ്മാണം
- പൊതുസ്ഥലങ്ങൾ, പൊതുഓഫീസുകൾ, പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവയിൽ ശുചിത്വസമുച്ചയം നിർമ്മിക്കൽ
- സ്വച്ഛ്ഭാരത് മിഷൻ (അർബൻ) പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകൽ

- ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ചന്തകളിലും മാലിന്യ സംസ്കരണ പൊതുകേന്ദ്രങ്ങളിലും മാലിന്യത്തിൽനിന്നും ഊർജ്ജം ഉത്പാദിപ്പിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ

(ബി) ഹരിതകേരളം എന്ന ലക്ഷ്യം നേടുന്നതിനായി ശുചിത്വമിഷന്റെ പിന്തുണയോടെ തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പരമാവധി പൊതുജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി "മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം" ക്യാമ്പയിൻ ഉൾപ്പെടെയുള്ള ക്യാമ്പയിനുകൾ ഇതിനോടകം പൂർത്തിയാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ചുകൊണ്ട് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അജൈവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സ്കൂൾ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് Collectors @ School പദ്ധതി ശുചിത്വ മിഷൻ വിഭാവനം ചെയ്തിട്ടുണ്ട്. മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകുന്ന പ്രവൃത്തികളിൽ ഉൾപ്പെട്ട സ്വയം സഹായ സംഘങ്ങൾ/ചെറുകിടവ്യവസായങ്ങൾ എന്നിവയ്ക്ക് അടിസ്ഥാന പിന്തുണ നൽകൽ, ഉല്പാദകന്റെ ഉത്തരവാദിത്തം വർദ്ധിപ്പിക്കുന്നതിനും അതുപോലെയുള്ള മറ്റ് പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം നൽകൽ, ശുചിത്വ അവാർഡുകൾ ഏർപ്പെടുത്തുക തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നു. പൊതുജന സഹകരണം ഉറപ്പാക്കിക്കൊണ്ട് മാലിന്യത്തിന്റെ ഉല്പാദനം കുറയ്ക്കുന്നതിനായി ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. പൊതുജന പങ്കാളിത്തത്തോടെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ബോധവൽക്കരണ പ്രവർത്തനങ്ങളും വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങളും സംഘടിപ്പിച്ചുവരുന്നു.

(സി) 701 ഗ്രാമ പഞ്ചായത്തുകളിലും 81 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും കുടുംബശ്രീ പ്രവർത്തകരോ മറ്റ് ഏജൻസികളോ ഹരിതകർമ്മസേനയായി പ്രവർത്തിച്ചുകൊണ്ട് യൂസർഫീ അടിസ്ഥാനത്തിൽ അജൈവ മാലിന്യ ശേഖരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ചന്തകളിലെ മാലിന്യ സംസ്കരണത്തിന് ഓരോ ചന്തകളുടെയും നേരിട്ടുള്ള ഗുണഭോക്താക്കളുടെ പങ്കാളിത്തവും ഉത്തരവാദിത്തവും ഉറപ്പാക്കി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രോജക്ടുകൾക്ക് രൂപം നൽകി മാർക്കറ്റുകളിൽ ശുചിത്വ-മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തി

ആധുനികവൽക്കരിക്കുന്നതിനുള്ള കർമ്മപദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 30-9-2019-ലെ സ.ഉ(സാധാ) നമ്പർ2141/2019/തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്. ജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിനായി എയ്റോബിക് കമ്പോസ്റ്റ് ബിന്നുകളും, ബയോ മെഥനേഷൻ പ്ലാന്റുകളും അജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിന് സഹായിക്കുന്ന തിനായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയും മത്സ്യ-മാംസ മാർക്കറ്റ് വൃത്തിയാക്കുന്നതിനുള്ള യന്ത്ര സംവിധാനങ്ങളും ദ്രവ മാലിന്യം പരിപാലിക്കുന്നതിനായി എഫ്ളുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റും, ശൗചാലയ മാലിന്യം സംസ്കരിക്കുന്നതിന് ട്രീറ്റ്മെന്റ് പ്ലാന്റും ഏർപ്പെടുത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളാണ് പ്രസ്തുത ഉത്തരവിൽ പ്രതിപാദിക്കുന്നത്.

തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഡി & ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്ല്യാണ മണ്ഡപങ്ങൾ/വിവാഹ ഹാളുകൾ, ഭക്ഷണ ശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യ വസ്തുക്കൾ വിൽക്കുന്ന സിനിമാ തിയേറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, പച്ചക്കറി പഴ വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, വിവിധ ക്യാന്റീനുകൾ എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരം തിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, ഏയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിന് അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങൾ കർശനമായ നിർദ്ദേശം നൽകേണ്ടതാണെന്ന് 22-7-2017-ലെ സ.ഉ. (സാധാ) നമ്പർ 2511/2017/തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്. പുതുതായി ഡി.&ഒ. ലൈസൻസിന് അപേക്ഷിക്കുന്ന മേൽപ്പറഞ്ഞ രീതിയിലുള്ള സ്ഥാപനങ്ങൾ മേൽവിവരിച്ച പ്രകാരം ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് അനുയോജ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കി മാത്രമേ അവർക്ക് ഡി&ഒ ലൈസൻസ് തുടർന്ന് നൽകാവൂ എന്ന് പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ പ്രത്യേകമായി ശേഖരിച്ച് പ്രത്യേകം ഫീസ് ഈടാക്കി സംസ്കരിക്കുന്നതിലേയ്ക്കായി ലഭ്യമാക്കുന്നതിന് പ്രസ്തുത സ്ഥാപനങ്ങൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ കർശന നിർദ്ദേശം നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ചിക്കൻ സ്റ്റാളുകൾ, അറവുശാലകൾ എന്നിവിടങ്ങളിലെല്ലാം

മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽനിന്നുള്ള ജൈവ-അജൈവ മാലിന്യങ്ങൾ പൊതുനിരത്തുകളിലും ജലാശയങ്ങളിലും നിക്ഷേപിക്കപ്പെടുന്നില്ലെന്നും തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതും ഇത് ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## തിരുവനന്തപുരം നഗരത്തിൽ മാലിന്യങ്ങൾ തള്ളുന്ന വെളിയിടം

179 (1672) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ പനി പടരുന്ന സാഹചര്യത്തിൽ ആൾത്താമസമില്ലാത്ത, മാലിന്യങ്ങൾ തള്ളുന്ന വെളിയിടങ്ങളുടെ കണക്കെടുക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്താമോ;

(ബി) ഇത്തരം സ്ഥലങ്ങളിലെ മാലിന്യ സംസ്കരണത്തിന്റെ ഉത്തരവാദിത്തം ഉടമസ്ഥർക്കായതിനാൽ ഇത്തരം പ്രദേശങ്ങൾ വൃത്തിയായി സൂക്ഷിക്കുവാൻ ഉടമസ്ഥർക്ക് നിർദ്ദേശം നൽകുമോ; എങ്കിൽ വ്യക്തമാക്കാമോ?

### ഉത്തരം

(എ) നിർദ്ദേശം നൽകിയിട്ടുണ്ട്. ആൾതാമസമില്ലാത്ത – മാലിന്യങ്ങൾ കെട്ടിക്കിടക്കുന്ന സ്ഥലങ്ങളിൽ ഉൾപ്പെടെ മഴക്കാലത്ത് കൊതുക് മുട്ടയിട്ട് ചിക്കുൻഗുനിയ, ഡെങ്കിപ്പനി, എലിപ്പനി മുതലായവ പടർന്നുപിടിക്കുന്ന സാഹചര്യമുള്ളതിനാൽ ഇത്തരം പ്രദേശങ്ങൾ കണ്ടെത്തി കൊതുക് നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിനാണ് ആൾതാമസമില്ലാത്ത – മാലിന്യങ്ങൾ കെട്ടിക്കിടക്കുന്ന വെളിയിട പ്രദേശങ്ങളുടെ കണക്കെടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളത്.

(ബി) ഇത്തരം സ്ഥലങ്ങളിൽ മാലിന്യം കണ്ടെത്തിയാൽ സ്ഥലം വൃത്തിയാക്കി സൂക്ഷിക്കുന്നതിന് ഉടമസ്ഥർക്ക് ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർമാർ രേഖാമൂലം നിർദ്ദേശം നൽകാറുണ്ട്.

## മാലിന്യത്തിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം

180 (T*1673) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരത്ത് മാലിന്യത്തിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്ന

---

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പദ്ധതിക്ക് ശിലയിട്ട് 18 മാസം കഴിഞ്ഞിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കാനുള്ള കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. പ്ലാന്റിന്റെ നിർമ്മാണം തുടങ്ങുന്നതിന് മുന്നോടിയായി ആവശ്യമുള്ള പാരിസ്ഥിതിക അനുമതി ലഭ്യമാകാൻ കാലതാമസം നേരിട്ടതുകൊണ്ടാണ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയാത്തത്.

(സി) പ്ലാന്റിനുവേണ്ട പാരിസ്ഥിതിക അനുമതി 5-10-2019-ന് ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ 2019 ഡിസംബർ മാസം ആദ്യവാരത്തിൽതന്നെ പ്ലാന്റിന്റെ നിർമ്മാണം തുടങ്ങാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടി**

181 (1674) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കുള്ള പിഴയും ശിക്ഷയും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിൽ വ്യവസ്ഥ ചെയ്യും പ്രകാരമാണ് പിഴയും ശിക്ഷയും നിശ്ചയിച്ചിരിക്കുന്നത്. ആയത് വർദ്ധിപ്പിക്കുന്ന കാര്യം തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിക്കുന്നതാണ്.

(ബി) പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപന തലത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

## പ്ലാസ്റ്റിക് നിരോധനം

182 (1675) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിക്ക് ഹാനികരവും പുനരുപയോഗിക്കുവാൻ കഴിയാത്തതുമായ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഒക്ടോബർ 2 മുതൽ രാജ്യത്ത് പൂർണ്ണമായും നിരോധിച്ച് കേന്ദ്രം ഉത്തരവ് ഇറക്കിയിട്ടുണ്ടോ; അറിയിക്കുമോ;

(ബി) പ്ലാസ്റ്റിക് നിരോധനം സംസ്ഥാനത്ത് ബാധകമാക്കിയിട്ടുണ്ടോ; എങ്കിൽ അത് ലംഘിക്കുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിരോധനം സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുവാൻ ആവശ്യമായ സംവിധാനങ്ങൾ കൈക്കൊള്ളുമോ?

### ഉത്തരം

(എ) കേന്ദ്ര സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി&സി) പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശം 24-9-2016-ലെ 576/DC1/16/തസ്വഭവ.നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിൽപ്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ നൽകാവൂ എന്ന് പ്രസ്തുത സർക്കുലറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഉപയോഗിച്ച കുടിവെള്ള കുപ്പികൾ പാതയോരങ്ങളിലും ജലാശയങ്ങളിലും മറ്റും വലിച്ചെറിയുന്നതുമൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി സ്റ്റാർ ഹോട്ടലുകൾ, റിസോർട്ടുകൾ, ഹൗസ് ബോട്ടുകൾ, 500 ബെഡിൽ കൂടുതലുള്ള ഹോസ്പിറ്റലുകൾ എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് ബോട്ടിലുകൾ (PET Bottle) നിരോധിച്ചുകൊണ്ട് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതോടൊപ്പം പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളിലും ബീച്ചുകളിലും One Time Use പ്ലാസ്റ്റിക് വസ്തുക്കൾ നിരോധിച്ചുകൊണ്ടും തീർത്ഥാടന കാലയളവിൽ നിലയ്ക്കൽ, പമ്പ, ശബരിമല എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് നിരോധിച്ചുകൊണ്ടും സംസ്ഥാന മലിനീകരണ

നിയന്ത്രണ ബോർഡ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ദേവികുളം താലൂക്കിൽ One Time Use പ്ലാസ്റ്റിക് നിരോധിച്ചുകൊണ്ട് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപന തലത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധന നടത്തി നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ പിടിച്ചെടുക്കുകയും പിഴ ചുമത്തുകയും ചെയ്യുന്നുണ്ട്.

## തീരദേശ പരിപാലന നിയമലംഘനം

183 (1676) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമം ലംഘിച്ചതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽ മരട് എന്ന സ്ഥലത്ത് നാല് ഫ്ലാറ്റുകൾ പൊളിച്ച് നീക്കണമെന്ന് സുപ്രീംകോടതി ഉത്തരവിട്ടിരുന്നോ; വ്യക്തമാക്കുമോ; അതിന്റെ തുടർനടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) തീരദേശ പരിപാലന നിയമം ലംഘിച്ച് നിർമ്മിച്ച ഫ്ലാറ്റുകൾ, മറ്റ് നിർമ്മിതികൾ എന്നിവയുടെ കണക്കെടുത്ത് കൃത്യമായ വിവരം നൽകണമെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചിരുന്നോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ കണക്കെടുപ്പ് പൂർത്തിയായോ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) എറണാകുളം ജില്ലയിലെ മരടിലും മറ്റ് ജില്ലകളിലും തീരദേശ പരിപാലന നിയമം ലംഘിച്ച് നിർമ്മാണം നടത്തുന്നതിന് വഴിവിട്ട് അനുമതി നൽകിയ ഉദ്യോഗസ്ഥർ ആരെല്ലാമാണ്; ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 8-5-2019-ലെ സിവിൽ അപ്പീൽ 4784-4785/2019-ൻ മേലുള്ള (Arising out of SLPC No.4227-4228/2016) വിധിന്യായം പ്രകാരം മരട് നഗരസഭാ പരിധിയിലെ ആൽഫാ വെഞ്ചേ്വഴ്സ്, ജയിൻ ഹൗസിംഗ്, ഗോൾഡൻ കായലോരം, ഹോളിഫെയ്ത്ത് (H20), ഹോളിഡേ ഹെറിറ്റേജ് എന്നീ ഫ്ളാറ്റുകൾ പൊളിച്ച് നീക്കം ചെയ്യുന്നതിന് ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പൊളിച്ച് നീക്കം ചെയ്യേണ്ട നിർദ്ദിഷ്ട ഫ്ളാറ്റുകളിലെ അന്തേവാസികളെ ഒഴിപ്പിക്കുകയും ടി

ഫ്ളാറ്റുകൾ പൊളിക്കുന്നതിന് വൈദഗ്ദ്ധ്യമുള്ള ഏജൻസിയിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുകയും ചെയ്തു. താൽപര്യ പത്രം സമർപ്പിച്ച 15 ഏജൻസികളിൽനിന്ന് വിദഗ്ദ്ധരായ 2 ഏജൻസികളായ M/s. Edifice Engineering, M/s Vijay Steels എന്നിവരെ 5-10-2019-ലെ G.O.(Rt) No.2193/2019/LSGD, 9-10-2019-ലെ G.O.(Rt) No.2211/2019/LSGD എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി തെരഞ്ഞെടുക്കുകയും 15-10-2019-ൽ ടി ഏജൻസികൾക്ക് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുള്ളതും 23-10-2019-ൽ നിയമാനുസൃതം കരാറിൽ ഏർപ്പെട്ടവർക്ക് ഓർഡർ നൽകിയിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 8-9-2019-ലെ ഉത്തരവിൽ പരാമർശിച്ചതിൻ പ്രകാരം ടി ഫ്ളാറ്റുകളുടെ ഉടമകൾക്ക് നഷ്ട പരിഹാരം അനുവദിക്കുന്നതിലേയ്ക്കായി നിയോഗിക്കപ്പെട്ട ജസ്റ്റിസ് കെ. ബാലകൃഷ്ണൻ നായർ (Rtd) കമ്മിറ്റി മുമ്പാകെ നിലവിൽ 246 അപേക്ഷകൾ ലഭ്യമായിട്ടുള്ളതും, ആയതിൽ 23-10-2019 വരെ 157 പേർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ശിപാർശ ചെയ്തിട്ടുമുണ്ട്.

(ബി) നിർദ്ദേശിച്ചിരുന്നു. ഇതുസംബന്ധിച്ച കണക്കെടുപ്പ് പൂർത്തിയായിട്ടില്ല.

(സി) ഇതുസംബന്ധിച്ച് ക്രൈം ബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.

## കാലാവസ്ഥാ വ്യതിയാനം നേരിടുവാൻ തദ്ദേശസ്ഥാപനങ്ങളുടെ കർമ്മപരിപാടികൾ

184(1677) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലാവസ്ഥാ വ്യതിയാനം കൊണ്ടുള്ള ഓരോ പ്രദേശത്തിന്റെയും പ്രശ്നങ്ങൾ ഏറ്റവും കൂടുതൽ അറിയാൻ കഴിയുന്നത് അതത് പ്രദേശത്തെ തദ്ദേശ സ്ഥാപനങ്ങൾക്കായതിനാൽ പ്രാദേശികതലത്തിൽ കാലാവസ്ഥ വ്യതിയാനത്തിന്റെ അവസ്ഥ വിശകലനം ചെയ്യുവാനും അനന്തരഫലങ്ങൾ പ്രാദേശികമായി നേരിടുവാനുമുള്ള കർമ്മപരിപാടികൾ തദ്ദേശസ്ഥാപനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

ഉണ്ട്. 23-10-2018-ലെ സ.ഉ.(സാധാ)നമ്പർ 2710/2018/തസ്വഭവ. പ്രകാരം പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി മാപ്പ് ചെയ്യുകയും ഇങ്ങനെയുള്ള ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കാക്കി തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും

തദ്ദേശസ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾ സമഗ്രമായി ആസൂത്രണം ചെയ്യുന്നതിന് സഹായകമായ രീതിയിൽ സ്പേഷ്യൽ പ്ലാൻ (സ്ഥലപരാസൂത്രണം) തയ്യാറാക്കാൻ കഴിയുന്ന ഇടങ്ങളിൽ അതിന് മുൻകയ്യെടുക്കേണ്ടതുമാണ് എന്ന നിർദ്ദേശം തദ്ദേശസ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും "ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം" എന്നീ മേഖലയ്ക്ക് ഒരു പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് നിർബന്ധമായും ഉണ്ടായിരിക്കണം എന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. 2019-20 വാർഷിക പദ്ധതിയിൽ പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശം ഉൾക്കൊണ്ടുകൊണ്ടുള്ള പദ്ധതി ആസൂത്രണം പഞ്ചായത്തുകൾ ഏറ്റെടുത്തിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ വാമനപുരം ബ്ലോക്ക് പഞ്ചായത്ത്, ബ്ലോക്ക് ഡിസാസ്റ്റർ മാനേജ്മെന്റ് ടീം ആന്റ് ട്രെയിനിംഗ് കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് സംയുക്ത പ്രോജക്ടായി സോളാർ ഫെൻസിംഗ് ഫോർ എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ എന്ന പ്രോജക്ടും കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് 2019-20 വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്.

2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധ കോർപ്പറേഷൻ തലത്തിൽ ഒരു ദുരന്തനിവാരണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ നഗരസഭകൾ സ്വീകരിച്ച കർമ്മപരിപാടികളുടെ വിശദ വിവരം അനുബന്ധമായി *ചേർക്കുന്നു.

## പാലക്കാട് ജില്ലയിൽ പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ

185 (1678) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി ഏതെല്ലാം ഇനങ്ങളിൽ എത്ര തുക വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിന്റെ വിശദാംശങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പാലക്കാട് ജില്ലയിൽ പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി അനുവദിച്ച തുകയുടെ, നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിവരങ്ങളടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

186 (1679) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്ത് 2018-19, 2019-20 വർഷം എത്ര തൊഴിൽദിനങ്ങൾ നൽകുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ നൂറു ദിവസം തൊഴിൽ നല്കാൻ സാധിച്ചിട്ടുള്ള പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ദിവസവേതനവും സംസ്ഥാന സർക്കാർ നൽകി വരുന്ന ദിവസവേതനവും എത്രയാണെന്ന് അറിയിക്കാമോ;

(ഡി) വേതനം വർദ്ധിപ്പിക്കുന്ന നടപടികൾ ആലോചനയിലുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്ത് 2018-19 സാമ്പത്തിക വർഷം 975.26 ലക്ഷം തൊഴിൽ ദിനങ്ങളും, 2019-20 സാമ്പത്തിക വർഷം (25-10-2019 വരെ) 372.93 ലക്ഷം തൊഴിൽ ദിനങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

(ബി) 2018-19 സാമ്പത്തിക വർഷം സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും തൊഴിൽ ആവശ്യപ്പെട്ട തൊഴിലാളികൾക്ക് 100 ദിവസം തൊഴിൽ നൽകിയിട്ടുണ്ട്.

(സി) 2019-20 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ദിവസവേതനം 271 രൂപയാണ്. സംസ്ഥാനത്ത് ടി നിരക്കിൽ തൊഴിലാളികളുടെ വേതനം നൽകിവരുന്നു.

(ഡി) ഓരോ സംസ്ഥാനത്തെയും വേതന നിരക്ക് നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്.

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

187 (1680) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം വയനാട് ജില്ലയിലെ ഓരോ ഗ്രാമ പഞ്ചായത്തും ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം വയനാട് ജില്ലയിലെ നഗരസഭകൾ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ ചെലവഴിച്ച തുക

| ക്രമ നമ്പർ | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1. | മാനന്തവാടി | എടവക | 950.10 |
| 2. | | തവിഞ്ഞാൽ | 836.76 |
| 3. | | തിരുനെല്ലി | 517.03 |
| 4. | | തൊണ്ടർനാട് | 765.46 |
| 5. | | വെള്ളമുണ്ട | 526.88 |
| 6. | സുൽത്താൻ ബത്തേരി | അമ്പലവയൽ | 459.86 |
| 7. | | മീനങ്ങാടി | 1019.65 |
| 8. | | നെന്മേനി | 541.40 |
| 9. | | നൂൽപ്പുഴ | 621.74 |
| 10. | കൽപ്പറ്റ | കോട്ടത്തറ | 331.94 |
| 11. | | മേപ്പാടി | 568.42 |
| 12. | | മുപ്പൈനാട് | 674.29 |
| 13. | | മുട്ടിൽ | 440.36 |
| 14. | | പടിഞ്ഞാറത്തറ | 449.17 |
| 15. | | പൊഴുതന | 687.92 |
| 16. | | തരിയോട് | 306.67 |
| 17. | | വേങ്ങപ്പള്ളി | 294.34 |
| 18. | | വൈത്തിരി | 230.61 |

| | | | |
|---|---|---|---|
| 19. | പനമരം | കണിയാമ്പറ്റ | 484.22 |
| 20. | | മുള്ളൻകൊല്ലി | 318.37 |
| 21. | | പനമരം | 646.66 |
| 22. | | പൂതാടി | 797.19 |
| 23. | | പുൽപ്പള്ളി | 558.29 |

(ബി)

| ക്രമ നമ്പർ | നഗരസഭയുടെ പേര് | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | കൽപ്പറ്റ | 1,02,70,231 | 76,55,410 |
| 2 | മാനന്തവാടി | 1,21,93,818 | 85,61,226 |
| 3 | സുൽത്താൻ ബത്തേരി | 60,77,424 | 39,94,474 |
| | ആകെ | 2,85,41,473 | 2,02,11,110 |

(സി) 3-11-2017-ലെ GO(Rt)216/2017/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമാണ് നിലവിൽ പദ്ധതി നടപ്പാക്കിവരുന്നത്. ഇതിന് പുറമേ 9-1-2018-ലെ സ.ഉ.(സാധാ) നമ്പർ 102/2018/ത.സ്വ.ഭ.വ.പ്രകാരം ആരോഗ്യ ജാഗ്രത പദ്ധതിയുടെ ഭാഗമായി നഗരസഭയിൽ നടപ്പിലാക്കുന്ന മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിത്തുക വിനിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 25-5-2019-ലെ സ.ഉ.(കൈ)നമ്പർ 54/2019/തസ്വഭവ. ഉത്തരവ് പ്രകാരം സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗത്തിൽപ്പെട്ടതും, രണ്ടോ അതിലധികമോ കറവയുള്ള പശുക്കളെ വളർത്തി പരിപാലിച്ച് പോരുന്നതുമായ ക്ഷീര കർഷകർക്ക് 100 ദിവസത്തെ വേതനം അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാൻ അനുമതി നൽകിക്കൊണ്ട് മാർഗ്ഗനിർദ്ദേശങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ട്.

**തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിൽ ദിനങ്ങൾ**

188 (1681) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്രം അനുവദിച്ചതിനേക്കാൾ എത്ര തൊഴിൽ ദിനങ്ങൾ സംസ്ഥാനത്ത് അധികമായി സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം സംസ്ഥാനത്ത് ആകെ 975.26 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു.

(ബി) 2018-19 സാമ്പത്തിക വർഷം 700 ലക്ഷം തൊഴിൽ ദിനങ്ങളാണ് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം സംസ്ഥാനത്തിന് അനുവദിച്ചത്. അനുവദിച്ചതിൽനിന്നും 275.26 ലക്ഷം തൊഴിൽ ദിനങ്ങൾ അധികമായി സൃഷ്ടിച്ചു.

## തൊഴിലുറപ്പ് പദ്ധതി

189 (1682) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സാമ്പത്തികവർഷം എത്ര തൊഴിൽദിനങ്ങൾ അനുവദിക്കുന്നതിനാണ് സംസ്ഥാനം കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര തൊഴിൽദിനങ്ങൾ കേന്ദ്രം അനുവദിച്ചിട്ടുണ്ട്; അറിയിക്കുമോ;

(സി) തൊഴിലുറപ്പ് പ്രതിഫലം കേന്ദ്രം സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ടോ എന്നുള്ളതിന്റെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) 2019-20 സാമ്പത്തിക വർഷം 949.85 ലക്ഷം തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നതിനാണ് സംസ്ഥാനം കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിരുന്നത്.

(ബി) 2019-20 സാമ്പത്തിക വർഷം 700 ലക്ഷം തൊഴിൽ ദിനങ്ങൾ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്.

(സി) 2019-20 സാമ്പത്തിക വർഷം 25-10-2019 വരെ അവിദഗ്ദ്ധ വേതന ഇനത്തിൽ 1894.80 കോടി രൂപയാണ് കേന്ദ്ര സർക്കാർ അനുവദിച്ചത്. ഇതിൽ 1399.69 കോടി രൂപ മുൻ സാമ്പത്തിക വർഷത്തെ വേതന കുടിശ്ശികയായിരുന്നു. നിലവിൽ (24-10-2019-ന്) 551.56 കോടി രൂപ വേതന ഇനത്തിൽ കുടിശ്ശികയുണ്ട്.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

190 (1683) ശ്രീ. എം. സ്വരാജ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എം. നൗഷാദ്:
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ രഹിതരായ ഗ്രാമീണ ജനതയുടെ ആശ്രയവും പ്രതീക്ഷയുമായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് വിരാമമിടാൻ കേന്ദ്ര സർക്കാർ നടത്തുന്ന നീക്കത്തെ ചെറുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;വിശദമാക്കാമോ;

(ബി) ഗ്രാമീണ റോഡുകൾ, തോടുകൾ, കുളങ്ങൾ തുടങ്ങി നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ വരെ ഉൾപ്പെടുത്തിയുള്ള തൊഴിലുറപ്പ് പദ്ധതിയുടെ ബജറ്റ് വിഹിതം വെട്ടിക്കുറച്ചത് മൂലം എത്ര തൊഴിൽ ദിനങ്ങളാണ് നഷ്ടപ്പെടുകയെന്ന് വ്യക്തമാക്കാമോ;

(സി) ഫണ്ട് വെട്ടിക്കുറച്ചത് തൊഴിലുറപ്പ് പദ്ധതി മികച്ച രീതിയിൽ നടത്തുന്ന കേരളത്തെ എപ്രകാരമെല്ലാം പ്രതികൂലമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) കേന്ദ്ര സർക്കാരിന്റെ ഈ ജനദ്രോഹ നടപടിക്കെതിരെ ശക്തമായ പ്രതിഷേധം അറിയിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർത്തലാക്കുന്നത് സംബന്ധിച്ച ഔദ്യോഗികമായ അറിയിപ്പൊന്നും സംസ്ഥാനത്തിന് ലഭ്യമായിട്ടില്ല.

(ബി) 2019-20 സാമ്പത്തിക വർഷം സംസ്ഥാനത്തിന് 700 ലക്ഷം തൊഴിൽ ദിനങ്ങളാണ് കേന്ദ്ര സർക്കാർ അനുവദിച്ച് നൽകിയിട്ടുള്ളത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആവശ്യാധിഷ്ഠിത പദ്ധതിയായതിനാൽ 700 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടശേഷം കൂടുതൽ തൊഴിൽ ദിനങ്ങൾ ആവശ്യമുള്ളപക്ഷം അധിക തൊഴിൽ ദിനങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് അപേക്ഷ നൽകാറുണ്ട്. സംസ്ഥാനത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് മുൻ സാമ്പത്തിക വർഷങ്ങളിൽ വർഷാദ്യം അംഗീകരിക്കപ്പെട്ട ലേബർ ബഡ്ജറ്റിനുപരിയായി അധിക തൊഴിൽ ദിനങ്ങൾ കേന്ദ്ര സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിനാൽ എത്ര തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടുമെന്ന് ഇപ്പോൾ കണക്കാക്കാൻ കഴിയില്ല.

(സി) അവിദഗ്ദ്ധ വേതന ഇനത്തിലെ ഫണ്ട് വെട്ടിക്കുറയ്ക്കുന്ന സാഹചര്യമുണ്ടായാൽ ആയത് തൊഴിൽ ലഭ്യതയിൽ കുറവുണ്ടാക്കുകയും വേതന വിതരണത്തിൽ കാലതാമസം നേരിടുന്നതിന് കാരണമാകുകയും ചെയ്യും. മെറ്റീരിയൽ ഇനത്തിൽ ഫണ്ട് ലഭ്യമാകുന്നതിൽ കാലതാമസം നേരിടുന്നതിനാൽ വെണ്ടർമാർ സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതിന് വിമുഖത കാണിക്കുന്നു. ആയത് ഗ്രാമപഞ്ചായത്തുകൾ ആസ്തി വികസന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ പിന്നോട്ട് പോകുന്ന സാഹചര്യം സൃഷ്ടിക്കുന്നു. മേൽ പരാമർശിക്കപ്പെട്ട പ്രകാരം തൊഴിലുറപ്പ് പദ്ധതി ഫണ്ട് വെട്ടിക്കുറയ്ക്കപ്പെടുന്നതും ഫണ്ട് ലഭ്യതയ്ക്ക് കാലതാമസം വരുന്നതും ഫലത്തിൽ, ഗ്രാമീണ മേഖലയിൽ തൊഴിലില്ലായ്മ സൃഷ്ടിക്കുകയും ഗ്രാമീണ ആസ്തികൾ സൃഷ്ടിക്കുന്നതിന് തടസ്സമാകുകയും പ്രാദേശിക സാമ്പത്തിക വികസന പ്രക്രിയയെ പിന്നോട്ടടിക്കുകയും ചെയ്യും.

(ഡി) പദ്ധതി തുടരാനും കൂടുതൽ ഫണ്ട് വകയിരുത്താനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തും.

## പി.എം.ജി.എസ്.വൈ-യിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികൾ

191 (1684) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിൽ പി.എം.ജി.എസ്.വൈ-യിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2016-17, 2017-18 സാമ്പത്തിക വർഷം പി.എം.ജി.എസ്.വൈ.-യിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ റോഡുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു. 2018-19, 2019-20 വർഷങ്ങളിൽ പുതിയ പ്രവൃത്തികളൊന്നും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല.

2016-17

| ക്രമനനമ്പർ | റോഡിന്റെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | ഘട്ടം |
|---|---|---|---|
| 1 | ആട്ടുകാൽ- നെടുമ്പ-തേക്കുംമൂട് - പനയമുട്ടം -വയ്യക്കാവ് | 460.29 | ടാറിംഗ് പണി പൂർത്തീകരിച്ചു. |

2017-18

| ക്രമ നമ്പർ | റോഡിന്റെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | ഘട്ടം |
|---|---|---|---|
| 1 | ഉതിരപ്പെട്ടി-പുളിമാത്തുർ-മുറമേൽ-മേരിമാത ജംഗ്ഷൻ | 512.83 | 3284 മീറ്റർ ടാറിംഗ് പണി പൂർത്തീകരിച്ചു. ബാക്കി പണികൾ പുരോഗതിയിലാണ്. |

**പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന പദ്ധതി**

192 (1685) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽപ്പെടുത്തി കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തുകളിൽ നിലവിൽ ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്തുമോ;

(സി) പി.എം.ജി.എസ്.വൈ. പദ്ധതിയിൽപ്പെടുത്തി കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തുകളിൽ പുതിയ പ്രവൃത്തികൾ ശിപാർശ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശംങ്ങൾ നൽകുമോ?

ഉത്തരം

(എ) കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിൽ 2017-18 വർഷം അനുമതി ലഭിച്ച മാലയിൽ മലപ്പത്തുർ വൈദ്യൻകുന്ന് റോഡ് പ്രവൃത്തി പുരോഗതിയിലാണ്. പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം വെട്ടിക്കവല ബ്ലോക്കിൽ നിലവിൽ പ്രവൃത്തികൾ ഇല്ല.

(ബി) മാലയിൽ മലപ്പത്തുർ വൈദ്യൻകുന്ന് റോഡ് നിലവിൽ ടാറിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. ഇപ്പോൾ രണ്ട് സൈഡിലെ ബേമിലും മണ്ണ് നിറയ്ക്കുന്ന പ്രവൃത്തിയും, സൈഡ് കോൺക്രീറ്റും പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(സി) പി.എം.ജി.എസ്.വൈ.-III-യിൽ പ്രവർത്തികൾ ഉൾപ്പെടുത്തുന്നതിനു വേണ്ടിയുള്ള ഫെസിലിറ്റി സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നു. ആയത് അന്തിമഘട്ടത്തിൽ എത്തിയതിനുശേഷം മാത്രമേ പുതുതായി ഏറ്റെടുക്കേണ്ട പ്രവൃത്തികൾ ശിപാർശ ചെയ്യുകയുള്ളൂ.

**സഞ്ചയ ഇ ഗവേണൻസ് പദ്ധതി**

193 (1686) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റവന്യൂ ലൈസൻസ് സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സഞ്ചയ ഇ - ഗവേണൻസ് പദ്ധതി ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) കൊച്ചി നഗരസഭയിൽ ഈ സംവിധാനം ഏർപ്പെടുത്തുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) കൊച്ചി നഗരസഭ നികുതിയിനത്തിൽ പിരിച്ചെടുക്കേണ്ട കുടിശിക തുക എത്രയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റവന്യൂ ലൈസൻസ് സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സഞ്ചയ ഇ-ഗവേണൻസ് പദ്ധതി സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും കൊച്ചി ഒഴികെയുള്ള കോർപ്പറേഷനുകളിലും 39 മുനിസിപ്പാലിറ്റികളിലും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കൊച്ചി നഗരസഭ ഇ-ഗവേണൻസ് സംവിധാനത്തിനായി ഒരു സ്വകാര്യ ഏജൻസിയുടെ സോഫ്റ്റ്‌വെയർ ആണ് ഉപയോഗിച്ചുവരുന്നത്. ആയതിനാലാണ് പദ്ധതി നടപ്പിലാക്കാൻ കാലതാമസം നേരിടുന്നത്.

(സി) 2019-20 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി ഇനത്തിൽ 16.58 കോടി രൂപയും തൊഴിൽ നികുതി ഇനത്തിൽ 6.03 കോടി രൂപയും പിരിച്ചെടുക്കുവാനുണ്ട്.

**ഭവന പദ്ധതികളിൽ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന തുക**

194 (1687) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ എന്നിവിടങ്ങളിൽ നടപ്പിലാക്കിവരുന്ന ഭവന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഓരോ പദ്ധതിയിലും ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതിയിലും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിവ ഗുണഭോക്താവിന് അനുവദിക്കുന്ന വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതിക്കായി തദ്ദേശസ്ഥാപനങ്ങൾ ലോൺ എടുക്കുന്ന തുക എത്രയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഗ്രാമ പഞ്ചായത്തുകളിൽ ലൈഫ് ഭവന പദ്ധതിയും ബ്ലോക്ക് പഞ്ചായത്ത് മുഖേന പ്രധാൻ മന്ത്രി ആവാസ് യോജന (പി.എം.എ.വൈ.) (ഗ്രാമീൺ)- ലൈഫ് പദ്ധതിയും നഗരസഭ/കോർപ്പറേഷനുകളിൽ പി.എം.എ.വൈ. (നഗരം)- ലൈഫ് പദ്ധതിയുമാണ് നടപ്പിലാക്കിവരുന്നത്.

(ബി) ഓരോ പദ്ധതിയിലും ഗുണഭോക്താക്കൾക്ക് 4 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്.

(സി) ഓരോ പദ്ധതിയിലും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് എന്നിവ ഗുണഭോക്താവിന് അനുവദിക്കുന്ന വിഹിതം അനുബന്ധമായി *ചേർക്കുന്നു.

(ഡി) പി.എം.എ.വൈ. (ഗ്രാമീൺ) പദ്ധതിക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ലോൺ എടുത്തിട്ടില്ല. ലൈഫ് ഭവന പദ്ധതിക്ക് ഓരോ ഗുണഭോക്താവിനും ഗ്രാമ പഞ്ചായത്തുകൾ 2,20,000 രൂപയും പി.എം.എ.വൈ. (നഗരം) പദ്ധതിക്ക് മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ 2 ലക്ഷം രൂപയുമാണ് ലോൺ എടുക്കുന്നത്.

## ഭൂവിനിയോഗ നിയന്ത്രണത്തിന് പരിശോധന

195 (1688) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണത്തിന് അനുമതി നൽകും മുൻപ് ഭൂവിനിയോഗ നിയന്ത്രണത്തിന് അധികാരപ്പെട്ട വിവിധ ഏജൻസികളുടെ പരിശോധന ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) നിർമ്മാണ പെർമിറ്റ് അപേക്ഷ സംബന്ധിച്ച് തീരുമാനം എടുക്കുന്നതിനു മുൻപ് മറ്റുവകുപ്പുകളുമായി കൂടിയാലോചനകൾ നടത്താൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഇല്ല. മറ്റ് വകുപ്പുകളുടെയോ ഏജൻസികളുടെയോ നിയമങ്ങളോ ചട്ടങ്ങളോ വ്യവസ്ഥകളോ ബാധകമാകുന്ന സാഹചര്യങ്ങളിൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുംമുമ്പ് ടി വകുപ്പുകളുടെയോ ഏജൻസികളുടെയോ അനുമതി പത്രമോ നിരാക്ഷേപപത്രമോ ലഭ്യമാക്കി പരിശോധിച്ചതിനുശേഷം മാത്രമാണ് നിലവിൽ കെട്ടിട നിർമ്മാണാനുമതി നൽകിവരുന്നത്.

(ബി) മറ്റ് വകുപ്പുകളുടെ നിരാക്ഷേപപത്രം/അനുമതിപത്രം ആവശ്യമുള്ളപക്ഷം അവ ലഭ്യമാക്കിയാണ് നിലവിൽ നിർമ്മാണ പെർമിറ്റ് നൽകിവരുന്നത്. ഈ സാഹചര്യത്തിൽ മറ്റ് വകുപ്പുകളുമായി കൂടിയാലോചന നടത്തുന്ന കാര്യം സർക്കാർ പരിഗണനയിലില്ല.

**പെർമിറ്റ് ആവശ്യമില്ലാത്ത കെട്ടിട നിർമ്മാണങ്ങൾ**

196 (1689) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊരു സ്ഥലത്തും കെട്ടിട നിർമ്മാണത്തിനും നിലവിലുള്ള കെട്ടിടത്തിന്റെ ഘടനയിൽ മാറ്റം വരുത്തുന്നതിനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിന്ന് പെർമിറ്റ് വാങ്ങണമെന്ന് നിബന്ധനയുണ്ടോ;

(ബി) പെർമിറ്റ് വാങ്ങണമെന്ന നിബന്ധനയിൽ ഏതെങ്കിലും തരത്തിലുള്ള നിർമ്മാണങ്ങൾക്ക് ഇളവ് അനുവദിച്ചിട്ടുണ്ടോ;

(സി) കെ.എം.ബി.ആർ, കെ.പി.ബി.ആർ. ചട്ടം 9, 10 എന്നിവയിൽ പ്രതിപാദിക്കുന്ന ഏതൊക്കെ തരം നിർമ്മാണങ്ങൾക്കാണ് പെർമിറ്റ് ആവശ്യമില്ലാത്തത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ കൂട്ടിച്ചേർക്കുകയോ വിപുലീകരിക്കുകയോ മാറ്റം വരുത്തുകയോ അല്ലെങ്കിൽ അതിന് കാരണമാവുകയോ ചെയ്യുന്ന ഏതൊരു നിർമ്മാണ പ്രവൃത്തിക്കും പ്രത്യേകമായി തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽനിന്ന് പെർമിറ്റ് വാങ്ങണമെന്ന് നിർബന്ധമുണ്ട്.

(ബി) 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിലെ ചട്ടം 9,

10 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളെ പെർമിറ്റ് വാങ്ങണമെന്ന നിബന്ധനയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 83, 132, 133 എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള നിർമ്മാണങ്ങളെയും പെർമിറ്റ് വാങ്ങണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

(സി) ചട്ടം 9 പ്രകാരം താൽക്കാലികമോ സ്ഥിരമോ ആയ പ്രവർത്തനങ്ങൾക്കോ പരിപാലനത്തിനോ വികസനത്തിനോ അല്ലെങ്കിൽ താഴെയുള്ള ഏതെങ്കിലും സേവനങ്ങളുടെ നിർവ്വഹണത്തിനോ ആവശ്യമായ കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ ചുവടെ പറയുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ ചട്ടങ്ങളിൽനിന്ന് ഒഴിവാക്കണം.

a) റെയിൽവേ;

b) ദേശീയ ഹൈവേ;

c) ദേശീയ ജലമാർഗ്ഗങ്ങൾ;

d) വൻകിട തുറമുഖങ്ങൾ;

e) വ്യോമയാന മാർഗ്ഗങ്ങളും വിമാനത്താവളങ്ങളും;

f) പോസ്റ്റും ടെലിഗ്രാഫും, ടെലിഫോണുകൾ, വയർലെസ്സുകൾ, പ്രക്ഷേപണവും അതുപോലെയുള്ള വിനിമയ സമ്പ്രദായങ്ങളും;

g) പ്രാദേശിക വൈദ്യുതി വിതരണ ശൃംഖല;

h) ഏതെങ്കിലും സേവനങ്ങളുടെ പരിപാലനവും വികസനവും നടത്തിപ്പും സാമൂഹ്യ ജീവിതത്തിനനിവാര്യമാണെന്ന് സംസ്ഥാന സർക്കാരിന് അഭിപ്രായമുണ്ടെങ്കിൽ ഈ ഉപവാക്യത്തിന്റെ ഉദ്ദേശ്യത്തിലേയ്ക്കായി വിജ്ഞാപനം വഴി സർക്കാർ പ്രഖ്യാപിക്കുന്ന അത്തരത്തിലുള്ള ഏതൊരു സർവ്വീസും.

ചട്ടം 10 പ്രകാരം അഗ്നിസുരക്ഷാ ആവശ്യകതകൾ, ഘടനാ സ്ഥിരത, കെട്ടിടത്തിന്റെ പൊതു ആവശ്യകതകൾ എന്നിവയെ സംബന്ധിച്ചുള്ള ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കാത്ത താഴെ പറയുന്ന നിർമ്മാണങ്ങൾക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് ആവശ്യമില്ലാത്തതാകുന്നു. അതായത്:-

i. ജനാലകളോ കതകുകളോ വെന്റിലേറ്ററുകളോ സ്ഥാപിക്കുകയോ, നീക്കം ചെയ്യുകയോ ചെയ്യുന്നത്;

ii. പരസ്പര സമ്പർക്കമുള്ള വാതിലുകൾ സ്ഥാപിക്കുന്നത്;

iii. ഇടഭിത്തികളുടെ സ്ഥാപനമോ നീക്കം ചെയ്യലോ;

iv. ഏതെങ്കിലും സ്ഥിരമായ നിർമ്മാണങ്ങളൊഴിച്ചുകൊണ്ടുള്ള ഉദ്യാനം സ്ഥാപിക്കുന്നത്;

v. വെള്ളനിറമോ അല്ലെങ്കിൽ വർണ്ണമോ പൂശുന്നത്;

vi. പെയിന്റ് ചെയ്യുന്നത്;

vii. കെട്ടിടത്തിനും പൊട്ടിപ്പൊളിഞ്ഞ മേൽക്കൂരയ്ക്കും വേണ്ടിവരുന്ന ചില്ലറ അറ്റകുറ്റപ്പണികൾക്ക്;

viii. കേടുപാട് തീർക്കലും തേച്ചുപിടിപ്പിക്കലും;

ix. വ്യവസ്ഥകൾക്ക് വിധേയമായി ഘടനാ വ്യതിയാനം വരുത്താതെയുള്ള ആന്തരിക അലങ്കാരങ്ങൾ ചെയ്യുന്നതിന്;

x. പ്ലോട്ടിനുള്ളിൽ തന്നെ കെട്ടിടത്തിന്റെ അല്ലെങ്കിൽ നിർമ്മാണത്തിന്റെ സ്ഥാനം മാറ്റുന്നത്.

**തീരദേശ പരിപാലന നിയമലംഘനം**

197 (1690) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(ബി) അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) കെട്ടിടനിർമ്മാണ നിയമങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 16-10-2019-ലെ സ.ഉ.(സാധാ)നമ്പർ 98/2017/പരി., 17-10-2019-ലെ സ.ഉ.(സാധാ) നമ്പർ101/2019/പരി. എന്നീ ഉത്തരവുകൾ പ്രകാരം തീരദേശ പരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മിച്ച കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ കമ്മിറ്റി വിവരശേഖരണം പൂർത്തിയാക്കിയിട്ടില്ല.

(ബി&സി) അനധികൃത കെട്ടിടങ്ങളുടെ നിർമ്മാണം കണ്ടുപിടിക്കുന്നതിനും തടയുന്നതിനും കെട്ടിട നിർമ്മാണങ്ങൾ ബന്ധപ്പെട്ട ആക്റ്റിന്റെയും ചട്ടങ്ങളുടെയും മറ്റ് വ്യവസ്ഥകളുടെയും അടിസ്ഥാനത്തിലാണ് നടക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനും 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 157 പ്രകാരവും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 148 പ്രകാരവും ജില്ലാതല വിജിലൻസ് സ്ക്വാഡുകൾ രൂപീകരിക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇത്തരത്തിൽ രൂപീകരിച്ചിട്ടുള്ള സ്ക്വാഡുകൾ പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുകയും അതിനെതിരെ നടപടി സ്വീകരിക്കാൻ ശിപാർശ ചെയ്യുകയും ചെയ്യുന്നുണ്ട്. കൂടാതെ അനധികൃത നിർമ്മാണം സംബന്ധിച്ച് സർക്കാരിന് ലഭിക്കുന്ന പരാതികളിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) അന്വേഷണം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

## മരടിൽ പൊളിച്ച് നീക്കുന്ന ഫ്ലാറ്റുകളുടെ ഉടമസ്ഥരുടെ പട്ടിക

198 (1691) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരടിൽ സുപ്രീംകോടതി നിർദ്ദേശപ്രകാരം പൊളിച്ചു നീക്കുന്ന ഫ്ലാറ്റുകളുടെ അർഹരായ ഉടമസ്ഥരുടെ പട്ടിക നഗരസഭ സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ;

(ബി) നഷ്ടപരിഹാരത്തിന് അർഹരായ ഫ്ലാറ്റുടമകളുടെ പട്ടിക സുപ്രീംകോടതി നിർദ്ദേശപ്രകാരം രൂപീകരിച്ച സമിതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതുപ്രകാരം നൽകേണ്ട നഷ്ടപരിഹാരത്തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) 23-10-2019 വരെ തീയതിയിലെ സിറ്റിംഗ് പ്രകാരം 157 പേർക്ക് 28,15,52705 രൂപ നഷ്ടപരിഹാരം നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

## അനധികൃത കെട്ടിടങ്ങൾക്ക് നിയമസാധുത

199 (1692) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജൂലൈ 31 വരെ നിർമ്മിച്ച അനധികൃത കെട്ടിടങ്ങൾക്ക് പിഴ ഈടാക്കിക്കൊണ്ട് നിയമസാധുത നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇപ്രകാരം എത്ര കെട്ടിടങ്ങൾക്ക് ഇതിനകം നിയമസാധുത നൽകി; പിഴയിനത്തിൽ എന്ത് തുക ലഭിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവിടങ്ങളിൽ 31-7-017-ന് മുൻപ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനായി 15-2-2018-ാം തീയതിയിലെ G.O.(P) No. 11/2018/LSGD, G.O.(P) No.12/2018/LSGD എന്നീ ഉത്തരവുകൾ പ്രകാരം ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണങ്ങൾ മേൽ ക്രമവത്കരണ ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ക്രമവൽക്കരിക്കാവുന്നതാണ്.

(ബി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ 269 കെട്ടിടങ്ങൾക്കും മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷനുകളിൽ 286 കെട്ടിടങ്ങൾക്കും ഇപ്രകാരം നിയമസാധുത നല്കിയിട്ടുണ്ട്. പിഴ ഇനത്തിൽ ഗ്രാമ പഞ്ചായത്തുകളിൽനിന്ന് 28,486,133 രൂപയും മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനുകളിൽനിന്ന് 5,54,97,556 രൂപയും ലഭിച്ചിട്ടുണ്ട്.

## മൂന്നാർ പഞ്ചായത്തിലെ വിവാദ കെട്ടിട നിർമ്മാണം

200 (1693) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ പഞ്ചായത്തിലെ വിവാദ കെട്ടിട നിർമ്മാണപ്രവർത്തനങ്ങളിൽ ദേവികുളം എം.എൽ.എ. ഉൾപ്പെടെയുള്ളവർ സ്വീകരിച്ച നടപടി നിലവിലുള്ള കോടതി ഉത്തരവിന്റെ ലംഘനമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇവർക്കെതിരെ കോടതി അലക്ഷ്യനടപടി സ്വീകരിക്കുവാൻ സർക്കാർ ഹൈക്കോടതിയിൽ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഹൈക്കോടതി ഉത്തരവ് ലംഘിച്ച് മൂന്നാർ പഞ്ചായത്ത് നടത്തിയ നിർമ്മാണപ്രവർത്തനം നിർത്തിവയ്പ്പിക്കുവാൻ എത്തിയ ദേവികുളം സബ്കളക്ടറെ പൊതുജനമധ്യത്തിൽ ദേവികുളം എം.എൽ.എ. അപമാനിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രളയബാധിത പ്രദേശങ്ങളിൽ വിദഗ്ധ സമിതി ശാസ്ത്രീയ പഠനം നടത്താതെ നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുമതി നൽകരുതെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) 2018 ആഗസ്റ്റിലെ പ്രളയത്തിൽ അഞ്ച് ദിവസം മുങ്ങിക്കിടന്ന പ്രദേശത്ത് ശാസ്ത്രീയ പഠനം നടത്താതെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ അനുമതി നൽകിയത് ഏത് സാഹചര്യത്തിലായിരുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇടുക്കി ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്; ഇതിന്മേൽ ഇടുക്കി ജില്ലാ കളക്ടറുടെ വിശദമായ റിപ്പോർട്ട് റവന്യൂ വകുപ്പ് പരിശോധിച്ചുവരുന്നു.

(ഡി) പ്രളയ ബാധിത പ്രദേശങ്ങളിൽ സർക്കാരിന്റെ ശാസ്ത്രീയ പഠനം പൂർത്തിയാകുന്നതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ പാടുള്ളതല്ലെന്ന് 30-8-2019-ലെ ഡി.ബി.1/521/2018/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) മൂന്നാറിലെ ടാക്സി സ്റ്റാൻഡ് കാലപ്പഴക്കത്താൽ നശിച്ചുപോയിട്ടുള്ള സാഹചര്യത്തിൽ ആയത് ആധുനിക രീതിയിൽ പുനർനിർമ്മിക്കുന്നതിന് തീരുമാനിച്ച് പൊതുമരാമത്ത് (കെട്ടിട) വിഭാഗത്തെ ചുമതലപ്പെടുത്തിയിരുന്നു. ടാക്സി സ്റ്റാൻഡ് പുനർനിർമ്മിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടാക്സി സ്റ്റാൻഡ് താൽക്കാലികമായി ഷീറ്റിട്ട് പുനർനിർമ്മിക്കുന്ന പ്രവൃത്തിക്ക് പൊതു ആവശ്യം പരിഗണിച്ച് നിലവിലുള്ള നിർമ്മാണ നിയന്ത്രണങ്ങൾക്കും കോടതി ഉത്തരവുകൾക്കും വിധേയമായി നടപ്പാക്കണമെന്ന ഉപാധിയോടെ ജില്ലാ കളക്ടറുടെ കാര്യാലയത്തിൽനിന്നും 1-4-2019-ൽ നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ചിട്ടുള്ളതാണ്. മൂന്നാർ ടൗണിൽ അടിസ്ഥാന സൗകര്യ വികസനം മുൻനിർത്തി പൊതുജനങ്ങളുടെയും വിനോദസഞ്ചാരികളുടെയും ഉപയോഗത്തിനായി മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽപ്പെടുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയോടുകൂടി രണ്ട് കംഫർട്ട് സ്റ്റേഷനുകളുടെ നിർമ്മാണത്തിനും അനുമതി നൽകിയിട്ടുള്ളതാണ്.

## സൗത്ത് എഴിപ്പുറം ഗവ. ഹയർ സെക്കണ്ടറി സ്കൂൾ മന്ദിരത്തിന്റെ ടെണ്ടർ നടപടികൾ

201 (1694) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുള്ള സൗത്ത് എഴിപ്പുറം ഗവ. ഹയർ സെക്കണ്ടറി സ്കൂൾ മന്ദിരത്തിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലായെങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

(ബി) സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിന് വേണ്ടിവന്ന കാലതാമസംമൂലമാണ് ടെണ്ടർ നടപടികൾ താമസിച്ചത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## എളവള്ളി ഗവ. ഹയർസെക്കന്ററി സ്കൂൾ കെട്ടിടനിർമ്മാണം

202 (1695) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ എം.എൽ.എ. യുടെ 2016-2017 വർഷത്തെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽനോട്ടത്തിൽ നിർമ്മിക്കുന്ന എളവള്ളി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ കെട്ടിടനിർമ്മാണം പാർട്ട് പേമെന്റ് അനുവദിക്കാത്തതിനാൽ നിർത്തിവച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണപ്രവർത്തനം പുനരാരംഭിക്കുന്നതിനും പാർട്ട് പേമെന്റ് അനുവദിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ ആയതിന് വേണ്ട നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ട് കരാറുകാരന് 30-9-2019-ൽ മുല്ലശ്ശേരി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

മുഖാന്തിരം കത്ത് നൽകിയിട്ടുണ്ട്. 23-7-2018-ൽ സൈറ്റ് കൈമാറിയിട്ടുള്ള പ്രവൃത്തി, കരാർ പ്രകാരം 20-1-2020-ൽ അവസാനിപ്പിക്കേണ്ടതാണ്. ലിന്റൽ, സൺഷെയ്ഡ് എന്നിവയുടെ കോൺക്രീറ്റിംഗ് പൂർത്തീകരിച്ച് മൂന്ന് മാസമായിട്ടും തുടർന്നുള്ള പ്രവൃത്തികൾ കരാറുകാരൻ ചെയ്യാത്തതിനാൽ, സൺഷെയ്ഡിന് വിള്ളൽ സംഭവിക്കാൻ സാധ്യതയുണ്ടെന്ന്, ടിയാന് മുന്നറിയിപ്പ് നൽകിയിട്ടുള്ളതാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായി ഏർപ്പെട്ട കരാർ ഉടമ്പടി പ്രകാരം പാർട്ട് ബിൽ തുക ലഭിക്കാത്തതിനാൽ, പ്രവൃത്തി തുടർന്ന് നടത്താതിരിക്കുന്നത് കരാർ ലംഘനമാണ്.

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായ പ്രസ്തുത പ്രവൃത്തിയുടെ പാർട്ട് ബില്ലിന്റെ ന്യൂനതകൾ പരിഹരിച്ചിട്ടുണ്ട്. ടി ബിൽ പ്രസ്തുത ഓഫീസിൽ ഓഡിറ്റ് ചെയ്ത ശേഷം നവംബർ ആദ്യവാരം തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമാകുന്ന മുറയ്ക്ക് പാർട്ട് പേമെന്റ് അനുവദിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

**തമ്പാനൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ഇരുനിലക്കെട്ടിടം**

203 (1696) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ തമ്പാനൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിന് ഇരുനിലകെട്ടിടം നിർമ്മിച്ചു നൽകുന്നതിനായി 1.20 കോടി രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുകയും ആദ്യഘട്ടമെന്ന നിലയിൽ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന സ്കീമിൽ നിന്നും 60 ലക്ഷം രൂപ അനുവദിക്കുകയും ഒന്നാംഘട്ട നിർമ്മാണത്തിനായി 2017-ൽ ഭരണാനുമതി പുറപ്പെടുവിക്കുകയും ചെയ്ത് രണ്ടു വർഷമായിട്ടും ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിന് തിരുവനന്തപുരം നഗരസഭ പൊതുമരാമത്ത് (കെട്ടിടവിഭാഗം) വകുപ്പിന് അനുമതി നൽകുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(ബി) അനുവദിച്ച തുക ലാപ്സായി പോകാതിരിക്കുന്നതിനും, ഇനിയും കാലതാമസം ഉണ്ടാകാതിരിക്കാനും സാധാരണക്കാരുടെ ആവശ്യത്തിനായി നിർമ്മിക്കുന്ന പി.എച്ച്.സി.കെട്ടിടം യാഥാർത്ഥ്യമാക്കുന്നതിന് നഗരസഭയുടെ അനുമതി എത്രയുംവേഗം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം നഗരസഭയുടെ തമ്പാനൂർ വാർഡിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കെട്ടിടം പണിയുന്നതിന് സ്ഥലം ആവശ്യപ്പെട്ടുകൊണ്ട് പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ നഗരസഭയ്ക്ക് നൽകിയ കത്ത് തീരുമാനത്തിനായി നഗരസഭ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി വഴി നഗരസഭ കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

**പാലിയേറ്റീവ് കെയർ നഴ്സുമാരുടെ വേതനം**

204 (1697) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ കരാർ അടിസ്ഥാനത്തിൽ പാലിയേറ്റീവ് കെയർ നഴ്സുമാരായി സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് നിലവിൽ പരമാവധി എത്ര രൂപയാണ് ശമ്പളവും അലവൻസുകളുമായി ലഭിക്കുന്നത്; വിവരം ലഭ്യമാക്കുമോ;

(ബി) ഇത്തരം ജീവനക്കാർക്ക് അർഹമായ തുക ശമ്പളമായി ലഭിക്കുന്നില്ലായെന്ന തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ജീവനക്കാരുടെ ശമ്പളവും അലവൻസുകളും ഏറ്റവും ഒടുവിലായി നിർണ്ണയിച്ച് നൽകിയതെന്നാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രത്യേക പരിഗണന ലഭിക്കേണ്ട രോഗികളെ ശുശ്രൂഷിക്കുന്ന ജീവനക്കാർ എന്നത് പരിഗണിച്ച് ഇവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് നിലവിൽ 15,000 രൂപ നിരക്കിൽ ഹോണറേറിയം നൽകിവരുന്നുണ്ട്. കൂടാതെ സർക്കാർ വർഷം തോറും നിശ്ചയിക്കുന്ന ഉൽസവബത്ത പ്രോജക്ടിൽ ഉൾപ്പെടുത്തി നൽകിവരുന്നുണ്ട്.

(ബി & സി) ഉണ്ട്.

29-11-2017-ലെ സ.ഉ (സാധാ) നം. 3845/2017/തസ്വഭവ, 12-12-2017-ലെ സ.ഉ.(സാധാ) നമ്പർ 4009/2017/തസ്വഭവ., 7-3-2019-ലെ സ.ഉ.(സാധാ) നമ്പർ 553/2019/തസ്വഭവ. എന്നീ ഉത്തരവുകൾ പ്രകാരം പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഹോണറേറിയം 1-6-2017 മുതൽ 15,000 രൂപയായി വർദ്ധിപ്പിക്കുകയും മറ്റ് ആനുകൂല്യങ്ങൾ നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്.

## എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഓവർസീയർമാരുടെ എണ്ണം

205 (1698) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എൽ.എസ്.ജി.ഡി. എൻജിനീയറിംഗ് വിഭാഗത്തിൽ ജോലി ചെയ്യുന്ന മൂന്നാംതരം (ഗ്രേഡ് III) ഓവർസീയർമാരുടെ എണ്ണം എത്ര;

(ബി) 2017 ഒക്ടോബർ-നവംബർ മാസങ്ങളിൽ എൽ.എസ്.ജി.ഡി. എൻജിനീയറിംഗ് ഡിവിഷനിൽ ഉണ്ടായിരുന്ന മൂന്നാംതരം ഓവർസീയർമാരുടെ എണ്ണം എത്ര;

(സി) 2018 ജനുവരി മുതൽ നാളിതുവരെ എൽ.എസ്.ജി.ഡി. ഡിപ്പാർട്ട്മെന്റിൽ നിന്നും റിലീവ് ചെയ്ത മൂന്നാംതരം ഓവർസീയർമാരുടെ എണ്ണം എത്ര;

(ഡി) നിലവിൽ മലപ്പുറം, പാലക്കാട് ജില്ലയിൽ ഒഴിവുള്ള മൂന്നാതരം ഓവർസീയർമാരുടെ എണ്ണം എത്ര;

(ഇ) കരാർ/ദിവസവേതന/കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന മൂന്നാംതരം ഓവർസീയർമാരുടെ എണ്ണം എത്ര; ഇത് ഏതൊക്കെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ആണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ നിലവിൽ ഒഴിവുള്ള മൂന്നാംതരം ഓവർസീയർമാരുടെ എണ്ണം എത്ര; വ്യക്തമാക്കാമോ?

ഉത്തരം

(എ) 1153

(ബി) 713

(സി) 226

(ഡി) 33

(ഇ) കരാർ/ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന മൂന്നാംതരം ഓവർസീയർമാരുടെ എണ്ണം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ്) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പൂഞ്ഞാർ/തെക്കേക്കര ഗ്രാമ പഞ്ചായത്തിൽ മൂന്നാം തരം ഓവർസീയറുടെ ഒരു ഒഴിവ് നിലവിലുണ്ട്.

## തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഏകോപനം

206 (1699) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ ഏകോപനത്തിന്റെ ഭാഗമായി ജീവനക്കാരുടെ ട്രാൻസ്ഫർ ഓൺലൈൻ ആയി നടത്താൻ നടപടികൾ ഉണ്ടായിട്ടുണ്ടോ;

(ബി) പഞ്ചായത്തുകളിൽ സെക്രട്ടറി/അസിസ്റ്റന്റ് സെക്രട്ടറി വിഭാഗം ജീവനക്കാരുടെ പ്രമോഷനും ട്രാൻസ്ഫറും സമയബന്ധിതമായി നടത്തി സിവിൽ സർവ്വീസ് കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) സ്വീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിലവിലുള്ള ഒഴിവ് നികത്തുന്നതിന് അഡ്ഹോക് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (ലോവർ) 29-10-2019-ന് കൂടുകയും മേൽനടപടികൾ സ്വീകരിച്ചുവരികയുമാണ്. അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിൽ നിലവിൽ ഒഴിവുകളില്ല.

## ഫുൾടൈം കണ്ടിൻജന്റ് മീനിയലിന്റെ ശമ്പള സ്കെയിൽ നല്കാൻ നടപടി

207 (1700) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008 ജൂലൈ 31-ന് മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്തിൽ നിന്ന് ഫുൾടൈം കണ്ടിൻജന്റ് മീനിയൽ തസ്തികയിൽ നിന്നും റിട്ടയർ ചെയ്ത ശ്രീ. സി. ഉമ്മർ, പലാശ്ശേരി ഹൗസ്, ഓമാനൂർ പി.ഒ., മലപ്പുറം ജില്ല എന്നയാൾക്ക് അവസാനം നൽകിയ ശമ്പളം എത്രയെന്ന് വ്യക്തമാക്കാമോ; ആയത് ഏത് ശമ്പള സ്കെയിൽ പ്രകാരം എന്നറിയിക്കാമോ;

(ബി) പ്രസ്തുതയാൾക്ക് ഫുൾടൈം കണ്ടിൻജന്റ് മീനിയലിന്റെ ശമ്പള സ്കെയിലിന് അർഹതയുണ്ടായിട്ടും, പാർട്ട് ടൈം ശമ്പള സ്കെയിലിൽ മാത്രം ശമ്പളം നൽകാൻ ഇടയായതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ബന്ധപ്പെട്ടയാൾക്ക് അർഹതപ്പെട്ട ഫുൾടൈം നിരക്കിലുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 1992-ൽ പ്രാബല്യത്തിലുണ്ടായിരുന്ന ഫുൾ ടൈം സ്വീപ്പർമാരുടെ 550-950 ശമ്പളസ്കെയിലിൽ 875 രൂപ അടിസ്ഥാന ശമ്പളമാണ് അവസാനമായി നൽകിയിട്ടുള്ളത്.

(ബി) 1992-ൽ പ്രാബല്യത്തിലുള്ളതും 23-3-1991-ലെ ജി.ഒ.(പി) 106/91/തസ്വഭവ. ഉത്തരവ് പ്രകാരം ഫുൾ ടൈം സ്വീപ്പർമാർക്ക് അനുവദിച്ചതുമായ പെൻഷൻ ആനുകൂല്യങ്ങൾ ഓപ്റ്റ് ചെയ്യാതെ 65 വയസ്സുവരെ സേവനത്തിൽ തുടരാമെന്ന വ്യവസ്ഥ ടിയാൻ അംഗീകരിച്ചിട്ടുള്ളതും അപ്രകാരമുള്ള അർഹതപ്പെട്ട ശമ്പള സ്കെയിൽ ടിയാന് അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്.

(സി) മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പറായി സേവനം അനുഷ്ഠിച്ചിരുന്ന ടിയാന്റെ ഉദ്യോഗക്കയറ്റം ലഭിച്ച് 20-2-1992-ൽ ഫുൾടൈം സ്വീപ്പർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ടിയാളുകൾക്ക് പ്രസ്തുത കാലയളവിൽ ബാധകമായിട്ടുള്ള (550 - 10 - 560 - 15 - 620 - 20 - 700 - 25 - 950) ശമ്പള സ്കെയിലിൽ ശമ്പളം നിജപ്പെടുത്തി നൽകുകയുമുണ്ടായി. ടി ശമ്പള സ്കെയിൽ സർക്കാർ ജീവനക്കാർക്കായി ധനകാര്യ വകുപ്പ് കാലാകാലങ്ങളായി അനുവദിച്ച് പരിഷ്കരിച്ചുകൊണ്ടിരുന്ന ശ്രേണിയിൽ ഉൾപ്പെട്ട സ്കെയിൽ അല്ലായിരുന്നു എന്നും, ഗ്രാമ പഞ്ചായത്തിലെ കണ്ടിൻജന്റ് ജീവനക്കാർക്കായി തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലെ പ്രത്യേക വേജ് ബോർഡ് അനുവദിച്ചിരുന്നതുമാണ് എന്ന് കാണുന്നു.

തുടർന്ന്, 23-3-1991-ലെ G.O.(P) 106/91/തസ്വഭവ. സർക്കാർ ഉത്തരവ് പ്രകാരം, പഞ്ചായത്തുകളിലെ ഫുൾടൈം സ്വീപ്പർമാർക്ക് 1-4-1991 പ്രാബല്യത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുകയുണ്ടായി. ടി ഉത്തരവ് പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾക്കായി ഓപ്ഷൻ നൽകുന്നതിനും ഓപ്ഷൻ സമർപ്പിക്കാത്ത ഫുൾടൈം സ്വീപ്പർമാർക്ക് 65 വയസ്സുവരെ സേവനത്തിൽ തുടരാവുന്നതും, സേവന വിരാമത്തിൽ സർവ്വീസ് ഗ്രാറ്റുവിറ്റിക്കല്ലാതെ പെൻഷൻ അടക്കമുള്ള മറ്റ് സേവന വിരാമ ആനുകൂല്യങ്ങൾക്ക് യാതൊന്നിനും അർഹതയില്ലാത്തതുമാണ്. ടിയാൻ പെൻഷൻ സ്കീമിലേയ്ക്ക് ഓപ്ഷൻ സമർപ്പിക്കാതിരിക്കുകയും 65 വയസ്സുവരെ തുടരുന്നതിനായി 22-4-1992-ൽ സമ്മതപത്രം സമർപ്പിക്കുകയും ആയത് അംഗീകരിച്ചതുമാണ്.

തുടർന്ന്, 6-1-1995-ലെ G.O.(P)01/95/തസ്വഭവ. സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്തുകളിലെ ഫുൾടൈം സ്വീപ്പർമാരുടെ ശമ്പള സ്കെയിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടേതിന് തുല്യമാക്കുകയുണ്ടായി. അപ്രകാരം ടിയാളുകളുടെ ശമ്പള സ്കെയിൽ 775 - 1065 രൂപയിലേയ്ക്ക് ഉയർത്തുകയുണ്ടായി. അത്തരത്തിൽ

ഉയർത്തിയ ശമ്പള സ്കെയിലിലേയ്ക്ക് മാറുന്നതിന് ടിയാൻ 20-2-1995- ൽ ഓപ്ഷൻ നൽകുകയും 1-3-1992 പ്രാബല്യത്തിൽ പുതുക്കിയ സ്കെയിലിൽ ശമ്പളം നിജപ്പെടുത്തുകയുമുണ്ടായി.

23-3-1991-ലെ G.O.(P) 106/91/തസ്വഭവ. സർക്കാർ ഉത്തരവ് പ്രകാരം പെൻഷൻ സ്കീമിലേയ്ക്ക് ഓപ്ഷൻ നൽകിയിരുന്നില്ലായെങ്കിലും, 6-1-1995-ലെ G.O.(P) 1/95/തസ്വഭവ., 24-9-1996- ലെ G.O.(P)200/96/തസ്വഭവ. സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് തുല്യമായ ശമ്പള സ്കെയിൽ 20-2-1995-ൽ ഓപ്റ്റ് ചെയ്തതിനാൽ ടിയാന് 55 വയസ്സിൽ സേവനത്തിൽനിന്നും വിരമിക്കേണ്ട സാഹചര്യമുണ്ടായി. 15-7-1943-ൽ ജനിച്ച ടിയാൻ അപ്രകാരം 55 വയസ്സ് പൂർത്തീകരിച്ച് 31-7-1998-ൽ വിരമിക്കുന്ന വേളയിൽ ആകെ 6 വർഷം 5 മാസം മാത്രമേ സേവന ദൈർഘ്യം ഉണ്ടാകൂ എന്നതിനാൽ തുച്ഛമായ പെൻഷൻ ആനുകൂല്യങ്ങളെ ലഭിക്കൂ എന്ന് മനസ്സിലാക്കിയ ടിയാൻ, ടി ഓപ്ഷൻ, 24-12-1998-ൽ പിൻവലിച്ച് പഴയ 550-950 സ്കെയിലിലേയ്ക്ക് പുനഃപ്രവേശിച്ചു. ആയതിലേയ്ക്കായി, പുതുക്കിയ സ്കെയിലിൽ ടിയാൻ 1-3-1992 മുതൽ അധികമായി കൈപ്പറ്റിയ തുക 33739 രൂപ തിരികെ അടവാക്കുകയും പഴയ ശമ്പള സ്കെയിലിൽ 65 വയസ്സ് പൂർത്തിയാകുന്ന 31-7-2008- ൽ വിരമിക്കുകയുമുണ്ടായി. (അടിസ്ഥാന ശമ്പളം Rs.875 (550 -950).

ഫുൾടൈം സ്വീപ്പർമാർക്ക് അപ്രകാരം ബാധകമായിരുന്ന പഴയ 550– 950 എന്ന ശമ്പള സ്കെയിൽ, ധനകാര്യ വകുപ്പ് അനുവദിക്കുന്ന ശ്രേണിയിൽ ഉൾപ്പെടാത്തതിനാലും, പഞ്ചായത്തുകളിൽ അക്കാലയളവിൽ ഉണ്ടായിരുന്ന ഭൂരിപക്ഷം ഫുൾടൈം സ്വീപ്പർമാരും 1-3-1992 പ്രാബല്യത്തിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടേതിന് തുല്യമായ ശമ്പള സ്കെയിലിലേയ്ക്ക് മാറിയതിനാലും, പഴയ സ്കെയിലിൽ തന്നെ തുടരുന്ന ഫുൾടൈം സ്വീപ്പർമാർ തുലോം കുറവായതിനാലുമാകാം 1992 -ന് ശേഷം ടി സ്കെയിലിൽ യാതൊരുവിധ പരിഷ്കരണവും നടത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതായി കാണുന്നില്ല. ആയതിനാൽ തന്നെ 1992-ൽ പ്രാബല്യത്തിലുണ്ടായിരുന്ന ശമ്പള സ്കെയിലിൽ തന്നെ തുടർന്ന് 31-7-2008-ൽ ടിയാൻ സേവനത്തിൽനിന്ന് വിരമിച്ചു. സർവ്വീസ് ഗ്രാറ്റുവിറ്റി ഒഴികെ മറ്റ് സേവനവിരാമ ആനുകൂല്യങ്ങൾ യാതൊന്നും ടിയാന് അനുവദിച്ചിട്ടില്ല.

ആയതിനാൽ 1992-ൽ പ്രാബല്യത്തിൽ ഉണ്ടായിരുന്ന ഫുൾടൈം സ്വീപ്പർമാരുടെ 550-950 ശമ്പള സ്കെയിലിൽ കാലാനുസൃത പരിഷ്കരണങ്ങൾ വരുത്തി ഉത്തരവാകുന്നതുവഴി മാത്രമേ ടിയാന്റെ വിഷയത്തിൽ പരിഹാരം കാണാനാകൂ എന്ന സാഹചര്യമാണുള്ളത്.

## മുനിസിപ്പൽ കോമൺ സർവ്വീസിലെ ഒഴിവുകൾ

208 (1701) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ മുൻസിപ്പൽ കോമൺ സർവ്വീസിൽ 2020 മാർച്ച് 31 വരെ എത്ര സൂപ്രണ്ട്,റവന്യൂ ഇൻസ്പെക്ടർ തസ്തികകളുടെ ഒഴിവുണ്ടാകും എന്നറിയിക്കാമോ;

(ബി) ഈ തസ്തികകളിലെ നിലവിലെ വേക്കൻസികളിൽ പ്രമോഷൻ നടത്തുന്നതിന് ഉണ്ടാകുന്ന കാലതാമസം എന്തെന്ന് അറിയിക്കാമോ;

(സി) മുൻസിപ്പൽ കോമൺ സർവ്വീസ് മിനിസ്റ്റീരിയൽ ജീവനക്കാരുടെ പി.എഫ്. ക്രഡിറ്റ് കാർഡ് വിതരണം ചെയ്യുന്നതിന്റെ പുരോഗതി വ്യക്തമാക്കാമോ; ഇനി എത്ര പേർക്ക് ക്രഡിറ്റ് കാർഡ് വിതരണം ചെയ്യാനുണ്ട് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2020 മാർച്ച് 31 വരെ സൂപ്രണ്ട് തസ്തികയിൽ 6 ഒഴിവുകളും ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ 7 ഒഴിവുകളും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) നിലവിൽ സൂപ്രണ്ട് തസ്തികയിൽ ഒഴിവില്ല. ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ നിലവിൽ ഒരു ഒഴിവ് ഉണ്ട്. എന്നാൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിട്ടുള്ള ഒ.എ. (ഇ.കെ.എം) 1531/19 നമ്പർ കേസിന്മേലുള്ള അന്തിമ ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ടി ഒഴിവ് നികത്തുവാൻ സാധിക്കുകയുള്ളൂ.

(സി) കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ 2018-19 സാമ്പത്തികവർഷം വരെയുള്ള പി.എഫ്., ക്രെഡിറ്റ് കാർഡ് നഗരസഭയിൽനിന്നും ഡാറ്റാ എൻട്രി നടത്തി അംഗീകരിച്ചിട്ടുണ്ട്. ക്രെഡിറ്റ് കാർഡ് 'സ്ഥാപന' സോഫ്ട്‌വെയർ-ൽനിന്നും ജീവനക്കാർക്ക് നേരിട്ട് എടുക്കാവുന്നതാണ്.

## തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകീകരണം

209 (1702) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകീകരണം സംബന്ധിച്ച നടപടിക്രമം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഏകീകരിച്ച വകുപ്പ് എന്നു മുതൽ പ്രവർത്തിച്ചു തുടങ്ങുമെന്ന് വിശദമാക്കുമോ;

(സി) ഇതുസംബന്ധിച്ച് വകുപ്പുതല ചർച്ച, സർവ്വീസ് സംഘടനകൾ തലത്തിലുള്ള ചർച്ച, സ്പെഷ്യൽ റൂൾസ് തയ്യാറാക്കൽ എന്നിവ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഇപ്രകാരം ഏകീകരിക്കപ്പെടുമ്പോൾ വകുപ്പിന്റെ ഘടനയെ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

## ഉത്തരം

(എ&സി) നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച കരട് സ്പെഷ്യൽ റൂൾസ് സർക്കാർ, 2018 നവംബർ 8, 9 തീയതികളിൽ ബന്ധപ്പെട്ട എല്ലാ വിഭാഗം സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയുണ്ടായി. സർവ്വീസ് സംഘടനകളുമായുള്ള ചർച്ചയിൽ ഉന്നയിച്ച നിർദ്ദേശങ്ങളുടെയും, അഭിപ്രായങ്ങളുടെയും പരിശോധന നടത്തി ആവശ്യമായവ ഉൾക്കൊള്ളിച്ച് സ്റ്റേറ്റ് സർവ്വീസിന്റെ കരട് ചട്ടങ്ങൾ ഭേദഗതി വരുത്തുകയുണ്ടായി. ഭേദഗതി സംബന്ധിച്ച വകുപ്പുമേധാവികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിശോധിക്കുന്നതിനായി 20-9-2019-ലെ സ.ഉ. (സാധാ) നമ്പർ 2036/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശസ്വയംഭരണ-ഗ്രാമീൺ) - ചെയർപേഴ്സൺ, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ചെയർമാൻ-മെമ്പർ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ - കൺവീനർ എന്നിവരടങ്ങുന്ന 3 അംഗ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി, ഭേദഗതി വരുത്തിയ കരട് വിശേഷാൽ ചട്ടങ്ങളിന്മേൽ കില ഡയറക്ടറുമായും, പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര-ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പ് മേധാവികളുമായും 2019 ഒക്ടോബർ 17, 18 തീയതികളിൽ ചർച്ച നടത്തുകയുണ്ടായി. വകുപ്പുതലവന്മാരുടെ നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ കരട് വിശേഷാൽ ചട്ടം സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്.

(ബി) പൊതുസർവ്വീസുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഏകീകരിച്ച വകുപ്പ് നിലവിൽ വരുന്നതാണ്.

(ഡി) അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## പഞ്ചായത്തുകളിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക

210 (1703) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ എൽ.ഡി. ടൈപ്പിസ്റ്റുമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പഞ്ചായത്ത് വകുപ്പിൽ എൽ.ഡി. ടൈപ്പിസ്റ്റുമാരുടെ എത്ര തസ്തിക സൃഷ്ടിക്കണമെന്നാണ് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥരുടെ ശമ്പളം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നായതിനാൽ പ്രസ്തുത ഓഫീസുകൾ കാര്യക്ഷമമാക്കുന്നതിനായി പുതിയ ടൈപ്പിസ്റ്റ് തസ്തികൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) പഞ്ചായത്തുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക നിലവിലില്ല.

(ബി) വിവിധ ഗ്രാമ പഞ്ചായത്തുകളിൽനിന്നും സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ പ്രകാരം 331 ഗ്രാമ പഞ്ചായത്തുകളിൽ ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കണമെന്നാണ് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) സംസ്ഥാന സർക്കാർ e-governance-ന് പ്രാമുഖ്യം നൽകുകയും സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും e-office സമ്പ്രദായം നടപ്പിലാക്കാനായി ത്വരിത നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പഞ്ചായത്ത് വകുപ്പിലും ഇ-ഓഫീസ് സംവിധാനം പൂർണ്ണ തോതിൽ പ്രവർത്തിച്ച് തുടങ്ങുന്നതോടെ പഞ്ചായത്തുകളിലും ജോലി ഭാരം കുറയുകയും നിലവിലുള്ള ക്ലാർക്കുമാരുൾപ്പെടെ ജീവനക്കാർക്കുതന്നെ ടൈപ്പിംഗ് ജോലികളും സ്വയം ചെയ്യാനാകുന്നതുമാണ്. ഇ-ഓഫീസ് സമ്പ്രദായം പഞ്ചായത്തിൽ പൂർണ്ണമായ തോതിൽ പ്രവർത്തിച്ചുതുടങ്ങുന്നതോടെ ടൈപ്പിസ്റ്റ് തസ്തിക പ്രസക്തമല്ലാതാകുന്നതും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നികുതി നൽകുന്ന പൊതുജനത്തിന് യാതൊരു അധിക സേവനവും നൽകാൻ കഴിയാതെ കേവലം അധിക ബാധ്യത മാത്രമായി ടി തസ്തിക മാറുകയും ചെയ്യും. സംസ്ഥാനത്തൊട്ടാകെ ഇ-ഗവേർണൻസ് സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ കൂടുതൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് പകരം ഓരോ വകുപ്പുകളിലും നിലവിലുള്ള അധിക തസ്തികകൾ കണ്ടെത്തി പുനർവിന്യാസം വഴി ഒഴിവുകൾ നികത്തുന്നതിനാണ് സർക്കാർ ഊന്നൽ നൽകുന്നത്.

(ഡി) നിലവിൽ പരിഗണനയിലില്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി പ്രവർത്തനങ്ങൾ**

211 (1704) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണസ്ഥാപനങ്ങളിലെ പദ്ധതിപ്രവർത്തനങ്ങൾക്ക് ആവശ്യമായ എഞ്ചിനീയർമാരില്ലാത്തതിനാൽ തടസ്സം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ തസ്തികയിലേക്ക് പി.എസ്.സി നിയമനം നടക്കുന്നതുവരെ ഈ വിഷയം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) എഞ്ചിനീയർമാരുടെ അഭാവം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കേരള പി.എസ്.സി. മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിയമനം നടത്തുന്നുണ്ട്. കേരള പി.എസ്.സി. സംവരണ വിഭാഗക്കാർക്കായി മാറ്റിവയ്ക്കുന്ന തസ്തികകളിൽ എൻ.എ.സി. (നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ്) ലഭ്യമാകുന്ന മുറയ്ക്ക് അതേ കാറ്റഗറിയിലുള്ള ഉദ്യോഗാർത്ഥികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്നുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ മുകളിലേയ്ക്കുള്ള തസ്തികകളിൽ നിലവിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ പ്രൊമോഷൻ മുഖേന സത്വരമായി നികത്തുന്നതിനായി അഡ്ഹോക് ഡി.പി.സി. കൂടുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## കൊച്ചിൻ കോർപ്പറേഷൻ, തൃക്കാക്കര മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ അനധികൃത കെട്ടിടനിർമ്മാണം

212 (1705) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ കോർപ്പറേഷൻ, തൃക്കാക്കര മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ കെട്ടിടനിർമ്മാണ ചട്ടം ലംഘിച്ചും അനധികൃതമായും നിർമ്മിച്ച ബഹുനിലകെട്ടിടങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അനധികൃത നിർമ്മാണത്തിന് അനുമതി നൽകിയ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ ഉദ്യോഗസ്ഥർക്കെതിരെ ഏതുതരത്തിലുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ ആവർത്തിക്കാതിരിക്കാൻ നിലവിലുള്ള ചട്ടങ്ങൾ ശക്തമാക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ബഹുനില കെട്ടിടങ്ങളുടെ അനധികൃത നിർമ്മാണം സംബന്ധിച്ച കൊച്ചി കോർപ്പറേഷനിലെ വിവരങ്ങൾ അനുബന്ധം 'A'* ആയും, തൃക്കാക്കര നഗരസഭയുടേത് അനുബന്ധം 'B'* ആയും ഉള്ളടക്കം ചെയ്യുന്നു.

(ബി & സി) ഇല്ല.

(ഡി) ഇതിനായി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## നിലമ്പൂർ നഗരസഭയിലെ വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ

213 (1706) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ നിലമ്പൂർ നഗരസഭയിലെ ഏതെല്ലാം നഗരപ്രദേശങ്ങളിലാണ് വെള്ളക്കെട്ടുണ്ടായത്;

(ബി) നിലമ്പൂർ മിനി ബൈപാസ് റോഡിന് ചേർന്ന് തണ്ണീർത്തടങ്ങളിൽ വർഷകാലത്ത് വെള്ളക്കെട്ട് രൂപപ്പെടാറുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ജവഹർലാൽ നെഹ്റു ബസ് ടെർമിനലിൽ വർഷകാലത്ത് വെള്ളക്കെട്ട് രൂപപ്പെടാറുണ്ടോ;

(ഡി) നിലമ്പൂർ മിനിബൈപാസ് റോഡിലും ടൗൺ ജുമാമസ്ജിദ് റോഡിലും 2010 മുതൽ നൽകിയ ബിൽഡിംഗ് പെർമിറ്റുകളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ നഗരസഭയുടെ 19, 21, 17, 22, 26 (വീട്ടിച്ചാൽ, മുതുകാട്, തെക്കുംപാടം, പൊട്ടിപ്പാറ, ഇരുപത്താംപൊയിൽ) എന്നീ വാർഡുകളിൽ ഭാഗീകമായും ബാക്കിയുള്ള 27 വാർഡുകളിൽ പൂർണ്ണമായും കഴിഞ്ഞ പ്രളയത്തിൽ വെള്ളക്കെട്ടുണ്ടായിരുന്നു. ലിസ്റ്റ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**കോഴിക്കോട് കോർപ്പറേഷൻ പൂർത്തീകരിച്ച റോഡ് പ്രവൃത്തികൾ**

214 (1707) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17,2017-18,2018-19 വർഷങ്ങളിൽ കാലവർഷക്കെടുതി യിൽപെടുത്തി കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച എത്ര റോഡുകളുടെ പ്രവൃത്തികൾ കോഴിക്കോട് കോർപ്പറേഷൻ പൂർത്തീകരിച്ചു എന്ന് വിശദമാക്കുമോ;

(ബി) ഏതെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 വർഷങ്ങളിൽ പണി പൂർത്തീകരിച്ചത് - 4

(ആയതിൽ ഒരു പ്രവൃത്തി കോർപ്പറേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചതിനാൽ കാലവർഷക്കെടുതിയിലെ ഫണ്ട് ഉപയോഗിക്കേണ്ടിവന്നില്ല.)

2017-18 വർഷങ്ങളിൽ പണി പൂർത്തീകരിച്ചത് - 0

2018-19 വർഷങ്ങളിൽ പണി പൂർത്തീകരിച്ചത് - 0

(ബി) 2017-18-ൽ പണി പൂർത്തീകരിക്കാനുള്ളത് - 4

- ഒരു പ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ചതാണ്. വാട്ടർ അതോറിറ്റിയുടെ പൈപ്പ് ഇടാനുള്ളതുകൊണ്ടും മഴ കാരണവുമാണ് പണി പൂർത്തിയാക്കാൻ കഴിയാതെ പോയത്. പ്രവൃത്തി പിന്നീട് പൂർത്തീകരിക്കാവുന്നതാണ്.
- ഒരു പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.
- ഒരു പ്രവൃത്തി മാനദണ്ഡപ്രകാരമല്ലാത്തതിനാൽ, നടപ്പിലാക്കാൻ കഴിയില്ല.
- ഒരു പ്രവൃത്തി മാനദണ്ഡപ്രകാരമല്ലാത്തതിനാലും, ആസ്തി രജിസ്റ്ററിൽ പേര് വ്യത്യാസം വന്നതിനാലും എസ്റ്റിമേറ്റ് മാറ്റി നിർവ്വഹണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്.

2018-19 പണി പൂർത്തീകരിക്കാനുള്ളത് - 7

- ഒരു പ്രവൃത്തി കോർപ്പറേഷൻ ഫണ്ട് ഉപയോഗിച്ച് നടത്തിയതിനാൽ, സമീപ ഫുട്പാത്ത് പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കുന്നതിന് കളക്ടറേറ്റിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ട്.
- 2 പ്രവൃത്തികളുടെ നിർവ്വഹണാനുമതിക്കായി ഫയൽ സമർപ്പിച്ചിട്ടുള്ളതാണ്.
- 4 പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കാലാവധി നീട്ടി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

**കോഴിക്കോട് കോർപ്പറേഷനിലെ അമൃത് പദ്ധതി**

215 (1708) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അമൃത് പദ്ധതി പ്രകാരം കോഴിക്കോട് കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

കോഴിക്കോട് കോർപ്പറേഷനിൽ ശുദ്ധജല വിതരണം, സ്വിവറേജ് ആന്റ് സെപ്റ്റേജ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് എന്നീ അഞ്ച് മേഖലകളിലായി 284.64 കോടി രൂപയുടെ 50 പദ്ധതികൾക്ക് ഭരണാനുമതിയും 283.94 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

278.65 കോടി രൂപയുടെ പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 148.10 കോടി രൂപയുടെ 47 പദ്ധതികളുടെ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ഇതിൽ 7 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ പദ്ധതിക്കായി 46.91 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

അമൃത് പദ്ധതി പ്രകാരം കോഴിക്കോട് കോർപ്പറേഷനിൽ സാങ്കേതികാനുമതി ലഭ്യമാക്കി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

| നമ്പർ | സെക്ടർ | പദ്ധതികൾ | | നിലവിലെ സ്ഥിതി |
|---|---|---|---|---|
| | | എണ്ണം | തുക (കോടിയിൽ) | |
| 1 | ശുദ്ധജല വിതരണം | 28 | 96.32 | 7 പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കി വർക്കുകൾ പുരോഗമിക്കുന്നു |
| 2 | സ്വിവറേജ് ആന്റ് സെപ്റ്റേജ് | 3 | 130.6 | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| 3 | സ്റ്റോം വാട്ടർ ഡ്രെയിനേജ് | 10 | 40.75 | പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 4 | അർബൻ ട്രാൻസ്പോർട്ട് | 1 | 11.35 | പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 5 | പാർക്ക് | 8 | 4.92 | പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| | ആകെ | 50 | 283.94 | |

**മരട് ഫ്ളാറ്റ് സമുച്ചയങ്ങൾ**

216 (1709) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന ചട്ടങ്ങളിലെ നിബന്ധനകൾക്ക് വിരുദ്ധമായി മരടിൽ അഞ്ച് ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് മരട് പഞ്ചായത്ത് അനുമതി നൽകിയിരുന്നോ; വ്യക്തമാക്കുമോ;

(ബി) സി.ആർ.ഇസഡ്.3 സോണിൽ ഉൾപ്പെടുന്ന പ്രസ്തുത പ്രദേശത്ത് സി.ആർ.ഇസഡ്.2 എന്ന് രേഖപ്പെടുത്തി മരട് പഞ്ചായത്ത് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിരുന്നോ; എങ്കിൽ ഇപ്രകാരം തെറ്റായ രേഖ നൽകിയതിന് ഉത്തരവാദി ആരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ചട്ടലംഘനം ഉണ്ടായ സാഹചര്യത്തിൽ സ്റ്റോപ്പ് മെമ്മോ നൽകുവാൻ മരട് പഞ്ചായത്തിനോട് കേരള ഹൈക്കോടതി നിർദ്ദേശിച്ചിരുന്നോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് അധികൃതർ കെട്ടിട നിർമ്മാണങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിരുന്നോ; എങ്കിൽ ഓരോ കെട്ടിട നിർമ്മാതാക്കൾക്കും സ്റ്റോപ്പ് മെമ്മോ നൽകിയത് എന്നാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അനുമതി നൽകിയിരുന്നു. സീനിയർ ടൗൺ പ്ലാനർ വിജിലൻസിന്റെ അന്വേഷണത്തിൽ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ടി അനുമതികൾ റദ്ദാക്കുകയും ആയതിനെതിരെ കെട്ടിട നിർമ്മാതാക്കൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത വിവിധ വ്യവഹാരങ്ങളുടെ വിധി ന്യായങ്ങളുടെ അടിസ്ഥാനത്തിൽ ടി നിർമ്മാണങ്ങൾ തുടർന്ന് പൂർത്തിയാക്കുകയും ചെയ്തിട്ടുള്ളതാകുന്നു.

(ബി) സി.ആർ.ഇസെഡ്. സംബന്ധിച്ച് പരിശോധനകൾ നടത്താതെയും, തീരദേശ പരിപാലന സമിതിയുടെ അനുമതി ലഭ്യമാക്കാതെയുമാണ് പ്രസ്തുത നിർമ്മാണാനുമതികൾ നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് ക്രൈംബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.

(സി) നിർദ്ദേശം നൽകിയിട്ടില്ലെന്ന് മരട് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

### മരടിലെ അനധികൃത ഫ്ലാറ്റുകൾ

217 (T1710) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി വിധിപ്രകാരം മരടിലെ അനധികൃത ഫ്ളാറ്റുകൾ പൊളിക്കുന്നതിനുള്ള കരാർ ഏത് കമ്പനിക്കാണ് നൽകിയതെന്ന് അറിയിക്കാമോ;

(ബി) എപ്രകാരമാണ് പ്രസ്തുത കമ്പനിയെ തെരഞ്ഞെടുത്തത്; ഓരോ ഫ്ളാറ്റ് സമുച്ചയവും പൊളിക്കുന്നതിന് എന്ത് തുകയാണ് കമ്പനിക്ക് നൽകേണ്ടത്;

(സി) ഫ്ളാറ്റ് പൊളിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നിയോഗിച്ച സാങ്കേതിക സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയുടെ ശിപാർശ എന്തായിരുന്നു;

---

'T' മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഡി) ഫ്ളാറ്റ് സമുച്ചയം പൊളിക്കുമ്പോൾ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഇ) ഫ്ളാറ്റുകൾ പൊളിക്കുമ്പോഴുള്ള മാലിന്യങ്ങൾ നീക്കുന്നതിനായി ഏത് ഏജൻസിയെ ആണ് നിയോഗിച്ചിട്ടുള്ളത്; ഇവ എപ്രകാരം ഉപയോഗിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) എഡിഫൈസ് എഞ്ചിനീയറിംഗ്, വിജയ് സ്റ്റീൽസ് എന്നീ കമ്പനികൾക്കാണ് നൽകിയിരിക്കുന്നത്.

(ബി) 4 ഫ്ലാറ്റുകൾ പൊളിക്കുന്നതിന് വൈദഗ്ദ്ധ്യമുള്ള ഏജൻസിയിൽനിന്നും ടെണ്ടറിന് മുന്നോടിയായുള്ള താൽപ്പര്യപത്രം ക്ഷണിക്കുകയും താൽപ്പര്യ പത്രം സമർപ്പിച്ച 15 ഏജൻസികളിൽനിന്ന് വിദഗ്ദ്ധരായ 2 ഏജൻസികളെ 5-10-2019-ൽ G.O.(Rt)No. 2193/2019/LSGD, 9-10-2019-ലെ G.O.(Rt) No.2211/ 2019/LSGD നമ്പർ ഉത്തരവുകൾ പ്രകാരം രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുള്ളതാണ്. ഇവർക്കു നൽകേണ്ട തുക അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഉണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഡി) 2016-ലെ കൺസ്ട്രക്ഷൻ ആന്റ് ഡിമോളിഷൻ വേസ്റ്റ് റൂൾസ്, പ്രകാരം ഒരു പ്രോജക്റ്റിനുവേണ്ടി ഒരു ദിവസം 20 ടൺ അല്ലെങ്കിൽ ഒരു മാസം 300 ടൺ വേസ്റ്റ് ഉണ്ടാക്കുന്ന ഏതൊരാളും ആ മാലിന്യങ്ങൾ കോൺക്രീറ്റ്, മണ്ണ്, സ്റ്റീൽ, തടി, പ്ലാസ്റ്റിക്ക്, ഇഷ്ടിക മോർട്ടാർ എന്നിവയായി തരം തിരിക്കേണ്ടതും ഇങ്ങനെ തരംതിരിച്ച മാലിന്യങ്ങൾ പൊളിക്കുന്ന സ്ഥലത്തോ അല്ലെങ്കിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഒരുക്കിയിട്ടുള്ള കളക്ഷൻ സെന്ററിലോ സൂക്ഷിക്കേണ്ടതും ആയത് പ്ലാനിൽ നിർദ്ദേശിച്ചിരുന്ന പ്രകാരം നിർമ്മാർജ്ജനം ചെയ്യേണ്ടതുമാണ്. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട നിയമങ്ങൾ പാലിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുവാൻ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ എറണാകുളം ജില്ലാ ഓഫീസിൽനിന്നും മരട് മുനിസിപ്പാലിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ കൺസ്ട്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കൺസ്ട്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് പരിപാലന ചട്ടങ്ങൾ 29-3-2016-ൽ (Construction and

Demolition Waste Management Rules, 2016) നിലവിൽ വന്നിട്ടുള്ളതും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ടെന്ന് മരട് മുനിസിപ്പാലിറ്റിയെ അറിയിച്ചിട്ടുള്ളതാണ്. ടി ചട്ടങ്ങളിൽ നഗരസഭ സ്വീകരിക്കേണ്ട ചുമതലകൾ ബോർഡ് അറിയിച്ചിട്ടുള്ളതാണ്. കൺസ്ട്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് റൂൾസ്, 2016-ൽ ചട്ടം 9 schedule 1 (1) എന്നിവ പ്രകാരം കൺസ്ട്രക്ഷൻ &ഡിമോളിഷൻ വേസ്റ്റ് സ്റ്റോറേജ് പ്രോസസ്സിംഗ് & റീ പ്രോസസ്സിംഗ് സൗകര്യങ്ങൾ എന്നിവയ്ക്കുള്ള സ്ഥലം ഏറ്റെടുക്കേണ്ടതാണെന്ന് ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്. കൂടാതെ കൺസ്ട്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട് ബോർഡ് തയ്യാറാക്കിയ വിശദമായ നോട്ട് തുടർ നടപടികൾക്കായി മരട് മുനിസിപ്പാലിറ്റിക്ക് നൽകിയിട്ടുണ്ട്. പരിസര മലിനീകരണവും പുഴ മലിനീകരണവും തടയുന്നതിനുവേണ്ടിയുള്ള തീരുമാന ങ്ങളെടുക്കുന്നതിനായി സംസ്ഥാന സർക്കാർ G.O.(Rt) No.2193/2019/LSGD dated 5-10-2019 & G.O.(Rt) No.2211/2019/LSGD dated 9-10-2019 പ്രകാരം രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ കമ്മിറ്റിയുടെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി നിർദ്ദിഷ്ട കെട്ടിട സമുച്ചയങ്ങൾ പൊളിക്കുന്നതിനുള്ള ഏജൻസികളുമായി കരാർ വെച്ചിട്ടുണ്ട്. പൊളിക്കുമ്പോഴുണ്ടാകുന്ന പൊടിപടലങ്ങളുടെ സാന്ദ്രത കുറയ്ക്കുന്നതിനും ഇൻഷ്വറൻസ് പരിരക്ഷ സംബന്ധമായ കാര്യങ്ങൾ ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഇ) ഇതുസംബന്ധിച്ച് ഏജൻസിയെ തെരഞ്ഞെടുത്തിട്ടില്ല.

## മരടിലെ ഫ്ലാറ്റുകളുടെ വില

218 (1711) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി പൊളിക്കുവാൻ ഉത്തരവിട്ട മരടിലെ എല്ലാ ഫ്ലാറ്റുകളുടെയും അസൽ ആധാരം പരിശോധിച്ച് ഉടമകൾ ഓരോ ഫ്ളാറ്റും എന്ത് വിലക്കാണ് വാങ്ങിയതെന്നത് സംബന്ധിച്ച റിപ്പോർട്ട് മരട് മുൻസിപ്പൽ സെക്രട്ടറി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ ഫ്ളാറ്റ് ഉടമയും എന്ത് വിലക്കാണ് ഫ്ളാറ്റ് രജിസ്റ്റർ ചെയ്തതെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ&ബി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവ് പൊളിച്ച് നീക്കം ചെയ്യുന്ന 4 ഫ്ലാറ്റ് സമുച്ചയങ്ങളിൽ നഗരസഭ ഡോർ നമ്പർ അനുവദിച്ചിട്ടുള്ള 343 നമ്പരുകളിൽ സ്ഥല പരിശോധന നടത്തി ഉറപ്പുവരുത്തിയ 325

ഫ്ലാറ്റുടമകളിൽനിന്നും നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടി 28-10-2019-ാം തീയതി വരെ 246 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചതിൽ 180 ഫ്ലാറ്റുടമകൾക്ക് നഷ്ടപരിഹാരം നൽകാൻ ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത 180 ഫ്ലാറ്റുകൾ രജിസ്റ്റർ ചെയ്തതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## അങ്കമാലി നഗരസഭ പാർക്ക്

219 (1712) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നഗരസഭ പാർക്ക് ഉദ്ഘാടനവുമായി ബന്ധപ്പെട്ട് പണം സ്വരൂപിക്കുന്നതിനുവേണ്ടി നഗരസഭ ചെയർപേഴ്സന്റെ പേരിൽ അങ്കമാലി ഗ്രാമീൺ ബാങ്കിന്റെ ശാഖയിൽ അക്കൗണ്ട് നിലവിലുണ്ടോ; ആയതിൽനിന്നും നഗരസഭ പാർക്ക് ഉദ്ഘാടനവുമായി ബന്ധപ്പെട്ട് ചെലവഴിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പാർക്ക് ഉദ്ഘാടനവുമായി ബന്ധപ്പെട്ട് നഗരസഭ തനത് ഫണ്ടിൽനിന്നും തുക അഡ്വാൻസായി എടുത്തിട്ടുണ്ടോ; എങ്കിൽ ഏത് ഉദ്യോഗസ്ഥന്റെ പേരിലാണ് അഡ്വാൻസ് അനുവദിച്ചത്; അതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(സി) പാർക്ക് ഉദ്ഘാടനവുമായി ബന്ധപ്പെട്ട് പണം സ്വരൂപിക്കുന്നത് ഏത് കൗൺസിൽ/സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനപ്രകാരമാണെന്ന് വ്യക്തമാക്കുന്നതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പാർക്ക് ഉദ്ഘാടനവുമായി ബന്ധപ്പെട്ടുള്ള വരവ് ചെലവ് കണക്കുകൾ കൗൺസിൽ മുമ്പാകെ വെച്ച് അംഗീകാരം നേടിയിട്ടുണ്ടോ; എങ്കിൽ തീയതി, തീരുമാനത്തിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഇല്ല

(ബി) ശ്രീ. ഡിൻസൺ ടി.ഡി. (ക്ലർക്ക്) യുടെ പേരിൽ നഗരസഭ പാർക്ക് ഉദ്ഘാടനവുമായി ബന്ധപ്പെട്ട് തനത് ഫണ്ടിൽനിന്നും 25,000 രൂപ അഡ്വാൻസായി എടുത്തിട്ടുള്ളതും ആയത് മുഴുവനായും ചെലവഴിച്ചിട്ടുള്ളതുമാണ്.

(സി) പാർക്ക് ഉദ്ഘാടന ചടങ്ങിലേയ്ക്കായി അനുവദിച്ച 25,000 രൂപയിൽ അധികമായി ചെലവായ തുക സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുന്നതിന് 8-8-2018-ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. 9-ാം നമ്പർ തീരുമാനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) വരവ്-ചെലവ് കണക്കുകൾ കൗൺസിൽ അംഗീകരിച്ചിട്ടില്ലാത്തതും പാർക്ക് ഉദ്ഘാടന ചടങ്ങിലേയ്ക്ക് ചെലവായ തുകയായ 43,000 രൂപ ധനകാര്യ കമ്മിറ്റിയിൽ വച്ച് അംഗീകരിച്ചിട്ടുള്ളതാണ്, ആയതിന്റെ പകർപ്പ് (സി) പിരിവിന് അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

**ചാലക്കുടി നഗരസഭയിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമി**

220 (1713) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം ചാലക്കുടി നഗരസഭയിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമി കേരള ഹൗസിംഗ് ബോർഡിന് കൈമാറുന്നത് സംബന്ധിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) നിലവിൽ ഭൂമി അനുവദിച്ചിരിക്കുന്ന ഹൗസിംഗ് ബോർഡ് അലോട്ടികൾക്ക് പ്രസ്തുത ഭൂമി കൈമാറി നൽകുന്നതിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ച് വരുന്നു.

**മധുരകമ്പനി പാലം നിർമ്മാണം**

221 (1714) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണ്ണിത്തുറ നിയോജക മണ്ഡലത്തിലെ ഇടക്കൊച്ചി വില്ലേജിൽ പഷ്ണിത്തോടിനു കുറുകെയുള്ള മധുരകമ്പനി പാലത്തിന്റെ നിർമ്മാണത്തിനായി നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും ഇരുന്നൂറ്റി എഴുപത്തിയെട്ട് ലക്ഷം രൂപയും എം.പി. ഫണ്ടിൽ നിന്നും അപ്രോച്ച് റോഡിനായി എൺപത് ലക്ഷം രൂപയും വകയിരുത്തിയിട്ടും പാലത്തിന്റെ അബട്ട്മെന്റ് പണിയുന്നതിനായുള്ള സ്ഥലം ഏറ്റെടുക്കാൻ നഗരസഭ കൗൺസിൽ തീരുമാനം എടുക്കുന്നതിൽ വരുത്തുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) സ്ഥലം ഏറ്റെടുക്കുന്നതിനായി നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; പ്രസ്തുത സ്ഥലം എന്നത്തേക്ക് ഏറ്റെടുക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കൊച്ചി നഗരസഭ പരിധിയിൽ പഷ്ണിത്തോടിനു കുറുകെയുള്ള പാലം നിർമ്മാണത്തിനായി പാലത്തിന്റെ അബട്ട്മെന്റ് സ്ഥാപിക്കുന്ന സ്ഥലം അർജൻസി

ക്ലോസിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത് നൽകുന്നതിനുള്ള നടപടികൾക്കായി എറണാകുളം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നു. എന്നാൽ 2013-ലെ "Right to Fair Compensation and Transparency in Land Acquisition Rehabilitation Re-settlement Act" നിയമ പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി വകുപ്പ് മേധാവികൾ മുഖേന റവന്യൂ (B) ഡിപ്പാർട്ടുമെന്റിൽനിന്നും ലഭ്യമാക്കിയതിനു ശേഷം മാത്രം റിക്വിസിഷൻ നടപടികൾ സ്വീകരിക്കേണ്ടതായുള്ളൂയെന്ന് എറണാകുളം ജില്ലാ കളക്ടർ നഗരസഭയെ അറിയിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ടി നിയമപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് നഗരസഭാ കൗൺസിലിന്റെ അനുവാദത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും ഉപതെരഞ്ഞെടുപ്പിന്റെ പെരുമാറ്റ ചട്ടം നിലനിന്നിരുന്നതിനാൽ 27-10-2019 വരെ നഗരസഭാ കൗൺസിൽ യോഗം ചേർന്നിരുന്നില്ല. 31-10-2019-ൽ ചേരുവാൻ ഉദ്ദേശിക്കുന്ന നഗരസഭാ കൗൺസിൽ യോഗത്തിൽ ടി വിഷയം പരിഗണിച്ച് ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് കൊച്ചി നഗരസഭ കൗൺസിലിന്റെ തീരുമാനത്തിനനുസരിച്ച് അടിയന്തര തുടർ നടപടി സ്വീകരിക്കുന്നതാണ്.

## വലപ്പാട് ഗ്രാമപഞ്ചായത്തിലെ ലക്ഷം വീട് പദ്ധതിയിലെ വീടുകൾ

222 (1715) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വലപ്പാട് ഗ്രാമപഞ്ചായത്തിലെ ലക്ഷം വീട് പദ്ധതിയിലെ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഡി.ബി.4/119/19- ാം നമ്പർ ഫയലിന്മേൽ അവസാനമായി എടുത്തത്എന്ത് തീരുമാനമാണെന്ന് വെളിപ്പെടുത്തുമോ; ഇതിന്റെ പകർപ്പുകൾ നൽകാമോ;

(സി) ഈ വിഷയത്തിൽ സർക്കാർ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) വലപ്പാട് ഗ്രാമപഞ്ചായത്തിലെ ലക്ഷം വീട് കോളനികൾ ഒറ്റ വീടാക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതി പഞ്ചായത്തിന്റെ 2019-20 വർഷത്തെ

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന വിവരം 14-8-2019-ലെ ഡി.ബി4/119/2019/തസ്വഭവ. നമ്പർ കത്ത് പ്രകാരം ബഹുമാനപ്പെട്ട എം.എൽ.എ.യെ അറിയിച്ചിരുന്നു. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## ചെല്ലാനം ഗ്രാമപഞ്ചായത്തിലെ സ്ഥലത്തിന്റെ സ്കെച്ച് നൽകാൻ നടപടി

223 (1716) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 23-7-2016-ലെ സ.ഉ. (സാധാ) നമ്പർ 1093/2016/പൊ.മ.വ. പ്രകാരം നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിലെ മാളികപറമ്പ് കൾവർട്ടിനും കൾവർട്ടിലേയ്ക്കുള്ള റോഡിനും ആവശ്യമായ സ്ഥലത്തിന്റെ സ്കെച്ച് ഉൾപ്പെടെയുള്ള വിവരങ്ങൾ നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് കത്ത് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കത്ത് എന്നാണ് നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധിച്ച വിവരങ്ങൾ പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്നാണ് ലഭ്യമാക്കിയതെന്നും ആയതിന്റെ വിശദാംശങ്ങളും ഇതുസംബന്ധിച്ച കത്തിന്റെ പകർപ്പും ലഭ്യമാക്കാമോ;

(ഇ) ഇല്ലെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കാമോ; പ്രസ്തുത വിശദാംശങ്ങൾ എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 14-2-2018, 18-6-2018 തീയതികളിലെ പൊതുമരാമത്ത് വകുപ്പിന്റെ കത്ത് ചെല്ലാനം ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.

(സി-ഇ) ഉണ്ട്. 23-2-2018-ൽ പൊതുമരാമത്ത് വകുപ്പിൽനിന്നും M-11/15-16 നമ്പർ ആയി ലഭിച്ച കത്തിൽ കൾവർട്ടിന് ആവശ്യമായ റോഡും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തോടും സ്കെച്ച് സഹിതം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചെല്ലാനം വില്ലേജ് ആഫീസർ നൽകിയ ലൊക്കേഷൻ സ്കെച്ച് 1-6-2018-ലെ എ 1/1462/17 നമ്പർ കത്ത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് റോഡ് സെക്ഷൻ, മട്ടാഞ്ചേരിക്ക് നൽകിയിട്ടുള്ളതാണ്. കത്തിന്റെ പകർപ്പ് അനുബന്ധം ആയി* ചേർക്കുന്നു.

എന്നാൽ 18-6-2018-ൽ M-11/15-16 പ്രകാരം കൾവെർട്ട് പണിയുന്നതിന് തോടിന്റെ വീതി, റോഡിന്റെ വീതി കൾവർട്ടിൽനിന്നും ഇരുവശങ്ങളിലേയ്ക്കും ഗതാഗതത്തിനാവശ്യമായ വീതി എന്നിവ രേഖപ്പെടുത്തിയ സ്കെച്ച് സഹിതം പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിന് മട്ടാഞ്ചേരി പൊതുമരാമത്ത് വകുപ്പ് റോഡ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ കത്ത് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ മേൽ സ്കെച്ച് തയ്യാറാക്കി ചെല്ലാനം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ 30-10-2019-ന് പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധം* ആയി ചേർക്കുന്നു.

## എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ ഭൂമി കൈമാറ്റം

224 (1717) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടച്ചേരി ഗ്രാമപഞ്ചായത്ത് രജിസ്ട്രേഷൻ വകുപ്പിന് കെട്ടിട നിർമ്മാണത്തിനായി നൽകാൻ തീരുമാനിച്ച ഭൂമിയുടെ കൈമാറ്റം സംബന്ധിച്ച് നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) ഭൂമി കൈമാറ്റം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) ഭൂമി കൈമാറ്റം ദ്രുതഗതിയിലാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ-സി) എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ ഭൂമി രജിസ്ട്രേഷൻ വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആലത്തൂർ മണ്ഡലത്തിലെ പഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി വിഹിതം

225 (1718) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ ഏഴ് ഗ്രാമപഞ്ചായത്തുകൾക്ക് 2018-19-ൽ പദ്ധതി വിഹിതമായി അനുവദിച്ച തുക എത്രയെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ;

(ബി) ഓരോ പഞ്ചായത്തും ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏഴ് ഗ്രാമപഞ്ചായത്തുകൾക്ക് 2018-19-ൽ പദ്ധതി വിഹിതമായി അനുവദിച്ച തുക ചുവടെ ചേർക്കുന്നു. (തുക ലക്ഷത്തിൽ)

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | അനുവദിച്ച തുക |
|---|---|---|
| 1. | ആലത്തൂർ | 318.16 |
| 2. | എരിമയൂർ | 488.49 |
| 3. | കിഴക്കഞ്ചേരി | 580.12 |
| 4 | കുഴൽമന്ദം | 403.80 |
| 5. | മേലാർക്കോട് | 360.91 |
| 6. | തേങ്കുറിശ്ശി | 480.97 |
| 7. | വണ്ടാഴി | 398.04 |

(ബി) ഓരോ ഗ്രാമപഞ്ചായത്തും ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു. (തുക ലക്ഷത്തിൽ)

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | ചെലവഴിച്ച തുക |
|---|---|---|
| 1. | ആലത്തൂർ | 317.65 |
| 2. | എരിമയൂർ | 428.81 |
| 3. | കിഴക്കഞ്ചേരി | 578.58 |
| 4 | കുഴൽമന്ദം | 402.19 |
| 5. | മേലാർക്കോട് | 331.17 |
| 6. | തേങ്കുറിശ്ശി | 468.54 |
| 7. | വണ്ടാഴി | 327.41 |

## ആലത്തൂർ മണ്ഡലത്തിൽ പുതിയ ഗ്രാമപഞ്ചായത്ത്

226 (1719) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിന്റെ പരിധിയ്ക്കുള്ളിൽ പുതിയ ഗ്രാമ പഞ്ചായത്ത് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന ഗ്രാമ പഞ്ചായത്തിന്റെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) കേരളത്തിൽ രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമ പഞ്ചായത്തുകളുടെയും അതിർത്തി പുനർ നിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യതാ പട്ടിക, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു.

## ചാരുംമൂട് ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള നടപടികൾ

227 (1720) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ചാരുംമൂട് ഗ്രാമപഞ്ചായത്ത് രൂപീകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പുതുതായി രൂപീകരിക്കുന്ന പഞ്ചായത്തിന്റെ രൂപരേഖയും ഇതിൽ ഏതെല്ലാം പഞ്ചായത്തുകളിലെ ഏതെല്ലാം വാർഡുകൾ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ&ബി) കേരളത്തിൽ രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമ പഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യതാ പട്ടിക, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു.

## പട്ടപറമ്പ് പട്ടികജാതി കോളനിയിലേയ്ക്ക് സഞ്ചാരയോഗ്യമായ റോഡ്

228 (1721) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം

ഗ്രാമപഞ്ചായത്തിൽപ്പെടുന്ന പട്ടപറമ്പ് പട്ടികജാതി കോളനി നിവാസികൾ നൽകിയ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) പട്ടപറമ്പ് പട്ടികജാതി കോളനിയിലേയ്ക്ക് പോകുന്നതിന് സഞ്ചാരയോഗ്യമായ റോഡ് ഇല്ലാത്തതിനാൽ കോളനിയ്ക്ക് സമീപത്തുകൂടി ഒഴുകുന്ന തോട് നിലനിർത്തികൊണ്ട് സ്ലാബ് നിർമ്മിക്കണമെന്ന നിവേദനത്തിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽപ്പെടുന്ന പട്ടപറമ്പ് പട്ടികജാതി കോളനി നിവാസികൾ നിവേദനം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട കോട്ടയ്ക്കൽ എം.എൽ.എ. മുഖാന്തരം ഇരിമ്പിളിയം പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച കത്ത് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ അനുബന്ധ രേഖകൾ സഹിതം പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കള്ളിക്കാട് ഗ്രാമപഞ്ചായത്ത് ടൗൺ ഹാൾ നിർമ്മാണം**

229 (1722) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളിക്കാട് ഗ്രാമ പഞ്ചായത്ത് ടൗൺഹാൾ നിർമ്മിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ പ്രവൃത്തി ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി. പി. ആർ. തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രസ്തുത പ്രവൃത്തി എന്നേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) കള്ളിക്കാട് ഗ്രാമപഞ്ചായത്ത് ടൗൺഹാൾ നിർമ്മിക്കുന്ന പ്രവൃത്തിയുടെ ഡി.പി.ആർ. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

## മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന് കെട്ടിടം

230 (1723) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;

(ബി) കെട്ടിട നിർമ്മാണത്തിനായി ഭൂമി കൈമാറ്റം ചെയ്ത് ലഭ്യമായിട്ടുണ്ടോ;

(സി) കെട്ടിടനിർമ്മാണത്തിനായി വകയിരുത്തിയിട്ടുള്ള ഫണ്ട് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) കെട്ടിടനിർമ്മാണം വേഗത്തിൽ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള വടക്കാങ്ങര വില്ലേജിലെ 20 സെന്റ് ഭൂമി റവന്യൂവകുപ്പിന്റെ അനുമതിയോടുകൂടി വിലയ്ക്ക് വാങ്ങി റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. റവന്യൂ വകുപ്പിൽനിന്ന് ഗ്രാമപഞ്ചായത്തിന് ടി സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്.

(സി) മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി ബഹുമാനപ്പെട്ട മങ്കട നിയോജകമണ്ഡലം എം.എൽ. എ. ശ്രീ ടി. എ. അഹമ്മദ് കബീർ അവറുകളുടെ ആസ്തി വികസന പദ്ധതിയിൽനിന്നും ലഭ്യമായ 50 ലക്ഷം രൂപയും പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇനത്തിൽ ലഭ്യമായ തുകയിൽ മെയിന്റനൻസ് പ്രവൃത്തികൾക്കായി മാറ്റി വച്ചതിനുശേഷം ബാക്കി വന്ന 45,19,520 രൂപയും ഉൾപ്പെടെ ആകെ 95,19,520 രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ഡി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണം വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## മങ്ങാട്ടുപുലം-ഹാജിയാർപള്ളി തൂക്കുപാലം പുനഃസ്ഥാപിക്കുന്നതിന് നടപടി

231 (1724) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിയിൽ നിർമ്മിച്ച സംസ്ഥാനത്തെ ആദ്യത്തെ തൂക്കുപാലമായ മലപ്പുറം മണ്ഡലത്തിലെ മങ്ങാട്ടുപുലം-ഹാജിയാർപള്ളി തൂക്കുപാലം കഴിഞ്ഞ പ്രളയത്തിൽ തകർന്ന് ഒലിച്ചുപ്പോയ കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം നഗരസഭയിലെയും കോഡൂർ പഞ്ചായത്തിലെയും ഇതുവഴി കടന്നുപോകുന്ന ജനങ്ങളുൾപ്പെടെയുള്ളവരുടെ പ്രയാസങ്ങൾ കണക്കിലെടുത്ത് തൂക്കുപാലം പുനഃസ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കോഡൂർ പഞ്ചായത്തിലെ മങ്ങാട്ടുപുലം പ്രദേശവും മലപ്പുറം നഗരസഭയിലെ ഹാജിയാർപള്ളി ഭാഗത്തെയും ബന്ധിപ്പിക്കുന്ന കടലുണ്ടിപ്പുഴയ്ക്ക് കുറുകെ 120 മീറ്റർ നീളവും 1.20 മീറ്റർ വീതിയുമുള്ള തൂക്കുപാലം 2019 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ പൂർണ്ണമായും തകരുകയുണ്ടായി. മങ്ങാട്ടുപുലം-ഹാജിയാർപള്ളി തൂക്കുപാലം പുനർനിർമ്മാണത്തിനാവശ്യമായ ഭാരിച്ച ചെലവ് ഏറ്റെടുക്കാൻ പഞ്ചായത്തിന് നിർവ്വാഹമില്ലാത്തതിനാൽ പുഴയിൽ വീണു കിടക്കുന്ന തൂക്കുപാലത്തിന്റെ ഭാഗങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് അഴിച്ചു മാറ്റുന്നതിനും DPR തയ്യാറാക്കി തൂക്കുപാലം പുനർനിർമ്മിക്കുന്നതിന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യണമെന്നുള്ള പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ചുവരുന്നു.

## കായംകുളത്ത് തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പാക്കുന്ന ആസ്തി വികസന ഫണ്ട് പദ്ധതികൾ

232 (1725) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ലി മണ്ഡലത്തിൽ എം.എൽ.എ.യുടെ മണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്ന 2017-18, 2018-19 വർഷത്തെ പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

കായംകുളം അസംബ്ലി മണ്ഡലത്തിൽ എം.എൽ.എ.യുടെ മണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്ന 2017-18, 2018-19 വർഷത്തെ പദ്ധതികളുടെ പുരോഗതി വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ശാസ്താംപാറയിൽ പ്രവേശന പാസ്സ് ഏർപ്പെടുത്തൽ**

233 (1726) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ടൂറിസം കേന്ദ്രമായ തിരുവനന്തപുരത്തെ ശാസ്താംപാറയിൽ ഓണം വാരാഘോഷത്തോടനുബന്ധിച്ച് പ്രവേശന പാസ്സ് ഏർപ്പെടുത്തിയിരുന്നോ; എങ്കിൽ എത്ര രൂപയായിരുന്നു ആളൊന്നിന് ഈടാക്കിയിരുന്നത്;

(ബി) ഇപ്രകാരം പ്രവേശന പാസ്സ് ഏർപ്പെടുത്തിയത് ആരുടെ നിർദ്ദേശപ്രകാരമായിരുന്നു; പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ അനുമതി ഇക്കാര്യത്തിന് ലഭിച്ചിരുന്നുവോ;

(സി) സർക്കാർ മുദ്ര പതിപ്പിച്ച പ്രവേശന പാസ്സ് അനധികൃതമായി നൽകി ലക്ഷങ്ങൾ പിരിച്ച സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയോ; എങ്കിൽ കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഏർപ്പെടുത്തിയിരുന്നു. ആളൊന്നിന് 10 രൂപ നിരക്കിലാണ് പ്രവേശന പാസ് ഏർപ്പെടുത്തിയത്.

(ബി) ശാസ്താംപാറ ഓണം വാരാഘോഷം മുൻവർഷങ്ങളിലെപ്പോലെ സംഘാടക സമിതിയുടെ നേതൃത്വത്തിൽ നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് ജനറൽ കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശാസ്താംപാറ ഓണാഘോഷക്കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് പാസ് ഏർപ്പെടുത്തിയത്. പാസ് ഏർപ്പെടുത്തുന്നതിന് പഞ്ചായത്ത് ജനറൽ കമ്മിറ്റി തീരുമാനമെടുത്തില്ല.

(സി) വിളപ്പിൽ ഗ്രാമപഞ്ചായത്ത് ശാസ്താംപാറ ടൂറിസം വാരാഘോഷത്തോടനുബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ പേരിൽ വ്യാജകൂപ്പണുകൾ അടിച്ച് വിതരണം നടത്തി പണപ്പിരിവ് നടത്തിയതായി ഒരു പരാതി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പഞ്ചായത്തിൽ ലഭിച്ചിരുന്നു. ടി പരാതി പഞ്ചായത്ത് ഭരണസമിതി ചർച്ച ചെയ്യുകയും തുടർന്ന് ടി പരാതിയുടെ നിജസ്ഥിതി ബോധ്യപ്പെടുന്നതിനായി പഞ്ചായത്ത് ഭരണസമിതിയിലെ തെരഞ്ഞെടുത്ത അംഗങ്ങളെ ഉൾപ്പെടുത്തി സബ് കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തി 30 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ നിശ്ചിത സമയത്തിനകം സബ്കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കാത്ത സാഹചര്യത്തിൽ പരാതിയിന്മേൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രസ്തുത പരാതി 30-10-2019-ന് വിളപ്പിൽശാല പോലീസ് സബ് ഇൻസ്പെക്ടർക്ക് കൈമാറിയിട്ടുണ്ട്.

## റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി

234 (1727) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ആരൊക്കെയാണ് പ്രസ്തുത അതോറിറ്റിയിലെ ചെയർമാനും അംഗങ്ങളുമെന്ന് അറിയിക്കുമോ;

(സി) റിയൽ എസ്റ്റേറ്റ് അതോറിറ്റി നിയമപ്രകാരം അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് സർക്കാർ സെലക്ഷൻ കമ്മിറ്റിയെ നിശ്ചയിച്ചിരുന്നോ; ആരൊക്കെയായിരുന്നു പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സെലക്ഷൻ കമ്മിറ്റി സെർച്ച് കമ്മിറ്റിയെ നിയോഗിച്ച് അപേക്ഷകരുടെ യോഗ്യത വിലയിരുത്തി പട്ടിക സെലക്ഷൻ കമ്മിറ്റിക്ക് കൈമാറിയിരുന്നോ;

(ഇ) ഇല്ലെങ്കിൽ ഈ ചട്ടം ലംഘിച്ച് അംഗങ്ങളെ തെരഞ്ഞെടുത്തത് ഏത് സാഹചര്യത്തിലായിരുന്നു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രസ്തുത അതോറിറ്റിയിൽ താഴെപ്പറയുന്നവരെ ചെയർമാനും അംഗങ്ങളുമായി തെരഞ്ഞെടുത്തിട്ടുണ്ട്.

1. ശ്രീ. പി. എച്ച്. കുര്യൻ- ചെയർമാൻ
2. ശ്രീമതി പ്രീത പി. മേനോൻ - മെമ്പർ
3. ശ്രീ. മാത്യു ഫ്രാൻസിസ് സി. - മെമ്പർ

(സി) നിശ്ചയിച്ചിരുന്നു. പ്രസ്തുത സെലക്ഷൻ കമ്മിറ്റിയിൽ താഴെപ്പറയുന്നവർ അംഗങ്ങളായിരുന്നു.

1. ജസ്റ്റിസ് ശ്രീ. പി. ആർ. രാമചന്ദ്ര മേനോൻ - ചെയർമാൻ (ചീഫ് ജസ്റ്റിസിന്റെ നോമിനി)

2. ഹൗസിംഗ് സെക്രട്ടറി - മെമ്പർ

3. സെക്രട്ടറി, നിയമ വകുപ്പ്- മെമ്പർ

(ഡി&ഇ) 2016-ലെ കേന്ദ്ര നിയമമായ ദി റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ & ഡെവലപ്മെന്റ്) ആക്ട് (Central Act 16 of 2016)-ലെ സെക്ഷൻ 22 പ്രകാരമാണ് റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി ചെയർമാനെയും മെമ്പർമാരെയും തെരഞ്ഞെടുക്കേണ്ടത്. ടി ആക്ടിൽ 'സെർച്ച് കമ്മിറ്റി'യെ നിയോഗിച്ച് അപേക്ഷകരുടെ യോഗ്യത വിലയിരുത്തി പട്ടിക സെലക്ഷൻ കമ്മിറ്റിക്ക് കൈമാറണമെന്ന് അനുശാസിക്കുന്നില്ല. പ്രസ്തുത കേന്ദ്ര നിയമ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള കേരള റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ ആന്റ് ഡെവലപ്മെന്റ്) റൂൾസ് 2018-ലെ ചട്ടം 20(3)-ൽ ആവശ്യമുണ്ടെങ്കിൽ ഒരു സെർച്ച് കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് പരാമർശിക്കുന്നുണ്ടെങ്കിലും ഇപ്രകാരം സെർച്ച് കമ്മിറ്റി രൂപീകരിച്ചു മാത്രമേ സെലക്ഷൻ കമ്മിറ്റി സെലക്ഷൻ പ്രോസസ് നടത്താവൂ എന്ന് നിഷ്കർഷിക്കുന്നില്ല. മാത്രമല്ല പരിമിതമായ അപേക്ഷകൾ (24 എണ്ണം) മാത്രമേ ലഭിച്ചിരുന്നുള്ളൂ. ഈ സാഹചര്യത്തിൽ സെർച്ച് കമ്മിറ്റിയെ നിയോഗിക്കേണ്ടതില്ല എന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ നോമിനി അദ്ധ്യക്ഷനായ സെലക്ഷൻ കമ്മിറ്റി തീരുമാനിക്കുകയും എല്ലാ അപേക്ഷകർക്കും ഇന്റർവ്യൂവിന് ഹാജരാകുവാൻ അറിയിപ്പ് നൽകുകയുമാണ് ഉണ്ടായത്. അതിനാൽ ഇക്കാര്യത്തിൽ യാതൊരു ചട്ടലംഘനവും ഉണ്ടായിട്ടില്ല.

## തിരുവനന്തപുരം നഗരസഭയ്ക്ക് അവാർഡ്

235 (1728) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയ്ക്ക് അന്താരാഷ്ട്ര പരിസ്ഥിതി സംഘടനയായ ജി.എ.ഐ.എ. യുടെ മികച്ച മാലിന്യ പരിപാലന അവാർഡ് ലഭിച്ചിട്ടുണ്ടോ; ഏതൊക്കെ പ്രവർത്തനങ്ങളുടെ പേരിലാണ് നഗരസഭയ്ക്ക് ഈ അവാർഡ് ലഭിച്ചതെന്ന് വെളിപ്പെടുത്താമോ ;

(ബി) കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്താത്തതിനാൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തിരുവനന്തപുരം നഗരസഭയ്ക്ക് 14.15 കോടി രൂപ പിഴ ഇട്ട സാഹചര്യത്തിൽ മേൽപ്പറഞ്ഞ അവാർഡ് സ്വീകരിച്ചത് നീതീകരിക്കത്തക്കതാണോയെന്ന വസ്തുത പരിശോധിക്കുമോ;

(സി) പ്രസ്തുത അവാർഡ് സ്വീകരിക്കുവാൻ തിരുവനന്തപുരം നഗരസഭ ആരെയാണ് ചുമതലപ്പെടുത്തിയതെന്നും ഇതിനായി നഗരസഭ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ ബ്രാന്റ് ഓഡിറ്റിംഗ്, സമുദ്രതീരത്തെ പ്ലാസ്റ്റിക്ക് മാലിന്യങ്ങളെക്കുറിച്ചുള്ള പഠനം, സ്കൂളുകളിലെ സീറോ വേസ്റ്റ് പ്രവർത്തനങ്ങൾ, ഗ്രീൻപ്രോട്ടോക്കോൾ, ഉറവിട വികേന്ദ്രീകൃത മാലിന്യ സംസ്കരണം എന്നീ പ്രവർത്തനങ്ങളെ മുൻനിർത്തിയാണ് അവാർഡ് ലഭിച്ചിട്ടുള്ളത്.

(ബി) മലിനീകരണ നിയന്ത്രണ ബോർഡ് തിരുവനന്തപുരം നഗരസഭയ്ക്ക് പിഴ ചുമത്തിയിട്ടില്ല. കാരണം കാണിക്കൽ നോട്ടീസാണ് നൽകിയിട്ടുള്ളത്.

(സി) ശ്രീ. കെ. ശ്രീകുമാർ, ചെയർമാൻ, ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി, ഇതിലേയ്ക്ക് നഗരസഭയ്ക്ക് തുകയൊന്നും ചെലവായിട്ടില്ല.

**ഗ്രാമപഞ്ചായത്തുകൾ**

236 (1729) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എറണാകുളം ജില്ലയിൽ രൂപീകരിക്കുവാൻ പരിഗണിക്കപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കേരളത്തിൽ രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമ പഞ്ചായത്തുകളുടെയും അതിർത്തി പുനർ നിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യതാ പട്ടിക, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു.

**ഗ്രാമപഞ്ചായത്തുകളുടെ വിഭജനം**

237 (1730) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലെ വാർഡുകൾ സമീപ നഗരസഭകളോട് ചേർക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) തഴവ ഗ്രാമപഞ്ചായത്ത് വിഭജിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദീകരിക്കാമോ?

ഉത്തരം

(എ-സി) കേരളത്തിൽ രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമ പഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യതാ പട്ടിക, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു.

## 2020-ൽ നടക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ്

238 (1731) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ൽ നടക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) വാർഡ് വിഭജനം, പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിക്കൽ എന്നിവയ്ക്കുള്ള വാർഡ് ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2020-ൽ നടക്കാനിരിക്കുന്ന പൊതുതെരഞ്ഞെടുപ്പിന് മുന്നോടിയായി റിട്ടേണിംഗ് ഓഫീസർ, അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർ, പ്രിസൈഡിംഗ് ഓഫീസർ എന്നിവർ ഉപയോഗിക്കുന്ന നോൺ സ്റ്റാറ്റ്യൂട്ടറി ഫാറങ്ങൾ പരിഷ്കരിക്കുന്നതിനും സ്റ്റാറ്റ്യൂട്ടറി, നോൺ സ്റ്റാറ്റ്യൂട്ടറി ഫാറങ്ങൾ പുസ്തകരൂപത്തിൽ ആക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. കൂടാതെ റിട്ടേണിംഗ് ഓഫീസർ, അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർ, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ, അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ, പ്രിസൈഡിംഗ് ഓഫീസർ എന്നിവർക്കുള്ള കൈപ്പുസ്തകങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടിയും പുരോഗമിച്ചുവരുന്നു. പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പരിശീലന പരിപാടികൾ നടത്തുന്നതിന്റെ മേൽനോട്ടത്തിനായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് സംസ്ഥാനതല പരിശീലന

വിഭാഗത്തിന് രൂപം നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തെരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർ പട്ടിക പരിഷ്കരിക്കുന്ന വിഷയത്തിൽ ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ, അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ എന്നിവർക്ക് പരിശീലനം നൽകുന്നതിനുവേണ്ടി മാസ്റ്റർ ട്രെയിനർമാർക്ക് സമഗ്രമായ ഒന്നാംഘട്ട പരിശീലനം നൽകിയിട്ടുണ്ട്.

(ബി&സി) പുതിയ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായും പഞ്ചായത്ത് ഡയറക്ടർ കൺവീനറായും ഒരു അഞ്ചംഗ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതിയുടെ ശിപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമപഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യതാ പട്ടിക, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു. ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

**ഗ്രാമവികസന വകുപ്പിലെ തസ്തികകൾ**

239 (1732) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലെ ഏതെങ്കിലും തസ്തികകളുടെ ആവശ്യകത പഠിക്കുന്നതിനായി സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടിയുടെ സാഹചര്യമെന്താണെന്ന് അറിയിക്കുമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമ വികസന വകുപ്പിലെ ഏതെങ്കിലും തസ്തികകൾ അവശ്യമില്ലെന്നു കണ്ടെത്തി അവ ഇല്ലാതാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പിൽ തസ്തികകളുടെ ആവശ്യകത പഠിക്കുന്നതിനായി സമിതികൾ യാതൊന്നുംതന്നെ രൂപീകരിച്ചിട്ടില്ല.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമവികസന വകുപ്പിൽ തസ്തികകളൊന്നുംതന്നെ ഇല്ലാതാക്കിയിട്ടില്ല.

## വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പരിശീലന സിലബസ് പരിഷ്കരണം

240 (1733) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാരുടെ പരിശീലന സിലബസ് അവസാനമായി പരിഷ്കരിച്ചത് എന്നാണെന്ന് അറിയിക്കുമോ; ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സിലബസ് പരിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പരിശീലന സിലബസ് അവസാനമായി പരിഷ്കരിച്ചത് 23-5-2009-ലാണ്. ഉത്തരവിന്റെ പകർപ്പ്* ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(ബി) സിലബസ് പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

## സ്മാർട്ട് സിറ്റി പദ്ധതി

241 (1734) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതി പ്രകാരം തിരുവനന്തപുരം നഗരത്തിന് എത്ര കോടി രൂപയുടെ പദ്ധതിയാണ് അനുവദിച്ചു കിട്ടിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര കോടി രൂപയുടെ എത്ര പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എത്ര പദ്ധതികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്; പൂർത്തീകരിച്ച പദ്ധതികളുടെയും നിർവ്വഹണം ആരംഭിച്ചിട്ടുള്ള പദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) നാളിതുവരെ എത്ര തുക ഇപ്രകാരം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആകെ 1538.19 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 512.11 കോടി രൂപയുടെ 24 പ്രോജക്ടുകൾക്കാണ് ഭരണാനുമതി ലഭിച്ചത്. വിശദ വിവരങ്ങൾ അനുബന്ധം*ആയി ചേർക്കുന്നു.

(സി) 11.62 കോടി രൂപയുടെ 8 പ്രോജക്ടുകൾ ടെണ്ടർ ചെയ്തു. വിശദ വിവരങ്ങൾ അനുബന്ധം* ആയി ചേർക്കുന്നു.

(ഡി) നാളിതുവരെ ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിശദ വിവരം | ഫണ്ട് വിനിയോഗിച്ചത് (കോടി) |
|---|---|---|
| 1 | പ്രോജക്ട് ഫണ്ട് | 0.0192 |
| 2 | ഭരണ വിനിയോഗ തുക | 8.50 |
| | ആകെ | 8.5192 |

**കോളേജുകളിലെ എൻ.സി.സി. യൂണിറ്റുകൾ**

242 (1735) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ കോളേജുകളിൽ എൻ.സി.സി. യുടെ യൂണിറ്റുകൾ ഉണ്ട്; വിശദമാക്കാമോ;

(ബി) നേവൽ എൻ.സി.സി. യുടെ യൂണിറ്റുകൾ മാത്രം ഉള്ള കോളേജുകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) എൻ.സി.സി. യിൽ ചേരുന്ന കോളേജ് വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ഗ്രേസ് മാർക്കുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എൻ.സി.സി. യൂണിറ്റുകൾ പ്രവർത്തിക്കുന്ന കോളേജുകളുടെ ലിസ്റ്റ് അനുബന്ധം *ആയി ചേർക്കുന്നു.

(ബി) നേവൽ എൻ.സി.സി.യുടെ യൂണിറ്റുകൾ മാത്രം പ്രവർത്തിക്കുന്ന കോളേജുകളുടെ ലിസ്റ്റ് അനുബന്ധം * ആയി ചേർക്കുന്നു.

(സി) എൻ.സി.സി.യിൽ ചേരുന്ന കോളേജ് വിദ്യാർത്ഥികൾക്ക് അവർ പങ്കെടുക്കുന്ന വിവിധ ക്യാമ്പുകൾക്കനുസൃതമായി വിവിധ നിരക്കിൽ ഗ്രേസ് മാർക്ക് സർവ്വകലാശാലകൾ നൽകി വരുന്നു. വിശദമായ വിവരം അനുബന്ധം * ആയി ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇ-വിജ്ഞാന സേവനകേന്ദ്രങ്ങൾ

243 (1736) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ലൈബ്രറി കൗൺസിൽ അംഗ ഗ്രന്ഥശാലകൾ വഴി നടപ്പിലാക്കി വരുന്ന ഇ-വിജ്ഞാന സേവനകേന്ദ്രങ്ങളിൽ അക്ഷയ സെന്റർ വഴി നടപ്പിലാക്കുന്ന സേവനങ്ങൾ കൂടി ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

നിലവിൽ പരിഗണനയിലില്ല.

## എ.ഐ.സി.റ്റി.ഇ. അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണം

244 (1737) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ.ഐ.സി.റ്റി.ഇ.യുടെ കീഴിലുള്ള അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണത്തിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇല്ലായെങ്കിൽ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) അടിയന്തിരമായി എ.ഐ.സി.റ്റി.ഇ. ശമ്പള പരിഷ്കരണം സംസ്ഥാനത്ത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക് കോളേജുകളിലെയും അദ്ധ്യാപകർക്കുവേണ്ടി 1-3-2019-ലെ നോട്ടിഫിക്കേഷൻ പ്രകാരം 'AICTE Regulation on Pay scales, Service conditions and Minimum qualification- (Degree/Diploma) Regulation 2019' എ.ഐ.സി.ടി.ഇ. പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ എ.ഐ.സി.ടി.ഇ.-യുടെ കീഴിലുള്ള അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) എ.ഐ.സി.ടി.ഇ.-യുടെ കീഴിലുള്ള അദ്ധ്യാപകരുടെ ശമ്പളം പരിഷ്കരിച്ചുകൊണ്ടുള്ള 1-3-2019-ലെ നോട്ടിഫിക്കേഷൻ പ്രകാരം എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടെ 1-1-2016 മുതൽ 31-3-2019 വരെയുള്ള ശമ്പള

കുടിശ്ശികയുടെ അൻപത് ശതമാനം തുക കേന്ദ്ര സർക്കാർ നൽകുന്നതാണ്. പോളിടെക്ക്നിക് അദ്ധ്യാപകരുടെ ശമ്പള കുടിശ്ശിക പൂർണ്ണമായും നൽകുന്നത് സംസ്ഥാന സർക്കാരാണ്. എ.ഐ.സി.ടി.ഇ.യുടെ കീഴിലുള്ള എല്ലാ അദ്ധ്യാപകരുടെയും (സർവ്വീസിലുള്ളവരുടെയും 2016-നും 2019-നും ഇടയ്ക്ക് വിരമിച്ചവരുടെയും) ശമ്പള കുടിശ്ശിക കണക്കാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

(സി) ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## കേരള ശാസ്ത്രസാങ്കേതിക മ്യൂസിയം

245 (1738) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്രസാങ്കേതിക മ്യൂസിയത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ കെടുകാര്യസ്ഥതയുടെയും സർക്കാർ ഗ്രാന്റ് ദുരുപയോഗത്തിന്റെയും പരാതിയെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) കെട്ടിടനിർമ്മാണത്തിനും അടിസ്ഥാനസൗകര്യവികസനത്തിനും വിദേശനിർമ്മിത ഉപകരണങ്ങൾ വാങ്ങുന്നതിനും സർക്കാർ ഗ്രാന്റ് ദുരുപയോഗം ചെയ്യുന്നുണ്ടോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 19-8-1981-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1698/81/ഉ.വി.വ. മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ & റൂൾസ് ആക്ട് റഗുലേഷൻസ് പ്രകാരം കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ചെയ്തുവരുന്നു.

1. പൊതുജനങ്ങളിലേയ്ക്ക് ശാസ്ത്രാവബോധം വളർത്തുന്നതിനുള്ള ഉത്തമമാർഗ്ഗമായി പ്രവർത്തിക്കുന്നു.

2. ശാസ്ത്ര സാങ്കേതികമായ വളർച്ച കാലാകാലങ്ങളിൽ പൊതുജനങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നു.

3. കേരളത്തിന്റെ പ്രകൃതിയും അതിന്റെ ഗുണങ്ങളും അതുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ പുരോഗതിക്കുവേണ്ടി ഗവേഷണം നടത്തുന്നു.

4. ശാസ്ത്രവുമായി ബന്ധപ്പെട്ട പുതിയ കാര്യങ്ങൾ നിർമ്മിക്കാനുള്ള കഴിവ് വർദ്ധിപ്പിക്കാൻ യുവജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കികൊടുക്കുന്നു.

5. ശാസ്ത്രവുമായി ബന്ധപ്പെട്ട് വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കുന്ന ശാസ്ത്ര പ്രദർശനങ്ങളും ശാസ്ത്ര സിനിമാ പ്രദർശനങ്ങളും പ്രത്യേക പരിശീലന പരിപാടികളും ഗ്രാമപ്രദേശങ്ങളിൽ ലഭ്യമാക്കുന്നു.

6. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ശാസ്ത്ര കേന്ദ്രങ്ങൾ സ്ഥാപിച്ച് മ്യൂസിയത്തിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുക.

7. Lecture, Seminar, ശാസ്ത്രമേളകൾ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും സംഘടിപ്പിക്കുകയും അർഹതപ്പെട്ട വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്കോളർഷിപ്പ്/പ്രൈസ് നൽകുകയും ചെയ്യുന്നു.

8. ശാസ്ത്ര സാങ്കേതിക ചരിത്രത്തെക്കുറിച്ച് ഗവേഷണം നടത്തുന്നു.

9. താല്ക്കാലിക ശാസ്ത്ര പ്രദർശനങ്ങൾ മ്യൂസിയത്തിലും കേരളത്തിന്റെ വിവിധ ഭാഗങ്ങളിലും സംഘടിപ്പിക്കുന്നു.

10. ശാസ്ത്ര വിവരണ ക്ലാസ്സുകൾ സ്കൂളുകളിൽ സംഘടിപ്പിക്കുന്നതിന് താല്ക്കാലികതലത്തിൽ ശാസ്ത്ര ഉപകരണങ്ങൾ നൽകി സംഘടിപ്പിക്കുന്നു.

11. മ്യൂസിയത്തിലെ സന്ദർശകർക്ക് ആസ്ട്രോണമിയിലും ബഹിരാകാശ ശാസ്ത്രത്തെക്കുറിച്ചും ദൃശ്യപഠനത്തിനുവേണ്ടി മ്യൂസിയത്തിൽ ഒരു പ്ലാനറ്റേറിയവും വാനനിരീക്ഷണ കേന്ദ്രവും പ്രവർത്തിപ്പിക്കുന്നുണ്ട്.

12. ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ പരിസരം ശാസ്ത്ര പൂന്തോട്ടവും ശാസ്ത്ര വിനോദകേന്ദ്രവുമായി പ്രവർത്തിപ്പിക്കുന്നു.

13. ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിനെ ഒരു മ്യൂസിയോളജി ഗവേഷണ കേന്ദ്രമായും അത് മുഖാന്തരം University Degree/Diploma award ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.

14. ശാസ്ത്രവുമായി ബന്ധപ്പെട്ടതും താല്പര്യമുള്ളതുമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മറ്റ് ഇതര സ്ഥാപനങ്ങളും സയൻസ് സെന്ററുകളും സാങ്കേതിക മ്യൂസിയവും വിനോദക്ലബ്ബുകളും തുടങ്ങാനുള്ള സാങ്കേതിക നിർദ്ദേശങ്ങൾ നൽകുകയും ആയത് നടപ്പിലാക്കിക്കൊടുക്കുകയും ചെയ്തുവരുന്നു.

15. മറ്റ് ശാസ്ത്ര സാങ്കേതിക മ്യൂസിയങ്ങളോടും ഗവേഷണകേന്ദ്രങ്ങളോടും വ്യാവസായിക സ്ഥാപനങ്ങളോടും വിദ്യാഭ്യാസ സ്ഥാപനങ്ങളോടും ചേർന്ന് ഇരുവർക്കും ഗുണം ലഭ്യമാകുന്ന രീതിയിൽ പ്രവർത്തിച്ചുവരുന്നു.

16. ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് വാർത്താ വിവരണങ്ങൾ, ഗൈഡുകൾ, വാർഷിക പ്രസിദ്ധീകരണങ്ങൾ, ബ്രോഷറുകൾ എന്നിവ പ്രസിദ്ധീകരിച്ചുവരുന്നു.

(ബി & സി) അന്വേഷണം നടന്നുവരുന്നു.

## കലാലയ രാഷ്ട്രീയം

246 (1739) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u>
<u>ശ്രീ. സി. മമ്മൂട്ടി:</u>
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u>
<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാലയ രാഷ്ട്രീയം നിരോധിച്ചുള്ള കോടതി വിധികൾ മറികടക്കാനും ക്യാമ്പസ് രാഷ്ട്രീയത്തിന് നിയമസാധുത നൽകുന്നതിനും നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) കലാലയ സംഘർഷങ്ങൾ ലഘൂകരിക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്;

(സി) കലാലയ രാഷ്ട്രീയത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് കെ. കെ. ദിനേശൻ കമ്മിറ്റിയുടെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ്;

(ഡി) ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കലാലയ രാഷ്ട്രീയം നിരോധിച്ചുള്ള കോടതി വിധികൾ മറികടക്കുവാൻ നിയമനിർമ്മാണം കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചിട്ടില്ല. എന്നാൽ " 2019-ലെ കേരള വിദ്യാർത്ഥി യൂണിയനുകളും വിദ്യാർത്ഥി പരാതി പരിഹാര അതോറിറ്റിയും ആക്ട്" എന്ന പേരിൽ ഒരു ആക്ട് പുറപ്പെടുവിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(സി) കലാലയ രാഷ്ട്രീയത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ജസ്റ്റീസ് കെ. കെ. ദിനേശൻ കമ്മിറ്റിയുടെ ശിപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കമ്മിറ്റിയുടെ ശിപാർശകൾ പരിശോധിച്ച് നടപ്പിലാക്കുന്നതിനായി ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും സർവ്വകലാശാലകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉന്നത വിദ്യാഭ്യാസരംഗത്തെ ബാഹ്യ ഇടപെടലുകൾ

247 (1740) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ രംഗത്ത് ഭരണപരവും അക്കാദമികവുമായ കാര്യങ്ങൾക്ക് നേതൃത്വം നൽകേണ്ട സർവ്വകലാശാലകളിൽ തോറ്റ വിദ്യാർത്ഥികൾക്ക് മാർക്ക് ദാനം ചെയ്ത് അവരെ വിജയിപ്പിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം അദാലത്ത് മുഖേന എം. ജി. സർവ്വകലാശാലയിൽ ബി-ടെക് പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് മാർക്ക് ദാനം നടത്തി വിജയിപ്പിച്ച സംഭവം സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള മൂല്യശോഷണത്തെ സൂചിപ്പിക്കുന്നുവെന്ന വസ്തുത പരിശോധിക്കുമോ;

(സി) പരീക്ഷാ അക്കാദമിക് കലണ്ടർ തയ്യാറാക്കുന്നത് ഉൾപ്പെടെ സർവ്വകലാശാലയിൽ നിക്ഷിപ്തമായ ഭരണകാര്യങ്ങളിൽ മന്ത്രിയുടെ ഓഫീസ് ചട്ടവിരുദ്ധമായി ഇടപ്പെടുന്നുവെന്ന ആക്ഷപം ഗൗരവമായി പരിഗണിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് റിസൽട്ട് പ്രസിദ്ധീകരിച്ച ശേഷം മാർക്ക് കൂട്ടി കൊടുക്കുവാൻ മന്ത്രിക്കോ, വൈസ് ചാൻസലർക്കോ, സിൻഡിക്കേറ്റിനോ, അദാലത്തിനോ അധികാരമില്ലെന്ന വസ്തുത പരിശോധിക്കുമോ; പരീക്ഷാ സമ്പ്രദായത്തിന്റെ വിശ്വാസ്യതയെ തന്നെ തകർത്ത പ്രസ്തുത നടപടിയെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മോഡറേഷൻ നൽകുന്നതിന് അദാലത്തിൽ തീരുമാനമെടുത്തിട്ടില്ല. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേയ്ക്ക് ബി.ടെക്. കോഴ്സുകൾ പൂർണ്ണമായും മാറുകയും സപ്ലിമെന്ററി വിദ്യാർത്ഥികൾ മാത്രം സർവ്വകലാശാലയിൽ തുടരുകയും ചെയ്യുന്ന സാഹചര്യത്തിലും നേരിയ മാർക്കിന്റെ

കുറവുകൊണ്ട് ബി.ടെക് പഠനം പൂർത്തീകരിക്കാൻ വിദ്യാർത്ഥികൾക്ക് സാധിക്കാതിരിക്കുകയും നാലുവർഷത്തെ പഠനത്തിനുശേഷം 56 വിഷയങ്ങളിൽ 55 വിഷയങ്ങൾക്ക് ജയിക്കുകയും ഒരു വിഷയത്തിനുമാത്രം നിസ്സാര മാർക്കിൽ പരാജയപ്പെടുകയും ചെയ്ത് പ്ലസ്-ടു യോഗ്യതയിലേയ്ക്ക് മാത്രമായി വിദ്യാർത്ഥികൾ ചുരുങ്ങുന്ന സാഹചര്യം പരിഗണിച്ച് 30-4-2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം, സർവ്വകലാശാല നടത്തിയ ബി.ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററുകളിൽ ഏതെങ്കിലും ഒരു വിഷയം മാത്രം വിജയിക്കുവാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷനോടുകൂടിയ മാർക്കിനുപുറമെ പരമാവധി 5 മാർക്കുകൂടി മോഡറേഷനായി നൽകുന്നതിന് നയപരമായ തീരുമാനം എടുത്തിരുന്നു. സിൻഡിക്കേറ്റ് ഉത്തമ വിശ്വാസത്തോടുകൂടി ബി.ടെക് വിദ്യാർത്ഥികളുടെ വൈഷമ്യങ്ങൾക്ക് ഒരു പരിഹാരമെന്ന നിലയിൽ എടുത്ത തീരുമാനത്തെ തെറ്റായ രീതിയിൽ വ്യാഖ്യാനിച്ചുകൊണ്ടുള്ള പ്രചരണങ്ങൾ ഉണ്ടായപ്പോൾ പ്രസ്തുത തീരുമാനം റദ്ദ് ചെയ്യുകയുണ്ടായി.

(സി) മന്ത്രിയുടെ ഓഫീസ് ചട്ടവിരുദ്ധമായി ഇടപെട്ടിട്ടില്ല.

(ഡി) നാലു വർഷത്തെ പഠനത്തിനുശേഷം 56 വിഷയങ്ങളിൽ 55 വിഷയങ്ങൾക്ക് ജയിക്കുകയും ഒരു വിഷയത്തിനുമാത്രം നിസ്സാര മാർക്കിൽ പരാജയപ്പെടുകയും ചെയ്ത് പ്ലസ്ടു യോഗ്യതയിലേയ്ക്ക് മാത്രമായി ചുരുങ്ങുന്ന വിദ്യാർത്ഥികളുടെ വൈഷമ്യങ്ങൾക്ക് പരിഹാരം കാണുകയെന്ന ഉത്തമ താല്പര്യവും മുൻനിർത്തി 30-4-2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം 4 ചട്ടം 23(15) അനുസരിച്ച് പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ച അന്തിമ തീരുമാനമെടുക്കാനുള്ള അധികാരം ഉപയോഗിച്ച് മോഡറേഷൻ നൽകുന്നതിന് തീരുമാനമെടുക്കുകയാണ് ഉണ്ടായത്.

**ആർട്സ് ആന്റ് സയൻസ് കോഴ്സുകൾ അനുവദിക്കുവാൻ നടപടി**

248 (1741) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകളിലെ കോളേജുകളിൽ ആർട്സ് ആന്റ് സയൻസ് വിഷയങ്ങൾ പഠിക്കുന്നതിന് എത്ര സീറ്റുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) ഈ അടുത്ത കാലത്തായി ആർട്സ് ആന്റ് സയൻസ് വിഷയങ്ങൾ പഠിക്കുന്നതിന് കുട്ടികളിൽ താൽപര്യം വർദ്ധിക്കുന്നുണ്ട് എന്നത് കണക്കിലെടുത്ത് നിലവിലുള്ള ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ കൂടുതൽ

കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സർവ്വകലാശാലകളിലെ കോളേജുകളിൽ ബിരുദ, ബിരുദാനന്തര തലത്തിൽ ആർട്സ് & സയൻസ്, കൊമേഴ്സ് വിഷയങ്ങൾ പഠിക്കുന്നതിന് ആകെ 192428 സീറ്റുകളുണ്ട്.

(ബി) ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ കൂടുതൽ കോഴ്സുകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടുപ്രകാരമുള്ള ഫീസാനുകൂല്യം

249 (1742) ശ്രീ. സി. എഫ്. തോമസ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട്പ്രകാരം കേരളത്തിലെ എയ്ഡഡ് കോളേജുകളിലെ പാവപ്പെട്ട കുട്ടികൾക്ക് ലഭിക്കേണ്ട ഫീസാനുകൂല്യം നിഷേധിക്കുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ മാനേജുമെൻറ് ക്വാട്ടയിലും കമ്മ്യൂണിറ്റി ക്വാട്ടയിലും പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം ലഭിക്കുന്നില്ല എന്ന പരാതിയിന്മേലുള്ള സർക്കാർ നിലപാട് വ്യക്തമാക്കാമോ?

ഉത്തരം

(എ) കുമാരപിള്ള കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ യൂണിവേഴ്സിറ്റിയുടെ ഓൺ ലൈൻ സംവിധാനംവഴി അഡ്മിഷൻ ലഭിക്കുന്ന കുട്ടികളിൽ ഒരു ലക്ഷം രൂപ വരെ വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് ഇ-ഗ്രാന്റ് സംവിധാനം മുഖേന ഫീസാനുകൂല്യം നൽകിവരുന്നു.

(ബി) കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടുന്നത് യൂണിവേഴ്സിയുടെ ഓൺലൈൻ സംവിധാനം വഴിയല്ല. അതാത് മാനേജ്മെന്റുകൾ നേരിട്ടാണ് നിയമനം നൽകുന്നത്. ആ വിഭാഗത്തിൽ വരുന്ന കുട്ടികൾക്ക് നിലവിൽ ഫീസാനുകൂല്യം നൽകി വരുന്നില്ല. ഈ

വിഷയത്തിൽ കൊട്ടിയം മന്നം മെമ്മോറിയൽ എൻ.എസ്.എസ്. കോളേജിലെ ബിരുദ വിദ്യാർത്ഥികൾ സമർപ്പിച്ച പരാതി സർക്കാർ പരിശോധിച്ചുവരുന്നു. എന്നാൽ കമ്മ്യൂണിറ്റി ക്വാട്ടയിൽ പ്രവേശനം നേടുന്ന കുട്ടികൾക്ക് ഫീസാനുകൂല്യം ലഭിക്കുന്നുണ്ട്.

**ഉന്നതവിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തൽ**

250 (1743) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി അക്കാഡമിക് തലത്തിൽ സ്വീകരിക്കേണ്ട നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ;

(ബി) അധ്യാപകരുടെ അധ്യാപന നിലവാരം കാലഘട്ടത്തിന് അനുയോജ്യമായ രീതിയിൽ പരിശീലനത്തിലൂടെ ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഉന്നത വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും കരിക്കുലവും പാഠ്യപദ്ധതികളും കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ബിരുദാനന്തര ബിരുദ വിദ്യാഭ്യാസം സമഗ്രവും ഏകീകൃതവുമായ രീതിയിൽ പുനഃസംഘടിപ്പിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. ഇ. ഡി. ജമ്മീസിന്റെ അദ്ധ്യക്ഷതയിൽ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ ആരംഭിക്കണമെന്നുള്ള നിർദ്ദേശം പരിശോധിച്ചുവരികയാണ്. Humanities & Social Science, Science, Commerce and Management എന്നീ സ്കീമുകളിൽ ഫാക്കൽറ്റി ട്രെയിനിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപകർക്കായി പരിശീലനത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അദ്ധ്യാപകരുടെ പ്രാപ്തി വർദ്ധിപ്പിക്കുന്നതിനായി അക്കാദമിക മേന്മ, ഗവേഷണപരത, ബോധന വൈദഗ്ദ്ധ്യം എന്നിവയിൽ ഊന്നിയുള്ള

പരിശീലന പരിപാടികൾ, അന്താരാഷ്ട്ര സ്വഭാവമുള്ള പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാൻ അദ്ധ്യാപകരെ പ്രാപ്തരാക്കുക എന്നീ ഫാക്കൽറ്റി ട്രെയിനിംഗുകളാണ് സംഘടിപ്പിച്ചിട്ടുള്ളത്. കൂടാതെ ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്യൂവേറ്റ് ആട്രിബ്യൂട്ടുകൾക്കും (GA) ഊന്നൽ നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരിക്കുന്നതിനായി പരിശീലനം നൽകി വരുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർക്കുവേണ്ടിയുള്ള വിവിധ പരിശീലന പരിപാടികൾ Faculty & Staff Development Training Centre എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും നടത്തിവരുന്നു. പോളിടെക്നിക്ക് അദ്ധ്യാപകർക്കായി കളമശ്ശേരിയിൽ പ്രവർത്തിക്കുന്ന SITTTR-ന്റെ ആഭിമുഖ്യത്തിൽ വൈവിധ്യപൂർണ്ണമായ പരിശീലന പരിപാടികൾ നടത്തിവരികയും NITTTR തുടങ്ങിയ സ്ഥാപനങ്ങളിലേയ്ക്ക് അദ്ധ്യാപകരെ പരിശീലനത്തിന് അയയ്ക്കുകയും ചെയ്യുന്നു. സർക്കാർ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ, ജി.ഐ.എഫ്.ഡി, ടെക്നിക്കൽ ഹൈസ്കൂളുകൾ എന്നീ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്കുവേണ്ടി ഐ.എം.ജി. വഴിയും വകുപ്പിൽനിന്നും നേരിട്ടും പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെ നിലവാരം ഉയർത്തുന്നതിന് (QIP) എം.ടെക്/പി.എച്ച്.ഡി. കോഴ്സുകൾ പഠിക്കുന്നതിലേയ്ക്കായി വർഷംതോറും രാജ്യത്തെ വിവിധ ഐ.ഐ.ടി.-കളിലും എൻ.ഐ.ടി.-കളിലും ഐ.ഐ.എസ്.സി. ബാംഗ്ലൂരിലും അയയ്ക്കാറുണ്ട്.

## ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രവേശനം, കോളേജ് മാറ്റം എന്നിവ നടത്തുന്നതിന് അധികാരം

251 (1744) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രവേശനം, കോളേജ് മാറ്റം എന്നിവ നടത്തുന്നതിന് നിലവിൽ ആർക്കാണ് അധികാരം ഉള്ളത്; വകുപ്പ് മന്ത്രിക്ക് ഇക്കാര്യത്തിൽ പ്രത്യേകമായി എന്തെങ്കിലും അധികാരമോ അവകാശമോ ഉണ്ടോ; വിശദമാക്കുമോ;

(ബി) ചേർത്തല എൻ. എസ്. എസ്. കോളേജിൽ ഈ വർഷം ഡിഗ്രിക്ക് പ്രവേശനം നേടിയ വിദ്യാർത്ഥിനിക്ക് തിരുവനന്തപുരം സർക്കാർ വിമൻസ് കോളേജിലേയ്ക്ക് മാറ്റം അനുവദിക്കുവാൻ വകുപ്പ് മന്ത്രി തലത്തിൽ നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ അതിനുള്ള കാരണമെന്തായിരുന്നു;

(സി) തിരുവനന്തപുരം സർക്കാർ വിമൻസ് കോളേജിലേയ്ക്ക് മാറ്റം അനുവദിച്ച വിദ്യാർത്ഥിനിയുടെ ഇൻഡക്സ് മാർക്ക് എത്രയായിരുന്നു; പ്രസ്തുത വിദ്യാർത്ഥിനിക്ക് പ്രവേശനം ലഭിച്ച വിഷയത്തിൽ പൊതുവിഭാഗത്തിലെ കുട്ടികളുടെ ഏറ്റവും കുറഞ്ഞ ഇൻഡക്സ് മാർക്ക് എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർവ്വകലാശാലകളുടെ കീഴിലുള്ള ആർട്സ് & സയൻസ് കോളേജുകളിലേയ്ക്കുള്ള ബിരുദ, ബിരുദാനന്തര പ്രവേശനം, കോളേജ് മാറ്റം എന്നിവ നടത്തുന്നത് ബന്ധപ്പെട്ട സർവ്വകലാശാലകളാണ്.

(ബി) ചേർത്തല എൻ.എസ്.എസ്. കോളേജിൽ ബി.എസ്.സി. ബോട്ടണി കോഴ്സിൽ 2019-20 അദ്ധ്യയന വർഷം പ്രവേശനം ലഭിച്ച നെല്ലിമൂട് സ്വദേശിനിയായ വിദ്യാർത്ഥിനി ടിയാൾക്ക് പ്രവേശനം ലഭിച്ച ചേർത്തല എൻ.എസ്.എസ്. കോളേജ് സ്വദേശത്തുനിന്ന് വളരെ ദൂരെയായതിനാൽ ദിവസവും പോയി വരാൻ കഴിയില്ലെന്നും മാതാവ് മുമ്പ് തന്നെ മരണപ്പെട്ടതാണെന്നും അവിടെ താമസിച്ച് പഠിക്കുന്നതിനുള്ള ഒരു സാഹചര്യവും ഇല്ലെന്നും ആയതിനാൽ ടിയാളുടെ വാസസ്ഥലത്തുനിന്നും ദിവസവും പോയി വരാൻ കഴിയുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലോ/ഗവ. വിമൺസ് കോളേജിലോ ബി.എസ്.സി. ബോട്ടണി കോഴ്സിൽ ഒരു അധിക സീറ്റ് അനുവദിച്ച് പ്രവേശനം നൽകണമെന്നും ചൂണ്ടിക്കാട്ടി സർക്കാരിന് നിവേദനം സമർപ്പിച്ചിരുന്നു. വിദ്യാർത്ഥിനിയുടെ നിവേദനത്തിലെ അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ചും അപേക്ഷകയ്ക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരം നഷ്ടപ്പെടാതിരിക്കുന്നതിനും സാമൂഹ്യ പ്രതിബദ്ധത മുൻനിർത്തിയും വിദ്യാർത്ഥിനിക്ക് തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ ബി.എസ്.സി. ബോട്ടണി കോഴ്സിൽ സൂപ്പർ ന്യൂമററി ആയി ഒരു സീറ്റ് അനുവദിച്ച് പ്രവേശനം നൽകുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു.

(സി) വിദ്യാർത്ഥിനിയുടെ ബി.എസ്.സി. ബോട്ടണിക്കുള്ള ഇൻഡക്സ് മാർക്ക് 828.33 ആണ്. ബി.എസ്.സി. ബോട്ടണിക്ക് മേല്പറഞ്ഞ കോളേജിൽ പ്രവേശനം നേടിയ പൊതുവിഭാഗത്തിലെ ഏറ്റവും കുറഞ്ഞ ഇൻഡക്സ് മാർക്ക് 1221 ആണ്.

**ഉദുമ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് കെട്ടിടം**

252 (1745) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഉദുമ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ട് എത്ര മാസമായിയെന്ന് വ്യക്തമാക്കുമോ; ഈ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ;

(സി) സാങ്കേതികാനുമതി നൽകി ഈ പ്രവൃത്തി എന്ന് തുടങ്ങാനാവുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉദുമ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 7.84 കോടി രൂപയാണ് കിഫ്ബി അനുവദിച്ചിരിക്കുന്നത്. ഇതിൽ 5.77 കോടി രൂപ അക്കാഡമിക് ബ്ലോക്കും 2.87 കോടി രൂപ ലൈബ്രറി കെട്ടിടത്തിനും മറ്റു പ്രവർത്തികൾക്കായി 69 ലക്ഷം രൂപയുമാണ് അനുവദിച്ചിരിക്കുന്നത്.

(ബി&സി) 4-2-2019-ലെ ഉത്തരവ് നമ്പർ HED00719/APR-4/2019 പ്രകാരം 7.84 കോടി രൂപ കിഫ്ബി അനുവദിക്കുകയുണ്ടായി. ഈ പദ്ധതിയുടെ എസ്.പി.വി. ആയി കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ നടപടികൾ നവംബർ അവസാനത്തോടുകൂടി പൂർത്തീകരിച്ച് കരാറുകാരനെ നിയമിക്കുന്നതാണ്.

**സ്ഥലവും കെട്ടിടവും ഇല്ലാത്ത കോളേജുകൾക്ക് സ്ഥലം**

253 (1746) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എല്ലാ മണ്ഡലത്തിലും കോളേജ് എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കോളേജുകളിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാതെ എത്ര കോളേജുകളാണ് പ്രവർത്തിക്കുന്നത്; ഇപ്രകാരം പ്രവർത്തിക്കുന്ന കോളേജുകളുടെ പട്ടിക ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം വാടക കെട്ടിടത്തിലും മറ്റുമായി പ്രവർത്തിക്കുന്ന കോളേജുകളിൽ ഏതൊക്കെ കോളേജുകളാണ് സ്വന്തമായി സ്ഥലം ഏറ്റെടുക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കുമോ;

(സി) സ്ഥലം കണ്ടെത്തി അറിയിച്ച കോളേജുകൾക്കായി പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച കോളേജുകളിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാതെ പ്രവർത്തിക്കുന്ന കോളേജുകളുടെ വിവരം അനുബന്ധം * ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ കോളേജുകളും സ്വന്തമായി സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ പ്രൊപ്പോസലുകൾ ലഭ്യമാക്കുകയും ആയതിൽ സ്വീകരിച്ച തുടർ നടപടികൾ അനുബന്ധത്തിൽ * ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സ്ഥലം കണ്ടെത്തി അറിയിച്ച സർക്കാർ കോളേജുകൾക്കായി പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധം* ആയി ചേർക്കുന്നു.

## നാദാപുരം കോളേജിലെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി

254 (1747) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം കോളേജിനനുവദിച്ച കിഫ്ബി ഫണ്ടിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് വിശദമാക്കാമോ;

(ബി) ടെണ്ടർ നൽകി പ്രവൃത്തി ഉടൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ടെണ്ടർ നൽകാൻ നിലവിൽ തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) നാദാപുരം കോളേജിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 9.215 കോടി രൂപയുടെ അംഗീകാരം കിഫ്ബി നൽകിയിട്ടുള്ളതും പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് SPV ആയി KITE (Kerala Infrastructure and Technology for Education) -നെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. ഈ പദ്ധതിയുടെ ടെണ്ടർ ഇവാല്യൂവേഷൻ KITE മുഖേന നടന്നുവരുന്നു.

## പ്രബുദ്ധത പദ്ധതി

255 (1748) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പ്രബുദ്ധത പദ്ധതി എന്നു മുതൽ നടപ്പിലാക്കിയെന്നും ആയതു സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസ കൗൺസിൽ വഴിയുള്ള ബ്രെയിൻ ഗെയിൻ, പ്രബുദ്ധത എന്നീ പദ്ധതികളുടെ നിലവിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ കാലയളവിൽ പ്രസ്തുത പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി ലഭിച്ച കേന്ദ്ര-സംസ്ഥാന സഹായങ്ങൾ എത്ര; നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാം; അതിനായി ചെലവായ തുക എത്ര; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉന്നത വിജ്ഞാനത്തിന്റെ ജനാധിപത്യവത്ക്കരണവും സാമൂഹികവത്ക്കരണവും ലക്ഷ്യമാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആവിഷ്ക്കരിച്ച പദ്ധതിയാണ് പ്രബുദ്ധത പദ്ധതി. പ്രസ്തുത പദ്ധതി ഉദ്ഘാടനം ചെയ്തത് 2018 ഒക്ടോബർ 24-നാണ്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും കുടുംബശ്രീയുടെ സമൂഹാധിഷ്ഠിത സംഘടനാ സംവിധാനത്തിന്റെയും സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ കരകുളം പഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കി. കേരള സർവ്വകലാശാല വി.എസ്.എസ്.സി., സി.റ്റി.സി.ആർ.ഐ., നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി അടക്കമുള്ള തലസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ-വിജ്ഞാന കേന്ദ്രങ്ങൾ പ്രബുദ്ധത പദ്ധതിയുടെ നടത്തിപ്പിൽ പങ്കാളികളായി.

(ബി) വിദേശത്ത് സ്ഥിരതാമസമാക്കിയ സ്വദേശികളായ അക്കാദമിക വിചക്ഷണരേയും പണ്ഡിതരേയും നിശ്ചിത ഇടവേളകളിൽ നമ്മുടെ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവന്ന് സംസ്ഥാനത്തെ സർവ്വകലാശാലകളിലേയും കോളേജുകളിലേയും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉപയോഗ പ്രദമാംവിധം അവരുടെ സേവനം കൂടുതൽ സമയം ലഭ്യമാക്കുന്നതിനാണ് ബ്രെയിൻ ഗെയിനിലൂടെ ലക്ഷ്യമിടുന്നത്. യഥാർത്ഥത്തിൽ എറുഡൈറ്റ് പദ്ധതിയുടെ ഭാഗമായാണ് ബ്രെയിൻ ഗെയിൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ബ്രെയിൻ ഗെയിൻ പദ്ധതി നിലവിൽ നടപ്പിലാക്കിയിട്ടില്ല.

കരകുളം ഗ്രാമപപഞ്ചായത്തിൽ പൈലറ്റ് ചെയ്യപ്പെടുന്ന പ്രബുദ്ധത പദ്ധതി അതിന്റെ അവസാന ഘട്ടത്തിലാണ് ഇപ്പോഴുള്ളത്. കരകുളം പഞ്ചായത്തിൽ മാത്രമാണ് പ്രബുദ്ധത പദ്ധതി പൈലറ്റ് ചെയ്യപ്പെട്ടിരുന്നതെങ്കിലും അതിന്റെ സ്വാധീനവും പ്രതിഫലനങ്ങളും സംസ്ഥാനത്തുടനീളം ദൃശ്യമായിട്ടുണ്ട്. പ്രബുദ്ധത പദ്ധതിയുടെ ഭാഗമായി ഉരുത്തിരിഞ്ഞുവന്ന ആശയമായ KAD (Knowledge Assimilation and Dissemination) പദ്ധതി സംസ്ഥാനത്തെ 14 ജില്ലകളിലുള്ള ഓരോ സർക്കാർ കോളേജിലും നടപ്പാക്കാനും ഉത്തര കേരളത്തിലും മധ്യകേരളത്തിലും ഓരോ പഞ്ചായത്തിൽ പ്രബുദ്ധത മാതൃകാ പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നുണ്ട്.

പ്രബുദ്ധത പദ്ധതിയുടെ ഭാഗമായി കരകുളം പഞ്ചായത്ത് വിവിധ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വിജ്ഞാന കേന്ദ്രങ്ങൾക്കും കൈമാറാനുള്ള വൈജ്ഞാനിക ചോദ്യങ്ങൾ, സംശയങ്ങൾ, ആശങ്കകൾ, ആശയങ്ങൾ തുടങ്ങിയവ പഞ്ചായത്തിന്റെ പരിധിയിലുള്ള പ്രദേശങ്ങളിൽനിന്നും മാത്രമല്ല കേരളമെമ്പാടു നിന്നും ജനപങ്കാളിത്തത്തോടെ ശേഖരിച്ച് ക്രോഡീകരിക്കാനുള്ള ദൗത്യം ഏറ്റെടുത്ത് നടത്തിവരികയാണ്. ഇതിനായി പ്രബുദ്ധത വോളന്റിയർമാർ ഉൾപ്പെടെയുള്ള സംഘം തെരഞ്ഞെടുക്കപ്പെട്ട ഉന്നത വിജ്ഞാനകേന്ദ്രങ്ങൾ സന്ദർശിക്കുകയും ബന്ധപ്പെട്ട ശാസ്ത്രജ്ഞന്മാർ/വിദഗ്ദ്ധർ എന്നിവരുമായി സംവദിക്കുകയും ചെയ്തിട്ടുണ്ട്. സമൂഹത്തിന്റെ അക്കാദമിക പര്യടനം എന്ന ആശയത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട്, പദ്ധതിയുടെ ഭാഗമായി കേരള സർവ്വകലാശാലയിലെ ജിയോളജി വകുപ്പ്, കരകുളത്തെ ഭൂഗർഭ ജലത്തിന്റെ ലഭ്യതയെയും ഗുണനിലവാരത്തെയും കുറിച്ച് കരകുളത്ത് ഒരു പഠനം നടത്തിവരികയാണ്.

(സി) പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാരിൽനിന്നും 2017-18-ൽ പ്രബുദ്ധത പദ്ധതി ഉൾപ്പെട്ട കൗൺസിലിന്റെ Human Resource Centre-ന് 50 ലക്ഷം രൂപയും പ്രബുദ്ധത പദ്ധതിക്കായി 2018-19-ൽ 30 ലക്ഷം രൂപയും 2019-20-ൽ 15 ലക്ഷം രൂപയും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രബുദ്ധത പദ്ധതി പൈലറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലൂടെയാണ് കടന്നുപോയത്. ഇതിനായി നിരവധി ബ്രെയിൻ സ്റ്റോമിംഗ് ഉൾപ്പെടെയുള്ള യോഗങ്ങൾ നടന്നിട്ടുണ്ട്. മേൽ പദ്ധതി നടത്തിപ്പിനായി നാളിതുവരെ ആകെ ചെലവായ തുക 8,34,518 രൂപയാണ്.

## കോളേജുകളുടെ അടിസ്ഥാനസൗകര്യ വികസനം

256 (1749) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളുടെ അടിസ്ഥാനസൗകര്യവും വിദ്യാഭ്യാസ നിലവാരവും മെച്ചപ്പെടുത്തുന്നതിനായി കഴിഞ്ഞ മൂന്നര വർഷങ്ങളിലായി കേന്ദ്ര സർക്കാർ ഏതൊക്കെ ഫണ്ടുകളാണ് നൽകിയിട്ടുള്ളതെന്നുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ യൂണിവേഴ്സിറ്റികൾക്കും കോളേജുകൾക്കുമായി ലഭിച്ച കേന്ദ്രസഹായത്തിന്റെ കണക്കും വിനിയോഗിച്ചതിന്റെ കണക്കും ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ വർഷങ്ങളിൽ ലഭിച്ചതുൾപ്പെടെ നിലവിൽ വിനിയോഗിക്കാൻ ബാക്കിയുള്ള കേന്ദ്രഗവൺമെന്റ് ഫണ്ടിന്റെയും പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കുമോ;

(ഡി) മികച്ച ദേശീയ നിലവാരം പുലർത്തുന്ന സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളുടെയും കോളേജുകളുടെയും അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ കോളേജുകളുടെ അടിസ്ഥാന സൗകര്യവും വിദ്യാഭ്യാസ നിലവാരവും മെച്ചപ്പെടുത്തുന്നതിനായി കഴിഞ്ഞ മൂന്നര വർഷങ്ങളിലായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്ന റൂസ പദ്ധതിയുടെ ഭാഗമായി വിവിധ ഘടകങ്ങളിൽ ഉൾപ്പെടുത്തി ഇതുവരെ 163.07 കോടി രൂപയുടെ ഫണ്ടാണ് ലഭ്യമായിട്ടുള്ളത്. 5 പ്രധാന ഘടകങ്ങളിൽ ഉൾപ്പെടുത്തിയാണ് കോളേജുകൾക്ക് ഫണ്ട് ലഭ്യമാക്കുന്നത്.

1. സ്വയംഭരണ കോളേജുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനും ഗവേഷണ മേഖലയുടെ ഉന്നമനത്തിനുമായി 5 കോടി രൂപ വീതം ലഭിക്കുന്ന വിഭാഗം. ഇതിൽ കഴിഞ്ഞ മൂന്നര വർഷത്തിനുള്ളിൽ 6 കോളേജുകളെ തെരഞ്ഞെടുക്കുകയും 5 പേർക്കായി 12.5 കോടി രൂപ നൽകിയിട്ടുമുണ്ട്. 6-ാമത്തെ കോളേജായി മഹാരാജാസ് കോളേജിന്റെ പദ്ധതി രൂപരേഖ (Detailed Project Report) തയ്യാറാക്കുന്നതിന്റെ നടപടികൾ അന്തിമ ഘട്ടത്തിലുമാണ്. ഇതിലേയ്ക്കായി നിലവിൽ 7.5 കോടി രൂപ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്.

2. ഘടകം 9-ൽ ഉൾപ്പെടുത്തി കോളേജുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി ലഭിക്കുന്ന ഫണ്ടിൽ റൂസ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 116 കോളേജുകൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്. ഓരോ സ്ഥാപനത്തിനും രണ്ട് കോടി രൂപ വീതമാണ് ലഭ്യമാകുന്നത്. ഇതിലേയ്ക്കായി കേന്ദ്ര വിഹിതമായി നിലവിൽ 69.6 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ഈ വിഭാഗത്തിൽ രാജ്യത്ത് ഏറ്റവുമധികം സ്ഥാപനങ്ങൾക്ക് പങ്കാളിത്തം ലഭിച്ച സംസ്ഥാനം കേരളമാണ്.

3. ഉയർന്ന അക്കാദമിക നിലവാരം പുലർത്തുന്ന UGC Academic Staff കോളേജുകൾക്ക് ഒരു കോടി രൂപ ഫണ്ട് ലഭിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കേരള സർവ്വകലാശാലയുടെ കീഴിലെ Academic Staff College-നുള്ള ഫണ്ടും (45 ലക്ഷം) ലഭ്യമായിട്ടുണ്ട്.

4. റൂസ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി സംസ്ഥാനത്തെ 21 കോളേജുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ച വിവിധ ഘട്ടം ഫണ്ടുകളും കഴിഞ്ഞ മൂന്നര വർഷങ്ങളിലായി സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ട്.

5. റൂസ 1-ാം ഘട്ടത്തിൽ ഇക്വിറ്റി ഇനിഷ്യേറ്റീവ് വിഭാഗത്തിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന് 5 കോടി രൂപ അനുവദിക്കുകയും അതിൽ 2.5 കോടി രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ തെരഞ്ഞെടുത്ത സർക്കാർ കോളേജുകളിൽ സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അവസാന ഘട്ടത്തിലുമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റൂസ 1 പദ്ധതിയിൽ സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഘടകം 3-ൽ ഉൾപ്പെടുത്തി 9 കോടി രൂപയുടെ കേന്ദ്ര സഹായം ലഭ്യമാക്കുകയും ആയത് മുഴുവനായും സർവ്വകലാശാലകൾക്ക് വിനിയോഗത്തിനായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ സർക്കാർ/എയ്ഡഡ് കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് റൂസ -1, 2 പദ്ധതികളുടെ ഭാഗമായി ഘടകം-7,9-ൽ ഉൾപ്പെടുത്തി കേന്ദ്രസഹായമായി ആകെ 142.8 കോടി രൂപ ഈ കാലയളവിൽ ലഭ്യമായിട്ടുണ്ട്. ആയതിൽ 24 കോടി രൂപയാണ് ടി സ്ഥാപനങ്ങൾക്കായി ലഭ്യമാക്കിയിട്ടുള്ളത്. സ്വയംഭരണ സ്ഥാപനങ്ങളുടെ ഉന്നമനത്തിനായി റൂസ-2 പദ്ധതിയുടെ കീഴിൽ ഘടകം -8 ൽ ഉൾപ്പെടുത്തി 7.5 കോടിയുടെ കേന്ദ്രസഹായം ലഭ്യമായിട്ടുള്ളത് മുഴുവനായും സ്ഥാപനങ്ങൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

റൂസ -1 പദ്ധതി ഘടകം-5 ൽ ഉൾപ്പെടുന്ന മൂന്നാർ ഡിഗ്രി കോളേജിനെ മാതൃക ഡിഗ്രി കോളേജായി ഉയർത്തുന്നതിനുവേണ്ടി അനുവദിച്ചിട്ടുള്ള കേന്ദ്ര സഹായമായ 1.2 കോടി പ്രസ്തുത സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്.

റൂസ-2 പദ്ധതിയുടെ ഭാഗമായി ഘടകം-10 ൽ ഉൾപ്പെടുത്തി ഗവേഷണ മേഖലയിലെ ഉന്നമനത്തിനായി 9 കോടി രൂപയുടെ കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ട്. ആയതിനാൽ 4.62 കോടി രൂപ ടി സ്ഥാപനങ്ങൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) റൂസ പദ്ധതി ഒരു തുടർപദ്ധതിയായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. മൂന്ന് വർഷ കാലയളവാണ് ഒരു ഘട്ടത്തിന് അനുവദിക്കുന്നത്. അതോടൊപ്പം സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് ചില ഘട്ടങ്ങളിൽ സമയം ദീർഘിപ്പിച്ച് നൽകാറുമുണ്ട്. റൂസ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കേരളത്തിലെ എല്ലാ പദ്ധതികളും സമയബന്ധിതമായി പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. മൂന്നാർ ഗവൺമെന്റ് കോളേജിന് അനുവദിച്ച 4 കോടി രൂപയിൽ സംസ്ഥാനത്തിന് ലഭ്യമായിട്ടുള്ള കേന്ദ്ര വിഹിതമായ 1.2 കോടി മാത്രമാണ് നിലവിൽ ഉപയോഗിക്കാൻ സാധിക്കാതെയുള്ളത്. 16-ാം PAB-യിൽ റൂസ സംസ്ഥാനത്തോട് പുതിയ DPR സമർപ്പിക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനുള്ള വിവിധ നടപടികൾ RUSA-SPD നടപ്പിലാക്കി വരുന്നുണ്ട്. റൂസ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി 6 സർവ്വകലാശാലകൾക്കും 29 കോളേജുകൾക്കും ഒരു Academic Staff College-നും വിവിധ ഘടകങ്ങളിൽ ഉൾപ്പെടുത്തി 194 കോടി രൂപയുടെ ഫണ്ടിനാണ് ഇതുവരെ അനുമതി ലഭിച്ചിട്ടുള്ളത്. റൂസ രണ്ടാം ഘട്ടത്തിൽ 6 സ്വയംഭരണ കോളേജുകൾക്കും 116 കോളേജുകൾക്കും 2 സർവ്വകലാശാലകൾക്കും ഒരു മാതൃകാ ഡിഗ്രി കോളേജിനുമായി ആകെ 374 കോടി രൂപയുടെ ഫണ്ടിനാണ് ഇതുവരെ അനുമതി ലഭിച്ചിട്ടുള്ളത്. ഈ ഫണ്ടുകൾ യഥാസമയം കാര്യക്ഷമമായി വിനിയോഗിക്കുകവഴി സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും അടിസ്ഥാന സൗകര്യം വർദ്ധിക്കുന്നതിനുള്ള സാഹചര്യം ഒരുങ്ങും. പദ്ധതിയുടെ കൃത്യമായ നടത്തിപ്പിനായി RUSA-SPD-യെ സഹായിക്കുന്നതിനായി സാങ്കേതിക പരിജ്ഞാനം നേടിയ അദ്ധ്യാപകരുടെ (Technical Support Group) വിവിധ കമ്മിറ്റികൾ റൂസയ്ക്ക് കീഴിലുണ്ട്. ൻഅതോടൊപ്പം തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾക്ക് Technical Sanction (TS) നൽകുന്നതിനായി റൂസയുടെ കീഴിൽ ഒരു Technical Committee രൂപീകരിച്ചിട്ടുണ്ട്. ഫണ്ട് ലഭിക്കുന്ന എല്ലാ ഗവൺമെന്റ്, ഗവൺമെന്റ് എയ്ഡഡ് സ്ഥാപനങ്ങളുമായി റൂസാ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറേറ്റ് എഗ്രിമെന്റും ഒപ്പിടുന്നുണ്ട്. ഫണ്ട് ലഭിച്ച സ്ഥാപനങ്ങളിൽ സംസ്ഥാന സർക്കാർ അംഗീകരിച്ച അക്രെഡിറ്റഡ് ഏജൻസികൾ മുഖാന്തരമാണ് നിർമ്മാണ/പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നത്. ഏജൻസികളുമായി സ്ഥാപനങ്ങൾ എഗ്രിമെന്റ് ഒപ്പിടുകയും ചെയ്യുന്നുണ്ട്. സ്ഥാപനങ്ങൾക്ക് നൽകുന്ന ഫണ്ടിന്റെ വിനിയോഗം PFMS സംവിധാനത്തിലൂടെ യഥാസമയം RUSA-SPD നിരീക്ഷിക്കുന്നുമുണ്ട്. പദ്ധതിയിൽ പങ്കാളിത്തം ലഭിച്ച സ്ഥാപനങ്ങൾക്ക് അന്തിമ ഫണ്ട് ലഭ്യമാകുന്നത് റൂസ നിയോഗിക്കുന്ന കമ്മിറ്റി നൽകുന്ന Physical Verification Report അധികരിച്ചായിരിക്കും. അതുപോലെ ഫണ്ട് ലഭിച്ച സ്ഥാപനങ്ങളിൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ബോർഡ് ഓഫ് ഗവേണൻസ് (BOG), പ്രോജക്ട് അപ്രൂവൽ ബോർഡ് (PAB) എന്നിവയും രൂപീകരിച്ചിട്ടുണ്ട്. അതായത് ഫണ്ട് ലഭിച്ച സ്ഥാപനങ്ങളിൽ പദ്ധതിയുടെ മേൽനോട്ടത്തിനായി വിവിധ തലത്തിലുള്ള സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

## ആർട്സ് & സയൻസ് കോളേജുകളിലെ തസ്തികകൾ

257 (1750) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ മേഖലയിൽ എത്ര ആർട്സ് ആന്റ് സയൻസ് കോളേജുകൾ അനുവദിച്ചുവെന്ന വിശദാംശം നൽകാമോ;

(ബി) ഓരോ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും എത്ര തസ്തികകൾ പുതുതായി അനുവദിച്ചുവെന്ന വിശദാംശം നൽകാമോ;

(സി) ഇതിനായി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 1. ഗവ. ആർട്സ് & സയൻസ് കോളേജ്, കിനാനൂർ, കരിന്തളം

2. ഗവ. കോളേജ്, നിലമ്പൂർ

3. ഗവ. കോളേജ്, വൈപ്പിൻ

4. ഗവ. ആർട്സ് & സയൻസ് കോളേജ്, തോലനൂർ

5. ഗവ. ആർട്സ് & സയൻസ് കോളേജ്, ശാന്തൻപാറ-പൂപ്പാറ

(ബി)

1. <u>ഗവ. കോളേജ്, കിനാനൂർ</u>

പ്രിൻസിപ്പാൾ-1, അസിസ്റ്റന്റ് പ്രൊഫസർ-3, ജൂനിയർ സൂപ്രണ്ട്-1, ക്ലാർക്ക്-1, അറ്റൻഡർ-1, നൈറ്റ് വാച്ച്മാൻ-1 (കരാർ നിയമനം), കാഷ്വൽ സ്വീപ്പർ-1, കാഷ്വൽ സാനിറ്റേഷൻ വർക്കർ-1

2. <u>ഗവ. കോളേജ്, നിലമ്പൂർ</u>

അസിസ്റ്റന്റ് പ്രൊഫസർ-8

3. <u>ഗവ. കോളേജ്, വൈപ്പിൻ</u>

സീനിയർ സൂപ്രണ്ട്-1, ഹെഡ് അക്കൗണ്ടന്റ്-1, ക്ലാർക്ക്-2, ലൈബ്രേറിയൻ ഗ്രേഡ് IV-1, അസിസ്റ്റന്റ് പ്രൊഫസർ-4

4. <u>ഗവ. ആർട്സ് & സയൻസ് കോളേജ്, തോലനൂർ</u>

പ്രിൻസിപ്പാൾ-1, അസിസ്റ്റന്റ് പ്രൊഫസർ-3, ജൂനിയർ സൂപ്രണ്ട്-1, ക്ലാർക്ക്-1, അറ്റൻഡർ-1, നൈറ്റ് വാച്ച്മാൻ-1, കാഷ്വൽ സ്വീപ്പർ-1, കാഷ്വൽ സാനിറ്റേഷൻ വർക്കർ-1

5. <u>ഗവ. ആർട്സ് & സയൻസ് കോളേജ്, ശാന്തൻപാറ-പൂപ്പാറ</u>

പ്രിൻസിപ്പാൾ-1, അസിസ്റ്റന്റ് പ്രൊഫസർ-3

(സി) തസ്തികകളുടെ സാമ്പത്തിക ബാധ്യത സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോളേജുകളിലെ ലൈബ്രേറിയൻ നിയമനത്തിനുള്ള യോഗ്യത

258 (1751) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോളേജുകളിലെ ലൈബ്രേറിയൻ നിയമനത്തിനുള്ള യോഗ്യതയിൽ റഗുലർ പഠനത്തിലൂടെ നേടിയ ലൈബ്രറി സയൻസ് ബിരുദം എന്നുള്ളത് പി.എസ്.സി. യോ മറ്റ് ഏജൻസികളോ നിർബന്ധമാക്കാറില്ല എന്നിരിക്കെ താൽക്കാലിക ലൈബ്രേറിയൻ നിയമനത്തിന് വിദൂര വിദ്യാഭ്യാസം വഴി നേടിയിട്ടുള്ള ലൈബ്രറി സയൻസ് ബിരുദവും പരിഗണിക്കുന്ന രീതിയിൽ നിയമന യോഗ്യതയിൽ മാറ്റങ്ങൾ വരുത്തുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

Kerala Common Pool Library Subordinate Service Rules 2003, [GO(P) No. 129/2003/H.Edn. dated 26-8-2003, GO(P) No.53/2009/H.Edn dated 9-6-2009] പ്രകാരം ഗ്രേഡ് 4 ലൈബ്രേറിയൻ തസ്തികയിലേയ്ക്കുള്ള വിദ്യാഭ്യാസ യോഗ്യത കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽനിന്നും റെഗുലർ പഠനം വഴി കരസ്ഥമാക്കിയ

(a) ഏതെങ്കിലും വിഷയത്തിലുള്ള ഡിഗ്രിയും BLISc or

(b) SSLC/Diploma in Library Science or

(c) SSLC/ഗവ. അംഗീകൃത CLISc

എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ താത്ക്കാലിക ലൈബ്രേറിയൻ നിയമനത്തിന് വിദൂര വിദ്യാഭ്യാസം വഴി നേടിയിട്ടുള്ള ലൈബ്രറി സയൻസ് ബിരുദവും പരിഗണിക്കുന്ന രീതിയിൽ നിയമന യോഗ്യതയിൽ മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

## മങ്കട ഗവ. ആർട്സ് & സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യവികസനം

259 (1752) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിന്റെ അടിസ്ഥാനസൗകര്യവികസനത്തിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ

കെ.ഐ.ടി.ഇ. സമർപ്പിച്ച 8.62 കോടി രൂപയുടെ പദ്ധതിരേഖയ്ക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നടത്തിവരുന്ന പ്രസ്തുത കോളേജിന്റെ കെട്ടിട നിർമ്മാണം നിലവിൽ ഏതുഘട്ടത്തിലാണ്; പുരോഗതി വിശദമാക്കാമോ;

(സി) കെട്ടിട നിർമ്മാണത്തിനും മറ്റ് അടിസ്ഥാന വികസനത്തിനുമായി കോളേജ് തയ്യാറാക്കിയ 1.8 കോടി രൂപയുടെ പദ്ധതിക്ക് വകുപ്പ് തലത്തിൽ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ അടിസ്ഥാന വികസനത്തിന് വേണ്ടിയുള്ള രൂപരേഖയായ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) എം.എൽ.എ. ഫണ്ടിൽനിന്നും 4,48,96,764 രൂപ ലഭിച്ചിട്ടുള്ളതായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത കോളേജിന്റെ അക്കാദമിക്ക് ബ്ലോക്ക് ഓഫീസ്, സ്റ്റാഫ് റൂം എന്നിവയുടെ നിർമ്മാണ, നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിൽ മൂന്നുകോടി തൊണ്ണൂറ്റിയഞ്ച് ലക്ഷത്തിന്റെ ജോലികൾ നാളിതുവരെ കിറ്റ്കോ ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പ്രൊപ്പോസൽ ഇപ്പോൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പരിഗണനയിലാണ്. സർക്കാരിൽ ലഭ്യമായിട്ടില്ല.

## പുതിയ ബിരുദാനന്തര കോഴ്സുകൾ

260 (1753) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ജില്ലയിലെ കോളേജുകളിൽ അടുത്ത അധ്യയന വർഷം മുതൽ പുതിയ ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഏതെല്ലാം കോളേജുകളിൽ ഏതെല്ലാം കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

വയനാട് ജില്ലയിലെ മാനന്തവാടി സർക്കാർ കോളേജിൽ എം.എസ്.സി. ഇലക്ട്രോണിക്സും കൽപ്പറ്റ സർക്കാർ കോളേജിൽ എം.എ. ഹിസ്റ്ററി, എം.എസ്.സി.

കമ്പ്യൂട്ടർ സയൻസ് എന്നീ ബിരുദാനന്തര കോഴ്സുകളും അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## മതിയായ യോഗ്യതയില്ലാതെ പ്രവേശനം നൽകിയ നടപടി

261 (1754) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതിയായ യോഗ്യതയില്ലാതെ പാലക്കാട് വിക്ടോറിയ കോളേജിൽ സ്പോർട്സ് ക്വോട്ടയിൽ എം.എസ്.സി. ഫിസിക്സിന് പ്രവേശനം നേടിയ പവർ ലിഫ്റ്റിംഗ് താരം സന്തോഷിന്റെ പ്രവേശനത്തിന് കോഴിക്കോട് സർവ്വകലാശാല അക്കാഡമിക് കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) എം.എസ്.സി. ഫിസിക്സിന് ചേരുന്നതിനുള്ള അർഹത നേടണമെങ്കിൽ എത്ര ശതമാനം മിനിമം മാർക്ക് ആവശ്യമുണ്ട്; പ്രസ്തുത വിദ്യാർത്ഥിക്ക് എത്ര മാർക്കാണ് ഉണ്ടായിരുന്നത്;

(സി) ഉന്നതവിദ്യാഭ്യസ വകുപ്പുമന്ത്രിയുടെ പരാതി പരിഹാര അദാലത്തിൽ പ്രസ്തുത വിദ്യാർത്ഥി അപേക്ഷ നൽകിയിരുന്നോ; പ്രസ്തുത അദാലത്തിലെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ വിദ്യാർത്ഥിയുടെ പ്രവേശനത്തിന് അംഗീകാരം നൽകിയത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. ശ്രീ. സന്തോഷ് പി.-ക്ക് സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്നതിനുവേണ്ട കായിക മികവ് ഉണ്ടെങ്കിൽമാത്രം അദ്ദേഹത്തിന് പ്രവേശനം നൽകിയത് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ക്രമവൽക്കരിച്ചു നൽകാൻ 5-10-2019-ലെ അക്കാദമിക് കൗൺസിൽ യോഗം തീരുമാനിച്ചിട്ടുണ്ട്.

(ബി) ബി.എസ്.സി. ഫിസിക്സിന് മിനിമം 50% മാർക്കുണ്ടെങ്കിൽ എം.എസ്.സി. ഫിസിക്സ് കോഴ്സിന് പ്രവേശനം നേടാം. പ്രസ്തുത വിദ്യാർത്ഥിക്ക് 44% മാർക്കാണുള്ളത്.

(സി) നൽകിയിരുന്നു. അദാലത്തിൽ അപേക്ഷ അക്കാഡമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ തീരുമാനിക്കുകയാണുണ്ടായത്.

## ചൊക്ലി ഗവൺമെന്റ് കോളേജിൽ കിഫ്ബി പദ്ധതി

262 (1755) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിലെ ചൊക്ലി ഗവ. കോളേജിന്റെ സമഗ്ര പുരോഗതി ലക്ഷ്യം വച്ച് കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിച്ചിരുന്നെങ്കിലും നിർമ്മാണ പ്രവൃത്തികൾ ഇതുവരെയും ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണപ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ ആണ് ബാക്കിയെന്ന് വിശദമാക്കുമോ; ആയത് ദ്രുതഗതിയിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) തലശ്ശേരി മണ്ഡലത്തിലെ ചൊക്ലി ഗവൺമെന്റ് കോളേജിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതിക്ക് കിഫ്ബി 9.043 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുള്ളതും പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് SPV ആയി KITE (Kerala Infrastructure and Technology for Education) നെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. ഈ പദ്ധതിയുടെ ടെണ്ടർ ഇവാല്യൂവേഷൻ KITE മുഖേന നടന്നുവരുന്നു.

## മലപ്പുറം ഗവ. വനിതാ കോളേജിനായി ഭൂമി ഏറ്റെടുക്കാൻ നടപടി

263 (1756) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവ. വനിതാ കോളേജിന് ഇൻകെൽ എജ്യുസിറ്റിയിൽ അഞ്ച് ഏക്കർ ഭൂമി വിട്ട്നൽകി റവന്യൂ വകുപ്പ് ഉത്തരവ് ഇറക്കി മാസങ്ങൾ പിന്നിട്ടിട്ടും ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസം എന്താണെന്ന് അറിയിക്കുമോ;

(ബി) ഭൂമി എന്നത്തേയ്ക്ക് ഏറ്റെടുക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) കോളേജിന്റെ കെട്ടിടനിർമ്മാണത്തിന് കിഫ്ബിയിൽ നിന്നും പത്തുകോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പ്രൊപ്പോസലുകളുടെ പുരോഗതി വ്യക്തമാക്കുമോ;

(ഡി) കെട്ടിടനിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കൂടുതൽ തുക വകയിരുത്തുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഇൻകെൽ എജ്യുസിറ്റിയിൽ മലപ്പുറം വനിതാ കോളേജിന് വിട്ടു നൽകിയ അഞ്ച് ഏക്കർ ഭൂമിയുടെ സർവ്വേ സബ് ഡിവിഷൻ സ്കെച്ച് ലഭ്യമാക്കി റവന്യൂ റിക്കാർഡുകളിൽ മാറ്റം വരുത്തുന്ന നടപടി പൂർത്തിയായാൽ മാത്രമേ ഭൂമിയുടെ കൈവശാവകാശം കോളേജ് വിദ്യാഭ്യാസ വകുപ്പിന് കൈമാറാൻ കഴിയുകയുള്ളൂ. ആയതിനുള്ള നടപടികൾ ജില്ലാ കളക്ടർ മുഖേന സ്വീകരിച്ചു വരുന്നു.

(സി) കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് കിഫ്ബിയിൽനിന്നും പത്തുകോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടില്ല. വിശദ പദ്ധതി രേഖ കിറ്റ്കോ മുഖേന തയ്യാറാക്കി വരുന്നു.

(ഡി) കെട്ടിട നിർമ്മാണത്തിനായി കിഫ്ബി ഫണ്ടിൽ അനുവദിച്ച തുകയ്ക്ക് ഉപരിയായി ആവശ്യമാകുന്ന തുക കോളേജ് പ്രിൻസിപ്പാളിൽനിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് അടുത്ത സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**തലശ്ശേരി ഗവൺമെന്റ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം**

264 (1757) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി ഗവ. കോളേജിന്റെ എന്തൊക്കെ അടിസ്ഥാനസൗകര്യ വികസനങ്ങൾക്കാണ് ഫണ്ടുകൾ അനുവദിച്ചിട്ടുള്ളതെന്നും ആയവയുടെ നിലവിലെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ;

(ബി) 2019-20 സാമ്പത്തിക വർഷം പ്രസ്തുത കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തൊക്കെ പ്രവൃത്തികൾക്കാണ് ഫണ്ടുകൾ അനുവദിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ ) 1) ലേഡീസ് ടോയ്‌ലറ്റ്-7 ലക്ഷം രൂപ- പ്ലാൻ ഫണ്ട്-2016-17

2) ക്ലാസ്സ് റൂം നിർമ്മാണം - 5 ലക്ഷം രൂപ-പ്ലാൻ ഫണ്ട്-2017-18

3) ബഹുമാനപ്പെട്ട എം. എൽ.എ., എ. എൻ. ഷംസീർ അവർകളുടെ ആസ്തി വികസന ഫണ്ട്-25 ലക്ഷം രൂപ

(a) സിവിൽ വർക്ക് - 15 ലക്ഷം രൂപ (ലിന്റൽ ഉയരത്തിൽ ഭിത്തി, പ്ലാസ്റ്ററിംഗ്, സിമന്റ് ഫ്ലോറിംഗ് തുടങ്ങിയവ)

(b) ഇലക്ട്രിക്കൽ വർക്ക്-10 ലക്ഷം രൂപ

4) ക്ലാസ്സ് റൂം പാർട്ടീഷൻ, കിണർ, ജെന്റ്സ് ടോയ്ലറ്റ് എന്നിവയുടെ നിർമ്മാണം-35 ലക്ഷം രൂപ CIUP പ്ലാൻ ഫണ്ട്-2018-19

(1 മുതൽ 4 വരെ സൂചിപ്പിച്ച വർക്കുകൾ പൂർത്തീകരിക്കുകയും 23-9-2019-ന് ഉദ്ഘാടനം നടത്തുകയും ചെയ്തു)

5) ബഹുമാനപ്പെട്ട എം.എൽ.എ., എ. എൻ. ഷംസീറിന്റെ ആസ്തി വികസന ഫണ്ട്-2 ലക്ഷം രൂപ, വൈദ്യുത വകുപ്പ് മന്ത്രിയുടെ പ്രത്യേക ഫണ്ട്-8 ലക്ഷം രൂപ (ആകെ - 10 ലക്ഷം രൂപ):-

കോളേജിലേയ്ക്ക് ത്രീഫേസ് ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിച്ചു (20-9-2019)

6) ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച 5 കോടി രൂപ (2013-14):- അക്കാദമിക് മെയിൻ ബ്ലോക്ക് PWD വർക്ക് 2017-ൽ ആരംഭിച്ചു. രണ്ട് നിലകളുടെയും കോൺക്രീറ്റ് സ്ട്രക്ച്ചർ, റൂഫിംഗ് വർക്കുകൾ, ക്ലാസ് റൂം പാർട്ടീഷൻ എന്നീ വർക്കുകൾ പൂർത്തിയായി. പ്ലാസ്റ്ററിംഗ് വർക്കുകൾ അവസാന ഘട്ടത്തിലാണ്.

7) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ അക്കാദമിക് ബ്ലോക്ക്, ലേഡീസ് ഹോസ്റ്റൽ, കാന്റീൻ എന്നിവയുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കുകയും ടെണ്ടർ നടപടി കൈറ്റ് മുഖേന പൂർത്തിയായി വരികയും ചെയ്യുന്നു.

(ബി) 1. കോളേജിന് ചെയിൻ ലിംങ്ക്ഡ് ഫെൻസിങ്ങോടുകൂടിയ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് 6,85,30,000 രൂപയുടെ എസ്റ്റിമേറ്റ് PWD-യിൽ നിന്ന് കോളേജ് പ്രിൻസിപ്പൽ ലഭ്യമാക്കി തുടർനടപടിക്കായി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ട്.

2. നിലവിൽ നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന അക്കാദമിക്ക് ബ്ലോക്കിന്റെ ടൈലിംഗ്, പ്ലംബിംഗ് ജോലികളുടെ പൂർത്തീകരണത്തിന് ആവശ്യമായ തുകയുടെ എസ്റ്റിമേറ്റിനായി പൊതുമരാമത്ത് വകുപ്പിനോട് കോളേജ് പ്രിൻസിപ്പൽ ആവശ്യപ്പെട്ടിട്ടുണ്ട്.

## കോടഞ്ചേരി ഗവൺമെന്റ് കോളേജിലെ ഗേൾസ് ഹോസ്റ്റൽ പ്രവർത്തനം

265 (1758) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടഞ്ചേരി ഗവൺമെന്റ് കോളേജിലെ ഗേൾസ് ഹോസ്റ്റലിന് ആവശ്യമായ കെട്ടിടം സജ്ജീകരിച്ചിട്ടും പ്രവർത്തിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഹോസ്റ്റൽ പ്രവർത്തനത്തിന് സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിനുള്ള നിർദ്ദേശം ലഭ്യമായിട്ടുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഹോസ്റ്റൽ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കോടഞ്ചേരി ഗവൺമെന്റ് കോളേജിലെ വനിതാ ഹോസ്റ്റലിൽ ദിവസവേതന അടിസ്ഥാനത്തിൽ കുടുംബശ്രീ മുഖാന്തരം താത്ക്കാലിക ജീവനക്കാരെ നിയമിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കോടഞ്ചേരി ഗവൺമെന്റ് വനിതാ ഹോസ്റ്റലിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് അക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി) കോടഞ്ചേരി ഗവൺമെന്റ് കോളേജ് വനിതാ ഹോസ്റ്റലിൽ വിദ്യാർത്ഥിനികളെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കുടുംബശ്രീ മുഖാന്തരം താത്കാലിക ജീവനക്കാരെ നിയമിച്ച് ഹോസ്റ്റൽ പ്രവർത്തനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പെരിങ്ങോം ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന് കെട്ടിടം

266 (1759) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനായി കിഫ്ബിയിൽ നിന്ന് 7.36 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതിന്റെ തുടർ നടപടികൾ ഏതുവരെ ആയെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്ന് ഭരണാനുമതി ലഭിച്ച തീയതി അറിയിക്കുമോ;

(സി) ഈ പ്രവൃത്തിക്ക് സാങ്കേതിക അനുമതി ലഭിച്ചത് എന്നാണ്; അറിയിക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ കഴിയാതെ നീണ്ടുപോകുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പെരിങ്ങോം ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 8.33 കോടി രൂപയാണ് കിഫ്ബി അനുവദിച്ചിരിക്കുന്നത്. ഇതിൽ 4.68 കോടി രൂപ അക്കാഡമിക് ബ്ലോക്കും 2.87 കോടി രൂപ ആഡിറ്റോറിയത്തിനും മറ്റ് പ്രവൃത്തികൾക്കായി 78 ലക്ഷം രൂപയുമാണ് അനുവദിച്ചിരിക്കുന്നത്. ഇതിന്റെ എസ്.പി.വി. ആയി കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ തുടർനടപടിയായി സാങ്കേതിക അനുമതിയും ടെണ്ടർ നടപടികളും പുരോഗമിക്കുന്നു.

(ബി) കിഫ്ബി 4-2-2019-ലെ ഉത്തരവ് HED00719/APR-4/2019 പ്രകാരം 8.33 കോടി രൂപ കിഫ്ബി അനുവദിക്കുകയുണ്ടായി.

(സി & ഡി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 30-8-2019-ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ G.O.(MS)No. 304/2019/HEDN പ്രകാരം കിറ്റ്കോയെ പെരിങ്ങോം ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ എസ്.പി.വി. ആയി നിയമിക്കുകയുണ്ടായി. നിർമ്മാണത്തിനുള്ള സാങ്കേതിക അനുമതിയും ടെണ്ടർ നടപടികളും പുരോഗമിച്ചു വരുന്നു. ടെണ്ടർ നടപടികൾ നവംബർ അവസാനത്തോടുകൂടി പൂർത്തീകരിച്ച് കരാറുകാരനെ നിയമിക്കുന്നതാണ്.

## കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി

267 (1760) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടഞ്ചേരി ഗവ. കോളേജിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി ധനസഹായത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കിഫ്ബി മുഖാന്തരം നിർദ്ദേശിക്കപ്പെട്ട പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) സ.ഉ.(കൈ)നമ്പർ 304/2019/ഉ.വി.വ. 30-8-2019-ലെ പ്രകാരം Kerala State IT Infrastructure Ltd. (KSITIL)നെ പ്രസ്തുത പദ്ധതിയുടെ SPV ആയി നിയമിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രാരംഭ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിയിൽ KIITCO മുഖാന്തരം സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് കിഫ്ബിയിൽനിന്നും ലഭിച്ച നിർദ്ദേശമനുസരിച്ചുള്ള മാറ്റങ്ങൾ വരുന്ന പ്രവർത്തികൾ ഇപ്പോൾ നടക്കുകയാണ്.

**മൂന്നാർ ഗവൺമെന്റ് ആർട്സ് കോളേജ്**

268 (1761) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പ്രളയത്തിൽ തകർന്നിട്ടുള്ളതും നിലവിൽ താത്ക്കാലിക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ മൂന്നാർ ഗവൺമെന്റ് ആർട്സ് കോളേജിന്റെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ കോളേജിന്റെ പ്രവർത്തനങ്ങൾക്കായി താത്ക്കാലികമായി ലഭ്യമായിട്ടുള്ള പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കെട്ടിടം പൂർണ്ണമായും കോളേജിന് ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്രളയത്തിൽ തകർന്ന സർക്കാർ കോളേജിലെ വിദ്യാർത്ഥികളുടെ പഠനം മുടങ്ങാതിരിക്കുന്നതിനായി മൂന്നാർ എഞ്ചിനീയറിംഗ് കോളേജിലെ വർക്ക് ഷോപ്പ് കെട്ടിടത്തിൽ താത്ക്കാലികമായി ക്ലാസ്സുകൾ നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പെൺകുട്ടികൾക്ക് താത്ക്കാലികമായി ശൗചാലയം നിർമ്മിക്കുന്നതിനുമായി 20 ലക്ഷം രൂപയും 2019-20 സാമ്പത്തിക വർഷം അടിസ്ഥാന സൗകര്യ വികസനത്തിനായി 24,32,919 രൂപയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അതോടൊപ്പം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പ്രീ മെട്രിക് ഹോസ്റ്റൽ കെട്ടിടത്തിന്റെ റൂഫിംഗ് ഭാഗത്തും മുറ്റത്തും താത്ക്കാലിക ക്ലാസ്സ് മുറികൾ സജ്ജീകരിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

(ബി) നിലവിൽ കോളേജിന്റെ പ്രവർത്തനങ്ങൾക്കായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കെട്ടിടത്തിലെ മൂന്ന് മുറികൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കിയുള്ള മുറികളിൽ ഹോസ്റ്റൽ പ്രവർത്തിച്ചുവരുന്നതിനാൽ ഈ വിഷയം കൂടി പരിഗണിച്ച് മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

## കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ പി.ജി. കോഴ്സുകൾ

269 (1762) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ പുതിയ പി.ജി. കോഴ്സുകൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കോഴ്സ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇല്ലായെങ്കിൽ പി.ജി. കോഴ്സുകൾ അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ സമാഹൃത പ്രൊപ്പോസലിൽ കോടഞ്ചേരി സർക്കാർ കോളേജിൽ എം.എസ്.സി. സുവോളജി, എം.എസ്.സി. ഫിസിക്സ് എന്നീ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണം

270 (1763) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഗവ. ആർട്സ് & സയൻസ് കോളേജിൽ കെട്ടിടനിർമ്മാണത്തിനായി കിഫ്ബി ഫണ്ടനുവദിച്ചിട്ടും നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടനിർമ്മണത്തിനായി ഏത് ഏജൻസിയെയാണ് എസ്.പി.വി. ആയി ചുമതലപ്പെടുത്തിയത് എന്നറിയിക്കാമോ;

(സി) കോളേജ് കെട്ടിട നിർമ്മാണത്തിന്റെ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ?

ഉത്തരം

(എ-സി) ബാലുശ്ശേരി മണ്ഡലത്തിലെ ഗവ. ആർട്സ് & സയൻസ് കോളേജിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 9.917 കോടി രൂപയുടെ അംഗീകാരം കിഫ്ബി നൽകിയിട്ടുള്ളതും പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് SPV ആയി KITE(Kerala Infrastructure and Technology for Education)-നെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. ഈ പദ്ധതിയുടെ ടെണ്ടർ ഇവാല്യൂവേഷൻ SPV ആയ KITE മുഖേന സ്വീകരിച്ചുവരുന്നു.

## നിലമ്പൂർ ഗവൺമെന്റ് കോളേജിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി

271 (1764) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഗവ. കോളേജിനുള്ള സ്ഥലം ഏറ്റെടുപ്പ് നടപടിയുടെ പുരോഗതി വിശദമാക്കാമോ:

(ബി) പ്രസ്തുത കോളേജിന് കണ്ടെത്തിയ സ്ഥലത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) അനദ്ധ്യാപക തസ്തികകൾ അനുവദിക്കാത്തതുമൂലം ഈ കോളേജ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ സർക്കാർ കോളേജിന് ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന 5 ഏക്കർ സ്ഥലം കോളേജ് നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ടി സ്ഥലത്തിന്റെ റഫ് ടോപ്പോ സ്കെച്ച്, എസ്റ്റിമേറ്റഡ് കോസ്റ്റ്, ബസ് സൗകര്യം സംബന്ധിച്ച വിവരം, ഉടമയുടെ സമ്മതപത്രം എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചു വരുന്നു.

(ബി) നിലമ്പൂർ സബ് രജിസ്ട്രാർ ഓഫീസിലെ 811/1992, 4005/1992, 5487/2009 എന്നീ ആധാരങ്ങൾ പ്രകാരം വലി. പീടിയേക്കൽ ഉണ്ണി മുഹമ്മദ് ഹാജി, മകൻ മുഹമ്മദലി എന്നിവരുടെ കൈവശമുള്ള അമരമ്പലം വില്ലേജിൽപ്പെട്ട റീസർവ്വേ നമ്പർ 185/1 ബ്ലോക്ക് നമ്പർ 121-ലെ 5.9510 ഹെക്ടർ ഭൂമിയിൽനിന്നുള്ള 5 ഏക്കർ ഭൂമിയാണ് പ്രസ്തുത കോളേജിനായി ഏറ്റെടുക്കുന്നതിനായി കണ്ടെത്തിയിരിക്കുന്നത്.

(സി&ഡി) നിലമ്പൂർ ആർട്സ് & സയൻസ് കോളേജിൽ അനദ്ധ്യാപക തസ്തികകൾ അനുവദിക്കാത്തതുമൂലം ഈ കോളേജ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു ജൂനിയർ സൂപ്രണ്ടിന്റെയും ഒരു ക്ലാർക്കിന്റെയും തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

**കുളത്തൂർ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സ്**

272 (1765) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തൂർ ഗവ. കോളേജിൽ പുതിയ കോഴ്സ് ആരംഭിക്കുന്നതിനുവേണ്ടി എം.എൽ.എ.യുടെ ഉപരികത്തോടെ കോളേജ് പി.റ്റി.എ. കമ്മിറ്റി നൽകിയ നിവേദനത്തിന്മേൽ എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) 2018-19, 2019-20 വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം സർക്കാർ കോളേജിൽ പുതിയ കോഴ്സ് അനുവദിച്ചു എന്ന് അറിയിക്കുമോ;

(സി) ഏതൊക്കെയാണ് അപ്രകാരം അനുവദിച്ച കോഴ്സുകൾ എന്നും വിശദമാക്കാമോ?

ഉത്തരം

(എ) കുളത്തൂർ സർക്കാർ കോളേജിൽ ബാച്ചിലർ ഓഫ് ടൂറിസം & ട്രാവൽ മാനേജ്മെന്റ് കോഴ്സ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി & സി)

| നമ്പർ | കോളേജിന്റെ പേര് | അനുവദിച്ച കോഴ്സുകൾ |
|---|---|---|
| 1. | ഗവ. കോളേജ്, ആറ്റിങ്ങൽ | 1. BSc Mathematics<br>2. MA English |
| 2 | ഗവ. കോളേജ്, കാഞ്ഞിരംകുളം | M.Com |
| 3 | ഗവ. കോളേജ്, കാര്യവട്ടം | MSc Mathematics |
| 4 | ഗവ. കോളേജ്, നെടുമങ്ങാട് | 1. MA Malayalam<br>2. MA Economics |
| 5 | ഗവ. സംസ്കൃത കോളേജ്, തിരുവനന്തപുരം | M.Phil Sanskrit |
| 6 | ഗവ. ആർട്സ് കോളേജ്, തിരുവനന്തപുരം | M.Sc Biotechnology |

**കുന്ദമംഗലം ഗവൺമെന്റ് കോളേജിന് പുതിയ കെട്ടിടം**

273 (1766) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം ഗവ. കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കാൻ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഏത് സ്ഥാപനത്തെയാണ് ഇതിന്റെ എസ്.പി.വി. ആയി നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഈ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ ആരാണെന്ന് വ്യക്തമാക്കാമോ; പ്രവൃത്തിയുടെ കരാർ എടുത്തവരുമായി എഗ്രിമെന്റ് വെച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് കാലതാമസം വരാനുള്ള കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കുന്ദമംഗലം ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 9.045 കോടി രൂപയുടെ അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്.

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് SPV ആയി ചുമതലപ്പെടുത്തിയിരിക്കുന്നത് KITE (Kerala Infrastructure and Technology for Education)-നെയാണ്.

(സി & ഡി) പ്രസ്തുത പദ്ധതിയുടെ ടെണ്ടർ ഇവാല്യൂവേഷൻ SPV ആയ KITE മുഖേന സ്വീകരിച്ചു വരുന്നു.

**കാസർഗോഡ് ഗവൺമെന്റ് കോളേജിലെ അദ്ധ്യാപകരുടെ എണ്ണം**

274 (1767) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവൺമെന്റ് കോളേജിൽ എത്ര അധ്യാപകരുണ്ടെന്ന് ഡിപ്പാർട്ട്മെന്റ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ ഡിപ്പാർട്ട്മെന്റിലുമുള്ള തസ്തികകളുടെ എണ്ണവും ഇപ്പോഴുള്ള ഒഴിവുകളുടെ എണ്ണവും എത്രയാണെന്ന് വിശദമാക്കുമോ;

(സി) ഇവിടെയുള്ള സ്ഥിരാധ്യാപകരുടെയും ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അധ്യാപകരുടെയും കണക്ക് ലഭ്യമാക്കുമോ;

(ഡി) സ്ഥിരനിയമനം നൽകാതെ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിനുള്ള കാരണമെന്താണെന്ന് അറിയിക്കാമോ;

(ഇ) ഈ കോളേജിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം കോഴ്സ് തിരിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ഗവൺമെന്റ് കോളേജിലെ അദ്ധ്യാപകരുടെ എണ്ണം ഡിപ്പാർട്ട്മെന്റ് അടിസ്ഥാനത്തിൽ അനുബന്ധം* ആയി ചേർക്കുന്നു.

(ബി) ഓരോ വിഷയത്തിലെയും അനുവദിച്ച തസ്തികകളുടെ എണ്ണം, നിലവിലുള്ള ഒഴിവുകൾ എന്നിവ അനുബന്ധം* ആയി ചേർക്കുന്നു.

(സി) കാസർഗോഡ് കോളേജിൽ വിവിധ വിഷയങ്ങളിലായി 84 സ്ഥിരം അദ്ധ്യാപകരും (അനുബന്ധം ആയി ചേർക്കുന്നു) 21 ഗസ്റ്റ് അദ്ധ്യാപകരും (അനുബന്ധം ആയി* ചേർക്കുന്നു.) സേവനമനുഷ്ഠിക്കുന്നു.

(ഡി) നിലവിലെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. സ്ഥിരാദ്ധ്യാപകരുടെ അഭാവത്തിലോ അഞ്ചു മണിക്കൂറിൽ കൂടുതൽ വർക്ക് ലോഡ് ഉണ്ടെങ്കിലോ സ്ഥിരാദ്ധ്യാപകർ മൂന്ന് മാസത്തിൽ കൂടുതൽ ലീവ് എടുക്കുന്ന വേളയിലോ ആണ് താത്കാലിക അദ്ധ്യാപകരെ നിയമിക്കുന്നത്.

(ഇ) അനുബന്ധം* ആയി ചേർക്കുന്നു.

**തൃപ്പൂണിത്തുറ ഗവൺമെന്റ് ആർട്സ് കോളേജിൽ സയൻസ് വിഭാഗം**

275 (1768) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയമസഭാ നിയോജകമണ്ഡലത്തിലെ സർക്കാർ കോളേജുകളിൽ സയൻസ് വിഭാഗത്തിൽ ബിരുദ ബിരുദാനന്തര ക്ലാസ്സുകൾ നിലവിലില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത് കാരണം ഒട്ടേറെ വിദ്യാർത്ഥികൾക്ക് പ്രയാസം അനുഭവപ്പെടുന്നത് പരിഹരിക്കുന്നതിലേക്കായി ഗവണ്മെന്റ് ആർട്സ് കോളേജിൽ ഇപ്പോൾ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി സയൻസ് വിഭാഗം അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി ഏതെങ്കിലും നിവേദനങ്ങൾ സർക്കാരിന് ലഭ്യമായിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി-ഡി) ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എം. സ്വരാജിന്റെ നിവേദന പ്രകാരം തൃപ്പൂണിത്തുറ ആർട്സ് & സയൻസ് കോളേജിൽ ബി.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ്, ബി.റ്റി.റ്റി.എം., എം.എ. ഇക്കണോമിക്സ് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ഉൾപ്പെടെയുള്ളവ സർക്കാർ പരിശോധിച്ചു വരുന്നു.

## കരുനാഗപ്പള്ളി മണ്ഡലത്തിൽ ആർട്സ് ആൻഡ് സയൻസ് കോളേജ്

276 (1769) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജിനാവശ്യമായ സ്ഥലം ഐ. എച്ച്. ആർ. ഡി. എഞ്ചിനീയറിംഗ് കോളേജിന്റെ കാമ്പസിൽനിന്നും ലഭ്യമാക്കുന്നതിന് ഉത്തരവായിട്ടുണ്ടോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇതിന്റെ തുടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) സർക്കാർ ഭൂമിയുടെ കൈമാറ്റം സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കേണ്ടത് റവന്യൂ വകുപ്പാണെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പെരിന്തൽമണ്ണ പി.ടി.എം. ഗവൺമെന്റ് കോളേജിൽ എം.എ. (മലയാളം) കോഴ്സ്

277 (1770) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ മലയാളം ബിരുദാനന്തര ബിരുദ കോഴ്സ് ഉള്ള കോളേജുകൾ സർക്കാർ മേഖലയിൽ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബിരുദതലത്തിൽ മലയാളം ഐച്ഛികമായി പഠിച്ച വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിയ്ക്കുന്നതിനായി പെരിന്തൽമണ്ണ പി.ടി.എം. ഗവ. കോളേജിൽ എം.എ.(മലയാളം) കോഴ്സ് അനുവദിയ്ക്കുന്നതിനുള്ള ശിപാർശ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ശിപാർശ അംഗീകരിയ്ക്കാത്തതിന് കാരണമെന്താണെന്ന് വിശദമാക്കാമോ;

(സി) കൂടുതൽ വിദ്യാർത്ഥികൾക്ക് ബിരുദാനന്തര ബിരുദത്തിന് മലയാളം പഠിയ്ക്കുന്നതിന് അവസരമൊരുക്കുന്ന തരത്തിൽ പി.ടി.എം. ഗവ. കോളേജിൽ എം.എ.(മലയാളം) കോഴ്സ് അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ സമാഹൃത പ്രൊപ്പോസലിൽ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ സർക്കാർ കോളേജിൽ എം.എ. മലയാളം കോഴ്സ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലും ഉൾപ്പെട്ടിട്ടുണ്ട്. പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## കുട്ടമ്പുഴയിൽ സർക്കാർ കോളേജ്

278 (1772) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നിരവധി ആദിവാസികോളനികൾ ഉൾക്കൊള്ളുന്ന കുട്ടമ്പുഴയിൽ സർക്കാർ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ച തുടർനടപടി വ്യക്തമാക്കാമോ;

(സി) കോളേജ് ആരംഭിക്കുന്നതിനു ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് കൂട്ടമ്പുഴയിൽ കോളേജ് ആരംഭിക്കുന്ന നടപടി വേഗത്തിലാക്കുമോ;എങ്കിൽ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോളേജ് ആരംഭിക്കുന്നതിനായി ജലസേചന വകുപ്പിന്റേതായി കുട്ടമ്പുഴ പഞ്ചായത്തിലെ ഞായപ്പള്ളി വാർഡിലുള്ള സ്ഥലത്തുനിന്നും 5 ഏക്കർ സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് വാട്ടർ റിസോഴ്സ് വകുപ്പിന്റെ അഭിപ്രായം തേടിയിട്ടുണ്ട്.

(ബി&സി) ഉണ്ട്. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിൽ കോളേജ് ആരംഭിക്കുന്നതിനായി നിർദ്ദേശിച്ചിരുന്നതിൽ കുട്ടമ്പുഴ പഞ്ചായത്തിലെ ഞായപ്പിള്ളി വാർഡിലെ ജലസേചന വകുപ്പിന്റേതായ 10 ½ ഏക്കർ സ്ഥലം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടറോടും എറണാകുളം കളക്ടറോടും ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ടുകൾ സഹിതം കോളേജ് ആരംഭിക്കുന്നതിനായി 5 ഏക്കർ സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് വാട്ടർ റിസോഴ്സ് വകുപ്പിന്റെ അഭിപ്രായം തേടിയിട്ടുണ്ട്.

(ഡി) കോളേജ് ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## ഉന്നത വിദ്യാഭ്യാസ കൗൺസിൽ

279 (1773) <u>ശ്രീ. ഇ. കെ. വിജയൻ:</u>
<u>ശ്രീമതി ഗീതാ ഗോപി:</u>
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ കൗൺസിൽ സ്ഥാപിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും, അതിന്റെ പ്രവർത്തനപരിപാടികളും വിശദമാക്കുമോ;

(ബി) ഉന്നതവിദ്യാഭ്യാസ രംഗത്ത് അക്കാദമികവും ഭരണപരവുമായി പുരോഗതി കൈവരിക്കുന്നതിൽ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ പങ്ക് വ്യക്തമാക്കുമോ;

(സി) ഉന്നത വിദ്യാഭ്യാസത്തിന്റെ സാമൂഹികവൽക്കരണവും ജനാധിപത്യവൽക്കരണവും ലക്ഷ്യമാക്കി ഉന്നതവിദ്യാഭ്യാസ കൗൺസിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 1986-ലെ ദേശീയ വിദ്യാഭ്യാസ നയത്തിൽ ഉന്നത വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാനതല ഏജൻസികൾ ഉണ്ടാവണമെന്ന് വിഭാവനം ചെയ്തിരുന്നു. ഇതിനനുസൃതമായി, സംസ്ഥാന നിയമസഭ പാസ്സാക്കിയ 2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്ട് (ആക്ട് നമ്പർ 22) പ്രകാരം നിലവിൽ വന്ന ഏജൻസിയാണ് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ.

ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യ നീതി പ്രാപ്യത, ഗുണമേന്മ എന്നിവ ഉറപ്പാക്കാനുതകുന്ന പദ്ധതികളും പരിപാടികളുമാണ് കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

- ഉന്നത വിദ്യാഭ്യാസ നയരൂപീകരണം സംബന്ധിച്ച് സർക്കാരിനും സർവ്വകലാശാലകൾക്കും ഉപദേശം നൽകുക.
- ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുക.
- ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കേണ്ട പരിഷ്കാരങ്ങളെക്കുറിച്ച് പഠിച്ച്, ചർച്ച ചെയ്ത് റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കുക.
- ഉന്നത വിദ്യാഭ്യാസ രംഗത്ത് ചില പൊതുവായ സേവനങ്ങൾ ലഭ്യമാക്കുക.

കൗൺസിലിന്റെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ സൂചിപ്പിക്കുന്നു.

1. <u>എറുഡൈറ്റ് പദ്ധതി</u>:- ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധനവിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഭാവനാപൂർണ്ണമായ പദ്ധതിയാണ് 'എറുഡൈറ്റ്' അഥവാ 'Scholar in Residence Scheme' .

2. <u>ക്ലസ്റ്റർ കോളേജ് പദ്ധതി</u>:- ഒരേ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ (പ്രത്യേകിച്ചും കോളേജുകൾ), മാനുഷികവും ഭൗതികവുമായ വിഭവങ്ങൾ പരസ്പരം പങ്കുവയ്ക്കുകയും അതുവഴി ഈ വിഭവങ്ങൾ

പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്ത്, ഉന്നത വിദ്യാഭ്യാസ രംഗത്ത് മേന്മ (excellence) കൈവരിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് യു.ജി.സി. നിർദ്ദേശാനുസരണം ' ക്ലസ്റ്റർ ഓഫ് കോളേജസ് എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയത്.

3. ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി:- സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് കോളേജുകളിലും സർവ്വകലാശാലാ ഡിപ്പാർട്ടുമെന്റുകളിലും ബിരുദ, ബിരുദാനന്തര തലത്തിൽ നോൺ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കായി 2009 മുതൽ നടപ്പിലാക്കിയതാണ് ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി.

4. കൗൺസിൽ ജേർണൽ:- ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 'Higher Education for the Future' എന്ന 'ബൈ-ആനുവൽ' ജേർണൽ പ്രസിദ്ധീകരിച്ചുവരുന്നു.

5. കൗൺസിൽ റിപ്പോർട്ടുകൾ:- സർക്കാരിന് ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട നയപരമായ വിഷയങ്ങളിൽ പൊതുവായും പ്രത്യേക വിഷയങ്ങളിൽ കൃത്യമായും മറുപടി നൽകുന്നതിനുള്ള ചുമതല ഉന്നത വിദ്യാഭ്യാസ സമിതിക്കാണ്. സർക്കാർ ആവശ്യപ്പെടുന്ന മുറയ്ക്ക് വിവിധ വിഷയങ്ങളെക്കുറിച്ച് കൗൺസിൽ പഠനം നടത്തുകയും റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്യുന്നു.

6. കമ്മിറ്റികളുടെ രൂപീകരണം.

ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് കൗൺസിൽ മുഖേന രൂപീകരിക്കുന്ന കമ്മിറ്റികൾ പഠിച്ച് വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നുണ്ട്.

കൗൺസിലിന്റെ ആരംഭം മുതൽ നടത്തിയ പ്രവർത്തനങ്ങൾകൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹിക നീതിയും ഗുണനിലവാരവും ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് കേരളത്തിലെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും പ്രവർത്തനങ്ങളെ ഗുണപരമായി സ്വാധീനിച്ചിട്ടുണ്ടെന്നാണ് പൊതുവെയുള്ള വിലയിരുത്തൽ. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ചട്ടങ്ങളും പ്രവർത്തനങ്ങളും ദേശീയ തലത്തിൽത്തന്നെ മറ്റ് കൗൺസിലുകൾക്ക് മാതൃകയായി മാറിയിട്ടുണ്ട്.

(ബി) ഉന്നത വിദ്യാഭ്യാസ രംഗത്ത് അക്കാദമികവും ഭരണപരവുമായി പുരോഗതി കൈവരിക്കുന്നതിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ചുവടെ സൂചിപ്പിക്കുന്നവയാണ്.

ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ (FTC):- ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിനെക്കുറിച്ച് പരിശോധിച്ചുവരുന്നത്.

ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും(OBE) ഗ്രാജ്യുവേറ്റ് ആട്രിബ്യൂട്ടുകളും (GA):- ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജ്യുവേറ്റ് ആട്രിബ്യൂട്ടുകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണത്തിനാണ് ഈ പദ്ധതിയിലൂടെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ശ്രമിച്ചുവരുന്നത്. ഓരോ പ്രോഗ്രാമിനും ചേരുന്ന വിദ്യാർത്ഥികൾക്ക് ആത്യന്തികമായി ആർജ്ജിക്കാൻ കഴിയുന്ന അറിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രസ്താവിക്കുന്നതാണ് ഈ രീതി.

ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വെ:- ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വിവരശേഖരണം ലക്ഷ്യമിട്ടാണ് സംസ്ഥാനത്ത് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേ ആരംഭിച്ചിരിക്കുന്നത്. Kerala Institutional Ranking Framework (KIRF) ന് ആവശ്യമായ വിവരങ്ങളും സർവ്വേയിലൂടെ ശേഖരിക്കാൻ കഴിയും.

സ്റ്റേറ്റ് ലെവൽ അക്കാദമിക് കമ്മിറ്റി (SLAC):- ബിരുദങ്ങളുടെയും അക്കാദമിക് പ്രോഗ്രാമുകളുടെയും തുല്യതയും അംഗീകാരവും സംബന്ധിച്ച പരാതികളും പ്രശ്നങ്ങളും തീർപ്പുകൽപ്പിക്കാൻ സംസ്ഥാന സർവ്വകലാശാല വൈസ് ചാൻസലർമാരും ഉൾപ്പെട്ട സമിതിയാണ് ഇത്.

ചാൻസലേഴ്സ് അവാർഡ്:- ബഹുമാനപ്പെട്ട കേരള ഗവർണർ മുൻകയ്യെടുത്ത് ഏർപ്പെടുത്തിയിട്ടുള്ള അവാർഡാണിത്. സ്ഥാപിതമായി 12 വർഷം കഴിയാത്ത സർവ്വകലാശാലകളെ "Emerging and Young Universities" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 1 കോടി രൂപയും അല്ലാത്തവയ്ക്ക് 5 കോടി രൂപയുമാണ് അവാർഡായി നൽകുന്നത്.

കൈരളി ഗവേഷണ പുരസ്കാരങ്ങൾ:- ഗവേഷണ രംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസർച്ച് അവാർഡുകൾ.

ബ്രെയിൻ ഗെയിൻ സമീപനം:- പ്രവാസികളായ അക്കാദമിക്കുകളേയും പണ്ഡിതരേയും സംസ്ഥാനത്തെ കോളേജുകളിലേയും സർവ്വകലാശാലകളിലെയും ക്യാമ്പസുകളിൽ എറുഡൈറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്തിക്കാനുള്ള യജ്ഞം.

(സി) ഉന്നത വിദ്യാഭ്യാസ സാമൂഹികവൽക്കരണവും ജനാധിപത്യ-വൽക്കരണവും ലക്ഷ്യമാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

കരിക്കുലം പരിഷ്കരണം:- സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും കരിക്കുലവും പാഠ്യപദ്ധതികളും കാലോചിതമായി പരിഷ്കരിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിവരുന്നത് പ്രധാനമായും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലാണ്.

ഏകജാലക പ്രവേശനം:- കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർദ്ദേശങ്ങൾക്കൂടി പരിഗണിച്ചാണ് സംസ്ഥാനത്ത് സർവ്വകലാശാലകളിലും കോളേജുകളിലും പ്രവേശനത്തിന് ഏകജാലക സംവിധാനം ഏർപ്പെടുത്തിയത്.

പ്രബുദ്ധത:- ഉന്നത വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവത്ക്കരണവും സാമൂഹ്യവത്ക്കരണവും ലക്ഷ്യമാക്കി ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതിയാണ് പ്രബുദ്ധത. കുടുംബശ്രീ മിഷന്റെ സഹകരണത്തോടെ തിരുവനന്തപുരം ജില്ലയിലെ കരകുളം പഞ്ചായത്തിലാണ് ഇതിന്റെ പ്രഥമ മാതൃക നടപ്പിലാക്കിയത്. ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ/സ്ഥാപനങ്ങൾ എന്നിവയിൽനിന്നും പ്രസരണം ചെയ്യുന്ന അറിവും വിജ്ഞാനവും സമൂഹത്തിലെ സാധാരണക്കാരന്റെ ജീവിതത്തിൽ ഉണ്ടാക്കുന്ന പ്രതിഫലനം അവരെ ബോധ്യപ്പെടുത്തുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

## കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമി കെട്ടിട നിർമ്മാണം

280 (1774) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

### ഉത്തരം

2-6-2014-ലെ സ.ഉ.(എം എസ്.) 228/2014/റവന്യൂ ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ കോഴിക്കോട് സബ് സെന്ററിന് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിനായി തുരുത്തിയാട് അഴകൊടി ദേവീ

ക്ഷേത്രത്തിന് സമീപമുള്ള അടഞ്ഞുകിടക്കുന്ന PWD ജില്ലാ ഗോഡൗൺ പരിസരത്ത് ടി എസ്. 5-23-1139/2. 54 സെന്റ് സ്ഥലം അനുവദിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത ഭൂമി അഴകൊടി ദേവീ ക്ഷേത്രത്തിനു വിട്ടുനൽകണം എന്ന ആവശ്യവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ശ്രീ. ലോഹിതാക്ഷൻ ഫയൽ ചെയ്ത WP(c) 22446/18 നമ്പർ കേസ് കാരണം നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുകയും ടി കേസിന്റെ 3-9-2018-ലെ വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കളക്ടർ അനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ജനപ്രതിനിധികളുടെ അഭിപ്രായത്തെത്തുടർന്ന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCC) മുഖാന്തരം അടിയന്തരമായി നിർവ്വഹിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയുമാണ്.

## ബി.ടെക് പരീക്ഷയിൽ പ്രത്യേക മോഡറേഷൻ

281 (1775) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാല നടത്തുന്ന ബി.ടെക് പരീക്ഷയിൽ സെമസ്റ്ററിന് ഒരു വിഷയത്തിന് മാത്രം തോൽക്കുന്ന വിദ്യാർത്ഥികൾക്ക് അഞ്ച് മാർക്ക് വീതം പ്രത്യേക മോഡറേഷൻ നൽകുന്നതിനുള്ള നിർദ്ദേശം അക്കാഡമിക് കൗൺസിലിന്റെ പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഈ ആനുകൂല്യം അനുവദിച്ചാൽ എത്ര വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ബി.ടെക് പരീക്ഷ 2010 മുതൽ സാങ്കേതിക സർവ്വകലാശാലയിലേക്ക് മാറ്റിയെന്നും യൂണിവേഴ്സിറ്റിക്ക് ഇനി പരീക്ഷ നടത്തുവാൻ സാധ്യമാകുകയില്ലായെന്ന കാരണത്താൽ മഹാത്മഗാന്ധി സർവ്വകലാശാലയിൽ ബി.ടെക് പരീക്ഷക്ക് പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് അഞ്ച് മാർക്ക് ദാനം നൽകിയത് വിവാദമായിരിക്കെ സാങ്കേതിക സർവ്വകലാശാല ഇത്തരം ഒരു തീരുമാനം എടുക്കുന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അക്കാഡമിക് കൗൺസിലിന്റെ പരിഗണനയിൽ വന്നിട്ടില്ല.

(ബി&സി) ബാധകമല്ല.

**സാങ്കേതിക സർവ്വകലാശാല പരീക്ഷകളുടെ മൂല്യനിർണ്ണയം**

282 (1776) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാല നടത്തുന്ന പരീക്ഷകളുടെ മൂല്യനിർണ്ണയത്തിൽ നിന്നും അദ്ധ്യാപകർ വിട്ടുനിൽക്കുന്നതുമൂലം പരീക്ഷാഫലം അനന്തമായി നീളുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) മൂല്യനിർണ്ണയത്തിൽ നിന്നും വിട്ടുനിൽക്കുന്ന അദ്ധ്യാപകരിൽനിന്നും പിഴ ഈടാക്കുവാൻ സാങ്കേതിക സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ടോ; എന്ത് തുകയാണ് പിഴയായി ഈടാക്കുന്നത്; എത്ര അദ്ധ്യാപകരിൽനിന്നും ഇപ്രകാരം പിഴ ഈടാക്കി;

(സി) മൂല്യനിർണ്ണയത്തിൽ അദ്ധ്യാപകരുടെ ഭാഗത്തുനിന്നുള്ള പിഴവുമൂലം പുനർമൂല്യനിർണ്ണയത്തിൽ മാർക്കിൽ വലിയ വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ അവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) മൂല്യനിർണ്ണയത്തിൽ പങ്കെടുക്കാതിരിക്കുന്ന അദ്ധ്യാപർക്ക് പിഴ ചുമത്തുന്നതുൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുന്നകാര്യം എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ട്. തുടർന്ന് വരുന്ന പരീക്ഷകൾ മുതലാണ് ഈ തീരുമാനം നടപ്പിലാവുന്നത്.

മൂല്യനിർണ്ണയം സംബന്ധിച്ച പരാതികളിന്മേൽ ഉചിതമായ നടപടി സ്വീകരിക്കാൻ സർവ്വകലാശാല സിൻഡിക്കേറ്റ് പരീക്ഷ സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**സാങ്കേതിക സർവ്വകലാശാലയിലെ പരീക്ഷകളും റിസൾട്ടുകളും**

283 (1777) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയിലെ റഗുലർ പരീക്ഷകളും സപ്ലിമെന്ററി പരീക്ഷകളും സമയബന്ധിതമായി നടത്തി ഫലം പ്രസിദ്ധീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത പരീക്ഷകൾക്ക് പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) പല സപ്ലിമെന്ററി പരീക്ഷകളും കഴിഞ്ഞ് മാസങ്ങളായിട്ടും റിസൾട്ട് പ്രസിദ്ധീകരിക്കുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഫലപ്രഖ്യാപനം വേഗത്തിലാക്കുവാനായി മൂല്യനിർണ്ണയ ക്യാമ്പുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. മൂല്യനിർണ്ണയം സംബന്ധിച്ച് വിശദമായ സമയ പട്ടിക പരീക്ഷ തുടങ്ങും മുമ്പുതന്നെ പ്രസിദ്ധീകരിക്കുകയും അത് പാലിക്കുന്നുണ്ടെന്ന് സർവ്വകലാശാല ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. മൂല്യനിർണ്ണയത്തിൽനിന്നും വിട്ടുനിൽക്കുന്ന അദ്ധ്യാപകരിൽനിന്നും പിഴ ഈടാക്കുന്നത് ഉൾപ്പെടെയുള്ള അച്ചടക്ക നടപടികൾ കൈക്കൊണ്ടുവരികയാണ്.

(ബി) പരീക്ഷകൾ നടത്തുന്നതിനുള്ള അക്കാദമിക് കലണ്ടർ സർവ്വകലാശാല തയ്യാറാക്കിയിട്ടുണ്ട്. ഇതിനനുസൃതമായി പരീക്ഷാ കലണ്ടർ സർവ്വകലാശാല വെബ് സൈറ്റിൽ പരീക്ഷ തുടങ്ങും മുമ്പുതന്നെ പ്രസിദ്ധീകരിക്കുന്നതാണ്.

(സി) സപ്ലിമെന്ററി പരീക്ഷകളുടെ ഫല പ്രഖ്യാപനം വൈകിയിട്ടില്ല.

**സാങ്കേതിക സർവ്വകലാശാലയിലെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം**

284 (1778) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. കെ. എം. ഷാജി:
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാല ചട്ടപ്രകാരം ഉത്തരകടലാസ്സ് മൂല്യനിർണ്ണയ പരാതിയിന്മേൽ എത്ര പ്രാവശ്യമാണ് മൂല്യനിർണ്ണയം നടത്താറുള്ളത്;

(ബി) ഈ ചട്ടം ലംഘിച്ച് മൂല്യനിർണ്ണയം നടത്തേണ്ടി വന്നിട്ടുണ്ടോ; ആയതിന്റെ സാഹചര്യം വെളിപ്പെടുത്തുമോ;

(സി) തോറ്റ വിദ്യാർത്ഥിയെ ചട്ടവിരുദ്ധമായി വിജയിപ്പിച്ച തീരുമാനം റദ്ദാക്കണമെന്ന വിഷയത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) സാങ്കേതിക സർവ്വകലാശാല ചട്ടപ്രകാരം ബിരുദ കോഴ്സുകൾ ഒരു തവണയാണ് പുനർമൂല്യനിർണ്ണയം നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ബിരുദാനന്തര കോഴ്സുകൾക്ക് ചട്ടപ്രകാരം പുനർമൂല്യനിർണ്ണയം അനുവദനീയമല്ല.

(ബി) മൂല്യനിർണ്ണയത്തിലെ പാകപ്പിഴകൾമൂലം വിദ്യാർത്ഥികൾക്ക് സ്വാഭാവിക നീതി നിഷേധിക്കപ്പെട്ടുവെന്ന് ബോധ്യപ്പെട്ട പരാതിയിൽ സർവ്വകലാശാല വൈസ് ചാൻസലറുടെ വിവേചനാധികാര ചട്ടം ഉപയോഗിച്ച് വീണ്ടും മൂല്യനിർണ്ണയം നടത്തേണ്ടിവന്നിട്ടുണ്ട്. 27-2-2019-ൽ സർവ്വകലാശാലയിൽ നടന്ന ഫയൽ അദാലത്തിൽ ബി.ടെക് ആറാം സെമസ്റ്റർ പരീക്ഷയിൽ ഒരു വിഷയത്തിന് മാത്രം പരാജയപ്പെട്ട ബി.ടെക് ബിരുദ വിദ്യാർത്ഥി പരാതി സമർപ്പിച്ചിരുന്നു. പുനർമൂല്യനിർണ്ണയത്തിലും തനിക്ക് അർഹതപ്പെട്ട മാർക്ക് ലഭിച്ചില്ല എന്നായിരുന്നു പരാതി. ഈ വിദ്യാർത്ഥി ഹാജരാക്കിയ ഉത്തരക്കടലാസിന്റെ പകർപ്പും അനുബന്ധ രേഖകളും വിശദമായി പരിശോധിച്ച് അദാലത്തിന്റെ ഓർഗനൈസിംഗ് കമ്മിറ്റിക്ക് ഈ വിദ്യാർത്ഥിക്ക് അർഹമായ മാർക്ക് ലഭിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടു. ഈ വിദ്യാർത്ഥിയുടെ ഒന്ന് മുതൽ അഞ്ച് സെമസ്റ്റർ വരെയുള്ള ഉയർന്ന മാർക്കുകളും കമ്മിറ്റി വിലയിരുത്തി. തുടർന്ന് വൈസ് ചാൻസലർ തന്റെ വിവേചനാധികാരം ഉപയോഗിച്ച് ഈ വിദ്യാർത്ഥിയുടെ ഉത്തരക്കടലാസ് ഒരു തവണകൂടി പുനർമൂല്യനിർണ്ണയം നടത്തുന്നതിന് തീരുമാനിച്ചിരുന്നു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് അനുസരിച്ച് പുനർമൂല്യനിർണ്ണയം അനുവദനീയമല്ലാത്ത ബിരുദാനന്തര കോഴ്സിലെ (എം.സി.എ.) ഒരു വിദ്യാർത്ഥിയുടെ പരാതിയിലും ഒരു തവണ കൂടി മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്.

(സി) തോറ്റ വിദ്യാർത്ഥിയെ ചട്ടവിരുദ്ധമായി വിജയിപ്പിച്ചിട്ടില്ല. മറിച്ച് മൂല്യനിർണ്ണയത്തിലെ അപാകതകൾമൂലം തോൽപ്പിക്കപ്പെട്ട സമർത്ഥനായ ഒരു വിദ്യാർത്ഥിക്ക് വൈസ് ചാൻസലറുടെ വിവേചനാധികാരം ഉപയോഗിച്ച് അർഹമായ നീതി ലഭ്യമാക്കുകയാണ് ചെയ്തിട്ടുള്ളത്.

## കാസർഗോഡ് ജില്ലയിലെ ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജുകൾ

285 (1779) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ചീമേനിയിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജിൽ പുതുതായി ഏതെങ്കിലും കോഴ്സുകൾ അനുവദിക്കുന്നതിനായി സർവ്വകലാശാല ശിപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ഐ.എച്ച്.ആർ.ഡി. യുടെ കീഴിൽ മൂന്ന് അപ്ലൈഡ് സയൻസ് കോളേജുകൾ പ്രവർത്തിക്കുന്നു.

1. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, ചീമേനി
2. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, മഞ്ചേശ്വരം
3. മോഡൽ കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, നീലേശ്വരം

(ബി) ജൂലൈ 2019-ൽ കോളേജ് ഓഫ് അപ്ലൈഡ് സയൻസ് ചീമേനിയിൽ

1) എം.കോം ഫിനാൻസ് (20 സീറ്റുകൾ)

2) ബി.കോം വിത്ത് കോ-ഓപ്പറേഷൻ (50 സീറ്റുകൾ)

3) ബി.എ. ഇംഗ്ലീഷ് വിത്ത് ജേർണലിസം (40 സീറ്റുകൾ) എന്നീ കോഴ്സുകൾ 2019-20 അദ്ധ്യയന വർഷത്തിൽ അനുവദിക്കുന്നതിനായി ഐ.എച്ച്.ആർ.ഡി. ഡയറക്ടർ കണ്ണൂർ സർവ്വകലാശാലയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷകൾ സർവ്വകലാശാലയുടെ പരിഗണനയിലാണ്. ഇതുസംബന്ധിച്ച് അറിയിപ്പുകളൊന്നും സർവ്വകലാശാലയിൽനിന്നും സർക്കാരിൽ ലഭ്യമായിട്ടില്ല.

**ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയ ചട്ടങ്ങൾ**

286 (1780) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയുടെ നിലവിലുള്ള ചട്ടപ്രകാരം പരീക്ഷയിൽ പരാജയപ്പെടുന്ന വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണയത്തിന് എത്ര അവസരമാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കൊല്ലം ടി.കെ.എം. കോളേജിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗിന് പഠിച്ചിരുന്നതും ആറാം സെമസ്റ്ററിൽ ഡൈനമിക്സ് ഓഫ് മിഷ്യനറി എന്ന പേപ്പറിന് രണ്ട് മൂല്യ നിർണയങ്ങളിൽ പരാജയപ്പെട്ടതുമായ വിദ്യാർത്ഥിക്ക് ഫെബ്രുവരി

27 ന് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന അദാലത്തിൽ മൂന്നാം മൂല്യ നിർണയത്തിന് നിർദ്ദേശം നൽകിയിരുന്നുവോയെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത വിദ്യാർത്ഥിക്ക് ആദ്യത്തെയും രണ്ടാമത്തെയും മൂല്യ നിർണയങ്ങളിൽ എത്ര മാർക്ക് വീതമാണ് ലഭിച്ചിരുന്നത്; മൂന്നാം മൂല്യ നിർണയത്തിൽ ലഭിച്ച മാർക്ക് എത്രയാണെന്ന് അറിയിക്കാമോ;

(ഡി) യൂണിവേഴ്സിറ്റി നിയമപ്രകാരം മൂന്നാം മൂല്യനിർണയത്തിന് അനുമതി നൽകുവാൻ സാധിക്കുമോ; ഇല്ലെങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം നിയമവിരുദ്ധമായ നടപടി തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ;

(ഇ) മൂല്യ നിർണ്ണയവും പുനർ മൂല്യനിർണയവും നടത്തിയ അദ്ധ്യാപകരെ ഡീബാർ ചെയ്ത് പിഴ ചുമത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയത്തിന് ഒരു അവസരമാണ് നൽകുന്നത്.

(ബി) 2019 ഫെബ്രുവരി 27-ാം തീയതി സർവ്വകലാശാലയിൽ നടന്ന ഫയൽ അദാലത്തിൽ കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിലെ ബി.ടെക് ആറാം സെമസ്റ്റർ വിദ്യാർത്ഥി നൽകിയ പരാതിയും അനുബന്ധ രേഖകളും വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വൈസ് ചാൻസലറുടെ നേതൃത്വത്തിലുള്ള ഓർഗനൈസിംഗ് കമ്മിറ്റിക്ക് ഒരു മൂല്യനിർണ്ണയംകൂടി നടത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടു. തുടർന്ന് വൈസ് ചാൻസലറുടെ നിർദ്ദേശപ്രകാരം തുടർ നടപടികൾ കൈക്കൊണ്ടു.

(സി) ആദ്യ മൂല്യനിർണ്ണയത്തിൽ 27-മാർക്കും രണ്ടാമത്തെ മൂല്യ നിർണ്ണയത്തിൽ 32-മാർക്കും ലഭിച്ചിരുന്നു. മൂന്നാം മൂല്യനിർണ്ണയത്തിൽ 48 മാർക്ക് ലഭിച്ചിട്ടുണ്ട്.

(ഡി) ഇല്ല. പ്രസ്തുത വിദ്യാർത്ഥിക്ക് ഒന്ന് മുതൽ അഞ്ചുവരെയുള്ള എല്ലാ സെമസ്റ്ററുകളിലും ഉയർന്ന ഗ്രേഡുകളാണ് ലഭിച്ചിരിക്കുന്നത്. (S1-9.35, S2-9.69, S3-9.63, S4-9.13, S5-8.85) ആറാം സെമസ്റ്ററിൽതന്നെ പ്രസ്തുത വിഷയത്തിനൊഴികെ എല്ലാ വിഷയങ്ങളിലും ഉയർന്ന മാർക്കോടെ വിജയിച്ചിരുന്നു. ഈ വിദ്യാർത്ഥിയുടെ അതുവരെയുള്ള ഉന്നതമായ അക്കാഡമിക് നിലവാരവും വിദ്യാർത്ഥി അദാലത്തിൽ ഹാജരാക്കിയ പരീക്ഷ പേപ്പറിന്റെ പകർപ്പ് ഉൾപ്പെടെയുള്ള അനുബന്ധ രേഖകളുടെ സൂക്ഷ്മമായ വിലയിരുത്തലിന്റെയും അടിസ്ഥാനത്തിലാണ് ഒരു മൂല്യനിർണ്ണയംകൂടി ശിപാർശ ചെയ്തത്. ഇത് മൂല്യനിർണ്ണയങ്ങളിലെ പാകപ്പിഴകൾമൂലം തോൽപ്പിക്കപ്പെട്ട സമർത്ഥനായ ഒരു വിദ്യാർത്ഥിക്ക് നീതി ഉറപ്പാക്കുന്ന സാഹചര്യം സൃഷ്ടിക്കുകയാണ് ചെയ്തത്. കോടതി വിധിയുടെ അടിസ്ഥാനത്തിൽ മൂന്നാം മൂല്യനിർണ്ണയം നടത്തിയ സാഹചര്യം മുൻപും ഉണ്ടായിട്ടുണ്ട്.

(ഇ) ഇല്ല. മൂല്യനിർണ്ണയവും പുനർമൂല്യനിർണ്ണയവും നടത്തിയ അദ്ധ്യാപകർക്ക് സർവ്വകലാശാല കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. ഇവരുടെ മറുപടി ലഭിക്കുന്ന മുറയ്ക്ക്, അവ പരിശോധിച്ച് പിഴവ് വരുത്തിയവർക്കെതിരെ സർവ്വകലാശാല നിയമപ്രകാരമുള്ള തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

## കാസർഗോഡ് ജില്ലയിൽ എഞ്ചിനീയറിംഗ് കോളേജ്

287 (1781) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പൊവ്വൽ എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിന്റെ ആൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് അനുമതി നൽകിയിട്ട് എത്ര മാസമായിയെന്നും ഏത് ഏജൻസി മുഖേനയാണ് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതെന്നും നിലവിൽ ഈ പ്രവൃത്തിയുടെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഹോസ്റ്റൽ നിർമ്മാണത്തിന് 2018-19 സാമ്പത്തിക വർഷത്തിൽ 60 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ അനുവദിച്ചിട്ടുണ്ട്.

(ബി) 9-5-2018-ലെ സ.ഉ.(സാധാ) നമ്പർ 923/2018/ഉ.വി.വ. പ്രകാരമാണ് അനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി ചെയ്യുവാൻ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. പ്ലാൻ, എസ്റ്റിമേറ്റ്, ഡിസൈൻ എല്ലാം തയ്യാറാക്കിയിട്ടുണ്ട്. 20-5-2019-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ സാമ്പത്തിക പരിമിതിമൂലം മേൽപ്പറഞ്ഞ പ്രവൃത്തി മാറ്റിവെക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ ഉണ്ടായിട്ടില്ല.

## കണ്ണൂർ ജില്ലയിലെ ഗവൺമെന്റ് പോളിടെക്നിക്

288 (1782) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ നടുവിൽ ആരംഭിക്കുവാൻ തീരുമാനിച്ച ഗവൺമെന്റ് പോളിടെക്നിക്കിന്റെ പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പോളിടെക്നിക്കിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുവാൻ സംസ്ഥാന ഗവൺമെന്റിൽനിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(സി) എം.എൽ.എ., എം.പി. ഫണ്ടുകൾ മുഖേന പോളിടെക്നിക്കിനും ടെക്നിക്കൽ ഹൈസ്കൂളിനും അനുവദിച്ച കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഡി) 2020-21 അദ്ധ്യയനവർഷം പോളിടെക്നിക്കിൽ പ്രവേശനം ആരംഭിക്കാൻ കഴിയുന്ന വിധം അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുവാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) നടുവിൽ പോളിടെക്നിക്കിന് വേണ്ടിയുള്ള 5 ഏക്കർ സ്ഥലം, നടുവിൽ ടെക്ക്നിക്കൽ ഹൈസ്കൂളിന്റെ കൈവശമുള്ള ഭൂമിയിൽനിന്നും കൈമാറുന്നതിന് 9-10-2019-ലെ സ.ഉ.(കൈ) നമ്പർ 307/2019/റവ. പ്രകാരം ഉത്തരവായിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി കെട്ടിട നിർമ്മാണത്തിന് അധികമായി വേണ്ടിവരുന്ന 2.07 കോടി രൂപയുടെ നിർദ്ദേശം 21-10-2019 തീയതിയിലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) എം.പി. ഫണ്ടിൽനിന്നും അനുവദിച്ച തുകയുപയോഗിച്ച് നടുവിൽ പോളിടെക്നിക്കിന് വേണ്ടിയുള്ള നിർദ്ദിഷ്ട കെട്ടിടത്തിന്റെ ഒന്നാം നില പൂർത്തിയായി. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നടത്തുന്ന രണ്ടാം നിലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ടെക്നിക്കൽ ഹൈസ്കൂളിന് എം.എൽ.എ., എം.പി. ഫണ്ടുകൾ ലഭിച്ചിട്ടില്ല.

(ഡി) സമയബന്ധിതമായി കെട്ടിട നിർമ്മാണം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കാൻ സാധിച്ചാൽ 2020-21 അക്കാദമിക വർഷം AICTE അംഗീകാരം നേടുന്നതിനും ക്ലാസ്സുകൾ ആരംഭിക്കുന്നതിനും കഴിയുന്നതാണ്.

**ഹരിപ്പാട് മണ്ഡലത്തിൽ പോളിടെക്നിക്ക്**

289 (T1783) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ സ്ഥാപിക്കുവാൻ അനുമതി ലഭിച്ചിരുന്ന പോളിടെക്നിക്കിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

---

'T' മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പ്രസ്തുത പോളിടെക്നിക്കിന് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ അതിന്മേൽ അടിയന്തിര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ഹരിപ്പാട് ടെക്നിക്കൽ ഹൈസ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ പോളിടെക്നിക് ആരംഭിക്കുന്നതിന് AICTE നിഷ്കർഷിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ല. എന്നിരുന്നാലും എല്ലാവർഷവും AICTE അംഗീകാരത്തിനുള്ള നടപടി സ്വീകരിക്കുകയും രണ്ട് പ്രാവശ്യം AICTE-യുടെ വിദഗ്ദ്ധ പരിശോധന സ്ഥാപനത്തിൽ നടത്തുകയും ചെയ്തു. NABARD RIDF പദ്ധതിയിലുൾപ്പെടുത്തി 10 കോടി രൂപയുടെ കെട്ടിട നിർമ്മാണത്തിന് 2019-20 -ൽ അപേക്ഷിച്ചെങ്കിലും അനുമതി ലഭിച്ചിട്ടില്ല. AICTE- യുടെ റിപ്പോർട്ട് അനുസരിച്ചുള്ള ന്യൂനതകൾ പരിഹരിക്കുന്ന വിധത്തിൽ ഒന്നാംഘട്ട കെട്ടിട നിർമ്മാണത്തിനുള്ള അനുമതി നേടുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## വിളപ്പിൽശാല പോളിടെക്നിക്

290 (1784) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽശാല പോളിടെക്നിക് ആരംഭിക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ആയതിലേയ്ക്കുള്ള സ്ഥലം കൈമാറ്റം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) 2020-21 അക്കാദമിക വർഷത്തിൽ ഇവിടെ ക്ലാസുകൾ ആരംഭിക്കാനാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) വിളപ്പിൽശാല പോളിടെക്നിക് കോളേജിനായി തീരുമാനിക്കപ്പെട്ട 4.99 ഏക്കർ സ്ഥലത്തിന്റെ അതിർത്തി 21-5-2019-ൽ നിശ്ചയിച്ച് ലഭിച്ചു. എന്നാൽ ഈ സ്ഥലത്തേയ്ക്ക് പ്രവേശിക്കുന്നതിനുള്ള അപ്രോച്ച് റോഡ് (ഏകദേശം 3 സെന്റ് സ്ഥലം) അനുവദിക്കുന്നതിന് സമീപ പ്രദേശത്തെ രണ്ട് സ്ഥലം ഉടമകൾ തയ്യാറല്ലാതിരുന്ന സാഹചര്യത്തിൽ ടി വ്യക്തികളുമായി അനുരഞ്ജന ചർച്ച നടത്തി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം കെട്ടിട നിർമ്മാണം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സമയബന്ധിതമായി പൂർത്തിയാക്കുന്ന മുറയ്ക്ക് എ.ഐ.സി.ടി.ഇ. അംഗീകാരം നേടുന്നതിനും 2020-21 അക്കാദമിക വർഷം ക്ലാസ്സുകൾ ആരംഭിക്കുന്നതിനും സാധിക്കുന്നതാണ്.

## പോളിടെക്നിക് ഡിപ്ലോമ കോഴ്സുകളുടെ പഠനഭാരം കുറയ്ക്കൽ

291 (1785) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോളിടെക്നിക് ഡിപ്ലോമ കോഴ്സുകളുടെ പഠനഭാരം കുറയ്ക്കുന്നതിന് എ.ഐ.സി.റ്റി.ഇ. തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ മാതൃകാ കരിക്കുലം ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) ഇപ്രകാരം പാഠ്യപദ്ധതി പരിഷ്കരണം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വിദ്യാർത്ഥികളുടെ മാനസിക ആരോഗ്യം ഉറപ്പാക്കുന്നതിന് സ്പോർട്സ്, യോഗ തുടങ്ങിയവ കരിക്കുലത്തിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) പോളിടെക്നിക് ഡിപ്ലോമ കോഴ്സുകളുടെ പഠനഭാരം കുറയ്ക്കുന്നതിനെപ്പറ്റി എ.ഐ.സി.റ്റി.ഇ. വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന മാതൃകാ കരിക്കുലത്തിൽ പ്രതിപാദിച്ചിട്ടില്ല. മാതൃകാ കരിക്കുലം എ.ഐ.സി.റ്റി.ഇ. വെബ്സൈറ്റിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) എ.ഐ.സി.റ്റി.ഇ.-യുടെ മാതൃകാ കരിക്കുലം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിന്റെ സാഹചര്യത്തിനനുസൃതമായി പാഠ്യപദ്ധതി പരിഷ്കരണം നടന്നുകൊണ്ടിരിക്കുകയാണ്.

(സി) വിദ്യാർത്ഥികളുടെ മാനസിക ആരോഗ്യം ഉറപ്പാക്കുന്നതിന് എ.ഐ.സി.റ്റി.ഇ. മാതൃകാ കരിക്കുലത്തിൽ നിഷ്കർഷിച്ചിരിക്കുന്ന രീതിയിൽ സ്പോർട്സ്, യോഗ തുടങ്ങിയവ കരിക്കുലത്തിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

## പാഠ്യപദ്ധതി പരിഷ്കരണം

292 (1786) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറുന്ന ലോകത്തിനനുസൃതമായി പാഠ്യപദ്ധതികൾ പരിഷ്കരിക്കുന്നതിന് സാങ്കേതിക സർവ്വകലാശാലക്ക് സാധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ അദ്ധ്യായന വർഷം ഏതെങ്കിലും സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ സർവ്വകലാശാല അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പുതിയ കോഴ്സുകൾ ആണ് അനുവദിച്ചിട്ടുള്ളതെന്നും ഏതൊക്കെ കോളേജുകളിലാണെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാന സർക്കാരിന് കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ പുതിയ കാലഘട്ടത്തിന് അനുയോജ്യമായ കോഴ്സുകൾ ആരംഭിക്കുവാൻ അനുവാദം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിവിധ എഞ്ചിനീയറിംഗ് മേഖലകളിൽ ഉന്നത പഠന ഗവേഷണത്തിനുള്ള അഭിരുചികളും സാധ്യതകളും സൃഷ്ടിക്കുവാൻ കഴിയുന്ന വിധത്തിൽ ബി.ടെക് ഓണേഴ്സ് കോഴ്സുകൾ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ സാങ്കേതിക ശാസ്ത്ര രംഗത്തെ വിജ്ഞാന വൈവിധ്യങ്ങൾ ഉൾക്കൊള്ളുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന ബി.ടെക് മൈനർ ബിരുദവും വിഭാവനം ചെയ്തിട്ടുണ്ട്. ഇതുവഴി ഏത് സാങ്കേതിക ശാഖയിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റ് ശാഖകളിലെ നവീനമായ വിഷയങ്ങൾ പഠിക്കുവാൻ അവസരം ലഭിക്കും. സാങ്കേതിക വ്യവസായ മേഖലയിലെയും ഐ.ടി. അനുബന്ധ വിവരസാങ്കേതിക, നൈപുണ്യ വികസന, സ്റ്റാർട്ട് അപ്പ് രംഗങ്ങളിലെയും സ്ഥാപനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും കമ്പനികൾക്കും മൈനർ കോഴ്സുകൾ നടത്തുവാനുള്ള അനുവാദമുണ്ടാവും. വ്യാവസായിക രംഗത്തെ വൈവിധ്യവത്കരണത്തിന് അനുബന്ധമായി ഉയർന്നുവരുന്ന കാലിക പ്രാധാന്യമുള്ള വിഷയങ്ങൾ തത്സമയം തന്നെ പഠിക്കുവാനുള്ള അവസരം വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന രീതിയിലാണ് ഈ കോഴ്സിന്റെ ഘടനയും നടത്തിപ്പും വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) ഉണ്ട്. ഈ അദ്ധ്യയന വർഷം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ആരംഭിച്ച പുതിയ കോഴ്സുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| SL NO | Name of the College | Name of the Programme |
|---|---|---|
| 1 | Saintgits College of Engineering, Kottayam | MCA Integrated 60, B. Tech Robotics and Automation-60 |
| 2 | TOC H Institute of Science & Technology, Ernakulam | B.Tech-Robotics and Automation-60 |
| 3 | Amal Jyothi College of Engineering, Kottayam | B.Tech-Food Technology-60 |
| 4 | College of Architecture, Trivandrum | B.Des-Design-60 |
| 5 | Jyothi Engineering College, Thrissur | M. Tech in Industrial Automation and Robotics-18 |

(സി) 25-6-2016-ലെ സ.ഉ.(സാധാ)നമ്പർ 1638/2016/ഉവിവ. പ്രകാരം M.Tech in Robotics & Automation Engineering, 18-7-2019-ലെ സ.ഉ.(കൈ)നമ്പർ 241/2019/ഉവിവ. പ്രകാരം M.Arch in Environmental Design എന്നീ പുതിയ കാലഘട്ടത്തിന് അനുയോജ്യമായ കോഴ്സുകൾ തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 3-7-2018 -ലെ സ.ഉ.(കൈ)നമ്പർ 152/2018/ ഉവിവ. പ്രകാരം M.Tech in Structural Engineering under Civil Engineering Department എന്ന കോഴ്സ് തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലും, 8-8-2019-ലെ സ.ഉ.(സാധാ) നമ്പർ 1416/2019/ഉവിവ. പ്രകാരം M.Tech in Power Systems under Electrical and Electronics Engineering Department എന്ന കോഴ്സ് കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലും ആരംഭിച്ചിട്ടുണ്ട്.

### യു.ഐ.റ്റി. സെന്ററിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടി

293 (1787) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ നിയന്ത്രണത്തിൽ നെയ്യാറ്റിൻകര ആറാലുംമൂട്ടിൽ പ്രവൃത്തിച്ചുവരുന്ന യു.ഐ.റ്റി. സെന്ററിനുവേണ്ടി ഊരൂട്ടുകാലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കൈവശമുള്ള സ്ഥലം ഏറ്റെടുക്കുന്നതിന്റെ നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) കേരള സർവ്വകലാശാല അധികൃതർ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും തുടർനടപടി സ്വീകരിക്കാൻ വേണ്ടി ഏതെങ്കിലും തരത്തിൽ ഇടപെടൽ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നെയ്യാറ്റിൻകര വില്ലേജിൽ ഊരൂട്ടുകാല ശ്രീഭദ്രകാളി ക്ഷേത്രത്തിന്റെ എതിർഭാഗത്ത് സ്ഥിതി ചെയ്യുന്ന ബ്ലോക്ക് നമ്പർ 25-ൽ റീസർവ്വേ 6/7 ൽപ്പെട്ട പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഊരൂട്ടുകാല എൽ.പി.സ്കൂൾ മുമ്പ് സ്ഥിതി ചെയ്തിരുന്നതും എന്നാൽ ഇപ്പോൾ നെയ്യാറ്റിൻകര TTI -യുടെ അധീനതയിലുള്ളതുമായ 8.60 ആർ സർക്കാർ ഭൂമി കേരള സർവ്വകലാശാലയുടെ കീഴിലുള്ള ആറാലുംമൂട് യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 30 വർഷത്തേയ്ക്ക് പാട്ട വ്യവസ്ഥയിൽ അനുവദിക്കുന്നതിനുള്ള തുടർനടപടികൾ റവന്യൂ വകുപ്പിൽ നടന്നുവരുന്നു.

## മൂവാറ്റുപുഴ ആയവന ടി.എച്ച്.എസ്.

294 (1788) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ആയവന ടി. എച്ച്. എസ്. -ന്റെ നിലവിലെ സ്ഥിതി എന്താണെന്നും സ്കൂളിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത സ്കൂളിന്റെ പ്രവർത്തനത്തിന് മതിയായ സൗകര്യങ്ങളില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്കൂളിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കാമോ?

ഉത്തരം

(എ) മൂവാറ്റുപുഴ ആയവന ടെക്നിക്കൽ ഹൈസ്കൂൾ കാരിമറ്റം ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ ഒരു ഭാഗത്ത് വാടകയ്ക്കാണ് പ്രവർത്തിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത പ്രസ്തുത ടെക്നിക്കൽ സ്കൂളിന്റെ വർക്ക്ഷോപ്പ് രണ്ട് കിലോമീറ്റർ മാറി ഏനാനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് കെട്ടിടത്തിന്റെ ഒന്നാം നിലയിലാണ് പ്രവർത്തിക്കുന്നത്. ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് സ്കൂൾ ആഡിറ്റോറിയത്തിന്റെ ഒരു ഭാഗത്തും പ്രവർത്തിക്കുന്നു. (എന്നിരുന്നാലും 2019 മാർച്ചിൽ നടന്ന ടി.എച്ച്.എൽ.സി. പരീക്ഷയിൽ 100% വിജയം കൈവരിക്കാൻ ടി സ്ഥാപനത്തിന് കഴിഞ്ഞു). 2019-20 അദ്ധ്യയന വർഷം 8,9,10 ക്ലാസ്സുകളിലായി ആകെ 62 കുട്ടികളാണ് ആയവന ടെക്നിക്കൽ ഹൈസ്കൂളിൽ പഠിക്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സ്കൂളിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലമേറ്റെടുക്കേണ്ടതുണ്ട്. 26-3-2009-ലെ സ.ഉ.(സാധാ) നമ്പർ 437/2009/ഉ.വി.വ. പ്രകാരം തീരുമാനിച്ച സ്ഥലത്തിന്റെ ഏറ്റെടുക്കൽ നടപടി പൂർത്തിയാകാത്തതിനാൽ പദ്ധതി ഡിനോവ ആയിട്ടുണ്ട്.

## കടപ്ലാമറ്റം ടെക്നിക്കൽ സ്കൂൾ

295 (1789) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിന്റെ സ്ഥലമെടുപ്പ് നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ടെക്നിക്കൽ സ്കൂളിന് കെട്ടിടം പണിയുന്നതിന് ഏത് സ്ഥലമാണ് വകുപ്പ് ഏറ്റെടുക്കാൻ നിശ്ചയിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ആയതിന്റെ സ്ഥല പരിശോധന പൂർത്തിയായോയെന്ന് അറിയിക്കാമോ;

(ഡി) എങ്കിൽ അടുത്ത നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 9-7-2019 -ലെ റവന്യൂ (ബി) വകുപ്പിന്റെ സ.ഉ. (സാധാ) നമ്പർ 1847/2019/റവ. ഉത്തരവ് പ്രകാരം മീനച്ചിൽ താലൂക്കിൽ കടപ്ലാമറ്റം വില്ലേജിൽ 2 ഏക്കർ 55 സെന്റ് സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്ഥലവിലയുടെ 5% തുക കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ അടവ് വരുത്തണമെന്ന് പാലാ എൽ.എ. (ജനറൽ) സ്പെഷ്യൽ തഹസിൽദാർ ആവശ്യപ്പെട്ട പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ 5% തുകയായ 10,69,748 രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) മീനച്ചിൽ താലൂക്കിൽ കടപ്ലാമറ്റം വില്ലേജിൽ 338/1,338/1-1,338/1-2 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 2 ഏക്കർ 55 സെന്റ് സ്ഥലമാണ് പ്രസ്തുത ടെക്നിക്കൽ സ്കൂളിന് കെട്ടിടം പണിയുന്നതിന് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽനിന്നും സ്ഥലപരിശോധന നടത്തിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 24-6-2017- ലെ സ.ഉ (സാധാ) നമ്പർ 1210/2017/ഉ.വി.വ. ഉത്തരവ് പ്രകാരം ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കുന്നതിനായി DLPC കൂട്ടുകയും LARR Act 2013 പ്രകാരം നടപടി സ്വീകരിക്കുവാൻ അർത്ഥനാധികാരിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

## കുറ്റിപ്പുറം ടെക്നിക്കൽ സെക്കന്ററി സ്കൂൾ

296 (1790) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം ടെക്നിക്കൽ സെക്കന്ററി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുവാനുള്ള പ്രൊപ്പോസൽ പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് വകുപ്പിലുള്ള ഫയലിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തണമെന്നത് സംബന്ധിച്ച നിർദ്ദേശം പരിശോധിച്ചിട്ടുണ്ടോ;

(സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ J3/224/19 എന്ന ഫയലിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ഡി) കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളുമായി ബന്ധപ്പെട്ട 3561119/M (HEdn), 3561521/M(HEdn.) 3561281/2019/M(HEdn.) എന്നീ ഫയലുകളിന്മേൽ സെക്രട്ടേറിയറ്റിലും ഡി.റ്റി.ഇ. യിലും സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. കുറ്റിപ്പുറം ടെക്നിക്കൽ സെക്കന്ററി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുവാനുള്ള പ്രൊപ്പോസൽ J3/224/19-ഉ.വി.വ. എന്ന ഫയലിൽ പരിശോധിച്ച് 9-10-2019 -ലെ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി, 30-10-2019-ലെ സ.ഉ.(സാധാ) നമ്പർ 1945/2019/ഉ.വി.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളുമായി ബന്ധപ്പെട്ട ലഭ്യമായ 3 അപേക്ഷകൾ [3561119/M(HEdn.)], [3561521/M(HEdn.)], [3561281/2019/M(HEdn.] യഥാക്രമം J3/373/2018/HEdn., L2/291/2018, J3/352/2019/Hedn. എന്നീ ഫയലുകളിൽ പരിശോധിച്ചുവരുന്നു. J3/373/2018/HEdn., L2/291/2018 എന്നീ ഫയലുകളിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. J3/352/2019/HEdn. നമ്പർ ഫയലിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറിൽനിന്നും ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഡയറക്ടറേറ്റിൽ സ്വീകരിച്ചുവരുന്നു.

**ഏകീകൃത അക്കാദമിക് കലണ്ടർ**

297 (1791) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളുടെ അക്കാഡമിക് കലണ്ടർ ഈ അദ്ധ്യയന വർഷം ഏകീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) സർക്കാർ, എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക അനുപാതം പരിശോധിച്ച് പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഓരോ സെമസ്റ്ററിലും തൊണ്ണൂറ് അദ്ധ്യായന ദിവസം ഉറപ്പാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിനായി നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ-വൈസ് ചാൻസലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി. -മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി സർവ്വകലാശാലകൾ യഥാസമയം പരീക്ഷാ ഫല പ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്.

(സി) സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കണമെന്ന ആവശ്യം പരിശോധിക്കുന്നുണ്ട്.

(ഡി) ഓരോ അദ്ധ്യയനവർഷവും പുറപ്പെടുവിക്കുന്ന അക്കാദമിക കലണ്ടറിൽ ഓരോ സെമസ്റ്ററിലും 90 ദിവസത്തിൽ കുറവുവന്നാൽ, ശനിയാഴ്ചകളിലും അവധി ദിവസങ്ങളിലും ക്ലാസുകൾ നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

**കേരള സർവ്വകലാശാല അംഗീകരിച്ച കോഴ്സുകൾ**

298 (1792) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട് അണ്ണാമലൈ സർവ്വകലാശാലയുടെ ഏതൊക്കെ കോഴ്സുകൾ കേരള സർവ്വകലാശാല നടത്തുന്ന കോഴ്സുകൾക്ക് തത്തുല്യമായി കേരള സർവ്വകലാശാല അംഗീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ബിരുദ, ബിരുദാനന്തര, പ്രൊഫഷണൽ കോഴ്സുകൾ ഏതൊക്കെയാണെന്ന് തരം തിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) തമിഴ്നാട് അണ്ണാമലൈ സർവ്വകലാശാലയുടെ കേരള സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള കോഴ്സുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കേരള സർവ്വകലാശാല അദ്ധ്യാപകരുടെ വിദേശ പരിശീലനം**

299 (1793) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ൽ കേരള സർവ്വകലാശാലയുടെ അദ്ധ്യാപകരിൽനിന്നും ആരെയെങ്കിലും തെരഞ്ഞെടുത്ത് വിദേശ പരിശീലനത്തിന് അയച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിദേശ പരിശീലനത്തിന് വിജ്ഞാപനം നൽകി അപേക്ഷ ക്ഷണിച്ചിരുന്നോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ & ബി) 2019-ൽ കേരള സർവ്വകലാശാല അദ്ധ്യാപകരിൽ ആരേയും സ്വന്തം നിലയിൽ തെരഞ്ഞെടുത്ത് വിദേശ പരിശീലനത്തിന് അയച്ചിട്ടില്ല.

**കേരള സർവ്വകലാശാല സ്റ്റുഡന്റ്സ് സർവ്വീസ് ഡയറക്ടർ**

300 (1794) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകാലശാലയിൽ സ്റ്റുഡന്റ്സ് സർവ്വീസ് ഡയറക്ടർ ചുമതല വഹിക്കുന്നത് ആരാണ്;

(ബി) എന്നുമുതലാണ് അദ്ദേഹം ഈ ചുമതല വഹിക്കുന്നത്; അദ്ദേഹത്തിന്റെ യോഗ്യതകൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

ഉത്തരം

(എ) നിലവിൽ കേരള സർവ്വകലാശാല സ്റ്റുഡന്റ്സ് സർവ്വീസ് ഡയറക്ടറായി ചാർജ് അടിസ്ഥാനത്തിൽ ചുമതല വഹിക്കുന്നത് എക്കണോമിക്സ് പഠന വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ശ്രീ. സിദ്ദിക്ക് ആർ. ആണ്.

(ബി) 7-3-2018 മുതലാണ് അദ്ദേഹം ഈ ചുമതല വഹിക്കുന്നത്. എക്കണോമിക്സിൽ ബിരുദാനന്തര ബിരുദം, എം.ഫിൽ, NET എന്നിവയാണ് അദ്ദേഹത്തിന്റെ യോഗ്യതകൾ.

## കേരള സർവ്വകലാശാലയുടെ കീഴിൽ വരുന്ന ഹോസ്റ്റലുകളിലേക്കുള്ള അഡ്മിഷൻ

301(1795) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ കീഴിൽ വരുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ ഹോസ്റ്റലുകളിൽ അഡ്മിഷൻ ലഭിക്കുന്ന രീതി വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള സർവ്വകലാശാലയുടെ കീഴിൽ വരുന്ന കോളേജ് ഹോസ്റ്റലുകളിൽ താമസ സൗകര്യത്തിനായി അപേക്ഷ നൽകിയ മുഴുവൻ വിദ്യാർത്ഥികൾക്കും അഡ്മിഷൻ നൽകിയിട്ടുണ്ടോ;

(സി) അപേക്ഷ നൽകിയിട്ടും സീനിയോരിറ്റി മറി കടന്ന് അർഹരായവർക്ക് ഹോസ്റ്റൽ സംവിധാനം നിഷേധിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് പരാതികൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ പരാതികളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിലുള്ള പരാതികൾ ഒഴിവാക്കുന്നതിന് ഒരു ഏകീകൃത ഓൺലൈൻ സോഫ്റ്റ് വെയർ സംവിധാനം ഒരുക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ഹോസ്റ്റലുകളിൽ അഡ്മിഷൻ ലഭിക്കുന്നത് ബന്ധപ്പെട്ട കോളേജിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് മാത്രമാണ്. ദൂരപരിധി അനുസരിച്ചാണ് ഹോസ്റ്റലിൽ പ്രവേശനത്തിന് മുൻഗണന നൽകുന്നത്. ലഭിച്ച അപേക്ഷകരിൽ ഏറ്റവും അകലെയുള്ള ആൾക്ക് ആദ്യം പ്രവേശനം എന്ന രീതിയിലാണ് അഡ്മിഷൻ നൽകുന്നത്. ഇപ്രകാരം മുൻഗണന നിശ്ചയിക്കുമ്പോൾ എസ്.സി./എസ്.റ്റി/ഓ.ഇ.സി./പി.ഡബ്ല്യൂ.ഡി/ മറ്റ് ജില്ലകളിലെ കുട്ടികൾ എന്നിവർക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്.

(ബി) ഹോസ്റ്റലുകളിൽ ഹോസ്റ്റലിന്റെ സ്ഥല സൗകര്യത്തിന്റെ അടിസ്ഥാനത്തിലാണ് അഡ്മിഷൻ നൽകുന്നത്. നിലവിൽ കേരള സർവ്വകലാശാലയുടെ കീഴിൽ വരുന്നതും ഈ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതുമായ ഹോസ്റ്റലുകളിൽ അപേക്ഷിച്ച കുട്ടികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്. നിലവിൽ എല്ലാ ഹോസ്റ്റലുകളിലും ഒഴിവുകൾ ഉണ്ട്. കേരള സർവ്വകലാശാലാ ഹോസ്റ്റലുകളിലേയ്ക്കുള്ള പ്രവേശനം പൂർത്തിയായിട്ടില്ല.

(സി) ഹോസ്റ്റൽ പ്രവേശനത്തിന് സീനിയോറിറ്റി മറികടന്നത് സംബന്ധിച്ച് വകുപ്പിന് പരാതികൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

(ഡി) ഹോസ്റ്റൽ പ്രവേശനം സംബന്ധിച്ച് ഒരു ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നത് പരിശോധിക്കുന്നതാണ്.

## യൂണിവേഴ്സിറ്റി പരീക്ഷകളിലെ തട്ടിപ്പും ക്രമക്കേടും

302 (1796) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് ഉൾപ്പെടെ സംസ്ഥാനത്തെ ചില കോളേജുകൾ കേന്ദ്രീകരിച്ച് യൂണിവേഴ്സിറ്റി പരീക്ഷകളിൽ തട്ടിപ്പും ക്രമക്കേടും ആൾമാറാട്ടവും നടത്തുന്നതായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു അന്വേഷണം നടത്തുവാൻ സർക്കാർ തയ്യാറാകുമോ;

(ബി) ഭാവിയിൽ ഇത്തരം തട്ടിപ്പും ക്രമക്കേടുകളും ഉണ്ടാകാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകൾ എടുക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) തട്ടിപ്പിനും ആൾമാറാട്ടത്തിനും കൂട്ടുനിൽക്കുന്നവരുടെ പേരിൽ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) സർവ്വകലാശാലാ പരീക്ഷകളിൽ വിദ്യാർത്ഥികൾ ക്രമക്കേടുകൾ നടത്തിയതായി ലഭിക്കുന്ന റിപ്പോർട്ടുകളിൽ അന്വേഷണം നടത്തുകയും സർവ്വകലാശാല പരീക്ഷാ മാന്വൽ പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

(ബി) പരീക്ഷാ ക്രമക്കേടുകൾ തടയുന്നതിനായി സർവ്വകലാശാല മേഖലാതലത്തിൽ സ്പെഷ്യൽ വിജിലൻസ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. പരീക്ഷാ ജോലികളിൽ External Examiners-നെ നിയോഗിച്ചാണ് പരീക്ഷകൾ നടത്തപ്പെടുന്നത്. കൂടാതെ ചുവടെ ചേർക്കുന്ന മറ്റുനടപടികളും സർവ്വകലാശാലകൾ സ്വീകരിച്ചുവരുന്നു.

- ഓരോ കോളേജുകളിലേയ്ക്കും ഒരു ഗവൺമെന്റ്/എയ്ഡഡ് കോളേജ് അദ്ധ്യാപകനെ അഡീഷണൽ ചീഫ് സൂപ്രണ്ടായി നിയമിക്കുക
- ഉത്തരക്കടലാസിന്റെ സ്റ്റോക്ക് പൊസിഷൻ അറിയിക്കാനായി കോളേജുകൾക്ക് നിർദ്ദേശം നൽകുക.
- ഫോൾസ് നമ്പർ സംവിധാനം സർവ്വകലാശാല പഠന വകുപ്പുകളിലും നടപ്പിലാക്കുക.

- ഓരോ പരീക്ഷകൾക്കിടയിലും ഉത്തരക്കടലാസിന്റെ സ്റ്റോക്ക് എടുക്കുന്നതിനായി സർവ്വകലാശാല ഉദ്യോഗസ്ഥരെ നിയമിക്കുക.
- ചോദ്യപേപ്പർ സൂക്ഷ്മ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുക. ഇതിനായി സെറ്റേഴ്സ് നൽകിയ ടീമിന് പുറമെ മറ്റൊരു ടീമിനെ നിയമിക്കുക.
- ചോദ്യപേപ്പർ കവറിന്റെ പുറത്ത് പരീക്ഷാ ഹോളിലെ രണ്ട് പരീക്ഷാർത്ഥികളുടെ ഒപ്പ് രേഖപ്പെടുത്തിയതിനുശേഷം വിദ്യാർത്ഥികളുടെ മുൻപാകെ മാത്രം ചോദ്യപേപ്പർ കവർ തുറക്കുക.
- ഉപയോഗിച്ച പേപ്പറുകളുടെയും ബാക്കിയുള്ളവയുടെയും സീരിയൽ നമ്പർ അടക്കം റിപ്പോർട്ട് തയ്യാറാക്കി സ്കാൻ ചെയ്ത് അതത് പരീക്ഷാ ദിവസങ്ങളിൽതന്നെ സർവ്വകലാശാലയിലേയ്ക്ക് അയയ്ക്കാൻ ചീഫ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തുക.
- കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളിൽനിന്നും മാർക്കുകൾ അപ്‌ലോഡ് ചെയ്യുന്നതിൽ കൃത്യത ഉറപ്പാക്കുക.

(സി) അന്വേഷണം നടത്തി ശിക്ഷാനടപടികൾ സ്വീകരിക്കാറുണ്ട്.

## കാലിക്കറ്റ് യൂണിവേഴ്സിറ്റി രജിസ്ട്രാർ തസ്തികയിലെ നിയമനം

303 (1797) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ രജിസ്ട്രാർ തസ്തികയിൽ നിയമനത്തിനായി നടത്തിയ അഭിമുഖത്തിൽ മാർക്ക് നൽകിയതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ശ്രീ. സി.എൽ. ജോഷിയെ രജിസ്ട്രാർ ആയി നിയമിച്ചതിൽ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് പാലിച്ചിട്ടുണ്ടോ; സ്റ്റാറ്റ്യൂട്ടിലെ ചാപ്റ്റർ 2 സ്റ്റാറ്റ്യൂട്ട് 19 സി.യു.എഫ്.എസ്. 1977 എന്ന ക്ലോസ് ഈ നിയമനത്തിൽ ലംഘിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ശ്രീ. സി.എൽ. ജോഷിയുടെ നിയമനത്തിൽ നേരിട്ടുള്ള നിയമനത്തിനും ഡെപ്യൂട്ടേഷനും ബാധകമായിട്ടുള്ള ഓർഡിനൻസിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ; വിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) രജിസ്ട്രാർ തസ്തികയിലേയ്ക്ക് നടന്ന അഭിമുഖത്തിൽ സെലക്ഷൻ കമ്മിറ്റി അംഗങ്ങൾ അംഗീകരിച്ച നൽകിയ സ്കോർ ഷീറ്റിന്റെ മാതൃക പ്രകാരം മാർക്കുകൾ നൽകുന്നതിന് താഴെകൊടുത്തിരിക്കുന്ന മാനദണ്ഡങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളത്

| Criteria | Post Graduation | Ph.D | Additional P.G (2x5) | Administrative Experience (4x5) | Teaching Experience (3x5) | Interview | Total |
|---|---|---|---|---|---|---|---|
| Maximum Mark | 25 | 10 | 10 | 20 | 15 | 20 | 100 |

(ബി) ഉണ്ട്; ഇല്ല. സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് അദ്ധ്യായം 2, സ്റ്റാറ്റ്യൂട്ട് 19 സി.യു.എഫ്.എസ് 1977 ലെ വ്യവസ്ഥകൾക്കും കാലിക്കറ്റ് സർവ്വകലാശാല ഫസ്റ്റ് ഓർഡിനൻസ്, 1978, 2019 ലെ ഓർഡിനൻസ് നമ്പർ 21 എന്നിവയിലെ വ്യവസ്ഥകൾക്കും വിധേയമായിട്ടാണ്, അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് രജിസ്ട്രാറുടെ നിയമനം നടത്തിയിട്ടുള്ളത്.

(സി) 1978-ലെ കാലിക്കറ്റ് സർവ്വകലാശാലാ ഫസ്റ്റ് ഓർഡിനൻസിലെയും, 2019-ലെ ഓർഡിനൻസ് നമ്പർ 21-ലെയും വ്യവസ്ഥകൾക്ക് വിധേയമായി, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് രജിസ്ട്രാർ നിയമനത്തിന് വിജ്ഞാപനം പുറപ്പെടുവിക്കുകയും, ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയനുസരിച്ച് രജിസ്ട്രാറുടെ നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സിന്റിക്കേറ്റ് നടത്തുകയുമാണുണ്ടായത്. നേരിട്ടുള്ള നിയമനമല്ലാത്തതിനാൽ, ആയതിലുള്ള നിയമന വ്യവസ്ഥകൾ ഇതിൽ ബാധകമല്ല.

**കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ രജിസ്ട്രാർ നിയമനം**

304 (1798) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ രജിസ്ട്രാർ ആയി നിയമിതനായ ഡോ.സി.എൽ.ജോഷിയുടെ വിദ്യാഭ്യാസ മേഖലയിലെ ഭരണപരിചയം എന്തെല്ലാമാണെന്നും എത്ര വർഷമാണ് ഭരണപരിചയമുള്ളതെന്നും വെളിപ്പെടുത്താമോ;

(ബി) കാലിക്കറ്റ് യൂണിവേഴ്സിറ്റി ആക്റ്റ്/സ്റ്റാറ്റ്യൂട്ട്/ഓർഡിനൻസ് അനുസരിച്ച് രജിസ്ട്രാർ ആയി നിയമിതനാവുന്ന വ്യക്തി നിയമന സമയത്ത് ഏത് പ്രായപരിധിയിലുള്ള ആളാവണം എന്ന് വ്യക്തമാക്കാമോ;

(സി) ഡോ.സി.എൽ. ജോഷി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ രജിസ്ട്രാർ ആയി നിയമിതനാവുമ്പോൾ അദ്ദേഹത്തിന്റെ പ്രായം എത്രയായിരുന്നു എന്ന് വെളിപ്പെടുത്താമോ;

(ഡി) സി.യു.എഫ്.എസ്. 1977-ലെ ചാപ്റ്റർ 2 സ്റ്റാറ്റ്യൂട്ട് 19-ൽ ഡെപ്യൂട്ടേഷൻ നിയമനം സംബന്ധിച്ച് പറയുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഇ) ഡോ.സി.എൽ. ജോഷിയുടെ നിയമനത്തിൽ സി.യു.എഫ്.എസ്. 1977 ലെ ചാപ്റ്റർ 2 സ്റ്റാറ്റ്യൂട്ട് 19 പാലിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) അഭിമുഖ സമയത്ത് ഹാജരാക്കിയ രേഖകൾ പ്രകാരം ഡോ. സി.എൽ. ജോഷിയുടെ വിദ്യാഭ്യാസ രംഗത്തെ ഭരണ പരിചയം താഴെപ്പറയും പ്രകാരമാണ്.

| Sl. No. | Position | Duration | Total |
|---|---|---|---|
| 1 | Member Syndicate, Calicut University | 28-7-2006 to 27-7-2007, 30-8-2007 to 29-8-2011, and 28-11-2017 to 7-3-2019 | 6 Years and 3 Months |
| 2 | Member, Senate, Calicut University | 28-7-2006 to 27-7-2007, 29-10-2007 to 29-8-2011, 28-11-2017 to 7-3-2019 and 7-3-2019 to 5-7-2019 (last date of submission of hard copy of application) | 6 Years and 5 Months |
| 3 | Co-ordinator, Add-on Courses in Petro Chemicals and Polymer Science under UGC Career Oriented Programme in St. Thomas College, Thrissur | 2007 to 2012 | 5 Years |
| 4 | Member, Technical Support Group, RUSA, Kerala | 20-07-2016 to 05-07-2019 (last date of submission of hard copy of application) | 2 Years 11 Months (still continuing) |

(ബി) കാലിക്കറ്റ് സർവ്വകലാശാലാ ഫസ്റ്റ് ഓർഡിനൻസ് 1978 പ്രകാരം രജിസ്ട്രാർ ആയി നേരിട്ട് നിയമിക്കപ്പെടേണ്ടത് 40 -നും 50- നും മദ്ധ്യേ പ്രായമുള്ള ആളെ ആയിരിക്കണം.

(സി) രജിസ്ട്രാർ ആയി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതനായ ഡോ. സി.എൽ. ജോഷിയുടെ പ്രായം 53 വയസ്സ് 3 മാസം 21 ദിവസം.

(ഡി) സ്റ്റാറ്റ്യൂട്ട് 17 -ലും 18 -ലും ഉൾപ്പെട്ടിട്ടുണ്ടെങ്കിലും സർവ്വകലാശാലയുടെ താല്പര്യത്തിനനുസരിച്ച് വ്യക്തമായ കാരണങ്ങൾ അടങ്ങുന്ന രേഖകളുടെ അടിസ്ഥാനത്തിൽ സെലക്ഷൻ കമ്മിറ്റിക്ക്, സംസ്ഥാന ഗവൺമെന്റ് സർവ്വീസിൽനിന്നോ സെൻട്രൽ ഗവൺമെന്റ് സർവ്വീസിൽനിന്നോ, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ, ഒരു വ്യക്തിയെ, യുക്തമായ നിബന്ധനകളുടെയും വ്യവസ്ഥയുടെയും അടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ്.

(ഇ) ഡോ. സി.എൽ. ജോഷിയുടെ നിയമനം സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട് അദ്ധ്യായം 2, സ്റ്റാറ്റ്യൂട്ട് 19 സി.യു.എഫ്.എസ്. 1977-ലെ വ്യവസ്ഥകൾക്കും 2019-ലെ ഓർഡിനൻസ് നമ്പർ 21-ലെ വ്യവസ്ഥകൾക്കും വിധേയമായിട്ടാണ് നടത്തിയിട്ടുള്ളത്.

**എം.ജി. സർവ്വകലാശാല അദാലത്ത്**

305 (1799) <u>ശ്രീ. കെ. സി. ജോസഫ്:</u>
<u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. ജി. സർവ്വകലാശാല സംഘടിപ്പിച്ച അദാലത്തിൽ മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലുള്ളവർ പങ്കെടുക്കുകയും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും പരീക്ഷയിൽ പരാജയപ്പെട്ട ഒരു വിദ്യാർത്ഥിനിക്ക് മാർക്ക് കൂട്ടി കൊടുക്കുവാൻ തീരുമാനം എടുക്കുകയും ചെയ്തുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലുള്ളവർ അദാലത്തിൽ പങ്കെടുക്കുന്നതിനുള്ള അധികാരം യൂണിവേഴ്സിറ്റിയുടെ നിയമത്തിലോ, സ്റ്റാറ്റ്യൂട്ടിലോ ഉണ്ടോ; ഇല്ലെങ്കിൽ 22-2-2019 -ന് നടത്തിയ അദാലത്തിൽ മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലുള്ളവർ പങ്കെടുത്തത് ഏത് സാഹചര്യത്തിലാണെന്ന് വെളിപ്പെടുത്താമോ;

(സി) ഇത്തരം അദാലത്തുകൾക്ക് വിദ്യാർത്ഥികൾക്ക് മാർക്ക് കൂട്ടി നൽകുവാൻ തീരുമാനം എടുക്കുന്നതിന് അധികാരമുണ്ടോ; ഇല്ലെങ്കിൽ ഇപ്രകാരമൊരു നടപടി എം.ജി. സർവ്വകലാശാലയുടെ അദാലത്തിൽ ഉണ്ടായത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പേഴ്സണൽ സ്റ്റാഫിലുള്ളവർ അദാലത്തിൽ പങ്കെടുക്കുന്നത് സംബന്ധിച്ച് നിയമത്തിലോ, സ്റ്റാറ്റ്യൂട്ടിലോ വ്യവസ്ഥ ചെയ്തിട്ടുള്ളതായി കാണുന്നില്ല. അദാലത്തിന് മുന്നോടിയായുള്ള ഉദ്ഘാടന ചടങ്ങിലാണ് സംഘാടകരുടെ ക്ഷണമനുസരിച്ച് പേഴ്സണൽ സ്റ്റാഫ് അംഗം പങ്കെടുക്കുന്നത്.

(സി) അദാലത്തുകൾക്ക് ഇത്തരത്തിൽ അധികാരമുള്ളതായി കാണുന്നില്ല. അദാലത്തിനുവേണ്ടി രൂപീകരിച്ച സിൻഡിക്കേറ്റ് ഉപസമിതി 21-2-2019-ൽ ചേർന്ന യോഗത്തിലാണ് ഒരു മാർക്ക് മോഡറേഷൻ നൽകാൻ തീരുമാനിച്ചത്.

**എം.ജി. സർവ്വകലാശാല ബി-ടെക് പരീക്ഷയിലെ മോഡറേഷൻ**

306 (1800) ശ്രീ. റോജി എം. ജോൺ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി. സർവ്വകലാശാല നടത്തിയ ബി-ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററുകളിൽ ഏതെങ്കിലും ഒരു വിഷയം മാത്രം ജയിക്കുവാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷന് പുറമെ പരമാവധി അഞ്ച് മാർക്ക് കൂടി സിൻഡിക്കേറ്റ് മോഡറേഷനായി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എം.ജി. സർവ്വകലാശാല നടത്തിയ ബി-ടെക് പരീക്ഷകളിൽ പരാജയപ്പെട്ട എത്ര വിദ്യാർത്ഥികൾ വിജയിച്ചതായി പ്രഖ്യാപിച്ചു; ഇനി എത്ര അപേക്ഷകൾ പരിഗണിക്കുവാനുണ്ട്;

(സി) ഈ ആനുകൂല്യം എന്നുമുതലുള്ള ബി-ടെക് പരീക്ഷകൾക്കാണ് ബാധകമാക്കിയിട്ടുള്ളത്;

(ഡി) എം.ജി. സർവ്വകലാശാല നടത്തിയ അദാലത്തിൽ വിദ്യാർത്ഥികൾക്ക് ഒരു മാർക്ക് കൂട്ടികൊടുക്കുവാൻ തീരുമാനം എടുത്തിരുന്നുവോ; അപ്രകാരം ഒരു തീരുമാനം എടുക്കുവാൻ അദാലത്തിന് നിയമപരമായി അധികാരമുണ്ടോ; പരിശോധിച്ചിട്ടുണ്ടോ;

(ഇ) അദാലത്ത് ഒരു മാർക്ക് കൂട്ടി നൽകുവാൻ എടുത്ത തീരുമാനം അക്കാഡമിക് കൗൺസിലിന്റെ പരിഗണനയിൽ ഇരിക്കെ സിൻഡിക്കേറ്റ് ഔട്ട് ഓഫ് അജണ്ടയായി ഈ വിഷയം എടുത്ത് അഞ്ച് മാർക്ക് കൂട്ടികൊടുക്കുവാൻ തീരുമാനിച്ചത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തീരുമാനിച്ചിരുന്നു.

(ബി) 17-10-2019 വരെ 119 വിദ്യാർത്ഥികൾ വിജയിച്ചതായി പ്രഖ്യാപിച്ചു. 69 വിദ്യാർത്ഥികളുടെ അപേക്ഷകൾ പരിഗണനയിലായിരുന്നു.

(സി) എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേയ്ക്ക് ബി.ടെക്. കോഴ്സുകൾ പൂർണ്ണമായും മാറുകയും സപ്ലിമെന്ററി വിദ്യാർത്ഥികൾ മാത്രം സർവ്വകലാശാലയിൽ തുടരുകയും ചെയ്യുന്ന സാഹചര്യത്തിലും, നേരിയ മാർക്കിന്റെ കുറവുകൊണ്ട് ബി.ടെക് പഠനം പൂർത്തീകരിക്കാൻ വിദ്യാർത്ഥികൾക്ക് സാധിക്കാതിരിക്കുകയും നാലുവർഷത്തെ പഠനത്തിനുശേഷം 56 വിഷയങ്ങളിൽ 55 വിഷയങ്ങൾക്ക് ജയിക്കുകയും ഒരു വിഷയത്തിന് മാത്രം നിസാര മാർക്കിൽ പരാജയപ്പെടുകയും ചെയ്ത് പ്ലസ്ടു യോഗ്യതയിലേയ്ക്ക് മാത്രമായി വിദ്യാർത്ഥികൾ ചുരുങ്ങുന്ന സാഹചര്യവും പരിഗണിച്ച് 30-4-2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം, സർവ്വകലാശാല നടത്തിയ ബി.ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററുകളിൽ ഏതെങ്കിലും ഒരു വിഷയം മാത്രം വിജയിക്കുവാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷനോടുകൂടിയ മാർക്കിനുപുറമെ പരമാവധി 5 മാർക്ക് കൂടി മോഡറേഷനായി നൽകുന്നതിന് പൊതുവായി ഒരു നയപരമായ തീരുമാനം എടുത്തിരുന്നു.

(ഡി) ഇല്ല; ബാധകമല്ല.

(ഇ) ബി.ടെകിന് പഠിക്കാനുള്ള 56 വിഷയങ്ങളിൽ ഒരു വിഷയത്തിനുമാത്രം '1' മാർക്ക് ഒരു വിദ്യാർത്ഥിക്ക് മോഡറേഷൻ നൽകി കോഴ്സ് വിജയിപ്പിക്കുന്നതിന് 21-2-2019-ന് ചേർന്ന സിൻഡിക്കേറ്റ് നിർവ്വാഹക സമിതി യോഗം തീരുമാനമെടുത്തിരുന്നു. എന്നാൽ വിദ്യാർത്ഥിയുടെ അപേക്ഷയിൽ മോഡറേഷനോടൊപ്പം എൻ.എസ്.എസ്. ഗ്രേസ് മാർക്കിന്റെ ആനുകൂല്യംകൂടി നൽകണമെന്നുള്ള ആവശ്യംകൂടി ഉൾപ്പെട്ടിരുന്നതിനാൽ ഇത് റെഗുലേഷൻ

അമെന്റ്മെന്റ് ആവശ്യമുള്ളതുകൊണ്ട് അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയാണുണ്ടായത്. എന്നാൽ വിദ്യാർത്ഥികളുടെ അപേക്ഷകൾ പരിഗണിച്ചും എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേയ്ക്ക് ബി.ടെക് കോഴ്സുകൾ പൂർണ്ണമായും മാറുകയും സപ്ലിമെന്ററി വിദ്യാർത്ഥികൾ മാത്രം സർവ്വകലാശാലയിൽ തുടരുകയും ചെയ്യുന്ന സാഹചര്യത്തിലും നേരിയ മാർക്കിന്റെ കുറവുകൊണ്ട് ബി.ടെക് പഠനം പൂർത്തീകരിക്കാൻ വിദ്യാർത്ഥികൾക്ക് സാധിക്കാതിരിക്കുകയും നാലുവർഷത്തെ പഠനത്തിനുശേഷം 56 വിഷയങ്ങളിൽ 55 വിഷയങ്ങൾക്ക് ജയിക്കുകയും ഒരു വിഷയത്തിന് മാത്രം നിസ്സാര മാർക്കിൽ പരാജയപ്പെടുകയും ചെയ്ത് പ്ലസ് ടു യോഗ്യതയിലേയ്ക്ക് മാത്രമായി ചുരുങ്ങുന്ന വിദ്യാർത്ഥികൾക്ക് മോഡറേഷൻ നൽകുന്ന കാര്യത്തിൽ നയപരമായ തീരുമാനമെടുക്കുന്നതിന് അക്കാദമിക് കൗൺസിലിന് പ്രത്യേകമായി അധികാരം നൽകിയിട്ടുള്ളതായി കാണാത്തതിനാൽ 30-4-2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം കാലിക്കറ്റ് സർവ്വകലാശാല 2012 ജൂൺ 12-ലെ ഉത്തരവിലൂടെ 2008 മുതൽ മുൻകാല പ്രാബല്യത്തോടെ ബി.ടെക് വിദ്യാർത്ഥികൾക്ക് 20 മാർക്ക് വരെ മോഡറേഷൻ നൽകാനെടുത്ത സിൻഡിക്കേറ്റ് തീരുമാനം, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല 2012-ലെ ഉത്തരവിലൂടെ 2010 മുതലുള്ള ബി.ടെക് വിദ്യാർത്ഥികൾക്ക് മോഡറേഷൻ നൽകാനെടുത്ത തീരുമാനം എന്നിവ പരിഗണിച്ച്, സർവ്വകലാശാല നടത്തിയ ബി.ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററുകളിൽ ഏതെങ്കിലും ഒരു വിഷയം മാത്രം വിജയിക്കുവാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷനോടുകൂടിയ മാർക്കിനുപുറമെ പരമാവധി 5 മാർക്കുകൂടി മോഡറേഷനായി നൽകുന്നതിന് നയപരമായ തീരുമാനം എടുത്തിരുന്നു. ഓരോ അപേക്ഷയും പ്രത്യേകം നമ്പറിട്ട് ഫയലാക്കി തീരുമാനമെടുക്കുന്നതിലെ സങ്കീർണ്ണതയും കാലതാമസവും ഒഴിവാക്കുന്നതിനാണ് ഈ വിഷയം പൊതുവായെടുത്ത് ഔട്ട് ഓഫ് അജണ്ടയായി സിൻഡിക്കേറ്റ് പരിഗണിച്ചത്.

## എം.ജി. സർവ്വകലാശാല ബി-ടെക് പരീക്ഷയിൽ മോഡറേഷൻ

307 (1801) <u>ശ്രീ. എം. വിൻസെന്റ്:</u>

<u>ശ്രീ. അനൂപ് ജേക്കബ്:</u>

<u>ശ്രീ. വി. ടി. ബൽറാം:</u>

<u>ശ്രീ. പി. ടി. തോമസ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി. സർവ്വകലാശാല നടത്തിയ ബി-ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററുകളിൽ ഏതെങ്കിലും ഒരു വിഷയം മാത്രം ജയിക്കുവാനുള്ള

വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷന് പുറമെ പരമാവധി അഞ്ച് മാർക്ക് കൂടി സിൻഡിക്കേറ്റ് മോഡറേഷനായി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്നുകൂടിയ യോഗമാണ് ഇപ്രകാരം ഒരു തീരുമാനം എടുത്തതെന്നറിയിക്കുമോ;

(ബി) പ്രസ്തുത ദിവസത്തെ സിൻഡിക്കേറ്റിന്റെ യോഗ അജണ്ടയിൽ ഈ വിഷയം ഉൾക്കൊള്ളിച്ചിരുന്നുവോ; ഇല്ലെങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ഒരു തീരുമാനം ഉണ്ടായത്;

(സി) സർവ്വകലാശാല പരീക്ഷകളിൽ വിദ്യാർത്ഥികൾക്ക് മാർക്ക് കൂട്ടി നൽകുവാൻ പാസ്സ് ബോർഡിന് മാത്രമേ അധികാരമുള്ളു എന്നിരിക്കെ ഇപ്രകാരം ഒരു തീരുമാനം സിൻഡിക്കേറ്റ് എടുത്തത് സ്റ്റാറ്റ്യൂട്ടിലെ ഏത് നിബന്ധന പ്രകാരമാണ്;

(ഡി) ഫലം പ്രഖ്യാപിച്ചാൽ പുനർമൂല്യനിർണ്ണയത്തിലൂടെ മാത്രമേ മാർക്ക് മാറ്റം വരുത്തുവാൻ കഴിയൂ എന്നിരിക്കെ ഫലപ്രഖ്യാപനം കഴിഞ്ഞ് വർഷങ്ങൾ കഴിഞ്ഞ് പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം നൽകിയത് പരീക്ഷാ സമ്പ്രദായത്തെ തന്നെ നോക്കുകുത്തിയാക്കുന്ന സ്ഥിതിവിശേഷം സംജാതമാക്കിയിട്ടില്ലേ; എങ്കിൽ ഇക്കാര്യത്തെ കുറിച്ച് സമഗ്രമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. 30-4-2019-ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ അജണ്ടയ്ക്ക് പുറത്തുള്ള വിഷയമായിട്ടാണ് വൈസ് ചാൻസലർ ഈ വിഷയം അവതരിപ്പിച്ചത്. മോഡറേഷൻ ആവശ്യം ഉയർത്തി 2016 മുതൽ നിരവധി ബി.ടെക് വിദ്യാർത്ഥികൾ നിരന്തരം സർവ്വകലാശാലയെ സമീപിച്ചിരുന്നു. 2016 ആഗസ്റ്റ് 13-ന് വിദ്യാർത്ഥികൾ ഇതേ വിഷയം ഉന്നയിച്ച് സർവ്വകലാശാലാ മാർച്ച് നടത്തുകയും അന്ന് ചുമതല വഹിച്ചിരുന്ന വൈസ് ചാൻസലർ വിദ്യാർത്ഥികളുമായി സംസാരിക്കുകയും വിഷയം പരിഗണിക്കാമെന്ന് അറിയിക്കുകയും ചെയ്തിരുന്നു. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേയ്ക്ക് ബി.ടെക്. കോഴ്സുകൾ പൂർണ്ണമായും മാറുകയും സപ്ലിമെന്ററി വിദ്യാർത്ഥികൾ മാത്രം സർവ്വകലാശാലയിൽ തുടരുകയും ചെയ്യുന്ന സാഹചര്യമുണ്ടായിരുന്നു. നേരിയ മാർക്കിന്റെ കുറവുകൊണ്ട് ബി.ടെക് പഠനം പൂർത്തീകരിക്കാൻ വിദ്യാർത്ഥികൾക്ക് സാധിക്കാതിരിക്കുകയും നാല് വർഷത്തെ പഠനത്തിനുശേഷം 56 വിഷയങ്ങളിൽ 55 വിഷയങ്ങൾക്ക് ജയിക്കുകയും ഒരു വിഷയത്തിന് മാത്രം നിസ്സാര മാർക്കിൽ പരാജയപ്പെടുകയും ചെയ്ത് പ്ലസ് ടു യോഗ്യതയിലേയ്ക്ക് മാത്രമായി വിദ്യാർത്ഥികൾ ചുരുങ്ങുന്ന അവസ്ഥയുണ്ടായി. ഇതിലേയ്ക്കായി വിദ്യാർത്ഥികൾ സമർപ്പിച്ച ഓരോ

അപേക്ഷയും പ്രത്യേക നമ്പറുള്ള ഫയലുകളാക്കി തീർപ്പാക്കുന്നതിലുള്ള നടപടിക്രമങ്ങളുടെ സങ്കീർണ്ണതയും കാലതാമസവും ഒഴിവാക്കുന്നതിനും വിദ്യാർത്ഥികൾ നേരിടുന്ന വൈഷമ്യം പരിഹരിക്കുന്നതിനുമാണ് പൊതുവായുള്ള ഈ വിഷയം അടിയന്തരമായി പരിഗണിച്ചത്.

(സി) മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 4 ചട്ടം 23 (15) പ്രകാരം സർവ്വകലാശാലയുടെ പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സിൻഡിക്കേറ്റിന്റെ അധികാരമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സാഹചര്യവും പ്രത്യേകമായി പരിഗണിച്ച് വിദ്യാർത്ഥികൾക്ക് മോഡറേഷൻ നൽകുന്നതിനുള്ള തീരുമാനം സിൻഡിക്കേറ്റ് എടുക്കുകയാണ് ചെയ്യുന്നത്. പാസ്സ് ബോർഡ് മോഡറേഷൻ നൽകാനുള്ള റെക്കമെന്റേഷൻ മാത്രമാണ് നൽകുന്നത്. അന്തിമ തീരുമാനം എടുക്കുന്നത് സിൻഡിക്കേറ്റാണ്.

(ഡി) പരീക്ഷാ കാര്യങ്ങളിൽ നയപരമായി തീരുമാനമെടുക്കാൻ സിൻഡിക്കേറ്റിനാണ് അധികാരം. ബി. ടെക് കോഴ്സ് എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേയ്ക്ക് മാറ്റപ്പെടുകയും തുടർ സപ്ലിമെന്ററി പരീക്ഷകൾ നടത്തുന്നതിന് സർവ്വകലാശാലയ്ക്കുള്ള പരിമിതി കണക്കിലെടുത്ത്, കാലിക്കറ്റ് സർവ്വകലാശാല 2012 ജൂൺ 12-ലെ ഉത്തരവിലൂടെ 2008 മുതൽ മുൻകാല പ്രാബല്യത്തോടെ ബി.ടെക്. വിദ്യാർത്ഥികൾക്ക് 20 മാർക്ക് വരെ മോഡറേഷൻ നൽകാനെടുത്ത തീരുമാനം, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല 2012-ലെ ഉത്തരവിലൂടെ 2010 മുതലുള്ള ബി.ടെക് വിദ്യാർത്ഥികൾക്ക് മോഡറേഷൻ നൽകാനെടുത്ത തീരുമാനം എന്നിവയെല്ലാം പരിഗണിച്ചാണ് 30-4-2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം, സർവ്വകലാശാല നടത്തിയ ബി.ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററുകളിൽ ഏതെങ്കിലും ഒരു വിഷയം മാത്രം വിജയിക്കുവാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷനോടുകൂടിയ മാർക്കിന് പുറമെ പരമാവധി 5 മാർക്കുകൂടി മോഡറേഷനായി നൽകുന്നതിന് നയപരമായ തീരുമാനം എടുത്തത്. പ്രസ്തുത തീരുമാനം സർവ്വകലാശാല ഇപ്പോൾ റദ്ദാക്കിയിട്ടുണ്ട്.

**എം.ജി. സർവ്വകലാശാല അദാലത്ത്**

308 (1802) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി. സർവ്വകലാശാല നടത്തിയ അദാലത്തിൽ കോതമംഗലത്തെ

സ്വാശ്രയ കോളേജിലെ ബി.ടെക് വിദ്യാർത്ഥിക്ക് മാർക്ക് കൂട്ടിക്കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അദാലത്തിൽ മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലുള്ളവർ പങ്കെടുത്ത് മാർക്ക് കൂട്ടിക്കൊടുക്കാനുള്ള നിർദ്ദേശം നൽകിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ മറ്റ് കുട്ടികൾക്കും മാർക്ക് കൂട്ടിക്കൊടുക്കാൻ സിൻഡിക്കേറ്റ് തീരുമാനം എടുത്തിട്ടുണ്ടോ;

(ഡി) അദാലത്തിലൂടെ മാർക്ക് കൂട്ടിക്കൊടുത്ത നടപടി പുനഃപരിശോധനയ്ക്ക് വിധേയമാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ആരുംതന്നെ മാർക്ക് കൂട്ടി കൊടുക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടില്ല. അദാലത്തിൽ 2 സെക്ഷനുകളാണ് നിശ്ചയിച്ചിരുന്നത്. 22-2-2019-ൽ സർവ്വകലാശാലയിൽ നടന്ന അദാലത്തിന്റെ ഉദ്ഘാടന സെഷനിൽ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് പങ്കെടുത്തിരുന്നു. എന്നാൽ അദാലത്തിന്റെ ബിസിനസ് സെഷനുകളിൽ ഒന്നിലും വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് പങ്കെടുത്തിരുന്നില്ല.

(സി) ഉണ്ട്.

(ഡി) 24-10-2019-ൽ ചേർന്ന അടിയന്തര സിൻഡിക്കേറ്റ് യോഗം 30-4-2019-ലെ തീരുമാനം പിൻവലിച്ച് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ചോദ്യം ഉദിക്കുന്നില്ല.

**എം.ജി. സർവ്വകലാശാലയിൽ നടന്ന മാർക്ക് ദാനം**

309 (1803) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി സർവ്വകലാശാലയിൽ സിൻഡിക്കേറ്റ് മാർക്ക് ദാനം ചെയ്യതോടെ നേരത്തെ പരീക്ഷയിൽ തോറ്റ നൂറ്റി നാൽപ്പത് വിദ്യാർത്ഥികളാണ് എഞ്ചിനീയറിംഗ് പരീക്ഷ ജയിച്ചത് എന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ബി) സർവ്വകലാശാലയിൽ പരീക്ഷകളിൽ വിദ്യാർത്ഥികൾക്ക് മാർക്ക് കൂട്ടി നൽകാൻ പാസ്സ്ബോർഡിന് മാത്രമേ അധികാരമുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അപ്രകാരം മാർക്ക് കൂട്ടി നൽകുന്നത് ഫലം പുറത്തു വരുന്നതിനു മുമ്പു മാത്രമായിരിക്കണമെന്ന് ചട്ടം അനുശാസിക്കുന്നുണ്ടോ;

(ഡി) വകുപ്പുമന്ത്രിക്കോ സിൻഡിക്കേറ്റിനോ ഇതിനധികാരമുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഫലം പുറത്തു വന്നാൽ പുനർമൂല്യനിർണയത്തിലൂടെ മാത്രമേ മാർക്കിൽ മാറ്റം വരുത്താനാകൂ എന്ന് ചട്ടം കർശനമായി അനുശാസിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ എം.ജി. സർവ്വകലാശാലയിൽ നടന്ന മാർക്ക് ദാനം ചട്ടവിരുദ്ധമാണെന്ന് സർക്കാരും സർവ്വകലാശാലയും കരുതുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) പരിശോധിക്കുകയുണ്ടായി.

(ബി &സി) ഇല്ല.

(ഡി) ഉണ്ട്.

(ഇ) ഇല്ല.

(എഫ്) ചട്ടവിരുദ്ധമാണെന്ന് സർവ്വകലാശാല അറിയിച്ചിട്ടില്ല.

**ബി.എസ്.സി. നഴ്സിംഗ് കോഴ്സിനുള്ള മോഡറേഷൻ**

310 (1804) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി.സർവ്വകലാശാലയുടെ കീഴിൽ 2008-ലും, 2009-ലും ബി.എസ്.സി.നഴ്സിംഗ് കോഴ്സിന് പ്രവേശനം ലഭിച്ച വിദ്യാർത്ഥികളിൽ പരീക്ഷകളിൽ തോറ്റവർക്ക് അഞ്ച് മാർക്ക് വീതം മോഡറേഷൻ നൽകുവാൻ സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എത്ര വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) ഉണ്ട്; ഈ തീരുമാനപ്രകാരം ഒരു വിദ്യാർത്ഥിക്കും മോഡറേഷൻ ആനുകൂല്യം ലഭിച്ചിട്ടില്ല.

## മാർക്ക് ദാനം നൽകി വിജയിപ്പിക്കൽ

311 (1805) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ബി.ടെക്, ബി.എസ്.സി. നഴ്സിംഗ് എന്നിവയിൽ തോറ്റ വിദ്യാർത്ഥികൾക്ക് മാർക്ക് അനധികൃതമായി നൽകി വിജയിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാം ആണ് ഇത്തരത്തിൽ മാർക്ക് ദാനം നൽകി വിജയിപ്പിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(ബി) ഇത്തരത്തിൽ മോഡറേഷൻ നൽകുന്നതിന് അനുമതി നൽകാൻ സിൻഡിക്കേറ്റിന് അല്ലെങ്കിൽ അദാലത്തിന് അധികാരമുണ്ടോ;

(സി) യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് പ്രകാരം ഇത്തരത്തിൽ മാർക്ക് നൽകുന്നതിന് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന് അധികാരം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) എം.ജി. യൂണിവേഴ്സിറ്റിയിൽ നടന്ന അദാലത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ ആരെല്ലാം ആണ്; അവരുടെ ഡെസിഗ്നേഷൻ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) ഇത്തരത്തിൽ ഏതെല്ലാം സർവകലാശാലകളിൽ തോറ്റ വിദ്യാർത്ഥികളെ മോഡറേഷൻ നൽകി വിജയിപ്പിച്ചിട്ടുണ്ട്; ഇത്തരത്തിൽ മാർക്ക് നൽകിയ വിദ്യാർത്ഥികൾ നേടിയ മാർക്കും, റീവാല്യുവേഷൻ മാർക്കും, സപ്ലിമെന്ററി പരീക്ഷകളുടെ മാർക്കും എത്രയായിരുന്നു; വിശദമാക്കാമോ?

### ഉത്തരം

(എ) ഇല്ല; ബാധകമല്ല.

(ബി) മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 4 ചട്ടം 23 (15) പ്രകാരം സർവ്വകലാശാലയുടെ പരീക്ഷാ നടത്തിപ്പും പരീക്ഷാഫലം അംഗീകരിക്കലും ഫലപ്രഖ്യാപനവും സിൻഡിക്കേറ്റിന്റെ അധികാരമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സാഹചര്യവും പ്രത്യേകമായി പരിഗണിച്ച് വിദ്യാർത്ഥികൾക്ക് മോഡറേഷൻ നൽകുന്നതിനുള്ള തീരുമാനം സിൻഡിക്കേറ്റ് എടുക്കുകയാണ് ചെയ്യുന്നത്. പാസ്സ് ബോർഡ്, മോഡറേഷൻ നൽകാനുള്ള റെക്കമെന്റേഷൻ മാത്രമാണ് നൽകുന്നത്. അന്തിമ തീരുമാനം എടുക്കുന്നത് സിൻഡിക്കേറ്റാണ്.

(സി) പരീക്ഷാ നടത്തിപ്പും പരീക്ഷാഫലം അംഗീകരിക്കലും ഫലപ്രഖ്യാപനവും സംബന്ധിച്ച മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 4 ചട്ടം 23 (15) പ്രകാരമാണ് നടത്തുന്നത്.

(ഡി) എം.ജി. യൂണിവേഴ്സിറ്റിയിൽ നടന്ന അദാലത്തിൽ പങ്കെടുത്ത സർവ്വകലാശാലാ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ശ്രീ. വിജയകുമാർ. ജി. | ജോയിന്റ് രജിസ്ട്രാർ (ഭരണ വിഭാഗം) |
| 2 | ശ്രീ. സാബു തോമസ് | ജോയിന്റ് രജിസ്ട്രാർ (ഭരണ വിഭാഗം) |
| 3 | ശ്രീ. സുനിൽ ബാബു | ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണ വിഭാഗം) |
| 4 | ശ്രീ. രമേഷ് രാഘവൻ | ഡെപ്യൂട്ടി രജിസ്ട്രാർ (അക്കാദമിക്) |
| 5 | ശ്രീ. ദിലീപ് കുമാർ | അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക്) |
| 6 | ശ്രീ. സണ്ണി പോൾ | അസിസ്റ്റന്റ് രജിസ്ട്രാർ (പരീക്ഷ വിഭാഗം) |
| 7 | ശ്രീ. വിനോദ് ജെ. കെ. | അസിസ്റ്റന്റ് രജിസ്ട്രാർ (പരീക്ഷ വിഭാഗം) |
| 8 | ശ്രീ. റോജൻ ജോസ് | അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണ വിഭാഗം) |
| 9 | ശ്രീ. സിബി മാത്യു | സെക്ഷൻ ഓഫീസർ |
| 10 | ശ്രീ. സതീഷ് കുമാർ ജെ. | സെക്ഷൻ ഓഫീസർ |
| 11 | ശ്രീ. ഷാനവാസ് വി. എച്ച് | സെക്ഷൻ ഓഫീസർ |
| 12 | ശ്രീ. അരുൺ കുമാർ എ. | പബ്ലിക് റിലേഷൻസ് ഓഫീസർ |

മേൽ പറഞ്ഞവരെ കൂടാതെ ശ്രീ. സക്കീർ ഹുസൈൻ വൈ., സെക്ഷൻ ഓഫീസർ, ശ്രീ. ഡോറിറ്റ് ലൂക്കോസ്, അസിസ്റ്റന്റ്, ശ്രീ. വിഷ്ണു വിജയൻ, അസിസ്റ്റന്റ്; ശ്രീമതി ദേവിക എസ്. ദേവ്, അസിസ്റ്റന്റ്, ശ്രീ. രാജൻ, കെ. കെ., ഓഫീസ് അറ്റന്റന്റ്, ശ്രീ. മുഹമ്മദ് നാസർ എം., സെക്ഷൻ ഓഫീസർ എന്നിവരും അദാലത്തുമായുള്ള പ്രവർത്തനങ്ങളിൽ പങ്കെടുത്തിരുന്നു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

## മഹാത്മാഗാന്ധി സർവ്വകലാശാല എം.കോം. നാലാം സെമസ്റ്റർ പുനർനിർണ്ണയം

312 (1806) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പുനർനിർണ്ണയം നടത്തുന്ന

എം.കോം നാലാം സെമസ്റ്റർ അഡ്വാൻസ്ഡ് കോസ്റ്റ് അക്കൗണ്ടിംഗ് പരീക്ഷയുടെ 30 ഉത്തരക്കടലാസുകൾ വിദ്യാർത്ഥികളുടെ രജിസ്റ്റർ നമ്പരും ഫാൾസ് നമ്പരും സഹിതം പരീക്ഷാ ചുമതലയുള്ള സിൻഡിക്കേറ്റംഗം ഡോ. ആർ പ്രഗാഷിന് നൽകുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം രജിസ്റ്റർ നമ്പരും ഫാൾസ് നമ്പരും ഒരുമിച്ച് നൽകുന്നത് ഉത്തരക്കടലാസ് ആരുടേതാണെന്ന് വെളിപ്പെടുന്നതിനും അത് പരീക്ഷ ക്രമക്കേടിനും വഴിവയ്ക്കുമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(സി) സിൻഡിക്കേറ്റ് അംഗങ്ങൾ ഇത്തരം നടപടികൾ നടത്തുന്നത് നിരുത്സാഹപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി മഹാത്മാഗാന്ധി സർവ്വകലാശാല റീവാല്യൂവേഷന് വേണ്ടി പുതിയ സോഫ്റ്റ് വെയർ നടപ്പിലാക്കിവരികയാണ്. ഇതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ ഫാൾസ് നമ്പർ വച്ച് സോഫ്റ്റ് വെയർ പ്രവർത്തന-ക്ഷമമാകുമ്പോൾ കൃത്യമായി ഡീകോഡ് ചെയ്ത് യഥാർത്ഥ രജിസ്റ്റർ നമ്പറിലേയ്ക്ക് എത്താൻ കഴിയുമോയെന്നത് പരിശോധിക്കേണ്ടിയിരുന്നു. ഇതിനാവശ്യമായ ഡമ്മി പരിശോധനകൾ സർവ്വകലാശാലയിൽ പൂർത്തീകരിച്ചിരുന്നു. തുടർന്ന് യഥാർത്ഥ പരിശോധനയ്ക്കായി ഫാൾസ് നമ്പറിലുള്ള ഉത്തരക്കടലാസുകളും അതിന് corresponding ആയിട്ടുള്ള രജിസ്റ്റർ നമ്പരുകളും ഏറ്റവും രഹസ്യമായി പരിശോധിക്കേണ്ടിയിരുന്നു. ഈ ആവശ്യത്തിനായി പരീക്ഷാ കമ്മിറ്റിയുടെ ചുമതലയുള്ള സിൻഡിക്കേറ്റംഗം എന്ന നിലയിൽ ആവശ്യപ്പെട്ട 66 പേപ്പറുകളാണ് നിയമപരമായ എല്ലാ ഉത്തരവുകളും നടപടികളും പൂർത്തിയാക്കി കൈപ്പറ്റിയിട്ടുള്ളത്.

(ബി) പരീക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ സുതാര്യതയും രഹസ്യ സ്വഭാവവും ഏറ്റവും കൃത്യമായി സൂക്ഷിക്കപ്പെടേണ്ടതാണെന്ന ഉത്തമ ബോധ്യത്തിലാണ് സിൻഡിക്കേറ്റും പരീക്ഷാ കമ്മിറ്റിയും ആയതിന്റെ ചുമതലയുള്ളവരും പ്രവർത്തിക്കുന്നത്. നിയമപരമായും സാങ്കേതികമായും എല്ലാഘട്ടത്തിലും ഇത് ഉറപ്പാക്കുന്നത് നിരന്തരമായി നിരീക്ഷിക്കുകയും ചെറിയ വീഴ്ചപോലും വരാതെ സൂക്ഷിക്കുകയും ചെയ്തുകൊണ്ടാണ് സർവ്വകലാശാല സിൻഡിക്കേറ്റ് പ്രവർത്തിക്കുന്നത്. തികച്ചും സാങ്കേതികവും സർവ്വകലാശാലയേയും വിദ്യാർത്ഥികളേയും ഏറെ സഹായിക്കുന്നതുമായ ഒരു കാര്യത്തിനായി നിയമപരമായി ചെയ്ത ഒരു കാര്യം ഒരു പരീക്ഷ ക്രമക്കേടിനും കാരണമാകില്ലായെന്നത് ഉറപ്പാക്കിയിട്ടാണ് ചെയ്തിട്ടുള്ളത്.

(സി) സർവ്വകലാശാലയുടെ ഗുണപരമായ നേട്ടത്തിനുവേണ്ടി സിൻഡിക്കേറ്റ് കൂട്ടായ തീരുമാനങ്ങൾ എടുക്കുന്നത് വളരെ ചർച്ചകൾക്കുശേഷമാണ്. പുനർമൂല്യനിർണ്ണയത്തിനുവേണ്ടിയുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സിൻഡിക്കേറ്റിന്റെ പരീക്ഷാ ഉപസമിതിയുടെ കൺവീനർ എന്ന നിലയിലാണ് ടി വിവരങ്ങൾ പരീക്ഷാ വിഭാഗത്തിൽനിന്നും ശേഖരിച്ചതെന്നും രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

**മലയാളം സർവ്വകലാശാല സ്ഥിരം ക്യാമ്പസിനായി ഭൂമി**

313 (1807) ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരിലെ മലയാളം യൂണിവേഴ്സിറ്റിക്ക് സ്ഥിരം ക്യാമ്പസ് നിർമ്മിക്കുന്നതിനായി വെട്ടത്ത് കണ്ടെത്തിയിട്ടുള്ള ഭൂമി സംബന്ധിച്ച് ട്രിബ്യൂണലിന്റെ വിധി എതിരാകുകയാണെങ്കിൽ മറ്റ് എവിടെയെങ്കിലും ഇതിനായി സ്ഥലം കണ്ടെത്താൻ ആലോചനയുണ്ടോ; വിശദമാക്കാമോ;

(ബി) സർവ്വകലാശാലയ്ക്ക് സ്ഥിരം ക്യാമ്പസിനായി യഥേഷ്ടം സൗകര്യപ്രദമായ കരഭൂമി വാഗ്ദാനം ചെയ്ത് ആരെങ്കിലും സമീപിച്ചിരുന്നോ; അതിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടത്; അറിയിക്കുമോ?

ഉത്തരം

(എ) ട്രിബ്യൂണലിൽനിന്നും നോട്ടീസോ മറ്റെന്തെങ്കിലും രേഖകളോ സർക്കാരിന് ലഭിച്ചിട്ടില്ല.

(ബി) സർവ്വകലാശാലയ്ക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തി ഏറ്റെടുത്തിട്ടുണ്ട്.

**മലയാളം സർവ്വകലാശാലയ്ക്കായി ഭൂമി ഏറ്റെടുക്കൽ**

314 (1808) ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരിലെ മലയാളം സർവ്വകലാശാലക്കായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി നിർമ്മാണ പ്രവൃത്തികൾ നടത്താൻ അനുയോജ്യമാണോ എന്ന് പുനഃപരിശോധിക്കണമെന്ന ഹരിതട്രിബ്യൂണലിന്റെ ചെന്നൈ ബെഞ്ചിന്റെ വിധി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ വിധി അനുസരിച്ച് നിയോഗിക്കപ്പെട്ട പരിശോധകരുടെ റിപ്പോർട്ട് അനുകൂലമല്ലാത്ത പക്ഷം ഭൂമി ഏറ്റെടുക്കൽ നിർത്തിവച്ച് ഇപ്പോൾ വിതരണം ചെയ്ത തുക മടക്കിവാങ്ങാൻ നടപടി സ്വീകരിക്കുമോ;

(സി) ഭൂമി എറ്റെടുക്കുന്നതിന് എന്ത് തുക ചെലവ് വരുമെന്നാണ് ഇപ്പോൾ കണക്കാക്കിയിട്ടുള്ളത്; നാളിതുവരെ എന്ത് തുക ഭൂമി ഏറ്റെടുത്ത വകയിൽ വിതരണം ചെയ്തിട്ടുണ്ടെന്നും ആർക്കൊക്കെയെന്നും പട്ടിക തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇനിയും എന്ത് തുകയാണ് കരാർ പ്രകാരം കൊടുത്ത് തീർക്കാൻ ബാക്കിയുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുടർനടപടികൾ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(സി) 04.2078 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക 16,63,66,313.28 രൂപയാണ്. ഇതിൽ 9 കോടി രൂപ തഹസിൽദാർക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്.

(ഡി) കൈമാറ്റം ചെയ്തതിന്റെ ബാക്കി തുകയായ 7,63,66,313.28 രൂപയാണ് നൽകാനുള്ളത്.

## അസാപ് നടത്തുന്ന ഷീ സ്കിൽസ് തൊഴിൽ നൈപുണ്യ പദ്ധതി

315 (1809) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപ് നടത്തുന്ന ഷീ സ്കിൽസ് തൊഴിൽ നൈപുണ്യ പദ്ധതിയിൽ ഏതൊക്കെ കോഴ്സുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര വനിതകൾക്ക് പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? ആയതിനായി തെരഞ്ഞെടുത്തിരിക്കുന്ന ട്രെയിനിങ് സർവ്വീസ് പ്രൊവൈഡർമാർ ആരൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) അസാപ് നടത്തുന്ന ഷീ സ്കിൽസ് തൊഴിൽ നൈപുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കോഴ്സുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അസാപ് നടത്തുന്ന "ഷീ സ്കിൽസ് 2019" പദ്ധതിയിൽ 9000 വനിതകൾക്ക് പരിശീലനം നൽകാൻ തീരുമാനിച്ചതിൽ ഇതുവരെ 5504 പേർ അഡ്മിഷൻ നേടിയിട്ടുണ്ട്. തെരഞ്ഞെടുത്തിരിക്കുന്ന ട്രെയിനിംഗ് സർവ്വീസ് പ്രൊവൈഡർമാരുടെ പട്ടിക അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

### ഹജ്ജ് എംബാർകേഷൻ

316 (1810) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഹജ്ജ് എംബാർകേഷൻ പോയിന്റുകളാണുള്ളത് എന്നറിയിക്കാമോ;

(ബി) പുതുതായി ഏതെങ്കിലും ഹജ്ജ് എംബാർകേഷൻ പോയിന്റ് കൂടി അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സംസ്ഥാന സർക്കാർ മുന്നോട്ട് വെച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ കോഴിക്കോട്, കൊച്ചി എന്നിവിടങ്ങളിൽ രണ്ട് ഹജ്ജ് എംബാർകേഷൻ പോയിന്റുകളാണുള്ളത്.

(ബി) കണ്ണൂർ, കാസർഗോഡ് ജില്ലകളിൽനിന്നുള്ള തീർത്ഥാടകരുടെ സൗകര്യാർത്ഥം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളംകൂടി എംബാർകേഷൻ പോയിന്റായി നിശ്ചയിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന ഹജ്ജ് കമ്മിറ്റി നൽകിയ നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

### ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിലുള്ള പദ്ധതികൾ

317 (1811) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) ഓരോ പദ്ധതിയിലും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ)

1. സി.എ./ഐ.സി.ഡബ്ല്യൂ.എ./സി.എസ്. എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.
2. വിധവ/വിവാഹബന്ധം വേർപെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന നിർമ്മാണ/ പുനരുദ്ധാരണ പദ്ധതി.
3. ഹൈസ്കൂൾ, ഹയർ സെക്കൻഡറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം.
4. സ്വകാര്യ ഐ.റ്റി.ഐ./ ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ-റീ ഇംബേഴ്സ്മെന്റ് സ്കീം.
5. പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്.
6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി.
7. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്ത് നൽകുന്ന പദ്ധതി.
8. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.
9. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി.
10. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സ അദ്ധ്യാപകർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം നൽകുന്ന വിവാഹ ധനസഹായ പദ്ധതി.
11. എസ്.എസ്.എൽ.സി./ പ്ലസ്ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.

12. നഴ്സിംഗ് ഡിപ്ലോമ/ പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി മദർ തെരേസ സ്കോളർഷിപ്പ്.

13. സർക്കാർ/എയ്ഡഡ് പോളിടെക്നിക്കുകളിൽ 3 വർഷ ഡിപ്ലോമ കോഴ്സുകൾക്ക് നൽകുന്ന ഡോ. എ.പി.ജെ. അബ്ദുൾകലാം സ്കോളർഷിപ്പ്.

14. മുസ്ലീം വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കൾക്ക് വിവാഹപൂർവ്വ കൗൺസിലിംഗ്.

15. മദ്രസ്സാദ്ധ്യാപകർക്കുള്ള ചികിത്സാ ധനസഹായം, വനിതകൾക്കുള്ള പ്രസവാനുകൂല്യം.

(ബി) മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## ന്യൂനപക്ഷ വിഭാഗക്കാർക്കായുള്ള ക്ഷേമപദ്ധതികൾ

318 (1812) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. കെ. ദാസൻ:
ശ്രീ. എം. നൗഷാദ്:
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷ വിഭാഗക്കാർക്കായി പുതുതായി നടപ്പിലാക്കിയ ക്ഷേമപദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം (പി.എം.ജെ.വി.കെ.) പദ്ധതി പ്രകാരം എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങളാണ് നടപ്പാക്കിവരുന്നത്;

(സി) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് മത്സരപരീക്ഷകൾക്കായി പരിശീലനം നൽകുന്നതിന് പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷ മതവിഭാഗങ്ങൾക്കായി താഴെപ്പറയുന്ന പുതിയ പദ്ധതികൾകൂടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്-

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി/ പ്ലസ്ടു/വി.എച്ച്.എസ്.ഇ തുടങ്ങിയവയ്ക്ക് എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ്/ 90 %-മാർക്ക് നേടിയവർക്കും ബിരുദത്തിന് 80%-മാർക്ക് നേടിയവർക്കും ബിരുദാനന്തര ബിരുദത്തിന് 75% മാർക്ക് നേടിയവർക്കുമാണ് സ്കോളർഷിപ്പ് അവാർഡ് നൽകുന്നത്. എസ്.എസ്.എൽ.സി/പ്ലസ്ടു/വി.എച്ച്.എസ്.ഇ വിഭാഗത്തിന് 10,000 രൂപയും ബിരുദ/ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പഠിക്കുന്നവർക്ക് 15,000 രൂപയുമാണ് സ്കോളർഷിപ്പ് അവാർഡ് തുക.

2. എ.പി.ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ്

സർക്കാർ/എയ്ഡഡ് മേഖലയിലെ പോളിടെക്നിക്കുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 6000 രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. പ്രതിവർഷം 1000 വിദ്യാർത്ഥികൾക്ക് 6,000 രൂപ നിരക്കിൽ ഇതിന്റെ പ്രയോജനം ലഭിക്കും.

3. മദർ തെരേസ സ്കോളർഷിപ്പ്

പൊതു പ്രവേശന പരീക്ഷയെഴുതി കേരളത്തിലെ നഴ്സിംഗ് കോളേജ്/ മെഡിക്കൽ കോളേജുകളിൽ നഴ്സിംഗ് ഡിപ്ലോമ/ പാരാമെഡിക്കൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 15,000 രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50%-ൽ കുറയാത്ത മാർക്ക് നേടിയവരും കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെയുള്ളവരും ആയിരിക്കണം.

4. ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി

വിധവ/വിവാഹബന്ധം വേർപെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയിൽ 50,000 രൂപയാണ് ധനസഹായം നൽകുന്നത്. ബി.പി.എൽ. വിഭാഗത്തിനും, മാനസിക-ശാരീരിക വൈകല്യങ്ങൾ നേരിടുന്നവർക്കും മുൻഗണന നൽകും. ഇപ്പോൾ ഈ പദ്ധതി ലൈഫ് മിഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

5. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട മുസ്ലീം യുവതീ-യുവാക്കൾക്ക് വിവാഹപൂർവ്വ കൗൺസിലിംഗ്.

ന്യൂനപക്ഷ സമുദായത്തിലെ വിവാഹമോചന നിരക്ക് ഗണ്യമായി കുറയ്ക്കുന്നതിന്റെ ഭാഗമായി വിവാഹപൂർവ്വ കൗൺസിലിംഗ് എല്ലാ ജില്ലകളിലും നടത്തി വരുന്നു.

6. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായവർക്കുള്ള ചികിത്സാ ധനസഹായം, പ്രസവാനുകൂല്യം എന്നിവ.

(ബി) വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം എന്നീ മേഖലകളിലെ ഉന്നമനത്തിനും, ക്ഷേമത്തിനും, സദ്ഭാവന മണ്ഡപം, മാർക്കറ്റ്ഷെഡ്, ടോയ്‌ലറ്റ് നിർമ്മാണം, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകിയാണ് പി.എം.ജെ.വി.കെ. പദ്ധതികൾ നടപ്പിലാക്കുന്നത്.

(സി) ന്യൂനപക്ഷ യുവജനങ്ങൾക്കായി പി.എസ്.സി., യു.പി.എസ്.സി., ബാങ്കിംഗ് തുടങ്ങിയ മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനായി 23 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളും 28 ഉപകേന്ദ്രങ്ങളും ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

## മാനന്തവാടിയിൽ ന്യൂനപക്ഷ പരീക്ഷാ പരിശീലനകേന്ദ്രം

319 (1813) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ ഒരു ന്യൂനപക്ഷ പരീക്ഷ പരിശീലനകേന്ദ്രം ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) പരിശോധിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം

320 (1814) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കൂടി സാമ്പത്തിക സഹായത്തിന്റെ അടിസ്ഥാനത്തിലോ അല്ലാതെയോ കൃത്യദിവസങ്ങളിൽ ജോലി നോക്കുന്ന ആരോഗ്യമുള്ള ജീവനക്കാർക്ക്പ്രതിമാസ ശമ്പളം നൽകുമ്പോൾ വിവിധ ആരോഗ്യ പ്രശ്നങ്ങളുള്ളതിനാൽ കൃത്യമായി ലൈൻ ഡ്യൂട്ടി ചെയ്യാനാവാത്തവർക്ക് സപ്ലിമെന്ററി എന്ന പേരിൽ ഒന്നര വർഷത്തിലധികമായി കെ.എസ്.ആർ.ടി.സി ശമ്പളം നൽകാതിരിക്കുന്നത് മാനുഷികമൂല്യങ്ങൾക്ക് നിരക്കുന്നതാണെന്ന് കരുതുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നീതിയുക്തമായി മാനുഷികമൂല്യങ്ങൾക്ക് പ്രാധാന്യം നല്കി അത്തരക്കാരുടെ ശമ്പളവും ഇതിനോടനുബന്ധിച്ച് നൽകാൻ ആവശ്യമായ സംവിധാനം ഒരുക്കുമോ;

(സി) എങ്കിൽ മുടക്കം വന്നിട്ടുള്ള ഈ ശമ്പളം എന്ന് വിതരണം നടത്തുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) നിലവിൽ സപ്ലിമെന്ററി സാലറി ഇനത്തിൽ 2018 മാർച്ച് മുതലുള്ള ബില്ലുകളിൻമേൽ തുക വിതരണം നടത്തിയിട്ടില്ല. ആയതിനായി 6.89 കോടി രൂപ ആവശ്യമാണ്. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധിയാണ് ഈ തുക വിതരണം ചെയ്യാൻ കഴിയാത്തതിന് കാരണമായിരിക്കുന്നത്.

ഈ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് ഈടാക്കുന്ന നോൺ ഡിപ്പാർട്ടുമെന്റൽ റിക്കവറി (എൻ.ഡി.ആർ) ഡിപ്പാർട്ടുമെന്റൽ റിക്കവറി (ഡി.ആർ) എന്നിവ അതാത് അക്കൗണ്ടുകളിൽ നിക്ഷേപിക്കുവാൻ ലിക്വിഡ് ക്യാഷ് കോർപ്പറേഷന്റെ കൈവശം ഉണ്ടാകില്ല. എൻ.ഡി.ആർ. തുക റിക്കവറി നടത്തി വിവിധ ധനകാര്യ സ്ഥാപനങ്ങളിലും സഹകരണ സൊസൈറ്റികളിലും ഒടുക്കുവാൻ കുടിശ്ശികയുള്ളത് 30.37 കോടി രൂപയാണ്. മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്, അരിയർ ഇനത്തിൽ 8.58 കോടി രൂപ, സപ്ലിമെന്ററി സാലറി ഇനത്തിൽ 6.89 കോടി രൂപ, പ്രോവിഡന്റ് ഫണ്ട് ട്രസ്റ്റ് എൻ.ആർ.എ. വായ്പ ഇനത്തിൽ 11.77 കോടി രൂപ, എൻ.പി.എസ്. ഇനത്തിൽ 102.50 കോടി രൂപ എന്നിങ്ങനെ വിവിധ ശീർഷകത്തിലായി ജീവനക്കാരുടെ ആനുകൂല്യങ്ങൾ നൽകാൻ മൊത്തം 160.11 കോടി രൂപയുടെ കുടിശ്ശികയുണ്ട്. വരുമാനത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് ടി കുടിശ്ശിക തീർക്കുന്നുണ്ട്. 12/2017, 1/2018, 2/2018 മാസങ്ങളിലെ സപ്ലിമെന്ററി സാലറി ഒറ്റത്തവണയായി 2/2019-ൽ നൽകിയിട്ടുണ്ട്. നിലവിൽ സപ്ലിമെന്ററി സാലറി ഇനത്തിൽ 2018 മാർച്ച് മുതലുള്ള ബില്ലുകളിന്മേൽ തുക വിതരണം നടത്തിയിട്ടില്ല. ആയതിനായി 6.89 കോടി രൂപ ആവശ്യമാണ്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ടി തുക വിതരണം ചെയ്യുന്നതാണ്.

## കെ.എസ്.ആർ.ടി.സി. മിനിസ്റ്റീരിയൽ സ്റ്റാഫുകളുടെ ഡ്യൂട്ടി

321 (1815) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ കഴിഞ്ഞ സർക്കാരിൻെറ കാലത്ത് കണ്ടക്ടർമാർക്കും ഡ്രൈവർമാർക്കും ഓരോ ഷെഡ്യൂൾ ഡ്യൂട്ടിയ്ക്കും നൽകി വന്നിരുന്ന ഡ്യൂട്ടി എണ്ണത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താമസമില്ലാതെ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ മുൻസർക്കാരിന്റെ കാലയളവിൽ ഇത്തരം ഷെഡ്യൂളുകൾക്ക് നൽകിവന്നിരുന്ന ഡ്യൂട്ടി എണ്ണം അധികമാണെന്ന് കണ്ടെത്തിയതിന്റെ ഫലമായിട്ടാണോ ഇങ്ങനെ ഒരു വെട്ടിക്കുറവ് വരുത്തിയത്;

(സി) ശമ്പളം ലഭിക്കുന്ന ഇത്തരം ഡ്യൂട്ടി എണ്ണം കുറവ് ചെയ്ത് അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിൽ കെ.എസ്.ആർ.ടി.സി. മിനിസ്റ്റീരിയൽ സ്റ്റാഫിനും ബാധകമാക്കിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) മിനിസ്റ്റീരിയൽ സ്റ്റാഫുകൾക്ക് ഡ്യൂട്ടി എണ്ണം ബാധകമല്ലാത്തതിനാൽ അവർക്ക് ജോലിക്ക് ലഭിച്ചിരുന്ന പ്രതിമാസ ശമ്പളം ഇക്കാര്യങ്ങളൊന്നുകൊണ്ടും കുറവ് വരുന്നില്ലെന്നിരിക്കെ കാഠിന്യമുള്ള ലൈൻ ഡ്യൂട്ടി ചെയ്യുന്ന വിഭാഗങ്ങളോട് മാത്രം കഴിഞ്ഞ മൂന്നരകൊല്ലമായി തുടർന്ന് വരുന്ന തൊഴിലാളി വിരുദ്ധ നടപടി ഇനിയെങ്കിലും അവസാനിപ്പിക്കുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായിരുന്ന കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടേയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ മാനവ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച്, ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്.

(സി) മാനവ വിഭവശേഷി പൂർണ്ണമായും കാര്യക്ഷമമായും ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിഭാഗം ജീവനക്കാർക്കും ഡ്യൂട്ടി പരിഷ്കരണം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെയും ജോലി സമയം പുനഃക്രമീകരിക്കുകയുണ്ടായി. ആഫീസർമാരുടെയും മിനിസ്റ്റീരിയൽ ജീവനക്കാരുടെയും ജോലി സമയം 8 മണിക്കൂറായി പുനഃക്രമീകരിച്ച് ഡ്യൂട്ടി പാറ്റേൺ പരിഷ്കരണം നടപ്പിൽ വരുത്തിയിട്ടുണ്ട്. മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രവൃത്തി സമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ ആയിരുന്നത് 16-8-2017-ാം തീയതി മുതൽ രാവിലെ 9.30 മണി മുതൽ വൈകുന്നേരം 5.30 വരെയായി പുനഃക്രമീകരിച്ച് 8 മണിക്കൂറായി നിജപ്പെടുത്തുകയുണ്ടായി. സർവ്വീസ് ഓപ്പറേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന യൂണിറ്റ് ഓഫീസർ, ഡിപ്പോ എഞ്ചിനീയർ, ചീഫ് സ്റ്റോറിലെയും സ്റ്റേഷനറി സ്റ്റോറിലെയും ഓഫീസർമാർ, ജീവനക്കാർ കൂടാതെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന സിവിൽ വിഭാഗത്തിലെ ഓഫീസർമാർ, ജീവനക്കാർ എന്നിവർക്ക് രണ്ടാം ശനിയാഴ്ചയും പ്രവൃത്തി ദിവസമാക്കുകയും ചെയ്തു.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണ നടപടികളുടെ ഭാഗമായി എല്ലാ വിഭാഗം ജീവനക്കാരുടെയും ജോലിയും ജോലിസമയവും പുനഃക്രമീകരിക്കുകയുണ്ടായിട്ടുണ്ട്. ആയതിന്റെ ഭാഗമായി മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ പ്രവൃത്തി സമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ ആയിരുന്നത്, രാവിലെ 9.30 മണി മുതൽ വൈകുന്നേരം 5.30 മണി വരെയാക്കി 8 മണിക്കൂറായി പുനഃക്രമീകരിക്കുകയുണ്ടായി.

പുനരുദ്ധാരണ നടപടികളുടെ ഭാഗമായി, കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ പ്രവർത്തിക്കുന്ന കോർപ്പറേഷന്റെ നിലനിൽപ്പിന് ഉതകുന്ന പരിഷ്കരണങ്ങളാണ് ഉണ്ടായിട്ടുള്ളത്. ആയതിന്റെ ഭാഗമായി തൊഴിലാളി വിരുദ്ധ നടപടികൾ ഒന്നുംതന്നെ കൈക്കൊണ്ടിട്ടില്ല.

## കെ.എസ്.ആർ.ടി.സി.-യിലെ സ്ഥലം മാറ്റവും പിരിച്ചുവിടലും

322 (1816) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ജോലിയിൽ പ്രവേശിച്ച വർഷം കഴിഞ്ഞിട്ടും വനിതാ കണ്ടക്ടർമാർക്ക് സ്വന്തം ജില്ലയിലേയ്ക്കും സമീപ പ്രദേശങ്ങളിലേയ്ക്കും മാറ്റം നൽകാൻ വൈകുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കോടതി വിധിയെ തുടർന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്ന് എത്ര ഡ്രൈവർമാരെ പിരിച്ചുവിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇവർക്ക് പകരം പി.എസ്.സി. നിയമനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ള വനിതാ കണ്ടക്ടർമാർ സ്ഥലം മാറ്റത്തിനായി അപേക്ഷ സമർപ്പിച്ചാൽ നിയമാനുസൃതം സ്ഥലമാറ്റ മാനദണ്ഡങ്ങൾക്കനുസരിച്ചാണെങ്കിൽ അനുവദിച്ച് നൽകാറുണ്ട്.

(ബി) കോടതി വിധിയെത്തുടർന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽനിന്ന് 154 താൽക്കാലിക ഡ്രൈവർമാരെ പിരിച്ചുവിട്ടിട്ടുണ്ട്.

(സി) ഇവർക്ക് പകരം പി.എസ്.സി. നിയമനം നടത്തിയിട്ടില്ല. കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിനായി സർക്കാർ നിയോഗിച്ച സുശീൽഖന്ന റിപ്പോർട്ടിൽ ബസ്-ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിയായ 5.5 -ൽ എത്തിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി വിഷയത്തിൽ കേഡർ സ്ട്രെങ്ത് നിശ്ചയിക്കുന്നതിനായി ഒരു സമിതിയെ കോർപ്പറേഷൻ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ടി സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ കൂടുതൽ ജീവനക്കാരെ നിയോഗിക്കണമോയെന്ന് തീരുമാനിക്കാൻ കഴിയുകയുള്ളൂ.

**പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ**

323 (1817) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; അറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല.

**പുതിയ മോട്ടോർ നിയമം**

324 (1818) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ പുതിയ മോട്ടോർ നിയമം കേരളത്തിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത നിയമം അനുസരിച്ച് ട്രാഫിക് ചട്ടങ്ങളുടെ ലംഘനത്തിന് ഈടാക്കുന്ന പിഴ വിവരം ഇനംതിരിച്ച് അറിയിക്കാമോ;

(സി) പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്നതിന് ശേഷം ട്രാഫിക് നിയമലംഘനത്തിന് ചുമത്തിയ പിഴ മൂഖേന സർക്കാരിനുണ്ടായ വരുമാനം എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) കേന്ദ്ര മോട്ടോർ വാഹന (ഭേദഗതി) നിയമം 1-9-2019-ന് രാജ്യമൊട്ടാകെ നിലവിൽ വന്നിരുന്നു. പ്രസ്തുത നിയമത്തിന്റെ ചുവടുപിടിച്ച്, സംസ്ഥാന സർക്കാർ നിയമലംഘനങ്ങൾക്കുള്ള പിഴയുടെ നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ പുതിയ നിരക്കുകൾ സംബന്ധിച്ചുണ്ടായ വ്യാപകമായ പൊതുജന പ്രതിഷേധം കണക്കിലെടുത്ത് സംസ്ഥാന സർക്കാർ പ്രസ്തുത പിഴ നിരക്കുകൾ പുനഃപരിശോധിക്കുകയും സംസ്ഥാന സർക്കാരിന് കുറയ്ക്കാൻ സാധിക്കുന്ന പിഴ തുകകൾ 26-10-2019-ലെ സ.ഉ (പി) 37/2019/ഗതാ. നമ്പർ ഉത്തരവ് പ്രകാരം കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കേന്ദ്ര നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നതിനേക്കാൾ കുറഞ്ഞ നിരക്കിലുള്ള പിഴയാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധം ആയി സമർപ്പിക്കുന്നു.*

(സി) കേന്ദ്ര വിജ്ഞാപനത്തിന്റെ ചുവടുപിടിച്ച്, പുതുക്കിയ പിഴ നിരക്കുകൾ 1-9-19 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ട് സർക്കാർ വിജ്ഞാപനം ഇറക്കിയിരുന്നു. എന്നാൽ വ്യാപകമായ പൊതുജന പ്രതിഷേധം ഉണ്ടായത് കണക്കിലെടുത്ത് ഈ കാലയളവിൽ കൂടുതലും ബോധവത്ക്കരണ നടപടികളാണ് സ്വീകരിച്ചത്. ഇതിനുശേഷം 26-10-2019 -ലെ സ.ഉ.(പി) 37/2019/ഗതാ. നമ്പർ വിജ്ഞാപന പ്രകാരമാണ് പിഴ നിരക്കുകൾ കുറച്ചുകൊണ്ടുള്ള ഉത്തരവ് നിലവിൽ വന്നത്. ഇതിനുശേഷം മാത്രമാണ് പുതിയ നിരക്കിൽ പിഴ ചുമത്തി തുടങ്ങിയത്. ജില്ല തിരിച്ചുള്ള വരുമാനത്തിന്റെ പട്ടിക അനുബന്ധം ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രകൃതി സൗഹാർദ്ദ ഗതാഗത സംവിധാനം

325 (1819) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൂർണ്ണമായും പ്രകൃതിസൗഹാർദ്ദ ഗതാഗത സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) നിലവിൽ പെട്രോൾ/ഡീസൽ ഇന്ധനം ഉപയോഗിക്കുന്ന പതിനഞ്ചു വർഷത്തിലേറെ പഴക്കമുള്ള ആട്ടോറിക്ഷകൾ പ്രകൃതിസൗഹാർദ്ദ ഇന്ധനത്തിലേക്ക് മാറിയാൽ മാത്രമേ 2020 ഏപ്രിൽ മുതൽ പെർമിറ്റ് നൽകുകയുള്ളൂവെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് വൈദ്യുതി വാഹനങ്ങളുടെ ബാറ്ററി ചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ഇ) കെ.എസ്.ഇ.ബിയുമായി ഇക്കാര്യത്തിൽ എന്തെങ്കിലും ധാരണ ഉണ്ടാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രകൃതി സൗഹൃദ പൊതു ഗതാഗത സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ 10 ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കിയിട്ടുള്ളതും തിരുവനന്തപുരം, എറണാകുളം എന്നീ പ്രധാന നഗരങ്ങളെ ബന്ധപ്പെടുത്തി സർവ്വീസ് നടത്തി വരികയുമാണ്. കൂടാതെ സി.എൻ.ജി. ഇന്ധനം ഉപയോഗിച്ച് ഒരു ബസ് ആലുവ ഡിപ്പോയിൽനിന്നും പരീക്ഷണാടിസ്ഥാനത്തിൽ സർവ്വീസ് നടത്തിവരുന്നു. പരിസ്ഥിതി സൗഹാർദ്ദവും ശബ്ദരഹിതവും ആയ ഇത്തരം ബസ്സുകളിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാസൗകര്യം പ്രദാനം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(ബി)

- E-Vehicle Policy തയ്യാറാക്കി അതിന്റെ പ്രചരണ പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഒരു എക്സ്പോ കൊച്ചിയിൽ നടത്തിയിരുന്നു.

- പ്രധാനപ്പെട്ട നഗരങ്ങളിൽ 2020 -ഓടെ 10,000 ഓട്ടോറിക്ഷകൾ നിരത്തിലിറക്കാൻ വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.
- ഇലക്ട്രിക് ഓട്ടോ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഉപഭോക്താവിന് 25,000 രൂപ മുതൽ 30,000 രൂപ വരെ സഹായധനം അനുവദിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- തിരുവനന്തപുരം ജില്ലയിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സജ്ജമാക്കുന്നതിന് 8.20 കോടി രൂപ അനുവദിച്ചിട്ടുണ്ട്.
- തിരുവനന്തപുരം സെക്രട്ടേറിയറ്റിൽ പ്രാഥമിക നടപടിയെന്ന നിലയിൽ ഒരു ചാർജ്ജിംഗ് സ്റ്റേഷൻ സജ്ജമാക്കിയിട്ടുണ്ട്.

പ്രകൃതി സൗഹൃദ ഗതാഗത സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായി 1 സി.എൻ.ജി ബസ് വാങ്ങി സർവ്വീസ് നടത്തിവരുന്നതിനോടൊപ്പം 10 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തിവരുന്നു. Fame II പദ്ധതി പ്രകാരം 250 ഇലക്ട്രിക് ബസ്സുകൾ ലഭ്യമാക്കുന്നതിലേയ്ക്കായി ടെൻഡർ ക്ഷണിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്. സംസ്ഥാനത്ത് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ഇ) സംസ്ഥാനത്തിന്റെ ഇലക്ട്രിക് വാഹന നയപ്രകാരം കെ.എസ്.ഇ.ബി.-യെ, ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്.

## സ്കൂൾ വാഹനങ്ങളിലെ സുരക്ഷാ സംവിധാനം

326 (1820) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വാഹനങ്ങളിലെ സുരക്ഷാ സംവിധാനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ സ്കൂൾ വാഹനങ്ങളിലും ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സ്കൂൾ ബസ്സുകളുടെയും വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ യാത്ര ചെയ്യുന്ന മറ്റ് വാഹനങ്ങളുടേയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരന്തരം ജാഗ്രത പുലർത്തുന്നുണ്ട്. എല്ലാ അദ്ധ്യയന വർഷാരംഭത്തിലും എല്ലാ സ്കൂൾ ബസ്സുകളും പരിശോധിച്ച് വാഹനങ്ങളുടെ ഉടമസ്ഥത, വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ, ബാഗുകൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം, വാതിലുകൾ, ഷട്ടറുകൾ എന്നിവ പരിശോധിച്ച് യോഗ്യമായവ സ്റ്റിക്കർ പതിപ്പിച്ച് നൽകുന്നുണ്ട്. യാത്രാ ബസ്സുകളിൽ കുട്ടികളെ കയറ്റുകയും അവരോട് ബസ് ജീവനക്കാർ മാന്യതയോടെ പെരുമാറുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി ബസ്സ് സ്റ്റാൻഡ്, സ്കൂൾ പരിസരം എന്നിവിടങ്ങളിൽ പ്രത്യേക പരിശോധനകളും നടത്തുന്നുണ്ട്. കേരള മോട്ടോർ വാഹന ചട്ടം 153 ഡി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി സ്കൂൾ വാഹനങ്ങളും കുട്ടികളെ കയറ്റുന്ന മറ്റ് വാഹനങ്ങളും നിരന്തരം പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. അമിതമായി കുട്ടികളെ കയറ്റി വരുന്ന വാഹനങ്ങളുടെ ഡ്രൈവർമാരുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനും, അത്തരത്തിലുള്ള ഓട്ടോറിക്ഷകളുടേയും സ്കൂൾ വാഹനങ്ങളുടേയും പെർമിറ്റ് റദ്ദ് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ സ്കൂളുകളിലും ഒരു അദ്ധ്യാപകനെ/അദ്ധ്യാപികയെ നോഡൽ ഓഫീസറായി നിയമിക്കുവാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെയും വിദ്യാർത്ഥികളുടെയും സുരക്ഷിതത്വവും പൊതുവായി റോഡ് സുരക്ഷയും ഉറപ്പാക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് തയ്യാറാക്കിയിട്ടുള്ള വാഹന നിരീക്ഷണ സംവിധാനമാണ് സുരക്ഷാമിത്ര. മോട്ടോർ വാഹന വകുപ്പും സി-ഡാക്കും ചേർന്ന് തയ്യാറാക്കിയ ജി.പി.എസ്. അധിഷ്ഠിത വാഹന നിരീക്ഷണ സംവിധാനത്തിനായി തിരുവനന്തപുരത്ത് വഴുതക്കാടുള്ള ഗതാഗത കമ്മീഷണറുടെ ഓഫീസ് പ്രവർത്തിക്കുന്ന ട്രാൻസ് ടവറിൽ സംസ്ഥാനതല മാസ്റ്റർ കൺട്രോൾ റൂമും 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ മിനി കൺട്രോൾ റൂമും സജ്ജമാക്കിയിട്ടുണ്ട്. ഈ സംവിധാനംവഴി വാഹനങ്ങളുടെയും യാത്രക്കാരുടെയും സുരക്ഷയ്ക്കും എൻഫോഴ്സ്മെന്റിനുമായി നിരന്തരമായി നിരീക്ഷണം നടത്തുവാൻ കഴിയുന്നതാണ്. വാഹനങ്ങൾ അപകടത്തിൽപ്പെടുകയോ യാത്രയ്ക്ക് ഭംഗം വരുകയോ യാത്രക്കാർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള ഉപദ്രവങ്ങൾ ഉണ്ടാകുകയോ ചെയ്താൽ അടിയന്തര സന്ദേശം നൽകി സഹായ അഭ്യർത്ഥന നടത്താനുള്ള സംവിധാനവും ക്രമീകരിച്ചിട്ടുണ്ട്. വാഹനങ്ങളുടെ അമിത വേഗതയും യാത്രാ തടസ്സങ്ങളും റൂട്ട് മാറിയുള്ള സഞ്ചാരങ്ങളും ഈ സംവിധാനംവഴി നിരീക്ഷിക്കുവാനും നടപടി സ്വീകരിക്കുവാനും കഴിയുന്നതുമാണ്. നിലവിൽ ജി.പി.എസ്. അധിഷ്ഠിത വാഹന നിരീക്ഷണ സംവിധാനത്തിന് പ്ലാൻ ഫണ്ടിൽനിന്നും ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## കേന്ദ്ര സർക്കാരിന്റെ ഗതാഗത നിയമം

327 (1821) ശ്രീ. പി. കെ. ബഷീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പാസാക്കിയ ഗതാഗത നിയമം സംസ്ഥാന സർക്കാർ അതേപടി നടപ്പിലാക്കിയിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) എങ്കിൽ ഓരോ നിയമലംഘനങ്ങൾക്കും മുമ്പ് ഉണ്ടായിരുന്നതും ഇപ്പോഴത്തേതുമായ പിഴത്തുക എത്രയാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പിഴത്തുക കൂടുതലായതിനാൽ ആയത് കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) പിഴത്തുക വർദ്ധിപ്പിച്ചതിനുശേഷം മോട്ടോർ വാഹന വകുപ്പിന് ഉണ്ടായ വരുമാന വർദ്ധനവ് എത്ര ശതമാനമാണ്; വിശദമാക്കാമോ?

### ഉത്തരം

(എ) കേന്ദ്ര മോട്ടോർ വാഹന (ഭേദഗതി) നിയമം 1-9-2019-ന് രാജ്യമൊട്ടാകെ നിലവിൽ വന്നിരുന്നു. പ്രസ്തുത നിയമത്തിന്റെ ചുവടുപിടിച്ച്, സംസ്ഥാന സർക്കാർ, നിയമലംഘനങ്ങൾക്കുള്ള രാജിയാക്കൽ ഫീസ് നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. ആയതിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു. *

(ബി) മുൻപുണ്ടായിരുന്ന രാജിയാക്കൽ ഫീസ് നിരക്കുകൾ നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം അനുബന്ധം ആയും പുതിയ നിരക്കുകൾ നിശ്ചയിച്ചുകൊണ്ടുള്ള 26-10-2019-ലെ സ.ഉ. (പി) 37/2019/ ഗതാ. നമ്പർ വിജ്ഞാപനം അനുബന്ധം ആയും ഇതോടൊപ്പം ചേർക്കുന്നു.

(സി) കേന്ദ്ര മോട്ടോർ വാഹന നിയമം അനുസരിച്ചുള്ള പിഴ നിരക്കുകൾ കൂടുതലാണെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ രാജിയാക്കൽ ഫീസ് തുക കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും തുടർന്ന് 26-10-2019-ലെ സ.ഉ. (പി)37/2019/ഗതാ. നമ്പർ ഉത്തരവ് പ്രകാരം രാജിയാക്കൽ ഫീസ് നിരക്കുകൾ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) 26-10-2019-ലെ സ.ഉ. (പി) 37/2019/ഗതാ. നമ്പർ ഉത്തരവ് പ്രകാരമാണ് പൂർണ്ണമായി പുതിയ നിരക്കിൽ രാജിയാക്കൽ ഫീസ് ചുമത്തിവരുന്നത്. ഈ ചുരുങ്ങിയ കാലയളവ് വച്ച് വരുമാന വർദ്ധനവ് എത്ര ശതമാനമാണെന്ന് കണക്കാക്കാൻ കഴിയില്ല.

## ഗതാഗത നിയമ ലംഘനങ്ങൾക്ക് കേന്ദ്ര മോട്ടോർ വാഹന നിയമപ്രകാരമുള്ള പിഴ

328 (1822) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മോട്ടോർ വാഹന നിയമപ്രകാരം ഗതാഗതനിയമ ലംഘനങ്ങൾക്കുള്ള പിഴ കുറയ്ക്കാനുള്ള നീക്കം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ അനുകൂലമായ നിയമോപദേശമല്ല സർക്കാരിന് ലഭിച്ചതെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേന്ദ്ര വിജ്ഞാപനം വന്നയുടൻ പിഴ ഈടാക്കുവാൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിക്കൊണ്ട് സംസ്ഥാനം വിജ്ഞാപനമിറക്കിയതുമൂലം ഇപ്പോൾ പഴയ നിരക്കിൽ പിഴ ഈടാക്കാൻ കഴിയാത്ത സാഹചര്യമുണ്ടോ;

(ഡി) കേന്ദ്രം നിശ്ചയിച്ച മിനിമം നിരക്കിൽ നിന്ന് പിഴ കുറയ്ക്കാൻ കഴിയില്ലെന്ന നിയമോപദേശം സർക്കാരിന് ലഭിക്കുകയുണ്ടായോ;

(ഇ) പിഴ ചുമത്തുന്നതിലെ അനിശ്ചിതത്വം സംസ്ഥാനത്ത് വാഹനപരിശോധനയെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) പിഴ നിരക്കുകൾ കുറച്ചുകൊണ്ട് 26-10-2019-ലെ സ.ഉ. (പി)37/2019/ഗതാ. നമ്പർ വിജ്ഞാപന പ്രകാരം ഉത്തരവിറക്കിയിട്ടുണ്ട്.

(ബി) ഇല്ല. നിയമ വകുപ്പിൽനിന്നും അനുകൂലമായ റിപ്പോർട്ടാണ് ലഭിച്ചിട്ടുള്ളത്.

(സി) കേന്ദ്ര മോട്ടോർ വാഹന നിയമം 1-9-2019 മുതൽ രാജ്യമൊട്ടാകെ പ്രാബല്യത്തിൽ വന്നിരുന്നു. അതിനെ തുടർന്നാണ് പുതിയ നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് സംസ്ഥാന സർക്കാർ തുടർ വിജ്ഞാപനം ഇറക്കിയത്. 1-9-2019 മുതൽ രാജ്യമൊട്ടാകെ പുതിയ നിയമം പ്രാബല്യത്തിൽ വന്നതിനാൽ പഴയ നിരക്ക് ഈടാക്കുവാൻ സാധിക്കുമായിരുന്നില്ല.

(ഡി) ഇല്ല. നിയമ വകുപ്പിൽനിന്നും അനുകൂലമായ റിപ്പോർട്ടാണ് ലഭിച്ചിട്ടുള്ളത്.

(ഇ) 26-10-2019-ന് പിഴ നിരക്കുകൾ കുറച്ചുകൊണ്ട് പുതിയ വിജ്ഞാപനം ഇറക്കിയതിനാൽ നിലവിൽ വാഹന പരിശോധന സുഗമമായി നടക്കുന്നുണ്ട്.

## വാഹൻ സാരഥി സോഫ്റ്റ്‌വെയർ

329 (1823) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹനങ്ങളുടെ വാഹന രജിസ്ട്രേഷനും ലൈസൻസ് നടപടികൾക്കുമായി വാഹൻസാരഥി സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സോഫ്റ്റ്‌വെയറിന്റെ പോരായ്മകൾ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ;

(സി) ഇത് പരിഹരിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് വാഹനങ്ങളുടെ രജിസ്ട്രേഷൻ നടപടികൾക്കായി 22-2-2019 മുതൽ തിരുവനന്തപുരത്തും 18-3-2019 മുതൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും 1-4-2019 മുതൽ മറ്റെല്ലാ ഓഫീസുകളിലുമായി "വാഹൻ" സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനവും പുതിയ ഡ്രൈവിംഗ് ലൈസൻസ് നൽകുന്ന നടപടികൾക്കായി 1-1-2019 മുതൽ സംസ്ഥാനത്തൊട്ടാകെ "സാരഥി" സോഫ്റ്റ്‌വെയറും നടപ്പിലാക്കിയിട്ടുണ്ട്. പഴയ സോഫ്റ്റ്‌വെയറായ സ്മാർട്ട് മൂവിൽനിന്നും ഡേറ്റാ പരിവാഹനിലേയ്ക്ക് (വാഹൻ/സാരഥി) മാറ്റപ്പെടുന്ന മുറയ്ക്ക് എല്ലാ വാഹനങ്ങളുടെയും ലൈസൻസുകളുടെയും സർവ്വീസുകൾ പൂർണ്ണമായും "പരിവാഹൻ" സോഫ്റ്റ്‌വെയർ മുഖാന്തരം നടപ്പിലാക്കുവാൻ സാധിക്കും.

(ബി & സി) സോഫ്റ്റ്‌വെയറിന്റെ പോരായ്മകൾ സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഹൻ സാരഥി ഒരു ബൃഹത് സോഫ്റ്റ്‌വെയർ പദ്ധതിയാണ്. അനവധി പോരായ്മകൾ ശ്രദ്ധയിൽപ്പെടുകയും ആയത് NIC (National Informatics Centre) New Delhi-യെ അറിയിക്കുന്ന മുറയ്ക്ക് പരിഹരിക്കപ്പെടുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇനിയും അനവധി പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകേണ്ടതുണ്ട്. ആയത് ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് കേന്ദ്ര ഗതാഗത മന്ത്രാലയത്തിനും കേന്ദ്ര NIC-യ്ക്കും കത്ത് നൽകിയിട്ടുണ്ട്.

## വാഹനങ്ങളിൽ ബോർഡ് പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച്

330 (1824) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാഹനങ്ങളിൽ ബോർഡ് പ്രദർശിപ്പിക്കുന്നതു സംബന്ധിച്ച് ചട്ടം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷന്റെ വാഹനത്തിൽ ബോർഡ് വയ്ക്കുന്നതിന് അനുമതി നൽകിക്കൊണ്ടാണ് ചട്ടം ഭേദഗതി ചെയ്ത് ഉത്തരവായിട്ടുള്ളത്. ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## ആകാശപ്പാതയുടെ നിർമ്മാണ പുരോഗതി

331 (1825) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം നഗരത്തിന്റെ ഹൃദയഭാഗത്ത് ഗതാഗതവകുപ്പിനു കീഴിലായി നിർവ്വഹണം നടത്തി വരുന്ന 'സ്കൈ വാക്ക്' (ആകാശപ്പാത)ന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് കാലതാമസം ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതിക്കായി മൊത്തം എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നു;

(സി) ആകാശപ്പാത പദ്ധതി പൂർണ്ണമായും പ്രവർത്തനസജ്ജമാക്കി ഈ സാമ്പത്തിക വർഷം തന്നെ പൊതുജനങ്ങൾക്ക് ഉപയോഗയോഗ്യമാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോട്ടയം നഗരത്തിന്റെ ഹൃദയഭാഗത്ത് ഗതാഗത വകുപ്പിനു കീഴിൽ അഞ്ചു കോടി പതിനെട്ട് ലക്ഷം രൂപ മുതൽ മുടക്കിൽ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് "ആകാശപാത" പദ്ധതി നിർമ്മാണം നടപ്പിലാക്കുന്നതിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആദ്യ ഗഡുവായി 1.75 കോടി രൂപ കേരള റോഡ് സുരക്ഷാ ഫണ്ടിൽനിന്ന് നിർമ്മാണ ഏജൻസിയായ KITCO- യ്ക്ക് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ച് ഫൗണ്ടേഷന്റെയും പ്ലാറ്റ്ഫോമിന്റെയും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിർമ്മാണം പൂർത്തിയായതായും പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് സ്ഥലമേറ്റെടുക്കുന്നതിലെ തടസ്സങ്ങൾമൂലം കാലതാമസം ഉണ്ടാവുന്നതായും KITCO അറിയിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിക്കായി 5 കോടി 18 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് തുകയായി സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്.

(സി) ആകാശപ്പാത (Sky walk) പദ്ധതി പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നതും സ്ഥലം ലഭ്യമല്ല എന്ന KITCO -യുടെ റിപ്പോർട്ടും 34-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി മീറ്റിംഗിൽ പരിഗണിക്കുകയും പദ്ധതി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർക്കണമെന്ന് റോഡ് സുരക്ഷാ കമ്മീഷണർ അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. തുടർന്ന്, 5-9-2019-ന് സ്ഥലം എം.പി., എം.എൽ.എ., ജില്ലാ കളക്ടർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, സ്ഥലം ഉടമകൾ എന്നിവരുമായി ചർച്ച നടത്തുവാൻ തീരുമാനിച്ചിരുന്നെങ്കിലും ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃകാ പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ പ്രസ്തുത യോഗം മാറ്റി വയ്ക്കുകയുണ്ടായി. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് പണി പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

## കേന്ദ്ര സർക്കാരിന്റെ പുതിയ വാഹനനിയമത്തിലെ വ്യവസ്ഥകൾ

332 (1826) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പുറപ്പെടുവിച്ച പുതിയ വാഹന നിയമത്തിൽ പിഴ ഈടാക്കുന്ന വ്യവസ്ഥകളുടെ വിശദാംശം നൽകുമോ;

(ബി) കേന്ദ്രസർക്കാർ ആദ്യം പുറപ്പെടുവിച്ച പിഴയുടെ താരിഫുകളിൽ സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥനയെത്തുടർന്ന് കുറവ് വരുത്തിയിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(സി) പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് ഏതെല്ലാം വ്യവസ്ഥകളിൽ തനതായി തീരുമാനമെടുക്കാൻ കഴിയും; വിശദമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പുതിയ മോട്ടോർ വാഹന ഭേദഗതി നിയമത്തിലെ പിഴ സംബന്ധിച്ച വകുപ്പുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) മോട്ടോർ വാഹന നിയമത്തിലെ 177, 179(1), 179(2), 182(2), 184 (limited to item (c) of the explanation), 190 (2), 192 A(1), 194(1), 194 (2), 194 A, 194 B (1), 194 B (2), 194 D, 194 E എന്നീ വകുപ്പുകൾ പ്രകാരമുള്ള നിയമലംഘനങ്ങൾക്കാണ് പിഴ കുറയ്ക്കാൻ തീരുമാനിച്ചിട്ടുള്ളത്.

## കേന്ദ്ര മോട്ടോർ വാഹന നിയമം പ്രതിസന്ധി മറികടക്കാൻ തയ്യാറെടുപ്പുകൾ

333 (1827) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയ വാഹനങ്ങൾ നിർത്തലാക്കുന്നതിന് പകരം നിലവിൽ ഓടുന്ന വാഹനങ്ങൾ ഇലക്ട്രിക്കൽ ആക്കുന്നതിനും ബി.എസ് - 6 നിലവാരത്തിലുള്ള പെട്രോൾ/ ഡീസൽ എൻജിൻ കൺവേർട്ട് ചെയ്യുന്നതിനും കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ ഭേദഗതി വരുത്തുവാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ;

(ബി) കേന്ദ്ര മോട്ടോർ വാഹന നിയമം നടപ്പിൽ വരുത്തിയാൽ ഈ മേഖലയിൽ തൊഴിൽ ചെയ്തുവരുന്ന ലക്ഷക്കണക്കിന് ഓട്ടോമൊബൈൽ തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുമെന്ന സ്ഥിതി നിലവിലുണ്ടോ; എങ്കിൽ ഈ പ്രതിസന്ധി മറികടക്കാൻ സർക്കാർ നടത്തുന്ന തയ്യാറെടുപ്പുകളെ സംബന്ധിച്ച് വിശദമാക്കുമോ?

ഉത്തരം

(എ) നിലവിൽ ഇത്തരം നിർദ്ദേശങ്ങൾ പരിഗണനയിലില്ല.

(ബി) ഗതാഗത വകുപ്പ് ഇത്തരത്തിലുള്ള പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

## സേഫ് കേരള പദ്ധതി

334 (1828) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സേഫ് കേരള' പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) 'സേഫ് കേരള' പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ ഇതുവരെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും,സർക്കുലറുകളുടെയും പകർപ്പുകൾ ലഭ്യമാണോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) റോഡപകടങ്ങൾ കുറച്ച് സുരക്ഷിത യാത്ര ഉറപ്പാക്കുകയെന്ന പ്രധാനലക്ഷ്യത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന ബൃഹദ് പദ്ധതിയാണ് 'സേഫ് കേരള്'. ഈ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഡ്രൈവർ ഉൾപ്പെടെയുള്ള സ്ക്വാഡ് വാഹനങ്ങൾ Wet lease വ്യവസ്ഥയിൽ വാടകയ്ക്കെടുക്കുന്നതിനും കൺട്രോൾ റൂമിന് ആവശ്യമായ ആളുകളെ Outsource ചെയ്യുന്നതിനും റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിക്കുവാൻ ഉത്തരവായിട്ടുണ്ട്.

4-6-2018-ലെ സ.ഉ. (കൈ) 42/2018/ഗതാഗതം, 16-6-2018-ലെ സ.ഉ. (കൈ) 44/2018/ ഗതാഗതം എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സേഫ് കേരള പദ്ധതിയുടെ നടത്തിപ്പിനായി 10 ആർ.റ്റി.ഒ., 65 എം.വി.ഐ., 187 എ.എം.വി.ഐ എന്നിവരുടെ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി പുതുതായി സൃഷ്ടിക്കപ്പെട്ട 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ഉൾപ്പെടെയുള്ള 85 സ്ക്വാഡുകൾ നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇവർക്കാവശ്യമായ സ്ക്വാഡ്, വാഹനങ്ങൾ, ഡ്രൈവർമാർ സഹിതം 'Wetlease' വ്യവസ്ഥയിൽ വാടകയ്ക്കെടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഈ വാഹനങ്ങളിൽ പട്രോളിംഗിന് ആവശ്യമായ എല്ലാവിധ ഉപകരണങ്ങളും സൗകര്യങ്ങളും മോട്ടോർ വാഹന വകുപ്പ് ഏർപ്പെടുത്തുന്നതാണ്.

ഇതിനുപുറമേ, മോട്ടോർ വാഹന വകുപ്പ് കണ്ടെത്തിയ 14 സ്ഥലങ്ങളിൽ കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിന് 13-12-2018-ലെ സ.ഉ.(കൈ) 70/2018/ഗതാഗതം എന്ന സർക്കാർ ഉത്തരവ് മുഖേന മോട്ടോർ വാഹന വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്. ആയതിലേയ്ക്കായി എല്ലാ ജില്ലകളിലും കെട്ടിടങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങൾ ആധുനികവത്ക്കരിക്കുന്നതിനായി കെൽട്രോൺ തയ്യാറാക്കി സമർപ്പിച്ച രൂപരേഖ സർക്കാരിന്റെ പരിഗണനയിലാണ്.

'സേഫ് കേരള്' പദ്ധതി ഔദ്യോഗികമായി നിലവിൽ വന്നതിനുശേഷം സെപ്റ്റംബർ വരെ 2,18,536 കേസുകൾ രജിസ്റ്റർ ചെയ്യുകയും 25,15,07,275 രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തു.' സേഫ് കേരള്' യുടെ പ്രഖ്യാപിത ലക്ഷ്യമായ അപകടങ്ങൾ കുറയ്ക്കുക എന്നത് നടപ്പിലാക്കുന്നതിനായി ഈ സ്ക്വാഡുകൾ 24 മണിക്കൂറും അപകട സാധ്യതയുള്ള മേഖലകളിൽ പട്രോളിംഗ് നടത്തിവരുന്നു. യാത്രക്കാരോട് അപമര്യാദയായി പെരുമാറുകയും നിയമവിരുദ്ധ സർവ്വീസ് നടത്തുകയും ചെയ്യുന്ന രാത്രികാല സർവ്വീസുകൾക്കെതിരെ

നടപടിയെടുക്കുന്നതിലേയ്ക്കായി ആവിഷ്കരിച്ച 'Operation Night Riders' എന്ന പദ്ധതി പ്രകാരം 11,082 വാഹനങ്ങൾക്കെതിരെ നടപടിയെടുക്കുകയും 4,27,77,850 രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തു.

കൂടുതൽ അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങൾ, അപകടകരങ്ങളായ മരങ്ങൾ, ഇലക്ട്രിക്-ടെലിഫോൺ പോസ്റ്റുകൾ, റോഡിലെ കുഴികൾ എന്നിവ കണ്ടെത്തി അപകടങ്ങൾ കുറയ്ക്കാനുള്ള നിർദ്ദേശങ്ങൾ ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ എത്തി ആദ്യ മണിക്കൂറിൽത്തന്നെ (Golden Hour) പരിക്ക് പറ്റിയവരെ ഹോസ്പിറ്റലിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ പോലീസ്, പി.ഡബ്ല്യൂ.ഡി. എന്നീ വകുപ്പുകളുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകൾ ഉൾപ്പെടെയുള്ള റോഡ് സുരക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ലഭ്യമാണ്. സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

## റോഡ് സേഫ്റ്റി ഫണ്ട്

335 (1829) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ റോഡ് സേഫ്റ്റി ഫണ്ടിൽ നിന്ന് എത്ര തുക ചെലവഴിച്ചെന്നും ഇതുവഴി ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) റോഡ് സേഫ്റ്റി ഫണ്ടിൽ നിന്ന് ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിക്കുന്നതെന്നും പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡ് സുരക്ഷാ ഫണ്ടിൽനിന്നും വിവിധ റോഡ് സുരക്ഷാ പദ്ധതികൾക്കായ് 27,42,67,344 രൂപയും റോഡ് സുരക്ഷാ അതോറിറ്റിയുടെ ഭരണ ചെലവിനായി 8,20,03,540 രൂപയും ഉൾപ്പെടെ ആകെ 35,62,70,884 രൂപ ഇതുവരെ ചെലവാക്കിയിട്ടുണ്ട്. റോഡ് സുരക്ഷാ പദ്ധതികൾക്കായി ചെലവായ തുക ഉൾപ്പെടുത്തിക്കൊണ്ടുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) താഴെ ചേർത്തിരിക്കുന്ന വിഭാഗത്തിൽപ്പെട്ട പ്രവൃത്തികൾക്കാണ് നിശ്ചിത നടപടിക്രമങ്ങളും റോഡ് സുരക്ഷാ അതോറിറ്റിയിലെ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയ്ക്കും കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അംഗീകാരത്തിനും വിധേയമായി റോഡ് സുരക്ഷാ ഫണ്ടിൽനിന്നും ധനസഹായം അനുവദിക്കുന്നത്.

(എ) റോഡ് സുരക്ഷ.

(ബി) ബോധവൽക്കരണം.

(സി) റോഡ് സുരക്ഷാ ഉപകരണങ്ങൾ.

(ഡി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ശാസ്ത്രീയ പഠനങ്ങൾ.

(ഇ) ട്രോമാകെയർ.

## കെ. എം. ബഷീർ മരിക്കാൻ ഇടയായ സാഹചര്യം

336 (1830) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് മ്യൂസിയം ജംഗ്ഷനിൽ നടന്ന വാഹനാപകടത്തിൽ പത്രപ്രവർത്തകനായ കെ.എം.ബഷീർ മരിക്കാൻ ഇടയായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അപകടമുണ്ടാക്കിയത് ആരാണെന്നും, എങ്ങനെയാണ് അപകടം സംഭവിച്ചതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഗതാഗത വകുപ്പിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, അശ്രദ്ധയും അമിതവേഗവും മൂലം ഉണ്ടായ അപകടത്തിന് കാരണക്കാരായവർക്കെതിരെ എന്തെല്ലാം നിയമനനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) അമിതവേഗം, അശ്രദ്ധ, മദ്യപിച്ച് വാഹനമോടിക്കൽ തുടങ്ങിയ ഗുരുതരമായ വീഴ്ച വരുത്തുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നത്; അപകടത്തിൽ അമിതവേഗം, അശ്രദ്ധ, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ കുറ്റങ്ങൾ ഉണ്ടെങ്കിൽ പുതിയ മോട്ടോർ വാഹന നിയമപ്രകാരം പരമാവധി ലഭിക്കുന്ന ശിക്ഷ എന്താണെന്ന് വ്യക്തമാക്കുമോ; ഇത്തരം കേസുകളിൽ പരമാവധി ശിക്ഷ ഉറപ്പ് വരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ശ്രീ. ശ്രീറാം വി., 28/1031, കൃഷ്ണാലയം, എസ്.എ. റോഡ്, രാമസ്വാമി കോളനി, പനമ്പിള്ളി നഗർ, കൊച്ചി-36 എന്നയാൾ കെ.എൽ-01-ബിഎം-360-ാം നമ്പർ ഫോക്സ് വാഗൺ വെന്റോ കാർ വെള്ളയമ്പലത്തുനിന്നും എൽ.എം.എസ് ഭാഗത്തേയ്ക്ക് ഉദാസീനമായും അശ്രദ്ധയോടും അപകടകരമായും ഓടിച്ചാണ് അപകടമുണ്ടായതെന്നാണ് പോലീസ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(സി&ഡി) അപകടത്തിന് കാരണക്കാരായവർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നത് പോലീസ് വകുപ്പാണ്. എന്നാൽ മോട്ടോർ വാഹന വകുപ്പ് അപകടമുണ്ടാക്കിയ ശ്രീ. ശ്രീറാം വി. എന്നയാളുടെ 43/5336/2005 നമ്പർ ഡ്രൈവിംഗ് ലൈസൻസ് 19-8-2019 മുതൽ 18-8-2020 വരെ 1 വർഷത്തേയ്ക്കും വാഹന ഉടമയായ ശ്രീമതി വഫാ ഫിറോസിന്റെ 16/4292/2007 നമ്പർ ലൈസൻസ് 20-8-2019 മുതൽ 19-11-2019 വരെ 3 മാസത്തേയ്ക്കും സസ്പെൻഡ് ചെയ്തിട്ടുണ്ട്. അപകടം സംബന്ധിച്ച മറ്റ് റിപ്പോർട്ടുകളൊന്നും ഗതാഗത വകുപ്പിൽ ലഭ്യമല്ല.

(ഇ) മോട്ടോർ വാഹന വകുപ്പ് ഇത്തരം ഗുരുതര വീഴ്ച വരുത്തുന്നവരുടെ ഡ്രൈവിംഗ് ലൈസൻസുകൾ കുറ്റങ്ങളുടെ ഗൗരവമനുസരിച്ച് സസ്പെന്റ് ചെയ്യുന്നുണ്ട്. ഇത്തരം കുറ്റങ്ങൾക്ക് മോട്ടോർ വാഹന നിയമ പ്രകാരം വകുപ്പ് ഉദ്യോഗസ്ഥർ ചെക്ക് റിപ്പോർട്ട് തയ്യാറാക്കി കോടതി നടപടികൾക്ക് വിധേയമാക്കുകയോ രാജിയാക്കാവുന്ന കുറ്റങ്ങൾക്ക് അതിന് അനുമതി നൽകുകയോ ചെയ്യുന്നുണ്ട്. അമിതവേഗത്തിന് ലൈറ്റ് മോട്ടോർ വെഹിക്കിളിന് 2000 രൂപയും മീഡിയം/ ഹെവി മോട്ടോർ വെഹിക്കിളിന് 4000 രൂപയുമാണ് പരമാവധി ശിക്ഷ. മദ്യപിച്ച് വാഹനം ഓടിച്ചാൽ ആദ്യതവണ 6 മാസം തടവും 10,000 രൂപ പിഴയും കുറ്റം ആവർത്തിച്ചാൽ 2 വർഷം തടവും 15,000 രൂപ പിഴയുമാണ് പരമാവധി ശിക്ഷ. അശ്രദ്ധമായ ഡ്രൈവിംഗിന് ഐപിസി പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

## പിലാത്തറ - പാപ്പിനിശ്ശേരി റോഡിൽ ക്യാമറകൾ സ്ഥാപിക്കുന്ന പ്രവൃത്തി

337 (1831) <u>ശ്രീ. റ്റി. വി. രാജേഷ് :</u> താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് കേരള റോഡ് സേഫ്റ്റി അതോറിറ്റി മുഖേന ഫണ്ട് ലഭ്യമാക്കിയ പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിൽ ക്യാമറകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

<u>ഉത്തരം</u>

പിലാത്തറ -പാപ്പിനിശ്ശേരി കെ. എസ്. റ്റി. പി. റോഡിൽ കേരള റോഡ് സേഫ്റ്റി അതോറിറ്റി മുഖേന ലഭ്യമാക്കിയ ഫണ്ട് ഉപയോഗിച്ച് ക്യാമറകൾ സ്ഥാപിക്കുന്നതിന് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയതിനുശേഷം പ്രവൃത്തി M/s Computer Care, Thavakkara Road, Kannur-ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് മുന്നോടിയായി 25-10-2019-ന് കണ്ണൂർ കളക്ടറേറ്റിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ പൊതുമരാമത്ത് വകുപ്പ്, കെ.എസ്.ടി.പി., പോലീസ്, മോട്ടോർ വാഹന വകുപ്പ്, കെ.എസ്.ഇ.ബി., കേരള വാട്ടർ അതോറിറ്റി, ബി.എസ്.എൻ.എൽ., കരാറുകാരൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരുകയും പ്രവൃത്തി നവംബർ ആദ്യവാരം ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

**പൊതുഗതാഗത വാഹനങ്ങളിൽ ഡാഷ് ക്യാമറ**

338 (1832) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനാപകടങ്ങളുടെ കാരണവും ഉത്തരവാദികളായവരെയും കണ്ടെത്താൻ പൊതുഗതാഗത വാഹനങ്ങളിൽ ഡാഷ് ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഈ വിഷയത്തിൽ കോടതിയിൽ സർക്കാർ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഇപ്രകാരം ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതുവഴി കുറ്റവാളികൾ രക്ഷപ്പെടാതിരിക്കുന്നതിനും ഇൻഷ്വറൻസ് പരാതികൾ പെട്ടെന്ന് തീർപ്പാക്കുന്നതിനും ഡ്രൈവർമാർ കൂടുതൽ ജാഗരൂകരാകുന്നതു വഴി അപകടങ്ങൾ കുറക്കുന്നതിനും ഉപയോഗപ്രദമാകുമെന്ന് കണ്ട് ഇതിനായുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ടി വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് 18-10-2019-ന് ട്രാൻസ്പോർട്ട് കമ്മീഷണർ ഒരു റിപ്പോർട്ട് ഹൈക്കോടതിയിൽ നൽകിയിട്ടുണ്ട്.

(ബി) ഗതാഗത വകുപ്പ് സത്യവാങ്മൂലം നൽകിയിട്ടില്ല.

(സി) 4-11-2019 തീയതിയിൽ കേസ് വീണ്ടും പരിഗണിക്കുന്നതായി അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിൽ കോടതി ഉത്തരവ് വന്നതിനുശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കാനാകൂ.

## വാഹനങ്ങളുടെ ഹെഡ് ലൈറ്റ്

339 (1833) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രികാലങ്ങളിൽ വാഹനങ്ങളുടെ ഹെഡ് ലൈറ്റ് ഡിം ചെയ്യാത്തത് മൂലം നിരവധി റോഡപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) രാത്രികാലങ്ങളിൽ വാഹനങ്ങളുടെ ഹെഡ് ലൈറ്റ് ഡിം ചെയ്യാത്ത പല കേസുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതുമൂലം റോഡപകടങ്ങൾ നടന്നതായി റിപ്പോർട്ടുകൾ ഒന്നും ലഭിച്ചിട്ടില്ല.

(ബി) ഇത്തരക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് രാത്രികാല പരിശോധനകൾ നടത്തുന്നുണ്ട്. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി രൂപീകരിച്ച 'SAFE KERALA'-പദ്ധതിയിലെ എല്ലാ സ്ക്വാഡുകൾക്കും ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി

340 (1834) <u>ശ്രീ. സജി ചെറിയാൻ:</u>
<u>ശ്രീ. കെ. ആൻസലൻ:</u>
<u>ശ്രീ. പുരുഷൻ കടലുണ്ടി:</u>
<u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനായി പൂർണ്ണസമയ നിരീക്ഷണ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വാഹനങ്ങളുടെ അമിതവേഗം, ഡ്രൈവിംഗിനിടയിലെ മൊബൈൽ ഫോൺ ഉപയോഗം തുടങ്ങിയവ കണ്ടുപിടിക്കുന്നതിനായി കൂടുതൽ അത്യാധുനിക ക്യാമറകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിദ്യാർത്ഥികളിലൂടെ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും റോഡ്സുരക്ഷാ പ്രചരണ പരിപാടികൾ കൂട്ടതൽ ഊർജ്ജിതമാക്കുന്നതിനും വിദ്യാർത്ഥികളെ റോഡ് സേഫ്റ്റി കേഡറ്റുകളായി തെരഞ്ഞെടുക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ

1. <u>സേഫ് കേരള പദ്ധതി</u>

കേരളത്തിലെ റോഡുകളെ അപകട വിമുക്തമാക്കുന്നതിനായി 24 മണിക്കൂറും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള സേഫ് കേരള പദ്ധതി.

2. <u>ശബരിമല സേഫ് സോൺ</u>

ഉത്സവക്കാലത്ത് ശബരിമല അപകട വിമുക്തമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന ശബരിമല സേഫ് സോൺ പദ്ധതി

3. <u>ബ്ലാക്ക് സ്പോട്ട് പരിഹാര നടപടികൾ</u>

കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക്ക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, പൊലീസ്-പൊതുമരാമത്ത്-മോട്ടോർ വാഹന വകുപ്പുകളുടെയും സഹായത്തോടെ പരിശോധന നടത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

4. <u>മാതൃകാ സുരക്ഷാ വീഥി</u>

ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ - കഴക്കൂട്ടം മാതൃകാ സുരക്ഷാ വീഥി ചലഞ്ച് ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ മറ്റ് പാതകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

5. <u>ബോധവൽക്കരണ പരിപാടികൾ</u>

റോഡ് സുരക്ഷാ വാരാചരണം എഫ്.എം റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന/ ബോധവൽക്കരണ ക്ലാസ്സുകൾ, സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസ്സുകൾ, അച്ചടി-ഇലക്ട്രോണിക്

മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികൾ നടത്തിവരുന്നു.

6. <u>റോഡ് സുരക്ഷാ വാരാചരണം</u>

റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനും ഉതകുന്ന കർശന വാഹന പരിശോധന, ബോധവൽക്കരണ പരിപാടികൾ, ഡ്രൈവർമാർക്കുള്ള അവബോധ/പരിശീലന പരിപാടികൾ, കാഴ്ചകുറയ്ക്കുന്ന തരത്തിലുള്ള റോഡിനരികിലെ വൃക്ഷ ശിഖരങ്ങൾ, സുഗമമായ യാത്രയ്ക്ക് വിഘാതം നിൽക്കുന്ന സംഗതികൾ എന്നിവ നീക്കം ചെയ്യൽ തുടങ്ങിയ പരിപാടികൾ വർഷംതോറും നടത്തിവരുന്നു. ഈ വർഷത്തെ വാരാചരണം ഫെബ്രുവരി 4 മുതൽ 10 വരെയായിരുന്നു.

7. <u>സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധ പരിപാടി</u>

കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും റോഡ് സുരക്ഷാ അവബോധം വളർത്തിയെടുക്കുന്നതിനും സ്കൂളുകൾ കേന്ദ്രീകരിച്ച് റോഡ് സുരക്ഷാവാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ പൊതു വിദ്യാഭ്യാസ വകുപ്പ് 2019 ജൂൺ 10 മുതൽ 14 വരെ സംഘടിപ്പിച്ചു. സ്കൂൾ വാഹനങ്ങളുടെ സുരക്ഷ, സ്കൂൾ വാഹനങ്ങളുടെ സുരക്ഷിത യാത്ര ഉറപ്പാക്കൽ എന്നിവയ്ക്കാണ് മുൻഗണന നൽകിയിരിക്കുന്നത്. അദ്ധ്യാപകർ, പി.റ്റി.എ, സ്കൂൾ ജീവനക്കാർ, ഡ്രൈവർമാർ, വിദ്യാർത്ഥികൾ എന്നിവർക്ക് റോഡ് സുരക്ഷാ ക്ലാസ് നൽകുകയുണ്ടായി.

ഇതിന് പുറമേ മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും എല്ലാ ദിവസവും എല്ലാ സമയത്തും എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പട്രോളിംഗ് നടത്തുന്നു. ഈ ഉദ്യോഗസ്ഥരുടെ റോഡിലുള്ള സാന്നിദ്ധ്യവും വാഹന പരിശോധനയും അപകടങ്ങൾക്ക് കാരണമാകുന്ന അമിത വേഗത, മദ്യപിച്ച് വാഹനമോടിക്കൽ, ഓവർ ലോഡ് എന്നീ കുറ്റങ്ങളെ തടയുന്നു. അമിത വേഗത, മദ്യപിച്ച് വാഹനമോടിക്കൽ, അമിതഭാരം എന്നീ അപകടങ്ങൾക്ക് കാരണമാകുന്ന കുറ്റകൃത്യങ്ങൾ ചെയ്യുന്ന ഡ്രൈവർമാരുടെ ഡ്രൈവിംഗ് ലൈസൻസുകൾ സസ്പെന്റ് ചെയ്യാറുണ്ട്. കൂടാതെ ഹൈവേകളിൽ മോട്ടോർ വാഹന വകുപ്പ് 240 ഹൈസ്പീഡ് ക്യാമറകളും ഘടിപ്പിച്ചിട്ടുണ്ട്. 2019-ൽ ഇത്തരത്തിൽ 21,246 ലൈസൻസുകൾ സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇതുകൂടാതെ അപകടത്തിന് ഇടയാകുന്ന ട്രാൻസ്പോർട്ട് വാഹനങ്ങളുടെ പെർമിറ്റ് റദ്ദ് ചെയ്യുന്നുണ്ട്. 2011 മുതൽ ആരംഭിച്ച റോഡ് സുരക്ഷാ ദശകത്തിന്റെ ഭാഗമായി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു. എല്ലാ വർഷവും പൊതുജന പങ്കാളിത്തത്തോടുകൂടി റോഡ് സുരക്ഷാ വാരം ആചരിക്കുന്നു. ഈ സമയത്ത് വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് റോഡ് സുരക്ഷാ സന്ദേശവും ലഘുലേഖകളും പ്രചരിപ്പിക്കുന്നുണ്ട്.

(ബി) റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ 85 പൂർണ്ണ സമയ നിരീക്ഷണ സ്ക്വാഡുകൾ പ്രവർത്തിക്കുന്നു.

(സി) ഉണ്ട്.

(ഡി) ഗതാഗത വകുപ്പിനുകീഴിൽ നിലവിൽ ഇത്തരം പദ്ധതികളൊന്നും ആരംഭിച്ചിട്ടില്ല.

**വിദ്യാർത്ഥികളിൽ ട്രാഫിക് അവബോധം**

341 (1835) ശ്രീ. കെ. ആൻസലൻ:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികളിൽ ട്രാഫിക് അവബോധം സൃഷ്ടിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി പോലീസ് വകുപ്പിന്റെ സഹായത്തോടെ സ്മാർട്ട് ട്രാഫിക് ക്ലാസ്സ് റൂം പദ്ധതി നടപ്പാക്കുന്നുണ്ടോ;

(സി) ഗതാഗത നിയമലംഘനം തടയുന്നതിനായി പൊതുജന പങ്കാളിത്തത്തോടെ നടപ്പാക്കിയിട്ടുള്ള തേഡ് ഐ എൻഫോഴ്സ്മെന്റ് പ്രോജക്ടിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) റോഡ് സുരക്ഷയെക്കുറിച്ചും റോഡ് ഗതാഗതത്തെക്കുറിച്ചും വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സ്കൂൾ പാഠ്യപദ്ധതിയിൽ റോഡ് സുരക്ഷ എന്ന വിഷയം ഉൾപ്പെടുത്തുന്നതിനും ഇതുസംബന്ധിച്ച് കരിക്കുലം തയ്യാറാക്കുന്നതിനും കേരള റോഡ് സുരക്ഷാ അതോറിറ്റി സഹായം നൽകുന്നതാണെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടറെയും SCERT-യെയും അറിയിച്ചു. ഇതിനു മുന്നോടിയായി അദ്ധ്യാപകർക്കുള്ള കൈപ്പുസ്തകം SCERT-യുടെ സഹകരണത്തോടെ പൂർത്തിയാക്കുകയും അദ്ധ്യാപക പരിശീലനത്തിനുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്. അടുത്ത അദ്ധ്യയന വർഷം മുതൽ റോഡ് സുരക്ഷ വിദ്യാലയതലത്തിൽ പഠനവിഷയമാക്കാനാണ് ലക്ഷ്യമിടുന്നത്.

സ്കൂൾ ക്ലാസ്സുകളിൽ റോഡ് സുരക്ഷാ സന്ദേശങ്ങൾ അടങ്ങിയ ചാർട്ടുകൾ തയ്യാറാക്കി പ്രദർശിപ്പിക്കുവാനുള്ള ചെലവ് കേരള റോഡ് സുരക്ഷാ അതോറിറ്റി വഹിക്കാൻ തയ്യാറാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ചാർട്ടുകൾ തയ്യാറാക്കാൻ 'നാറ്റ്പാക്കിനെ' ചുമതല ഏൽപ്പിച്ചിട്ടുണ്ട്.

കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും റോഡ് സുരക്ഷാ അവബോധം വളർത്തിയെടുക്കുന്നതിനും 'റോഡ് സേഫ്റ്റി വീക്ക് ഫോർ സ്റ്റുഡന്റ്സ് ' കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ പൊതു വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിച്ചു. ജൂൺ 10 മുതൽ 14 വരെ നടന്ന വാരാചരണത്തിൽ സ്കൂൾ വാഹനങ്ങളുടെ സുരക്ഷ, സ്കൂൾ വാഹനങ്ങളുടെ സുരക്ഷിത യാത്ര ഉറപ്പാക്കൽ എന്നിവയ്ക്കാണ് മുൻഗണന നൽകിയത്. അദ്ധ്യാപകർ, പി.റ്റി.എ. അംഗങ്ങൾ, സ്കൂൾ ജീവനക്കാർ, ഡ്രൈവർമാർ, വിദ്യാർത്ഥികൾ എന്നിവർക്ക് റോഡ് ക്ലാസ് നടത്തി. കൂടാതെ സ്കൂൾ അസംബ്ലിയിൽ റോഡ് സുരക്ഷാ പ്രതിജ്ഞ എടുത്തു. ഇതിനുപുറമേ മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഗതാഗത നിയമങ്ങളെക്കുറിച്ച് മോട്ടോർ വാഹന വകുപ്പ് വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ നൽകുന്നുണ്ട്. എൽ.പി. സ്കൂൾതലം മുതൽ ഹയർ സെക്കൻഡറി സ്കൂൾ വരെയുള്ള കുട്ടികളെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മുതിർന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകിവരുന്നു. 2011 മുതൽ 2020 വരെ പ്രഖ്യാപിച്ചിട്ടുള്ള റോഡ് സുരക്ഷാ ദശകം പദ്ധതിയിൽ ഇക്കാര്യത്തിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. ട്രാഫിക് നിയമങ്ങൾ വിശദമാക്കുന്ന ചിത്രങ്ങൾ, ലഘു സിനിമകൾ എന്നിവ പ്രദർശിപ്പിച്ചാണ് ക്ലാസ്സുകൾ നടത്തുന്നത്. ഇത് സംബന്ധിച്ച സി.ഡി.-കൾ, ലഘു പുസ്തകങ്ങൾ എന്നിവ വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ട്.

(ബി) കേരളത്തിലെ 20 ഗവൺമെന്റ് ഹൈസ്കൂളുകളിൽ സ്മാർട്ട് ട്രാഫിക് ക്ലാസ് റൂം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പോലീസ്, വിദ്യാഭ്യാസ വകുപ്പുകൾ തയ്യാറാക്കിയ പ്രൊപ്പോസലുകൾ കേരള റോഡ് സുരക്ഷാ അതോറിറ്റി പരിഗണിക്കുകയും ടി രണ്ട് പ്രൊപ്പോസലുകളും സംയോജിപ്പിച്ച് നടപ്പാക്കുന്നതിന്റെ സാധ്യതകൾ പരിശോധിച്ച് വരികയുമാണ്. റ്റി.സി.ജി. റിപ്പോർട്ട് അടിസ്ഥാനമാക്കി പോലീസ് വകുപ്പ് മുഖേനയാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) ഗതാഗത നിയമ ലംഘനം തടയുന്നതിനായി പൊതുജന പങ്കാളിത്തത്തോടെ തേഡ് ഐ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഹെൽമറ്റ് ഇല്ലാതെയുള്ള ബൈക്ക് യാത്ര, അപകടകരമായി ലോഡ് കയറ്റിപ്പോകുന്ന വാഹനങ്ങൾ, രണ്ട് പേരിൽ കൂടുതൽ യാത്ര ചെയ്യുന്ന ടൂ വീലറുകൾ തുടങ്ങിയ നിയമ ലംഘനങ്ങളുടെ ഫോട്ടോ, വീഡിയോ മുതലായവ പൊതുജനങ്ങൾ അയച്ചുനൽകിയാൽ അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് "mobile apps" develop ചെയ്യുന്നതിനായി സർക്കാരിന്റെ Total Solution Providers Agency കളിൽ നിന്നും പ്രൊപ്പോസൽ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

## കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ ടിക്കറ്റിംഗ് മെഷീൻ

342 (1836) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ ടിക്കറ്റ് വിൽപ്പന നടത്തുന്ന ടിക്കറ്റിംഗ് മെഷീൻ നിലവിൽ ഉപയോഗിക്കുന്നുണ്ടോ; പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിനുള്ള കാരണം എന്താണെന്ന് അറിയിക്കുമോ;

(ബി) ഇതേ രീതിയിലുള്ള ടിക്കറ്റിംഗ് മെഷീൻ സ്വകാര്യ ബസ്സുകളിൽ വളരെ സുഗമമായി ഉപയോഗിക്കുന്നുണ്ടെങ്കിലും കെ. എസ്. ആർ. ടി. സി. യിൽ മാത്രം അവയുടെ പ്രവർത്തനം അവസാനിപ്പിച്ചത് ആരുടെ നിർദ്ദേശപ്രകാരമാണ് ; പ്രസ്തുത നടപടി സ്വകാര്യകമ്പനികൾക്ക് സാമ്പത്തിക നേട്ടം കൊയ്യാനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സ്വകാര്യ ബസ്സുകളിൽ ഉപയോഗിക്കുന്ന തരത്തിലുള്ള ടിക്കറ്റിംഗ് മെഷീനുകൾ കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ ഉപയോഗിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ആയതിന്റെ എല്ലാ ടെണ്ടർ നടപടികളും സർക്കാരിന്റെ മേൽനോട്ടത്തിൽ ധനകാര്യ വകുപ്പിന്റെ സഹായത്തോടെ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്.

നിലവിൽ ജി.പി.ആർ.എസ്. അധിഷ്ഠിത ടിക്കറ്റിംഗ് മെഷീനുകൾ ഉപയോഗിച്ച് ടിക്കറ്റ് വിതരണം നടത്തുന്നുണ്ട്. 2013 ഒക്ടോബർ മാസത്തിലാണ് മൂന്നര വർഷം വാറണ്ടിയോടുകൂടിയ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ വാങ്ങിയത്. ടി മെഷീനുകളുടെ വാറണ്ടി കാലാവധി 2017-ഓടുകൂടി

അവസാനിക്കുകയും തുടർന്ന് ഒരു വർഷത്തേയ്ക്ക് എ.എം.സി. നൽകുകയും ചെയ്തു. എന്നാൽ ടി കാലാവധി അവസാനിച്ചതിനുശേഷം നിലവിൽ പ്രസ്തുത കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ആയതിനാൽ പുനലൂർ, ചാത്തന്നൂർ, പന്തളം, ചങ്ങനാശ്ശേരി, കൊല്ലം, കാട്ടാക്കട, തിരുവനന്തപുരം സെൻട്രൽ എന്നീ യൂണിറ്റുകളിൽ ഇ.ടി.എം. സംവിധാനം നിലവിൽ പ്രവർത്തിക്കുന്നില്ല.

കെ.എസ്.ആർ.ടി.സി.-യിൽ ഇ.ടി.എം. മെഷീനുകളുടെ ഉപയോഗം നിർത്തലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടില്ല. ഇതുമൂലം സ്വകാര്യ കമ്പനികൾക്ക് സാമ്പത്തിക നേട്ടം ഉണ്ടാകുമെന്ന് കരുതുന്നില്ല.

(സി) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ ഉപയോഗിച്ചുവരുന്ന ജി.പി.ആർ.എസ്. അധിഷ്ഠിത ഇ.ടി.എമ്മുകളുടെ മൂന്നര വർഷ വാറണ്ടി കാലാവധിയും ഒരു വർഷത്തെ എ.എം.സി കാലാവധിയും കഴിഞ്ഞതിനാലും കാലപ്പഴക്കംമൂലം കേടുപാടുകൾ സംഭവിക്കുന്നതിനാലും മുൻകാലങ്ങളിൽ ഉപയോഗിച്ചുവന്നിരുന്ന ജി.പി.ആർ.എസ്. അധിഷ്ഠിത മെഷീനുകൾ ഒഴിവാക്കി നിലവിലെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് ടിക്കറ്റിംഗ് സംവിധാനം മാത്രമുള്ള ഇ.ടി. എമ്മുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി.-യിലെ ഡബിൾ ഡ്യൂട്ടി സമ്പ്രദായം നിർത്തലാക്കൽ

343(1837) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിലെ ഡബിൾ ഡ്യൂട്ടി സമ്പ്രദായം നിർത്തലാക്കിയിട്ടുണ്ടോ; ഇതിലൂടെ സാമ്പത്തിക മെച്ചം ഉണ്ടായിട്ടുണ്ടോ;

(ബി) പ്രതിദിന അലവൻസ് ഉൾപ്പെടെ എത്ര ചെലവ് കുറയ്ക്കാൻ പ്രസ്തുത പരിഷ്കരണത്തിലൂടെ സാധിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഡബിൾ ഡ്യൂട്ടി സമ്പ്രദായം പടിപടിയായി നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായിരുന്ന കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും

ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ മാനവവിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി 1961-ലെ മോട്ടോർ ഗതാഗത തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഡ്യൂട്ടി നിശ്ചയിച്ച് ഡ്യൂട്ടി ക്രമീകരണം നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ മാനവവിഭവശേഷി കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും ജീവനക്കാരുടെ അഭാവംമൂലം സർവ്വീസുകൾ റദ്ദ് ചെയ്യുന്ന പ്രവണത വലിയ അളവ് വരെ കുറയ്ക്കുന്നതിനും സാമ്പത്തിക മെച്ചം ഉണ്ടാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നിലവിൽ വന്നതിനുമുമ്പുള്ള മാസത്തെയും നിലവിൽ വന്നതിനുശേഷമുള്ള മാസത്തെയും കണക്കുകൾ താരതമ്യം ചെയ്താൽ അലവൻസ്, സറണ്ടർ എന്നിവയുൾപ്പെടെയുള്ള ചെലവിനത്തിൽ ഏകദേശം 2 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്.

### കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ കുടിവെള്ളത്തിന്റെ ലഭ്യത

344 (1838) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ പൊതുജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാകാത്ത ഇടങ്ങളിൽ സ്ഥലത്തെ കച്ചവടക്കാർ പ്രസ്തുത ജലം ദുരുപയോഗം ചെയ്യുന്നില്ലെന്ന് ഉറപ്പ് വരുത്തി സ്പോൺസർമാരെ കണ്ടെത്തിയോ എം.പി./എം.എൽ.എ. ഫണ്ട് വഴിയോ കുടിവെള്ള സൗകര്യം ഒരുക്കുന്നതിനുള്ള നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം നൽകുമോ;

(ബി) ഇല്ലെങ്കിൽ സമയപരിധി തീരുമാനിച്ച് അത് നടപ്പിലാക്കാൻ സത്വര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി.-യുടെ ചില ഡിപ്പോകളിൽ എം.എൽ.എ. ഫണ്ട് വഴിയും ലയൺസ് ക്ലബ് തുടങ്ങിയ മറ്റ് സന്നദ്ധ സംഘടനകൾ ആവശ്യപ്പെട്ട പ്രകാരവും കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതും ആയവ പ്രവർത്തിക്കുന്നുമുണ്ട്. മറ്റ് ഡിപ്പോകളിലും ഈ രീതിയിൽ വെള്ളം ലഭ്യമാക്കുന്നതിനുള്ള പ്രായോഗികത പരിശോധിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി.

345 (1839) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. മാത്രം സർവ്വീസ് നടത്തിയിരുന്ന കോതമംഗലം മണ്ഡലത്തിലെ ഗ്രാമീണ മേഖലയായ നെല്ലിമറ്റം-വാളാച്ചിറ, നാട്ടുകാണി-പെരുമണ്ണൂർ തുടങ്ങിയ സ്ഥലങ്ങളിലേയ്ക്കുള്ള സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. കോതമംഗലം ഡിപ്പോയിൽ നിന്നും നിർത്തലാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വീസുകൾ നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. യെ മാത്രം ആശ്രയിക്കുന്ന ഈ മേഖലയിലുള്ള നൂറുകണക്കിന് ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് പ്രസ്തുത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കെ.എസ്.ആർ.ടി.സി.-യിൽ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, സമഗ്ര പുനരുദ്ധാരണ നടപടികൾ സ്വീകരിച്ചുവരുന്നു. യാത്രക്കാർ തീരെ കുറവുള്ളതും വരുമാനക്കുറവുള്ളതും നടത്തിപ്പ് ചെലവിനുപോലും വരുമാനം ലഭ്യമാകാത്തതുമായ ചില സർവ്വീസുകൾ/ട്രിപ്പുകൾ പുനഃക്രമീകരിക്കുകയോ, താൽക്കാലികമായി റദ്ദ് ചെയ്യുകയോ ഉണ്ടായിട്ടുണ്ട്.

(സി) സാധ്യതാപഠനത്തിന്റെ അടിസ്ഥാനത്തിൽ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന ട്രിപ്പുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യുടെ ഓഡിറ്റ് ചെയ്ത ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്

346 (1840) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്നും അതീവ സാമ്പത്തിക പ്രതിസന്ധി മാത്രം പല്ലവിയായ കെ.എസ്.ആർ.ടി.സി. യുടെ ഓഡിറ്റ് ചെയ്ത ഫൈനാൻഷ്യൽ സ്റ്റേറ്റ്മെന്റ് ഏത് വർഷം വരെയുള്ളതാണ് നിയമസഭയുടെ മേശപ്പുറത്ത് വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓഡിറ്റിംഗ് കഴിഞ്ഞ് സഭയിൽ ഇനി വയ്ക്കാനുള്ളത് ഏതെല്ലാം വർഷങ്ങളിലെ സ്റ്റേറ്റ്മെന്റുകളാണ്;പ്രസ്തുത സ്റ്റേറ്റ്മെന്റുകൾ കൃത്യമായി വയ്ക്കാതെ അവിടത്തെ ഉദ്യോഗസ്ഥർ അതിന്റെ നടപടികൾ ബോധപൂർവ്വം വൈകിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ;

(സി) മുടക്കമുള്ള ഇത്തരം റിപ്പോർട്ടുകളും, ഓഡിറ്റിംഗ് പൂർത്തിയാക്കിയ ഫൈനാൻഷ്യൽ സ്റ്റേറ്റ്മെന്റുകളും വരുന്ന സമ്മേളനത്തിൽ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2014-15 സാമ്പത്തിക വർഷം വരെയുള്ള കൺട്രോളർ & ആഡിറ്റർ ജനറലിന്റെ ആഡിറ്റ് ചെയ്ത ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് നിയമസഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്.

(ബി) 2015-16 സാമ്പത്തിക വർഷം മുതലുള്ള ഫൈനലൈസേഷൻസ് സ്റ്റേറ്റ്മെന്റുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ പെൻഡിംഗ് ആയിട്ടുണ്ട്. ഉദ്യോഗസ്ഥർ നടപടികൾ ബോധപൂർവ്വം വൈകിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 2015-16 സാമ്പത്തിക വർഷത്തെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് ഭരണസമിതിയുടെ പരിഗണനയിലാണ്. ആയത് കൺട്രോളർ & ആഡിറ്റർ ജനറലിന്റെ ആഡിറ്റിന് വിധേയമാക്കിയതിന് ശേഷമേ സഭയ്ക്ക് മുന്നിൽ വയ്ക്കുന്നതിന് സാധിക്കുകയുള്ളൂ.

2016-17 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷത്തെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകൾ തൊട്ട് മുൻവർഷത്തെ ബുക്ക്സ് ഓഫ് അക്കൗണ്ട്സും കൺട്രോളർ & ആഡിറ്റർ ജനറലിന്റെ ആഡിറ്റ് ചെയ്ത ക്ലോസിംഗ് ബാലൻസും കിട്ടിയാൽ മാത്രമേ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. മുടക്കമുള്ള റിപ്പോർട്ടുകൾ അടിയന്തരമായി പൂർത്തിയാക്കാൻ കെ.എസ്.ആർ.ടി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യുടെ പുനഃസംഘടന**

347 (1841) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യെ പുനഃസംഘടിപ്പിക്കുന്നതിനു വേണ്ടി നിയുക്തമായ സുശീൽഖന്ന സമിതിയുടെ നിർദ്ദേശപ്രകാരം കെ.എസ്.ആർ.ടി.സി.യെ മേഖലകളായി തിരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം മേഖലകളായി തിരിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടായ നേട്ടം എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

സ്വയം പര്യാപ്തവും മത്സര ബുദ്ധിയോടുകൂടി പ്രവർത്തിക്കുന്നതുമായ മൂന്ന് ലാഭ കേന്ദ്രങ്ങളാണ് മേഖലാവത്ക്കരണത്തിലൂടെ ലക്ഷ്യമിടുന്നത്. ഇതിലൂടെ പൊതുജനങ്ങൾക്കും യാത്രക്കാർക്കും കൂടുതൽ സേവനം സമയബന്ധിതമായി നൽകുവാൻ കഴിയും. അതിലൂടെ കൂടുതൽ വരുമാനം നേടാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിൻ പ്രകാരം കെ.എസ്.ആർ.ടി.സി.-യെ ചുവടെ പറയുന്ന തരത്തിൽ മൂന്ന് മേഖലകളായി തിരിച്ചിട്ടുണ്ട്.

| പേര് | റവന്യൂ ജില്ല | ആസ്ഥാനം |
|---|---|---|
| സൗത്ത് സോൺ | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട | തിരുവനന്തപുരം സെൻട്രൽ |
| സെൻട്രൽ സോൺ | ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ | എറണാകുളം ബോട്ട് ജെട്ടി |
| നോർത്ത് സോൺ | മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് | കോഴിക്കോട് |

പ്രൊഫ. സുശീൽഖന്നയുടെ റിപ്പോർട്ടിൻ പ്രകാരം പ്രൊഫഷണൽ യോഗ്യതയുള്ള ജനറൽ മാനേജർമാരെ തെരഞ്ഞെടുത്ത് നിയോഗിക്കുന്നതുവരെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ (ഓപ്പറേഷൻ) ചുമതല വഹിച്ചിരുന്ന ചീഫ് ട്രാഫിക് മാനേജർ, എക്സിക്യൂട്ടീവ് ഡയറക്ടർ (ടെക്നിക്കൽ), എക്സിക്യൂട്ടീവ് ഡയറക്ടർ (മെയിന്റനൻസ് & വർക്സ്) എന്നിവരെ പ്രസ്തുത മേഖലകളുടെ മേഖലാ അധികാരികളായി നിയമിക്കുകയും ചെയ്തു.

വരുമാന വർദ്ധനവ് വരുത്തുക എന്നതാണ് പ്രധാനമായും പ്രസ്തുത മേഖലകളുടെ രൂപീകരണംകൊണ്ട് ലക്ഷ്യമിടുന്നത്. സ്വയം പര്യാപ്തവും മത്സരബുദ്ധിയോടുകൂടി പ്രവർത്തിക്കുന്നതുമായ മൂന്ന് മേഖലകൾ രൂപീകരിക്കുന്നത് മുഖേന പൊതുജനങ്ങൾക്കും യാത്രക്കാർക്കും കൂടുതൽ സേവനം സമയബന്ധിതമായി നൽകാൻ കഴിയും. അതിലൂടെ കൂടുതൽ വരുമാനം നേടാനാകുമെന്ന് കോർപ്പറേഷൻ പ്രതീക്ഷിക്കുന്നു.

ജീവനക്കാരുടെ വിന്യാസം, ജീവനക്കാരുടെ അപേക്ഷകൾ, സർവ്വീസ് ഓപ്പറേഷന് ആവശ്യമായ ബസ്സുകളുടെ വിന്യാസം, സാമ്പത്തിക ഇടപാടുകൾ മുതലായ തദ്ദേശീയമായി പരിഹരിക്കേണ്ടുന്നവ എക്സിക്യൂട്ടീവ് ഓഫീസർ റാങ്കിലുള്ള മേഖലാ അധികാരികളുടെ കീഴിൽ കൊണ്ടുവരുമ്പോൾ ചീഫ് ഓഫീസിൽനിന്ന് ആവശ്യങ്ങൾ പരിഹരിച്ച് വരുന്നതിനേക്കാൾ വേഗത്തിൽ പൂർത്തീകരിക്കാനാകും. ആയത് കോർപ്പറേഷന്റെ പ്രവർത്തനങ്ങളെ ശാക്തീകരിക്കും.

ഉയർന്ന റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ മേൽ പരാമർശിച്ച തരത്തിൽ സർവ്വീസ് ഓപ്പറേഷനും കോർപ്പറേഷന്റെ പ്രവർത്തനവും സാമ്പത്തികവും മെച്ചപ്പെടുന്നത് മുഖേന ലാഭനഷ്ടമില്ലാത്ത സ്ഥാപനമാക്കി കെ.എസ്.ആർ.ടി.സി.-യെ മാറ്റുകയെന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. വരുമാനം കുറവുള്ള സർവ്വീസുകൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്നതിലേയ്ക്കായി യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ ഷെഡ്യൂൾ പുനഃക്രമീകരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പുതിയ ഡ്യൂട്ടി പാറ്റേണും ജീവനക്കാരുടെ പുനർവിന്യാസവും നടപ്പിലാക്കിയതുവഴി മാനവവിഭവശേഷി കാര്യക്ഷമമായി പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്.

## കെ.എസ്. ആർ.ടി.സി-യിൽ ഷെഡ്യൂൾ റദ്ദാക്കൽ

348 (1842) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈവർമാരുടെ കുറവുമൂലം കെ.എസ്.ആർ.ടി.സി.-യ്ക്ക് പ്രതിദിനം ശരാശരി എത്ര ഷെഡ്യൂളുകൾ റദ്ദാക്കേണ്ടിവരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൻ പ്രകാരം ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഈ പ്രശ്നം പരിഹരിക്കുന്നതിന് വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഡ്രൈവർ വിഭാഗം ജീവനക്കാരുടെ കുറവുമൂലം കെ.എസ്. ആർ.ടി.സി. ശരാശരി 355 ഷെഡ്യൂളുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. എന്നാൽ യാത്രക്കാർ വളരെയധികം കുറവുള്ളതും താരതമ്യേന വരുമാന കുറവുള്ളതുമായ ഷെഡ്യൂളുകളും ട്രിപ്പുകളുമാണ് ഇത്തരത്തിൽ റദ്ദ് ചെയ്തിട്ടുള്ളത്.

(ബി) ശരാശരി പ്രതിദിന വരുമാനത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ഡ്രൈവർ വിഭാഗം ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിലേയ്ക്കായി ടി വിഭാഗം ജീവനക്കാർ കൂടുതലുള്ള യൂണിറ്റുകളിൽനിന്നും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മറ്റ് യൂണിറ്റുകളിൽ വിന്യസിച്ചിട്ടുണ്ട്.

## കെ.എസ്. ആർ.ടി.സി.ഭരണ റിപ്പോർട്ട്

349 (1843) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. അതിന്റെ ഭരണ റിപ്പോർട്ട് നിയമസഭയിൽ അവസാനമായി സമർപ്പിച്ചത് എന്നാണ്; ഏതെല്ലാം വർഷത്തേയ്ക്കുള്ളത് സഭയിൽ സമർപ്പിക്കുവാൻ ബാക്കിയുണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാര്യങ്ങൾ കൃത്യമായി ചെയ്യുന്നതിലും സമർപ്പിക്കുന്നതിലും കെ.എസ്.ആർ.ടി.സി.യിലെ ഉദ്യോഗസ്ഥർ കാട്ടുന്ന ബോധപൂർവ്വമായ അലംഭാവം അതീവ ഗൗരവമായി കാണുന്നുണ്ടോ;

(സി) എങ്കിൽ ഇത് കൃത്യമായി സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് കോർപ്പറേഷന് അറിയിപ്പ് നൽകിയിരുന്നോ; എങ്കിൽ എത്ര തവണ; വിശദമാക്കുമോ;

(ഡി) സർക്കാരിൽ നിന്നും ഇത്തരം അറിയിപ്പുകൾ കൃത്യമായി നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ പ്രത്യേക സംവിധാനം ഒരുക്കുമോ; ആയതിന് കർശന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ?

### ഉത്തരം

(എ) 2001-ലാണ് കെ.എസ്. ആർ.ടി.സി. ഭരണ റിപ്പോർട്ട് അവസാനമായി സമർപ്പിച്ചത്. എന്നാൽ 2014-15 സാമ്പത്തിക വർഷം വരെയുള്ള കംപ്ട്രോളർ& ആഡിറ്റർ ജനറലിന്റെ ആഡിറ്റ് ചെയ്ത ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റ് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി&ഡി) ആവർത്തിച്ച് നിർദ്ദേശങ്ങൾ നൽകിയിരുന്നിട്ടും കാലതാമസം ഉണ്ടായതിനാൽ റിപ്പോർട്ട് കൃത്യമായി സമർപ്പിക്കുവാൻ കെ.എസ്. ആർ.ടി.സി.-ക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## കെ.എസ്. ആർ.ടി.സി.-യിൽ താൽക്കാലിക ഡ്രൈവർമാർ

350 (1844) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ താല്ക്കാലിക ഡ്രൈവർമാരെ പിരിച്ച് വിട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) താല്ക്കാലിക ഡ്രൈവർമാരെ പിരിച്ച് വിട്ടതുമൂലം സർവ്വീസുകൾ മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; 2019 സെപ്റ്റംബർ 1 ന് ശേഷം ഇപ്രകാരം മുടങ്ങിയ സർവ്വീസുകൾ എത്രയാണ്;

(സി) പിരിച്ചുവിടപ്പെട്ട ഡ്രൈവർമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുമെന്ന് വകുപ്പ് മന്ത്രി വ്യക്തമാക്കിയിരുന്നോ; ആയതിൻപ്രകാരം സ്വീകരിച്ച നടപടിയെന്താണ്;

(ഡി) കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി. യിൽ ഡ്രൈവർമാരുടെ എണ്ണത്തിലുണ്ടായ കുറവ് എപ്രകാരമാണ് പരിഹരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ബഹു മാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന റിട്ട് അപ്പീൽ 1011/19-ലെ വിധിന്യായത്തിന്റെ ഭാഗമായിട്ടാണ് താൽക്കാലിക ഡ്രൈവർമാരെ ജോലിയിൽനിന്ന് വിടുതൽ ചെയ്തത്.

(ബി) ഉണ്ട്. താൽക്കാലിക ഡ്രൈവർമാരെ പിരിച്ചുവിട്ടത് 2019 ഒക്ടോബർ ആദ്യവാരമാണ്. ഡ്രൈവർ വിഭാഗം ജീവനക്കാരുടെ കുറവുമൂലം കെ.എസ്.ആർ.ടി.സി. ഒക്ടോബർ മാസത്തിൽ ശരാശരി 355 ഷെഡ്യൂളുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. എന്നാൽ യാത്രക്കാർ വളരെയധികം കുറവുള്ളതും താരതമ്യേന വരുമാനക്കുറവുള്ളതുമായ ഷെഡ്യൂളുകളും ട്രിപ്പുകളുമാണ് ഇത്തരത്തിൽ റദ്ദ് ചെയ്തിട്ടുള്ളത്.

(സി) വ്യക്തമാക്കിയിരുന്നില്ല.

(ഡി) നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുതിയ നിയമനങ്ങൾ നടത്താതെതന്നെ ഷെഡ്യൂൾ പുനഃക്രമീകരണം നടത്താനും മറ്റ് ഉചിതമായ ക്രമീകരണങ്ങൾ നടത്താനും ഉദ്ദേശിക്കുന്നു.

**കെ.എസ്. ആർ.ടി.സി.യാത്രക്കാർക്കായുള്ള നൂതന പദ്ധതികൾ**

351 (1845) <u>ശ്രീ. എസ്. ശർമ്മ:</u>
<u>ശ്രീ. വി. കെ. സി. മമ്മത് കോയ:</u>
<u>ശ്രീ. സജി ചെറിയാൻ:</u>
<u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദവും സുഖപ്രദവുമാക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പണം മുൻകൂർ അടച്ച് യാത്രചെയ്യാൻ സൗകര്യമൊരുക്കുന്ന സ്മാർട്ട് സീസൺ കാർഡുകൾ ഇപ്പോൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ;

(സി) എ.ടി.എം. കാർഡ് വഴി ടിക്കറ്റ് എടുക്കാൻ കഴിയുന്ന ഇലക്ട്രോണിക് ടിക്കറ്റ് മെഷീനുകൾ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ബസ്സുകളുടെ യാത്രാവിവരം സംബന്ധിച്ച് യാത്രക്കാരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകാൻ കോർപ്പറേഷൻ ഫെയ്സ്ബുക്ക്, വാട്സ് ആപ് അക്കൗണ്ടുകൾ തുടങ്ങിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദവും സുഖപ്രദവുമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കായി കെ.എസ്.ആർ.ടി.സി. നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ മാനവ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.യും സംയുക്തമായി സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുംമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുമുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയതരം സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകൾ വിജയകരമായി നടത്തിവരുന്നു. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്കും പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർസംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ

എടുത്ത 10 സ്കാനിയ തരത്തിലുള്ള ബസ്സുകൾ സർവ്വീസ് നടത്തിവരുന്നു. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ചിൽ ബസ്' എന്ന പേരിൽ എ.സി. ബസ്സുകൾ ഉപയോഗിച്ച് സർവ്വീസുകൾ ഒരു മണിക്കൂർ ഇടവേളകളിലും നടത്തിവരുന്നു. കെ.എസ്.ആർ.ടി.സി.യിൽ 10 ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തിവരുന്നു. പരിസ്ഥിതി സൗഹൃദവും ശബ്ദരഹിതവുമായ ഇത്തരം ബസ്സുകളിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാസൗകര്യം പ്രദാനം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇവ ഇപ്പോൾ ദീർഘദൂര സർവ്വീസുകൾക്ക് കെ.എസ്.ആർ.ടി.സി. ഉപയോഗിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ജനകീയമാക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്കരിച്ചതും കൂടുതൽ നൂതന സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം M/s Abhibus മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മാത്രവുമല്ല നിലവിൽ 648 സർവ്വീസുകളിൽ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഡിജിറ്റലൈസേഷന്റെ ഭാഗമായി 26 റിസർവേഷൻ കൗണ്ടറുകളിൽ Point of Sale (POS) മെഷീനുകളും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല. കെ.എസ്.ആർ.ടി.സി.യിൽ 19-1-2017 മുതലാണ് വിവിധതരം ട്രാവൽ പാസുകൾ നടപ്പിലാക്കിയത്. കൂടുതൽ യാത്രക്കാരെ പണവിമുക്ത ഇടപാടുകളിലൂടെ പൊതുഗതാഗത രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടിയാണ് ട്രാവൽ കാർഡ് സംവിധാനം ഏർപ്പെടുത്തിയിരുന്നത്. ബസ് ചാർജ് വർദ്ധനയ്ക്ക് ആനുപാതികമായി കാർഡ് നിരക്കിൽ വർദ്ധനവ് ഏർപ്പെടുത്താത്തതുമൂലം കെ.എസ്.ആർ.ടി.സി.ക്ക് സാമ്പത്തിക നഷ്ടം ഉണ്ടായതിനാൽ 28-2-2018 മുതൽ ടി സംവിധാനം നിർത്തലാക്കുകയുണ്ടായി.

(സി) ഇല്ല. എന്നാൽ കെ.എസ്.ആർ.ടി.സി. യുടെ 26 റിസർവേഷൻ കൗണ്ടറുകളിൽ Point of Sale (POS) മെഷീനുകളും ഏർപ്പെടുത്തിയിട്ടുണ്ട്. ടി സംവിധാനം വഴി എ.ടി.എം. കാർഡ് ഉപയോഗിച്ച് ടിക്കറ്റ് എടുക്കാവുന്നതാണ്.

(ഡി) പൊതുജനങ്ങൾക്ക് കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ചുള്ള അഭിപ്രായങ്ങളും പരാതികളും അറിയിക്കുന്നതിനും യാത്രാവിവരങ്ങൾ അന്വേഷിക്കുന്നതിനുമായി വാട്സ്ആപ്പ് നമ്പരും ഫെയ്സ്ബുക്ക് ഒഫിഷ്യൽ പേജും നിലവിലുണ്ട്. പൊതുജനങ്ങൾക്ക് 24 മണിക്കൂറും പ്രസ്തുത സംവിധാനങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ വിവരങ്ങൾ തേടാവുന്നതാണ്.

കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ അന്തർ സംസ്ഥാന സൂപ്പർ ക്ലാസ് സർവ്വീസുകളെ സംബന്ധിച്ചും കെ.എസ്.ആർ.ടി.സി. പൊതുജനങ്ങൾക്കായി നൽകുന്ന സേവനങ്ങളെക്കുറിച്ചും ഫെയ്സ്ബുക്ക്, വാട്സ്ആപ്പ് എന്നീ നവ മാധ്യമങ്ങളിലൂടെ വിവരങ്ങൾ നൽകിവരുന്നു.

## കെ.എസ്. ആർ.ടി.സി.യിൽ വാടക ബസ്സുകൾ

352 (1846) <u>ശ്രീ. സണ്ണി ജോസഫ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സർവ്വീസുകൾ നടത്തുന്ന ബസ്സുകളുടെ അഞ്ച് വർഷം പെർമിറ്റ് കാലാവധി അവസാനിക്കുന്നതിനനുസരിച്ച്, പ്രസ്തുത സർവ്വീസ് നടത്തുന്നതിനായി പുതിയ ബസ്സുകൾ വാങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) കെ.എസ്.ആർ.ടി.സി. യിൽ നിലനിൽക്കുന്ന സാമ്പത്തിക പ്രതിസന്ധി പുതിയ ബസ്സുകൾ വാങ്ങുന്നതിന് പ്രതിബന്ധമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഈ സാഹചര്യത്തിൽ പുതിയ ബസ്സുകൾ വാങ്ങുന്നതിന് പകരം വാടക ബസ്സുകൾ നിരത്തിലിറക്കുവാൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വാടകയ്ക്ക് ബസ്സുകൾ നൽകുന്നതിന് ഏതെങ്കിലും സഹകരണ സംഘം മുന്നോട്ട് വന്നിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഇ) ഉണ്ടെങ്കിൽ ഏത് സംഘമെന്നും, എത്ര ബസ്സുകളാണ് അവരിൽനിന്ന് ഇപ്രകാരം വാടകയ്ക്ക് എടുക്കുന്നതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സർവ്വീസുകൾ നടത്തുന്ന പെർമിറ്റ് കാലാവധി 5 വർഷത്തിൽനിന്നും 7 വർഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം പുതിയ ബസുകൾ വില കൊടുത്ത് വാങ്ങാൻ കോർപ്പറേഷന് കഴിയുന്നില്ല. പുതിയ ബസ്സുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിലേയ്ക്കായി ഫണ്ട് അനുവദിക്കുന്നതിന് കോർപ്പറേഷൻ സർക്കാർ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. നിലവിലെ സാഹചര്യത്തിൽ കോർപ്പറേഷന് സ്വന്തം നിലയിൽ പണം കണ്ടെത്തി പുതിയ ബസുകൾ വാങ്ങുന്നതിന് കഴിയാത്ത സാഹചര്യമാണ്.

(സി-ഇ) 25 AC സിംഗിൾ ആക്സിൽ ബസുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. ടി ദർഘാസിൽ ഒരു കമ്പനി പങ്കെടുത്തിട്ടുണ്ട്. ഇത് പരിശോധിച്ചുവരികയാണ്. കേന്ദ്രസർക്കാരിന്റെ FAME-II സ്കീമിൽ അനുവദിച്ച 250 ഇ-ബസുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

ഇതിനായി ഇതുവരെ സഹകരണ സംഘങ്ങൾ മുന്നോട്ട് വന്നിട്ടില്ല.

**കെ.എസ്. ആർ.ടി.സി.യിൽ ഗുണമേന്മയുള്ള ടിക്കറ്റിംഗ് മെഷീൻ**

353 (1847) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ക്ക് ടിക്കറ്റ് മെഷീനും അനുബന്ധ സേവനങ്ങളും നൽകുന്ന ഏജൻസി ഏതാണ്;

(ബി) സേവനങ്ങൾ നൽകിയ ഇനത്തിൽ പ്രസ്തുത ഏജൻസിക്ക് തുക നൽകാനുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഏജൻസികളെ ഒഴിവാക്കി ഗുണമേന്മ കൂടിയതും വില കുറവുള്ളതുമായ ടിക്കറ്റ് മെഷീനുകൾ വാങ്ങാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ M/s Quantum Aeon Power System എന്ന കമ്പനിയാണ് ഇ.ടി.എമ്മുകളും അനുബന്ധ സേവനങ്ങളും നൽകിവരുന്നത്.

(ബി) ഉണ്ട്. ഒരു വർഷ എ.എം.സി. നൽകിയ ഇനത്തിൽ 20,38,920 രൂപ ടി കമ്പനിക്ക് നൽകുവാനുണ്ട്.

(സി) നിലവിൽ ഇ.ടി.എം., സർക്കാർ ഇ-പോർട്ടൽ മുഖാന്തരം ഇ-ടെണ്ടർ ക്ഷണിച്ചാണ് വാങ്ങുന്നത്. 2013 ഒക്ടോബർ മാസത്തിലാണ് മൂന്നരവർഷം വാറണ്ടിയോടുകൂടിയ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ വാങ്ങിയത്. ടി മെഷീനുകളുടെ വാറണ്ടി കാലാവധി 2017-ഓടുകൂടി അവസാനിക്കുകയും തുടർന്ന് ഒരു വർഷത്തേയ്ക്ക് എ.എം.സി. നൽകുകയും ചെയ്തു. എന്നാൽ ടി കാലാവധി കഴിഞ്ഞതിനാലും കാലപ്പഴക്കംമൂലം കേടുപാടുകൾ സംഭവിക്കുന്നതിനാലും മുൻകാലങ്ങളിൽ ഉപയോഗിച്ചുവന്നിരുന്ന ചെലവേറിയ ജി.പി.ആർ.എസ്. അധിഷ്ഠിത മെഷീനുകൾ ഒഴിവാക്കി, കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത്, ടിക്കറ്റിംഗ് സംവിധാനം മാത്രമുള്ള ഇ.ടി.എം.-കൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

## കെ.എസ്. ആർ.ടി.സി.-യിൽ ഡ്യൂട്ടി പരിഷ്കരണം

354 (1848) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ദൈനംദിന ഭരണത്തിൽ തൊഴിലാളി നേതാക്കളുടെ ഇടപെടൽ ഒഴിവാക്കണമെന്ന് സുശീൽ ഖന്ന റിപ്പോർട്ടിൽ ശുപാർശ നൽകിയിരുന്നോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. ഡ്യൂട്ടി പരിഷ്കരണം സംബന്ധിച്ച സുശീൽ ഖന്നയുടെ ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(സി) ബസ്സിലെ ജീവനക്കാരുടെ എണ്ണം സംബന്ധിച്ച ദേശീയ ശരാശരി നിലവിലെത്രയാണ്; കെ.എസ്.ആർ.ടി.സി.-യിൽ അത് എത്രയാണെന്ന് അറിയിക്കാമോ;

(ഡി) ദേശീയ ശരാശരി നിലവാരത്തിലേയ്ക്ക് പ്രസ്തുത അനുപാതം കൊണ്ടുവരുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിൽ അത്തരത്തിലുള്ള ശിപാർശ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രൊഫ. സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് കെ.എസ്.ആർ.ടി.സി.യിൽ നടപ്പിൽ വരുത്താൻ കഴിയുന്നവ വിവിധ തൊഴിലാളി സംഘടനകളുടെ സഹകരണത്തോടുകൂടി നടപ്പിലാക്കു-ന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് എല്ലാ വിഭാഗം ജീവനക്കാരുടെയും ജോലി സമയം 8 മണിക്കൂറായി പുനഃക്രമീകരിക്കുകയും ഡ്യൂട്ടി പാറ്റേൺ പരിഷ്കരണം നടപ്പിൽ വരുത്തുകയും ചെയ്തു. ആഫീസർമാരുടെയും മിനിസ്റ്റീരിയൽ ജീവനക്കാരുടെയും ജോലി സമയം 8 മണിക്കൂറായി പുനഃക്രമീകരിക്കുകയുണ്ടായി. മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രവൃത്തി സമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ ആയിരുന്നത് 16-8-2017 മുതൽ രാവിലെ 9.30 മണി മുതൽ വൈകുന്നേരം 5.30 വരെ ആയി പുനഃക്രമീകരിച്ച് 8 മണിക്കൂറായി നിജപ്പെടുത്തുകയുണ്ടായി. സർവ്വീസ് ഓപ്പറേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന യൂണിറ്റ് ഓഫീസർ, ഡിപ്പോ എഞ്ചിനീയർ, ചീഫ് സ്റ്റോറിലെയും സ്റ്റേഷനറി സ്റ്റോറിലെയും ഓഫീസർമാർ, ജീവനക്കാർ കൂടാതെ നിർമ്മാണ

പ്രവർത്തനവുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന സിവിൽ വിഭാഗത്തിലെ ഓഫീസർമാർ, ജീവനക്കാർ എന്നിവർക്ക് രണ്ടാം ശനിയാഴ്ചയും പ്രവൃത്തി ദിവസമാക്കുകയും ചെയ്തു.

കൂടാതെ വിവിധ വിഭാഗം ജീവനക്കാരുടെ ജോലി സമയം ക്രമീകരിക്കുന്നതിന്റെ ഭാഗമായി ജനറൽ കൺട്രോളിംഗ് ഇൻസ്പെക്ടർ, ഹെഡ് വെഹിക്കിൾ സൂപ്പർവൈസർ എന്നിവരുടെ ഡ്യൂട്ടി സമയം രാവിലെ 5 മണി മുതൽ ഉച്ചയ്ക്ക് 3 മണി വരെയായി പുനഃക്രമീകരിക്കുകയും ടി സമയക്രമത്തിൽ പ്രസ്തുത ഉദ്യോഗസ്ഥർക്ക് 2 മണിക്കൂർ വിശ്രമം അനുവദിക്കുകയും എന്നാൽ ഫസ്റ്റ് സ്പെല്ലിൽ ആരംഭിക്കുന്ന സർവ്വീസുകൾ മുഴുവനും ഓപ്പറേറ്റ് ചെയ്യുന്നതിനായി രാവിലെ 5 മണി മുതൽ 8 മണി വരെ നിർബന്ധമായും ടി ഉദ്യോഗസ്ഥർ ഡ്യൂട്ടിയിൽ ഉണ്ടായിരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) പ്രൊഫ. സുശീൽ ഖന്നയുടെ പഠന റിപ്പോർട്ടിൻ പ്രകാരം നിലവിൽ ബസ് ജീവനക്കാരുടെ ദേശീയ ശരാശരി 5.5 ആണ്. ആയത് കോർപ്പറേഷനിൽ 5.92 ആണ്.

(ഡി) കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ ജീവനക്കാരുടെ എണ്ണം വളരെ കൂടുതലാണെന്ന് പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ട് പ്രകാരം കണ്ടെത്തിയിട്ടുണ്ട്. ആയത് ദേശീയ ശരാശരി നിലവാരത്തിലാക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. എല്ലാ തസ്തികകളിലെയും പുതുതായ നിയമനങ്ങൾ നിർത്തി വച്ചു.
2. ഓരോ യൂണിറ്റിനും വേണ്ടുന്ന ജീവനക്കാരുടെ എണ്ണം ക്രമപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു.
3. ജീവനക്കാരുടെ എണ്ണം പുനഃക്രമീകരിക്കുന്നതിന് കോർപ്പറേഷനിലെ ഉന്നത ഉദ്യോഗസ്ഥർ അടങ്ങുന്ന കമ്മിറ്റി രൂപീകരിച്ച് നടപടികൾ പുരോഗമിക്കുന്നു.
4. ജീവനക്കാരുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് എല്ലാ വിഭാഗം ജീവനക്കാരുടെയും ജോലി സമയം പുതുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കെ.എസ്. ആർ.ടി.സി.-യിൽ ഇ.ടി.എം. വഴിയുള്ള ടിക്കറ്റ് വിതരണം

355 (1849) ശ്രീ. വി. ടി. ബൽറാം:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സിയിൽ ഇ.ടി.എം. വഴിയുള്ള ടിക്കറ്റ് വിതരണം തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത കാരണത്താൽ യാത്രക്കാർക്ക് ടിക്കറ്റ് നൽകുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാരണത്താൽ കെ.എസ്.ആർ.ടി.സിയുടെ പ്രതിദിന വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഇ.ടി.എം. വഴിയുള്ള ടിക്കറ്റ് വിതരണം പുനഃസ്ഥാപിക്കാൻ വേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നിലവിൽ ജി.പി.ആർ.എസ്. അധിഷ്ഠിത ടിക്കറ്റിംഗ് മെഷീനുകൾ ഉപയോഗിച്ച് ടിക്കറ്റ് വിതരണം നടത്തുന്നുണ്ട്. 2013 ഒക്ടോബർ മാസത്തിലാണ് മൂന്നുവർഷം വാറണ്ടിയോടുകൂടിയ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ വാങ്ങിയത്. ടി മെഷീനുകളുടെ വാറണ്ടി കാലാവധി 2017-ഓടുകൂടി അവസാനിക്കുകയും തുടർന്ന് ഒരു വർഷത്തേയ്ക്ക് എ.എം.സി. നൽകുകയും ചെയ്തു. എന്നാൽ ടി കാലാവധി അവസാനിച്ചതിനുശേഷം നിലവിൽ പ്രസ്തുത കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. കാലപ്പഴക്കംമൂലം കേടുപാടുകൾ സംഭവിച്ച ഇ.ടി.എം. മെഷീനുകൾ ഒഴിവാക്കിയതിനെ തുടർന്ന് പുനലൂർ, ചാത്തന്നൂർ, പന്തളം, ചങ്ങനാശ്ശേരി, കൊല്ലം, കാട്ടാക്കട, തിരുവനന്തപുരം സെൻട്രൽ എന്നീ യൂണിറ്റുകളിൽ ഇ.ടി.എം. സംവിധാനം പ്രവർത്തിക്കുന്നില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇ.ടി.എം. വഴിയുള്ള ടിക്കറ്റ് വിതരണം തടസ്സപ്പെട്ടതിനാൽ കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന വരുമാനത്തിൽ കുറവ് വന്നിട്ടില്ല.

(ഡി) നിലവിൽ ഉപയോഗിച്ചുവരുന്ന ജി.പി.ആർ.എസ്. അധിഷ്ഠിത ഇ.ടി.എം.-കളുടെ മൂന്നുവർഷ വാറണ്ടി കാലാവധിയും ഒരു വർഷത്തെ എ.എം.സി. കാലാവധിയും കഴിഞ്ഞതിനാലും കാലപ്പഴക്കംമൂലം കേടുപാടുകൾ സംഭവിക്കുന്നതിനാലും ജി.പി.ആർ.എസ്. അധിഷ്ഠിത മെഷീനുകൾ ഒഴിവാക്കി, കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ടിക്കറ്റിംഗ് സംവിധാനം മാത്രമുള്ള ഇ.ടി.എം.കൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**ദുർഘട മേഖലകളിലെ കെ.എസ്. ആർ.ടി.സി.സർവ്വീസ്**

356 (1850) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുതര അപകടങ്ങൾ ഒഴിവാക്കുവാൻ അതിദുർഘട മലയോര

മേഖലകളിലേക്ക് ദീർഘദൂര സർവീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസുകളിൽ പരിചയസമ്പന്നരായ മികച്ച ഡ്രൈവർമാരാണ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്നത് എന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. ബസ് റൂട്ടുകൾ പ്രദേശങ്ങളുടെ പ്രത്യേകതയും റോഡിന്റെ നിലവാരവും കണക്കിലെടുത്ത് പ്രത്യേക വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. നിയമാനുസൃത മാർഗ്ഗങ്ങളിലൂടെയാണ് യോഗ്യതയും പരിശീലനവും സിദ്ധിച്ച ജീവനക്കാരെ അതാത് ജോലിക്കായി നിയോഗിച്ചിരിക്കുന്നത്. അപകടങ്ങൾ ഒഴിവാക്കുന്നതിനായി ആവശ്യമായ പരിശീലനം ഡ്രൈവർ വിഭാഗം ഉൾപ്പെടെ എല്ലാ ജീവനക്കാർക്കും നൽകിവരുന്നുണ്ട്. എല്ലാ സർവ്വീസുകളും അപകടരഹിതമായി നടത്തുന്നതിന് സാധ്യമായ എല്ലാ നടപടികളും കെ.എസ്. ആർ.ടി.സി. കൈക്കൊണ്ടിട്ടുണ്ട്.

(ബി) ഇത്തരത്തിൽ തരംതിരിച്ചിട്ടില്ല.

**സൗജന്യ യാത്രാസൗകര്യം**

357 (1851) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ദീർഘകാലം ലൈൻഡ്യൂട്ടി നോക്കി പെൻഷനായി മരണപ്പെട്ടവരുടെ വിധവകൾക്കും മറ്റ് സർക്കാർ ആനുകൂല്യങ്ങൾ ഒന്നും ലഭിക്കുന്നില്ലെങ്കിൽ സ്ഥിരമായ സൗജന്യയാത്രാപാസ് അനുദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരത്തിൽ പണി എടുത്ത് പെൻഷനായവരുടേതൊഴികെ മറ്റ് എല്ലാ രീതിയിലുള്ള സൗജന്യയാത്രാ പാസ്സുകളും നിലനിർത്തുമ്പോൾ ഇത്തരക്കാരോട് മാത്രം നിഷേധ നിലപാട് സ്വീകരിക്കുന്നതിൽ മാറ്റം വരുത്താൻ തയ്യാറാകുമോ; എങ്കിൽ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.യിൽനിന്നും പെൻഷനായി മരണപ്പെട്ടവരുടെ വിധവകൾക്ക് സൗജന്യ യാത്രാ പാസ് അനുവദിക്കുവാൻ നിലവിലെ നിയമ വ്യവസ്ഥ അനുസരിച്ച് നിർവ്വാഹമില്ല.

കോർപ്പറേഷന്റെ സർവ്വീസിൽനിന്ന് വിരമിച്ചവർക്ക് അനുവദിച്ചുവരുന്ന ഫോട്ടോ കാർഡ് പാസ് ഉപയോഗിച്ച് താമസസ്ഥലത്തിനടുത്തുള്ള

യൂണിറ്റിൽനിന്നും 12 കി.മി. ദൂരം ഫാസ്റ്റ് പാസഞ്ചർ ബസിൽ സൗജന്യമായി യാത്ര ചെയ്യുന്നതിന് കോർപ്പറേഷൻ അനുവദിച്ചിട്ടുണ്ട്. കൂടാതെ സർവ്വീസിൽനിന്നും വിരമിച്ച ജീവനക്കാർക്ക് വർഷത്തിലൊരിക്കൽ നൽകുന്ന കുടുംബ പാസ് ഉപയോഗിച്ച് (പെൻഷനറുടെ ഭാര്യ/ഭർത്താവിനുമാത്രം) സംസ്ഥാനത്തിനകത്ത് സൂപ്പർഫാസ്റ്റ് വരെയുള്ള ബസുകളിൽ ദൂരപരിധിയില്ലാതെ സൗജന്യമായി യാത്ര ചെയ്യുന്നതിന് അനുവദിക്കുന്നുണ്ട്.

(ബി) സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായിട്ടാണ് കെ.എസ്. ആർ.ടി.സി.യിൽനിന്നും സമൂഹത്തിലെ വിവിധ വിഭാഗങ്ങളിൽപ്പെടുന്ന അംഗപരിമിതർക്ക് സൗജന്യ യാത്രാ പാസുകൾ അനുവദിച്ചുവരുന്നത്. തന്മൂലം കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ആയതിനാൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കോർപ്പറേഷന് പുതുതായി അധിക ബാദ്ധ്യത കൂടി ഏറ്റെടുക്കുവാൻ നിർവ്വാഹമില്ല.

## സുശീൽ ഖന്ന കമ്മിറ്റി റിപ്പോർട്ട്

358 (1852) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയുക്തമായ സുശീൽ ഖന്ന കമ്മിറ്റി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് സമർപ്പിച്ചതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തൊക്കെയാണ്; ഇവയിൽ ഏതൊക്കെ ശിപാർശകൾ ഇതിനകം നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;

(സി) ശിപാർശകൾ നടപ്പിലാക്കിയതുവഴി കെ.എസ്.ആർ.ടി.സി.-യുടെ കാര്യക്ഷമതയും വരുമാനവും വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പ്രൊഫ. സുശീൽ ഖന്ന അന്തിമ റിപ്പോർട്ട് 27-2-2019 തീയതിയിൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി&സി) കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കൊൽക്കട്ടയിലെ റിട്ടയേർഡ് പ്രൊഫ. സുശീൽ ഖന്നയെ സമഗ്ര പഠനത്തിനായി സർക്കാർ നിയോഗിക്കുകയും

ഇദ്ദേഹത്തിൽനിന്നും ലഭിച്ച ഇടക്കാല പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തനരീതി, പ്രവർത്തന സമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി വായ്പകളുടെ പുനഃക്രമീകരണം നടത്തുകയും മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവരികയും ചെയ്തു. കൂടാതെ കെ.എസ്.ആർ.ടി.സി.യിൽ മേഖലാവത്കരണം നടപ്പിലാക്കി മൂന്ന് ലാഭകേന്ദ്രങ്ങളാക്കി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസുകളെ പുനഃക്രമീകരിക്കുകയും വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി പൂർണ്ണമായും കമ്പ്യൂട്ടർവത്കരിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ടോട്ടൽ അക്കൗണ്ടിംഗ്, സ്റ്റോർ, ഇൻവെന്ററി മാനേജ്മെന്റ് തുടങ്ങിയവ നടപ്പിലാക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ബസ്-ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയായ 5.5-ലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. യാത്രക്കാർക്കും ജീവനക്കാർക്കും ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചതുമൂലം ചെലവിനത്തിൽ കുറവുണ്ടാകുകയും പ്രതി ബസ്, പ്രതി കി.മീറ്റർ വരുമാനത്തിൽ വർദ്ധനവുണ്ടാക്കുകയും ഡീസൽ ചെലവ് ലാഭിക്കാൻ കഴിയുകയും ചെയ്തിട്ടുണ്ട്. ഇതുവഴി കെ.എസ്.ആർ.ടി.സി.യുടെ കാര്യക്ഷമതയും വരുമാനവും വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. ടി റിപ്പോർട്ടിൽ ശിപാർശകൾ അക്കമിട്ട് സൂചിപ്പിച്ചിട്ടില്ല. എന്നാൽ കെ.എസ്.ആർ.ടി.സി.യുടെ നഷ്ടത്തിനുള്ള കാരണവും അതിനുള്ള പരിഹാരവും റിപ്പോർട്ടിൽ വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. റിപ്പോർട്ടിൽനിന്നും വ്യക്തമാകുന്ന പ്രധാന ശിപാർശകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

**ഹൈസ്പീഡ് ഡീസലിന്റെ നികുതിയിളവിന് ശിപാർശ**

359 (1853) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻ നഷ്ടത്തിൽ പൊതുഗതാഗത സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി.-ക്ക് 2019-20 വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഹൈസ്പീഡ് ഡീസലിന്റെ നികുതിയിളവിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടത് എന്നാണ്; നിർദ്ദേശങ്ങൾ ആവശ്യപ്പെട്ട് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ബന്ധപ്പെട്ട നിർദ്ദേശങ്ങൾ കെ.എസ്.ആർ.ടി.സി. പാലിച്ചിരുന്നോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ കെ.എസ്.ആർ.ടി.സി. യ്ക്ക് ലഭിച്ച ഇത്തരമൊരു പ്രധാനപ്പെട്ട നിർദ്ദേശം പാലിക്കാതിരുന്നതിന്റെ കാരണം എന്താണ്; സർക്കാർ നല്കിയ ഗൗരവമായ നിർദ്ദേശം പാലിക്കാതിരുന്നത് ഏത് നിയമത്തിന് വിധേയമായിട്ടാണ്;

(ഡി) ആയത് പാലിക്കാതിരുന്നവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; വിശദവിവരം നല്കുമോ ; ഗവൺമെന്റ് നൽകുന്ന നിർദ്ദേശം പാലിക്കാതിരിക്കുന്ന സമീപനം തുടരാതിരിക്കാൻ ആവശ്യമായ മുൻകരുതൽ എടുക്കുമോ;

(ഇ) സർക്കാർ നിർദ്ദേശം പാലിക്കാൻ തയ്യാറാകാത്ത കെ.എസ്.ആർ.ടി.സി. അധികൃതർക്ക് പകരം 2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത നിർദ്ദേശം സമർപ്പിക്കാൻ മറ്റാരെയെങ്കിലും ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ-ഇ) 2019-20 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുമ്പോൾ കെ.എസ്.ആർ.ടി.സി. വാങ്ങുന്ന ഹൈസ്പീഡ് ഡീസൽ ഓയിലിന് നികുതി കുറവ് ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തി സമർപ്പിക്കാൻ 4-8-2018-ലെ TRANS-A2/226/2018-TRANS നമ്പർ കത്ത് മുഖേന നിർദ്ദേശം നൽകിയിരുന്നു*. പ്രസ്തുത ബഡ്ജറ്റ് നിർദ്ദേശം കെ.എസ്.ആർ.ടി.സി. സർക്കാരിന് സമർപ്പിക്കുകയുണ്ടായില്ല. എന്നാൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിലേയ്ക്കുള്ള ശിപാർശയായി കെ.എസ്.ആർ.ടി.സി. സമർപ്പിച്ച കുറിപ്പിൽ ഈ ആവശ്യം പ്രതിപാദിക്കുകയും 2019-20-ലെ അധിക ധനാഭ്യർത്ഥനകൾക്കുള്ള നിർദ്ദേശത്തിൽ ഉൾപ്പെടുത്തി സമർപ്പിക്കുകയും ചെയ്തെങ്കിലും നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിക്കാത്ത സാഹചര്യത്തിലും മതിയായ നീക്കിയിരുപ്പ് ഉള്ളതിനാലും ഇക്കാര്യം പരിഗണിക്കുകയുണ്ടായില്ല. 2020-21-ലെ പദ്ധതി നിർദ്ദേശങ്ങളിൽ ഇക്കാര്യം ഉൾപ്പെടുത്തി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സമർപ്പിക്കുന്നതാണെന്ന് കെ.എസ്.ആർ.ടി.സി. അറിയിച്ചിട്ടുണ്ട്.

## ഓപ്പറേറ്റിംഗ് വിഭാഗക്കാരുടെ ശമ്പളം

360 (1854) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിലെ ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരുടെ ശമ്പളം മുമ്പുള്ളപോലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരിൽനിന്ന് കുറവാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം അംഗീകൃത തൊഴിലാളി യൂണിയനുകളുമായുള്ള ശമ്പള പരിഷ്കരണ ചർച്ചയുടെ അജണ്ടയിലുൾപ്പെടുത്താൻ തയ്യാറാകുമോ;

(ബി) ഇല്ലെങ്കിൽ സംസ്ഥാനത്ത് മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിലുള്ള രീതിയനുസരിച്ച് ഓഫീസ് സ്റ്റാഫുകളെക്കാൾ അധികരിച്ച ശമ്പളം ഓപ്പറേറ്റിംഗ് വിഭാഗത്തിന് നൽകാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി.യിലെ വിവിധ വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കാലാകാലങ്ങളായി പരിഷ്കരിക്കുന്നത് കോർപ്പറേഷനിലെ അംഗീകൃത തൊഴിലാളി സംഘടനകൾ സമർപ്പിക്കുന്ന അവകാശ പത്രികകളുടെ അടിസ്ഥാനത്തിൽ മാനേജ്മെന്റും അംഗീകൃത തൊഴിലാളി സംഘടനകളും തമ്മിൽ നടത്തുന്ന ഉഭയകക്ഷി ചർച്ചകളിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ്. ആയത് സർക്കാർ അംഗീകാരത്തോടുകൂടി നടപ്പിൽ വരുത്തുകയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി.-യിലെ ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരുടെ ശമ്പളം മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരിൽനിന്ന് കുറവാണെന്ന തരത്തിലുള്ള പരാതികൾ അംഗീകൃത തൊഴിലാളി സംഘടനകളൊന്നുംതന്നെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല.

## കിഴക്കേകോട്ടയിലുള്ള അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടികൾ

361 (1855) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേകോട്ടയിലുള്ള സംരക്ഷണ മതിലിന് ചുറ്റുമുള്ള കെ. എസ്.ആർ.ടി.സി. യുടെ ഉടമസ്ഥതയിലുള്ള 72.250 സെന്റ് സ്ഥലത്തെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി.യുടെ ഭാഗത്തുനിന്നും തുടർ നടപടികൾ ഉണ്ടായിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വിഷയത്തിൽ കെ. എസ്.ആർ.ടി.സി യുടെ ഭാഗത്ത് നിന്ന് തുടർ നടപടി ഉണ്ടാകാതിരിക്കാനുള്ള കാരണങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(സി) ഇവർക്ക് തുടർനടപടികളിൽ നിന്ന് വിട്ട് നിൽക്കുന്നതിന് എന്തെങ്കിലും വിധത്തിലുള്ളതോ ഏതെങ്കിലും ഭാഗത്തുനിന്നോ ഉള്ള സമ്മർദ്ദം ഉണ്ടായിരുന്നോ; അറിയിക്കുമോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി യുടെ നിലപാട് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.യുടെ ഭാഗത്തുനിന്നും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് എതിർകക്ഷികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഒഴിവാക്കപ്പെട്ട വ്യാപാരികളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യും ബന്ധപ്പെട്ട ഇതര വകുപ്പ് അധികാരികളും വ്യാപാരി വ്യവസായി പ്രതിനിധികളും ചേർന്ന് റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 9-5-2018 തീയതിയിൽ ചേർന്ന യോഗത്തിൽ കെ.എസ്.ആർ.ടി.സി.യുടെ കൈവശത്തിലുള്ള ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ അടിയന്തരമായി ഒഴിപ്പിക്കണമെന്ന് തീരുമാനിക്കുകയും ഒഴിപ്പിക്കപ്പെട്ട വ്യാപാരികളെ സ്ഥലം കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾക്കായി റവന്യൂ അധികാരികളെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കിഴക്കേകോട്ട റോഡ് വികസനവുമായി ബന്ധപ്പെട്ട് ഒഴിപ്പിക്കപ്പെട്ട കടക്കാരെ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കുന്നതിനായി 14-5-2019-ൽ ജില്ലാ കളക്ടർക്ക് കെ.എസ്.ആർ.ടി.സി. കത്ത് നൽകിയിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.യുടെ ഭാഗത്തുനിന്നും തുടർ നടപടികൾ ഉണ്ടായിട്ടുണ്ട്. ജില്ലാ ഭരണകൂടം മുഖാന്തരം നടപടി പുരോഗമിക്കേണ്ടതുണ്ട്.

(സി&ഡി) അത്തരത്തിലുള്ള യാതൊരു സമ്മർദ്ദവും ഉണ്ടായതായി അറിവില്ല.

(ഇ) പ്രസ്തുത കയ്യേറ്റം ഒഴിപ്പിച്ച് സ്ഥലം കെ.എസ്.ആർ.ടി.സി.ക്ക് ലഭ്യമാക്കണമെന്നതാണ് കെ.എസ്.ആർ.ടി.സി.യുടെ നിലപാട്.

## കെ.എസ്. ആർ.ടി.സി.-യുടെ പുനരുദ്ധാരണം

362 (1856) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ ഫലപ്രദമായിരുന്നോയെന്നും നടപടികൾക്ക് ജീവനക്കാരുടെ വിശ്വാസ്യത നേടുന്നതിന് സാധിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ;

(സി) സാമ്പത്തിക പുനരുദ്ധാരണം നടത്തിയതുവഴി ജീവനക്കാരുടെ ശമ്പളം കെ.എസ്.ആർ.ടി.സി.യുടെ സ്വന്തം ഫണ്ടിൽ നിന്ന് നൽകുന്നതിന് സാധിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ജനസൗഹൃദവുമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്നയുടെ ഇടക്കാല പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

വായ്പകളുടെ പുനഃക്രമീകരണം:

നിലവിൽ ഉയർന്ന പലിശ നിരക്കിലും കുറഞ്ഞ കാലാവധിയിലും എടുത്തിട്ടുള്ള വായ്പകൾ പുനഃക്രമീകരിച്ച് 31-3-2018-ൽ ബാങ്കുകളുടെ ഒരു കൺസോർഷ്യത്തിലൂടെ 9.2% പലിശ നിരക്കിൽ 20 വർഷം കാലാവധിയുള്ള വായ്പയാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതിന്റെ ഫലമായി വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം ചെലവാക്കിയിരുന്ന തുകയിൽനിന്ന് ഗണ്യമായ തുക ലാഭിക്കുവാൻ കഴിഞ്ഞു.

മാനേജ്മെന്റ് പ്രൊഫഷണലിസം:

പ്രൊഫഷണലിസം കൊണ്ടുവരുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. ഹെഡ് ഓഫീസിൽ മൂന്ന് ചാർട്ടേഡ് അക്കൗണ്ടന്റ്/കോസ്റ്റ് അക്കൗണ്ടന്റ്-നെ

നിയമിച്ചിട്ടുണ്ട്. കൂടാതെ ജനറൽ മാനേജർ (ഫിനാൻസ്&അഡ്മിനിസ്ട്രേഷൻ), ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്) എന്നീ തസ്തികകളിലും ജീവനക്കാരെ നിയമിച്ചു. ടിയാളുകൾ സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യെ മൂന്ന് ലാഭകേന്ദ്രങ്ങളാക്കി 25-7-2018 മുതൽ നടപ്പിൽ വരുത്തി.

മേഖലാവത്കരണം:

സ്വയംപര്യാപ്തവും മത്സരബുദ്ധിയോടുകൂടി പ്രവർത്തിക്കുന്ന മൂന്ന് ലാഭ കേന്ദ്രങ്ങളാണ് മേഖലാവത്കരണത്തിലൂടെ ലക്ഷ്യമിടുന്നത്. ഇതിലൂടെ പൊതുജനങ്ങൾക്കും യാത്രക്കാർക്കും കൂടുതൽ സേവനം സമയബന്ധിതമായി നൽകുവാൻ കഴിയും. അതിലൂടെ കൂടുതൽ വരുമാനം നേടാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിൻപ്രകാരം കെ.എസ്.ആർ.ടി.സി.യെ ചുവടെ പറയുന്ന തരത്തിൽ മൂന്ന് ലാഭകേന്ദ്രങ്ങളാക്കി രൂപീകരിച്ചു.

| പേര് | റവന്യൂ ജില്ല | ആസ്ഥാനം |
|---|---|---|
| സൗത്ത് സോൺ | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട | തിരുവനന്തപുരം സെൻട്രൽ |
| സെൻട്രൽ സോൺ | ആലപ്പുഴ,കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ | എറണാകുളം ബോട്ട് ജെട്ടി |
| നോർത്ത് സോൺ | മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് | കോഴിക്കോട് |

പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിൻ പ്രകാരം പ്രൊഫഷണൽ യോഗ്യതയുള്ള ജനറൽ മാനേജർമാരെ തെരഞ്ഞെടുത്ത് നിയോഗിക്കുന്നതുവരെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ (ഓപ്പറേഷൻ) ചുമതല വഹിച്ചിരുന്ന ചീഫ് ട്രാഫിക് മാനേജർ, എക്സിക്യൂട്ടീവ് ഡയറക്ടർ (ടെക്നിക്കൽ), എക്സിക്യൂട്ടീവ് ഡയറക്ടർ (മെയിന്റനൻസ്&വർക്സ്) എന്നിവരെ പ്രസ്തുത മേഖലകളുടെ മേഖലാ അധികാരികളായി നിയമിക്കുകയും ചെയ്തു.

വരുമാന വർദ്ധനവ് വരുത്തുക എന്നതാണ് പ്രധാനമായും പ്രസ്തുത മേഖലകളുടെ രൂപീകരണംകൊണ്ട് ലക്ഷ്യമിടുന്നത്. ജീവനക്കാരുടെ വിന്യാസം, ജീവനക്കാരുടെ അപേക്ഷകൾ, സർവ്വീസ് ഓപ്പറേഷന് ആവശ്യമായ ബസ്സുകളുടെ വിന്യാസം, സാമ്പത്തിക ഇടപാടുകൾ മുതലായ തദ്ദേശീയമായി പരിഹരിക്കേണ്ടുന്നവ എക്സിക്യൂട്ടീവ് ഡയറക്ടർ റാങ്കിലുള്ള മേഖലാ അധികാരികളുടെ കീഴിൽ കൊണ്ടുവരുമ്പോൾ ചീഫ് ഓഫീസിൽനിന്ന് ആവശ്യങ്ങൾ പരിഹരിച്ചുവരുന്നതിനേക്കാൾ വേഗത്തിൽ പൂർത്തീകരിക്കാനാകും. ആയത് കോർപ്പറേഷന്റെ പ്രവർത്തനങ്ങളെ ശാക്തീകരിക്കും.

<u>സർവ്വീസുകളുടെ പുനഃക്രമീകരണം:</u>

സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ മാനവ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.യും സംയുക്തമായി സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുംമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയ തരം സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ വിജയകരമായി നടത്തിവരുന്നു. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർസംസ്ഥാന റൂട്ടുകളിലേയ്ക്ക് പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്.

വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ചിൽ ബസ്' എന്ന പേരിൽ എ.സി. ബസ്സുകൾ ഉപയോഗിച്ച് സർവ്വീസുകൾ ഒരു മണിക്കൂർ ഇടവേളകളിലും നടത്തിവരുന്നു.

കെ.എസ്.ആർ.ടി.സി.യിൽ 10 ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തിവരുന്നു. പരിസ്ഥിതി സൗഹൃദവും ശബ്ദരഹിതവുമായ ഇത്തരം ബസ്സുകളിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാ സൗകര്യം പ്രദാനം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്. ടി ബസ്സുകൾ ഇപ്പോൾ ദീർഘദൂര സർവ്വീസുകൾക്ക് കെ.എസ്.ആർ.ടി.സി. ഉപയോഗിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയം പുനഃക്രമീകരിച്ചു. പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കുന്നതിനും പുതിയ വർക്ക് നോംസ് തയ്യാറാക്കുന്നതിനുമായി സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ ഏൽപ്പിക്കുകയും അവർ നൽകിയ കരട് റിപ്പോർട്ട് പ്രകാരമുള്ള ശിപാർശകൾ നടപ്പിലാക്കുന്നത് പുരോഗതിയിലുമാണ്. ഒരു പരിധിവരെ ഫ്ലോട്ട് യൂണിറ്റുകൾ വാങ്ങി നൽകുന്നതിന് സാധിച്ചു. എന്നാൽ സാമ്പത്തിക പരാധീനത മൂലം പൂർണ്ണ തോതിൽ ഫ്ലോട്ട് യൂണിറ്റുകൾ വാങ്ങി ഉപയോഗിക്കുന്നതിന് സാധിച്ചിട്ടില്ല. ഇന്ധനക്ഷമത ദേശീയ ശരാശരിയിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്കായി ഡ്രൈവർമാർക്ക് ട്രെയിനിംഗ് നൽകുകയും അതോടൊപ്പം തന്നെ ഡിപ്പോ മോണിട്ടറിംഗ് ശക്തിപ്പെടുത്തി ഇന്ധനക്ഷമത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. സ്പെയർ പാർട്സ് വാങ്ങുന്നതും ഇൻവെന്ററി കൺട്രോൾ ഏകീകരിക്കുക എന്നീ ശിപാർശകളിന്മേൽ നടപടി ആരംഭിക്കുകയും ആയത് പുരോഗതിയിലുമാണ്. ഡിപ്പോ വർക്ക്ഷോപ്പുകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകുകയും ആയതിന്റെ പ്രവർത്തന മികവ് വിലയിരുത്തുകയും ചെയ്തുവരുന്നു. ബസിന്റെ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർക്ക്ഷോപ്പുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനുള്ള നടപടിക്രമം നടപ്പിലാക്കി വരുന്നു. മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ജോലി സമയം ക്രമീകരിച്ച് വാഹനങ്ങൾക്ക് യഥാസമയം മെയിന്റനൻസ് പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണം നടത്തുകയും ആയത് ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ ഡ്യൂട്ടി പരിഷ്കരണത്തിലൂടെ മെയിന്റനൻസിനായി പകൽ സമയം ബസുകൾ പിടിച്ചിടുന്നത് ഒഴിവായതിലൂടെ കുറഞ്ഞത് 100 ബസുകളെങ്കിലും പ്രതിദിനം അധികമായി സർവ്വീസിന് നൽകാനും കഴിയുന്നുണ്ട്. ടയർ, കെ.എം.പി.എൽ., ലൂബ്രിക്കൻസ് എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മൂന്ന് മേഖലകളായി തിരിച്ച് അസിസ്റ്റന്റ് വർക്ക്സ് മാനേജർമാരെ നിയോഗിച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു.

<u>വിവര സാങ്കേതികവിദ്യയുടെ വ്യാപനം:</u>

സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി എച്ച്. ആർ. മാനേജ്മെന്റ് , പേ റോൾ, ജീവനക്കാരുടെ സ്ഥലം മാറ്റം എന്നിവ പൂർണ്ണമായും കമ്പ്യൂട്ടർവത്കരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തുന്നതിന് ബയോമെട്രിക് പഞ്ചിംഗ് സംവിധാനവും അതിനോടൊപ്പം leave management software ഉം നടപ്പിലാക്കിയിട്ടുണ്ട്. Total accounting, Store, Inventory Management തുടങ്ങിയവ നടപ്പിലാക്കുന്നതിലേയ്ക്കായി M/s. PWC യുടെ സഹായത്താൽ RFP/Bid document തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.യിൽ സർവ്വീസ് ഓപ്പറേഷൻസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് Route Rationalization, schedule chronology തുടങ്ങിയവ തയ്യാറാക്കുന്നതിലേയ്ക്കായി നിലവിലെ ETM, online tracking database മുതലായവ ഉപയോഗിച്ച് data analytics നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇതുപയോഗിച്ച് dynamic reporting, predictive analysis തുടങ്ങിയവ ചെയ്യാവുന്നതാണ്. റിപ്പോർട്ടിൽ zone/depot അനുസരിച്ച് web based integrated dash board ഉണ്ടായിരിക്കുന്നതാണ്. വിവിധ തരത്തിലുള്ള performance report കൾ ചാർട്ടുകളായി ഓരോ zone/depot/schedule എന്നിവയുടെ താരതമ്യം സാധ്യവുമാണ്. Vehicle efficiency report, revenue report, boarding & alighting analysis, conductor efficiency on different route, ticket-type analysis മുതലായവ ഇതിന്റെ ഭാഗമാണ്. കൂടാതെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോൺ ആപ് ഉപയോഗിച്ചും ഇവയെല്ലാം പരിശോധിക്കാവുന്നതാണ്. പരീക്ഷണാടിസ്ഥാനത്തിൽ 10 ഡിപ്പോകളിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ആയതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

ഡ്രൈവർമാർക്ക് ഇൻസെന്റീവ്:

കൂടുതൽ ഇന്ധനക്ഷമത കൈവരിക്കുന്ന ഡ്രൈവർമാർക്ക് ഇൻസെന്റീവ് നൽകുക അതുവഴി ഇന്ധനക്ഷമത വർദ്ധിപ്പിക്കുക. ഇതുപ്രകാരം 5 ഉം അതിലധികവും KMPL നേടുന്ന ഡ്രൈവർമാർക്ക് ഡ്യൂട്ടി തീരുന്ന സമയത്തുതന്നെ 100 രൂപ ഇൻസെന്റീവായി നൽകുന്നുണ്ട്.

വെറ്റ് ലീസ് അടിസ്ഥാനത്തിൽ ബസ് സർവ്വീസ്:

പുതിയ റൂട്ടുകൾക്കായി അധിക ബസുകൾ സ്വന്തമായി വാങ്ങുന്നതിന് പകരമായി ബസ്സുകൾ വാടകയ്ക്കെടുത്ത് കോർപ്പറേഷന്റെ ജീവനക്കാരെ ഉപയോഗിച്ച് ഓപ്പറേറ്റ് ചെയ്യുക. ഇതിൻപ്രകാരം പരീക്ഷണാടിസ്ഥാനത്തിൽ 10 മൾട്ടി ആക്സിൽ സ്കാനിയ ബസുകൾ വാടകയ്ക്കെടുത്ത് 2017 നവംബർ മാസം1-ാം തീയതി മുതൽ ഓടിച്ചുതുടങ്ങി. പുതിയ സംവിധാനത്തിൽ ഡ്രൈവറും ബസ്സും കമ്പനിയുടേതും കണ്ടക്ടർ കോർപ്പറേഷന്റേതുമാണ്. ടി സംവിധാനത്തിൽ സമയ ക്ലിപ്തത, സർവ്വീസിന്റെ വിശ്വാസ്യത എന്നീ മേഖലകളിൽ മെച്ചപ്പെട്ടിട്ടുണ്ട്. വരുമാനത്തിലും നേരിയ വർദ്ധനവുണ്ടായിട്ടുണ്ട്. സർക്കാരിന്റെ എൻവെയോൺമെന്റൽ പോളിസിയും കൂടി കണക്കിലെടുത്ത് പരീക്ഷണാടിസ്ഥാനത്തിൽ 10 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് അടിസ്ഥാനത്തിൽ എടുത്ത് ശബരിമലയിൽ ഉപയോഗിച്ചിട്ടുണ്ട്.

<u>ഫ്ലക്സി ഫെയർ നടപ്പാക്കുന്നത് സംബന്ധിച്ച് :</u>

ബാംഗ്ലൂർ സർവ്വീസുകളിൽ നിലവിൽ ഫ്ലക്സി ഫെയർ ഏർപ്പെടുത്തിയിട്ടുണ്ട്.

<u>കെ.എസ്. ആർ.ടി.സി.യിലെ പെൻഷൻ:</u>

പ്രതിമാസ പെൻഷൻ നൽകുന്നതിലേയ്ക്ക് 62 കോടി രൂപ ആവശ്യമാണ്. നിലവിൽ കെ.എസ്.ആർ.ടി.സി.യും സഹകരണ ബാങ്കുകളും തമ്മിൽ ഏർപ്പെട്ടിരിക്കുന്ന കരാർ പ്രകാരം പെൻഷൻ കൃത്യമായി നൽകാൻ കഴിഞ്ഞിട്ടുണ്ട്.

<u>തമിഴ്നാട്ടുമായുള്ള അന്തർ സംസ്ഥാന കരാർ:</u>

ഡീസൽ, സ്പെയർ പാർട്സ് മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവയിലുണ്ടായ വിലവർദ്ധന കണക്കാക്കി 1-3-2018 മുതൽ കേരളത്തിലെ സ്റ്റേജ് ക്യാരേജുകളുടെ നിരക്ക് വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനിൽ ഈ നിരക്ക് വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. ഈ ചാർജ്ജ് വർദ്ധനവ് മൂലം ഏതാണ്ട് 40 ലക്ഷം രൂപയുടെ അധിക വർദ്ധനവുണ്ടായിട്ടുണ്ട്. കൂടാതെ സർവ്വീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എടുത്ത നടപടികളുടെ ഭാഗമായി വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. വർഷങ്ങളായി മുടങ്ങിക്കിടന്ന തമിഴ്നാട്ടുമായുള്ള അന്തർസംസ്ഥാന കരാർ പുതുക്കി. ഇതിൻപ്രകാരം 49 റൂട്ടുകളിലായി 88 ബസ്സുകൾ ഉപയോഗിച്ച് പുതുതായി 8865 കി. മീറ്റർ ദൂരം സർവ്വീസ് ആരംഭിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

<u>വാഹനവ്യൂഹത്തിന്റെ ഉപയോഗം:</u>

വാഹന വ്യൂഹത്തിന്റെ ഉപയോഗം പ്രൊഫ. സുശീൽ ഖന്ന നിർദ്ദേശിച്ച പ്രകാരം 95 ശതമാനത്തിൽ എത്തിക്കുന്നതിന് കടുത്ത സാമ്പത്തിക പരാധീനത കാരണം സാധിക്കുന്നില്ല. ബസ്സുകൾ ഓഫ് റോഡ് ആകാതെ സമയബന്ധിതമായി നിരത്തിലിറക്കുന്നതിന് എല്ലാ പ്രധാനഭാഗങ്ങളും ഫ്ലോട്ട് യൂണിറ്റുകളാക്കി മുൻകൂർ നൽകുന്നതിന് സംവിധാനം ഒരുക്കണം. ഇത്തരത്തിൽ കുറഞ്ഞ അളവിൽ ഫ്ലോട്ട് യൂണിറ്റുകൾ ലഭ്യമായെങ്കിലും സാമ്പത്തിക പ്രതിസന്ധി കാരണം മേൽ ഫ്ലോട്ട് യൂണിറ്റുകൾ റീ കണ്ടീഷൻ ചെയ്യാനാകാതെ സ്പെയർ പാർട്സിന്റെ കുറവുകാരണം സൂക്ഷിച്ചിരിക്കുകയാണ്. കൂടുതൽ ഫ്ലോട്ട് യൂണിറ്റുകൾ വാങ്ങുന്നതിനും നിലവിലുള്ളവ റീ-കണ്ടീഷൻ ചെയ്യുന്നതിനുമായി സാമ്പത്തിക സഹായത്തിനായി സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഫ്ലീറ്റ് യൂട്ടിലൈസേഷൻ വർദ്ധിപ്പിച്ച് കൊണ്ടുവരുവാൻ കഴിയുന്നതാണ്.

<u>Idling of buses</u>

ജീവനക്കാരുടെ കുറവുകൊണ്ട് വാഹനം ഓടിക്കാൻ കഴിയാത്ത അവസ്ഥ കുറയ്ക്കുന്നതിന് നിലവിൽ കേരള പി.എസ്.സി. നിയമനോപദേശം നൽകിയ കണ്ടക്ടർ വിഭാഗം ജീവനക്കാരെ മുഴുവൻ ഒഴിവുള്ള യൂണിറ്റുകളിൽ നിയമിച്ചു.

വർക്ക് ഷോപ്പുകളുടെ പ്രവർത്തനവും ആധുനികവത്കരണവും സംബന്ധിച്ച്

വർക്ക്ഷോപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പ്രൊഫ. സുശിൽ ഖന്ന, ശ്രീ. ഹനുമന്ത റാവു എന്നിവരുടെ നേതൃത്വത്തിൽ മെക്കാനിക്കൽ വിഭാഗം സീനിയർ ഉദ്യോഗസ്ഥരുടെയും വർക്ക്ഷോപ്പ് മേധാവികളുടെയും നാല് ദിവസത്തെ ശില്പശാല നടത്തുകയും വർക്ക്നോംസ് പരിഷ്കരിച്ച് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും തദ്വാര മനുഷ്യ പ്രയത്നം കുറയ്ക്കുന്നതിനും വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തി, അവരുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ടി വിഷയം വിശദമായി ചർച്ച ചെയ്യുന്നതിലേയ്ക്ക് അംഗീകൃത സംഘടനകൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ അംഗീകൃത സംഘടനകൾ അഭിപ്രായം ലഭ്യമാക്കിയിട്ടില്ല. സംഘടനകളുടെ അഭിപ്രായം കൂടി കണക്കിലെടുത്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രൊഫ. സുശീൽ ഖന്നയുടെ പഠന റിപ്പോർട്ടിന്റെ പ്രധാന കണ്ടെത്തലായ ബസ്-ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ (5.5) കൂടുതലാണെന്നതിനെ അടിസ്ഥാനമാക്കി കോർപ്പറേഷന് വേണ്ടുന്ന ജീവനക്കാരുടെ എണ്ണം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇത്തരത്തിൽ ക്രമീകരണം നടക്കുന്നതുവരെ എല്ലാത്തരം നിയമനം, സ്ഥാനക്കയറ്റം എന്നിവ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ടി നടപടി ത്വരിതപ്പെടുത്തുന്നതിനായി കോർപ്പറേഷന്റെ സീനിയർ ഓഫീസർമാർ അടങ്ങുന്ന കമ്മിറ്റി രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക ബാദ്ധ്യത കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ ഫലപ്രദമായിരുന്നു. ഡ്യൂട്ടി പരിഷ്കരണം ഉൾപ്പെടെയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ അംഗീകൃത തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് ജീവനക്കാരുടെ വിശ്വാസ്യത കണക്കിലെടുത്താണ് നടപ്പിൽ വരുത്തിയിട്ടുള്ളത്.

(സി) ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുന്നത് സ്വന്തം വരുമാനത്തിൽനിന്ന് ലഭിക്കുന്ന തുകയും പ്രതിമാസം സർക്കാർ വായ്പാ ധനസഹായമായി നൽകുന്ന തുകയും കൊണ്ടാണ്. കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന ശരാശരി വരുമാനം 6.30 കോടി രൂപയാണ്. ആയതിൽ ശരാശരി 5.20 കോടി രൂപ പ്രതിദിന ചെലവിനത്തിൽ വിനിയോഗിക്കുന്നു. ബാക്കി വരുന്ന ശരാശരി 1.10 കോടി രൂപയിൽനിന്നുമാണ് ശമ്പളം നൽകിവരുന്നത്. ശമ്പളവും വേതനവും നൽകാൻ ശരാശരി 84 കോടി രൂപ ആവശ്യമാണ്. എന്നാൽ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ശരാശരി 30 കോടി രൂപ മാത്രമാണ്

ശമ്പളത്തിനായി വരുമാനത്തിൽനിന്ന് സ്വരൂപിക്കാൻ കഴിയുന്നത്. പ്രതിമാസം സർക്കാർ വായ്പാ ധനസഹായമായി നൽകുന്ന തുകയും ചേർത്ത് മാസാന്ത്യം 46 കോടി രൂപ മാത്രമേ ഉണ്ടാവുകയുള്ളൂ. ആയതിനാൽ നെറ്റ് ശമ്പളവും വേതനവും നൽകുന്നതിന് തൊട്ടടുത്ത മാസം 15 മുതൽ 25 ദിവസം വരെയുള്ള പ്രതിദിന വരുമാനംകൂടി ചേർത്താണ് 73 കോടി രൂപ സ്വരൂപിച്ച് കഴിഞ്ഞ കുറേ മാസങ്ങളായി ശമ്പളവും വേതനവും നൽകിവരുന്നത്. പ്രളയം കാരണം സർവ്വീസുകൾ താറുമാറായതിനാൽ വളരെ കുറച്ച് ബസ്സുകൾ മാത്രമേ സർവ്വീസ് നടത്താൻ കഴിഞ്ഞുള്ളൂ. ഇക്കാരണത്താൽ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായി. കൂടാതെ ഡ്രൈവർമാരുടെ കുറവ് കാരണം ഷെഡ്യൂൾ ഓപ്പറേഷനിൽ കുറവ് വന്നതും കോർപ്പറേഷന്റെ വരുമാനത്തിൽ കുറവുണ്ടായതിന് കാരണമാണ്. വിവിധ ഓയിൽ കമ്പനികൾക്കും എസ്.ബി.ഐ. ക്യാപ്സിനും നൽകുവാനുണ്ടായിരുന്ന കുടിശ്ശിക തുക ശമ്പളത്തിനായി സർക്കാർ നൽകിവരുന്ന തുകയിൽനിന്നും ജൂൺ മാസം മുതൽ കുറവ് ചെയ്തതും ശമ്പളം വൈകുന്നതിന് കാരണമായിട്ടുണ്ട്. ഇക്കാരണത്താൽ ചില മാസങ്ങളിൽ ശമ്പളം മാസത്തിന്റെ അവസാന പ്രവൃത്തി ദിവസം നൽകുവാൻ സാധിച്ചില്ല. തൊട്ടടുത്ത മാസത്തെ വരുമാനം എടുത്താണ് ശമ്പള വിതരണം നടത്തിയത്. എന്നാൽ നിലവിൽ ജീവനക്കാർക്ക് ശമ്പള വേതന വിതരണത്തിൽ കുടിശ്ശികയൊന്നും വരുത്തിയിട്ടില്ല.

(ഡി) പ്രൊഫ. സുശീൽ ഖന്നയുടെ ഇടക്കാല പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദവിവരങ്ങൾ (എ) പിരിവിന്റെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ജനകീയമാക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്കരിച്ചതും കൂടുതൽ നൂതന സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം M/s Abhibus മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മാത്രവുമല്ല നിലവിൽ 648 സർവ്വീസുകളിൽ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഡിജിറ്റലൈസേഷന്റെ ഭാഗമായി 26 റിസർവേഷൻ കൗണ്ടറുകളിൽ Point of Sale (POS) മെഷീനുകളും ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ചുള്ള അഭിപ്രായങ്ങളും പരാതികളും അറിയിക്കുന്നതിനും യാത്രാവിവരങ്ങൾ അന്വേഷിക്കുന്നതിനുമായി വാട്സ്ആപ്പ് നമ്പരും ഫെയ്സ്ബുക്ക് ഒഫിഷ്യൽ പേജും നിലവിലുണ്ട്. പൊതുജനങ്ങൾക്ക് 24 മണിക്കൂറും പ്രസ്തുത സംവിധാനങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ വിവരങ്ങൾ തേടാവുന്നതാണ്. കൂടാതെ കെ.എസ്. ആർ.ടി.സി.യുടെ അന്തർ സംസ്ഥാന സൂപ്പർ ക്ലാസ് സർവ്വീസുകളെ സംബന്ധിച്ചും കെ.എസ്.ആർ.ടി.സി. പൊതുജനങ്ങൾക്കായി നൽകുന്ന സേവനങ്ങളെക്കുറിച്ചും ഫെയ്സ്ബുക്ക്, വാട്സ്ആപ്പ് എന്നീ നവ മാധ്യമങ്ങളിലൂടെ വിവരങ്ങൾ നൽകിവരുന്നു.

## കെ.എസ്. ആർ.ടി.സി.യിലെ പിരിച്ചുവിട്ട ജീവനക്കാർ

363 (1857) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം പിരിച്ചുവിട്ട കെ.എസ്.ആർ.ടി.സി യിലെ താല്ക്കാലിക ഡ്രൈവർമാരെയും കണ്ടക്ടർമാരെയും സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ആയിരക്കണക്കിന് കണ്ടക്ടർമാരും, ഡ്രൈവർമാരും കൂട്ടമായി പിരിച്ചുവിട്ടപ്പോൾ കെ.എസ്.ആർ.ടി.സി. യ്ക്കുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(സി) ഇപ്രകാരം പിരിച്ചുവിട്ട എംപാനൽ കണ്ടക്ടർമാരെയും ഡ്രൈവർമാർ ഉൾപ്പെട്ട ഇതര ജീവനക്കാരെയും ഭാവിയിൽ സംരക്ഷിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരമാണ് കെ.എസ്.ആർ.ടി.സി.യിലെ താൽക്കാലിക ഡ്രൈവർമാരെയും കണ്ടക്ടർമാരെയും പിരിച്ചുവിട്ടത്. ആയതിനാൽ പിരിച്ചുവിടപ്പെട്ടവരെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ഡ്രൈവർ, കണ്ടക്ടർ വിഭാഗം ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിലേയ്ക്കായി ടി ജീവനക്കാർ കൂടുതലുള്ള യൂണിറ്റുകളിൽനിന്നും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മറ്റ് യൂണിറ്റുകളിൽ വിന്യസിച്ചിട്ടുണ്ട്.

(സി) നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

## കെ.എസ്. ആർ.ടി.സി.യിലെ മിനിസ്റ്റീരിയൽ സ്റ്റാഫ്

364 (1858) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ അനുപാതം എത്രയാണെന്നും ഇതിന്റെ ദേശീയ ശരാശരി എത്രയെന്നും അറിയിക്കുമോ;

(ബി) ഈ അനുപാതം ടി സ്ഥാപനത്തിന്റെ സാമ്പത്തിക കെട്ടുറപ്പിന് അനുയോജ്യമല്ലെന്ന് നാളിതുവരെ സ്ഥാപനത്തെക്കുറിച്ച് സുശീൽഖന്ന ഉൾപ്പെടെയുള്ള വിദഗ്ധർ നടത്തിയ പഠനം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) മിനിസ്റ്റീരിയൽ സ്റ്റാഫിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ പലതും കെ.എസ്.ആർ.ടി.സി യിലെ കണ്ടക്ടർക്കോ ഡ്രൈവർക്കോ ലഭിയ്ക്കുന്നില്ലെന്നതിന്റെ കാരണം പരിശോധിക്കുമോ;

(ഡി) കണ്ടക്ടർമാർക്കും ഡ്രൈവർമാർക്കും ഇതേ ആനുകൂല്യങ്ങൾ ലഭിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ കെ.എസ്.ആർ.ടി.സി.യിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ അനുപാതം 0.5036 ആണ്. ദേശീയ ശരാശരി സംബന്ധിച്ച വിവരം ലഭ്യമല്ല.

(ബി) പ്രൊഫ. സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ട് പ്രകാരം ബസ്സ്-ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണ്. ഇത്തരത്തിൽ എല്ലാ തസ്തികകളിലുമായി നിലനിൽക്കുന്ന കൂടുതൽ ജീവനക്കാരുടെ എണ്ണം കുറയ്ക്കേണ്ടത് സ്ഥാപനത്തിന്റെ തുടർ പ്രവർത്തനങ്ങൾക്ക് അനിവാര്യമാണെന്ന പരാമർശം പ്രൊഫ. സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിലുണ്ട്. ടി നിർദ്ദേശം പാലിക്കുന്നതിനായുള്ള വിവിധ നടപടികൾ പുരോഗമിക്കുകയാണ്.

(സി&ഡി) കെ.എസ്.ആർ.ടി.സി.യിൽ അർഹമായ ആനുകൂല്യങ്ങൾ അതത് വിഭാഗങ്ങൾക്ക് നൽകിവരുന്നു. അനർഹമായി ആനുകൂല്യങ്ങൾ മിനിസ്റ്റീരിയൽ സ്റ്റാഫിന് നൽകുന്നില്ല.

**ഹർത്താൽ മുഖേനയുള്ള നാശനഷ്ടത്തുക ഈടാക്കൽ**

365 (1859) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 3-1-2019-ന് സംസ്ഥാനത്ത് നടന്ന ഹർത്താലിനോടനുബന്ധിച്ച് കെ.എസ്.ആർ.ടി.സി. യുടെ 99 ബസ്സുകൾക്ക് നേരെയുണ്ടായ അതിക്രമത്തിൽ സംഭവിച്ച നാശനഷ്ടത്തുകയായ 3.35 കോടി രൂപ ആക്രമണം നടത്തിയവരിൽ നിന്ന് ഈടാക്കിയിരുന്നോ; എങ്കിൽ അതിന്റെ വിശദവിവരം പട്ടിക തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നഷ്ടപരിഹാരത്തുക നാളിതുവരെ ഈടാക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം; അതിന് നിലനിൽക്കുന്ന തടസ്സങ്ങളെന്തൊക്കെയെന്ന് അറിയിക്കുമോ; നിയമം കൈയിലെടുത്ത് ഗവൺമെന്റ് മുതലുകൾ നശിപ്പിച്ചവരിൽ നിന്ന് നാശനഷ്ടത്തുക ഈടാക്കാതിരിക്കുന്നത് സംസ്ഥാനത്ത് നിലവിലുള്ള നിയമം അനുവദിക്കാത്തത് കൊണ്ടാണോ എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തുക അടിയന്തരമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചുവരുന്നു. ടി അക്രമ സംഭവവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി.ക്കുണ്ടായ നാശനഷ്ടങ്ങളുടെ കണക്കുകൾ സംസ്ഥാന പോലീസ് മേധാവി, ചീഫ് സെക്രട്ടറി, ബഹുമാനപ്പെട്ട ഹൈക്കോടതി രജിസ്ട്രാർ എന്നിവരെ അറിയിച്ചിട്ടുണ്ട്.

(ബി) ടി വിഷയത്തിന്മേൽ നിയമാനുസൃതം നടപടി സ്വീകരിക്കുന്നതിനായി എല്ലാ ജില്ലാ പൊലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതായി സംസ്ഥാന പോലീസ് മേധാവിയിൽനിന്നും 25-1-2019 തീയതിയായി കത്ത് ലഭിച്ചിട്ടുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

## കെ.എസ്. ആർ.ടി.സി.ബസ്സുകൾ

366 (1860) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ നിയന്ത്രണത്തിൽ ഇപ്പോൾ എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്; ഓർഡിനറി മുതലുള്ള ബസ്സുകളുടെ കണക്ക് ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ഇത് എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസ്സ് സർവ്വീസുകൾ നടത്തുന്നുണ്ടോയെന്നും; എങ്കിൽ എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടെന്നും; ഒരു ഇലക്ട്രിക് ബസ്സിന്റെ വിലയെത്രയെന്നും; പ്രസ്തുത ബസ്സ് സർവ്വീസ് ലാഭകരമാണോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി യുടെ വാഹനങ്ങളുടെ കാര്യക്ഷമമായ ഉപയോഗം, ജനങ്ങൾക്ക് ഫലപ്രദമായ രീതിയിലുള്ള ഉപയോഗം, തൊഴിലാളികളുടെ സഹകരണം, സർവ്വീസുകൾ നടത്തുന്നതിൽ ഫലപ്രദമായ പ്രവർത്തനങ്ങൾ എന്നിവ ഉറപ്പുവരുത്താനായി എന്തു നടപടികൾ സ്വീകരിച്ചുവരുന്നു; വിശദീകരിക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.ക്ക് ആകെ (കെ.യു.ആർ.ടി.സി, വെറ്റ് ലീസ് ഉൾപ്പെടെ) 6334 ബസ്സുകളാണുള്ളത്. ഇതിൽ 5144 ബസ്സുകൾ സർവ്വീസിന് ലഭ്യമാണ്.

(ബസ്സുകളുടെ ഇനം തിരിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു)

| | |
|---|---|
| മൾട്ടി ആക്സിൽ എ.സി. | 29 |
| ഇലക്ട്രിക് ബസ് | 7 |
| സൂപ്പർ ഡീലക്സ് | 130 |
| സൂപ്പർ എക്സ്പ്രസ് | 48 |
| സൂപ്പർ ഫാസ്റ്റ് പാസഞ്ചർ | 375 |
| ഫാസ്റ്റ് പാസഞ്ചർ | 1203 |
| ഓർഡിനറി | 2950 |
| ജൻറം നോൺ എ.സി. | 300 |
| ജൻറം എ.സി. | 102 |

25-10-2019-ലെ കണക്കനുസരിച്ച് 4575 ബസ്സുകൾ സർവ്വീസ് നടത്തിയിട്ടുള്ളതുമാണ്.

(ബി) 10-5-2016-ലെ കണക്കനുസരിച്ച് 6323 ബസ്സുകൾ ആകെ ലഭ്യമായിട്ടുള്ളതും അതേ ദിവസം 5001 ബസ്സുകൾ സർവ്വീസ് നടത്തിയിട്ടുള്ളതുമാണ്.

(സി) ഉണ്ട്. കെ.എസ്.ആർ.ടി.സി. വാടക അടിസ്ഥാനത്തിൽ 10 ഇലക്ട്രിക് ബസ്സുകൾ ലഭ്യമാക്കിയിട്ടുണ്ട്.

പരിസ്ഥിതി സൗഹൃദവും ശബ്ദരഹിതവുമായ ഇത്തരം ബസ്സുകളിലൂടെ യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാസൗകര്യം പ്രദാനം ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം സിറ്റി, എറണാകുളം എന്നീ ഡിപ്പോകളെ കേന്ദ്രീകരിച്ചാണ് തിരുവനന്തപുരം-എറണാകുളം റൂട്ടിൽ ഈ ബസ്സുകൾ ഇപ്പോൾ ഉപയോഗിച്ചുവരുന്നത്. വെറ്റ് ലീസ് വ്യവസ്ഥയിലായതിനാൽ ബസ് വില സംബന്ധിച്ച വിവരം ലഭ്യമല്ല. ടി ബസ്സുകളുപയോഗിച്ചുള്ള സർവ്വീസുകൾ ഇപ്പോൾ ലാഭകരമല്ല.

(ഡി) കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ

സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ മാനവ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.യും സംയുക്തമായി സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുംമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുമുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയതരം സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകൾ വിജയകരമായി നടത്തിവരുന്നു. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്കും പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസ്സുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ എടുത്ത 10 സ്കാനിയ തരത്തിലുള്ള ബസ്സുകൾ സർവ്വീസ് നടത്തിവരുന്നു. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ചിൽ ബസ് 'എന്ന പേരിൽ എ.സി.ബസ്സുകൾ ഉപയോഗിച്ച് സർവ്വീസുകൾ ഒരു മണിക്കൂർ ഇടവേളകളിലും നടത്തിവരുന്നു.

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കാര്യക്ഷമമായ ഉപയോഗത്തിനായി ജനങ്ങൾക്ക് ഫലപ്രദമായി സർവ്വീസ് നടത്തുന്നതിന് ബസ്സുകൾ ലഭ്യമാക്കുന്നതിനും മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ജോലി സമയം ബസ് സർവ്വീസ് തീരുന്ന സമയത്തേയ്ക്ക് ക്രമീകരിച്ച് ഫലപ്രദമാക്കിയിട്ടുണ്ട്. ബസ്സുകളുടെ കാര്യക്ഷമമായ ഉപയോഗം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ കടുത്ത സാമ്പത്തിക പരാധീനത കാരണം പുരോഗമിക്കുന്നില്ല.

കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കോർപ്പറേഷനിലെ ജീവനക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലേയ്ക്കായി കോർപ്പറേഷനിലെ തൊഴിലാളി സംഘടനാ പ്രതിനിധികളുമായും കോർപ്പറേഷൻ മാനേജ്മെന്റുമായും ചർച്ചകൾ നടത്തി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് കോർപ്പറേഷന് കൂടുതൽ ഗുണകരമാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിലൂടെ തൊഴിലാളികളുടെ സഹകരണം പരമാവധി ഉറപ്പുവരുത്തു-ന്നതിനും സാധിച്ചിട്ടുണ്ട്.

## കെ.എസ്. ആർ.ടി.സി.-യിലെ ഡ്യൂട്ടി ക്രമീകരണം

367 (1861) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ കെ. എസ്.ആർ.ടി.സി. യിൽ ഓരോ ഷെഡ്യൂളിലും ജോലി ചെയ്യുന്ന കണ്ടക്ടർ/ഡ്രൈവർ വിഭാഗത്തിൽപ്പെടുന്നവർക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നൽകി വന്നിരുന്ന ഡ്യൂട്ടിയുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകുമോ;

(ബി) ഇത്തരത്തിൽ ഡ്യൂട്ടിയിലെ എണ്ണത്തിൽ വരുത്തിയ കുറവ് ഈ സ്ഥാപനത്തിൽ ഈ വിഭാഗങ്ങൾക്ക് മാത്രമല്ലാതെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്കും ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; അറിയിക്കുമോ;

(സി) ഒരേ സ്ഥാപനത്തിൽ ജോലി നോക്കുന്നവരിൽ പ്രധാനമായും ഏണിംഗ് സ്റ്റാഫുകൾക്ക് മാത്രമായി ഡ്യൂട്ടി എണ്ണത്തിൽ വരുത്തിയ കുറവ് ഗവൺമെന്റ് നയത്തിന് അനുസൃതമായിട്ടാണോ; ഇല്ലെങ്കിൽ അത് തിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പി. എസ്. സി. വഴി നിയമനം നേടി ജോലിക്കെത്തുന്ന കെ.എസ്.ആർ.ടി.സി. യിലെ ഏണിംഗ് വിഭാഗത്തിന് മാത്രം ഇത്തരത്തിൽ നേരത്തേ നൽകി വന്നിരുന്ന ഡ്യൂട്ടി നിരക്കിലെ ശമ്പളവെട്ടിക്കുറവ് വരുത്തിയത് തിരുത്താൻ ആവശ്യമായ നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന കെ.എസ്.ആർ.ടി.സി.യിൽ സമഗ്ര പുനരുദ്ധാരണം ലക്ഷ്യമിട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

മാനവ വിഭവശേഷി പരമാവധി ഉപയോഗപ്പെടുത്തുന്ന രീതിയിൽ 1961-ലെ മോട്ടോർ തൊഴിലാളി നിയമ വ്യവസ്ഥകൾക്കനുസരിച്ച് ഡ്യൂട്ടി സമയം ഏകീകരിച്ച് ഡ്യൂട്ടി പരിഷ്കരണം നടപ്പിൽ വരുത്തിയിട്ടുണ്ട്.

(ബി) മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രവൃത്തി സമയം ആനുപാതികമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ മാനവ വിഭവശേഷി പൂർണ്ണമായും കാര്യക്ഷമമായും ഉപയോഗപ്പെടുത്തുന്നതിനായി എല്ലാ വിഭാഗം ജീവനക്കാരുടെയും ഡ്യൂട്ടി സമയം പുനഃക്രമീകരിച്ചിട്ടുണ്ട്.

(ഡി) നിയമാനുസൃതമായി കെ.എസ്.ആർ.ടി.സി.യിൽ ജോലിയിൽ പ്രവേശിച്ച എല്ലാ വിഭാഗം ജീവനക്കാർക്കും സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി മാനവ വിഭവശേഷി പരമാവധി ഉപയോഗപ്പെടുത്തുന്ന രീതിയിൽ ഡ്യൂട്ടികൾ പരിഷ്കരിച്ചിട്ടുണ്ട്. ഒരു വിഭാഗം ജീവനക്കാരുടെയും ശമ്പളത്തിൽ കുറവ് വരുത്തിയിട്ടില്ല. ഓപ്പറേറ്റിംഗ് വിഭാഗത്തിൽ വരുന്ന ഡ്രൈവർ, കണ്ടക്ടർ, ജീവനക്കാർക്ക് ശമ്പളത്തിനുപുറമേ കിലോമീറ്റർ അലവൻസ്, ഇൻസെന്റീവ് ബാറ്റ അല്ലെങ്കിൽ കളക്ഷൻ ബാറ്റ, യൂണിഫോം അലവൻസ്, ഷൂ അലവൻസ് എന്നിവയും കൂടാതെ ഷെഡ്യൂളുകളുടെ പ്രത്യേകത അനുസരിച്ച് റിസ്ക് അലവൻസും അധിക സാമ്പത്തിക ആനുകൂല്യങ്ങളായി നൽകിവരുന്നുണ്ട്.

**ഇലക്ട്രിക് ബസ്സുകളുടെ ഇന്ധനക്ഷമത**

368 (1862) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ആരംഭിച്ചിട്ടുള്ള ഇലക്ട്രിക് ബസ് സർവീസ് ഡീസൽ ഇന്ധനമായി ഉപയോഗിക്കുന്ന ബസ്സുകളെക്കാൾ ലാഭത്തിലാണോ എന്നത് വിശദമാക്കാമോ;

(ബി) ഡീസൽ ഇന്ധനമായി ഉപയോഗിക്കുന്ന ബസ്സുകളും ഇലക്ട്രിക് ചാർജ്ജ് ഇന്ധനമായി ഉപയോഗിക്കുന്ന ബസ്സുകളും തമ്മിലുള്ള ഇന്ധനക്ഷമത കിലോമീറ്ററിന് എത്ര രൂപയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇലക്ട്രിക് ബസ്സുകൾ ഇന്ധനച്ചെലവ് ഇനത്തിൽ (പ്രതി കി.മീ.) ഡീസൽ ബസുകളേക്കാൾ ലാഭത്തിലാണ്. ഡീസൽ ഇന്ധനമായി ഉപയോഗിക്കുന്ന 12 മീറ്റർ എ.സി. വോൾവോ ബസ്സുകളും ഇലക്ട്രിസിറ്റി ഉപയോഗിച്ച് ചാർജിംഗ് നടത്തി ഉപയോഗിക്കുന്ന 9 മീറ്റർ എ.സി. ഇലക്ട്രിക് ബസ്സുകളുമാണ് കോർപ്പറേഷനുള്ളത്.

നിലവിൽ 12 മീറ്റർ എ.സി. ഡീസൽ ബസ്സുകൾ ഒരു കിലോമീറ്റർ ഓടിക്കുന്നതിന് ഡീസൽ ഇനത്തിൽ 25.64 രൂപ ചെലവ് വരും. 9 മീറ്റർ ഇലക്ട്രിക് ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ഒരു കിലോമീറ്ററിന് പരമാവധി 1.5 കിലോവാട്ട് വൈദ്യുതിയാണ് ആവശ്യമായി വരുന്നത്. ഒരു കിലോവാട്ടിന് നിലവിൽ നൽകേണ്ട തുക 5.75 രൂപ എന്ന ക്രമത്തിൽ 8.63 രൂപ ചെലവ് വരുന്നുണ്ട്.

## കൊട്ടാരക്കര കെ.എസ്. ആർ.ടി.സി.ഡിപ്പോയിലെ ഡ്രൈവർമാരുടെ അഭാവം

369 (1863) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈവർമാരുടെ അഭാവം മൂലം കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പ്രതിദിനം എത്ര സർവ്വീസുകൾ റദ്ദാക്കുന്നുണ്ട്;അറിയിക്കുമോ;

(ബി) ഡ്രൈവർമാരുടെ അഭാവം നിമിത്തം ഡിപ്പോയിൽ നിന്നും എത്ര സർവ്വീസുകൾ സ്ഥിരമായി നിർത്തലാക്കിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ;

(സി) ആയത്, ഡിപ്പോ വരുമാനത്തെ എപ്രകാരം ബാധിച്ചു എന്നതിന്റെ കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) ഡ്രൈവർമാരുടെ അഭാവംമൂലം കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ഒരു സർവ്വീസും റദ്ദാക്കുകയോ സ്ഥിരമായി നിർത്തലാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ വരുമാനത്തെ ബാധിച്ചിട്ടില്ല.

## കെ.എസ്. ആർ.ടി.സി.സർവ്വീസുകൾ

370 (1864) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. യുടെ മാവേലിക്കര ഡിപ്പോയിൽ നിന്നും ബാംഗ്ലൂർ, കോയമ്പത്തൂർ, പളനി സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

അയൽ സംസ്ഥാനങ്ങളുമായി കാലാകാലങ്ങളിൽ രൂപീകരിക്കുന്ന അന്തർ സംസ്ഥാന കരാർ വ്യവസ്ഥകൾ പ്രകാരമാണ് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളുമായി രൂപീകരിച്ച നിലവിലുള്ള കരാർ പ്രകാരം മാവേലിക്കരയിൽ നിന്നും കോയമ്പത്തൂർ, പളനി, ബാംഗ്ലൂർ എന്നീ റൂട്ടുകൾ നിലവിലില്ലാത്തതിനാൽ ടി സർവ്വീസുകൾ ഇപ്പോൾ ആരംഭിക്കുവാൻ കഴിയുകയില്ല.

## ആലുവ-കിഴക്കമ്പലം-കരിമുകൾ-തൃപ്പൂണിത്തുറ റൂട്ടിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

371 (1865) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ- കിഴക്കമ്പലം- കരിമുകൾ- തൃപ്പൂണിത്തുറ റൂട്ടിലെ കെ.എസ്.ആർ.ടി.സി സർവ്വീസുകൾ മുന്നറിയിപ്പില്ലാതെ നിർത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലാഭകരമായ ഈ റൂട്ടിൽ നിന്നും സർവ്വീസുകൾ റദ്ദാക്കിയത് സ്വകാര്യ ബസുകളെ സംരക്ഷിക്കുന്നതിനാണെന്ന തരത്തിൽ വാർത്തകൾ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എന്തുകൊണ്ടാണ് ഈ സർവ്വീസുകൾ നിർത്തലാക്കിയതെന്ന് അറിയിക്കുമോ;

(ഡി) ഈ സർവ്വീസുകൾ മുടങ്ങാതെ നടത്തുന്നതിലേക്ക് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ആലുവ-കിഴക്കമ്പലം-കരിമുകൾ-തൃപ്പൂണിത്തുറ റൂട്ടിൽ 8 ബസ്സുകൾ ഉപയോഗിച്ച് ചെയിൻ സർവ്വീസുകൾ നടത്തി വന്നിരുന്നു. എന്നാൽ ടി സർവ്വീസുകൾക്ക് പ്രതിദിനം ശരാശരി 5000-5500 രൂപ മാത്രമാണ് വരുമാനം ലഭിച്ചുവന്നിരുന്നത്. 2019 ഒക്ടോബർ മാസം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിനെത്തുടർന്ന് ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്ന ഡ്രൈവർ വിഭാഗം ജീവനക്കാരെ ഒഴിവാക്കേണ്ടി വന്നതിനാൽ യാത്രക്കാർ ധാരാളമുള്ള മെച്ചപ്പെട്ട വരുമാനം ലഭിക്കുന്ന മറ്റ് റൂട്ടുകളിലെ സർവ്വീസുകൾ കാര്യക്ഷമമായി നടത്തേണ്ട സാഹചര്യം വന്നുചേരുകയും യാത്രക്കാരും വരുമാനവും താരതമ്യേന കുറവുള്ള പ്രസ്തുത സർവ്വീസുകൾ നിർത്തലാക്കേണ്ടതായി വരികയും ചെയ്തു. ലാഭകരമായ റൂട്ടുകളിൽ നടത്തിയിരുന്ന സർവ്വീസുകൾ സ്വകാര്യ ബസ്സുകളെ സഹായിക്കാൻ വേണ്ടി റദ്ദുചെയ്തു എന്ന തരത്തിലുള്ള വാർത്ത വാസ്തവ വിരുദ്ധമാണ്.

(ഡി) പ്രസ്തുത റൂട്ടിൽ സർവ്വീസുകൾ/ട്രിപ്പുകൾ പുനഃക്രമീകരിക്കുന്ന കാര്യം സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

## അങ്കമാലി കെ.എസ്. ആർ.ടി.സി.ഡിപ്പോ

372 (1866) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന റൂട്ടുകൾ ഏതെല്ലാമെന്ന് റൂട്ട് തരംതിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) നിലവിൽ ഓപ്പറേറ്റ് ചെയ്തിരുന്ന ഏതെങ്കിലും റൂട്ട് അങ്കമാലി ഡിപ്പോയിൽ നിന്നും റദ്ദാക്കിയിട്ടുണ്ടോ; പുതിയതായി ഏതെങ്കിലും റൂട്ട് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) അങ്കമാലി കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിലവിൽ സർവ്വീസ് നടത്താൻ ഫിറ്റ്നസ്സ് ഉള്ള എത്ര ബസ്സുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) അങ്കമാലി ഡിപ്പോയിൽ കൂടുതൽ ബസ് അനുവദിക്കാനും,യാത്രക്കാർ നേരിടുന്ന പ്രധാന പ്രശ്നമായ ഡിപ്പോയിലെ വെള്ളക്കെട്ടും വൻകുഴികളും നികത്തുന്നതിനും അടിയന്തരമായ നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ) അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന റൂട്ടുകളുടെ തരംതിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. *

(ബി) ഉണ്ട്.

റദ്ദാക്കിയ ഷെഡ്യൂളുകൾ

1. അങ്കമാലി-ഈരാറ്റുപേട്ട
2. അങ്കമാലി-മഞ്ഞണിക്കര
3. അങ്കമാലി-മലയാറ്റൂർ

പുതുതായി തുടങ്ങിയ ഷെഡ്യൂൾ

അങ്കമാലി-പാലിശ്ശേരി

(സി) സർവ്വീസ് നടത്താൻ ഫിറ്റ്നസ്സുള്ള 63 ബസ്സുകൾ 24-10-2019-ലെ കണക്ക് പ്രകാരം അങ്കമാലി ഡിപ്പോയിലുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) അങ്കമാലി യൂണിറ്റിൽ കൂടുതൽ ബസ്സുകൾ അനുവദിക്കുന്നതിന് നിലവിൽ തീരുമാനമില്ല. അങ്കമാലി ഡിപ്പോയിലെ പുതിയ ബസ് ടെർമിനൽ BOT വ്യവസ്ഥയിൽ കെ.റ്റി.ഡി.എഫ്.സി. നിർമ്മിച്ചുനൽകിയതാണ്. ഇവിടെ അത്യാവശ്യം വേണ്ട സ്ഥലങ്ങളിൽ കെ.എസ്.ആർ.ടി.സി. നേരിട്ട് അറ്റകുറ്റപ്പണികൾ ചെയ്തിരുന്നു. എന്നാൽ കനത്ത മഴയിൽ വീണ്ടും വെള്ളക്കെട്ടും കുഴികളും മറ്റ് സ്ഥലങ്ങളിൽ രൂപപ്പെട്ടിട്ടുണ്ട്. യാർഡ് മൊത്തത്തിൽ പുനരുദ്ധരിച്ചാൽ മാത്രമേ ശാശ്വത പരിഹാരം ആകുകയുള്ളൂ. കെ.എസ്.ആർ.ടി.സി.യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ ഈ പ്രവൃത്തി ഏറ്റെടുക്കാൻ കഴിയുന്നതല്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് യാർഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നതാണ്.

## കായംകുളം ഡിപ്പോയിലെ സർവ്വീസുകൾ

373 (1867) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും പുറപ്പെടുന്ന നിലവിലുള്ള സർവ്വീസുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഡിപ്പോയിൽ നിന്നും 2016 ജൂൺമാസം മുതൽ നാളിതുവരെ റദ്ദാക്കിയിട്ടുള്ള സർവ്വീസുകൾ, പുതുതായി ആരംഭിച്ച സർവ്വീസുകൾ, അന്തർസംസ്ഥാന സർവ്വീസുകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു. *

## കോതമംഗലം ഡിപ്പോയിൽ ടയർ, സ്പെയർ പാർട്സ് ദൗർലഭ്യം

374 (1868) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടയറുകൾ, സ്പെയർ പാർട്സ് തുടങ്ങിയവ കൃത്യമായി ലഭിക്കാത്തതിനാൽ കോതമംഗലം ഡിപ്പോയിലെ ബസ്സുകൾ കൂടുതൽ ഡോക്ക് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള പ്രശ്നങ്ങൾ കൊണ്ട് ഈ ഡിപ്പോയിൽ എത്ര ബസ്സുകൾ നിലവിൽ ഡോക്ക് ചെയ്തിട്ടുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കെ.എസ്.ആർ.ടി.സി.യെ മാത്രം ആശ്രയിക്കുന്ന നൂറ് കണക്കിന് യാത്രക്കാർക്ക് വലിയ ബുദ്ധിമുട്ടുണ്ടാകുന്നതിനാൽ യഥാസമയം ടയറുകളും സ്പെയർ പാർട്സും ലഭ്യമാക്കി ഇത്തരത്തിൽ സർവ്വീസുകൾ മുടങ്ങാതിരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 25-10-2019-ൽ 8 ആർ.ടി.സി. ബസ്സുകളും 5 ജൻറം ബസ്സുകളും ടയർ, മറ്റ് സ്പെയർ പാർട്ടുകൾ എന്നിവയുടെ ദൗർലഭ്യംമൂലം ഡോക്ക് ചെയ്തിട്ടുണ്ട്.

(സി) വിതരണക്കാർക്ക് യഥാസമയം തുക നൽകാൻ കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധിമൂലം കഴിയാതിരുന്നതിനാലാണ് ടയറിനും സ്പെയർ പാർട്സിനും ക്ഷാമം നേരിട്ടത്. എങ്കിലും ടയർ, സ്പെയർ പാർട്സുകൾ എന്നിവയുടെ വിതരണം പുനരാരംഭിച്ചിട്ടുണ്ട്.

**പൊഴിയൂർ-നെടുമങ്ങാട്-കോട്ടയം ബസ് പുനഃസ്ഥാപിക്കാൻ നടപടി**

375 (1869) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി.ഡിപ്പോയിൽ നിന്ന് രാവിലെ ഏഴ് മണിക്ക് പുറപ്പെട്ടിരുന്ന പൊഴിയൂർ- നെടുമങ്ങാട്-കോട്ടയം ബസ് ഇപ്പോൾ കൊട്ടാരക്കരയിൽ യാത്ര അവസാനിപ്പിക്കാൻ തീരുമാനിച്ചതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) നിലവിൽ പൊഴിയൂർ-നെയ്യാറ്റിൻകര-നെടുമങ്ങാട്-കോട്ടയം റൂട്ടിൽ ഓടിയിരുന്ന ബസിന് ശരാശരി എത്രതുകയാണ് ടിക്കറ്റിനത്തിൽ ലഭിച്ചിരുന്നത് എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ബസ് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം-കൊട്ടാരക്കര റൂട്ട് ചെയിൻ സർവ്വീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരിഷ്കരിക്കുകയാണ് ഉണ്ടായത്.

(ബി) ശരാശരി 18,000 രൂപയാണ് ലഭിച്ചിരുന്നത്.

(സി) ഒരേ റൂട്ടിൽ ഒരേ സമയം ഒന്നിലധികം വാഹനങ്ങൾ പോകുന്നത് ഒഴിവാക്കി കൃത്യമായ ഇടവേളകളിൽ കൊട്ടാരക്കരനിന്നും കോട്ടയത്തേയ്ക്ക് ചെയിൻ സർവ്വീസ് ക്രമീകരിച്ചിരിക്കുകവഴി ഈ റൂട്ടിൽ യാത്രാക്ലേശം ഇല്ലാത്തതിനാൽ സർവ്വീസ് പുനഃസ്ഥാപിക്കേണ്ട സാഹചര്യമുണ്ടെന്ന് കരുതുന്നില്ല.

**മാനന്തവാടി-കോയമ്പത്തൂർ കെ.എസ്. ആർ.ടി.സി.സർവ്വീസ്**

376 (1870) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടിയിൽ നിന്നും പുതുതായി ആരംഭിച്ച കോയമ്പത്തൂർ കെ.എസ്.ആർ.ടി.സി. സർവ്വീസ് സ്പെയർ ബസ് ഇല്ലാത്തതിനാൽ മുടങ്ങുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സർവീസ് ആരംഭിച്ചതിനുശേഷം ഏതെങ്കിലും ദിവസം ബസ് റിപ്പയർ ചെയ്യുന്നതിന്റെ ആവശ്യത്തിലേയ്ക്കായി മുടങ്ങിയ സ്ഥിതി ഉണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ വിഷയം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) ഉണ്ട്.

(സി) മാനന്തവാടി ഡിപ്പോയിൽനിന്നും പുതുതായി കോയമ്പത്തൂർ സർവ്വീസ് ആരംഭിക്കുന്നതിന് ഒരു സൂപ്പർ ഫാസ്റ്റ് ബസ് അനുവദിച്ചിട്ടുണ്ട്. ടി ബസ്സിന്റെ തകരാർമൂലം സർവ്വീസ് നടത്തിപ്പ് മുടങ്ങിയിട്ടുണ്ട്. എന്നാൽ അന്തർസംസ്ഥാന കരാർ വ്യവസ്ഥകൾ പ്രകാരം 5 ബസ്സുകൾക്ക് ആനുപാതികമായി ഒരു സ്പെയർ ബസ് എന്ന നിരക്കിലാണ് അനുവദിച്ചുവരുന്നത്. നിലവിൽ ഒരു സൂപ്പർ ഫാസ്റ്റ് ബസ് അനുവദിച്ചിട്ടുള്ള മാനന്തവാടി-കോയമ്പത്തൂർ സർവ്വീസിനായി മറ്റൊരു സ്പെയർ ബസ് അനുവദിക്കുന്നതിന് നിർവ്വാഹമില്ലാത്തതാണ്. നിലവിലെ സാഹചര്യത്തിൽ ഒരു ബസ് ഉപയോഗിച്ച് നടത്താൻ സാധിക്കുന്ന ഇന്റർസ്റ്റേറ്റ് സർവ്വീസിന് മറ്റൊരു ബസ് സ്പെയർ ആയി അനുവദിക്കാൻ നിർവ്വാഹമില്ല. ആയതിനാൽ ടി ബസ്സിന് വരുമാനം കുറവുള്ള ദിവസമോ അതാത് ദിവസം ഡിപ്പോയിൽ എത്തിയശേഷം സർവ്വീസ് മുടക്കാതെയോ പരമാവധി മെയിന്റനൻസ് ജോലികൾ നിർവ്വഹിക്കുന്നതിനുള്ള ക്രമീകരണം നടത്തിയിട്ടുണ്ട്.

## മാവേലിക്കര കെ.എസ്. ആർ.ടി.സി.ഡിപ്പോ കെട്ടിട നിർമ്മാണം

377 (1871) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തിവികസനഫണ്ടിൽ നിന്നും തുക അനുവദിച്ച മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിടനിർമ്മാണം തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തടസ്സം മാറ്റുന്നതിലേയ്ക്കായി മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഉത്തരവ് നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കാമോ; ആയതിന്റെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ടി നിർമ്മാണ പ്രവൃത്തി നിർത്തിവയ്ക്കണമെന്ന് കാണിച്ച് 1-7-2016-ൽ മാവേലിക്കര നഗരസഭയിൽനിന്നും സ്റ്റോപ്പ് മെമ്മോ ലഭിച്ചതിനെ തുടർന്ന് നിർമ്മാണം നിർത്തിവയ്ക്കുകയുണ്ടായി.

(ബി) ഉണ്ട്.

(സി) ബഹുമാനപ്പെട്ട മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിർമ്മാണ പ്രവൃത്തിക്കായി ബിൽഡിംഗ് പെർമിറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കെ.എസ്.ആർ.ടി.സി. ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന്, മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിലെ നിർദ്ദേശം അനുസരിച്ച് ബന്ധപ്പെട്ട അധികാരികളുടെ യോഗം കളക്ടർ വിളിച്ചുചേർക്കുകയുണ്ടായെന്നും ടി സ്ഥലത്തിന്റെ ഉടമസ്ഥാവകാശം മുനിസിപ്പാലിറ്റിയുടെ പേരിലാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ മുനിനിസിപ്പാലിറ്റിയുടെ പക്കൽ ഇല്ലാത്ത സാഹചര്യത്തിൽ കഴിഞ്ഞ 30 വർഷങ്ങളായി കെ.എസ്.ആർ.ടി.സി. കൈവശം വച്ച് ഉപയോഗിച്ചുവരുന്ന സ്ഥലത്തിന് ഉടമസ്ഥാവകാശം കെ.എസ്.ആർ.ടി.സി.ക്ക് നൽകുന്നതിനുള്ള NOC നൽകുന്നതിന് മറ്റെന്തെങ്കിലും തടസ്സമുണ്ടോ എന്നുള്ള വിവരം അറിയിക്കുവാൻ മുനിസിപ്പാലിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മുനിസിപ്പാലിറ്റിയിൽനിന്നുള്ള മറുപടി കിട്ടുന്ന മുറയ്ക്ക് ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും ജില്ലാ കളക്ടർ 18-6-2019- ൽ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുന്നതിന് കെ.എസ്.ആർ.ടി.സി. മാവേലിക്കര യൂണിറ്റാഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കോഴിക്കോട് ജില്ലയിൽ പുതുതായി അനുവദിച്ച കെ.എസ്.ആർ.ടി.സി.ബസ്സുകൾ

378 (1872) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി കേന്ദ്രമാക്കി പേരാമ്പ്ര വഴി മാനന്തവാടിയിലേയ്ക്കും മണിയൂർ വഴി വടകരയിലേയ്ക്കും പുതിയ കെ.എസ്.ആർ.ടി.സി. ബസുകൾ അനുവദിക്കുന്നതിനായി നൽകിയ അപേക്ഷയിന്മേൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ;

(ബി) ഇക്കാര്യവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. എം. ഡി യിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ പുതുതായി അനുവദിച്ച കെ.എസ്.ആർ.ടി.സി. ബസ്സുകൾ (ട്രിപ്പുകൾ) ഏതൊക്കെയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കൊയിലാണ്ടി കേന്ദ്രമാക്കി പേരാമ്പ്ര വഴി മാനന്തവാടിയിലേയ്ക്കും മണിയൂർ വഴി വടകരയിലേയ്ക്കും പുതിയ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ആരംഭിക്കണമെന്ന ആവശ്യത്തിന്മേൽ വിശദമായ പഠനം നടത്തുന്നതിനും കോർപ്പറേഷനും ജനങ്ങൾക്കും പ്രയോജനകരമാകുമോയെന്ന് പരിശോധിച്ച് സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ലഭ്യമായിട്ടില്ല.

(സി)

1. കോഴിക്കോട്-ബാലുശ്ശേരി-6 ബസ്-60 ട്രിപ്പുകൾ
2. കോഴിക്കോട്-പാലക്കാട്-4 ബസ്-16 ട്രിപ്പുകൾ
3. കോഴിക്കോട്-എം.വി.രാഘവൻ കാൻസർ സെന്റർ-1 ബസ്-10 ട്രിപ്പുകൾ
4. കോഴിക്കോട്-കണ്ണൂർ എയർപോർട്ട് -1 ബസ്-2 ട്രിപ്പുകൾ
5. കോഴിക്കോട്-എറണാകുളം നെടുമ്പാശ്ശേരി എയർപോർട്ട് -10 ബസ്-20 ട്രിപ്പുകൾ

6. താമരശ്ശേരി-പെരിന്തൽമണ്ണ കൊയിലാണ്ടി -9 ബസ്-36 ട്രിപ്പുകൾ

7. വടകര-ബാംഗ്ലൂർ -1 ബസ്-2 ട്രിപ്പുകൾ

8. വടകര-മാനന്തവാടി -3 ബസ്-6 ട്രിപ്പുകൾ

9. തൊട്ടിൽപ്പാലം-കുന്ദമംഗലം -1 ബസ്-6 ട്രിപ്പുകൾ

10. തൊട്ടിൽപ്പാലം-കാഞ്ഞങ്ങാട് -1 ബസ്-2 ട്രിപ്പുകൾ

**നാദാപുരത്തുനിന്നും വിമാനത്താവളങ്ങളിലേയ്ക്ക് യാത്രാസൗകര്യം**

379 (1873) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കണ്ണൂർ വിമാനത്താവളത്തിലേയ്ക്ക് ഗതാഗത വകുപ്പ് ഒരുക്കിയ നിലവിലെ യാത്രാസൗകര്യങ്ങൾ വിശദമാക്കാമോ;

(ബി) നാദാപുരത്തുനിന്നും കണ്ണൂർ, കോഴിക്കോട് വിമനത്താവളങ്ങളിലേയ്ക്ക് രാവിലെ കെ.എസ്.ആർ.ടി.സി. ബസ് സൗകര്യം ഒരുക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. നിലവിൽ 17.30 മണിക്ക് കാഞ്ഞങ്ങാട് നിന്നും കണ്ണൂർ എയർപോർട്ട് വഴി നാദാപുരം-തൊട്ടിൽപ്പാലത്തേയ്ക്കും കോഴിക്കോട്നിന്നും രാവിലെ 5.00 മണിക്ക് നാദാപുരം ഹൈവേ റോഡ് വഴി കണ്ണൂർ എയർപോർട്ടിലേയ്ക്കും തിരിച്ച് ഇതേവഴി കോഴിക്കോട്ടേയ്ക്കും സർവ്വീസ് നടത്തിവരുന്നു.

(ബി) കൂടുതൽ സർവ്വീസുകൾ രാവിലെ കണ്ണൂർ, കോഴിക്കോട് എന്നീ വിമാനത്താവളങ്ങളിലേയ്ക്ക് നാദാപുരത്തുനിന്നും ആരംഭിക്കണമെന്ന ആവശ്യം യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുമോയെന്ന് പരിശോധിക്കാൻ സാധ്യതാ പഠനം നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

**മൂവാറ്റുപുഴ ഡിപ്പോയിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

380 (1874) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയെന്തെന്നും അറിയിക്കാമോ;

(ബി) ഇപ്രകാരം അനുമതി ലഭിച്ചതും നിർമ്മാണം ആരംഭിക്കാനുള്ളതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവ ആരംഭിക്കാത്തതിനുള്ള കാരണവും അറിയിക്കാമോ?

ഉത്തരം

(എ) വിശദവിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1. എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള ഗ്യാരേജ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

2. ബസ് സ്റ്റേഷൻ യാർഡിന്റെ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

3. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ സിവിൽ പണികൾ 80 ശതമാനം പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്. നിലവിലെ സാമ്പത്തിക പ്രതിസന്ധിമൂലം കരാറുകാരന് തുക നൽകുവാൻ കഴിയാത്തതിനാൽ പണി നിർത്തിവച്ചിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്.

4. ഫയർ ടാങ്കിന്റെ നിർമ്മാണം സിവിൽ കോൺട്രാക്ടർ ചെയ്തു നൽകാത്തതിനാൽ ഫയർ ഫൈറ്റിംഗ് വർക്ക് തുടങ്ങാൻ കഴിഞ്ഞിട്ടില്ല.

5. ഇലക്ട്രിഫിക്കേഷൻ വർക്കിന്റെ ഇ-ടെണ്ടർ നടപടി പൂർത്തീകരിച്ച് അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സിവിൽ ജോലികൾ പൂർത്തീകരിച്ചു. അതിന്റെ മെക്കാനിക്കൽ വർക്ക് ടെണ്ടർ ചെയ്ത് കോൺട്രാക്ടർ എഗ്രിമെന്റ് വച്ചിട്ടുണ്ട്. പ്രവൃത്തി ഉടനെ ആരംഭിക്കുവാൻ കോൺട്രാക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 1. ഫയർ ഫൈറ്റിംഗ് വർക്ക്

ഫയർ ഫൈറ്റിംഗ് വർക്കിന് ആവശ്യമായ ഫയർ ടാങ്കിന്റെ നിർമ്മാണം ബസ് ടെർമിനലിന്റെ നിർമ്മാണ പ്രവൃത്തിയിലാണ് ഉൾപ്പെടുത്തിയിരുന്നത്. നിലവിലെ സാമ്പത്തിക പ്രതിസന്ധിമൂലം കരാറുകാരന് തുക നൽകാൻ കഴിയാത്തതിനാൽ ഫയർ ടാങ്കിന്റെ നിർമ്മാണം നടത്തുവാൻ സാധിച്ചിട്ടില്ല. ഇതുകാരണം ഫയർ ഫൈറ്റിംഗ് വർക്ക് തുടങ്ങുവാൻ കാലതാമസം നേരിടുന്നു.

2. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ മെക്കാനിക്കൽ പണികൾ

ടി വർക്കിന്റെ കോൺട്രാക്ടർ എഗ്രിമെന്റ് വച്ചെങ്കിലും ഡിപ്പോയിലെ മറ്റ് പണികൾ സാമ്പത്തിക പ്രതിസന്ധിമൂലം പേയ്മെന്റ് നൽകാതെ മുടങ്ങി കിടക്കുന്നത് കാരണം പണി തുടങ്ങുന്നത് നീട്ടി വച്ചിരിക്കുകയാണ്. പ്രവൃത്തി ഉടനെ ആരംഭിക്കുവാൻ കോൺട്രാക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## അടിമാലിയിൽ എ.റ്റി.ഒ. ഓഫീസ് സ്ഥാപിക്കാൻ നടപടി

381 (1875) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിലെ മൂന്നാർ ഉൾപ്പെടെ മുഴുവൻ സ്ഥലങ്ങളിലേയ്ക്കുമുള്ള പ്രധാന പ്രവേശന മാർഗ്ഗമായ അടിമാലിയിൽ കെ.എസ്.ആർ.ടി.സി.യുടെ എ.റ്റി.ഒ. ഓഫീസ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ എ.റ്റി.ഒ. ഓഫീസ് അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ അടിമാലിയിൽ പാലിക്കപ്പെടാത്തവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. അടിമാലിയിൽ എ.റ്റി.ഒ. ഓഫീസ് ആരംഭിക്കുന്നതിനായുള്ള തീരുമാനം ഇതുവരെയും കൈക്കൊണ്ടിട്ടില്ല. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന നിലവിലെ സാഹചര്യത്തിൽ ഒരു എ.റ്റി.ഒ. ഓഫീസ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം, കെട്ടിടം, മറ്റ് അനുബന്ധ സൗകര്യങ്ങൾ ഇവയെല്ലാം സൗജന്യമായി ഗ്രാമപഞ്ചായത്തോ, തദ്ദേശഭരണ സ്ഥാപനങ്ങളോ ഒരുക്കിത്തന്നാലും കെ.എസ്.ആർ.ടി.സി. ഓഫീസ് പ്രവർത്തിക്കുന്നതിന് ഏറ്റവും ചുരുങ്ങിയത് പ്രതിവർഷം ശരാശരി 50 ലക്ഷം രൂപയെങ്കിലും ആവർത്തന ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. നിലവിലുള്ള സാഹചര്യങ്ങളിൽ ഡിപ്പോ/എ.റ്റി.ഒ. ഓഫീസ് ആരംഭിക്കുന്നത് കെ.എസ്.ആർ.ടി.സി.ക്ക് പൊതുവിൽ കൂടുതൽ പ്രയോജനം ലഭിക്കുമെന്ന് കരുതുവാൻ കഴിയുകയില്ല. കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ യാതൊരു വിധത്തിലുള്ള പുതിയ ബാദ്ധ്യതകളും ഏറ്റെടുക്കുവാൻ നിർവ്വാഹമില്ലാത്തതാണ്. ആയതിനാൽ അടിമാലിയിൽ പുതിയ ഒരു എ.റ്റി.ഒ. ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയുകയില്ല.

(ബി&സി) സ്ഥലത്തിന്റെ പ്രാധാന്യവും സർവ്വീസ് ഓപ്പറേഷൻ ഏകോപിപ്പിക്കുവാനുള്ള സൗകര്യവും കെ.എസ്.ആർ.ടി.സി.യുടെ ആവശ്യകതയും സാമ്പത്തിക നേട്ടവും മറ്റ് അനുകൂല ഭൗതിക സാഹചര്യങ്ങളും കണക്കിലെടുത്താണ് പുതിയ എ.റ്റി.ഒ. ഓഫീസ് അനുവദിക്കുന്നത്. നിലവിലെ സാമ്പത്തിക പ്രതിസന്ധിയിൽ പുതിയ എ.റ്റി.ഒ. ഓഫീസ് അനുവദിക്കുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തതാണ്.

## ചെങ്ങന്നൂർ ഡിപ്പോയിലെ റദ്ദുചെയ്ത സർവ്വീസുകൾ

382 (1876) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ചെങ്ങന്നൂർ ഡിപ്പോയിലെ പുതിയ ബസ്സുകൾ മറ്റ് ഡിപ്പോയിലേക്ക് മാറ്റുന്നതായും കളക്ഷൻ ലഭിക്കുന്ന റൂട്ടുകൾ റദ്ദ് ചെയ്യുന്നതായുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഡിപ്പോയിൽ നിന്ന് യാത്രക്കാർക്ക് പ്രയോജനകരമായതും കളക്ഷൻ ലഭിക്കുന്നതുമായ എത്ര സർവ്വീസുകളാണ് ഇപ്രകാരം ഒഴിവാക്കിയതെന്ന് വിശദമാക്കാമോ; ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഡിപ്പോയിലെ പുതിയ കെട്ടിടനിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചെങ്ങന്നൂർ ഡിപ്പോയിൽനിന്നും ബൈ റൂട്ടിലേയ്ക്ക് നടത്തിവന്നിരുന്ന ചില ചുരുക്കം ഷെഡ്യൂളുകൾ ഡ്രൈവർ വിഭാഗം ജീവനക്കാരുടെ അഭാവംമൂലം റദ്ദ് ചെയ്യുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. എന്നാൽ അത്തരം റൂട്ടുകളിലെ പ്രധാനപ്പെട്ട ട്രിപ്പുകൾ ഷെഡ്യൂളുകൾ ക്രമീകരിച്ച് നടത്തിവരുന്നുണ്ട്. എന്നാൽ സമഗ്ര പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി റൂട്ട് റാഷണലൈസേഷൻ ദീർഘദൂര ബസ്സുകളിൽ ഇതിനോടകം നടപ്പിലാക്കിയിട്ടുള്ളതും കൃത്യമായ ഇടവേളകളിൽ പ്രധാന പാതകളെ ബന്ധിപ്പിച്ചുകൊണ്ട് യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമായ രീതിയിൽ ചെയിൻ സർവ്വീസ് ആരംഭിച്ചിട്ടുള്ളതുമാണ്. അതിന്റെ ഭാഗമായി ചെങ്ങന്നൂർ ഡിപ്പോയിൽനിന്നുള്ള കളക്ഷൻ കുറഞ്ഞ 6.00 മണി പമ്പ-തിരുവനന്തപുരം 6.20 അടൂർ-കൊഴുവല്ലൂർ-അമൃത മെഡിക്കൽ കോളേജ്, 6.30 കൊല്ലം-തിരുവനന്തപുരം, 7.30 ആലപ്പുഴ-ഗുരുവായൂർ എന്നീ സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുള്ളതും യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന പ്രധാന ട്രിപ്പുകൾ നിലവിലുള്ള ചെയിൻ സർവ്വീസുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്.

(സി) എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച 2.17 കോടി രൂപ ഉപയോഗിച്ച് നിർമ്മിച്ച 10 ബേ ഗ്യാരേജ് കം ഓഫീസിന്റെ പ്രവൃത്തിയിൽ ഗ്യാരേജും അനുബന്ധ ഘടകങ്ങളുടെയും പണികൾ 2019 ഡിസംബർ 31-നകം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഒന്നാം

നിലയിലെ ഓഫീസിന്റെയും ജീവനക്കാരുടെ വിശ്രമ മുറികളുടെയും flooring, electrification, plumbing തുടങ്ങിയവ ഉൾപ്പെടെയുള്ള ഫിനിഷിംഗ് വർക്കുകളും അഗ്നി സുരക്ഷാ സംവിധാനത്തിന്റെ പണികളും ഫണ്ടിന്റെ അപര്യാപ്തത കാരണം തുടങ്ങാൻ കഴിഞ്ഞിട്ടില്ല.

## ഗുരുവായൂരിൽനിന്ന് ഉണ്ടായിരുന്ന ബസ് സർവ്വീസ്

383 (1877) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂരിൽനിന്നും ചാവക്കാട്, അങ്ങാടിത്താഴം, മരുതയൂർ, വെൺമേനാട്, ചുക്കുബസാർ, കരുവന്തല വഴി മുൻകാലങ്ങളിൽ ഉണ്ടായിരുന്ന ബസ് സർവ്വീസ് നിലച്ചതുമൂലം ഈ പ്രദേശത്തെ ജനങ്ങൾ യാത്രാക്ലേശം അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുമ്പ് പെർമിറ്റുണ്ടായിരുന്ന അതേ റൂട്ടിൽ ബസ് സർവ്വീസ് നടത്തുന്നതിന് ഏതെങ്കിലും ബസ് ഉടമയുടെ അപേക്ഷ തൃശ്ശൂർ ആർ.ടി.ഒ. യ്ക്ക് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത അപേക്ഷ പ്രകാരം പെർമിറ്റ് അനുവദിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; പ്രസ്തുത അപേക്ഷയിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചാവക്കാട്-തൃശ്ശൂർ (വഴി) പാവറട്ടി, മനപ്പടി, ചുക്കുബസാർ, തിരുനെല്ലൂർ, ഇടിയഞ്ചിറ, പാടൂർ, കൈതമുക്ക്, തൊയ്ക്കാവ്, കുരിശുപള്ളി, വാട്ടർ ടാങ്ക്, കരുവന്തല, മണലൂർ ഈസ്റ്റ്, കാഞ്ഞാണി, ഒളരി റൂട്ടിൽ സർവ്വീസ് നടത്തുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ട്.

(സി) അപേക്ഷ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി പരിശോധിച്ചുവരുന്നു.

## തൃപ്പൂണിത്തുറ-എരൂർ-വെണ്ണല-പാലാരിവട്ടം റൂട്ടിലെ യാത്രാക്ലേശം

384 (1878) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ-എരൂർ-വെണ്ണല-പാലാരിവട്ടം ബസ് റൂട്ടിൽ സ്വകാര്യ ബസുകൾ സ്ഥിരമായി ട്രിപ്പ് മുടങ്ങുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുകാരണം പൊതുജനങ്ങൾ അനുഭവിക്കുന്ന യാത്രാക്ലേശത്തിന് പരിഹാരമായി ഈ റൂട്ടിൽ കൂടുതൽ കെ.എസ്.ആർ.ടി.സി ബസുകൾ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) തൃപ്പൂണിത്തുറ-എരൂർ റൂട്ടിലെ യാത്രാ ക്ലേശം സംബന്ധിച്ച പരാതി ഗതാഗത കമ്മീഷണർക്ക് ലഭിച്ചിട്ടുള്ളതാണ്. ഈ പരാതിയുമായി ബന്ധപ്പെട്ട് വാഹന പരിശോധന നടത്തുമ്പോൾ ടി റൂട്ടിലെ സ്വകാര്യ ബസ്സുകൾ ട്രിപ്പ് മുടക്കുന്നതായി ശ്രദ്ധയിൽപ്പെടുകയും ചെക്ക് റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തൃപ്പൂണിത്തുറ-എരൂർ-വെണ്ണല-പാലാരിവട്ടം റൂട്ടിൽ ട്രിപ്പ് മുടങ്ങുന്നതുമായി ബന്ധപ്പെട്ട പരാതികൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

(ബി&സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കോട്ടയ്ക്കൽ വഴി കെ.എസ്. ആർ.ടി.സി.സർവ്വീസുകൾ

385 (1879) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യുടെ നെടുമ്പാശ്ശേരി -കോഴിക്കോട് ലോഫ്ളോർ ബസ്സുകൾക്ക് തൃശ്ശൂരിനും കോഴിക്കോടിനും ഇടയ്ക്ക് റിസർവേഷൻ പോയിന്റുകൾ അനുവദിക്കുന്നത് സംബന്ധിച്ച 1873/VIP/ KSRTC/2019/M(T)എന്ന നമ്പറിലുള്ള നിവേദനത്തിന്മേലും കെ.എസ്.ആർ.ടി.സി. യുടെ ചിൽ ബസിന് കോട്ടയ്ക്കൽ (ചങ്കുവെട്ടി) സ്റ്റോപ്പ് അനുവദിക്കുന്നത് സംബന്ധിച്ച 1875/VIP/KSRTC/2019/ M(T) എന്ന നമ്പർ നിവേദനത്തിന്മേലും സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. യുടെ ശബരി ബസ്സുകളുടെ എത്ര സർവ്വീസുകൾ മലപ്പുറത്തു നിന്നും തിരുവനന്തപുരത്തേയ്ക്ക് ഓപ്പറേറ്റ് ചെയ്യുന്നുണ്ട്;

(സി) തിരൂരിൽ നിന്ന് കോട്ടയ്ക്കൽ വഴി പെരിന്തൽമണ്ണയിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിലവിൽ ഓടുന്നുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ടി പരാതികൾ വിശദമായി പരിശോധിച്ച് അനുകൂല തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചങ്കുവെട്ടിയിൽ റിസർവേഷൻ പോയിന്റും ബസ് സ്റ്റോപ്പും പുതുതായി അനുവദിച്ചിട്ടുണ്ട്.

(ബി) ഒരു ശബരി ബസ് ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(സി) തിരൂരിൽനിന്നും കോട്ടയ്ക്കൽ വഴി പെരിന്തൽമണ്ണയിലേയ്ക്ക് കെ.എസ്.ആർ.ടി.സി. നിലവിൽ സർവ്വീസ് നടത്തുന്നില്ല. എന്നാൽ പുതിയ റൂട്ടുകളിൽ സർവ്വീസുകൾ ആരംഭിക്കണമെന്ന ആവശ്യം സാധ്യതാ പഠനം നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കെ.എസ്. ആർ.ടി.സി.ഭവനിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

386 (1880) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്തെ കെ.എസ്.ആർ.ടി.സി. ഭവനിൽ പ്രവർത്തിച്ച് വരുന്ന ആർ.ടി.ഓഫീസുൾപ്പെടെയുള്ള വാടക ലഭിച്ചിരുന്ന എത്ര സ്ഥാപനങ്ങൾ ഇപ്പോൾ ഇവിടെനിന്നും പ്രവർത്തനം അവസാനിപ്പിച്ച് ഒഴിവായി; ഇത് കാരണം കെ.എസ്.ആർ.ടി.സി. യ്ക്ക് ലഭിച്ചുവന്നിരുന്ന വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ;

(ബി) ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്ന പ്രസ്തുത ഇടങ്ങൾ വേറെ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്നതിന് ഉദ്ദേശ്യമുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-19 വരെ മൂന്ന് സ്ഥാപനങ്ങൾ കെ.എസ്.ആർ.ടി.സി.യുടെ ട്രാൻസ്പോർട്ട് ഭവനിൽ വാടകയ്ക്ക് പ്രവർത്തിച്ചിരുന്നു. ആയതിൽനിന്നും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് മാത്രമാണ് ഒഴിഞ്ഞുപോയത്. വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്.

(ബി) ഉണ്ട്.

പ്രസ്തുത സ്ഥലം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്(എൻഫോഴ്സ്മെന്റ്) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്(കൺട്രോൾ റൂം)എന്നിവയ്ക്കായി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കെ.എസ്. ആർ.ടി.സി.സർവ്വീസ്

387(1881) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലയോര മേഖലയായ അകമ്പാടം-കക്കാടം പോയിൽ-കൂടരഞ്ഞി വഴി തിരുവമ്പാടിയിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് നിർത്തിവയ്ക്കാനുള്ള കാരണം വിശദമാക്കാമോ ; ആയതു പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി വളരെയധികം വരുമാന കുറവുള്ള സർവ്വീസുകൾ കോർപ്പറേഷന് ഗുണകരമാകുന്ന തരത്തിൽ പുനഃക്രമീകരിക്കുകയാണ് ഉണ്ടായിട്ടുള്ളത്. കൂടുതൽ ബസ്സും ക്രൂവും ലഭ്യമാകുന്ന മുറയ്ക്ക് സാധ്യതാപഠനം നടത്തിയശേഷം പ്രസ്തുത റൂട്ടിൽ സർവ്വീസ് പുനരാരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**കെ.എസ്. ആർ.ടി.സി.വെയിറ്റിംഗ് ഷെഡിൽ തണ്ണീർ പന്തൽ പദ്ധതി**

388 (1882) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കൊട്ടാരക്കര എം.സി റോഡിന്റെ സൈഡിൽ സദാനന്ദപുരം ആശ്രമം ജംഗ്ഷനിൽ കെ.എസ്.ആർ.ടി.സി. യുടെ അരനൂറ്റാണ്ടിലധികം പഴക്കമുള്ള ഒരു വെയിറ്റിംഗ് ഷെഡ് കാടുപിടിച്ച് ഉപയോഗരഹിതമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് തണ്ണീർ പന്തൽ എന്ന പൊതുജനോപകാരപ്രദമായ പദ്ധതി നടപ്പിലാക്കുവാൻ കൊല്ലം ജില്ലാ പഞ്ചായത്തിന് പെർമിസീവ് സാംങ്ഷൻ നൽകണമെന്ന പത്തനാപുരം എം.എൽ.എ. യുടെ കത്തും ജില്ലാ പഞ്ചായത്തിന്റെ അപേക്ഷയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ അനുവാദം നൽകുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) പ്രസ്തുത സംരംഭം രണ്ട് നിലകളിലായി പൂർത്തീകരിച്ച് കെ.എസ്.ആർ.ടി.സി.ക്ക് വാണിജ്യപരമായ ലാഭമുണ്ടാക്കുന്ന രീതിയിൽ വസ്തുവും കെട്ടിടവും പൂർണ്ണമായും കൈമാറുന്ന സാഹചര്യത്തിൽ ഈ പദ്ധതിക്ക് അനുമതി നൽകുന്നതിന് കെ.എസ്.ആർ.ടി.സി.ക്ക് എതിർപ്പില്ലെന്നും ആയതിലേയ്ക്ക് പ്രസ്തുത സംരംഭത്തിന്റെ പ്ലാൻ, ടി വസ്തുവും പൂർത്തീകരിച്ച കെട്ടിടവും ഉപയോഗിക്കുന്നതിൽ കെ.എസ്.ആർ.ടി.സി.യുടെ താൽപ്പര്യത്തിന് അനുസൃതമായി പ്രവർത്തിക്കാമെന്നുള്ള കരാർ ഉടനെ നൽകണമെന്നും കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനെ കെ.എസ്.ആർ.ടി.സി. അറിയിച്ചിട്ടുണ്ട്.

## കായംകുളം കെ.എസ്. ആർ.ടി.സി.ബസ്സ് ടെർമിനൽ

389 (1883) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളത്ത് പുതിയ കെ.എസ്.ആർ.ടി.സി.ബസ്സ് ടെർമിനൽ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതിയുടെ നിലവിലുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

M/s INKEL Ltd. ഒരു കൺസെപ്റ്റ് ലെവൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കെ.എസ്.ആർ.ടി.സി.യിൽ സമർപ്പിച്ചിട്ടുണ്ട്. അത് പരിശോധിച്ചതിനു ശേഷം നടത്തിയ ചർച്ചയിൽ കെ.എസ്.ആർ.ടി.സി.യുടെ ആവശ്യങ്ങൾക്ക് അനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തി സമർപ്പിക്കുവാൻ M/s INKEL Ltd.നോട് നിർദ്ദേശിച്ചിട്ടുണ്ട്. പുതുക്കിയ പ്രൊപ്പോസൽ ഇതുവരെ ലഭിച്ചിട്ടില്ല.

## കാട്ടാക്കട കെ.എസ്. ആർ.ടി.സി.ഡിപ്പോയിൽനിന്നുള്ള മലിനജലം

390 (1884) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നുള്ള മലിനജലം പൊതുമരാമത്ത് റോഡിലെ ഓടയിലേയ്ക്ക് ഒഴുക്കിവിടുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത മലിനജലം പൊതുമരാമത്ത് ഓടവഴി കുളത്തുമ്മൽ തോടിലേയ്ക്ക് ഒഴുകി എത്തുന്നത് തടയണമെന്ന പൊതുജനാവശ്യത്തിന്മേൽ അടിയന്തര നടപടി സ്വീകരിയ്ക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) താൽക്കാലിക പരിഹാരത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിച്ചാൽ മാത്രമേ ശാശ്വത പരിഹാരം കാണുവാൻ സാധിക്കുകയുള്ളൂ. ടി പ്രവൃത്തിക്ക് ഏകദേശം 30 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ടി തുക കണ്ടെത്താൻ കഴിയുന്നില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ പ്രവൃത്തി അടിയന്തരമായി ചെയ്യുന്നതാണ്.

**തിരുവനന്തപുരം സിറ്റി ഡിപ്പോയിൽ യാത്രാ കൺസെഷന് അമിത തുക**

391 (1885) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലെ സിറ്റി ഡിപ്പോയിൽ വിദ്യാർത്ഥികൾക്കുള്ള യാത്രാ കൺസഷനുള്ള മുപ്പത്തിനാല് അപേക്ഷകളിന്മേൽ സർക്കാർ അനുമതി ഇല്ലാതെ അമിത തുക ഈടാക്കിയതുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി.-യിലെ ചീഫ് ഓഫീസ് വിജിലൻസ് വിഭാഗം നടത്തിവന്ന അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) പ്രസ്തുത അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ കെ.എസ്.ആർ.ടി.സി. അതിന്റേതായ നിലയിൽ എന്തൊക്കെ ശിക്ഷണ നടപടിക്ക് റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്; വിശദവിവരം നല്കുമോ;

(സി) കെ.എസ്.ആർ.ടി.സി.യിലെ ഔദ്യോഗികസ്ഥാനം ദുരുപയോഗം ചെയ്ത ഇത്തരം കേസ്സുകൾ പൊതുജനത്തെ ബാധിക്കുന്നതാകയാൽ ആഭ്യന്തര വകുപ്പിലെ വിജിലൻസിനെ ഏൽപ്പിച്ച് അന്വേഷണം സുതാര്യമാക്കുന്നതിൽ സർക്കാരിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ അത് അറിയിക്കുമോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത വിഷയം സമയബന്ധിതമായി അന്വേഷിച്ച് മാതൃകാപരമായി നടപടി സ്വീകരിക്കാൻ വിഷയം ആഭ്യന്തര വകുപ്പിലെ വിജിലൻസിനെ ഏൽപ്പിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) കെ.എസ്.ആർ.ടി.സി. വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ഇവർക്കെതിരെ VCL1/015155/19 തീയതി 24-9-2019 പ്രകാരം കുറ്റപത്രം നൽകിയിട്ടുണ്ട്.

(സി&ഡി) കുറ്റാരോപിതർക്ക് എതിരെ കെ.എസ്.ആർ.ടി.സി. വിജിലൻസ് വിഭാഗം അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ മറ്റ് അന്വേഷണങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കൊച്ചുവേളി റെയിൽവേ സ്റ്റേഷനിൽ പൊതുഗതാഗത സംവിധാനങ്ങൾ

392 (1887) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂരിൽ നിന്ന് കൊച്ചുവേളിയിലേയ്ക്കും തിരിച്ചും സർവ്വീസ് നടത്തുന്ന രാജ്യറാണി എക്സ്പ്രസ് യാത്ര പുറപ്പെടുന്ന/എത്തിച്ചേരുന്ന സമയത്ത് യാത്രക്കാർക്ക് സൗകര്യപ്രദമാംവിധം കൊച്ചുവേളി റെയിൽവേ സ്റ്റേഷനിൽ കെ.എസ്.ആർ.ടി.സി. ബസുകൾ അധികമായി സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) പ്രീ-പെയ്ഡ് ഓട്ടോ സംവിധാനം കൊച്ചുവേളിയിൽ അധികമായി ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) രാജ്യറാണി എക്സ്പ്രസ് കൊച്ചുവേളി റെയിൽവേ സ്റ്റേഷനിൽ എത്തുന്നത് പരിഗണിച്ച് രാവിലെ 5.30 മണിക്ക് 2 എ.സി. ജൻറം ബസ്സുകളും ഒരു സിറ്റി ഫാസ്റ്റ് ബസ്സും കൊച്ചുവേളി റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേരുന്ന രീതിയിലും ട്രെയിൻ വന്നതിനുശേഷം തിരുവനന്തപുരത്തേയ്ക്ക് യാത്രക്കാരുമായി സർവ്വീസ് നടത്തുന്ന രീതിയിലും ക്രമീകരിച്ചിട്ടുണ്ട്. രാത്രി 8.50-ന് പുറപ്പെടുന്ന രാജ്യറാണി എക്സ്പ്രസിൽ യാത്ര ചെയ്യുന്ന യാത്രക്കാരുടെ സൗകര്യാർത്ഥം വൈകുന്നേരം 06.30, 06.40, 07.50 എന്നീ സമയങ്ങളിൽ ആൾസെയിന്റ്സ്, മാധവപുരം വഴി കടന്നുപോകുന്ന 3 സിറ്റി ഫാസ്റ്റ് സർവ്വീസുകളും ക്രമീകരിച്ചിട്ടുണ്ട്. ഇവയ്ക്ക് റെയിൽവേ സ്റ്റേഷന്റെ ടെർമിനൽ 1-ൽ (മാധവപുരം) സ്റ്റോപ്പ് അനുവദിച്ചിട്ടുള്ളതുമാണ്. കൂടാതെ കൊച്ചുവേളി റെയിൽവേ സ്റ്റേഷൻ അധികാരികൾ ആവശ്യപ്പെടുന്ന സമയത്തും കെ.എസ്.ആർ.ടി.സി. അധിക സർവ്വീസുകൾ നടത്തി വരുന്നുണ്ട്.

(ബി) 23-7-2019-ന് ചേർന്ന ട്രാഫിക് അഡ്വൈസറി കമ്മിറ്റി യോഗത്തിൽ കൊച്ചുവേളി റെയിൽവേ സ്റ്റേഷൻ പരിസരത്ത് പ്രീ-പെയ്ഡ് ഓട്ടോ കൗണ്ടർ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## കോഴിക്കോട് നഗരത്തിൽ മൊബിലിറ്റി ഹബ്ബ്

393 (1888) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ മലാപ്പറമ്പ് ഭാഗത്ത് മൊബിലിറ്റി ഹബ്ബ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ നടത്തിയ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇവിടെ മൊബിലിറ്റി ഹബ്ബ് സ്ഥാപിക്കുന്നതിനായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് മൊബിലിറ്റി ഹബ്ബ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 12-4-2018, 5-12-2018, 4-9-2019 തീയതികളിൽ ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചു ചേർക്കുകയുണ്ടായി. യോഗത്തിൽ, പദ്ധതി നടപ്പിലാക്കുന്നതിന് സ്പെഷ്യൽ ഓഫീസറായി കോഴിക്കോട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകുന്നതിനാവശ്യമായ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ബസ് പോർട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിന് ടൗൺ&കൺട്രി പ്ലാനിംഗ് ഡിപ്പാർട്ടുമെന്റ് തയ്യാറാക്കിയ പദ്ധതി നിർദ്ദേശം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്ക് വേണ്ട സ്ഥലത്തിന്റെ ലഭ്യത സംബന്ധിച്ചും ഇത് ഏറ്റെടുക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ചും വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കോഴിക്കോട് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

**കേന്ദ്ര മോട്ടോർ വാഹന നിയമപ്രകാരമുള്ള പിഴ**

394 (1889) <u>ശ്രീ. മഞ്ഞളാംകുഴി അലി:</u>
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u>
<u>ശ്രീ. പാറക്കൽ അബ്ദുല്ല:</u>
<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മോട്ടോർ വാഹന നിയമപ്രകാരം ഗതാഗത നിയമലംഘനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വർദ്ധിച്ച തോതിലുള്ള പിഴ കുറയ്ക്കണമെന്ന ആവശ്യത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്രത്തിൽ നിന്നും നിയമോപദേശം തേടിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഏതെല്ലാം നിയമലംഘനങ്ങളുടെ പിഴയാണ് കുറച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേന്ദ്ര മോട്ടോർ വാഹന (ഭേദഗതി) നിയമം 1-9-2019-ന് രാജ്യമൊട്ടാകെ നിലവിൽ വന്നിരുന്നു. പ്രസ്തുത നിയമത്തിന്റെ ചുവടുപിടിച്ച് സംസ്ഥാന സർക്കാർ നിയമലംഘനങ്ങൾക്കുള്ള പിഴയുടെ നിരക്കുകൾ

നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ പുതിയ നിരക്കുകൾ സംബന്ധിച്ചുണ്ടായ വ്യാപകമായ പൊതുജന പ്രതിഷേധം കണക്കിലെടുത്ത് സംസ്ഥാന സർക്കാർ പ്രസ്തുത പിഴ നിരക്കുകൾ പുനഃപരിശോധിക്കുകയും സംസ്ഥാന സർക്കാരിന് കുറയ്ക്കാൻ സാധിക്കുന്ന പിഴ തുകകൾ 26-10-2019-ലെ സ.ഉ. (പി)37/2019/ഗതാ. നമ്പർ ഉത്തരവ് പ്രകാരം കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കേന്ദ്ര നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നതിനേക്കാൾ കുറഞ്ഞ നിരക്കിലുള്ള പിഴയാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്.

(ബി) ഇല്ല.

(സി) മോട്ടോർ വാഹന നിയമത്തിലെ 177, 179 (1), 179(2), 182(2), 184(limited to item (c) of the explanation), 190(2), 192A(1), 194(1), 194(2),194A, 194B(1), 194B(2) 194D,194E എന്നീ വകുപ്പുകൾ പ്രകാരമുള്ള നിയമലംഘനങ്ങൾക്കാണ് പിഴ കുറയ്ക്കാൻ തീരുമാനിച്ചിട്ടുള്ളത്.

## ഹൈസ്പീഡ് ക്യാമറകൾ

395 (1890) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈവേകളിൽ മോട്ടോർ വാഹന വകുപ്പ് ഹൈസ്പീഡ് ക്യാമറകൾ ഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണമെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഇതിൽ എത്രയെണ്ണം പ്രവർത്തന സജ്ജമാണെന്ന് അറിയിക്കാമോ;

(സി) പ്രവർത്തന രഹിതമായ ടി ക്യാമറകൾ നന്നാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. 240 എണ്ണം

(ബി) 70

(സി) ക്യാമറകൾ നന്നാക്കുന്നതിനും പരിപാലിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പഴയവ മാറ്റി സ്ഥാപിക്കുന്നതിനും കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## മോട്ടോർ വാഹന നിയമത്തിലെ കേന്ദ്ര സർക്കാർ ഭേദഗതി

396 (1891) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർവാഹന നിയമത്തിൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന ഭേദഗതി മൂലം ഗതാഗത നിയമ ലംഘനങ്ങൾക്കുള്ള പിഴ വളരെയധികം വർദ്ധിച്ച സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) കേന്ദ്ര വിജ്ഞാപനം വന്നയുടനെ സംസ്ഥാനത്ത് അത് പ്രകാരമുള്ള പിഴ ഈടാക്കുവാൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) പുതിയ വിജ്ഞാപനം നടപ്പിലാക്കിയ ശേഷം പിഴയിനത്തിൽ ഇതുവരെ ഈടാക്കിയ തുക എത്രയാണ്;

(ഡി) കേന്ദ്ര നിരക്കിനേക്കാൾ പിഴ കുറച്ച് വിജ്ഞാപനം ഇറക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമുണ്ടോ;

(ഇ) ഇല്ലെങ്കിൽ, പിഴ ഈടാക്കി കുറ്റകൃത്യം കോമ്പൗണ്ടിംഗ് ചെയ്യുവാനുള്ള അധികാരം മാത്രമാണ് സംസ്ഥാനത്തിന് ഉള്ളതെന്നതിനാൽ, മേൽപ്പറഞ്ഞ കാര്യം നിയമപരമായി നിലനിൽക്കുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(എഫ്) പിഴ ചുമത്തുന്ന കാര്യത്തിൽ നിലവിൽ എന്തെങ്കിലും അനിശ്ചിതത്വം നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) 6,66,27,223 രൂപ

(ഡി&ഇ) മോട്ടോർ വാഹന നിയമത്തിലെ 200-ാം വകുപ്പ് പ്രകാരം കോമ്പൗണ്ടിംഗ് ഫീ കുറയ്ക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമുണ്ട്.

(എഫ്) ഇല്ല.

## പാറശ്ശാല ആർ.ടി. ഓഫീസ് ടെസ്റ്റിംഗ് ഗ്രൗണ്ടിന്റെ നവീകരണം

397 (1892) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല ആർ.ടി. ഓഫീസ് ടെസ്റ്റിംഗ് ഗ്രൗണ്ടിൽ മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ത്രീകളും കുട്ടികളുമടക്കമുള്ളവർക്ക് വിശ്രമസങ്കേതമോ കുടിവെള്ള സംവിധാനമോ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ടെസ്റ്റിംഗ് ഗ്രൗണ്ടിലേയ്ക്കുള്ള റോഡ് ശോചനീയാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(ഡി) ഈ ഗ്രൗണ്ടിന്റെ നവീകരണത്തിനായി ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹെവി വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷന് അനുബന്ധമായി വിശ്രമകേന്ദ്രവും കുടിവെള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

(സി) ഉണ്ട്. എം.എൽ.എ. ഫണ്ടിൽനിന്നോ പി.ഡബ്ല്യൂ.ഡി.യിൽനിന്നോ ഉള്ള സാധ്യത പരിശോധിക്കാൻ ജോയിന്റ് ആർ.ടി.ഒ.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇല്ല.

## മലപ്പുറം ആർ.ടി.ഓഫീസ് പരിധി പുനർനിർണ്ണയം

398 (1893) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ആർ.ടി. ഓഫീസ് പരിധി പുനർനിർണ്ണയിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം നഗരത്തോട് ചേർന്ന കിടക്കുന്ന മലപ്പുറം നിയോജകമണ്ഡല പരിധിയിലെ കോഡൂർ പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തി ആർ.ടി. ഓഫീസ് പരിധി പുനർനിർണ്ണയിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിധി പുനർനിർണ്ണയിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനായി മദ്ധ്യമേഖല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ-1, തൃശ്ശൂർ-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കൊണ്ടോട്ടിയിൽ പുതിയ ജോയിന്റ് ആർ.ടി.ഓഫീസ്

399 (1894) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടിയിൽ പുതിയ ജോയിന്റ് ആർ.ടി. ഓഫീസ് പ്രഖ്യാപിച്ചിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും ഇതുവരെ ഓഫീസ് പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ജോയിന്റ് ആർ.ടി. ഓഫീസ് ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി 2019 ജൂൺ മാസത്തിൽ അനുമതിക്ക് അപേക്ഷ നൽകിയിട്ടും നാളിതുവരെ അനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കൊണ്ടോട്ടി ജോയിന്റ് ആർ.ടി. ഓഫീസിൽ രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾക്ക് നൽകുന്ന രജിസ്ട്രേഷൻ നമ്പർ കോഡ് (കെ.എൽ ) ഏതെന്ന് നിശ്ചയിച്ചിട്ടുണ്ടോ; ഇതിന്റെ നടപടികൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) കൊണ്ടോട്ടിയിൽ പുതുതായി അനുവദിച്ച ജോയിന്റ് ആർ.ടി.ഓഫീസിന്റെ പ്രവർത്തനത്തിനായി സർക്കാർ വക കെട്ടിടങ്ങൾ ലഭ്യമല്ലാത്തതിനാൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിന്റെ അധീനതയിലുള്ള കെട്ടിടം കണ്ടെത്തുകയും ടി കെട്ടിടം ഏറ്റെടുക്കുന്നതിനുള്ള അനുമതി ലഭിക്കുന്നത് സംബന്ധിച്ച വിഷയം വ്യവസായ വകുപ്പിന്റെ പരിഗണനയിലുമാണ്.

(സി) കൊണ്ടോട്ടി ജോയിന്റ് ആർ.ടി. ഓഫീസിൽ രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾക്ക് നൽകുന്ന രജിസ്ട്രേഷൻ നമ്പർ കോഡിനുള്ള നിർദ്ദേശം ഗതാഗത കമ്മീഷണറേറ്റിൽ നിന്ന് ലഭ്യമായിട്ടില്ല.

## കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ പരിപാലനം

400 (1895) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ടയറും സ്പെയർ പാർട്ടുകളും വാങ്ങാത്തതിനാൽ പല ബസ്സുകളും നിലവിൽ കട്ടപ്പുറത്താണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ എത്ര ബസ്സുകളാണ് ടയറുകളുടെയും സ്പെയർ പാർട്ടുകളുടെയും അഭാവം കാരണം സർവ്വീസ് നടത്താത്തത്;

(സി) പുതിയ ടയറുകൾ എന്നാണ് കെ.എസ്.ആർ.ടി.സി. അവസാനമായി വാങ്ങിയത്; ഗുരുതരമായ സാമ്പത്തികസ്ഥിതി മൂലം കൂടുതൽ ബസ്സുകൾ കട്ടപ്പുറത്താകുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ എന്ത് പരിഹാരമാർഗ്ഗമാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 24-10-2019-ൽ 288 ബസ്സുകൾ ടയറിന് മാത്രമായി ഡോക്ക് ചെയ്തിട്ടുണ്ട്. മറ്റ് മെക്കാനിക്കൽ ജോലികൾക്കും സ്പെയർ പാർട്സുകൾക്കുമായി 958 ബസ്സുകൾ ഡോക്ക് ചെയ്തിട്ടുണ്ട്.

(സി) 17-8-2019 ലാണ് 3300 ടയറുകൾ വാങ്ങുന്നതിന് അവസാനമായി വിതരണ ഉത്തരവ് നൽകിയത്. വിതരണക്കാർക്ക് യഥാസമയം തുക നൽകാൻ സാധിക്കാതിരുന്നതുമൂലം വിതരണം നിർത്തിയതിനാലാണ് ടയർ ക്ഷാമമുണ്ടായത്. നിലവിൽ ടയർ കുടിശ്ശിക തീർത്തതിനാൽ ഈ മാസം 25-10-2019 വരെ ആകെ 700 ടയർ ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ടയർ ലഭ്യമാക്കി നിലവിലെ സ്ഥിതിയിൽ മാറ്റം ഉണ്ടാക്കിയിട്ടുണ്ട്.

## വാഹന ഉടമകൾക്ക് എതിരെ രജിസ്റ്റർ ചെയ്ത കേസുകൾ

401 (1896) ശ്രീ.വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രായപൂർത്തിയാകാത്തവർ വാഹനം ഓടിച്ചതിന് എത്ര കേസുകൾ വാഹന ഉടമകൾക്ക് എതിരെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ടി ഇനത്തിൽ എത്ര രൂപ പിഴയായി ഈടാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രായപൂർത്തിയാകാത്തവർ വാഹനം ഓടിച്ചതിന് 1205 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ടി ഇനത്തിൽ 19,53,300 (പത്തൊൻപതു ലക്ഷത്തി അമ്പത്തിമൂവായിരത്തി മുന്നൂറ്) രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.

## പുതിയ മോട്ടോർ വാഹന നിയമം

402 (1897) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രസർക്കാരിന്റെ പുതിയ മോട്ടോർ വാഹന നിയമം ഏതെല്ലാം തരത്തിലാണ് കേരളത്തെ പ്രതികൂലമായി ബാധിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

കേന്ദ്ര സർക്കാരിന്റെ പുതിയ മോട്ടോർ വാഹന നിയമം പൊതുവിൽ സംസ്ഥാനങ്ങളുടെ അധികാരം കവർന്നെടുക്കുന്നതും പ്രായോഗികതലത്തിൽ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതുമാണ്. എന്നാൽ ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിനുള്ള സമയ പരിധി കുറച്ചത് കേരളത്തെ പ്രത്യേകമായി ബാധിക്കുന്നതാണ്.

നിലവിലെ മോട്ടോർ വാഹന നിയമം അനുസരിച്ച് കാലാവധി കഴിഞ്ഞ ലൈസൻസ് , കാലാവധി തീർന്ന തീയതി മുതൽ 5 വർഷത്തിനുള്ളിൽ പുതുക്കി എടുക്കാമായിരുന്നു. പുതിയ ഭേദഗതി പ്രകാരം 5 വർഷ കാലാവധി ഒരുവർഷമായി കുറച്ചിരിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമാണ് കേരളത്തിന്റെ സ്ഥിതി. നമ്മുടെ സംസ്ഥാനത്ത് വലിയൊരു വിഭാഗം ആളുകൾ അന്യരാജ്യങ്ങളിൽ ജോലി ചെയ്യുന്നവരാണ്. രണ്ടോമൂന്നോ വർഷത്തിലൊരിക്കലായിരിക്കും അവർ

മാതൃരാജ്യത്തേയ്ക്ക് വരുക. ഇത്തരം സന്ദർഭങ്ങളിൽ തങ്ങളുടെ ലൈസൻസ് പുതുക്കി എടുക്കുക എന്നുള്ളത് വളരെ ബുദ്ധിമുട്ടുളവാക്കുന്ന കാര്യമാണ്. ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## ഇന്റർനാഷണൽ ഡ്രൈവിംഗ് പെർമിറ്റ്

403 (1898) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് പോകുന്നവർ പ്രസ്തുത രാജ്യത്തെ ഡ്രൈവിംഗ് ലൈസൻസ് എടുക്കാതെ ഒരു വർഷം വരെ വാഹനം ഓടിക്കുവാൻ അനുമതി കിട്ടുന്ന ഇന്റർനാഷണൽ ഡ്രൈവിംഗ് പെർമിറ്റ് സംസ്ഥാനത്ത് വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ അതിനായുള്ള നടപടിക്രമം എന്താണ്;

(ബി) 2016-ന് ശേഷം ഇപ്രകാരം എത്രപേർക്ക് ഇന്റർനാഷണൽ ഡ്രൈവിംഗ് പെർമിറ്റ് അനുവദിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. അപേക്ഷകൻ ഏത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെ പരിധിയിലാണോ ടി ഓഫീസിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. കൂടാതെ, നിശ്ചിത ഫീസും സർവ്വീസ് ചാർജ്ജും (700 രൂപ ) അടച്ചതിന്റെ രസീത്, പാസ്പോർട്ട് വലുപ്പത്തിലുള്ള 3 ഫോട്ടോകൾ, പാസ്പോർട്ടിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വിസയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, പൗരത്വം തെളിയിക്കുന്നതിനുള്ള രേഖ, സാധുതയുള്ള ഡ്രൈവിംഗ് ലൈസൻസ്, ഫോറം 1 എ-യിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, നേത്ര പരിശോധന സർട്ടിഫിക്കറ്റ് എന്നിവയോടൊപ്പം അപേക്ഷകൻ സ്ഥിരമായി താമസിക്കുന്ന ജില്ലയിലെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് ഫോറം 4(എ)-ൽ നേരിട്ട് അപേക്ഷ നൽകേണ്ടതാണ്. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ നിശ്ചയിക്കുന്ന ദിവസം എല്ലാ രേഖകളുടെയും ഒറിജിനൽ സഹിതം അപേക്ഷകൻ നേരിട്ട് ഹാജരാകേണ്ടതും ആവശ്യമായ പരിശോധനകൾക്ക് ശേഷം ഡ്രൈവിംഗ് പെർമിറ്റ് നൽകുന്നതുമാണ്. ഇന്റർനാഷണൽ ഡ്രൈവിംഗ് പെർമിറ്റിന്റെ കാലാവധി ഒരു വർഷം മാത്രമാണ് ആയത് പുതുക്കാവുന്നതല്ല.

(ബി) 1-1-2016 മുതൽ 28-10-2019 വരെ 18639 എണ്ണം അനുവദിച്ചിട്ടുണ്ട്.

## പശ്ചിമ കൊച്ചിയിലെ ബോട്ടുസർവ്വീസുകൾ

404 (1899) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗതത്തെ പ്രധാന യാത്രാമാർഗ്ഗമായി ആശ്രയിക്കുന്ന പശ്ചിമകൊച്ചിയിലെ ജനങ്ങൾക്ക് യാത്രക്ലേശം സൃഷ്ടിക്കാതെ കാര്യക്ഷമമായി ബോട്ട് സർവ്വീസുകൾ നടത്തുന്നതിനെ കുറിച്ച് ചർച്ചചെയ്യുന്നതിനായി 12-6-2019-ന് വിളിച്ചു ചേർത്ത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ)

1. എറണാകുളം ജില്ലയിലെ കുമ്പളത്തിന് ബോട്ട് അനുവദിക്കാനും ഇവിടെ ബോട്ടുജെട്ടി നിർമ്മിക്കാനും തീരുമാനിച്ചു.
2. ഫോർട്ടുകൊച്ചി, മട്ടാഞ്ചേരി, കസ്റ്റംസ് ജെട്ടി, വൈപ്പിൻ എന്നിവ നവീകരിക്കാൻ തീരുമാനിച്ചു.
3. ഡ്രഡ്ജിംഗ് ആവശ്യമുള്ള സ്ഥലങ്ങൾ, ബോട്ട് ജെട്ടികൾ ആവശ്യമുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ബന്ധപ്പെട്ട എം.എൽ.എ.മാർ, ഉദ്യോഗസ്ഥർ എന്നിവർ സംയുക്ത പരിശോധന നടത്തുകയും മണ്ണ് നിക്ഷേപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുകയും വേണം.
4. ഫോർട്ടുകൊച്ചി, മട്ടാഞ്ചേരി, കുമ്പളം, ഫിഷ് ലാന്റിംഗ് സെന്റർ, ആൽബുക്കർക്ക്, കാക്കനാട്, ചിറ്റയം, ഇൻഫോപാർക്ക് എന്നിവിടങ്ങളിൽ ഡ്രഡ്ജിംഗ് നടത്തുക

(ബി) യോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 10-7-2019-ൽ ജലഗതാഗത വകുപ്പിലെയും ഇറിഗേഷൻ വകുപ്പിലെയും ഉദ്യോഗസ്ഥർ എറണാകുളം ജില്ലയിലെ തേവര, കുമ്പളം, മട്ടാഞ്ചേരി, ഫോർട്ടുകൊച്ചി, വൈപ്പിൻ, എറണാകുളം മെയിൻ എന്നീ ബോട്ടുജെട്ടികളും ജലപാതകളും സന്ദർശിക്കുകയും ടി ബോട്ടുജെട്ടികളിൽ ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ചും ജലപാതകളുടെ ആഴം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്യുകയും തുടർന്ന് ഓരോ ബോട്ടുജെട്ടികളിലും ചെയ്യേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് 18-8-2019 തീയതിയിൽ ഇറിഗേഷൻ വിഭാഗം ചീഫ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് കത്ത് നൽകുകയും ചെയ്തു. ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് എറണാകുളം മേഖല സീനിയർ സൂപ്രണ്ടിനും ട്രാഫിക് സൂപ്രണ്ടിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(നക്ഷത്രചിഹ്നമിടാത്ത 1771, 1886 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്